വെളിച്ചം റമദാൻ 2022

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

പാഠഭാഗം: ജുസ്അ് 27

(സൂറ: അദ്ദാരിയത്ത് മുതൽ സൂറ: അൽ ഹദീദ് വരെ)

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

مركز الجالية المليبارية لتعليم القرآن والسنة
Saudi Indian Islahi Center

വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം റമദാൻ 2022
ഷെഡ്യൂൾ

പാഠഭാഗം	:	ജുസ്അ് 27 (സൂറ: അദ്ദാരിയത്ത് മുതൽ സൂറ: അൽ ഹദീദ് വരെ)
ആകെ ക്യാമ്പയിനുകൾ	:	18
ക്യാമ്പയിൻ കാലാവധി	:	1443 റമദാൻ 1 – 18
ഫൈനൽ പരീക്ഷ	:	2022 ഏപ്രിൽ 22, വെള്ളി

ദിവസം	സൂറത്ത്	ആയത്തുകൾ	ആയത്തുകളുടെ എണ്ണം
റമദാൻ - 1	ദാരിയാത്ത്	1-23	22
റമദാൻ - 2	ദാരിയാത്ത്	24-46	23
റമദാൻ - 3	ദാരിയാത്ത്	47-60	14
റമദാൻ - 4	തൂർ	1-28	28
റമദാൻ - 5	തൂർ	29-49	21
റമദാൻ - 6	നജ്മ്	1-32	32
റമദാൻ - 7	നജ്മ്	33-62	30
റമദാൻ - 8	ഖമർ	1-22	22
റമദാൻ - 9	ഖമർ	23-55	33
റമദാൻ - 10	റഹ്മാൻ	1-25	25
റമദാൻ - 11	റഹ്മാൻ	26-45	20
റമദാൻ - 12	റഹ്മാൻ	46-78	33
റമദാൻ - 13	വാഖിഅ	1-38	38
റമദാൻ - 14	വാഖിഅ	39-74	36
റമദാൻ - 15	വാഖിഅ	75-96	22
റമദാൻ - 16	ഹദീദ്	1-10	10
റമദാൻ - 17	ഹദീദ്	11-21	11
റമദാൻ - 18	ഹദീദ്	22-29	08
ഗ്രാൻഡ് ഫിനാലെ			
ഏപ്രിൽ 22 വെള്ളി	മുഴുവൻ സൂറത്തുകളും		428

ശ്രദ്ധിക്കുക :-

1. അനിവാര്യ ഘട്ടങ്ങളിൽ അല്ലാതെ ഷെഡ്യൂളിൽ നൽകിയ ദിവസങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നതല്ല
2. പ്രതിദിന പരീക്ഷകളിൽ 10 ചോദ്യങ്ങൾ വീതം. ആകെ മാർക്ക് 180.
3. ഗ്രാൻഡ് ഫിനാലെയിൽ ഓരോ പഠിതാവിനും വ്യത്യസ്തമായ 20 ചോദ്യങ്ങൾ വീതം. ആകെ മാർക്ക് 20
4. സൂറത് ഹദീദിന് ശേഷം വരുന്ന വ്യഖ്യാനക്കുറിപ്പിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല

سورة الذاريات

51. സൂറതു-ദ്ദാരിയാത്ത്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 60 - വിഭാഗം (റുകൂഉ്) 3

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلذَّٰرِيَـٰتِ ذَرۡوٗا ﴿١﴾

﴾1﴿ (ശക്തിയായ) പാറ്റൽപാറ്റി (വിതറി)ക്കൊണ്ടിരിക്കുന്നവ തന്നെയാണ (സത്യം)!

﴾1﴿ وَٱلذَّٰرِيَـٰتِ പാറ്റുന്ന (വിതറുന്ന)വ തന്നെയാണ ذَرۡوٗا ഒരു (ശക്തിയായ) പാറ്റൽ

മണ്ണ് മുതലായ വസ്തുക്കളെ പാറ്റിപ്പറപ്പിച്ചുകൊണ്ടിരിക്കുന്ന കാറ്റുകളെക്കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു.

فَٱلۡحَـٰمِلَـٰتِ وِقۡرٗا ﴿٢﴾

﴾2﴿ എന്നിട്ട്, ഭാരംവഹി(ച്ചുനട)ക്കുന്നവയാണ(സത്യം)!

﴾2﴿ فَٱلۡحَـٰمِلَـٰتِ എന്നിട്ട് വഹിക്കുന്നവ തന്നെയാണ وِقۡرٗا ഭാരം, കനം

പിന്നെ, നീരാവിയും, മഴവെള്ളവും വഹിച്ചു സഞ്ചരിക്കുന്ന മേഘങ്ങൾകൊണ്ട് സത്യം ചെയ്യുന്നു.

فَٱلۡجَـٰرِيَـٰتِ يُسۡرٗا ﴿٣﴾

﴾3﴿ എന്നിട്ട്, നിഷ്പ്രയാസം സഞ്ചരിക്കുന്നവ തന്നെയാണ (സത്യം)!

﴾3﴿ فَٱلۡجَـٰرِيَـٰتِ എന്നിട്ട് നടക്കുന്ന (സഞ്ചരിക്കുന്ന)വ തന്നെയാണ فَٱلۡجَـٰرِيَـٰتِ എളുതായിട്ട് (നിഷ്പ്രയാസം)

പിന്നെ, ജലമാർഗങ്ങളിലൂടെ അതിവേഗം ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്ക് സഞ്ചരിക്കുന്ന കപ്പലുകളെക്കൊണ്ട് സത്യം ചെയ്യുന്നു.

فَٱلْمُقَسِّمَـٰتِ أَمْرًا ﴿٤﴾

《4》 എന്നിട്ട്, കാര്യം വിഭജിച്ചു കൊടുക്കുന്നവ തന്നെയാണ (സത്യം)!

《4》 فَٱلْمُقَسِّمَـٰتِ എന്നിട്ട് ഭാഗിക്കുന്ന (വിഭജിക്കുന്ന)വ തന്നെയാണ أَمْرًا കാര്യം

പിന്നെ, അല്ലാഹുവിന്റെ കല്പനപ്രകാരം സൃഷ്ടികൾക്കിടയിൽ കാര്യങ്ങളെ ഭാഗിച്ചു കൊടുക്കുന്ന മലക്കുകളെകൊണ്ട് സത്യം ചെയ്യുന്നു.

إِنَّمَا تُوعَدُونَ لَصَادِقٌ ﴿٥﴾

《5》 നിശ്ചയമായും, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് സത്യമായിട്ടുള്ളതുതന്നെ.

وَإِنَّ ٱلدِّينَ لَوَٰقِعٌ ﴿٦﴾

《6》 നിശ്ചയമായും, പ്രതിഫലനടപടി സംഭവിക്കുന്നതും തന്നെ.

《5》 إِنَّمَا تُوعَدُونَ നിശ്ചയമായും നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് لَصَادِقٌ സത്യമായത് തന്നെ 《6》 وَإِنَّ ٱلدِّينَ നിശ്ചയമായും നടപടി (എടുക്കൽ), പ്രതിഫലം لَوَٰقِعٌ സംഭവിക്കുന്നത് തന്നെ

കാറ്റുകൾ, മേഘങ്ങൾ, കപ്പലുകൾ, മലക്കുകൾ എന്നിവയെക്കൊണ്ട് അല്ലാഹു സത്യം ചെയ്തു പറയുന്നത് രണ്ട് കാര്യങ്ങളത്രെ. **ഒന്ന്:** രക്ഷാശിക്ഷകൾ, സ്വർഗനരകങ്ങൾ മുതലായ വാഗ്ദാനങ്ങളും, താക്കീതുകളുമെല്ലാം യഥാർത്ഥങ്ങളാണെന്ന്. **രണ്ട്:** മരണാനന്തരം ഓരോരുത്തന്റെ ഗുണദോഷകർമങ്ങൾ പരിശോധിച്ചു തക്കതായ നടപടി എടുക്കുകയും, പ്രതിഫലം നൽകുകയും ചെയ്യുന്നതാണെന്ന്. അഥവാ, അവയൊന്നും വെറും ഭീഷണിയോ, ചിലർ തട്ടിമൂളിക്കാറുള്ളതുപോലെ, സൻമാർഗത്തിലേക്ക് പ്രോത്സാഹനാർത്ഥം പറയപ്പെടുന്ന അതിശയോക്തികളോ ഒന്നുമല്ല. എല്ലാം തികച്ചും സംഭവിക്കുവാൻ പോകുന്ന സത്യയാഥാർത്ഥ്യങ്ങളാകുന്നു എന്ന് സാരം.

മേൽകണ്ട നാല് സത്യവാചകങ്ങൾക്കും നാം മുകളിൽകൊടുത്ത വ്യാഖ്യാനങ്ങളാണ് മുൻഗാമികളായ പല മഹാൻമാരും നൽകുന്നത്. അലി (റ), ഉമർ (റ), ഇബ്നുഅബ്ബാസ് (റ), ഇബ്നു ഉമർ (റ), മുതലായ സ്വഹാബിവര്യൻമാരിൽനിന്നും, മുജാഹിദ് (റ), സഈദുബ്നു ജുബൈർ (റ), ക്വത്താദഃ (റ), സുദ്ദീ (റ), ഹസൻ (റ) മുതലായ പല മഹാൻമാരിൽനിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുള്ളതാണവ. പ്രമുഖ ക്വുർആൻ വ്യാഖ്യാതാക്കളായ ഇബ്നു ജരീറും, ഇബ്നു

അബീഹാതിമും (റ)- അവരുടെ സാധാരണ പതിവിൻപടി- ഇതല്ലാതെ വേറെ അഭിപ്രായങ്ങൾ ഇവിടെ പ്രസ്താവിച്ചിട്ടുമില്ല. (كما في ابن كثير) പക്ഷേ, റാസീ (റ) മുതലായ ചിലർ അഭിപ്രായപ്പെടുന്നത് പ്രസ്തുത വാചകങ്ങളിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നതെല്ലാം കാറ്റ് തന്നെയാണെന്നാകുന്നു. ആദ്യവചനത്തിൽ നീരാവി പാറ്റിപ്പരത്തി മേഘമുണ്ടാക്കുന്ന കാറ്റുകൾ, രണ്ടാമത്തേതിൽ മേഘഭാരം വഹിക്കുന്ന കാറ്റുകൾ, മൂന്നാമത്തേതിൽ മേഘമായി അന്തരീക്ഷത്തിൽ സഞ്ചരിക്കുന്ന കാറ്റുകൾ, നാലാമത്തേതിൽ വിവിധ ഭാഗങ്ങളിൽ മേഘങ്ങളെ എത്തിച്ചു മഴ ഭാഗിച്ചുകൊടുക്കുന്ന കാറ്റുകൾ എന്നിങ്ങനെയാണ് അവരുടെ വ്യാഖ്യാനം. വേറെയും ചില അഭിപ്രായങ്ങൾ കാണാം. പക്ഷേ, മേൽകണ്ടതുപോലെ പല സ്വഹാബികളും, താബിഉകളും അടങ്ങുന്ന പൗരാണിക മഹാൻമാരുടെ അഭിപ്രായത്തിനാണ് കൂടുതൽ പ്രസക്തിയുള്ളത് എന്ന് തീർച്ചയാണ്.

ഇതുപോലെ ക്വുർആനിൽ കാണപ്പെടുന്ന എല്ലാ സത്യവാചകങ്ങളിലും നാം പ്രത്യേകം മനസ്സിരുത്തേണ്ടത് രണ്ട് കാര്യങ്ങളാണ്. 1) സത്യം ചെയ്തുകൊണ്ട് പറയപ്പെട്ടിട്ടുള്ള കാര്യത്തിന്റെ ഗൗരവവും പ്രാധാന്യവും. 2) ഏതൊന്നിന്റെ പേരിലാണോ സത്യം ചെയ്യപ്പെട്ടതെങ്കിൽ അതിലടങ്ങിയിട്ടുള്ള രഹസ്യങ്ങളും സൂചനകളും. ഒന്നിലധികം വ്യാഖ്യാനങ്ങൾക്ക് സാധ്യതയുണ്ടാകുമ്പോൾ ഇത് കൂടുതൽ മനസ്സിരുത്തേണ്ടതാകുന്നു. ക്വുർആനിലെ സത്യവാചകങ്ങളിൽ അടങ്ങിയ തത്വരഹസ്യങ്ങളെക്കുറിച്ച് പല മഹാൻമാരും പ്രത്യേകം ഗ്രന്ഥങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. ചുരുക്കം ചിലതെല്ലാം സന്ദർഭമനുസരിച്ച് നാമും ചിലപ്പോൾ ചൂണ്ടിക്കാട്ടാറുമുണ്ട്. അടുത്ത വചനം നോക്കുക:

وَٱلسَّمَآءِ ذَاتِ ٱلْحُبُكِ ﴿٧﴾

《7》 (പല) മാർഗങ്ങളുള്ളതായ ആകാശം തന്നെയാണ (സത്യം)!

إِنَّكُمْ لَفِى قَوْلٍ مُّخْتَلِفٍ ﴿٨﴾

《8》 നിശ്ചയമായും, നിങ്ങൾ ഭിന്നമായ വാക്കിലാണ് [ഭിന്നാഭിപ്രായത്തിലാണ്] ഉള്ളത്.

يُؤْفَكُ عَنْهُ مَنْ أُفِكَ ﴿٩﴾

《9》 തെറ്റിക്കപ്പെടുന്നവർ അതിനാൽ തെറ്റിക്കപ്പെടുന്നു.

《7》 وَٱلسَّمَآءِ ആകാശം തന്നെയാണ് ذَاتِ ٱلْحُبُكِ മാർഗങ്ങളുള്ള, കെട്ടുറപ്പുള്ള 《8》 إِنَّكُمْ നിശ്ചയമായും നിങ്ങൾ لَفِى قَوْلٍ വാക്കിൽതന്നെയാണ് مُّخْتَلِفٍ വ്യത്യസ്തമായ, ഭിന്നമായ 《9》 يُؤْفَكُ തെറ്റിക്ക (തിരിക്ക)പ്പെടുന്നു عَنْهُ അതിനാൽ, അതിൽനിന്ന് مَنْ أُفِكَ തെറ്റിക്കപ്പെട്ടവർ

കണക്കറ്റ നക്ഷത്രഗോളങ്ങളും വൻഗ്രഹങ്ങളും ഉൾക്കൊള്ളുന്ന ആകാശത്ത് അവയുടെ സഞ്ചാരപഥങ്ങളും, ഭ്രമണമാർഗങ്ങളുമായി വിവിധതരത്തിലുള്ള അസംഖ്യം മാർഗങ്ങൾ സ്ഥിതി ചെയ്യുന്നു. അവയെല്ലാം വ്യവസ്ഥാപിതവും അതിസമർത്ഥവുമായ രീതിയിൽ അല്ലാഹു സ്ഥാപിച്ചു നിയന്ത്രിച്ചുവരുന്നു. ഉപരിഗോളങ്ങളെ സംബന്ധിച്ച് മനുഷ്യന്റെ അറിവ് എത്രതന്നെ പുരോഗമിച്ചിട്ടുണ്ടെങ്കിലും ശരി, ഉപരിമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന അതിരറ്റ യാഥാർത്ഥ്യങ്ങളുടെ പടിവാതിൽക്കലെത്തിച്ചേരുവാൻ എനിയും ബഹുദൂരം അവൻ സഞ്ചരിക്കേണ്ടതുണ്ട്. ഉപരിയാകാശ സംബന്ധമായി ഇന്നോളം മനുഷ്യന് സൂക്ഷ്മമായി സിദ്ധിച്ചു കഴിഞ്ഞിട്ടുള്ള ഓരോ അറിവും തന്നെ, ലോകസ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന്റെ മഹത്വത്തെ വിളിച്ചോതുന്നവ മാത്രമാകുന്നു. الْحُبُكْ എന്ന വാക്കിന് മിക്ക ക്വുർആൻ വ്യാഖ്യാതാക്കളും സ്വീകരിച്ചതുപോലെ മാർഗങ്ങൾഎന്ന് അർത്ഥം കൽപിച്ചുകൊണ്ടാണ് നാം ഈ വിവരണം നൽകിയത്. എന്നാൽ, ആ വാക്കിന് കെട്ടുറപ്പ്, ഭംഗി, അഴക്, ദൃഢത എന്നിങ്ങനെ വേറെയും അർത്ഥങ്ങൾ കല്പിക്കപ്പെട്ടിട്ടുണ്ട്. എന്നാലും, ഈ അർത്ഥങ്ങളെല്ലാം വിരൽ ചൂണ്ടുന്നതും, അവയെ ആധാരമാക്കിയുള്ള വ്യാഖ്യാനങ്ങൾ എത്തിച്ചേരുന്നതും ഒരേ വസ്തുതയിലേക്കുതന്നെ. അതെ, അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തിലേക്കും, കലാ വൈദഗ്ദ്ധ്യത്തിലേക്കും തന്നെ! ഈ വഴിക്ക് മനുഷ്യചിന്തയെ തിരിച്ചുവിടുവാൻ പ്രോത്സാഹിപ്പിക്കുന്നതാണ് 7 -ാം വചനത്തിലെ സത്യവാചകം.

സത്യനിഷേധികളുടെ നിഷേധം ഏക സ്വരത്തിലുള്ളതല്ല, ഐക്യരൂപമോ, സ്വഭാവസ്ഥിരതയോ അതിനില്ല. അത് വിഭിന്ന രീതിയിലും, വ്യത്യസ്ത രൂപത്തിലുമാണ്. ജാലം, കവിത, ജോൽസ്യം ഭ്രാന്ത് എന്നിങ്ങനെ പലപ്പോഴും പലതും അവർ പറയും. സത്യദീക്ഷയില്ലാത്ത ചിന്താശൂന്യൻമാരായ ആളുകൾ അതുകേട്ട് സത്യത്തിൽനിന്ന് തെറ്റിപ്പിഴച്ചുപോകുന്നു. എന്നല്ലാതെ, സത്യാന്വേഷികളായ ആളുകളൊന്നും അത്മൂലം തെറ്റിപ്പോകുകയില്ല എന്നൊക്കെയാണ് ഈ വചനങ്ങളിൽ അല്ലാഹു സത്യം ചെയ്തു പറഞ്ഞതിന്റെ താൽപര്യം.

قُتِلَ ٱلْخَرَّٰصُونَ ﴿١٠﴾

﴾10﴿ (ആ) മതിപ്പിട്ടു (കള്ളം) പറയുന്നവർ കൊല്ലപ്പെടട്ടെ [ശപിക്കപ്പെടട്ടെ]!

ٱلَّذِينَ هُمْ فِى غَمْرَةٍ سَاهُونَ ﴿١١﴾

﴾11﴿ അതായത്, വിഡ്ഢിത്തത്തിൽ (മുഴുകി) അശ്രദ്ധരായവർ.

﴾10﴿ قُتِلَ കൊല്ലപ്പെടട്ടെ (ശപിക്കപ്പെടട്ടെ) ٱلْخَرَّٰصُونَ മതിപ്പിട്ട് (കള്ളം) പറയുന്നവർ ﴾11﴿ ٱلَّذِينَ അതായത് യാതൊരുവർ هُمْ അവർ فِى غَمْرَةٍ വിഡ്ഢിത്തത്തിൽ, (അജ്ഞതയുടെ) മൂടലിൽ سَاهُونَ അശ്രദ്ധരാണ്, ബോധരഹിതരാണ്

നശിക്കട്ടെ, തുലയട്ടെഎന്നൊക്കെ പറയാറുള്ളതുപോലെയുള്ള ഒരു ശാപ വാക്യമാണ് قُتِلَ (കൊല്ലപ്പെടട്ടെ) എന്ന വാക്ക്. യാതൊരു തെളിവോ ന്യായമോ ഇല്ലാതെ ഊഹിച്ചും മതിപ്പിട്ടും കള്ളം പറഞ്ഞുകൊണ്ടിരിക്കുകയാണവർ. അജ്ഞതയിലും വിഡ്ഢിത്തത്തിലും മുഴുകി അവരുടെ തന്റേടവും ബോധവും നശിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ, അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് അവർ പാത്രമായിരിക്കുന്നു.

يَسْـَٔلُونَ أَيَّانَ يَوْمُ ٱلدِّينِ ﴿١٢﴾

《12》 അവർ ചോദിക്കുന്നു: ഏതവസരത്തിലാണ് (ഈ) പ്രതിഫലനടപടിയുടെ ദിവസം? എന്ന്.

يَوْمَ هُمْ عَلَى ٱلنَّارِ يُفْتَنُونَ ﴿١٣﴾

《13》 (നരക) അഗ്നിക്കുമീതെ അവർ പരീക്ഷണം ചെയ്യപ്പെടുന്ന ദിവസമത്രെ (അതുണ്ടാവുക).

ذُوقُوا۟ فِتْنَتَكُمْ هَـٰذَا ٱلَّذِى كُنتُم بِهِۦ تَسْتَعْجِلُونَ ﴿١٤﴾

《14》 (പറയപ്പെടും) നിങ്ങളുടെ പരീക്ഷണം [ശിക്ഷ] നിങ്ങൾ ആസ്വദിക്കുവിൻ! നിങ്ങൾ യാതൊന്നിന് ധൃതിപ്പെട്ടുകൊണ്ടിരുന്നുവോ അതാണിത്.

《12》 يَسْـَٔلُونَ അവർ ചോദിക്കുന്നു أَيَّانَ ഏതവസരത്തിലാണ്, എപ്പോഴാണ് يَوْمُ ٱلدِّينِ നടപടിയെടുക്കുന്ന (പ്രതിഫലത്തിന്റെ) ദിവസം 《13》 يَوْمَ ദിവസം هُمْ അവർ عَلَى ٱلنَّارِ അഗ്നിയുടെ മീതെ, നരകത്തിൽ يُفْتَنُونَ പരീക്ഷണം ചെയ്യപ്പെടുന്ന 《14》 ذُوقُوا۟ ആസ്വദിക്കുവിൻ, രുചിനോക്കുവിൻ فِتْنَتَكُمْ നിങ്ങളുടെ പരീക്ഷണം هَـٰذَا ٱلَّذِى ഇത് യാതൊന്നാണ്, ഇതത്രെ യാതൊന്ന് كُنتُم നിങ്ങളായിരുന്നു بِهِۦ تَسْتَعْجِلُونَ അതിന് നിങ്ങൾ ധൃതികൂട്ടും

എപ്പോഴാണ് പ്രതിഫലനടപടി എടുക്കുന്ന ദിവസം?!എന്ന് അവിശ്വാസികൾ പരിഹാസപൂർവ്വം ധൃതികൂട്ടിക്കൊണ്ട് ചോദിക്കുന്നതാണ്. അതുകൊണ്ടാണ് അല്ലാഹു ഇങ്ങനെ മറുപടി പറഞ്ഞതും.

إِنَّ ٱلْمُتَّقِينَ فِى جَنَّـٰتٍ وَعُيُونٍ ﴿١٥﴾

《15》 നിശ്ചയമായും ഭയഭക്തൻമാർ (സ്വർഗ) തോപ്പു കളിലും, അരുവികളിലുമായിരിക്കും;-

ءَاخِذِينَ مَآ ءَاتَىٰهُمْ رَبُّهُمْ ۚ إِنَّهُمْ كَانُوا۟ قَبْلَ ذَٰلِكَ مُحْسِنِينَ ﴿١٦﴾

﴿16﴾ തങ്ങളുടെ രക്ഷിതാവ് തങ്ങൾക്ക് നൽകിയതിനെ (ഏറ്റു) വാങ്ങിക്കൊണ്ട്, (കാരണം) അവർ അതിനുമുമ്പ് സുകൃതം ചെയ്യുന്നവരായിരുന്നു.

﴿15﴾ إِنَّ ٱلْمُتَّقِينَ നിശ്ചയമായുംഭയഭക്തൻമാർ فِى جَنَّٰتٍ തോപ്പുകളിൽ (സ്വർഗങ്ങളിൽ) ആയിരിക്കും وَعُيُونٍ അരുവി (നീരുറവ)കളിലും ﴿16﴾ ءَاخِذِينَ എടുത്തുകൊണ്ട് (ഏറ്റുവാങ്ങിക്കൊണ്ട്) مَآ ءَاتَىٰهُمْ അവർക്ക് നൽകിയതിനെ رَبُّهُمْ അവരുടെ റബ്ബ് إِنَّهُمْ كَانُوا۟ നിശ്ചയമായും അവരായിരുന്നു قَبْلَ ذَٰلِكَ അതിന് മുമ്പ് مُحْسِنِينَ സുകൃതം ചെയ്യുന്നവർ, നന്മ ചെയ്യുന്നവർ

محسن (മുഹ്സിൻ) എന്നാൽ സുകൃതവാൻ, നന്മ ചെയ്യുന്നവൻ, പുണ്യം ചെയ്യുന്നവൻഎന്നൊക്കെ വാക്കർത്ഥം. മറ്റൊരാൾക്ക് നന്മചെയ്യുന്നവനും, സൽപ്രവൃത്തികൾ ചെയ്യുന്നവനും ഈ വാക്ക് ഉപയോഗിക്കപ്പെടും. ഇതിന്റെ ധാതുപദമാകുന്ന احسان (ഇഹ്സാൻ) എന്നതിന് നബി ﷺ നൽകിയിട്ടുള്ള നിർവ്വചനം ഇതാകുന്നു. (مسلم) أن تعبد الله كأنك براه فإن لم تكن براه فإنه يراك (നീ അല്ലാഹുവിനെ കാണുന്നുവെന്നപോലെ അവനെ നീ ആരാധിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട് (മു.) സുകൃതവാൻമാരുടെ ഗുണങ്ങളും അവർക്ക് സ്വർഗവും മറ്റും ലഭിക്കുവാനുള്ള കാരണവും അടുത്ത വചനങ്ങളിൽ വിവരിക്കുന്നു. നബി തിരുമേനി ﷺയുടെ നിർവ്വചനത്തിന് ചില ഉദാഹരണങ്ങളും അതിൽ കാണാം.

كَانُوا۟ قَلِيلًا مِّنَ ٱلَّيْلِ مَا يَهْجَعُونَ ﴿١٧﴾

﴿17﴾ അല്പ (സമയ)മായിരുന്നു രാത്രിയിൽനിന്ന് അവർ ഉറങ്ങാറുള്ളത്.

وَبِٱلْأَسْحَارِ هُمْ يَسْتَغْفِرُونَ ﴿١٨﴾

﴿18﴾നിശാന്ത്യസമയങ്ങളിലാകട്ടെ, അവർ പാപമോചനം തേടുകയും ചെയ്തിരുന്നു.

وَفِىٓ أَمْوَٰلِهِمْ حَقٌّ لِّلسَّآئِلِ وَٱلْمَحْرُومِ ﴿١٩﴾

﴿19﴾ അവരുടെ സ്വത്തുക്കളിൽ ചോദിക്കുന്നവന്നും, (ചോദിക്കുന്നതിന്) തടസ്സം ബാധിച്ചവർക്കും അവകാശമുണ്ടായിരിക്കും.

﴿17﴾ كَانُوا۟ അവരായിരുന്നു قَلِيلًا അല്പം, കുറച്ച് مِّنَ ٱلَّيْلِ രാത്രിയിൽനിന്ന് مَا يَهْجَعُونَ അവർ ഉറങ്ങുന്നത് ﴿18﴾ وَبِٱلْأَسْحَارِ നിശാന്ത്യങ്ങളിൽ, രാത്രി അവസാന

യാമങ്ങളിൽ هُمْ يَسْتَغْفِرُونَ അവർ പാപമോചനം (പൊറുതി) തേടുകയും ചെയ്യും
﴾19﴿ وَفِيٓ أَمْوَٰلِهِمْ അവരുടെ സ്വത്തുക്കളിലുണ്ട് حَقٌّ അവകാശം (ഓഹരി) لِّلسَّآئِلِ
ചോദിക്കുന്നവന്ന് وَٱلْمَحْرُومِ തടസ്സം ബാധിച്ചവന്, തടയപ്പെട്ടവനും

മിക്കവരും ചെയ്യുന്നതുപോലെ, അവർ രാത്രിമുഴുവൻ നിദ്രയിലായി സമയം കഴിച്ചിരുന്നില്ല. പലരെയും പോലെ വിനോദശാലകളിലോ ദുർന്നടപ്പു കേന്ദ്രങ്ങളിലോ സമയം ചിലവഴിച്ചിരുന്നുമില്ല. രാത്രി അവർ ഉറങ്ങും, പക്ഷേ അല്പസമയം മാത്രം. ബാക്കി സമയം നമസ്കാരം, ദിക്ർ, ദുആ മുതലായ ആരാധനാകർമങ്ങളിലാണവർ കഴിച്ചുകൂട്ടുന്നത്. രാത്രിയുടെ അന്ത്യയാമത്തിലാണല്ലോ എല്ലാവരും സുഖനിദ്ര കൂടുതൽ ആസ്വദിക്കുന്നത്. ഈ അവസരത്തിൽ അവരുടെ ശ്രദ്ധ അല്ലാഹുവിനോട്- നമസ്കാരത്തിലോ അല്ലാതെയോ- പാപമോചനം തേടുന്നതിലാണ്. ആരാധനാകർമങ്ങളിൽ കേവലം കൊള്ളാവുന്ന ആളുകളിൽപോലും കണ്ടേക്കുന്ന ഒരു കുറ്റമത്രെ ലുബ്ധത. ഇവരെ ആ ദോഷവും തീണ്ടിയിട്ടില്ല. സാധുക്കൾക്കും, പാവപ്പെട്ടവർക്കും അവരുടെ ധനത്തിൽ പങ്കുണ്ട്. പങ്കുണ്ടെന്ന് മാത്രമല്ല, അതവർക്ക് അവകാശപ്പെട്ടതാണെന്നും, തങ്ങൾ കൊടുത്തുതീർക്കേണ്ടുന്ന കടമയാണെന്നും അവർ കരുതുന്നു. ചോദിച്ചു വരുന്നവർക്ക് മാത്രമല്ല, ബുദ്ധിമുട്ടും ഞെരുക്കവുമുള്ളതോടൊപ്പം ചോദിച്ചുവാങ്ങാൻ കഴിയാതെയോ, അഭിമാനം അനുവദിക്കാതെയോ മുടങ്ങിനിൽക്കുന്നവർക്കും തങ്ങളുടെ ധനത്തിൽനിന്ന് അവർ പങ്ക് നല്കും. അങ്ങനെ, തങ്ങളുടെ സ്രഷ്ടാവിനോടുള്ള ബാധ്യതയിലും, സഹസൃഷ്ടികളോടുള്ള ബാധ്യതയിലും അവർ തികച്ചും ബോധവാൻമാരാകുന്നു.

ചോദിച്ചു വരുന്ന ആൾ (السائل)ക്ക് അവൻ ചോദിച്ച കാരണംകൊണ്ടു തന്നെ സഹായം നൽകേണ്ടതുണ്ട്. ചോദിച്ചുവാങ്ങലും, യാചിക്കലും മാന്യമായ ഒരു ഏർപ്പാടല്ലെന്ന് പരക്കെ എല്ലാവർക്കും അറിയാം. ഇസ്ലാമാകട്ടെ, അതിനെ വളരെ ശക്തിയായി വെറുക്കുകയും ചെയ്യുന്നു. പക്ഷേ, ചോദിക്കപ്പെടുന്ന ആൾ തന്റെ അന്തസ്സും മാന്യതയും പാലിക്കേണ്ടതുണ്ടല്ലോ. ചോദ്യകർത്താവിന്റെ സ്ഥിതികൾ ചുഴിഞ്ഞന്വേഷണം നടത്തുന്നത് ഭൂഷണമല്ല. ചോദിച്ചുവരുന്നവർ കുതിരപ്പുറത്ത് വന്നാലും ശരി, അവനൊരു അവകാശമുണ്ട്. (للسائل حق وإن جاء على فرس) എന്നത്രെ നബി ﷺ പറയുന്നത്. (അ; ദാ.)

ദാരിദ്ര്യവും കഷ്ടപ്പാടും ഉണ്ടെങ്കിലും അത് അന്യനെ അറിയിക്കാതെ അഭിമാനം സംരക്ഷിച്ചുകൊണ്ട് വിഷമം സഹിക്കുന്നവരുണ്ട്. മറ്റ് ചിലർക്ക് അന്യനോട് സഹായമർത്ഥിക്കുന്നതിൽ മടിതോന്നിയില്ലെങ്കിലും- രോഗം മുതലായ ഏതെങ്കിലും കാരണത്താൽ- തന്റെ വിഷമാവസ്ഥ മറ്റു സഹോദരൻമാരെ അറിയിക്കുവാൻ സാധിക്കാതെ വരുന്നവരുമുണ്ട്. ഇവർക്കാണ് المحروم (മുടക്കം ബാധിച്ചവൻ അഥവാ ചോദിക്കുന്നതിന് തടസ്സമുള്ളവൻ) എന്ന് പറയുന്നത്. ഉപജീവന

മാർഗം തടയപ്പെട്ടവൻ എന്നും ഈ വാക്കിന് വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. നബി ﷺ അരുളിച്ചെയ്ത ഒരു ഹദീഥിന്റെ സാരം ഇതാണ്: മിസ്കീൻഎന്നാൽ ജനങ്ങൾക്കിടയിൽ യാചിച്ച് നടക്കുന്നവനും ഒരു പിടിയോ, രണ്ട് പിടിയോ, ഒരു കാരക്കയോ, രണ്ട് കാരക്കയോ (കൊടുത്ത്) മടക്കിവിടാവുന്നവനുമല്ല. മിസ്കീൻ എന്നാൽ, പരാശ്രയം വേണ്ടാതിരിക്കത്തക്ക ധനം ഇല്ലാതെയും, തനിക്ക് ധർമം കിട്ടത്തക്കവണ്ണം തന്റെ സ്ഥിതി (മറ്റുള്ളവർക്ക്) അറിയപ്പെടാതെയും ഇരിക്കുന്നവനാകുന്നു. (ബു; മു.) വാസ്തവത്തിൽ ഇങ്ങനെയുള്ളവരെല്ലാം ഉൾപ്പെടുന്ന ഒരു വാക്കാണ് محروم എന്നത്. ഈ വകക്കാരെക്കുറിച്ച് മനസ്സിലാക്കുകയും അവർക്ക് ആശ്വാസം നൽകുകയും ചെയ്യുകയെന്നത് വളരെ പ്രധാനപ്പെട്ട ഒരു പുണ്യകർമമാണെന്ന് പറയേണ്ടതില്ല. ഉത്തരവാദപ്പെട്ടവരുടെയും കഴിവുള്ളവരുടെയും കടമയുമാണിത്. നബി ﷺ പറയുന്നു: ഹേ, മനുഷ്യരേ, നിങ്ങൾ സലാം പ്രചരിപ്പിക്കുവിൻ, ഭക്ഷണം നൽകുകയും ചെയ്യുവിൻ, രക്തബന്ധം പാലിക്കുകയും ചെയ്യുവിൻ, ജനങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ (രാത്രി) നമസ്കാരം നടത്തുകയും ചെയ്യുവിൻ, നിങ്ങൾക്ക് ശാന്തമായി സ്വർഗത്തിൽ പ്രവേശിക്കാം. (തി.)

وَفِي ٱلْأَرْضِ ءَايَٰتٌ لِّلْمُوقِنِينَ ﴿٢٠﴾

﴾20﴿ ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങൾ ഉണ്ട്.

وَفِيٓ أَنفُسِكُمْ ۚ أَفَلَا تُبْصِرُونَ ﴿٢١﴾

﴾21﴿ നിങ്ങളിൽ തന്നെയുമുണ്ട് (ദൃഷ്ടാന്തങ്ങൾ). എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലേ?!

وَفِي ٱلسَّمَآءِ رِزْقُكُمْ وَمَا تُوعَدُونَ ﴿٢٢﴾

﴾22﴿ ആകാശത്തിൽ നിങ്ങളുടെ ആഹാരവും [ഉപജീവനമാർഗവും], നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നതും ഉണ്ട്.

فَوَرَبِّ ٱلسَّمَآءِ وَٱلْأَرْضِ إِنَّهُۥ لَحَقٌّ مِّثْلَ مَآ أَنَّكُمْ تَنطِقُونَ ﴿٢٣﴾

﴾23﴿ എന്നാൽ, ആകാശത്തിന്റെയും ഭൂമിയുടെയും രക്ഷിതാവ് തന്നെയാണ (സത്യം)! നിശ്ചയമായും, ഇത്, നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നുവെന്നതുപോലെ ഒരു യഥാർത്ഥം തന്നെയാണ് (എന്ന് ഓർമിക്കുക).

﴾20﴿ وَفِى الْأَرْضِ ഭൂമിയിലുണ്ട് ءَايَاتٌ ദൃഷ്ടാന്തങ്ങൾ لِّلْمُوقِنِينَ ദൃഢവിശ്വാസികൾക്ക്, ഉറപ്പിക്കുന്നവർക്ക് ﴾21﴿ وَفِي أَنفُسِكُمْ നിങ്ങളിൽ തന്നെയും, നിങ്ങളുടെ ദേഹങ്ങളിലും ഉണ്ട് أَفَلَا تُبْصِرُونَ എന്നിട്ട് (അപ്പോൾ) നിങ്ങൾ കണ്ടറിയുന്നില്ലേ ﴾22﴿ وَفِى السَّمَاءِ ആകാശത്തിലുണ്ട്, ആകാശത്തിലാണ് رِزْقُكُمْ നിങ്ങളുടെ ആഹാ

فَوَرَبِّ ﴿23﴾ എന്നാൽ റബ്ബ് തന്നെയാണ السَّمَآءِ ആകാശത്തിന്റെ وَالْأَرْضِ ഭൂമിയുടെയും **إِنَّهُ**നിശ്ച യമായും അത് لَحَقٌّ യഥാർത്ഥ (പരമാർത്ഥം, സത്യം) തന്നെ مِثْلَ مَا أَنَّكُمْ നിങ്ങൾ ആണെന്നതുപോലെ تَنْطِقُونَ നിങ്ങൾ സംസാരിക്കുന്നു (എന്നത്)

മഴയെ ആശ്രയിച്ചാണല്ലോ മനുഷ്യന്റെ ആഹാരം നിലകൊള്ളുന്നത്. മഴ ആകാശത്തുനിന്ന് ലഭിക്കുന്നതുമാണ്. പ്രത്യക്ഷത്തിൽ ആഹാരത്തിന്റെ പ്രധാന ഉപാധിയാണ് മഴയെങ്കിലും, അതിനുപുറമെ അല്ലാഹുവിൽനിന്നുള്ള അദൃശ്യമായ അനുഗ്രഹങ്ങൾ വേറെയും ആവശ്യമാകുന്നു. നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത്എന്നതുകൊണ്ടുദ്ദേശ്യം മരണശേഷമുള്ള രക്ഷാശിക്ഷകൾ മുതലായവയാണ്. മനുഷ്യൻ സംസാരിക്കുന്നുവെന്നത് എപ്രകാരം പരമാർത്ഥമാണോ അപ്രകാരം യാതൊരു സംശയത്തിനും അവകാശമില്ലാത്ത പരമാർത്ഥം തന്നെയാണ് ഇപ്പറയുന്ന കാര്യങ്ങളും എന്ന് അല്ലാഹു അവനിൽ ആണയിട്ട് ഓർമിപ്പിക്കുന്നു. ഹസൻ (റ) പറഞ്ഞതുപോലെ, ഇത്രയും ശക്തിയായ ഭാഷയിൽ അല്ലാഹു ആണയിട്ടുപറഞ്ഞിട്ടും അത് വിശ്വസിക്കാത്ത മനുഷ്യർ ശപിക്കപ്പെട്ടവർതന്നെ!

വിഭാഗം- 2

هَلْ أَتَىٰكَ حَدِيثُ ضَيْفِ إِبْرَٰهِيمَ ٱلْمُكْرَمِينَ ﴿٢٤﴾

﴿24﴾ ഇബ്റാഹീമിന്റെ മാന്യാതിഥികളുടെ വർത്തമാനം നിനക്ക് വന്നിട്ടുണ്ടോ?-

إِذْ دَخَلُوا۟ عَلَيْهِ فَقَالُوا۟ سَلَٰمًا ۖ قَالَ سَلَٰمٌ قَوْمٌ مُّنكَرُونَ ﴿٢٥﴾

﴿25﴾ അതായത്, അവർ അദ്ദേഹത്തിന്റെ അടുക്കൽ പ്രവേശിച്ച സന്ദർഭം. എന്നിട്ട് അവർ സലാം എന്നുപറഞ്ഞു. അദ്ദേഹം പറഞ്ഞു: സലാം; അപരിചിതരായ ആളുകൾ!

﴿24﴾ هَلْ أَتَىٰكَ നിനക്ക് വന്നിരിക്കുന്നുവോ حَدِيثُ വർത്തമാനം, വിഷയം, വൃത്താന്തം ضَيْفِ إِبْرَٰهِيمَ ഇബ്റാഹീമിന്റെ അതിഥികളുടെ ٱلْمُكْرَمِينَ ആദരിക്കപ്പെട്ടതായ (മാന്യരായ) ﴿25﴾ إِذْ دَخَلُوا۟ അതായത് അവർ പ്രവേശിച്ചപ്പോൾ عَلَيْهِ അദ്ദേഹത്തിന്റെ അടുക്കൽ فَقَالُوا۟ എന്നിട്ടവർ പറഞ്ഞു سَلَٰمًا സലാം എന്ന് قَالَ അദ്ദേഹം പറഞ്ഞു سَلَٰمٌ സലാം قَوْمٌ ഒരു ജനത (ആളുകൾ) مُّنكَرُونَ അറിയപ്പെടാത്ത, അപരിചിതരായ

ഇബ്റാഹീം നബി (അ)യുടെ അതിഥികളുടെ സംഭവം ഇവിടെയും, സൂ: ഹിജ്റി(الحجر)ലും അല്ലാഹു സംക്ഷിപ്തമായിട്ടാണ് വിവരിച്ചിരിക്കുന്നത്. സൂ: ഹൂദിൽ, സംഭവം കുറെ കൂടി വിശദമായി വിവരിച്ചിരിക്കുന്നു. അതിഥികൾ മലക്കുകളായിരുന്നു. മനുഷ്യ രൂപത്തിലായിരുന്നു അവർ വന്നത്. വരവിന്റെ ഉദ്ദേശ്യം അടുത്ത വചനങ്ങളിൽ കാണാം. ഇസ്‌ലാമിലെ ഉപചാരവാക്യമായ സലാമോട് കൂടിയാണ് അവർ വീട്ടിൽ പ്രവേശിച്ചത്. ഇബ്റാഹീം നബി (അ) സലാം മടക്കി. ആഗതർ ആരാണെന്നും, വരവിന്റെ ഉദ്ദേശ്യമെന്താണെന്നും വ്യക്തമാകുന്നതിനു മുമ്പുതന്നെ, അതിഥി സൽക്കാരത്തിൽ അതീവ തൽപരനായിരുന്ന അദ്ദേഹം അവരെ സൽക്കരിക്കുവാനുള്ള ഏർപ്പാടിനെപ്പറ്റിയാണ് ശ്രദ്ധ പതിച്ചത്.

فَرَاغَ إِلَىٰٓ أَهْلِهِۦ فَجَآءَ بِعِجْلٍ سَمِينٍ ﴿٢٦﴾

﴾26﴿ ഉടനെ, അദ്ദേഹം തന്റെ വീട്ടുകാരുടെ അടുക്കലേക്ക് പതുങ്ങിച്ചെന്നു. എന്നിട്ട് (തടിച്ച്) കൊഴുത്ത ഒരു പശുക്കുട്ടിയെ (വേവിച്ചു) കൊണ്ടുവന്നു.

فَقَرَّبَهُۥٓ إِلَيْهِمْ قَالَ أَلَا تَأْكُلُونَ ﴿٢٧﴾

﴾27﴿ അങ്ങനെ, അത് അവരുടെ അടുക്കലേക്ക് അടുപ്പിച്ച് [കൊണ്ടുവന്നു]വെച്ച്, അദ്ദേഹം പറഞ്ഞു: നിങ്ങൾ തിന്നുകയില്ലേ?!

﴾26﴿ فَرَاغَ അപ്പോൾ അദ്ദേഹം പതുങ്ങിച്ചെന്നു, ഉപായത്തിൽ തിരിഞ്ഞു, സൂത്രത്തിൽ ചെന്നു إِلَىٰٓ أَهْلِهِۦ തന്റെ വീട്ടുകാരിലേക്ക് فَجَآءَ എന്നിട്ടദ്ദേഹം വന്നു بِعِجْلٍ ഒരു പശുക്കുട്ടിയുമായി, മൂരിക്കൂട്ടനെക്കൊണ്ട് سَمِينٍ കൊഴുത്ത, തടിച്ച ﴾27﴿ فَقَرَّبَهُۥٓ എന്നിട്ട് അതിനെ അണപ്പിച്ച് (അടുത്ത് കൊണ്ടുചെന്ന്) إِلَيْهِمْ അവരിലേക്ക് قَالَ അദ്ദേഹം പറഞ്ഞു أَلَا تَأْكُلُونَ നിങ്ങൾ തിന്നുകയില്ലേ, തിന്നുന്നില്ലേ, തിന്നുകൂടേ

അതിഥികളെ മാന്യമായ നിലയിൽ സ്വീകരിച്ചിരുത്തേണ്ടതാമസം, പതുക്കെ ഉപായത്തിൽ വീട്ടുകാരുടെ അടുക്കൽചെന്ന് സദ്യവട്ടം തയ്യാറാക്കുവാൻ ഏർപ്പാട് ചെയ്തു. ആ കാലത്തും, ആ പ്രദേശത്തും ഭക്ഷ്യപദാർത്ഥങ്ങളിൽ പ്രാധാന്യം നൽകപ്പെട്ടിരുന്ന ഒന്നാണ് പശുക്കുട്ടി- അഥവാ മൂരിക്കുട്ടൻ, ക്ഷണനേരം കൊണ്ട് തടിച്ചുകൊഴുത്ത ഒരു പശുക്കുട്ടിയെ പാകം ചെയ്ത് തയ്യാറാക്കി. ഭക്ഷണം ഒരിടത്ത് വെച്ച് അതിഥികളെ അങ്ങോട്ട് വിളിച്ച് ബുദ്ധിമുട്ടിക്കാതെ അവർ ഇരിക്കുന്നിടത്തേക്ക് അങ്ങോട്ട് കൊണ്ടുചെന്നു. ഇത് കഴിച്ചേക്കണംഎന്നോ മറ്റോ നിർബന്ധിച്ച് പറയാതെ, തിന്നുകയല്ലേ എന്ന് പറഞ്ഞുകൊണ്ട് സാദരം അവരെ ഭക്ഷിക്കുവാൻ ക്ഷണിച്ചു. പക്ഷേ, സൂ: ഹൂദ് 70 ൽ കാണാവുന്നതുപോലെ, അതിഥികൾ ഭക്ഷണം കഴിക്കുവാൻ കൈ നീട്ടുന്നില്ല. അപ്പോൾ ഇബ്റാഹീം നബി (അ)ക്ക്

സംശയവും ഭയവും തോന്നി. ഈ അവസരത്തിൽ, അതിഥികൾ തങ്ങളെപ്പറ്റി അദ്ദേഹത്തിന് പരിചയപ്പെടുത്തി. തങ്ങൾ അല്ലാഹുവിന്റെ ദൂതൻമാരാണെന്നും, തങ്ങളുടെ വരവിന്റെ ഉദ്ദേശ്യം ഇന്നതാണെന്നും അറിയിച്ചു. ഇതിനെപ്പറ്റി തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നുണ്ട്.

അതിഥികളെ സ്വീകരിക്കുന്നതിലും, അവരോട് പെരുമാറുന്നതിലും, അവരെ സൽക്കരിക്കുന്നതിലും കൈക്കൊള്ളേണ്ടുന്ന പല മര്യാദകൾക്കും ഇബ്റാഹീം നബി (അ)യുടെ ഈ പെരുമാറ്റത്തിൽ നമുക്ക് മാതൃകയുണ്ട്. അല്ലാഹു അറിയിച്ചുകൊടുത്താലല്ലാതെ, മറഞ്ഞ കാര്യം പ്രവാചകൻമാർക്ക് പോലും അറിയുകയില്ലെന്നുള്ളതിന് വ്യക്തമായ ഒരു ഉദാഹരണം കൂടിയാണ് ഈ സംഭവം. മലക്കുകൾ വ്യക്തമാക്കുന്നതിനുമുമ്പ് അദ്ദേഹം അവരെ അറിഞ്ഞില്ലല്ലോ.

فَأَوْجَسَ مِنْهُمْ خِيفَةً ۖ قَالُوا۟ لَا تَخَفْ ۖ وَبَشَّرُوهُ بِغُلَـٰمٍ عَلِيمٍ ﴿٢٨﴾

﴾28﴿ അപ്പോൾ, അവരെക്കുറിച്ച് അദ്ദേഹത്തിന് (മനസ്സിൽ) പേടിതോന്നി. അവർ പറഞ്ഞു: പേടിക്കേണ്ട! അദ്ദേഹത്തിന് ജ്ഞാനിയായ ഒരു ആൺകുട്ടിയെപ്പറ്റി അവർ സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു.

﴾28﴿ فَأَوْجَسَ അപ്പോൾ അദ്ദേഹം ഒളിച്ചുവെച്ച് (മനസ്സിൽതോന്നി) مِنْهُمْ അവരെക്കുറിച്ച് خِيفَةً പേടി, ഒരു ഭയം قَالُوا۟ അവർ പറഞ്ഞു لَا تَخَفْ പേടിക്കേണ്ട وَبَشَّرُوهُ അവർ അദ്ദേഹത്തിന് സന്തോഷമറിയിക്കയും ചെയ്തു بِغُلَـٰمٍ ഒരു ചെറുക്കനെ (ആൺകുട്ടിയെ)പ്പറ്റി عَلِيمٍ ജ്ഞാനിയായ, അറിവാളനായ

തങ്ങൾ മലക്കുകളാണെന്നും അതുകൊണ്ടാണ് ഭക്ഷണം കഴിക്കാത്തതെന്നും മനസ്സിലാക്കിയശേഷം, താങ്കൾക്ക് ഒരു ജ്ഞാനിയായ ആൺകുട്ടി ജനിക്കുവാൻ പോകുന്നുവെന്ന സന്തോഷവാർത്തയുംകൊണ്ടാണ് ഞങ്ങൾ വന്നിട്ടുള്ളതെന്നും അവർ അറിയിച്ചു. വീട്ടുനായകനും അതിഥികളും തമ്മിൽ നടക്കുന്ന സംഭാഷണം കേട്ടുകൊണ്ടിരുന്ന വീട്ടുനായിക- ഇബ്റാഹീം നബി (അ)യുടെ പത്നിയായ സാറാ (അ)- ഇതുകേട്ട് ആശ്ചര്യപ്പെട്ടു.

فَأَقْبَلَتِ ٱمْرَأَتُهُۥ فِى صَرَّةٍ فَصَكَّتْ وَجْهَهَا وَقَالَتْ عَجُوزٌ عَقِيمٌ ﴿٢٩﴾

﴾29﴿ അപ്പോൾ, അദ്ദേഹത്തിന്റെ ഭാര്യ (ഉച്ചത്തിൽ) ഒരു ശബ്ദത്തോടെ മുമ്പോട്ട് വന്നു. എന്നിട്ടവൾ അവളുടെ മുഖത്തടിച്ചു;(ഇങ്ങനെ) പറയുകയും ചെയ്തു: വന്ധ്യയായ ഒരു കിഴവി! [എനി ഞാൻ പ്രസവിക്കുകയോ]?!

قَالُواْ كَذَٰلِكِ قَالَ رَبُّكِۖ إِنَّهُۥ هُوَ ٱلْحَكِيمُ ٱلْعَلِيمُ ﴿٣٠﴾

《30》 അവർ പറഞ്ഞു: അപ്രകാരം തന്നെയാണ് നിന്റെ റബ്ബ് പറഞ്ഞിരിക്കുന്നത്, നിശ്ചയമായും, സർവ്വജ്ഞനായ യുക്തിമാൻ അവൻതന്നെ.

《29》 فَأَقْبَلَتِ അപ്പോൾ മുമ്പോട്ട് വന്നു ٱمْرَأَتُهُۥ അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ) فِى صَرَّةٍ ഒരു (ഉച്ചത്തിലുള്ള) ശബ്ദത്തിലായി (ശബ്ദത്തോടെ) فَصَكَّتْ എന്നിട്ടവൾ അടിച്ചു, തല്ലി وَجْهَهَا അവളുടെ മുഖത്ത് وَقَالَتْ പറയുകയും ചെയ്തു عَجُوزٌ ഒരു കിഴവി, വൃദ്ധ عَقِيمٌ വന്ധ്യയായ, മച്ചിയായ 《30》 قَالُواْ അവർ പറഞ്ഞു كَذَٰلِكِ അപ്രകാരം (തന്നെ) قَالَ رَبُّكِ നിന്റെ റബ്ബ് പറഞ്ഞിരിക്കുന്നു إِنَّهُۥ هُوَ നിശ്ചയമായും അവൻ തന്നെ ٱلْحَكِيمُ അഗാധജ്ഞൻ, യുക്തിമാൻ ٱلْعَلِيمُ സർവ്വജ്ഞനായ

സൂ: ഹൂദിൽ ഈ രംഗം വിവരിച്ചിരിക്കുന്നത് ഇങ്ങനെയാണ്: അവൾ പറഞ്ഞു: കഷ്ടമേ! (ആശ്ചര്യം!) ഞാൻ പ്രസവിക്കുകയോ?! ഞാനൊരു കിഴവി. ഇതാ വൃദ്ധനായിക്കൊണ്ട് എന്റെ ഭർത്താവും. ഇതൊരു ആശ്ചര്യകരമായ വസ്തുത തന്നെ. അവർ പറഞ്ഞു: അല്ലാഹുവിന്റെ കല്പനയെക്കുറിച്ച് നീ ആശ്ചര്യപ്പെടുകയോ?! അല്ലാഹുവിന്റെ കാരുണ്യവും, അവന്റെ ആശീർവ്വാദങ്ങളും നിങ്ങളിലുണ്ട്. വീട്ടുകാരേ! നിശ്ചയമായും അവൻ സ്തുത്യർഹനും, മഹത്വമേറിയവനുമാകുന്നു. (ഹൂദ്: 72, 73) ഈ സന്തോഷവാർത്ത അറിയിക്കപ്പെട്ട പുത്രൻ ഇസ്ഹാക് നബി (അ) യാകുന്നു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രനായ യഅ്ക്വൂബ് നബി (അ)യെക്കുറിച്ചും ഇബ്റാഹീം നബി (അ)ക്ക് സന്തോഷവാർത്ത അറിയിക്കപ്പെടുകയുണ്ടായി. (ഹൂദ്: 71.) ഇസ്മാഈൽ നബി (അ)യെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കപ്പെട്ടതിനെപ്പറ്റി സൂ: സ്വാഫ്ഫാത്ത്; 101 ലും പ്രസ്താവിച്ചിരിക്കുന്നു. മലക്കുകളുടെ വരവിൽ വേറെയും ലക്ഷ്യം ഉണ്ടായിരിക്കാമെന്ന് ഇബ്റാഹീം നബി (അ)ക്കുതോന്നിയിരിക്കണം.

ജുസ്ഉ് –27

قَالَ فَمَا خَطْبُكُمْ أَيُّهَا ٱلْمُرْسَلُونَ ﴿٣١﴾

《31》 അദ്ദേഹം പറഞ്ഞു: എന്നാൽ നിങ്ങളുടെ(പ്രധാന) വിഷയം എന്താണ്, ഹേ, ദൂതൻമാരേ?

قَالُوٓاْ إِنَّآ أُرْسِلْنَآ إِلَىٰ قَوْمٍ مُّجْرِمِينَ ﴿٣٢﴾

《32》 അവർ പറഞ്ഞു: ഞങ്ങൾ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടിരിക്കുന്നു;-

لِنُرۡسِلَ عَلَيۡهِمۡ حِجَارَةٗ مِّن طِينٖ ﴿٣٣﴾

﴾33﴿ ഞങ്ങൾ അവരുടെമേൽ കളിമണ്ണുകൊണ്ടുള്ള കല്ലുകൾ വിടുവാൻവേണ്ടി;-

مُّسَوَّمَةً عِندَ رَبِّكَ لِلۡمُسۡرِفِينَ ﴿٣٤﴾

﴾34﴿ അതിരുകവിഞ്ഞ ആളുകൾക്കായി നിന്റെ റബ്ബിന്റെ അടുക്കൽ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളതായ (കല്ലുകൾ).

﴾31﴿ قَالَ അദ്ദേഹം പറഞ്ഞു فَمَا എന്നാൽ (എനി) എന്താണ് خَطۡبُكُمۡ നിങ്ങളുടെ കാര്യം, പ്രധാന വിഷയം أَيُّهَا ٱلۡمُرۡسَلُونَ ഹേ ദൂതൻമാരേ ﴾32﴿ قَالُوٓاْ അവർ പറഞ്ഞു إِنَّآ أُرۡسِلۡنَآ നിശ്ചയമായും ഞങ്ങൾ അയക്കപ്പെട്ടിരിക്കുന്നു إِلَىٰ قَوۡمٖ ഒരു ജനതയിലേക്ക് مُّجۡرِمِينَ കുറ്റവാളി (തോന്നിയവാസി)കളായ ﴾33﴿ لِنُرۡسِلَ ഞങ്ങൾ അയക്കുവാൻ (വിടുവാൻ) വേണ്ടി عَلَيۡهِمۡ അവരുടെമേൽ حِجَارَةٗ കല്ല് مِّن طِينٖ കളിമണ്ണിനാലുള്ള ﴾34﴿ مُّسَوَّمَةً അടയാളപ്പെടുത്തപ്പെട്ട عِندَ رَبِّكَ നിന്റെ റബ്ബിന്റെ അടുക്കൽ لِلۡمُسۡرِفِينَ അതിരുവിട്ടവർക്ക്

ലൂത്വ് നബി (അ)യുടെ ജനതയാണ് 'കുറ്റവാളികളായ ജനത'(قوم مجرمون) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം. ആ ജനതയേയും അവർക്ക് ബാധിച്ച ശിക്ഷയേയും കുറിച്ച് സൂ: ശുഅറാഉ് (160 - 173) മുതലായ സ്ഥലങ്ങളിൽ വിവരിച്ചിരിക്കുന്നു. പ്രസ്തുത ശിക്ഷയെക്കുറിച്ച് സൂ: ഹൂദിലെ വാചകം ഇപ്രകാരമാകുന്നു. അങ്ങനെ, നമ്മുടെ കല്പന വന്നപ്പോൾ, അതിന്റെ -ആ രാജ്യത്തിന്റെ- മുകൾഭാഗം നാം താഴ്ഭാഗമാക്കിക്കളഞ്ഞു. അട്ടിയായ ചൂളക്കല്ലുകളെ അതിന്റെ മേൽ നാം വർഷിപ്പിക്കുകയും ചെയ്തു

فلما جاء امرنا جعلنا سافلها عاليها وامطرنا عليها حجارة من سجيل منضود:هود-٨٣. അവർക്കായി പ്രത്യേകം പ്രത്യേകം അടയാളപ്പെടുത്തപ്പെട്ട ഒരുതരം കല്ലുകളായിരുന്നു അവരിൽ വർഷിച്ചത്- അഥവാ സാധാരണ കല്ലുകളായിരുന്നില്ല- എന്നാണ് 34 -ാം വചനത്തിൽനിന്നും, സൂ: ഹൂദ് 83 ൽ നിന്നും മനസ്സിലാകുന്നത്.الله اعلم

فَأَخۡرَجۡنَا مَن كَانَ فِيهَا مِنَ ٱلۡمُؤۡمِنِينَ ﴿٣٥﴾

﴾35﴿ അങ്ങനെ, അവിടത്തിൽ സത്യവിശ്വാസികളിൽ പെട്ടവരായി ഉണ്ടായിരുന്നവരെ (മുഴുവനും) നാം പുറത്താക്കി (രക്ഷപ്പെടുത്തി).

فَمَا وَجَدۡنَا فِيهَا غَيۡرَ بَيۡتٖ مِّنَ ٱلۡمُسۡلِمِينَ ﴿٣٦﴾

﴾36﴿ എന്നാൽ മുസ്‌ലിംകളിൽ നിന്നുമുള്ള ഒരു വീടല്ലാതെ അവിടത്തിൽ നാം കണ്ടെത്തിയില്ല.

وَتَرَكْنَا فِيهَآ ءَايَةً لِّلَّذِينَ يَخَافُونَ ٱلْعَذَابَ ٱلْأَلِيمَ ﴿٣٧﴾

﴾37﴿ വേദനയേറിയ ശിക്ഷയെ ഭയപ്പെടുന്നവർക്ക് ഒരു ദൃഷ്ടാന്തം നാം അതിൽ അവശേഷിപ്പിക്കുകയും ചെയ്തു.

﴾35﴿ فَأَخْرَجْنَا എന്നിട്ട് നാം പുറത്താക്കി, വെളിയിലാക്കി مَن كَانَ ഉണ്ടായിരുന്ന വരെ فِيهَا അതിൽ مِنَ ٱلْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്ന് ﴾36﴿ فَمَا وَجَدْنَا എന്നാൽ നാം കണ്ടെത്തിയില്ല فِيهَا അതിൽ غَيْرَ بَيْتٍ ഒരു വീടല്ലാതെ مِّنَ ٱلْمُسْلِمِينَ മുസ്‌ലിംക ളിൽ നിന്നുള്ള ﴾37﴿ وَتَرَكْنَا فِيهَآ അതിൽ നാം വിടുക (അവശേഷിപ്പിക്കുക)യും ചെയ്തു ءَايَةً ഒരു ദൃഷ്ടാന്തം, അടയാളം لِّلَّذِينَ يَخَافُونَ പേടിക്കുന്നവർക്ക് ٱلْعَذَابَ ٱلْأَلِيمَ വേദനയേറിയ ശിക്ഷ

ലൂത്ത് നബി (അ)യുടെ രാജ്യം കീഴ്മേലായി മറിഞ്ഞതും, അതിന് പ്രത്യക്ഷസാക്ഷ്യം വഹിച്ചുകൊണ്ട് ലൂത്ത് കടലും (ചാവുകടൽ) പരിസരങ്ങളും ഇന്നും നിലകൊള്ളുന്നതും അല്ലാഹുവിനെയും പരലോകശിക്ഷയെയും ഭയപ്പെടുന്നവർക്ക് വമ്പിച്ച ഒരു ദൃഷ്ടാന്തമാണെന്ന് പറയേണ്ടതില്ല. ഒരു ജനതക്ക് പൊതു ശിക്ഷ വരുമ്പോൾ, ആ ജനതയിലുള്ള പ്രവാചകനെയും സത്യവിശ്വാസികളെയും രക്ഷിക്കുക അല്ലാഹുവിന്റെ പതിവാകുന്നു. പക്ഷേ, ആ രാജ്യത്ത് സത്യവിശ്വാസികളുടെ വീട് ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ലൂത്ത് (അ)ന്റേതല്ലാതെ മറ്റൊന്നുമല്ല. അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഒരു വൃദ്ധസ്ത്രീപോലും അവിശ്വാസികളുടെ പക്ഷക്കാരിയായിരുന്നുവെന്നും, അവളും ശിക്ഷയിൽ അകപ്പെട്ടുവെന്നും അല്ലാഹു (26 : 171 ലും മറ്റും) പ്രസ്താവിച്ചിരിക്കുന്നു.

ഈമാനും ഇസ്‌ലാമും (الإيمان والإسلام) ഒന്നുതന്നെയാണോ അല്ലേ എന്ന അഭിപ്രായവ്യത്യാസത്തെയും, രണ്ടും തമ്മിലുള്ള വ്യത്യാസം മുതലായവയെയും സംബന്ധിച്ച് സൂ: ഹുജുറാത്തിൽവെച്ച് നാം സംസാരിക്കുകയുണ്ടായല്ലോ. രണ്ടും ഒന്നുതന്നെയാണെന്ന വാദക്കാർ 35, 36 എന്നീ വചനങ്ങൾ തങ്ങൾക്ക് തെളിവായി എടുത്ത് കാണിക്കാറുണ്ട്. ലൂത്ത് നബി (അ)യുടെ വീട്ടുകാരെപ്പറ്റിയാണല്ലോ മുഅ്മിനുകൾ (സത്യവിശ്വാസികൾ) എന്ന് 35-ാം വചനത്തിലും, മുസ്‌ലിംകൾ എന്ന് 36 -ാം വചനത്തിലും പ്രസ്താവിച്ചിരിക്കുന്നത്. ഇതാണവരുടെ ന്യായം. യഥാർത്ഥമായ ഈമാനുള്ളവരെല്ലാം മുസ്‌ലിംകളായിരിക്കുമെന്ന് തീർച്ചയാണ്. പക്ഷേ, ഇസ്‌ലാമുള്ളവരെല്ലാം യഥാർത്ഥ ഈമാനുള്ളവരായിക്കൊള്ളണമെന്നില്ല. അവരിൽ കപടൻമാരും ഉണ്ടാകാവുന്നതാണ്. ഈമാൻ ഹൃദയത്തിലുള്ള വിശ്വാസവും, ഇസ്‌ലാം ആ വിശ്വാസമനുസരിച്ചുള്ള പ്രവർത്തനവുമാകുന്നു. എന്നിരിക്കെ ഈ ന്യായം ശരിയല്ല. (കൂടുതൽ വിവരം ഹുജുറാത്ത് 14 ലും, അതിന്റെ വിവരണത്തിലും നോക്കുക.)

وَفِي مُوسَىٰٓ إِذۡ أَرۡسَلۡنَٰهُ إِلَىٰ فِرۡعَوۡنَ بِسُلۡطَٰنٖ مُّبِينٖ ﴿٣٨﴾

﴾38﴿ മൂസായിലുമുണ്ട് (ദൃഷ്ടാന്തം). അതായത്, സ്പഷ്ടമായ (അധികൃത) ലക്ഷ്യത്തോടുകൂടി നാം അദ്ദേഹത്തെ ഫിർഔന്റെ അടുക്കലേക്ക് അയച്ച സന്ദർഭം.

فَتَوَلَّىٰ بِرُكۡنِهِۦ وَقَالَ سَٰحِرٌ أَوۡ مَجۡنُونٞ ﴿٣٩﴾

﴾39﴿ എന്നിട്ട് അവൻ അവന്റെ (ശക്തി) ഘടകവുമായി തിരിഞ്ഞുകളഞ്ഞു. അവൻ പറയുകയും ചെയ്തു: (മൂസാ) ഒരു ജാലവിദ്യക്കാരനാണ്, അല്ലെങ്കിൽ ഒരു ഭ്രാന്തനാണ് എന്ന്.

فَأَخَذۡنَٰهُ وَجُنُودَهُۥ فَنَبَذۡنَٰهُمۡ فِي ٱلۡيَمِّ وَهُوَ مُلِيمٞ ﴿٤٠﴾

﴾40﴿ അതിനാൽ, അവനെയും, അവന്റെ സൈന്യങ്ങളെയും നാം പിടിച്ച് അവരെ സമുദ്രത്തിൽ എറിഞ്ഞു. അവൻ, ആക്ഷേപാർഹൻ (അഥവാ ആക്ഷേപകരമായത് പ്രവർത്തിച്ചവൻ) ആയിരുന്നുതാനും.

﴾38﴿ وَفِي مُوسَىٰٓ മൂസായിലുണ്ട് إِذۡ أَرۡسَلۡنَٰهُ അദ്ദേഹത്തെ നാം അയച്ച സന്ദർഭം إِلَىٰ فِرۡعَوۡنَ ഫിർഔന്റെ അടുക്കലേക്ക് بِسُلۡطَٰنٖ (അധികൃത) ലക്ഷ്യവുമായി, പ്രമാണത്തോടെ مُّبِينٖ സ്പഷ്ടമായ ﴾39﴿ فَتَوَلَّىٰ എന്നിട്ടവൻ പിൻതിരിഞ്ഞു, തിരിഞ്ഞുപോയി بِرُكۡنِهِۦ അവന്റെ ഘടകവുമായി, പാർശ്വത്തോടെ, ശക്തിയുമായി وَقَالَ പറയുകയും ചെയ്തു سَٰحِرٌ ഒരു ജാലവിദ്യക്കാരൻ أَوۡ مَجۡنُونٞ അല്ലെങ്കിൽ ഭ്രാന്തൻ (എന്ന്) ﴾40﴿ فَأَخَذۡنَٰهُ അപ്പോൾ (അതിനാൽ) അവനെ നാം പിടിച്ചു وَجُنُودَهُۥ അവന്റെ സൈന്യങ്ങളെയും, പട്ടാളത്തെയും فَنَبَذۡنَٰهُمۡ എന്നിട്ടവരെ നാം ഇട്ടു, എറിഞ്ഞു فِي ٱلۡيَمِّ സമുദ്രത്തിൽ وَهُوَ അവൻ, അവനാകട്ടെ مُلِيمٞ ആക്ഷേപാർഹനാണ് (താനും)

പാർശ്വം, ഭാഗം, പ്രധാനഭാഗം, ഘടകം, ശക്തിഎന്നൊക്കെ അർത്ഥം വരാവുന്നതാണ് ركن എന്ന വാക്ക്. ഫിർഔൻ തന്റെ സൈന്യങ്ങൾ തുടങ്ങിയ ശക്തിപ്രഭാവത്തിൽ അഹങ്കരിച്ചുകൊണ്ട് പിന്തിരിഞ്ഞു എന്നോ, അല്ലെങ്കിൽ അവനും അവന്റെ ആൾക്കാരും പിന്തിരിഞ്ഞ് എന്നോ താൽപര്യം. എല്ലാവരെയും വഴിപിഴപ്പിച്ചതിലുള്ള കാരണക്കാരൻ അവനാകകൊണ്ട് ഏറ്റവും വലിയ ആക്ഷേപാർഹൻ അവനാണല്ലോ.

وَفِي عَادٍ إِذْ أَرْسَلْنَا عَلَيْهِمُ ٱلرِّيحَ
ٱلْعَقِيمَ ﴿٤١﴾

﴾41﴿ ആദ്(ജനതയി)ലുമുണ്ട് (ദൃഷ്ടാന്തം). അതായത്, അവരിൽ വന്ധ്യയായ[ഒട്ടും ഗുണകരമല്ലാത്ത] കാറ്റിനെ അയച്ച സന്ദർഭം.

مَا تَذَرُ مِن شَيْءٍ أَتَتْ عَلَيْهِ إِلَّا
جَعَلَتْهُ كَٱلرَّمِيمِ ﴿٤٢﴾

﴾42﴿ അത് ഏതൊരു വസ്തുവിൽ ചെന്നെത്തിയോ അതിനെ (പഴകിദ്രവിച്ച) തുരുമ്പുപോലെ ആക്കാതെ അത് വിട്ടുകളഞ്ഞിരുന്നില്ല.

وَفِي ثَمُودَ إِذْ قِيلَ لَهُمْ تَمَتَّعُوا۟
حَتَّىٰ حِينٍ ﴿٤٣﴾

﴾43﴿ ഥമൂദ്(ജനതയി)ലുമുണ്ട് (ദൃഷ്ടാന്തം). അതായത്, ഒരു സമയംവരേക്ക് നിങ്ങൾ സുഖഭോഗമെടുത്തുകൊള്ളുവിൻ എന്ന് അവരോട് പറയപ്പെട്ട സന്ദർഭം.

فَعَتَوْا۟ عَنْ أَمْرِ رَبِّهِمْ فَأَخَذَتْهُمُ
ٱلصَّٰعِقَةُ وَهُمْ يَنظُرُونَ ﴿٤٤﴾

﴾44﴿ എന്നിട്ട് അവർ, തങ്ങളുടെ റബ്ബിന്റെ കൽപന വിട്ടേച്ച് ധിക്കരിച്ചു. അതിനാൽ, അവർ നോക്കിക്കൊണ്ടിരിക്കവെ അവരെ ഇടിത്തീ പിടികൂടി.

فَمَا ٱسْتَطَٰعُوا۟ مِن قِيَامٍ وَمَا كَانُوا۟
مُنتَصِرِينَ ﴿٤٥﴾

﴾45﴿ അപ്പോൾ അവർക്ക് എഴുന്നേൽക്കുവാൻ [രക്ഷപ്പെടുവാൻ] കഴിവുണ്ടായില്ല; അവർ (സ്വയം) രക്ഷാനടപടിയെടുക്കുന്നവരായതുമില്ല.

وَقَوْمَ نُوحٍ مِّن قَبْلُ ۖ إِنَّهُمْ كَانُوا۟
قَوْمًا فَٰسِقِينَ ﴿٤٦﴾

﴾46﴿ മുമ്പ് നൂഹിന്റെ ജനതയെയുംതന്നെ (നശിപ്പിക്കയുണ്ടായി). നിശ്ചയമായും അവർ ദുർന്നടപ്പുകാരായ ഒരു ജനതയായിരുന്നു.

﴾41﴿ وَفِي عَادٍ ആദിലുമുണ്ട് إِذْ أَرْسَلْنَا നാം അയച്ച സന്ദർഭം عَلَيْهِمُ അവരിൽ ٱلرِّيحَ കാറ്റിനെ ٱلْعَقِيمَ വന്ധ്യയായ (ഗുണകരമല്ലാത്ത, നാശകരമായ) ﴾42﴿ مَا تَذَرُ അത് വിട്ടിരുന്നില്ല مِن شَيْءٍ. ഒരു വസ്തുവെയും أَتَتْ അത് ചെന്നതായ عَلَيْهِ അതിൽ, അതിൻമേൽ إِلَّا جَعَلَتْهُ അതിനെ ആക്കാതെ كَٱلرَّمِيمِ തുരുമ്പ് (പഴകിദ്രവിച്ച വസ്തു)

പോലെ ﴾43﴿ وَفِي ثَمُودَ ഥമൂദിലുമുണ്ട് إِذْ قِيلَ لَهُمْ അവരോട് പറയപ്പെട്ട സന്ദർഭം تَمَتَّعُوا നിങ്ങൾ സുഖഭോഗമെടുക്കുവിൻ, സുഖിക്കുവിൻ حَتَّىٰ حِينٍ ഒരു സമയംവ രേക്ക് ﴾44﴿ فَعَتَوْا എന്നിട്ടവർ ധിക്കരിച്ചു, ഗർവ്വ് കാട്ടി وَهُمْ തങ്ങളുടെ عَنْ أَمْرِ رَبِّهِمْ റബ്ബിന്റെ കൽപനവിട്ട് فَأَخَذَتْهُمُ അതിനാൽ, (അപ്പോൾ) അവരെ പിടിച്ചു, പിടി കൂടി ٱلصَّٰعِقَةُ ഇടിത്തീ (ഘോരശബ്ദം) وَهُمْ അവർ يَنظُرُونَ നോക്കിക്കൊണ്ടിരിക്കെ, നോക്കുന്നുണ്ടായിരുന്നു ﴾45﴿ فَمَا ٱسْتَطَٰعُوا അപ്പോൾ അവർക്ക് കഴിവുണ്ടായില്ല എഴുന്നേൽക്കുന്നതിന് وَمَا كَانُوا അവരായതുമില്ല مُنتَصِرِينَ രക്ഷാനടപടി എടുക്കു ന്നവർ, സ്വയം രക്ഷപ്പെടുന്നവർ ﴾46﴿ وَقَوْمَ نُوحٍ നൂഹിന്റെ ജനതയും مِّن قَبْلُ മുമ്പ് إِنَّهُمْ كَانُوا നിശ്ചയമായും അവരായിരുന്നു قَوْمًا ഒരു ജനത فَٰسِقِينَ ദുർന്നടപ്പുകാ രായ, തോന്നിയവാസികളായ

ഹൂദ് നബി (അ)യുടെ ജനതയായ ആദ് ജനതക്ക് ബാധിച്ച ശിക്ഷ ഏഴുരാവും എട്ട് പകലും നീണ്ടുനിന്ന ഭയങ്കരകാറ്റായിരുന്നു. (69 : 7) അവരെ സംബന്ധിച്ചി ടത്തോളം ഒട്ടും ഗുണകരമല്ലാത്തതും, അങ്ങേഅറ്റം നാശകരവുമായിരുന്നതുകൊ ണ്ടാണ് ആ കാറ്റിനെപ്പറ്റി 'വന്ധ്യയായ കാറ്റ്'(الرِّيحُ العقيم) എന്ന് പറഞ്ഞത്. സ്വാലിഹ് നബി (അ)യുടെ ജനതയായ ഥമൂദ് ഗോത്രക്കാർക്ക് ദൃഷ്ടാന്തമായി നിശ്ചയിക്കപ്പെട്ടിരുന്ന ഒട്ടകത്തെ അവർ അറുത്തുകളഞ്ഞു. അതിനുശേഷം മൂന്ന് ദിവസത്തേക്ക് അവർക്ക് അവധികൊടുത്തു. അതിനെപ്പറ്റിയാണ് ഇവിടെ ഒരു സമയം വരേക്ക് (حَتى حين) എന്ന് പറഞ്ഞിരിക്കുന്നത്. ഇവർക്ക് ബാധിച്ച ശിക്ഷ യെപ്പറ്റി 11 : 67ൽ ഘോരശബ്ദം (الصَيحة) എന്നാണ് പറഞ്ഞിരിക്കുന്നത്. ഇടിത്തീ (الصاعقة) എന്ന് ഇവിടെ പറഞ്ഞിട്ടുള്ളതും അതിനെക്കുറിച്ചുതന്നെയാകുന്നു. ഈ രണ്ട് ജനതയെ സംബന്ധിച്ചും, നൂഹ് നബി (അ)യുടെ ജനതയെക്കുറിച്ചും ഇതി നുമുമ്പ് പലപ്പോഴും നാം വായിച്ചുകഴിഞ്ഞതാണ്.

വിഭാഗം- 3

وَٱلسَّمَآءَ بَنَيْنَٰهَا بِأَيْي۟دٍ وَإِنَّا لَمُوسِعُونَ ﴿٤٧﴾

﴾47﴿ ആകാശമാകട്ടെ, നാമ തിനെ (ശക്തിയും വൈദഗ്ദ്ധ്യവുമാ കുന്ന) കരങ്ങളാൽ സ്ഥാപിച്ചിരിക്കു ന്നു. നാം വിപുലമായ കഴിവുള്ളവർ തന്നെയാണ്താനും.

وَٱلۡأَرۡضَ فَرَشۡنَٰهَا فَنِعۡمَ ٱلۡمَٰهِدُونَ ﴿٤٨﴾

﴿48﴾ ഭൂമിയാകട്ടെ, നാമതിനെ (പരത്തി) വിരിച്ചിരിക്കുന്നു. അപ്പോൾ ആ (വിരിപ്പ്) വിതാനിച്ച വർ വളരെ നന്നായിട്ടുണ്ട്!

وَمِن كُلِّ شَيۡءٍ خَلَقۡنَا زَوۡجَيۡنِ لَعَلَّكُمۡ تَذَكَّرُونَ ﴿٤٩﴾

﴿49﴾ എല്ലാ വസ്തുക്കളിൽനിന്നും തന്നെ, രണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു; നിങ്ങൾ ഉറ്റാലോചിക്കുവാൻ വേണ്ടി.

فَفِرُّوٓاْ إِلَى ٱللَّهِۖ إِنِّي لَكُم مِّنۡهُ نَذِيرٞ مُّبِينٞ ﴿٥٠﴾

﴿50﴾ (പറയുക:) ആകയാൽ നിങ്ങൾ അല്ലാഹുവിങ്കലേക്ക് (അഭയാർത്ഥം) ഓടിച്ചെല്ലുവിൻ. നിശ്ചയമായും ഞാൻ, നിങ്ങൾക്ക് അവന്റെ അടുക്കൽനിന്ന് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു.

وَلَا تَجۡعَلُواْ مَعَ ٱللَّهِ إِلَٰهًا ءَاخَرَۖ إِنِّي لَكُم مِّنۡهُ نَذِيرٞ مُّبِينٞ ﴿٥١﴾

﴿51﴾ അല്ലാഹുവിനോടൊപ്പം മറ്റൊരു ആരാധ്യനെ നിങ്ങൾ ഏർപ്പെടുത്തുകയും ചെയ്യരുത്. നിശ്ചയമായും ഞാൻ നിങ്ങൾക്ക് അവന്റെ അടുക്കൽനിന്ന് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു.

﴿47﴾ وَٱلسَّمَآءَ ആകാശത്തെ بَنَيۡنَٰهَا നാമതിനെ സ്ഥാപിച്ചിരിക്കുന്നു بِأَيۡيْدٍ കരങ്ങ ളാൽ (ശക്തിയോടെ) وَإِنَّا നിശ്ചയമായും നാം لَمُوسِعُونَ (വിപുലമായ) കഴിവുള്ള വർ തന്നെ, വിശാലപ്പെടുത്തുന്ന **﴿48﴾** وَٱلۡأَرۡضَ ഭൂമിയെ فَرَشۡنَٰهَا നാമതിനെ വിരിച്ചു, വിരിപ്പാക്കി فَنِعۡمَ അപ്പോൾ വളരെ നന്നായിരിക്കുന്നു ٱلۡمَٰهِدُونَ വിതാനിച്ചവർ, (തൊട്ടിലാക്കി) സൗകര്യപ്പെടുത്തിയവർ **﴿49﴾** وَمِن كُلِّ شَيۡءٍ എല്ലാ വസ്തുക്കളിൽ നിന്നും خَلَقۡنَا നാം സൃഷ്ടിച്ചിരിക്കുന്നു زَوۡجَيۡنِ രണ്ട് ഇണകളെ لَعَلَّكُمۡ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تَذَكَّرُونَ ഉറ്റാലോചിക്കും, ഓർമിക്കും **﴿50﴾** فَفِرُّوٓاْ ആകയാൽ നിങ്ങൾ ഓടിച്ചെല്ലുക (അഭയം തേടുക) إِلَى ٱللَّهِ അല്ലാഹുവിങ്കലേക്ക് إِنِّي لَكُم നിശ്ചയമായും ഞാൻ നിങ്ങൾക്ക് مِّنۡهُ അവങ്കൽ നിന്ന് نَذِيرٞ مُّبِينٞ സ്പഷ്ടമായ താക്കീതുകാരനാണ് **﴿51﴾** وَلَا تَجۡعَلُوا നിങ്ങൾ ആക്കരുത്, ഏർപ്പെടുത്തരുത് مع اللهِ അല്ലാഹുവോടൊപ്പം, കൂടെ إلاهاً آخرَ വേറെ ആരാധ്യനെ إنِّي لكُمْ നിശ്ചയ

മായും ഞാൻ നിങ്ങൾക്ക് مِنْهُ അവങ്കൽനിന്ന് نَذِيرٌ مُبِينٌ സ്പഷ്ടമായ താക്കീതുകാരനാണ്.

കരംഅഥവാ കൈഎന്നർത്ഥമായ يَدٌ എന്ന പദത്തിന്റെ ബഹുവചനമാണ് أَيْدِي എന്ന വാക്ക്. ശക്തി, ഊക്ക്മുതലായ അർത്ഥങ്ങളിലും അത് ഉപയോഗിക്കാറുണ്ട്. വളരെ ശക്തിയോടും, നൈപുണ്യത്തോടും കൂടി അതിഭീമമായ ആകാശങ്ങളെ സ്ഥാപിച്ചത്, വളരെ സൗകര്യത്തോടെ വിഹരിക്കത്തക്കവണ്ണം ഭൂമിയെ പരത്തി വിതാനിച്ചതും, അവയിലെ വസ്തുക്കളെയെല്ലാം ഇണകളും തുണകളുമാക്കി സൃഷ്ടിച്ചതും ഓർമിപ്പിച്ചുകൊണ്ട് അവയുടെയെല്ലാം സ്രഷ്ടാവും കർത്താവുമായ അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങി അഭയം പ്രാപിക്കുവാനും അവനെമാത്രം ആരാധ്യനാക്കി സ്വീകരിക്കുവാനും അല്ലാഹു ആഹ്വാനം ചെയ്യുകയാണ്. ഈ ദൗത്യം നിർവ്വഹിക്കുവാനും, അതിനെ ധിക്കരിക്കുന്നവർക്ക് നേരിടുവാനിരിക്കുന്ന ഭവിഷ്യത്തുകളെപ്പറ്റി മുന്നറിയിപ്പ് നൽകുവാനും വേണ്ടി അവൻ നിയോഗിച്ചയച്ച താക്കീതുകാരനാണ് -റസൂലാണ്- നബി തിരുമേനിﷺ എന്ന് ആവർത്തിച്ചുണർത്തുകയും ചെയ്യുന്നു.

അല്ലാഹു ഏകനാണ്, അവന് ഇണയില്ല, തുണയില്ല, അവനെപ്പോലെ മറ്റൊന്നും ഇല്ല. സൃഷ്ടികളാകട്ടെ, എല്ലാം ഇണയും തുണയുമായിട്ടാണുള്ളത്. നോക്കുക; സൂര്യനും ചന്ദ്രനും, രാവും പകലും, നല്ലതും ചീത്തയും, ആകാശവും ഭൂമിയും, ചെറുതും വലുതും, ആണും പെണ്ണും, കാടനും നാടനും, കരയും കടലും, ജീവിതവും മരണവും, ഇഹവും പരവും, ... ഇങ്ങനെ ഒന്നിനൊന്ന് ഇണയും, ഒന്നിനൊന്ന് തുണയും ഇല്ലാത്തതില്ല. നിശ്ചയമായും ഉറ്റാലോചിക്കുന്നവർക്ക് ഇതിനെല്ലാം വളരെ ദൃഷ്ടാന്തങ്ങൾ അടങ്ങിയിട്ടുണ്ട്. നിശ്ചയം.

كَذَٰلِكَ مَآ أَتَى ٱلَّذِينَ مِن قَبْلِهِم مِّن رَّسُولٍ إِلَّا قَالُوا۟ سَاحِرٌ أَوْ مَجْنُونٌ ﴿٥٢﴾

﴾52﴿ അപ്രകാരം (തന്നെ) ഇവരുടെ മുമ്പുള്ളവർക്ക് ഒരു റസൂലും തന്നെ വരികയുണ്ടായില്ല (ഇവൻ) ഒരു ജാലവിദ്യക്കാരനാണ്, അല്ലെങ്കിൽ ഭ്രാന്തനാണ് എന്ന് പറയാതെ!

أَتَوَاصَوْا۟ بِهِۦ ۚ بَلْ هُمْ قَوْمٌ طَاغُونَ ﴿٥٣﴾

﴾53﴿ ഇതിനെപ്പറ്റി അവർ അന്യോന്യം വസ്വിയ്യത്ത് (അഥവാ സദുപദേശം) ചെയ്തിരിക്കുകയാണോ?! (ഇല്ല) എങ്കിലും അവർ അതിക്രമികളായ ജനങ്ങളാകുന്നു.

فَتَوَلَّ عَنْهُمْ فَمَآ أَنتَ بِمَلُومٍ ﴿٥٤﴾

﴿54﴾ ആകയാൽ, നീ അവരിൽനിന്ന് (തിരിഞ്ഞു) മാറിക്കൊള്ളുക. എന്നാൽ, നീ ആക്ഷേപിക്കപ്പെടുന്നവനല്ല.

وَذَكِّرْ فَإِنَّ ٱلذِّكْرَىٰ تَنفَعُ ٱلْمُؤْمِنِينَ ﴿٥٥﴾

﴿55﴾ (ഉപദേശം നൽകി) ഓർമിപ്പിക്കുകയും ചെയ്യുക. നിശ്ചയമായും ഓർമിപ്പിക്കൽ [ഉപദേശം] സത്യവിശ്വാസികൾക്ക് ഫലം ചെയ്യും.

﴿52﴾ كَذَٰلِكَ അതുപോലെ, അപ്രകാരം مَآ أَتَى ചെന്നിട്ടില്ല ٱلَّذِينَ مِن قَبْلِهِم അവരുടെ മുമ്പുള്ളവർക്ക് مِّن رَّسُولٍ ഒരു റസൂലും إِلَّا قَالُوا۟ അവർ പറയാതെ سَاحِرٌ ജാലവിദ്യക്കാരനാണ് أَوْ مَجْنُونٌ അല്ലെങ്കിൽ ഭ്രാന്തനാണ് (എന്ന്) ﴿53﴾ أَتَوَاصَوْا۟ അവരന്യോന്യം വസിയ്യത്ത് (ഉപദേശം, നിർദ്ദേശം) നൽകിയിരിക്കുന്നുവോ بِهِۦ ഇതിനെപ്പറ്റി بَلْ هُمْ എങ്കിലും അവർ قَوْمٌ ഒരു ജനതയാണ്, ജനങ്ങളാണ് طَاغُونَ അതിക്രമികളായ, ധിക്കാരികളായ ﴿54﴾ فَتَوَلَّ ആകയാൽ നീ തിരിഞ്ഞുപോരുക, വിട്ടുമാറുക عَنْهُمْ അവരിൽനിന്ന്, അവരെവിട്ട് فَمَآ أَنتَ എന്നാൽ നീ അല്ല بِمَلُومٍ ആക്ഷേപിക്കപ്പെട്ടവൻ ﴿55﴾ وَذَكِّرْ ഓർമിപ്പിക്കുക (ഉപദേശിക്കുക)യും ചെയ്യുക فَإِنَّ ٱلذِّكْرَىٰ നിശ്ചയമായും ഒർമിപ്പിക്കൽ, ഉപദേശം تَنفَعُ ഉപകരിക്കും, ഫലം ചെയ്യും ٱلْمُؤْمِنِينَ സത്യവിശ്വാസികൾക്ക്

സാരം: മേൽ ചൂണ്ടിക്കാട്ടിയ സമുദായങ്ങളെല്ലാം അവരവർക്ക് വന്നിരുന്ന റസൂലുകളെ നിഷേധിക്കാതെയും അവർ ജാലവിദ്യക്കാരാണെന്നും ഭ്രാന്തൻമാരാണെന്നും പറയാതെയും വിട്ടിട്ടില്ല. അതുപോലെ ഈ അവിശ്വാസികളും പറയുന്നുവെന്നേയുള്ളൂ. ഇവരുടെ ഐക്യരൂപം കണ്ടാൽ, ഓരോ സമുദായവും തങ്ങളുടെ പിൻഗാമികൾ അങ്ങനെ ചെയ്യാൻ വസിയ്യത്തും നിർദ്ദേശവും നൽകിയിട്ടുണ്ടെന്നുതോന്നും. പക്ഷേ, അതൊന്നുമില്ല. എല്ലാവരും ധിക്കാരികളും അതിക്രമികളുമാണെന്നുമാത്രം. അതുകൊണ്ടാണവർ ഉപദേശം ചെവിക്കൊള്ളാത്തത്. ആകയാൽ നീ അവരുടെ കാര്യത്തിൽ മനസ്സുമുട്ടി വിഷമിക്കേണ്ടതില്ല. അവരെ വിട്ടുമാറി നിന്നുകൊള്ളുക. എന്നാലും ഉപദേശം തുടർന്നുചെയ്തുകൊണ്ടിരിക്കണം. അവർക്കത് ഫലം ചെയ്തില്ലെങ്കിലും സത്യവിശ്വാസം സ്വീകരിച്ചവർക്കും, സ്വീകരിക്കുവാൻ സന്നദ്ധതയുള്ളവർക്കും ഫലം ചെയ്യുന്നതാണ്.

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾

﴿56﴾ ജിന്നിനെയും, മനുഷ്യനെയും അവർ എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.

مَآ أُرِيدُ مِنۡهُم مِّن رِّزۡقٖ وَمَآ أُرِيدُ أَن يُطۡعِمُونِ ﴿٥٧﴾ إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلۡقُوَّةِ ٱلۡمَتِينُ ﴿٥٨﴾

﴾57﴿ അവരിൽനിന്ന് യാതൊരു ഉപജീവനവും ഞാൻ ഉദ്ദേശിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകുവാനും ഞാൻ ഉദ്ദേശിക്കുന്നില്ല.

﴾58﴿ നിശ്ചയമായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവൻ, ശക്തിയുള്ളവൻ, ബലവത്തായുള്ളവൻ.

﴾56﴿ وَمَا خَلَقۡتُ ഞാൻ സൃഷ്ടിച്ചിട്ടില്ല ٱلۡجِنَّ ജിന്നിനെ (ഭൂതവർഗത്തെ) وَٱلۡإِنسَ ഇൻസിനെ (മനുഷ്യവർഗത്തെ)യും إِلَّا لِيَعۡبُدُونِ അവരെന്നെ ആരാധിക്കുവാനല്ലാതെ ﴾57﴿ مَآ أُرِيدُ ഞാൻ ഉദ്ദേശിക്കുന്നില്ല, ആവശ്യപ്പെടുന്നില്ല مِنۡهُم അവരിൽനിന്ന് مِّن رِّزۡقٖ ഒരു ഉപജീവനവും, ആഹാരവും وَمَآ أُرِيدُ ഞാൻ ഉദ്ദേശിക്കുന്നുമില്ല أَن يُطۡعِمُونِ അവരെനിക്ക് ഭക്ഷണം നൽകുവാൻ ﴾58﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു هُوَ അവൻ തന്നെ ٱلرَّزَّاقُ ഉപജീവനം (ആഹാരം) നൽകുന്നവൻ ذُو ٱلۡقُوَّةِ ശക്തിയുള്ളവൻ ٱلۡمَتِينُ ബലപ്പെട്ടവൻ, ബലവത്തായവൻ

ഈ ലോകത്ത് അല്ലാഹു കണക്കറ്റ വസ്തുക്കളെ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ ജീവവസ്തുക്കളും അല്ലാത്തവയും ഉൾപ്പെടുന്നു. ഓരോന്നിന്റെ അസ്തിത്വത്തിനും, നിലനിൽപ്പിനും ആവശ്യമായ ചില പ്രകൃതിനിയമങ്ങളും അവൻതന്നെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. ജീവവർഗങ്ങളിൽ ബുദ്ധിജീവികളായ രണ്ട് വർഗമാണ് ജിന്ന്എന്ന ഭൂതവർഗവും, ഇൻസ്എന്ന മനുഷ്യവർഗവും. അവരും അവരുടേതായ ചില പ്രകൃതിനിയമങ്ങൾക്ക് വിധേയർ തന്നെ. ആ നിയമങ്ങളെ അതിലംഘിക്കുവാൻ അവർക്കും സാധ്യമല്ല. പക്ഷേ, നല്ലതും ചീത്തയും തിരിച്ചറിയുവാനുള്ള വിശേഷബുദ്ധി (الْعَقْل)യും, വേണ്ടത് തിരഞ്ഞെടുക്കുവാനുള്ള ഇച്ഛാസ്വാതന്ത്ര്യ(الإِخْتِيَار)വും അവരുടെ സവിശേഷതയാണ്. ബുദ്ധിയുടെ പോരായ്മയും, സ്വാതന്ത്ര്യത്തിൽ വരുന്ന പാകപ്പിഴവുകളും പരിഹരിക്കുന്നതിനായി, നന്മയുടെ മാർഗം ഇന്നതാണെന്നും, തിന്മയുടെ മാർഗം ഇന്നതാണെന്നും പ്രവാചകൻമാർ മുഖേന അവർക്ക് അല്ലാഹു വിവരിച്ചുകൊടുത്തിട്ടുമുണ്ട്. ഇക്കാരണത്താൽ, അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്ക് ഇതരജീവികളെപ്പോലെതന്നെ വിധേയരാകുവാൻ നിർബന്ധിതരാണെന്നുള്ളതിന് പുറമെ, പ്രവാചകൻമാർ മുഖേനയുള്ള നിയമനിർദ്ദേശങ്ങൾക്ക് കൂടി വിധേയരാകുവാൻ ജിന്നും മനുഷ്യനും ബാധ്യസ്ഥരായിത്തീരുന്നു.

മനുഷ്യനും ജിന്നും ഇതരജീവികൾക്കില്ലാത്ത പ്രകൃതി സ്വഭാവത്തോടുകൂടിയവയായതുകൊണ്ട് അവയിൽനിന്നൊന്നും ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരു ലക്ഷ്യം ആ രണ്ടുകൂട്ടരുടേയും സൃഷ്ടിപ്പിൽ അല്ലാഹു ഉദ്ദേശിച്ചിരിക്കണമല്ലൊ. ആ ലക്ഷ്യമാണ് 56 -ാം വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നത്. അതെ ജിന്നിനെയും ഇൻസിനെയും അവൻ സൃഷ്ടിച്ചിരിക്കുന്നത് അവർ അവന് ആരാധന (ഇബാദത്ത്) ചെയ്യാൻ വേണ്ടിയല്ലാതെ മറ്റൊന്നിനുമല്ല. ഇതല്ലാതെ, അവരിൽനിന്ന് ആഹാരമോ മറ്റുവല്ല കാര്യമോ അവൻ ഉദ്ദേശിക്കുന്നില്ല, അതിന് അവന് ആവശ്യവുമില്ല എന്ന് തുടർന്നുള്ള വചനങ്ങളിൽ എടുത്തുപറയുകയും ചെയ്തിരിക്കുന്നു. സൂറത്ത് ഇബ്റാഹീം 8 ൽ അല്ലാഹു പറയുന്നു: ان تكفروا انتم ومن في الأرض جميعا فإن الله لغني حميد – ابراهيم (നിങ്ങളും ഭൂമിയിലുള്ളവർ മുഴുവനും അവിശ്വസിക്കുന്നതായാലും നിശ്ചയമായും അല്ലാഹു ധന്യനും സ്തുത്യർഹനും തന്നെയാകുന്നു.)

ഇബാദത്ത്(العبادة) എന്നാൽ അങ്ങേഅറ്റം താഴ്മയും ഭക്തിയും പ്രകടമാക്കുക (اظهار غاية التذلل والخشوع) എന്നത്രെ. ഈ അർത്ഥം ഉദ്ദേശിച്ചാണ് നാം -മുസ്ലിംകൾ- ഇബാദത്ത്എന്ന അറബിവാക്കും ആരാധനഎന്ന മലയാള വാക്കും സാധാരണ ഉപയോഗിച്ച് വരുന്നതും. ക്വുർആന്റെ പ്രത്യേക നിഘണ്ടുവായ അൽമുഫ്റദാത്തിൽ ഇമാംറാഗിബ് (റ) പ്രസ്താവിച്ചിട്ടുള്ള ചിലവരികൾ ഇവിടെ അറിയുന്നത് നന്നായിരിക്കും. അദ്ദേഹം പറയുന്നു: العبودية (അതേ ധാതുവിന്റെ മറ്റൊരു രൂപമായ ഉബൂദിയ്യത്ത്) എന്നാൽ താഴ്മ പ്രകടമാക്കുക (اظهار التذلل) എന്നാണ്. അതിനെക്കാൾ അർത്ഥവത്തായതാണ് العبادة (ഇബാദത്ത് എന്ന രൂപം). കാരണം, അത് അങ്ങേഅറ്റത്തെ താഴ്മ പ്രകടിപ്പിക്കൽ (غاية التذلل) ആകുന്നു. അങ്ങേഅറ്റത്തെ അനുഗ്രഹങ്ങൾ ചെയ്യുന്ന ആളേ അതിന് അവകാശപ്പെടുകയുമുള്ളൂ. ഇതാകട്ടെ, അല്ലാഹുവാണ്താനും. അതുകൊണ്ടാണ് അവനല്ലാതെ ഇബാദത്ത് ചെയ്യരുതെന്ന് പറഞ്ഞിരിക്കുന്നത്. ഇബാദത്ത് രണ്ടുതരം ഉണ്ട്. ഒന്ന്: കീഴ്പെടുത്തൽ (പ്രകൃതി നിയമങ്ങൾക്ക് വിധേയരായിരിക്കൽ) മുഖേനയുള്ള ഇബാദത്ത് (عبادة بالتسخير) ഇതിനെപ്പറ്റി സുജൂദിന്റെ വിവരണത്തിൽ നാം പ്രസ്താവിച്ചിരിക്കുന്നു. (ഈ ഇബാദത്ത് മനുഷ്യർക്ക് മാത്രമുള്ളതല്ല, എല്ലാ ജീവികൾക്കും, നിർജ്ജീവ വസ്തുക്കൾക്കും പൊതുവെ ഉള്ളതാണ് എന്നാണ് അവിടെ പ്രസ്താവിച്ചിരിക്കുന്നത്.) മറ്റൊന്ന്: സ്വേച്ഛ പ്രകാരം ഉണ്ടാകുന്ന ഇബാദത്ത് (عبادة بالإختيار) ഇത് ബുദ്ധിജീവികളാരോ അവർക്കുള്ളതാണ്. നിങ്ങളുടെ റബ്ബിന് ഇബാദത്ത് ചെയ്യുവിൻഎന്നും, അല്ലാഹുവിന് ഇബാദത്ത് ചെയ്യണംഎന്നും (اعبدوا ربكم ، واعبدوا الله) മറ്റുമുള്ള വാക്യങ്ങളിൽ ഈ ഇബാദത്തിനാണ് കൽപിച്ചിരിക്കുന്നത്. (المفردات)

ഈ ഉദ്ധരണിയുടെ വെളിച്ചത്തിൽ ചില സംഗതികൾ നമുക്ക് ഇവിടെ മനസ്സിലാക്കാം:

1) ഉബൂദിയ്യത്തും (الْعُبُودِيَّة) ഇബാദത്തും (الْعِبَادَة) ഒന്നല്ല. രണ്ടും രണ്ടാണ്.

2) ഇബാദത്തിൽ രണ്ട് വിഭാഗമുണ്ട്. പ്രകൃതി നിയമങ്ങൾക്ക് വിധേയരായിരിക്കുക എന്ന അർത്ഥത്തിലുള്ളതും, എല്ലാ സൃഷ്ടികളും പൊതുവിൽ സ്വയം അംഗീകരിക്കുവാൻ നിർബന്ധിതമായിട്ടുള്ളതുമാണ് ഒന്ന്.

3) ബുദ്ധിജീവികളിൽ നിന്ന് അവരുടെ ഇച്ഛപ്രകാരം ഉണ്ടായിത്തീരേണ്ടുന്നതും, അങ്ങേഅറ്റം താഴ്മയും ഭക്തിയും പ്രകടിപ്പിക്കുന്ന തരത്തിലുള്ളതുമാണ്. മറ്റൊന്ന്

4) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണപൂർവ്വമോ നിർബന്ധപൂർവ്വമോ അല്ലാഹുവിന് സാഷ്ടാംഗ നമസ്കാരം ചെയ്യുന്നു ولله يسجد من في السموات والأرض طوعا وكرها الخ–الرعد:١٥ എന്ന ക്വുർആൻ വാക്യം ആദ്യം പറഞ്ഞ (കീഴ്പെടുത്തൽ കൊണ്ടുള്ള) ഇബാദത്താണ് ചൂണ്ടിക്കാട്ടുന്നത്.

5) ഈ സൂറത്തിലെ 56 -ാം വചനത്തിലും അല്ലാഹുവിന് ഇബാദത്ത് ചെയ്യാൻ കൽപിക്കുന്ന മറ്റ് വചനങ്ങളിലും ഉദ്ദേശിക്കപ്പെടുന്ന ഇബാദത്ത് രണ്ടാമത് പറഞ്ഞ (ഇച്ഛയനുസരിച്ച് ചെയ്യുന്ന) ഇബാദത്തുമാകുന്നു.

ഉബൂദിയ്യത്തിന് അടിമത്തംഎന്നും, ആദ്യത്തെ വിഭാഗം ഇബാദത്തിന് കീഴ്പെടുകഎന്നും, രണ്ടാമത്തെ വിഭാഗം ഇബാദത്തിന് ആരാധനഎന്നുമാണ് വിവർത്തനം നൽകപ്പെടാറുള്ളതും, പൊതുവിൽ അംഗീകരിക്കപ്പെട്ടുവരുന്നതും. എന്നാൽ, ആരാധനയാകുന്ന ഇബാദത്തിനും ചിലർ, അടിമത്വം, കീഴ്പെടൽ, അനുസരിക്കൽ എന്നൊക്കെ അർത്ഥം നൽകിക്കാണാറുണ്ട്. ഭാഷാപരമായി മാത്രം നോക്കുമ്പോൾ ഇത് തെറ്റാണെന്ന് സ്ഥാപിക്കുവാൻ പ്രയാസമുണ്ടെങ്കിലും, അത് ക്വുർആന്റെയും ഇസ്ലാമിക പ്രമാണങ്ങളുടെയും താൽപര്യങ്ങൾക്ക് നിരക്കാത്തതാണെന്നുള്ളതിൽ സംശയമില്ല. ഈ വസ്തുത മനസ്സിരുത്താതെയോ അറിയാതെയോ ആണ് പലരും ഇങ്ങനെയുള്ള അർത്ഥങ്ങൾ ഇബാദത്തിന് കൽപിക്കാറുള്ളതെങ്കിലും മറ്റ് ചിലർ തങ്ങളുടെ ആശയങ്ങൾ സാധിക്കുവാനുള്ള മാർഗമെന്ന നിലക്കായിരിക്കും അത് സ്വീകരിക്കുന്നത്. (ഇബാദത്തിന്റെ അർത്ഥങ്ങളെക്കുറിച്ച് സൂ: ഫാത്തിഹഃയുടെ വ്യാഖ്യാനത്തിലും മറ്റും നാം വിശദമായി വിവരിച്ചിട്ടുണ്ട്.

ആരാധനയാകുന്ന ഇബാദത്ത് അല്ലാഹുവിന് മാത്രമേ പാടുള്ളൂ. ഇതാണ് ക്വുർആൻ അടിക്കടി പ്രതിപാദിച്ചുകൊണ്ടിരിക്കുന്ന തൗഹീദ്. അല്ലാഹുവിലുള്ള ശരിയായ വിശ്വാസവും, അവനെക്കുറിച്ചുള്ള അറിവും, അവനോടുള്ള ഭക്തിയും കൂടാതെ ഇബാദത്ത് സാക്ഷാൽകരിക്കപ്പെടുന്നതുമല്ല. അതുകൊണ്ടാണ് 56 -ാം

വചനത്തിൽ ليعبدون (അവർ എന്നെ ആരാധിക്കുവാൻ വേണ്ടി) എന്ന വാക്കിന് ചില മുഫസ്സിറുകൾ ليعرفون (എന്നെ അറിയുവാൻ വേണ്ടി) എന്നും വേറെ ചിലർ ليوحدوني (എന്നെ മാത്രം ആരാധിക്കുവാൻ എന്നും, മറ്റു ചിലർ ليخضعوالي (എനിക്ക് താഴ്മ ചെയ്യാൻ) എന്നുമൊക്കെ വ്യാഖ്യാനം കൊടുത്ത് കാണുന്നത് ഇതൊന്നും ഇബാദത്തിന്റെ അർത്ഥത്തിലുള്ള അഭിപ്രായവ്യത്യാസമോ ഭിന്നിപ്പോ അല്ല. മേൽവിവരിച്ച രണ്ടുതരം ഇബാദത്തും ഉൾക്കൊള്ളുന്നതാണ് ആ വാക്ക് എന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ച് കാണുമെങ്കിലും അതിന് ന്യായീകരണം കാണുന്നില്ല. കാരണം, ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചത് എന്തിനുവേണ്ടിയാണെന്നാണല്ലോ ഇവിടെ അല്ലാഹു പ്രസ്താവിക്കുന്നത്. മറ്റ് വസ്തുക്കളെ പ്പറ്റി ഇവിടെ പറയാത്ത സ്ഥിതിക്ക് അവരെ രണ്ട് കൂട്ടരെയും സൃഷ്ടിച്ചതിൽ അടങ്ങിയ പ്രത്യേക ഉദ്ദേശ്യം എന്താണെന്ന് മാത്രം വിവരിക്കേണ്ട സന്ദർഭമാണിത്. അതാകട്ടെ, ആരാധനയുമാകുന്നു.

فَإِنَّ لِلَّذِينَ ظَلَمُوا۟ ذَنُوبًا مِّثْلَ ذَنُوبِ أَصْحَـٰبِهِمْ فَلَا يَسْتَعْجِلُونِ ﴿٥٩﴾

﴾59﴿ എന്നാൽ, അക്രമം പ്രവർത്തിച്ചവർക്ക് നിശ്ചയമായും തങ്ങളുടെ കൂട്ടാളികളുടെ വിഹിതം പോലെയുള്ള വിഹിതം ഉണ്ട്. അതിനാൽ, എന്നോടവർ ധൃതികൂട്ടാതിരിക്കട്ടെ!

فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِن يَوْمِهِمُ ٱلَّذِى يُوعَدُونَ ﴿٦٠﴾

﴾60﴿ അപ്പോൾ, അവിശ്വസിച്ചവർക്ക് തങ്ങളോട് വാഗ്ദത്തം (അഥവാ താക്കീത്) ചെയ്യപ്പെടുന്ന (ആ) ദിവസം നിമിത്തം നാശം!

﴾59﴿ فَإِنَّ لِلَّذِينَ എന്നാൽ നിശ്ചയമായും യാതൊരു കൂട്ടർക്കുണ്ട് ظَلَمُوا۟ അക്രമം ചെയ്ത ذَنُوبًا വെള്ളപാത്രം, കൊട്ടക്കോരി (പങ്ക്, വിഹിതം) مِّثْلَ ذَنُوبِ വെള്ള പാത്രം (വിഹിതം) പോലെ أَصْحَـٰبِهِمْ അവരുടെ ആൾക്കാരുടെ (കൂട്ടാളികളുടെ) فَلَا يَسْتَعْجِلُونِ അതിനാൽ അവർ എന്നോട് ധൃതി കൂട്ടാതിരിക്കട്ടെ ﴾60﴿ فَوَيْلٌ അപ്പോൾ നാശം, കഷ്ടം لِّلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർക്ക് مِن يَوْمِهِمُ അവരുടെ ദിവസം നിമിത്തം, ദിവസത്താൽ ٱلَّذِى يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്നതായ

ഇവരുടെ മുമ്പ് ഇവരെപ്പോലെ അക്രമികളായിരുന്ന പല ജനതയെക്കുറിച്ചും, അവർക്ക് ബാധിച്ചതും ബാധിക്കുവാനിരിക്കുന്നതുമായ ശിക്ഷകളെക്കുറിച്ചും മുമ്പ് പ്രസ്താവിച്ചുവല്ലോ. അവർക്ക് ലഭിച്ച ശിക്ഷയിൽ ഒട്ടും കുറയാത്ത പങ്ക് ഈ അക്രമികൾക്കും ലഭിക്കാതിരിക്കുകയില്ല. അതിന് ധൃതികൂട്ടി പരിഹസിക്കുന്നത് അവർക്ക് അത്രനന്നല്ല. അവരോട് വാഗ്ദത്തം ചെയ്യപ്പെട്ട ആ ദിവ

സം– കിയാമത്തുനാൾ– വരുമ്പോഴായിരിക്കും അവിശ്വാസികളുടെ ഏറ്റവും വമ്പിച്ച നാശം എന്ന് സാരം.

വലിയ വെള്ളപ്പാത്രം (ബക്കറ്റ്) എന്നാണ് ذنوب എന്ന വാക്കിന്റെ ഭാഷാർത്ഥം. കിണറുകളിൽ വെള്ളം കുറയുമ്പോൾ അറബികൾ പ്രസ്തുത പാത്രങ്ങൾകൊണ്ട് ഓരോരുത്തർക്ക് ഇത്രപാത്രം എന്ന് വിഹിതം ചെയ്യാറുണ്ടായിരുന്നു. ക്രമേണ ആ വാക്കിന് വിഹിതം, അല്ലെങ്കിൽ ഓഹരി എന്ന് അർത്ഥം കല്പിക്കപ്പെട്ടുവന്നു.

اللهم لك الحمد ولك المنة والفضل

سورة الطور

52. സൂറതുത്ത്വൂർ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 49 - വിഭാഗം (റുകൂഉ്)2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلطُّورِ ﴿١﴾

(1)(ആ) പർവ്വതം തന്നെയാണ (സത്യം)!

وَكِتَٰبٖ مَّسۡطُورٖ ﴿٢﴾

(2) വരിയായി (ക്രമീകരിച്ചു) എഴുതപ്പെട്ട ഗ്രന്ഥം തന്നെയാണ (സത്യം)!

فِي رَقّٖ مَّنشُورٖ ﴿٣﴾

(3) (അതെ, തുറന്നു) വിരുത്തിവെക്കപ്പെട്ട തോലിൽ (എഴുതപ്പെട്ട ഗ്രന്ഥം).

وَٱلۡبَيۡتِ ٱلۡمَعۡمُورِ ﴿٤﴾

(4) (നിത്യം) ആൾപെരുമാറ്റമുള്ള മന്ദിരം തന്നെയാണ (സത്യം)!

وَٱلسَّقۡفِ ٱلۡمَرۡفُوعِ ﴿٥﴾

(5) ഉയർത്തപ്പെട്ട മേൽപ്പുര തന്നെയാണ (സത്യം)!

وَٱلۡبَحۡرِ ٱلۡمَسۡجُورِ ﴿٦﴾

(6) നിറഞ്ഞ (മഹാ) സമുദ്രം തന്നെയാണ (സത്യം)!

إِنَّ عَذَابَ رَبِّكَ لَوَٰقِعٞ ﴿٧﴾

(7) നിശ്ചയമായും, നിന്റെ റബ്ബിന്റെ ശിക്ഷ സംഭവിക്കുന്നത് തന്നെ.

مَّا لَهُۥ مِن دَافِعٖ ﴿٨﴾

(8) അതിന് യാതൊരു തടവുമില്ല.

﴾1﴿ وَٱلطُّور പർവ്വതം തന്നെയാണ ﴾2﴿ وَكِتَٰب ഗ്രന്ഥവും തന്നെയാണ مَّسْطُور
വരിയാക്കപ്പെട്ട, എഴുതപ്പെട്ട, ക്രമപ്പെടുത്തപ്പെട്ട ﴾3﴿ فِى رَقٍّ തോലിൽ, താളിൽ
مَّنشُور വിരുത്തപ്പെട്ട, തുറക്കപ്പെട്ട ﴾4﴿ وَٱلْبَيْت മന്ദിരവും (വീടും) തന്നെയാണ
ٱلْمَعْمُور പെരുമാറപ്പെടുന്ന (നിത്യോപയോഗമുള്ള) ﴾5﴿ وَٱلسَّقْفِ മേൽപുരയുമാണ
ٱلْمَرْفُوعِ ഉയർത്തപ്പെട്ട ﴾6﴿ وَٱلْبَحْرِ സമുദ്രവുമാണ ٱلْمَسْجُور നിറക്കപ്പെട്ട (നിറഞ്ഞ),
ജ്വലിപ്പിക്കപ്പെട്ട ﴾7﴿ إِنَّ عَذَابَ നിശ്ചയമായും ശിക്ഷ رَبِّكَ നിന്റെ റബ്ബിന്റെ لَوَٰقِعٌ
സംഭവിക്കുന്ന (ഉണ്ടാകുന്ന)തു തന്നെ ﴾8﴿ مَّا لَهُۥ അതിന്നില്ല مِن دَافِعٍ തടുക്കുന്ന
(തടയുന്ന) ഒന്നും (ഒരു തടവും)

സത്യനിഷേധികൾക്ക് വമ്പിച്ച ശിക്ഷ അനുഭവപ്പെടുമെന്നും, അത് തടുക്കുവാൻ യാതൊരു മാർഗേണയും സാധ്യമല്ലെന്നും അല്ലാഹു അഞ്ചു വസ്തുക്കളാൽ ആണയിട്ട് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ആ അഞ്ച് സത്യവാചകങ്ങളിൽ ചിലത് ചരിത്ര പ്രധാനമായ ചില സംഭവങ്ങളെയും, മറ്റു ചിലത് മഹത്തായ ചില പ്രകൃതി ദൃഷ്ടാന്തങ്ങളെയും കുറിക്കുന്നവയാണ്.

1 -ാമത്തെ സത്യം പർവ്വതത്തെക്കൊണ്ടാകുന്നു. طُور (ത്വൂർ) എന്നാൽ പർവ്വതം എന്ന് വാക്കർത്ഥം. الطُّور (അത്ത്വൂർ) എന്ന് പറയുമ്പോൾ അത് ഒരു പ്രത്യേക പർവ്വതത്തെ ഉദ്ദേശിച്ചാണെന്ന് വരുന്നു. അതായത്, മൂസാ നബി (അ)ക്ക് പ്രവാചകത്വം സിദ്ധിച്ചതും, തൗറാത്ത് ലഭിച്ചതുമായ ആ പ്രസിദ്ധ സീനാപർവ്വതം (طور سيناء) ചരിത്രപ്രധാനമായ നിരവധി സംഭവങ്ങൾക്ക് സാക്ഷ്യംവഹിച്ച ഒരു പർവ്വതമാണതെന്ന് പറയേണ്ടതില്ല. ഈ പർവ്വതത്തെ ഉദ്ദേശിച്ച് الطُّور എന്നും പറയുക പതിവാണ്. ഇതേ വാക്കുതന്നെ പൊതുവിൽ മറ്റു പർവ്വതങ്ങൾക്കും പറയാവുന്നതുമാകുന്നു. ഇവിടെയും ഉദ്ദേശ്യം അങ്ങനെ ആയിക്കൂടാ എന്നില്ല. **والله اعلم**. 2 -ാമത്തെ സത്യം തുറന്നുവിരുത്തിവെക്കപ്പെട്ട തോലിൽ ഭംഗിയിൽ വരിവരിയായി ക്രമീകരിച്ചെഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥം (كِتَاب مَسْطُور) കൊണ്ടാകുന്നു. ഇത് തൗറാത്തിനെ, അല്ലെങ്കിൽ ക്വുർആനും തൗറാത്തും ഉൾപ്പെടെയുള്ള വേദഗ്രന്ഥങ്ങളെ സൂചിപ്പിക്കുന്നു. നേരിയ തോൽക്കഷ്ണങ്ങളായിരുന്നു മുൻകാലത്ത് എഴുതുവാൻ ഉപയോഗിച്ചിരുന്ന ഒരു പ്രധാന ഉപകരണം എന്നുള്ളത് ഇവിടെ സ്മരണീയമാണ്. തുറന്നു വിരുത്തപ്പെട്ടതെന്ന വിശേഷണം, ആ ഗ്രന്ഥം ജനമദ്ധ്യെ പരസ്യമാക്കപ്പെടുന്നതും പാരായണം ചെയ്യപ്പെടുന്നതുമാണെന്നും ധ്വനിപ്പിക്കുന്നു.

3 -ാമത്തെ സത്യം, നിത്യം പെരുമാറപ്പെടുന്നതും, ഉപയോഗിക്കപ്പെട്ടുവരുന്നതുമായ മന്ദിരം (بَيْت الْمَعْمُور) കൊണ്ടാണ്. ഇത് വിശുദ്ധ കഅ്ബഃയെ കുറിക്കുന്നു. അനേകം ആളുകൾ നിത്യവും ത്വവാഫ് (പ്രദക്ഷിണം), നമസ്കാരം തുടങ്ങിയ ആരാധനാകർമങ്ങൾക്കായി ആ ഭവനത്തിങ്കൽ വന്നുപോയിക്കൊണ്ടിരിക്കുകയാ

ണല്ലോ. അതിന്റെ സ്ഥാപനകാലം മുതല്‍ ഇന്നോളം ഏറ്റക്കുറവോടെയാണെങ്കിലും ആ നില തുടര്‍ന്നുകൊണ്ടേ ഇരിക്കുന്നു. ഇതേ (بَيْت الْمَعْمُور) എന്ന പേരില്‍, മലക്കുകളാല്‍ നിത്യവും ആരാധന നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു മന്ദിരം ആകാശത്ത് സ്ഥിതിചെയ്യുന്നതായി പല നബി വചനങ്ങളിലും വന്നിട്ടുണ്ട്. അതാണ് ഇവിടെയും ഉദ്ദേശ്യമെന്നും പല മഹാന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. മിഅ്റാജിന്റെ പ്രസിദ്ധമായ ഹദീഥില്‍, ഏഴാം ആകാശത്തുവെച്ചുണ്ടായ സംഭവങ്ങളെപ്പറ്റി വിവരിക്കുന്ന മദ്ധ്യെ നബി ﷺ ഇപ്രകാരം പ്രസ്താവിക്കുന്നു: ثم رفع بي إلى بَيْت الْمَعْمُور واذا هو يدخله كل يوم سبعون الفا لا يعودون إليه – متفق عليه (പിന്നീട് എന്നെ ബൈത്തുല്‍- മഅ്മൂറിലേക്ക് ഉയര്‍ത്തപ്പെട്ടു. നോക്കുമ്പോള്‍, അതില്‍ ദിനംപ്രതി എഴുപതിനായിരം മലക്കുകള്‍ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. പിന്നീടവര്‍ അതിലേക്ക് മടങ്ങി വരുന്നതല്ല. (ബു; മു.)

4 -ാമത്തെ സത്യം, ഉയര്‍ത്തപ്പെട്ട മേല്‍പുര (السَّقْف الْمَرْفُوع) കൊണ്ടാണ്. ഇത് ആകാശത്തെയാണ് കുറിക്കുന്നത്. ആകാശത്തെപ്പറ്റി (21 : 32ല്‍) സൂക്ഷിക്കപ്പെട്ട മേല്‍പുര (سقفا محفوظا) എന്ന് ക്വുര്‍ആന്‍ പ്രസ്താവിച്ചിട്ടുള്ളതാണ്.

5 -ാമത്തേത്, നിറക്കപ്പെട്ട- അഥവാ നിറഞ്ഞുനില്‍ക്കുന്ന -സമുദ്രം (الْبَحْر الْمَسْجُور) കൊണ്ടാകുന്നു. ജലം, തിരമാല, മത്സ്യം മുതലായ ജന്തുക്കള്‍ തുടങ്ങി പലതും നിറഞ്ഞു നില്ക്കുന്നതാണല്ലോ മഹാ സമുദ്രങ്ങള്‍. തീയിനാല്‍ നിറക്കപ്പെട്ടത് എന്നും ഈ വാക്കിന് അര്‍ത്ഥം കല്‍പിക്കപ്പെട്ടിരിക്കുന്നു. വിറകുനിറച്ചു കത്തിക്കപ്പെടുന്നത്, ജ്വലിപ്പിക്കപ്പെട്ടത് എന്നൊക്കെ الْمَسْجُور എന്ന വാക്കിന് ഭാഷയില്‍ അര്‍ത്ഥമുണ്ട് താനും. അന്ത്യനാളിലെ സംഭവ വികാസങ്ങളില്‍ സമുദ്രത്തിനുണ്ടാകുന്ന സ്ഥിതി മാറ്റത്തെയാണ് അത് സൂചിപ്പിക്കുന്നതെന്നും പറയപ്പെടുന്നു. ഭൂരിഭാഗം വ്യാഖ്യാതാക്കളുടെയും അഭിപ്രായം ആദ്യം പറഞ്ഞതാകുന്നു. الله اعلم ഭൂഗോളത്തിന്റെ അന്തര്‍ഭാഗം മുഴുവനും അത്യുഷ്ണമായ ദ്രാവകമായിട്ടാണിരിക്കുന്നതെന്നും, അതിന്റെ ബഹിര്‍ഭാഗം മാത്രമേ ഉറച്ചു കട്ടിയായിട്ടുള്ളുവെന്നും, അഗ്നിപര്‍വ്വതങ്ങള്‍ ക്ഷോഭിക്കുമ്പോള്‍ പുറത്തുവരുന്ന ലാവ പ്രസ്തുത ദ്രാവകത്തില്‍നിന്നുള്ളതാണെന്നുമാണ് ഭൂഗര്‍ഭ ശാസ്ത്ര*ജ്ഞന്‍മാരുടെ അഭിപ്രായം. ഭൂമിയുടെ ഉള്‍ഭാഗത്ത് നിറഞ്ഞുനില്‍ക്കുന്ന ഈ ദ്രാവക സമുദ്രമാണ് ഇവിടെ ഉദ്ദേശ്യമെന്നും ചില ആധുനിക വ്യാഖ്യാതാക്കള്‍ പറഞ്ഞു കാണുന്നു. പക്ഷേ, ഈ അടുത്ത കാലത്ത്മാത്രം അറിയപ്പെട്ട ഈ തത്വത്തിന്റെ അടിസ്ഥാനത്തില്‍ ആ വാക്കിന് അര്‍ത്ഥം കല്പിക്കപ്പെടുന്നത് ഉചിതമായിരിക്കയില്ല. ക്വുര്‍ആന്റെ അവതരണകാലത്തുള്ളവര്‍ക്ക് അര്‍ത്ഥം മനസ്സിലാക്കുവാന്‍ കഴിയാത്ത വാക്കുകള്‍ അതില്‍ ഉണ്ടായിരിക്കുമെന്ന് പറയുന്നത് യുക്തമല്ലല്ലോ.

** ഭൂമിയുടെ അന്തര്‍ഭാഗത്തെ സ്ഥിതിഗതികളെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രം. (Geology)*

ഗൗരവമേറിയ പ്രസ്തുത സത്യവാചകങ്ങളിൽ ആണയിട്ടുകൊണ്ട് അല്ലാഹു അവന്റെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യുകയും, അതിൽനിന്ന് സത്യവിശ്വാസവും സൽക്കർമവും വഴി രക്ഷനേടുവാൻ ആഹ്വാനം ചെയ്യുകയുമാണ് ചെയ്യുന്നത്. പാറപോലെ കട്ടിപിടിച്ചിട്ടില്ലാത്ത ഹൃദയങ്ങളിലേക്ക് തുളച്ചു ചെല്ലത്തക്ക വാക്യങ്ങളാണവ. ഈ ക്വുർആൻ വചനങ്ങൾ ഓതിക്കേട്ട അവസരത്തിൽ ഉമർ (റ) അതിന്റെ ഗൗരവം ഓർത്ത് പരവശനാകുകയും, കുറെ നാളുകളോളം ക്ഷീണിതനായിരിക്കുകയും ഉണ്ടായതായി നിവേദനങ്ങൾ വന്നിട്ടുണ്ട്. താക്കീത് ചെയ്യപ്പെടുന്ന ആ ശിക്ഷ എപ്പോഴായിരിക്കുമെന്ന് അടുത്ത വചനത്തിൽ പറയുന്നു:-

يَوْمَ تَمُورُ ٱلسَّمَآءُ مَوْرًا ﴿٩﴾

﴾9﴿ ആകാശം ഒരു (ശക്തിയായ) പ്രകമ്പനം പ്രകമ്പിക്കുന്ന ദിവസം!-

وَتَسِيرُ ٱلْجِبَالُ سَيْرًا ﴿١٠﴾

﴾10﴿ മലകൾ ഒരു (ശക്തിയായ) സഞ്ചാരം സഞ്ചരിക്കുകയും ചെയ്യുന്ന (ദിവസം)! [അന്നാണ് അത് സംഭവിക്കുക.]

﴾9﴿ يَوْمَ تَمُورُ. വിറകൊള്ളുന്ന (പ്രകമ്പിക്കുന്ന- ക്ഷോഭിക്കുന്ന) ദിവസം ٱلسَّمَآءُ ആകാശം مَوْرًا ഒരു വിറകൊള്ളൽ ...﴾10﴿ وَتَسِيرُ ചലിക്കുക (നടക്കുക, സഞ്ചരിക്കുക)യും ചെയ്യുന്ന ٱلْجِبَالُ മലകൾ سَيْرًا ഒരു ചലനം...

ലോകാവസാനവേളയിൽ ഉണ്ടാകുന്ന അതിഭയങ്കര സംഭവവികാസങ്ങളിൽ ചിലതാണിത്. മനുഷ്യന്റെ ഊഹത്തിനും, അനുമാനത്തിനും അതീതമായ പലതും അന്ന് സംഭവിക്കുവാനിരിക്കുന്നു. അവയിൽ പലതും താഴെ അദ്ധ്യായങ്ങളിൽ പ്രസ്താവിച്ചു കാണാം.

فَوَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١١﴾

﴾11﴿ എന്നാൽ, വ്യാജമാ(ക്കി നിഷേധി)ക്കുന്നവർക്കത്രെ അന്നത്തെ ദിവസം (വമ്പിച്ച) നാശം.

ٱلَّذِينَ هُمْ فِى خَوْضٍ يَلْعَبُونَ ﴿١٢﴾

﴾12﴿ അതായത്, അനാവശ്യത്തിൽ (മുഴുകി) കളിച്ചുകൊണ്ടിരിക്കുന്നവർക്ക്.

يَوْمَ يُدَعُّونَ إِلَىٰ نَارِ جَهَنَّمَ دَعًّا ﴿١٣﴾

﴾13﴿ (അതെ) നരകാഗ്നിയിലേക്ക് അവരെ (ഊക്കോടെ) ഒരു പിടിച്ചുതള്ളൽ തള്ളപ്പെടുന്ന ദിവസം!

هَـٰذِهِ ٱلنَّارُ ٱلَّتِى كُنتُم بِهَا تُكَذِّبُونَ ﴿١٤﴾

《14》 (പറയപ്പെടും:) ഇത് നിങ്ങൾ വ്യാജമാക്കിയിരുന്നതായ ആ നരകമത്രെ.

أَفَسِحْرٌ هَـٰذَآ أَمْ أَنتُمْ لَا تُبْصِرُونَ ﴿١٥﴾

《15》 അപ്പോൾ, ഇത് ജാലമാണോ?! അതല്ല, നിങ്ങൾ കാണുന്നില്ല എന്നുണ്ടോ?!!

ٱصْلَوْهَا فَٱصْبِرُوٓا۟ أَوْ لَا تَصْبِرُوا۟ سَوَآءٌ عَلَيْكُمْ ۖ إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿١٦﴾

《16》 നിങ്ങളതിൽ കടന്ന് കരിയുവിൻ! എന്നിട്ട് നിങ്ങൾ ക്ഷമിച്ചുകൊള്ളുക; അല്ലെങ്കിൽ ക്ഷമിക്കാതിരിക്കുക; (രണ്ടും) നിങ്ങൾക്ക് സമമത്രെ. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് മാത്രമാണ് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്.

《11》 فَوَيْلٌ അപ്പോൾ നാശം يَوْمَئِذٍ ആ ദിവസം لِّلْمُكَذِّبِينَ വ്യാജമാക്കുന്നവർക്കാണ് 《12》 ٱلَّذِينَ യാതൊരു കൂട്ടർക്ക് هُمْ അവർ فِى خَوْضٍ അനാവശ്യത്തിൽ (മുഴുകിക്കൊണ്ട്) يَلْعَبُونَ കളിച്ചുകൊണ്ടിരിക്കുന്ന 《13》 يَوْمَ يُدَعُّونَ അവർ തള്ളപ്പെടുന്ന ദിവസം إِلَىٰ نَارِ جَهَنَّمَ ജഹന്നമി (നരകത്തി)ന്റെ അഗ്നിയിലേക്ക് دَعًّا ഒരു തള്ളൽ 《14》 هَـٰذِهِ ٱلنَّارُ ഇത് അഗ്നിയാണ്, നരകമത്രെ ٱلَّتِى كُنتُم നിങ്ങൾ ആയിരുന്നതായ بِهَا അതിനെ تُكَذِّبُونَ കളവാക്കും, വ്യാജമാക്കും 《15》 أَفَسِحْرٌ അപ്പോൾ ജാലമാണോ, മായയോ هَـٰذَآ ഇത് أَمْ أَنتُمْ അതല്ല നിങ്ങൾ ആണോ لَا تُبْصِرُونَ നിങ്ങൾ കാണാതെ, കാണുന്നില്ല (എന്നോ) 《16》 ٱصْلَوْهَا നിങ്ങളതിൽ പ്രവേശിക്കുക, ചൂടേൽക്കുക, കരിയുക فَٱصْبِرُوٓا۟ എന്നിട്ട് ക്ഷമിക്കുക അല്ലെങ്കിൽ ക്ഷമിക്കാതിരിക്കുക أَوْ لَا تَصْبِرُوا۟ സമമാണ്, ഒരുപോലെയാണ് سَوَآءٌ നിങ്ങൾക്ക്, നിങ്ങളിൽ عَلَيْكُمْ നിശ്ചയമായും നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നുള്ളൂ مَا كُنتُمْ നിങ്ങളായിരുന്നതിന് (മാത്രം) تَعْمَلُونَ പ്രവർത്തിക്കും

യാതൊരു വിവരണവും കൂടാതെത്തന്നെ ആശയം വ്യക്തമാണ്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. അടുത്ത വചനങ്ങളിൽ സത്യവിശ്വാസികളായ ഭാഗ്യവാൻമാരുടെ പ്രതിഫലങ്ങളെക്കുറിച്ച് വിവരിക്കുന്നു:-

إِنَّ ٱلۡمُتَّقِينَ فِي جَنَّٰتٖ وَنَعِيمٖ ﴿١٧﴾

﴾17﴿ നിശ്ചയമായും, ഭയഭക്തൻമാർ (സ്വർഗ)തോപ്പുകളിലും, സുഖാനുഗ്രഹങ്ങളിലുമായിരിക്കും;-

فَٰكِهِينَ بِمَآ ءَاتَىٰهُمۡ رَبُّهُمۡ وَوَقَىٰهُمۡ رَبُّهُمۡ عَذَابَ ٱلۡجَحِيمِ ﴿١٨﴾

﴾18﴿ അവരുടെ റബ്ബ് അവർക്ക് നൽകിയതിൽ സുഖമാസ്വദിച്ചുകൊണ്ട്. അവർക്ക് തങ്ങളുടെ റബ്ബ് കത്തിജ്വലിക്കുന്ന (നരക) ശിക്ഷ കാത്തുകൊടുക്കുകയും ചെയ്യുന്നതാണ്.

كُلُواْ وَٱشۡرَبُواْ هَنِيٓـَٔۢا بِمَا كُنتُمۡ تَعۡمَلُونَ ﴿١٩﴾

﴾19﴿(പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതുനിമിത്തം നിങ്ങൾ മംഗളമായി തിന്നുകയും, കുടിക്കുകയും ചെയ്തുകൊള്ളുക!

مُتَّكِـِٔينَ عَلَىٰ سُرُرٖ مَّصۡفُوفَةٖۖ وَزَوَّجۡنَٰهُم بِحُورٍ عِينٖ ﴿٢٠﴾

﴾20﴿ വരിവരിയാ(യി നിരത്തിവെ)ക്കപ്പെട്ട പര്യങ്കങ്ങളിൽ ചാരിയിരിക്കുന്നവരായിരിക്കും (അവർ). വിശാലനേത്രകളായ വെള്ള മെയ്യാമണികളെ അവർക്ക് നാം ഇണചേർത്ത് കൊടുക്കുകയും ചെയ്യും.

﴾17﴿ إِنَّ ٱلۡمُتَّقِينَ നിശ്ചയമായും ഭയഭക്തൻമാർ, സൂക്ഷ്മതയുള്ളവർ فِي جَنَّٰتٍ തോപ്പുകളിൽ (സ്വർഗങ്ങളിൽ) ആയിരിക്കും وَنَعِيمٍ സുഖാനുഗ്രഹത്തിലും ﴾18﴿ فَٰكِهِينَ സുഖം അനുഭവിക്കുന്നവരായി بِمَآ ءَاتَىٰهُمۡ അവർക്ക് നൽകിയതുകൊണ്ട് رَبُّهُمۡ അവരുടെ റബ്ബ് وَوَقَىٰهُمۡ അവരെ (അവർക്ക്) കാത്തുകൊടുക്കയും ചെയ്യും رَبُّهُمۡ അവരുടെ റബ്ബ് عَذَابَ ٱلۡجَحِيمِ ജ്വലിക്കുന്ന നരകത്തിന്റെ ശിക്ഷയെ ﴾19﴿ كُلُواْ തിന്നുവിൻ وَٱشۡرَبُواْ കുടിക്കയും ചെയ്യുവിൻ هَنِيٓـَٔۢا മംഗളമായിട്ട്, ആമോദത്തോടെ بِمَا كُنتُمۡ നിങ്ങളായിരുന്നതുകൊണ്ട് تَعۡمَلُونَ പ്രവർത്തിക്കുക ﴾20﴿ مُتَّكِـِٔينَ ചാരിയിരുന്നു കൊണ്ട് عَلَىٰ سُرُرٍ കട്ടിലുക(പര്യങ്കങ്ങ)ളിൽ مَّصۡفُوفَةٍ നിരത്തപ്പെട്ട, വരിയായി വെക്കപ്പെട്ട وَزَوَّجۡنَٰهُم അവർക്ക് നാം ഇണചേർത്ത് (ഇണയാക്കി) കൊടുക്കയും ചെയ്യും بِحُورٍ സുന്ദരികളായ തരുണീമണികളെ, വെള്ള മെയ്യാമണികളെ عِينٍ വിശാലനേത്രകളായ

حُورٌ عِين എന്ന വാക്കിന്റെ അര്‍ത്ഥത്തെ സംബന്ധിച്ച് സൂ: ദുഖാന്‍ 54 ന്റെ വ്യാഖ്യാനത്തില്‍ വിവരിച്ചിരിക്കുന്നു. ഭക്ഷണപാനീയങ്ങള്‍, ഭാര്യമാര്‍ മുതലായ വയില്‍ സ്വര്‍ഗസ്ഥരായ ഭാഗ്യവാന്‍മാരുടെ നില വിവരിച്ചശേഷം, അവര്‍ക്ക് സിദ്ധി ക്കുന്ന മറ്റൊരു വമ്പിച്ചനേട്ടത്തെക്കുറിച്ച് പറയുന്നു:-

وَٱلَّذِينَ ءَامَنُوا۟ وَٱتَّبَعَتْهُمْ ذُرِّيَّتُهُم بِإِيمَـٰنٍ أَلْحَقْنَا بِهِمْ ذُرِّيَّتَهُمْ وَمَآ أَلَتْنَـٰهُم مِّنْ عَمَلِهِم مِّن شَىْءٍ ۚ كُلُّ ٱمْرِئٍۭ بِمَا كَسَبَ رَهِينٌ ﴿٢١﴾

﴾21﴿ തങ്ങള്‍ വിശ്വസിക്കുകയും തങ്ങളുടെ സന്താനങ്ങള്‍ സത്യവി ശ്വാസത്തോടെ തങ്ങളെ പിന്തുടരു കയും ചെയ്തിട്ടുള്ളവരാകട്ടെ, അവ രുടെ സന്താനങ്ങളെ അവരോട് നാം ചേര്‍ത്ത് കൊടുക്കുന്നതുമാണ്. അവ രുടെ കര്‍മ (ഫല) ത്തില്‍നിന്ന് യാതൊന്നും തന്നെ നാം അവര്‍ക്ക് കുറവ് വരുത്തുന്നതുമല്ല. എല്ലാ (ഓരോ) മനുഷ്യനും താന്‍ സമ്പാ ദിച്ചുണ്ടാക്കിയതിന് പണയമാകു ന്നു.

﴾21﴿ وَٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരാകട്ടെ وَٱتَّبَعَتْهُمْ തങ്ങളെ പിന്തുടരുകയും ചെയ്തു ذُرِّيَّتُهُم തങ്ങളുടെ സന്താനങ്ങള്‍ بِإِيمَـٰنٍ വിശ്വാസത്തില്‍, വിശ്വസിച്ചുകൊണ്ട് أَلْحَقْنَا بِهِمْ അവരോട് നാം ചേര്‍ക്കും ذُرِّيَّتَهُمْ. അവരുടെ സന്താനങ്ങളെ وَمَآ أَلَتْنَـٰهُم അവര്‍ക്ക് നാം കുറവ് വരുത്തു (നഷ്ടപ്പെടുത്തു)ന്നതല്ല مِّنْ عَمَلِهِم അവരുടെ കര്‍മത്തില്‍ (പ്രവൃത്തിയില്‍)നിന്ന് مِّن شَىْءٍ യാതൊന്നിനെയും كُلُّ ٱمْرِئٍۭ എല്ലാ മനു ഷ്യനും بِمَا كَسَبَ അവന്‍ സമ്പാദിച്ച (പ്രവര്‍ത്തിച്ച)തിന്ന് رَهِينٌ പണയമാണ്, പണയം വെക്കപ്പെട്ടവനാണ്

സല്‍ക്കര്‍മരംഗത്ത് തങ്ങളുടെ നിലപാടില്‍ എത്തിച്ചേര്‍ന്നിട്ടില്ലെങ്കിലും സത്യ വിശ്വാസികളായ നല്ലമക്കളെയും തങ്ങളൊന്നിച്ച് സ്വര്‍ഗീയ സുഖസൗകര്യങ്ങള്‍ ആസ്വദിക്കുവാന്‍ അല്ലാഹു അവര്‍ക്ക് ഭാഗ്യമുണ്ടാക്കിക്കൊടുക്കും. ഇതുമൂലം അവരുടെ പ്രതിഫലത്തില്‍ അല്ലാഹു യാതൊരു കുറവും വരുത്തുന്നതുമല്ല. മാത്ര മല്ല, നല്ലവരായ മാതാപിതാക്കള്‍, ഭാര്യാഭര്‍ത്താക്കള്‍ എന്നിവരെയും സ്വര്‍ഗ ത്തില്‍ അല്ലാഹു അവരൊന്നിച്ചു ചേര്‍ത്തുകൊടുക്കുമെന്ന് സൂ: റഅ്ദ്: 23; സൂ: മുഅ്മിന്‍ 7 - 9 എന്നിവിടങ്ങളില്‍ നിന്ന് മനസ്സിലാക്കാം. സൂ: മുഅ്മിനില്‍ വായിച്ച സംഗതികള്‍ ഇവിടെയും ഓര്‍ക്കുന്നത് നന്നായിരിക്കും. സത്യവിശ്വാസിയായ മനുഷ്യന്റെ സന്താനങ്ങള്‍ അവനെക്കാള്‍ കര്‍മത്തില്‍ താഴേകിടയിലുള്ളവരായി

രുന്നാലും അവന്റെ കൺകുളുർമക്ക്- മനസ്സന്തോഷത്തിന് -വേണ്ടി അവരുടെ പദവി അവന്റെ പദവിയിലേക്ക് അല്ലാഹു ഉയർത്തിക്കൊടുക്കുംഎന്ന് പറഞ്ഞു കൊണ്ട് ഇബ്നു അബ്ബാസ് (റ) ഈ ക്വുർആൻ വചനം അതിന് തെളിവായി ഓതുകയുണ്ടായി. (ابن جرير وابن ابي حاتم والبزار وغيرهم)

മാതാപിതാക്കൾ എത്ര ഉന്നത പദവിക്കാരായിരുന്നാലും ശരി, അക്കാരണം കൊണ്ട് അവിശ്വാസികളും ദുർന്നടപ്പുകാരുമായ അവരുടെ മക്കൾക്കോ, അല്ലെങ്കിൽ മറിച്ചോ യാതൊരു രക്ഷയും കിട്ടുകയില്ലെന്നും, അവനവൻ ചെയ്ത കുറ്റത്തിന് അവനവൻമാത്രമാണ് ഉത്തരവാദിയെന്നും, ഓരോരുത്തന്റെ കടമ അവനവൻ തന്നെ നിർവ്വഹിക്കേണ്ടതുണ്ടെന്നും ക്വുർആൻ പലപ്പോഴും വ്യക്തമായി പ്രസ്താവിക്കാറുള്ളതാണ്. كُلُّ امْرِئٍ بِمَا كَسَبَ رَهِين (എല്ലാ മനുഷ്യനും അവൻ സമ്പാദിച്ചതിന് പണയമാണ്) എന്ന വാക്യവും അതാണ് ഉണർത്തുന്നത്. വാങ്ങിയ കടം കൊടുത്തുതീർക്കാത്തപക്ഷം ആ കടത്തിനുവേണ്ടി പണയംവെക്കപ്പെട്ട വസ്തുവിൽ നിന്നാണല്ലോ അത് ഈടാക്കപ്പെടുക. അതുപോലെ, ഓരോ മനുഷ്യനും അവന്റെ കടമ നിർവ്വഹിക്കാത്ത പക്ഷം അതിന് അവൻതന്നെ ഉത്തരവാദിയാണെന്ന് സാരം. വിശ്വസിക്കുകയും അതോടൊപ്പം നിർബന്ധകടമകൾ നിറവേറ്റുകയും ചെയ്തിട്ടുള്ളവരെ അവരെക്കാൾ ഉന്നതസ്ഥാനം കൈവന്ന തങ്ങളുടെ മാതാപിതാക്കളുടെ സ്ഥാനത്തേക്ക് ഉയർത്തിക്കൊടുക്കുമെന്നേ മേൽപറഞ്ഞതിന് അർത്ഥമുള്ളൂ. മാതാപിതാക്കളോ മക്കളോ ഉന്നതസ്ഥാനക്കാരായതുകൊണ്ട് മറ്റുള്ളവർക്ക് വല്ല രക്ഷയും കൈവരുമായിരുന്നുവെങ്കിൽ, നൂഹ് നബി (അ)യുടെ മകൻ, ഇബ്റാഹീം നബി (അ)യുടെ പിതാവ്, ലൂത്വ് നബി (അ)യുടെ ഭാര്യ, നബി തിരുമേനി ﷺയുടെ പിതൃവ്യൻമാർ മുതലായവർക്ക് രക്ഷ കിട്ടേണ്ടതായിരുന്നുവല്ലോ. താണ പദവിയിലുള്ളവരെ ഉന്നതപദവിയിലേക്ക് ഉയർത്തുന്നത് അല്ലാഹുവിന്റെ ഔദാര്യവും ദയവും (فضل الله) ആണെങ്കിൽ, അവരവരുടെ കുറ്റത്തിന് അവരവരെത്തന്നെ ഉത്തരവാദിയാക്കുന്നത് അവന്റെ നീതിന്യായവ്യവസ്ഥയും (عدل الله) ആകുന്നു. അല്ലാഹു തുടരുന്നു:-

وَأَمْدَدْنَٰهُم بِفَٰكِهَةٍ وَلَحْمٍ مِّمَّا يَشْتَهُونَ ﴿٢٢﴾

﴾22﴿ അവർ ആശിക്കുന്നതിൽനിന്നുള്ള പഴവർഗവും, മാംസവും അവർക്ക് നാം (യഥേഷ്ടം) അയച്ചിട്ടു കൊടുക്കുകയും ചെയ്യുന്നതാണ്.

يَتَنَٰزَعُونَ فِيهَا كَأْسًا لَّا لَغْوٌ فِيهَا وَلَا تَأْثِيمٌ ﴿٢٣﴾

﴾23﴿ (മദ്യം നിറക്കപ്പെട്ട) കോപ്പക്ക് അവിടെ അവർ പിടികൂടി (കൈമാറി) ക്കൊണ്ടിരിക്കും. യാതൊരു അനാവശ്യവും അതിലില്ല; കുറ്റകരമായുള്ളതും ഇല്ല.

۞ وَيَطُوفُ عَلَيْهِمْ غِلْمَانٌ لَّهُمْ كَأَنَّهُمْ لُؤْلُؤٌ مَّكْنُونٌ ﴿٢٤﴾

﴾24﴿ അവർക്കു വേണ്ടി ബാലൻമാർ അവരിൽ ചുറ്റിത്തിരിഞ്ഞു (സേവനം ചെയ്തു)കൊണ്ടിരിക്കുന്നതാണ്. അവർ [ആ ബാലന്മാർ] ഒളിച്ചുവെക്കപ്പെട്ട മുത്തെന്ന പോലെയിരിക്കും!

﴾22﴿ وَأَمْدَدْنَٰهُم അവർക്ക് നാം അയച്ചു (ഇഷ്ടം പോലെ) കൊടുക്കും بِفَٰكِهَةٍ പഴവർഗത്തെ وَلَحْمٍ മാംസവും مِّمَّا يَشْتَهُونَ അവർക്ക് ആശിക്കുന്ന (ഇച്ഛിക്കുന്ന) തിൽനിന്ന് ﴾23﴿ يَتَنَٰزَعُونَ അവർ അന്യോന്യം പിടികൂടും, (കൈമാറിക്കൊണ്ടിരിക്കും) فِيهَا അതിൽ, അവിടത്തിൽ كَأْسًا (നിറ) കോപ്പ, കോപ്പക്ക് لَّا لَغْوٌ അനാവശ്യം ഇല്ല فِيهَا അതിൽ وَلَا تَأْثِيمٌ കുറ്റകരവുമില്ല, പാപമുണ്ടാക്കലുമില്ല ﴾24﴿ وَيَطُوفُ ചുറ്റിത്തിരിയുക (ചുറ്റിപ്പറ്റി നിൽക്കുക)യും ചെയ്യും عَلَيْهِمْ അവരിൽ غِلْمَانٌ ബാലന്മാർ, ആൺകുട്ടികൾ لَّهُمْ അവരുടെ, അവർക്കുവേണ്ടിയുള്ള كَأَنَّهُمْ അവരാണെന്ന പോലെയിരിക്കും لُؤْلُؤٌ മുത്ത് مَّكْنُونٌ (ചിപ്പിയിൽ) ഒളിച്ച് (സൂക്ഷിച്ചു) വെക്കപ്പെട്ട

ലഹരിയും മത്തും ഉണ്ടാക്കുന്നതാണല്ലോ ഇഹത്തിലെ കള്ള്. അനാവശ്യങ്ങളും, അക്രമങ്ങളും കള്ളുകുടിയുടെ കൂടെപ്പിറവിയുമാണ്. സ്വർഗത്തിലെ കള്ള് അത്തരത്തിൽപെട്ടതല്ല. നാമമാത്രസാദൃശ്യമേ അവതമ്മിലുള്ളൂ ആനന്ദവും സന്തോഷവും ഉളവാക്കുകയല്ലാതെ, യാതൊരുവിധ ദോഷവും അത് നിമിത്തം ഉണ്ടാകുവാനില്ല. കള്ള്കുടിയൻമാർ തമ്മിൽ അടിപിടിയും വഴക്കും പതിവായത് പോലെ, അവിടെ അവർക്കിടയിൽ കശപിശയോ മറ്റോ ഉണ്ടാകുകയില്ല. പക്ഷേ, ആഹ്ലാദത്തോടും സ്നേഹത്തോടുംകൂടി കള്ളുനിറച്ച കോപ്പകൾക്കുവേണ്ടി- ഞാൻ ആദ്യം ഞാൻ ആദ്യം എന്ന ഭാവത്തിൽ- തമാശയായി അവർ പിടികൂടിയും കൈമാറിയുംകൊണ്ടിരിക്കും. അവർക്കുവേണ്ടുന്ന സേവനങ്ങൾ നടത്തുവാൻവേണ്ടി സ്വർഗീയ ബാലൻമാർ അവരെ ചുറ്റിപ്പറ്റിക്കൊണ്ട് സദാ തയ്യാറുണ്ടായിരിക്കും. കേവലം ഭൃത്യൻമാരായ ആ ബാലൻമാരാകട്ടെ, ചിപ്പികളിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്ന മുത്തുമണികൾ പുറത്തെടുത്തതാണെന്ന് തോന്നുമാറ് അത്രയും വടിവും, വെടുപ്പും, സൗന്ദര്യവും തികഞ്ഞവരായിരിക്കും.ഭൃത്യൻമാരുടെ ഉപമ ഇതാണെങ്കിൽ, അവരുടെ യജമാനൻമാരുടെ ഉപമ എന്തായിരിക്കും? അതെ, -ഒരു ഹദീഥിൽ നിവേദനം ചെയ്യപ്പെട്ടതുപോലെ- പൗർണമിയുടെ രാത്രിയിലെ ചന്ദ്രനും, ഇതര നക്ഷത്രങ്ങളും തമ്മിലുള്ള വ്യത്യാസം കണക്കെയിരിക്കും. (حكاه ابن جرير وابن المنذر) ഈ ബാലൻമാരെപ്പറ്റി 56: 17-18; 76 : 19 മുതലായ സ്ഥലങ്ങളിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. അടുത്തവചനങ്ങളിൽ സ്വർഗക്കാർ തമ്മിൽ നടക്കുന്ന ചില സംഭാഷണങ്ങളെയും സന്തോഷസല്ലാപങ്ങളെയും ചൂണ്ടിക്കാട്ടുന്നു;-

وَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَآءَلُونَ ﴿٢٥﴾

﴿25﴾ അവര്‍ പരസ്പരം (പലതും) ചോദിച്ചുകൊണ്ട് ചിലര്‍ ചിലരുടെനേരെ മുന്നിട്ടുവരും.

قَالُوٓا۟ إِنَّا كُنَّا قَبْلُ فِىٓ أَهْلِنَا مُشْفِقِينَ ﴿٢٦﴾

﴿26﴾ അവര്‍ പറയും; നാം, മുമ്പ് നമ്മുടെ കുടുംബത്തിലായിരിക്കെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നവരായിരുന്നു.

فَمَنَّ ٱللَّهُ عَلَيْنَا وَوَقَىٰنَا عَذَابَ ٱلسَّمُومِ ﴿٢٧﴾

﴿27﴾ അതിനാല്‍ അല്ലാഹു നമ്മളില്‍ (ദയാ) ദാക്ഷിണ്യം ചെയ്തു; സുഷിരങ്ങളില്‍ കടന്നുചെല്ലുന്ന (അത്യുഷ്ണമായ) അഗ്നിശിക്ഷയില്‍നിന്ന് അവന്‍ നമ്മെ കാത്തുതരുകയും ചെയ്തു.

إِنَّا كُنَّا مِن قَبْلُ نَدْعُوهُ ۖ إِنَّهُۥ هُوَ ٱلْبَرُّ ٱلرَّحِيمُ ﴿٢٨﴾

﴿28﴾ നാം മുമ്പേ അവനെ (വിളിച്ചു) പ്രാര്‍ത്ഥിക്കുമായിരുന്നു. നിശ്ചയമായും, അവന്‍തന്നെ പുണ്യം നല്‍കുന്നവനും, കരുണാനിധിയുമായുള്ളവന്‍.

﴿25﴾ وَأَقْبَلَ മുന്നിടും, മുമ്പോട്ട്വരും, നേരിടും بَعْضُهُمْ അവരില്‍ ചിലര്‍ عَلَىٰ بَعْضٍ ചിലരുടെ നേരെ, ചിലരുടെ മേല്‍ يَتَسَآءَلُونَ പരസ്പരം ചോദിച്ചുകൊണ്ട് ﴿26﴾ قَالُوٓا۟ അവര്‍ പറയും إِنَّا كُنَّا നിശ്ചയമായും നാമായിരുന്നു قَبْلُ മുമ്പ് فِىٓ أَهْلِنَا നമ്മുടെ കുടുംബത്തില്‍, സ്വന്തക്കാരിലായപ്പോള്‍ مُشْفِقِينَ ഭയപ്പെട്ടവര്‍, പേടിക്കുന്നവര്‍ ﴿27﴾ فَمَنَّ ٱللَّهُ അതിനാല്‍ (എന്നാല്‍) അല്ലാഹു ദാക്ഷിണ്യം (ദയവ്, ഉപകാരം) ചെയ്ത് عَلَيْنَا നമ്മുടെമേല്‍ وَوَقَىٰنَا അവന്‍ നമ്മെ കാക്കുകയും ചെയ്തു عَذَابَ ശിക്ഷയെ, ശിക്ഷയില്‍നിന്ന് ٱلسَّمُومِ സുഷിരങ്ങളില്‍കൂടി പ്രവേശിക്കുന്നതിന്റെ (അത്യുഷ്ണമായ അഗ്നിയുടെ) ﴿28﴾ إِنَّا كُنَّا നാം ആയിരുന്നു مِن قَبْلُ മുമ്പ്, മുമ്പേ نَدْعُوهُ നാമവനെ വിളിച്ചിരുന്നു إِنَّهُۥ هُوَ നിശ്ചയമായും അവന്‍ തന്നെ ٱلْبَرُّ പുണ്യം (ഗുണം, നന്മ) ചെയ്യുന്നവന്‍ ٱلرَّحِيمُ കരുണാനിധിയായ

അവര്‍ അന്യോന്യം പലതും സംസാരിച്ചും ചോദ്യോത്തരങ്ങള്‍ നടത്തിയും കൊണ്ടിരിക്കുമ്പോള്‍, തങ്ങള്‍ ഐഹികജീവിതത്തില്‍ തങ്ങളുടെ സ്വന്തക്കാര്‍ക്കി

ടയിൽ കഴിഞ്ഞുകൂടിയ കാലത്ത് അല്ലാഹുവിനെ ഭയന്നും, അവന്റെ ശിക്ഷയെ പേടിച്ചും, അവനെ വിളിച്ചു പ്രാർത്ഥിച്ചും കൊണ്ടിരുന്നതിന്റെ ഫലമായിട്ടാണ് തങ്ങൾക്ക് ഈ ഉന്നതപദവികളെല്ലാം ലഭിച്ചതെന്ന് അനുസ്മരിച്ചു സന്തോഷി ക്കുകയാണ്. സജ്ജനങ്ങളുടെയും ദുർജ്ജനങ്ങളുടെയും പര്യവസാനങ്ങൾ വിവ രിച്ചശേഷം അല്ലാഹു നബി ﷺയെ അഭിമുഖീകരിച്ചു പറയുന്നു;

വിഭാഗം- 2

فَذَكِّرْ فَمَآ أَنتَ بِنِعْمَتِ رَبِّكَ بِكَاهِنٍ وَلَا مَجْنُونٍ ﴿٢٩﴾

﴿29﴾ ആകയാൽ, (നബിയേ) നീ ഓർമിപ്പിക്കുക ഉൽബോധനം ചെയ്യുക. എന്നാൽ, നിന്റെ റബ്ബിന്റെ അനുഗ്രഹംകൊണ്ട് നീ ഒരു പ്രശ്ന ക്കാരനുമല്ല, ഭ്രാന്തനുമല്ല.

﴿29﴾ فَذَكِّرْ ആകയാൽ നീ ഓർമിപ്പിക്കുക, ഉപദേശിക്കുക فَمَآ أَنتَ എന്നാൽ നീ അല്ല بِنِعْمَتِ رَبِّكَ നിന്റെ റബ്ബിന്റെ അനുഗ്രഹംകൊണ്ട് بِكَاهِنٍ പ്രശ്നക്കാരൻ وَلَا مَجْنُونٍ ഭ്രാന്തനുമല്ല

സ്ഥിതിഗതികളുടെ യാഥാർത്ഥ്യം മുകളിൽ വിവരിച്ചതാണ്. എന്നിരിക്കെ, സത്യ നിഷേധികളുടെ ആരോപണങ്ങളുടെയും പരസ്പരവിരുദ്ധങ്ങളായ പ്രസ്താവ നകളുടെയും നേരെ കണ്ണടച്ചുകൊണ്ട് സത്യപ്രബോധനം തുടർന്നുകൊള്ളുവാനും അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അവയിൽ നിന്നെല്ലാം നബി ﷺ പരിശുദ്ധ നാണെന്ന് സമാധാനിച്ചുകൊള്ളുവാനും അല്ലാഹു തിരുമേനിയെ ഉപദേശിക്കു കയാണ്. അല്ലാഹുവിന്റെ ഏകത്വം, നബി ﷺയുടെ പ്രവാചകത്വം, പരലോകജീ വിതം എന്നീ മൂന്ന് വിഷയങ്ങളാണല്ലോ അവിശ്വാസികളെ ഏറ്റവും അരിശം കൊള്ളിക്കുന്ന മൗലികപ്രധാനമായ വിഷയങ്ങൾ. ഇവയെ സംബന്ധിച്ചാണ് ശത്രു ക്കളിൽനിന്ന് പ്രകടമാകാറുള്ള പേക്കൂത്തുകളധികവും. അവയിൽ പലതും എടു ത്തുദ്ധരിച്ചുകൊണ്ട് അടുത്ത കുറെ വചനങ്ങളിൽ അല്ലാഹു അവർക്ക് കനത്ത താക്കീതുകൾ നൽകുകയും, അവരെ വെല്ലുവിളിക്കുകയും ചെയ്യുന്നു. മർക്കടമു ഷ്ടിയും, ധിക്കാരമനഃസ്ഥിതിയും കൈമുതലായി സ്വീകരിച്ചിട്ടില്ലാത്ത ഏവരു ടെയും ഹൃദയങ്ങളിലേക്ക് തുളഞ്ഞുകയറുന്ന ചോദ്യങ്ങൾ! വീണ്ടുവിചാരമുള്ള വരെ രോമാഞ്ചം കൊളളിക്കുന്ന വാചകങ്ങൾ! ചിന്താശക്തിയുള്ളവരെ ഇരുത്തി ച്ചിന്തിപ്പിക്കുന്ന പ്രസ്താവനകൾ! അല്ലാഹു ചോദിക്കുന്നു:-

أَمْ يَقُولُونَ شَاعِرٌ نَّتَرَبَّصُ بِهِۦ رَيْبَ ٱلْمَنُونِ ﴿٣٠﴾

﴿30﴾ അതല്ല, അവർ പറയു ന്നുവോ: (അവൻ) ഒരു കവിയാണ്; അവനിൽ കാല (വിപ)ത്തിന്റെ ആശങ്ക (ബാധിക്കുന്നത്) നമുക്ക് കാത്തിരിക്കാം എന്ന്?!

قُلۡ تَرَبَّصُواْ فَإِنِّي مَعَكُم مِّنَ ٱلۡمُتَرَبِّصِينَ ﴿٣١﴾

﴾31﴿ പറയുക: നിങ്ങൾ കാത്തിരുന്നുകൊള്ളുവിൻ!- എന്നാൽ നിശ്ചയമായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാണ്.

﴾30﴿ أَمۡ അതല്ല, അഥവാ, അല്ലെങ്കിൽ, ഒരു പക്ഷേ (ആണോ) يَقُولُونَ അവർ പറയുന്നു (വോ) شَاعِرٌ കവിയാണ് (എന്ന്) نَّتَرَبَّصُ بِهِۦ അവനിൽ നാം പ്രതീക്ഷിക്കുന്നു, നമുക്ക് കാത്തിരിക്കാം رَيۡبَ ആ ശങ്കയെ (വിപത്തിനെ) ٱلۡمَنُونِ കാലത്തിന്റെ, മരണത്തിന്റെ ﴾31﴿ قُلۡ നീ പറയുക تَرَبَّصُواْ നിങ്ങൾ പ്രതീക്ഷിക്കു(കാത്തിരിക്കു)വിൻ فَإِنِّي مَعَكُم എന്നാൽ ഞാൻ നിങ്ങളൊന്നിച്ച് مِّنَ ٱلۡمُتَرَبِّصِينَ കാത്തിരിക്കുന്ന (പ്രതീക്ഷിക്കുന്ന)വരിൽ പെട്ടവനാണ്.

മുഹമ്മദ് ജോൽസ്യക്കാരനാണ്, പ്രശ്നക്കാരനാണ്, ഭ്രാന്തനാണ് എന്നൊക്കെ പറയുന്ന അതേ നാവുകൾ ചിലപ്പോൾ ഇങ്ങനെ പറയും: അവൻ ഒരു കവിയാണ്; ഏതെങ്കിലും കാലവിപത്തുകളിൽപെട്ടു ഏറെത്താമസിയാതെ അവന്റെ കഥ അവസാനിച്ചുകൊള്ളും; അപ്പോൾ നമുക്ക് അവനെകൊണ്ടുള്ള ശല്യവും ഇല്ലാതാകും; അതുവരെ നാം കാത്തിരിക്കുക എന്നൊക്കെ. ഇതിന് ഇങ്ങനെ മറുപടി പറയുവാൻ അല്ലാഹു നബി ﷺയോട് പറയുന്നു; എന്റെ നാശം നിങ്ങൾ കാത്തിരിക്കുന്നതുപോലെ നിങ്ങളുടെ നാശം ഞാനും കാത്തിരിക്കുന്നു. ഇവയിൽ ഏതാണ് സംഭവിക്കുവാൻ പോകുന്നതെന്ന് നമുക്ക് കണ്ടറിയാമല്ലോ.

أَمۡ تَأۡمُرُهُمۡ أَحۡلَٰمُهُم بِهَٰذَآۚ أَمۡ هُمۡ قَوۡمٌ طَاغُونَ ﴿٣٢﴾

﴾32﴿ അതല്ല, അവരുടെ ബുദ്ധികൾ അവരോട് ഇപ്രകാരം കൽപിക്കുകയാണോ?! അതല്ല, അവർ ക്രമംതെറ്റിയ (ധിക്കാരികളായ) ഒരു ജനതയാണോ?!

أَمۡ يَقُولُونَ تَقَوَّلَهُۥۚ بَل لَّا يُؤۡمِنُونَ ﴿٣٣﴾

﴾33﴿ അതല്ല, അവർ പറയുന്നുവോ: അവനത് (സ്വയം കെട്ടി) പറഞ്ഞുണ്ടാക്കിയിരിക്കുകയാണ് എന്ന്?! പക്ഷേ, അവർ വിശ്വസിക്കുന്നില്ല. [അതാണ് ഇതിനൊക്കെ കാരണം.]

فَلۡيَأۡتُواْ بِحَدِيثٖ مِّثۡلِهِۦٓ إِن كَانُواْ صَٰدِقِينَ ﴿٣٤﴾

﴾34﴿ എന്നാൽ, (അങ്ങനെയാണെങ്കിൽ) ഇതുപോലുള്ള ഒരു വൃത്താന്തം അവർ കൊണ്ടുവരട്ടെ. അവർ സത്യവാൻമാരാണെങ്കിൽ!

﴾32﴿ أَمۡ تَأۡمُرُهُمۡ അതല്ല അവരോട് കൽപിക്കുന്നുവോ أَحۡلَـٰمُهُم അവരുടെ ബുദ്ധികൾ بِهَـٰذَآ ഇതിന്, ഇതുകൊണ്ട് أَمۡ هُمۡ അതല്ല അവർ قَوۡمٞ طَاغُونَ അതിക്രമി (ധിക്കാരി)കളായ ഒരു ജനത(യാണോ)﴾33﴿ أَمۡ يَقُولُونَ അതല്ല അവർ പറയുന്നുവോ تَقَوَّلَهُۥ അവൻ അത് (കെട്ടി) പറഞ്ഞുണ്ടാക്കി بَل പക്ഷേ, എങ്കിലും, എന്നാൽ لَّا يُؤۡمِنُونَ അവർ വിശ്വസിക്കുന്നില്ല ﴾34﴿ فَلۡيَأۡتُواْ എന്നാലവർ വരട്ടെ بِحَدِيثٖ ഒരു വൃത്താന്തംകൊണ്ട്, വർത്തമാനവുമായി مِّثۡلِهِۦٓ അതുപോലെയുള്ള إِن كَانُواْ അവരാണെങ്കിൽ صَٰدِقِينَ സത്യം പറയുന്നവർ

നബി ﷺ സ്വയം കെട്ടിപ്പറയുന്നതാണ് ക്വുർആൻ എന്ന് അവർ വാദിക്കുന്നുവെങ്കിൽ- യഥാർത്ഥത്തിൽ അവരങ്ങിനെ വാദിക്കുന്നുണ്ട്- അതുപോലെ ഒന്ന് അവർ കൊണ്ടുവരട്ടെ. അവർ പറയുന്നത് സത്യമാണെങ്കിൽ അതൊന്ന് കാണാമല്ലോ എന്ന് അവരെ വെല്ലുവിളിക്കുകയാണ്. ക്വുർആന് സമമായ ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ ക്വുർആൻ പരസ്യമായി ഒന്നിലധികം പ്രാവശ്യം വെല്ലുവിളിക്കുകയും, അതവർക്ക് സാദ്ധ്യമല്ലെന്ന് ഉറപ്പിച്ചു പറയുകയും ചെയ്തിട്ടുള്ളതാണല്ലോ.

أَمۡ خُلِقُواْ مِنۡ غَيۡرِ شَيۡءٍ أَمۡ هُمُ ٱلۡخَٰلِقُونَ ﴿٣٥﴾

﴾35﴿ അതല്ല, യാതൊരു വസ്തുവും ഇല്ലാതെ, അവർ (സ്വയം അങ്ങ്) സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ?! അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?!

﴾35﴿ أَمۡ خُلِقُواْ അതല്ല അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ مِنۡ غَيۡرِ شَيۡءٍ യാതൊരു വസ്തുവുമില്ലാതെ أَمۡ هُمُ അതല്ല അവരോ ٱلۡخَٰلِقُونَ സ്രഷ്ടാക്കൾ

ഏതൊരു നിരീശ്വരവാദിയെയും- അവന്ന് ബുദ്ധിയും മനഃസാക്ഷിയുമുണ്ടെങ്കിൽ- ഉത്തരം മുട്ടിക്കുന്ന ചോദ്യമാണ് ഈ വചനത്തിലുള്ളത്. മനുഷ്യന്റെ- മനുഷ്യന്റെ മാത്രമല്ല എല്ലാ വസ്തുക്കളുടെയും തന്നെ- ഉൽഭവത്തെക്കുറിച്ച് ഒരു പ്രകൃതിവാദി എത്രതന്നെ സമർത്ഥിച്ചാലും, അതിന്റെ അവസാനം അതൊരു പരമ ശൂന്യാവസ്ഥയിൽ ചെന്നവസാനിക്കാതെ നിവൃത്തിയില്ല. പരമശൂന്യതയിൽ നിന്ന് അസ്തിത്വം നൽകിയ ഒരു സൃഷ്ടികർത്താവ് അനിവാര്യമാണ് എന്ന് അവൻ സമ്മതിക്കേണ്ടിവരും. സമ്മതിക്കാത്തപക്ഷം, അത് സ്വയം ഉണ്ടായതാണെന്ന് അവൻ ശഠിക്കേണ്ടിവരും. അങ്ങനെയാണെങ്കിൽ ഈ ലോകത്ത് ചില വസ്തുക്കൾ പ്രകൃതിപരമായ കാര്യകാരണ ബന്ധങ്ങളാൽ രൂപം കൊണ്ടതും മറ്റ് ചിലത് യാതൊരു കാരണവും കൂടാതെ സ്വയം രൂപം പൂണ്ടതുമാണെന്ന് വിശേഷബുദ്ധിയുണ്ടെങ്കിൽ- അവൻ സമ്മതിക്കാതിരിക്കുവാൻ നിർവ്വാഹമില്ല.

അതോടെ പ്രകൃതിയാണ് എല്ലാറ്റിന്റെയും കർത്താവ് എന്നുള്ള അവന്റെ വാദം പൊളിയുന്നു.

أَمْ خَلَقُوا۟ ٱلسَّمَـٰوَٰتِ وَٱلْأَرْضَ ۚ بَل لَّا يُوقِنُونَ ﴿٣٦﴾

﴾36﴿ അതല്ല, ആകാശങ്ങളെയും, ഭൂമിയെയും അവർ സൃഷ്ടിച്ചിരിക്കുകയാണോ?! പക്ഷേ, (അതൊന്നുമല്ല) അവർ (ഒന്നും) ദൃഢമായി വിശ്വസിക്കുന്നില്ല.

أَمْ عِندَهُمْ خَزَآئِنُ رَبِّكَ أَمْ هُمُ ٱلْمُصَيْطِرُونَ ﴿٣٧﴾

﴾37﴿ അതല്ല, നിന്റെ റബ്ബിന്റെ ഖജാനകൾ അവരുടെ പക്കലാണോ?! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?!

﴾36﴿ أَمْ خَلَقُوا۟ അതല്ല അവർ സൃഷ്ടിച്ചുവോ ٱلسَّمَـٰوَٰتِ وَٱلْأَرْضَ ആകാശങ്ങളും ഭൂമിയും بَل പക്ഷേ لَّا يُوقِنُونَ അവർ ഉറപ്പിക്കുന്നില്ല, ദൃഢമായി വിശ്വസിക്കുന്നില്ല ﴾37﴿ أَمْ عِندَهُمْ അതല്ല അവരുടെ അടുക്കലാണോ, പക്കലുണ്ടോ خَزَآئِنُ ഭണ്ഡാരങ്ങൾ, ഖജനാക്കൾ رَبِّكَ നിന്റെ റബ്ബിന്റെ أَمْ هُمُ അതല്ല അവരോ, അവരാണോ ٱلْمُصَيْطِرُونَ അധികാരം നടത്തുന്നവർ, മികച്ച് നിൽക്കുന്നവർ

ജുബൈറുബ്നു മുത്ഇം (جبير بن مطعم –رض) പറയുകയാണ്: മഗ്‌രിബ് നമസ്കാരത്തിൽ നബി ﷺ സൂ: ത്വൂർ ഓതുന്നത് ഞാൻ കേൾക്കയുണ്ടായി. അവിടുന്ന് أم خلقوا എന്ന് തുടങ്ങി المسيطرون വരെ, (35, 36, 37 വചനങ്ങൾ) എത്തിയപ്പോൾ എന്റെ ഹൃദയം പറന്നുപോകാറായി.(ബു: മു.) അവയിലടങ്ങിയ ചോദ്യങ്ങൾ കേട്ട് അദ്ദേഹം സ്തംഭിച്ചുപോയി എന്ന് അർത്ഥം. ബദ്ർയുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവർക്ക്‌വേണ്ടി മോചനമൂല്യം കൊടുക്കുവാനായി മദീനഃയിൽ വന്നതായിരുന്നു അന്ന് ജുബൈർ (റ). അന്ന് അദ്ദേഹം വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല. അദ്ദേഹം പിന്നീട് വിശ്വസിക്കുവാനുള്ള ഒരു കാരണം അതായിരുന്നു. المصيطرون എന്ന വാക്ക് സ്വാദിന് പകരം സീൻ(ചേർത്ത്) المسيطرون എന്നും വായനയുണ്ട്. അർത്ഥത്തിൽ മാറ്റമില്ല.

أَمْ لَهُمْ سُلَّمٌ يَسْتَمِعُونَ فِيهِ ۖ فَلْيَأْتِ مُسْتَمِعُهُم بِسُلْطَـٰنٍ مُّبِينٍ ﴿٣٨﴾

﴾38﴿ അതല്ല, തങ്ങൾക്ക് (കയറിച്ചെന്ന്) ചെവികൊടുത്തു കേൾക്കാവുന്ന വല്ല കോണിയും അവർക്കുണ്ടോ?! എന്നാൽ, അവരിൽ ചെവികൊടുത്തു കേൾക്കുന്നവൻ വ്യക്തമായ ഒരു (അധികൃത) ലക്ഷ്യം കൊണ്ടുവരട്ടെ!

﴾38﴿ أَمْ لَهُمْ അതല്ല അവർക്കുണ്ടോ سُلَّمٌ വല്ല കോണിയും, ഏണി يَسْتَمِعُونَ അവർ ചെവി (ശ്രദ്ധ) കൊടുത്തു കേൾക്കും, കേൾക്കാവുന്ന فِيهِ അതിൽ (കേറിക്കൊണ്ട്) فَلْيَأْتِ എന്നാൽ വരട്ടെ مُسْتَمِعُهُم അവരിൽ ചെവികൊടു(ത്തു കേൾ)ക്കുന്നവൻ بِسُلْطَٰنٍ ഒരു (അധികൃതമായ) ലക്ഷ്യവും കൊണ്ട്, രേഖയുമായി مُّبِينٍ വ്യക്തമായ

ആകാശത്ത് കയറിച്ചെന്ന് അവിടെ നടക്കുന്ന ഉപരിലോകവാർത്തകൾ കേട്ട് മനസ്സിലാക്കിപ്പോരുവാനുള്ള വല്ല കോണിയും- അഥവാ മാർഗവും- അവർക്കുണ്ടെന്നും, അതുവഴി നബി ﷺ പറയുന്നത് കളവാണെന്ന് തെളിയിക്കുന്ന അധികൃതമായ രേഖ അവരുടെ പക്കലുണ്ടെന്നും അവർ വാദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ആ രേഖയൊന്ന് കാണട്ടെ എന്ന് സാരം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ആകാശത്തേക്ക് കോണിവെച്ചോ മറ്റോ കയറിച്ചെല്ലുവാൻ സാദ്ധ്യമല്ലെന്ന് വ്യക്തമാണ്. ജിന്ന്‌വർഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ, നബി ﷺയുടെ ആഗമനത്തോടുകൂടി അവർക്കും ആകാശത്തേക്കുള്ള പ്രവേശനം മുടക്കപ്പെട്ടിരിക്കുന്നു. എനി, മനുഷ്യർക്കോ ജിന്നുകൾക്കോ ഏതെങ്കിലും വിധേന ആകാശത്തേക്ക് കയറിപ്പോകാമെന്ന് സങ്കൽപിച്ചാൽ പോലും ഈ സത്യനിഷേധികളുടെ വാദം ശരിവെക്കുന്ന തെളിവ് അവർക്ക് എവിടെനിന്ന് കിട്ടുവാനാണ്?!

മുൻകാലത്ത് പിശാചുക്കൾ ആകാശത്തേക്ക് കയറിച്ചെന്ന് മലക്കുകളിൽ നിന്ന് ചില വാർത്തകൾ കട്ടുകേട്ടിരുന്നുവെന്നും, നബി ﷺയുടെ പ്രവാചകത്വത്തോടുകൂടി അത് നിശ്ശേഷം മുടക്കപ്പെട്ടിരിക്കുകയാണെന്നുമുള്ള യാഥാർത്ഥ്യത്തെ നിഷേധിക്കുകയും, അതിനെപ്പറ്റി ക്വുർആൻ ഒന്നിലധികം സ്ഥലത്ത് വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതിന് ദുർവ്യാഖ്യാനങ്ങൾ നൽകി തൃപ്തി അടയുകയും ചെയ്യുന്നവർ ഈ ആയത്ത് അവർക്കൊരു തെളിവായി ചൂണ്ടിക്കാട്ടാറുണ്ട്. ഇത് അവർക്ക് തെളിവാകുന്നില്ലെന്ന് മേൽ വിവരിച്ചതിൽനിന്ന് മനസ്സിലാക്കാം. ഈ വിഷയകമായി സൂ: ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വേണ്ടത്ര വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതലൊന്നും പറയേണ്ടുന്ന ആവശ്യമില്ല.

أَمْ لَهُ ٱلْبَنَٰتُ وَلَكُمُ ٱلْبَنُونَ ﴿٣٩﴾

﴾39﴿ അതല്ല, അവന് [അല്ലാഹുവിന്] പെൺമക്കളും, നിങ്ങൾക്ക് ആൺമക്കളുമാണോ ഉള്ളത്?!

﴾39﴿ أَمْ لَهُ അതല്ല അവനാണോ, അവനുണ്ടോ ٱلْبَنَٰتُ പെൺമക്കൾ وَلَكُمُ നിങ്ങൾക്ക്, നിങ്ങൾക്കോ ٱلْبَنُونَ ആൺമക്കളും

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് പറയുകയും, അതേസമയത്ത് തങ്ങൾക്ക് പെൺമക്കളുണ്ടാകുന്നപക്ഷം ക്ഷുഭിതരാകുകയും അവരെ കൊന്നു കളയുവാൻപോലും ധൃഷ്ടരാകുകയും ചെയ്യുന്ന മുശ്‌രിക്കുകളെ ഉന്നം വെച്ചു കൊണ്ടുള്ളതാണ് ഈ ചോദ്യം

أَمْ تَسْـَٔلُهُمْ أَجْرًا فَهُم مِّن مَّغْرَمٍ مُّثْقَلُونَ ﴿٤٠﴾

﴾40﴿ അതല്ല, (നബിയേ) അവരോട് നീ വല്ല പ്രതിഫലവും ചോദിച്ചിട്ട് (അത്മൂലം) അവർ കടബാധ്യതയാൽ ഭാരപ്പെട്ടിരിക്കുന്നവരാണോ?

﴾41﴿ أَمْ تَسْـَٔلُهُمْ അതല്ല നീ അവരോട് ചോദിക്കുന്നുവോ أَجْرًا വല്ല പ്രതിഫലവും فَهُم എന്നിട്ട് (അതിനാൽ) അവർ مِّن مَّغْرَمٍ കടബാധ്യതയിൽ مُّثْقَلُونَ ഭാരപ്പെട്ടവരാകുന്നു(വോ)

നബി ﷺ പ്രബോധനം ചെയ്യുന്ന തത്വങ്ങളെല്ലാം സ്പഷ്ടമായ യാഥാർത്ഥ്യങ്ങളായിരുന്നിട്ടും അവർ നബി ﷺയെ പിൻപറ്റാതിരിക്കുന്നത് കാണുമ്പോൾ, ഒരു പക്ഷേ ആ പ്രബോധനത്തിന്റെ പേരിൽ നബി ﷺ അവരോട് വമ്പിച്ച വല്ല പ്രതിഫലവും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്നും, അങ്ങനെ അവർക്ക് താങ്ങാനാവാത്ത സാമ്പത്തിക ബാദ്ധ്യത ഏൽക്കേണ്ടിവന്നിട്ടുണ്ടെന്നും, അതുകൊണ്ടാണവർ നബി ﷺയെ പിൻപറ്റാൻ വൈമനസ്യം കാണിക്കുന്നതെന്നും തോന്നിപ്പോകും! അങ്ങനെ വല്ലതും ഉണ്ടോ എന്നാണ് ചോദ്യം. അഥവാ അത്രക്കും ശോചനീയമാണവരുടെ നില എന്ന് താല്പര്യം.

أَمْ عِندَهُمُ ٱلْغَيْبُ فَهُمْ يَكْتُبُونَ ﴿٤١﴾

﴾41﴿ അതല്ല, അദൃശ്യജ്ഞാനം അവരുടെ അടുക്കൽ ഉണ്ടായിട്ട് അവർ (അത്) എഴുതുന്നുവോ?! [അതനുസരിച്ചാണോ അവരുടെ ഈ പ്രവർത്തനങ്ങൾ?!]

أَمْ يُرِيدُونَ كَيْدًا ۖ فَٱلَّذِينَ كَفَرُوا۟ هُمُ ٱلْمَكِيدُونَ ﴿٤٢﴾

﴾42﴿ അതല്ല, അവർ വല്ല തന്ത്രവും (നടത്തുവാൻ) ഉദ്ദേശിക്കുന്നുവോ?! എന്നാൽ, (ആ) അവിശ്വസിച്ചിട്ടുള്ളവർ തന്നെയാണ് തന്ത്രത്തിലകപ്പെടുന്നവർ.

﴾41﴿ أَمْ عِندَهُمُ അതല്ല അവരുടെ പക്കലുണ്ടോ ٱلْغَيْبُ അദൃശ്യജ്ഞാനം, (മറഞ്ഞവിവരം) فَهُمْ എന്നിട്ടവർ يَكْتُبُونَ എഴുതുക(യാണോ), എഴുതുന്നു(വോ) ﴾42﴿ أَمْ يُرِيدُونَ അതല്ല അവർ ഉദ്ദേശിക്കുന്നുവോ كَيْدًا വല്ല തന്ത്രവും, ഉപായവും, ചതിയും فَٱلَّذِينَ كَفَرُوا۟ എന്നാൽ അവിശ്വസിച്ചിട്ടുള്ളവർ هُمُ അവർ തന്നെയാണ് ٱلْمَكِيدُونَ തന്ത്രത്തിലകപ്പെടുന്നവർ (തന്ത്രം പിണയുന്നവർ)

ഏതെങ്കിലും കുയുക്തിയും, കുതന്ത്രവും ഉപയോഗിച്ച് സത്യപ്രബോധനം തടസ്സപ്പെടുത്തിക്കളയാമെന്ന് അവർക്ക് ഭാവമുണ്ടെങ്കിൽ, അതിനവർ മിനക്കെടേണ്ടാ അതവർക്ക് തന്നെയാണ് ആപത്തായിത്തീരുക എന്ന് താൽപര്യം. ഉദാഹരണമായി; ഹിജ്റഃയുടെ മുമ്പ് അവതരിച്ചതാണ് ഈ അദ്ധ്യായം. നബി ﷺ ഹിജ്റഃ പുറപ്പെട്ട ആ രാത്രി നബി ﷺയെ കൊലപ്പെടുത്തുവാൻ അവർ ഗൂഢമായി പരിപാടിയിട്ടു വീടുവളഞ്ഞതും, തിരുമേനി അല്ലാഹുവിന്റെ കാവൽകൊണ്ട് രക്ഷപ്പെട്ടതും പ്രസിദ്ധമാണ്. രണ്ടുവർഷം കഴിഞ്ഞപ്പോഴേക്കും ആ വമ്പൻമാരെല്ലാം ബദ്റിൽവെച്ച് അത്ഭുതകരമാംവണ്ണം കൊല്ലപ്പെടുകയും ചെയ്തു.

أَمْ لَهُمْ إِلَٰهٌ غَيْرُ ٱللَّهِ ۚ سُبْحَٰنَ ٱللَّهِ عَمَّا يُشْرِكُونَ ﴿٤٣﴾

﴾43﴿ അതല്ല, അവർക്കുണ്ടോ അല്ലാഹു അല്ലാത്ത വല്ല ആരാധ്യനും [ദൈവവും]?! (ഇല്ല-) അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു മഹാപരിശുദ്ധൻ!

﴾43﴿ أَمْ لَهُمْ അതല്ല അവർക്കുണ്ടോ إِلَٰهٌ വല്ല ദൈവവും غَيْرُ ٱللَّهِ അല്ലാഹു അല്ലാത്ത سُبْحَٰنَ ٱللَّهِ അല്ലാഹു മഹാ പരിശുദ്ധൻ عَمَّا يُشْرِكُونَ അവർ പങ്ക് ചേർക്കുന്നതിൽനിന്ന്

ആ മുശ്‌രിക്കുകളുടെ ഹൃദയങ്ങൾ എന്ത്മാത്രം ദുഷിച്ചുപോയിട്ടുണ്ടെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

وَإِن يَرَوْا۟ كِسْفًا مِّنَ ٱلسَّمَآءِ سَاقِطًا يَقُولُوا۟ سَحَابٌ مَّرْكُومٌ ﴿٤٤﴾

﴾44﴿ ആകാശത്തുനിന്ന് ഒരു കഷ്ണം വീഴുന്നതായി അവർ (നേരിൽ) കാണുന്നതായാലും അവർ പറയും; തട്ടിയിടപ്പെട്ട മേഘമാണ് എന്ന്!

﴾44﴿ وَإِن يَرَوْا۟ അവർ കാണുന്നതായാലും, കണ്ടാൽ كِسْفًا ഒരു കഷ്ണം, വല്ല കഷ്ണവും مِّنَ ٱلسَّمَآءِ ആകാശത്തുനിന്ന് سَاقِطًا വീഴുന്നതായി, വീണതായി يَقُولُوا۟ അവർ പറയും سَحَابٌ മേഘം, മേഘമാണ് مَّرْكُومٌ അട്ടിയാക്കപ്പെട്ട

എന്നിരിക്കെ അവരെങ്ങിനെ സൻമാർഗം പ്രാപിക്കും?! അതെ, അവർ സത്യത്തിലേക്ക് മടങ്ങുമെന്നുള്ള പ്രതീക്ഷക്ക് പഴുതില്ലാത്തവണ്ണം അവരുടെ ഹൃദയങ്ങൾ കടുത്തുപോയിരിക്കുന്നു!

فَذَرْهُمْ حَتَّىٰ يُلَـٰقُوا۟ يَوْمَهُمُ ٱلَّذِى فِيهِ يُصْعَقُونَ ﴿٤٥﴾

﴾45﴿ ആകയാൽ, (നബിയേ) അവർ ബോധംകെട്ട് (അഥവാ മരണമടഞ്ഞു) പോകുന്ന ആ ദിവസവുമായി അവർ കണ്ട്മുട്ടുന്നതുവരേക്കും അവരെ വിട്ടേക്കുക.

يَوْمَ لَا يُغْنِى عَنْهُمْ كَيْدُهُمْ شَيْـًٔا وَلَا هُمْ يُنصَرُونَ ﴿٤٦﴾

﴾46﴿ അതായത്, അവരുടെ തന്ത്രം ഒട്ടുംതന്നെ അവർക്ക് ഉപകരിക്കാത്ത, അവർ സഹായിക്കപ്പെടുന്നതുമല്ലാത്ത (ആ) ദിവസം!

وَإِنَّ لِلَّذِينَ ظَلَمُوا۟ عَذَابًا دُونَ ذَٰلِكَ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٤٧﴾

﴾47﴿ അക്രമം പ്രവർത്തിച്ചവർക്ക് നിശ്ചയമായും അത് കൂടാതെ (വേറെ)യും ശിക്ഷയുണ്ട്. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

﴾45﴿ فَذَرْهُمْ ആകയാൽ അവരെവിട്ടേക്കുക حَتَّىٰ يُلَـٰقُوا۟ അവർ കണ്ട്മുട്ടുന്നതുവരെ يَوْمَهُمُ ٱلَّذِى അവരുടെ യാതൊരു ദിവസം فِيهِ يُصْعَقُونَ അതിൽ അവർക്ക് സ്തംഭനം ബാധിക്കും, അവർ ബോധം കെടുത്തപ്പെടും, മരവിക്കും ﴾46﴿ يَوْمَ لَا يُغْنِى അതായത് ഉപകരിക്കാത്ത (പര്യാപ്തമാകാത്ത) ദിവസം عَنْهُمْ അവർക്ക് كَيْدُهُمْ അവരുടെ തന്ത്രം شَيْـًٔا ഒട്ടും, യാതൊന്നും وَلَا هُمْ يُنصَرُونَ അവർ സഹായിക്കപ്പെടുന്നതുമല്ല ﴾47﴿ وَإِنَّ لِلَّذِينَ നിശ്ചയമായും യാതൊരുവർക്കുണ്ട് ظَلَمُوا۟ അക്രമം ചെയ്ത عَذَابًا ശിക്ഷ دُونَ ذَٰلِكَ അത് കൂടാതെ وَلَـٰكِنَّ أَكْثَرَهُمْ എങ്കിലും അവരിൽ അധികവും لَا يَعْلَمُونَ അവർ അറിയുന്നില്ല

ബോധം കെട്ടു -അഥവാ മരണപ്പെട്ടു- മരവിച്ചുപോകുന്ന ദിവസം എന്ന് പറഞ്ഞത് ഖിയാമത്തുനാളിനെ ഉദ്ദേശിച്ചും അത് കൂടാതെയും ശിക്ഷയുണ്ട് എന്ന് പറഞ്ഞത് ഇഹത്തിൽവെച്ച് അവർക്ക് അനുഭവപ്പെടുന്ന ശിക്ഷകളെ ഉദ്ദേശിച്ചു മാണ് എന്നത്രെ മനസ്സിലാകുന്നത്: ആദ്യത്തേത് ബദ്റിൽ അവർക്ക് ബാധിച്ച ശിക്ഷയെയും, രണ്ടാമത്തേത് അതിനുമുമ്പായി അവർക്ക് ബാധിച്ചിരുന്ന -ഏഴു കൊല്ലത്തോളം നീണ്ടുനിന്ന- ക്ഷാമം പോലെയുള്ളതിനെയും ഉദ്ദേശിച്ചാണെന്നും, അതല്ല ആദ്യത്തേത് ഐഹിക ശിക്ഷയെയും, രണ്ടാമത്തേത് പരലോക ശിക്ഷ യെയുമാണ് കുറിക്കുന്നതെന്നും ഇവിടെ അഭിപ്രായങ്ങളുണ്ട്. الله اعلم. ഏതായാലും, ഇഹത്തിലും പരത്തിലും അവർക്ക് ശിക്ഷയുണ്ടെന്ന കാര്യം തീർച്ചതന്നെ. دون ذلك എന്ന വാക്കിന് അത് കൂടാതെഎന്നും, അതിന് താഴെഎന്നും, അതിന പ്പുറംഎന്നുമൊക്കെ അർത്ഥം വരാവുന്നതാകുന്നു.

وَٱصْبِرْ لِحُكْمِ رَبِّكَ فَإِنَّكَ بِأَعْيُنِنَا ۖ وَسَبِّحْ بِحَمْدِ رَبِّكَ حِينَ تَقُومُ ﴿٤٨﴾

﴾48﴿ (നബിയേ) നിന്റെ രക്ഷിതാവിന്റെ വിധിക്ക് നീ ക്ഷമിച്ചുകൊള്ളുകയും ചെയ്യുക. നിശ്ചയമായും, നീ നമ്മുടെ ദൃഷ്ടിയിലാകുന്നു. [നിന്നെ നാം കാത്തുരക്ഷിക്കും.] നീ എഴുന്നേൽക്കുന്ന സമയത്ത് നിന്റെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്രകീർത്തനം] നടത്തുകയും ചെയ്യുക.

وَمِنَ ٱلَّيْلِ فَسَبِّحْهُ وَإِدْبَٰرَ ٱلنُّجُومِ ﴿٤٩﴾

﴾49﴿ രാത്രിയിൽനിന്നുംതന്നെ (കുറച്ചു സമയം) അവന് തസ്ബീഹ് നടത്തുക; നക്ഷത്രങ്ങൾ പിന്നോക്കം വെക്കുമ്പോഴും (നടത്തണം).

﴾48﴿ وَٱصْبِرْ ക്ഷമിക്കുകയും ചെയ്യുക لِحُكْمِ رَبِّكَ നിന്റെ റബ്ബിന്റെ വിധിക്ക് فَإِنَّكَ എന്നാൽ നിശ്ചയമായും നീ بِأَعْيُنِنَا നമ്മുടെ കണ്ണിലാണ് (ദൃഷ്ടിയിലാണ്) وَسَبِّحْ തസ്ബീഹ് നടത്തുകയും ചെയ്യുക بِحَمْدِ رَبِّكَ നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് حِينَ تَقُومُ നീ എഴുന്നേൽക്കുമ്പോൾ ﴾49﴿ وَمِنَ ٱلَّيْلِ രാത്രിയിൽനിന്നും فَسَبِّحْهُ നീ അവന് തസ്ബീഹ് ചെയ്യുക وَإِدْبَٰرَ പിന്നോക്കം പോക്കിലും (പിന്നോക്കം വെക്കുമ്പോഴും) ٱلنُّجُومِ നക്ഷത്രങ്ങളുടെ

ശത്രുക്കളുടെ നാശം വിദൂരമല്ല. അവരുടെ കാര്യത്തിൽ അല്ലാഹു വിധി നട

ത്തിക്കൊള്ളും, തൽക്കാലം അവരുടെ ഉപദ്രവങ്ങളിൽ ക്ഷമ കൈകൊള്ളുക എന്നൊക്കെ നബി ﷺയെ ഉപദേശിക്കുകയും, തിരുമേനിക്ക് അല്ലാഹുവിന്റെ പ്രത്യേക കാവലും സംരക്ഷണവും ഉണ്ടായിരിക്കുമെന്ന് ഉണർത്തുകയും ചെയ്യുന്നു. അവസാനമായി അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് നടത്തുവാനും ഉപദേശിക്കുന്നു. അല്ലാഹുവിന്റെ മഹത്വത്തെയും, പരിശുദ്ധതയെയും വാഴ്ത്തുക, അവന് സ്തോത്രകീർത്തനങ്ങൾ നടത്തുക എന്നൊക്കെയാണ് തസ്ബീഹിന്റെ അർത്ഥം. ഇമാംറാഗിബ് (റ) ചൂണ്ടിക്കാട്ടിയതുപോലെ, മനസാ വാചാ കർമണാ ഉണ്ടാകുന്ന എല്ലാ ആരാധനകൾക്കും പൊതുവായും, നമസ്കാരത്തിന് പ്രത്യേകമായും തസ്ബീഹ് എന്ന് പറയപ്പെടാറുണ്ട്. ദിക്റും തസ്ബീഹുംഅല്ലെങ്കിൽ തസ്ബീഹും തക്ബീറുംഎന്നൊക്കെ പറയുമ്പോൾ നാവുകൊണ്ടുള്ള സ്ത്രോത്രകീർത്തനങ്ങളായിരിക്കും മിക്കവാറും അതുകൊണ്ടുദ്ദേശ്യം. അല്ലാഹുവിന്റെ സ്തുതികീർത്തനങ്ങൾ ഏതവസരത്തിലായിരുന്നാലും, അത് മഹത്തായ പുണ്യകർമംതന്നെ. എങ്കിലും, ചില സമയങ്ങൾ പ്രത്യേകം പ്രാധാന്യമർഹിക്കുന്നവയാണ്താനും. ഈ സമയങ്ങളെപ്പറ്റി ക്വുർആനിൽ പല സ്ഥലത്തും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. (സൂ: റൂം: 17, 18 മുതലായവ നോക്കുക.)

മൂന്ന് സമയങ്ങളാണ് ഈ വചനത്തിൽ എടുത്തു പറഞ്ഞിരിക്കുന്നത്. ഒന്നാമത്തേത് حِينَ تَقُومُ (എഴുന്നേൽക്കുന്നസമയത്ത്) എന്നത്രെ. ഈ സമയംകൊണ്ടുദ്ദേശ്യം ഏതാണെന്ന വിഷയത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം. അവയിൽ പ്രസക്തമായത് മൂന്നഭിപ്രായങ്ങളാകുന്നു. 1) ഉറക്കത്തിൽനിന്ന് എഴുന്നേൽക്കുമ്പോൾ എന്നും, 2) നമസ്കാരത്തിന് എഴുന്നേൽക്കുമ്പോൾ, അഥവാ നമസ്കാരത്തിന്റെ ആരംഭത്തിൽ എന്നും, 3) ഇരുന്നിടത്തുനിന്ന് എഴുന്നേൽക്കുമ്പോൾ എന്നും. നബിചര്യകൾ പരിശോധിക്കുമ്പോൾ ഈ മൂന്നവസരങ്ങളിലും ഒരുപ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ അല്ലാഹുവിന്റെ സ്തുതികീർത്തനങ്ങൾക്ക് പ്രാധാന്യം നൽകപ്പെട്ടിട്ടുള്ളതായി കാണാവുന്നതാകുന്നു. അതുകൊണ്ട് ഇവയിൽ ഒന്നുമാത്രം സ്വീകരിച്ചു മറ്റുള്ളവ തള്ളിക്കളയേണ്ടുന്ന ആവശ്യം നേരിടുന്നില്ല. ആയത്തിലാകട്ടെ, ഒരു പ്രത്യേക സൂചന കാണപ്പെടുന്നുമില്ല. എങ്കിലും ഒന്നിന് മുൻഗണന നൽകുന്നപക്ഷം, ഇരുന്നിടത്തുനിന്ന് എഴുന്നേൽക്കുമ്പോൾ എന്ന അഭിപ്രായത്തിനായിരിക്കും നല്ലതെന്നാണ് മനസ്സിലാകുന്നത്. കാരണം, പ്രായോഗികമായി നോക്കുമ്പോൾ മറ്റു രണ്ടഭിപ്രായങ്ങളും അതിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നതായിരിക്കുമല്ലോ. والله اعلم രണ്ടാമത്തേത്: രാത്രിയിൽനിന്നും അൽപസമയം (من الليل) ആകുന്നു. രാത്രിയിൽ നമസ്കാരം, ദുആ മുതലായവക്ക് പ്രേരിപ്പിക്കുന്ന ധാരാളം ക്വുർആൻ വചനങ്ങളും, നബി വചനങ്ങളും കാണാവുന്നതാണ്. മൂന്നാമത്തേത്: നക്ഷത്രങ്ങൾ പിന്നോക്കം വെക്കുന്ന സമയം (ادبار النجوم) ആകുന്നു. പ്രഭാതം പ്രത്യക്ഷപ്പെടുവാൻ തുടങ്ങുന്നതോടെ നക്ഷത്രങ്ങൾ അസ്തമിച്ചുതുടങ്ങുമല്ലോ. ഈ സമയമാണ് ഇതുകൊണ്ട് വിവക്ഷ. മേൽപറഞ്ഞ ഓരോ അവസരത്തിന്റെയും പ്രാധാന്യം

നബിചര്യയിൽ പരിഗണിക്കപ്പെട്ടിട്ടുണ്ടെന്ന് കാണിക്കുന്ന ചില ഉദാഹരണങ്ങൾ കാണുക:-

1. നമസ്കാരത്തിന്റെ ആരംഭത്തിൽ (തക്ബീറിനുശേഷം) നബി ﷺ ഇപ്രകാരം പറയാറുണ്ടായിരുന്നതായി ഇമാം അഹ്മദ് (റ) മുസ്‌ലിം (റ) മുതലായവർ ഉദ്ധരിക്കുന്നു: سُبْحَانَكَ اللّهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَ تَعَالَى جدك وَلاَ إله غَيْرُكَ –احمد و غيرهم (സാരം: അല്ലാഹുവേ, നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുകയും നിന്നെ സ്തുതിക്കുകയും ചെയ്യുന്നു. നിന്റെ നാമം വളരെ മേൻമയേറിയതാണ്. നിന്റെ മഹത്വം വളരെ ഉന്നതമാണ്. നീയല്ലാതെ ആരാധ്യനേയില്ല.)

2. നബി ﷺ അവിടുത്തെ ജീവിതത്തിന്റെ അവസാനകാലങ്ങളിൽ ഇരുന്നിടത്തു നിന്ന് എഴുന്നേറ്റു പോകുമ്പോൾ ഇങ്ങനെ പറഞ്ഞിരുന്നു: سُبْحَانَكَ اللّهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لاَ إِلهَ إِلاَّ أَنْتَ اسْتَغْفِرُكَ وَ أَتُوبُ إِلَيْكَ –ابوداود والنسائي والحاكم (സാരം: അല്ലാഹുവേ, നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും നിന്നെ സ്തുതിക്കുകയും ചെയ്യുന്നു. നീ അല്ലാതെ ഇലാഹില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. നിന്നോട് ഞാൻ പാപമോചനം തേടുകയും, നിന്റെ അടുക്കലേക്ക് ഞാൻ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു. (അ; ദാ; ഹാ.)

3. ആയിശഃ (റ) പറയുന്നു: പ്രഭാതത്തിലെ രണ്ട് റക്അത്തിനെ (സ്വുബ്ഹ് നമസ്കാരത്തിന്റെ മുമ്പുള്ള സുന്നത്ത് നമസ്കാരത്തെ)ക്കുറിച്ച് നബി തിരുമേനി ﷺ സൂക്ഷ്മത കാണിക്കുന്ന അത്രയധികം സൂക്ഷ്മത മറ്റൊരു ഐച്ഛിക (സുന്നത്ത്) നമസ്കാരത്തെക്കുറിച്ചും അവിടുന്ന് കാണിക്കാറുണ്ടായിരുന്നില്ല. (ബു; മു.)

4. നബി ﷺ അരുളിച്ചെയ്യുന്നു: ഹേ, മനുഷ്യരേ, നിങ്ങൾ സലാം പ്രചരിപ്പിക്കുവിൻ, ഭക്ഷണദാനം ചെയ്യുവിൻ, മനുഷ്യർ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ (രാത്രി) നമസ്കരിക്കുവിൻ, എന്നാൽ നിങ്ങൾക്ക് സമാധാനത്തോടെ സ്വർഗത്തിൽ പ്രവേശിക്കാം. (തി.)

5. ആഇശഃ (റ) പറയുന്നു: നബി ﷺ രാത്രിയുടെ ആദ്യത്തിൽ ഉറങ്ങുകയും അതിന്റെ അവസാനത്തിൽ നമസ്കാരത്തിന് നിൽക്കുകയും ചെയ്തിരുന്നു. (ബു; മു.)

6. ഒരു ജനത ഒരു സദസ്സിൽ ഇരുന്നിട്ട് അതിൽവെച്ച് തീരെ അല്ലാഹുവിന്റെ ദിക്ർ (സ്മരണ) നടക്കാതെ അതിൽനിന്ന് എഴുന്നേറ്റു പോകുന്നപക്ഷം ആ സദസ്സ് അവർക്ക് ദോഷകരവും നഷ്ടകരവുമായിട്ടല്ലാതെ വരികയില്ല എന്ന് അബൂദാവൂദും തിർമദിയും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ വന്നിരിക്കുന്നു.

سبحانك اللهم ربنا ولك الحمد ولك المنة والفضل

سورة النجم

53. സൂറത്തുന്നജ്മ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 62 - വിഭാഗം (റുകൂഉ്) 3

[32 -ാം വചനം മദനിയ്യാണെന്നും പറയപ്പെട്ടിട്ടുണ്ട്.]

ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ رحمهم الله എന്നീ മഹാൻമാർ ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. സുജൂദ് (ഓത്തിന്റെ സുജൂദ് ചെയ്യേണ്ടുന്ന ആയത്ത്) അവതരിച്ച ആദ്യത്തെ അദ്ധ്യായം സൂറത്തുന്നജ്മ് ആകുന്നു. എന്നിട്ട് (അത് ഓതിക്കൊണ്ട്) നബി ﷺ സുജൂദ് ചെയ്കയുണ്ടായി. (അത് കേട്ടവരിൽ) ഒരാൾ ഒഴിച്ച് മറ്റെല്ലാവരും സുജൂദ് ചെയ്തു. ആ മനുഷ്യൻ ഒരു പിടി മണ്ണ് കയ്യിലെടുത്ത് അതിൻമേൽ സുജൂദ് ചെയ്കയാണ് ചെയ്തത്. പിന്നീട് അയാൾ അവിശ്വാസിയായ നിലയിൽ കൊല്ല പ്പെട്ടത് ഞാൻ കാണുകയുണ്ടായി. ഉമയ്യത്തുബ്നുഖലഫ് (أُميَّة بن خلَف) ആയി രുന്നു അത്. നബി ﷺ ജനമദ്ധ്യെ പരസ്യമായി ഓതിക്കേൾപ്പിച്ച ഒന്നാമത്തെ സൂറത്ത് ഇതാണെന്നും. മക്കാഹറമിൽവെച്ച് മുശ്‌രിക്കുകളും കൂടിയുള്ള സദ സ്സിൽവെച്ച് തിരുമേനി അത് ഓതിയെന്നും ഇബ്നുമസ്ഊദി (റ) ൽ നിന്നുതന്നെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. (رواه ابن مردويه) അവസാനത്തിലെ ആയത്തിലാണ് സുജൂദിന്റെ സ്ഥാനം. ഈ സൂറത്തിലെ വചനങ്ങൾ ഓരോന്നും ഹൃദയത്തിന്റെ ഉള്ളോട്ട് തുളച്ച് ചെല്ലുവാൻ പോരുന്നവയത്രെ. കൂടാതെ, ആകർഷകമായ ഒരു ശ്രവണമാധുര്യം കൂടി അവർക്കുള്ളതായിക്കാണാം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلنَّجۡمِ إِذَا هَوَىٰ ﴿١﴾

﴾1﴿ നക്ഷത്രം തന്നെയാണ് സത്യം- അത് താണുവരുമ്പോൾ!

مَا ضَلَّ صَاحِبُكُمۡ وَمَا غَوَىٰ ﴿٢﴾

﴾2﴿ നിങ്ങളുടെ ആൾ [നബി] വഴി പിഴച്ചിട്ടില്ല; അദ്ദേഹത്തിന് അബദ്ധം പിണഞ്ഞിട്ടുമില്ല.

وَمَا يَنطِقُ عَنِ ٱلۡهَوَىٰٓ ۝٣

《3》 അദ്ദേഹം (സ്വന്തം) ഇച്ഛപ്രകാരം സംസാരിക്കുകയില്ല.

إِنۡ هُوَ إِلَّا وَحۡيٞ يُوحَىٰ ۝٤

《4》 അത്, അദ്ദേഹത്തിന് നൽകപ്പെടുന്ന വഹ്‌യ് [ദൈവികബോധനം] അല്ലാതെ (മറ്റൊന്നും) അല്ല.

《1》 وَٱلنَّجۡمِ നക്ഷത്രം തന്നെയാണ് إِذَا هَوَىٰ അത് വീണ് (താണ്) വരുമ്പോൾ, അസ്തമിച്ചാൽ 《2》 مَا ضَلَّ വഴിപിഴച്ചിട്ടില്ല صَاحِبُكُمۡ നിങ്ങളുടെ ആൾ, കൂട്ടുകാരൻ, ചങ്ങാതി وَمَا غَوَىٰ അബദ്ധം പിണഞ്ഞിട്ടു (തെറ്റ് പറ്റിയിട്ടു)മില്ല 《3》 وَمَا يَنۡطِقُ അദ്ദേഹം സംസാരിക്കുക (മിണ്ടുക, മൊഴിയുക)യുമില്ല عَنِ ٱلۡهَوَىٰٓ ഇച്ഛയാൽ, ഇച്ഛപ്രകാരം 《4》 إِنۡ هُوَ അതല്ല إِلَّا وَحۡيٌ വഹ്‌യല്ലാതെ يُوحَىٰ അദ്ദേഹത്തിന് വഹ്‌യ് നൽകപ്പെടുന്ന

അല്ലാഹു ഏതെങ്കിലും വസ്തുവിന്റെ പേരിൽ സത്യം ചെയ്ത് പറയുമ്പോൾ, അതിൽ ചില രഹസ്യങ്ങളും ക്വുർആൻ പ്രബോധനം ചെയ്യുന്ന തത്വങ്ങളെ സ്ഥിരീകരിക്കുന്ന ചില ദൃഷ്ടാന്തങ്ങളും അടങ്ങിയിരിക്കുമെന്ന് തീർച്ചയാണ്. പരിഷ്കൃത രീതിയിലുള്ള ഇന്നത്തെ നിരീക്ഷണ സമ്പ്രദായങ്ങൾ നിലവിൽ വരുംമുമ്പ് പ്രാകൃത രൂപത്തിൽ മനുഷ്യൻ ആകാശത്തെ നിരീക്ഷണം ചെയ്യാൻ തുടങ്ങിയ കാലം മുതൽക്കുതന്നെ, നക്ഷത്രങ്ങൾ മുഖേന അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ പലതും മനസ്സിലാക്കുവാൻ മനുഷ്യന് കഴിയുമായിരുന്നു. കണക്കറ്റ നക്ഷത്രഗോളങ്ങൾ ദിനം പ്രതി ഉദിക്കുന്നു, അസ്തമിക്കുന്നു, മുന്നോട്ടുവരുന്നു, പിന്നോട്ട് പോകുന്നു, ശോഭിക്കുന്നു, പ്രകാശിക്കുന്നു............! വലുപ്പത്തിലും ഗതിവിഗതിയിലും വ്യത്യസ്തങ്ങളെങ്കിലും ഓരോന്നും ഒരു വ്യവസ്ഥാപിതമായ പരിപാടിയനുസരിച്ച് നിലകൊള്ളുന്നു. ഘടികാരവും, വടക്കുനോക്കിയന്ത്രവും കണ്ടുപിടിക്കപ്പെടുന്നതിന് മുമ്പ് ദിക്ക് നിർണയത്തിലും, നക്ഷത്രങ്ങൾക്കുള്ള സ്ഥാനം വമ്പിച്ചതായിരുന്നു. സമുദ്രത്തിലും മരുഭൂമിയിലും യാത്ര ചെയ്യുന്നവർക്ക് നക്ഷത്രമാർഗങ്ങളെപ്പറ്റി സാമാന്യമായ അറിവെങ്കിലും ഒഴിച്ച് കൂടാത്തതായിരുന്നു. നക്ഷത്രങ്ങളായിരുന്നു അവരുടെ പ്രധാന മാർഗദർശകൻമാർ. (وَبِالنَّجْمِ هُمْ يَهْتَدُونَ)

പരിഷ്കൃത ഗവേഷക നിരീക്ഷണ ഫലങ്ങൾ വെച്ചുകൊണ്ട് അല്ലാഹുവിന്റെ സൃഷ്ടി മാഹാത്മ്യത്തെയും അനുഗ്രഹങ്ങളെയും കുറിച്ച് ചിന്തിക്കുന്നവർക്ക് മുൻകാലത്ത് കണ്ടെത്താൻ കഴിയാത്ത വിലപ്പെട്ട പല വിജ്ഞാനങ്ങളും ലഭിക്കുന്നു. ഒരുകാലത്ത് ഊഹിക്കുവാൻ പോലും സാധ്യമല്ലാത്ത എത്രയോ രഹസ്യങ്ങളും വസ്തുതകളും ഇന്ന് മനുഷ്യന് അറിവായിട്ടുണ്ട്. മുപ്പതിനായിരമോ, മുപ്പതുലക്ഷമോ നക്ഷത്രങ്ങളാണ് ആകാശത്തുള്ളതെന്ന് വിശ്വസിക്കപ്പെട്ടിരുന്ന കാലം നാം പിന്നിട്ട് കഴിഞ്ഞു. മുവ്വായിരം കോടി നക്ഷത്രകുടുംബങ്ങൾ- അഥവാ സൗരയൂഥങ്ങൾ- ആകാശഗംഗയിലുണ്ടെന്ന് ശാസ്ത്രജ്ഞൻമാർ പറയുന്നു. അവ

യിലൊന്നത്രെ നമ്മുടെ സൗരയൂഥം. ഭൂമിക്കും ആകാശത്തിനുമിടക്കുള്ള ദൂരം അഞ്ഞൂറ് കൊല്ലത്തെ നടത്തയാത്രാദൂരമോ, അതിലധികമോ ആണെന്ന് ഒരു കാലത്ത് കരുതപ്പെട്ടിരുന്നു. ഭൂഗോളം ആകമാനം ഒന്ന് ചുറ്റുവാൻ ഒരു സെക്കന്റിന്റെ ഏഴിൽ ഒരു ഭാഗം സമയം മാത്രം എടുക്കുന്ന വെളിച്ചം- അല്ലെങ്കിൽ വൈദ്യുതതരംഗം -ശാസ്ത്രത്തിന്റെ കണ്ണാടിയിൽ ഇന്ന് അറിയപ്പെട്ട ആകാശ മണ്ഡലത്തെ ഒന്ന് വൃത്തം വെച്ച് പൂർത്തിയാക്കുവാൻ ഏതാണ്ട് പത്തു കോടി കൊല്ലങ്ങൾ വേണം എന്നാണത്രെ ഇപ്പോഴത്തെ നിഗമനം.

ഈ മഹാമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കണക്കറ്റ നക്ഷത്രഗോളങ്ങളെപ്പറ്റി മുമ്പില്ലാത്ത വിവരങ്ങൾ എത്രതന്നെ ഇന്ന് മനുഷ്യന് കരസ്ഥമായിട്ടുണ്ടെങ്കിലും ശരി, അവന് കിട്ടുന്ന ഓരോ അറിവും, അവയെപ്പറ്റി അവന് അറിയുവാൻ കഴിയാത്ത അജ്ഞാത യാഥാർത്ഥ്യങ്ങളുടെ വിസ്തൃതി വലുതാക്കിക്കാട്ടുകയാണ് ചെയ്യുന്നത്. പക്ഷേ, ഒളിഞ്ഞ് കിടപ്പുള്ള അദൃശ്യ ശക്തികളിലേക്കൊന്നും ഹൃദയംകൊണ്ട് നോക്കാതെ, വെളിയിൽകണ്ട പദാർത്ഥങ്ങളിലേക്ക് മാത്രം കണ്ണുകൊണ്ട് നോക്കുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം, അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഏതൊരു മഹാദൃഷ്ടാന്തവും പ്രകൃതിയുടെ പ്രക്രിയയെന്ന ഒരൊറ്റ വാക്കിലൊതുക്കി അവൻ വിധി കൽപിച്ചു സംതൃപ്തിയടഞ്ഞേക്കും. അതേ സമയത്ത് സത്യവിശ്വാസിയുടെ വിശ്വാസത്തെ അവ മേൽക്കുമേൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

നക്ഷത്രങ്ങളിൽ നിന്ന് അറിവും ദൃഷ്ടാന്തവും ലഭിക്കുവാനുള്ള സൗകര്യം ഒരിടത്ത് നിശ്ചലമായിരിക്കുമ്പോഴുള്ളതിനേക്കാൾ കൂടുതലുണ്ടായിരിക്കുക അവ ഏതെങ്കിലും പ്രകാരത്തിൽ ചലിക്കുമ്പോഴായിരിക്കുമല്ലോ. അതുകൊണ്ടായിരിക്കാം നക്ഷത്രം കൊണ്ട് സത്യം ചെയ്തപ്പോൾ إِذَا هَوَىٰ (അത് താണുപോകുമ്പോൾ) എന്നൊരു ഉപാധി അല്ലാഹു പറഞ്ഞിരിക്കുന്നത് الله اعلم. ഇതേ വാക്കിന് തന്നെ മേൽപോട്ട് ഉയരുമ്പോൾഎന്നും ഭാഷയിൽ അർത്ഥം വരാവുന്നതാണ്. രണ്ടർത്ഥങ്ങളും ഒരേ സമയത്ത് കൽപിച്ചു കൂടാ. പക്ഷേ, ഓരോന്നും ഇവിടെ യോജിക്കുന്നത് തന്നെ. വ്യാഖ്യാതാക്കൾ രണ്ടർത്ഥവും സ്വീകരിച്ചു കാണാം. ഈ രണ്ട് അർത്ഥങ്ങളെ ആസ്പദമാക്കിയാണ് മറഞ്ഞു, അസ്തമിച്ചുഎന്നും, പ്രത്യക്ഷപ്പെട്ടു, ഉദിച്ചുഎന്നുമൊക്കെ അതിന് വിവക്ഷ നൽകപ്പെട്ടു കാണുന്നതും. النَّجْم (നക്ഷത്രം) കൊണ്ട് ഉദ്ദേശ്യം ഒരു പ്രത്യേക നക്ഷത്രമല്ല- നക്ഷത്രം പൊതുവിലാണ് -എന്നത്രെ മിക്ക വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ആ നിലക്കാണ് നാമും മുകളിൽ സംസാരിച്ചത്. കാർത്തിക നക്ഷത്രത്തെ (الثريا) പ്രത്യേകം ഉദ്ദേശിച്ചും النَّجْم എന്ന് പറയപ്പെട്ടിരുന്നത്കൊണ്ട് അതാണ് ഇവിടെ ഉദ്ദേശ്യമെന്നും ചിലർ പ്രസ്താവിച്ചിരിക്കുന്നു. ഏതായാലും മുകളിൽ ചൂണ്ടിക്കാട്ടിയതുപോലുള്ള പല അന്തസാരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ സത്യവാചകം.

നിങ്ങളുടെ ആള്‍ അഥവാ മുഹമ്മദ് നബി ﷺ നേര്‍മാര്‍ഗം വിട്ട് തെറ്റുകയോ, അദ്ദേഹത്തിന് അബദ്ധം പിണയുകയോ ഉണ്ടായിട്ടില്ല എന്നത്രെ നക്ഷത്രം മുഖേന ആണയിട്ടുകൊണ്ട് അല്ലാഹു പറയുന്നത്. അതെ, അദ്ദേഹം നിങ്ങള്‍ക്കിടയില്‍ ജനിച്ചുവളര്‍ന്നു. നാല്പത്‌വര്‍ഷം നിങ്ങളുടെ എല്ലാ ബഹുമാനാദരവുകള്‍ക്കും തികച്ചും പാത്രമായിരുന്നു. അങ്ങനെ, നിങ്ങളുടെ സ്വന്തം ആളാണ് (صَاحِبُكُم) അദ്ദേഹം. ഇപ്പോള്‍ അദ്ദേഹം നിങ്ങളുടെ മുമ്പില്‍ ചില യാഥാര്‍ത്ഥ്യങ്ങള്‍ പ്രബോധനം ചെയ്യാന്‍ തുടങ്ങിയിരിക്കുകയാണ്. അതോടുകൂടി അദ്ദേഹത്തോട് നിങ്ങള്‍ക്കുണ്ടായിരുന്ന മതിപ്പും വിശ്വാസവും നഷ്ടപ്പെടുകയും, അദ്ദേഹത്തെ പ്പറ്റി പല ആശങ്കകള്‍ക്കും നിങ്ങള്‍ വശംവദരാവുകയും ചെയ്തിരിക്കയാണ്. വാസ്തവത്തില്‍ അദ്ദേഹത്തിന് യാതൊരു പിഴവും പിണഞ്ഞിരിക്കുകയല്ല. തന്നിഷ്ടം പറയുന്ന ആളുമല്ല അദ്ദേഹം. പക്ഷേ, അദ്ദേഹത്തെ അല്ലാഹു അവന്റെ ദൂതനാക്കി നിശ്ചയിച്ചിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹത്തിന് ദിവ്യബോധനം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇപ്പോള്‍ ഈ പ്രബോധനകൃത്യവുമായി മുന്നോട്ട് വരുവാന്‍ ഇത് മാത്രമാണ് കാരണം. ആ സ്ഥിതിക്ക് അദ്ദേഹത്തെപ്പറ്റി യാതൊരു ആശങ്കക്കും, സംശയങ്ങള്‍ക്കും അവകാശമില്ല എന്ന് താല്‍പര്യം.

നബി ﷺ ഇച്ഛപ്രകാരം സംസാരിക്കുകയില്ല (وَمَا يَنْطِقُ عَنِ الْهَوَى) എന്ന വാക്യം വളരെ ശ്രദ്ധേയമാകുന്നു. തന്നിഷ്ടമോ സ്വാര്‍ത്ഥമോ മുന്‍നിറുത്തി സംസാരിക്കുകയെന്ന സ്വഭാവമേ നബി ﷺ ക്കില്ല എന്നാണല്ലോ ഇതിന്റെ അര്‍ത്ഥം. എന്നാല്‍ പിന്നെ അദ്ദേഹത്തിന്റെ പ്രബോധനങ്ങളും ഉപദേശങ്ങളും ഏതിനെ ആധാരമാക്കിയാണ് എന്ന് ചോദിക്കപ്പെട്ടേക്കാം. അതിനുള്ള മറുപടിയായിട്ടാണ്, അത് അദ്ദേഹത്തിന് ലഭിക്കുന്ന വഹ്‌യല്ലാതെ മറ്റൊന്നുമല്ല (إِنْ هُوَ إِلاَّ وَحْيٌ يُوحَى) എന്ന് പറഞ്ഞിരിക്കുന്നത്. ഈ വാക്യത്തിലെ അത് (هُوَ) എന്ന സര്‍വ്വനാമം (ضمير)കൊണ്ടുദ്ദേശ്യം നബി ﷺ സംസാരിക്കുന്നത് എന്നായിരിക്കാം. അഥവാ വഹ്‌യ് മൂലവും, വഹ്‌യിന്റെ അടിസ്ഥാനത്തിലും മാത്രമാണ് അവിടുന്ന് സംസാരിക്കാറുള്ളത് എന്ന് സാരം. അവിടുത്തെ സംസാരങ്ങളില്‍ ഏറ്റവും പ്രധാനമായത് അവിടുന്ന് പ്രബോധനം ചെയ്യുന്ന ഖുര്‍ആനാണെന്നുള്ളതില്‍ സംശയമില്ല. അതിന്റെ പേരിലാണല്ലോ നബി ﷺ യുടെ നേരെ ആക്ഷേപങ്ങളും നിഷേധങ്ങളും ഉണ്ടായിരിക്കുന്നതും. ആകയാല്‍, ആ സര്‍വ്വനാമം ഖുര്‍ആനെ ഉദ്ദേശിച്ചാണെന്ന് വരാം. സൂ: ശൂറായുടെ അവസാനത്തില്‍ കണ്ടതുപോലെ, വഹ്‌യ് ഒന്നിലധികം പ്രകാരത്തില്‍ ഉണ്ടാകാമെങ്കിലും, ഖുര്‍ആന്റെ വഹ്‌യ് ജിബ്‌റീല്‍ (അ) എന്ന മലക്ക് മുഖാന്തരമാണ് ഉണ്ടായിട്ടുള്ളത്. അടുത്ത വചനത്തില്‍ ഇതിനെപ്പറ്റി പ്രസ്താവിക്കുന്നുമുണ്ട്.

ഇബ്നു ഉമര്‍ (റ) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ഞാന്‍ റസൂല്‍ തിരുമേനി ﷺ യില്‍നിന്ന് കേള്‍ക്കുന്നതെല്ലാം മനഃപാഠമാക്കണമെന്ന ഉദ്ദേശ്യത്തോടെ എഴുതി വെക്കാറുണ്ടായിരുന്നു. ചില ആളുകള്‍ എന്നെ വിരോധിച്ചു. അവര്‍ പറഞ്ഞു: താന്‍ റസൂല്‍ തിരുമേനി ﷺ യില്‍ നിന്ന് കേള്‍ക്കുന്നതെല്ലാം എഴുതുന്നു. റസൂലാകട്ടെ, ഒരു മനുഷ്യനാണ്, ദ്വേഷ്യമുള്ള

അവസരത്തിലും സംസാരിക്കുമല്ലൊ? (അതുകൊണ്ട് ചിലപ്പോൾ സംസാരത്തിൽ വല്ല നീക്കുപോക്കും ഉണ്ടായേക്കാമല്ലോ.) അങ്ങനെ ഞാൻ അത് നിറുത്തിവെച്ചു. ഞാനിത് റസൂൽ തിരുമേനി ﷺ യോട് പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു: اكتب فو الذي نفسي بيده ما خرج مني إلا الحق (എഴുതിക്കൊള്ളുക, എന്റെ ദേഹം യാതൊരുവന്റെ കയ്വശമാണോ അവൻ തന്നെ സത്യം! എന്നിൽനിന്ന് യഥാർത്ഥമല്ലാതെ പുറത്തുവരികയില്ല.) (അ; ദ;) അബൂഹുറയ്റഃ (റ)യിൽനിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെടുന്നു: ഞാൻ യഥാർത്ഥമല്ലാതെ പറയുകയില്ല(لا أقول إلا حقا) എന്ന് റസൂൽ ﷺ പറയുകയുണ്ടായി. അപ്പോൾ സ്വഹാബികളിൽ ചിലർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അവിടുന്ന് ഞങ്ങളോട് വിനോദം (തമാശ) പറയാറുണ്ടല്ലോ? തിരുമേനി പറഞ്ഞു: اني لا أقول إلا حقا (നിശ്ചയമായും ഞാൻ യഥാർത്ഥം- അഥവാ കാര്യം- അല്ലാതെ പറയുകയില്ല (അ.)

അടുത്ത 5 മുതൽ 18 വരെയുള്ള ആയത്തുകളിലെ ചിലവാക്യങ്ങളുടെ വ്യാഖ്യാനത്തിൽ, ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ പരസ്പരം വ്യത്യസ്തമായ ചില അഭിപ്രായങ്ങൾ കാണാവുന്നതാണ്. ചില പടങ്ങളുടെയും, ചില സർവ്വനാമ (ضمير) ങ്ങളുടെയും ഉദ്ദേശ്യം ഓരോരുത്തരും മനസ്സിലാക്കിയതിൽ നിന്നാണ് പ്രസ്തുത അഭിപ്രായങ്ങൾ ഉത്ഭവിക്കുന്നത്. മാത്രമല്ല, അവയിലെ പ്രതിപാദ്യവിഷയം, നമ്മുടെ അറിവിനും, ഭൗതിക കാഴ്ചപ്പാടുകൾക്കും ഉപരിയായതുമാകുന്നു. എന്നിരിക്കെ, പരസ്പരവിരുദ്ധമല്ലെങ്കിലും ഒരാൾ മനസ്സിലാക്കുന്നതിൽനിന്ന് വ്യത്യസ്തമായ രൂപത്തിൽ വേറൊരാൾ മനസ്സിലാക്കുന്നത് സ്വാഭാവികമാണല്ലോ. എന്നാൽ, പ്രാമാണ്യരായ ക്വുർആൻ വ്യാഖ്യാതാക്കളുടെ പ്രസ്താവനകളിൽനിന്ന് ചില ഭാഗങ്ങൾമാത്രം അടർത്തിയെടുത്തും, ചില വാക്കുകൾക്ക് നിഘണ്ടുക്കളിൽ കാണുന്ന ഏതെങ്കിലും പ്രത്യേക അർത്ഥങ്ങളെ തിരഞ്ഞെടുത്തുംകൊണ്ട് ആ വചനങ്ങളിലെ ആശയങ്ങളെ ഭൗതിക കാഴ്ചപ്പാടുകളിൽ ഒതുക്കി നിറുത്തത്തക്ക അർത്ഥവ്യാഖ്യാനം നൽകുവാൻ- മറ്റ് ചിലേടങ്ങളിലുമെന്നപോലെ- സ്ഥാപിത താൽപര്യക്കാരായ ചിലർ മുതിർന്ന് കാണാം. സ്വീകാര്യമായ പ്രമാണങ്ങൾക്കും, ക്വുർആൻ വ്യാഖ്യാതാക്കളിൽ ബഹുഭൂരിപക്ഷവും സ്വീകരിച്ചിട്ടുള്ള വ്യാഖ്യാനങ്ങൾക്കും തികച്ചും എതിരായ ആ നൂതനവ്യാഖ്യാനം സ്വീകരിക്കുവാൻ മനഃസാക്ഷിയുള്ള സത്യവിശ്വാസികൾക്ക് സാധിക്കുമെന്ന് തോന്നുന്നില്ല. അതിനെപ്പറ്റി ഒരു വിശകലനം നടത്തുവാൻ മിനക്കെടുന്നപക്ഷം അത് കുറെ ദീർഘിച്ച് പോയേക്കുമെന്നതുകൊണ്ട് അതിലേക്ക് പ്രവേശിക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല.

ക്വുർആൻ വ്യാഖ്യാന പണ്ഡിതൻമാർക്കിടയിൽ പ്രസ്തുത വചനങ്ങളുടെ വ്യാഖ്യാനങ്ങളിൽ വ്യത്യസ്താഭിപ്രായമുണ്ടെന്ന് പറഞ്ഞുവല്ലോ. എങ്കിലും ഒരു വാസ്തവം ശ്രദ്ധേയമാണ്. 5 മുതൽ 18 വരെയുള്ള ആയത്തുകളിലെ പ്രതിപാദ്യവിഷയം, ജിബ്രീൽ(അ) എന്ന മലക്ക് അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ നബിﷺക്ക് പ്രത്യക്ഷപ്പെട്ട അവസരത്തിലും, നബിﷺയുടെ പ്രസിദ്ധമായ

മിഅ്റാജ്യാത്ര ഉണ്ടായ അവസരത്തിലും സംഭവിച്ച സംഭവങ്ങളാണെന്നുള്ള തിൽ അവർക്കിടയിൽ തർക്കമില്ല. സ്വഹാബികളും മുൻഗാമികളായ പണ്ഡിത വര്യൻമാരും അടങ്ങുന്ന ബഹുഭൂരിപക്ഷം ക്വുർആൻ വ്യാഖ്യാതാക്കളും ഇതിൽ യോജിച്ചിരിക്കുന്നു. ക്വുർആൻ വാക്യങ്ങളുടെയും, ഹദീഥുകളുടെയും അടിസ്ഥാ നത്തിലുള്ള ആ മാർഗംതന്നെ നമുക്കും സ്വീകരിക്കാം. മറ്റുള്ളതെല്ലാം തള്ളിക്ക ളയുകയും ചെയ്യാം. ومن الله التوفيق

عَلَّمَهُۥ شَدِيدُ ٱلْقُوَىٰ ﴿٥﴾

《5》 ശക്തിമത്തായ കഴിവുക ളുള്ള ഒരാൾ അദ്ദേഹത്തെ പഠിപ്പിച്ചി രിക്കുകയാണ്;-

ذُو مِرَّةٍ فَٱسْتَوَىٰ ﴿٦﴾

《6》(അതെ) ബലവാനായുള്ള ഒരുവൻ, അങ്ങനെ, അദ്ദേഹം ശരിക്ക് നിലകൊണ്ടു. [സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു.]

وَهُوَ بِٱلْأُفُقِ ٱلْأَعْلَىٰ ﴿٧﴾

《7》 അദ്ദേഹമാകട്ടെ, ഉന്നതമായ (നഭോ) മണ്ഡലത്തിലുമായിരുന്നു.

《5》 عَلَّمَهُۥ അദ്ദേഹത്തെ പഠിപ്പിച്ചു شَدِيدُ കഠിനമായവൻ, ഊക്കൻ, ശക്തൻ ٱلْقُوَىٰ ശക്തികൾ (വൻകഴിവ്) 《6》 ذُو مِرَّةٍ ബലവാൻ, ബുദ്ധിശക്തിയുള്ളവൻ فَٱسْتَوَىٰ എന്നിട്ട് അദ്ദേഹം ശരിയായി നിലകൊണ്ടു 《7》 وَهُوَ അദ്ദേഹമാകട്ടെ, അദ്ദേഹം بِٱلْأُفُقِ മണ്ഡല (ചക്രവാള)ത്തിൽ ആയിരുന്നു, ബഹിർഭാഗത്തിലാണ് ٱلْأَعْلَىٰ ഉന്നതമായ

നബിﷺ പ്രബോധനം ചെയ്യുന്ന സന്ദേശങ്ങൾ അവിടുത്തേക്ക് എങ്ങനെ ലഭിക്കുന്നുവെന്ന് വിവരിക്കുകയാണ്. പലവിധശക്തികളുള്ള അതി ബലവാനായ ഒരാൾ നഭോമണ്ഡലത്തിൽ ശരിയായ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തെ അത് പഠിപ്പിച്ചിരിക്കുകയാണ്. അങ്ങനെയാണ് അദ്ദേഹത്തിന് അതിനെക്കുറിച്ച് അറിവ് ലഭിക്കുന്നത്. അല്ലാതെ, അദ്ദേഹം കളവ് പറയുന്നതോ, ഭ്രാന്ത്പറയുന്നതോ ഒന്നുമല്ല എന്ന് സാരം.

ശക്തിമത്തായ കഴിവുകളുള്ളവൻ (شَدِيدُ الْقُوَى)എന്നും, ബലവാൻ(ذُو مِرَّةٍ) എന്നും പറഞ്ഞത് ജിബ്രീൽ (അ) എന്ന മലക്കിനെ ഉദ്ദേശിച്ചാകുന്നു. مِرَّةٍ എന്ന വാക്കിന് ബുദ്ധിശക്തി, ആലോചനശക്തി, വമ്പിച്ച ശക്തി, കൗതുകമുള്ള പ്രകൃ തി, എന്നൊക്കെ അർത്ഥം കൊടുക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള ഗുണങ്ങളെല്ലാം തികഞ്ഞ ആളാണ് ജിബ്രീൽ (അ) എന്നതിൽ സംശയമില്ല. അദ്ദേഹമാണ് അല്ലാ ഹുവിന്റെ അനുമതിയോടെ അത് ഇറക്കിക്കൊടുത്തിരിക്കുന്നതെന്ന് സൂ: അൽബ ക്വറഃ 97 ൽ അല്ലാഹു വ്യക്തമായി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. 26 : 193 ൽ വിശ്വ

സ്തനായ ആത്മാവ് (الروح الأمين) എന്നും, 16 : 102 ൽ പരിശുദ്ധാത്മാവ് (الروح القدس) എന്നും ജിബ്‌രീലിനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. സൂ: തക്‌വീർ (التكوير) 19 : 23 ൽ അല്ലാഹു പറയുന്നു: നിശ്ചയമായും ഇത് മാന്യനായ, ശക്തി മാനായ, അർശിന്റെ നാഥന്റെ അടുക്കൽ സ്ഥാനമുള്ളവനായ, അവിടെ അനുവദിക്കപ്പെടുന്നവനായ, വിശ്വസ്തനായ ഒരു ദൂതൻ പറഞ്ഞുകൊടുത്ത വാക്കാകുന്നു. നിങ്ങളുടെ ആൾ (നബി) ഒരു ഭ്രാന്തനൊന്നുമല്ല. അദ്ദേഹം അദ്ദേഹത്തെ (ആ ദൂതനെ) സ്പഷ്ടമായ നഭോമണ്ഡലത്തിൽവെച്ച് കാണുകയുണ്ടായിട്ടുണ്ട്. (إِنَّهُ لَقَوْلُ رَسُولٍ كَرِيمٍ– إلى قوله: بَالْأُفُقِ الْمُبِينِ)

നബി ﷺ ജിബ്‌രീലിനെ (അ) അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ രണ്ട് പ്രാവശ്യമാണ് കണ്ടിട്ടുള്ളത്. ഒന്ന് ഹിറാമലയിൽവെച്ചും, മറ്റൊന്ന് മിഅ്‌റാജ്എന്ന പേരിൽ അറിയപ്പെടുന്ന പ്രസിദ്ധ വാനാരോഹണയാത്രയിലും. ഇവയിൽ ഒന്നാമത്തേതിനെക്കുറിച്ചാണിവിടെ 5 മുതൽ 12 വരെയും താഴെ സൂ: തക്‌വീർ 19 മുതൽ 23 വരെയുള്ള വചനങ്ങളിലും പ്രസ്താവിക്കുന്നത്. രണ്ടാമത്തേതിനെക്കുറിച്ച് തുടർന്നുള്ള 13 മുതൽ 18 വരെ വചനങ്ങളിലും പ്രസ്താവിക്കുന്നുണ്ട്. രണ്ടാമത്തേതിനെപ്പറ്റി സൂ: തക്‌വീറിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല. ഇബ്നു കഥീർ (റ) പറയുന്നതുപോലെ, സൂ: തക്‌വീറിന്റെ അവതരണം മിഅ്‌റാജിന്റെ മുമ്പായിരിക്കാം. والله أعلم

നബി തിരുമേനി ﷺക്ക് ഹിറാഗുഹയിൽവെച്ച് ഒന്നാമതായി മലക്ക് മുഖേന വഹ്‌യ് ലഭിച്ചതും, അപ്പോൾ സൂ: അലക്വ് (سورة إقرأ) അവതരിച്ചതും പ്രസിദ്ധമാണല്ലോ. പിന്നീട് കുറെ നാളത്തേക്ക് വഹ്‌യ് വരാതിരിക്കുകയുണ്ടായി. വഹ്‌യ് വീണ്ടും ലഭിച്ചുകൊണ്ടിരിക്കുവാനുള്ള ആവേശവും, ആ മഹാനുഗ്രഹം നിന്നുപോയതിനെക്കുറിച്ചുള്ള ഭയാശങ്കയും നിമിത്തം തിരുമേനിക്ക് അസ്വസ്ഥതതോന്നി. വല്ല കുന്നിൻ മുകളിലും കയറി താഴെവീണു മരണപ്പെട്ടെങ്കിലോ എന്നുപോലും തിരുമേനിക്കുതോന്നിപ്പോയിരുന്നു. ഇങ്ങനെയുള്ള അവസരത്തിൽ തിരുമേനിയെ സമാധാനിപ്പിക്കുന്ന ചില വാക്കുകൾ- അശരീരി ശബ്ദം- അവിടുന്ന് കേൾക്കുമായിരുന്നു. അതുകേൾക്കുമ്പോൾ മനസ്സിന് സമാധാനം വരും. വീണ്ടും അസ്വാസ്ഥ്യം തോന്നും. ഇങ്ങനെയിരിക്കെ, ഒരിക്കൽ മലക്ക്- ജിബ്‌രീൽ (അ) തന്റെ സാക്ഷാൽരൂപത്തിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അദ്ദേഹത്തിന് അറുനൂറ് ചിറകുകൾ ഉണ്ടായിരുന്നു. ആകാശത്തിനും ഭൂമിക്കുമിടയിൽ- ഉപരിമണ്ഡലത്തിൽ- ഒരു പീഠത്തിലായിക്കൊണ്ടായിരുന്നു അദ്ദേഹം പ്രത്യക്ഷനായത്. അദ്ദേഹത്തിന്റെ വമ്പിച്ച ആ സൃഷ്ടിരൂപം ചക്രവാളത്തിന്റെ ഉപരിഭാഗം മുഴുവനും മൂടുമാറുണ്ടായിരുന്നു. ഇതിനെപ്പറ്റിയാണ് فَاسْتَوَىٰ وَهُوَ بِالْأُفُقِ الْأَعْلَىٰ (അദ്ദേഹം ശരിക്ക്- യഥാരൂപത്തിൽ- നിലകൊണ്ട്; അദ്ദേഹം ഉന്നതമായ മണ്ഡലത്തിലുമായിരുന്നു) എന്ന് പറഞ്ഞതും, തുടർന്ന് 8 മുതൽ 12 കൂടിയ അഞ്ചുവചനങ്ങളിൽ വിവരിക്കുന്നതും. അഹ്‌മദ് (റ), ബുഖാരി (റ), മുസ്‌ലിം (റ) തുടങ്ങിയ മഹാൻമാരെല്ലാം രേഖപ്പെടുത്തിയതും, ഇസ്‌ലാം ചരിത്രത്തിൽ പ്രസിദ്ധമായതുമാണ് ഈ

സംഭവം. ജിബ്‌രീലിനെ (അ) കണ്ടശേഷം നടന്നതെന്താണെന്ന് അടുത്ത വചനങ്ങളിൽ തുടർന്ന് പറയുന്നു:-

ثُمَّ دَنَا فَتَدَلَّىٰ ﴿٨﴾

﴾8﴿ പിന്നീട് അദ്ദേഹം അടുത്തു; അങ്ങനെ, (കൂടുതൽ) അടുത്തു വന്നു;-

فَكَانَ قَابَ قَوْسَيْنِ أَوْ أَدْنَىٰ ﴿٩﴾

﴾9﴿ എന്നിട്ട് രണ്ട് വില്ലിന്റെ അളവിൽ, അല്ലെങ്കിൽ (അതിലും) കൂടുതൽ അടുപ്പമായിത്തീർന്നു.

﴾8﴿ ثُمَّ دَنَا പിന്നെ അദ്ദേഹം അടുത്തു فَتَدَلَّىٰ അങ്ങനെ അടുത്തുകൂടി, കീഴ്പോട്ടുവന്നു ﴾9﴿ فَكَانَ എന്നിട്ട് ആയി قَابَ അളവിൽ, തോത്, ഞാൺ (പോലെ) قَوْسَيْنِ രണ്ട് വില്ലിന്റെ أَوْ أَدْنَىٰ അല്ലെങ്കിൽ കൂടുതൽ അടുത്തത്.

അതായത്, ചക്രവാളത്തിനുമീതെ പ്രത്യക്ഷപ്പെട്ടശേഷം മലക്ക് നബി ﷺ യുമായി അടുത്തടുത്തു. അങ്ങേഅറ്റം അടുത്തു വന്നു എന്ന് സാരം. രണ്ട് മനുഷ്യൻമാർ തമ്മിലോ, മറ്റേതെങ്കിലും രണ്ട് ഭൗതിക ജീവികൾ തമ്മിലോ അടുക്കുന്നതുപോലെയുള്ള അടുപ്പമല്ല ഇത്. ജഡജീവിയും ഭൂവാസിയുമായ മനുഷ്യവർഗത്തിന്റെ നേതാവും, ആത്മീയജീവിയും ഉപരിലോകവാസിയുമായ മലക്ക് വർഗത്തിന്റെ നേതാവും തമ്മിൽ കൂടിയിണങ്ങുവാനുള്ള ഒരസാധാരണ കൂടിക്കാഴ്ചയായിരുന്നു ഇത്. എന്നിരിക്കെ, അല്ലാഹുവും റസൂലും പറഞ്ഞുതന്നതിനപ്പുറം ആ അടുപ്പത്തെക്കുറിച്ച് വിശദീകരിക്കുവാൻ നമുക്ക് സാധ്യമല്ല. قَابَ قَوْسَيْن എന്ന വാക്കിന് രണ്ട് വില്ലിന്റെ അളവ്അല്ലെങ്കിൽ 'രണ്ട് വില്ലിന്റെ ഞാൺ'എന്ന് വാക്കർത്ഥം. രണ്ട് വസ്തുക്കൾ തമ്മിൽ അങ്ങേഅറ്റം അടുത്തുവെന്ന് കാണിക്കുന്ന ഒരു ഉപമാലങ്കാര പ്രയോഗമാണിത്. പ്രയോഗത്തിന്റെ ഉൽഭവത്തെക്കുറിച്ച് ഭിന്നമായ പ്രസ്താവനകൾ കാണാമെങ്കിലും ഉദ്ദേശ്യം അതാണ് എന്നതിൽ തർക്കമില്ല.

فَأَوْحَىٰٓ إِلَىٰ عَبْدِهِۦ مَآ أَوْحَىٰ ﴿١٠﴾

﴾10﴿ അങ്ങനെ, അദ്ദേഹം അവന്റെ (അല്ലാഹുവിന്റെ) അടിയാന്ന് വഹ്‌യ് [ബോധനം] നൽകിയത് (ഒക്കെ) നൽകി.

﴾10﴿ فَأَوْحَىٰ എന്നിട്ട് അദ്ദേഹം (അവൻ) വഹ്‌യ് നൽകി إِلَىٰ عَبْدِهِۦ അവന്റെ (തന്റെ) അടിയാന്ന് مَآ أَوْحَىٰ വഹ്‌യ് നൽകിയത്

തമ്മിൽ അങ്ങേഅറ്റം അടുത്ത ശേഷം, അല്ലാഹുവിന്റെ അടിയാനായ നബി ﷺ ക്ക് ജിബ്‌രീൽ (അ) അല്ലാഹുവിങ്കൽ നിന്നുള്ള സന്ദേശങ്ങൾ ബോധനം നൽകി

എന്ന് സാരം. أَوْحَى എന്ന ക്രിയയുടെ കർത്താവായി അതിൽ അന്തർഭവിച്ചു കിടപ്പുള്ള സർവ്വനാമം (الضمير المستتر) ജിബ്‌രീലിനെ ഉദ്ദേശിച്ചാണെന്ന നിലക്കാണ് ഇപ്പറഞ്ഞത്. അത് അല്ലാഹുവിനെ ഉദ്ദേശിച്ചുള്ളതാണെന്നും വരാം. ചില വ്യാഖ്യാതാക്കൾ അങ്ങനെയും അഭിപ്രായപ്പെട്ടിരിക്കുന്നു. അപ്പോൾ അതിന്റെ സാരം, ജിബ്‌രീൽ (അ) മുഖാന്തരം അല്ലാഹു തന്റെ അടിയാനായ നബി ﷺക്ക് വഹ്‌യ് നൽകി എന്നുമായിരിക്കും. രണ്ടായാലും ആശയം ഒന്നുതന്നെ.

مَا كَذَبَ ٱلْفُؤَادُ مَا رَأَىٰٓ ﴿١١﴾

《11》 അദ്ദേഹം (നബി) കണ്ടതിന്റെ ഹൃദയം (നിഷേധിച്ചു) കളവാക്കിയില്ല.

أَفَتُمَٰرُونَهُۥ عَلَىٰ مَا يَرَىٰ ﴿١٢﴾

《12》 എന്നിരിക്കെ, അദ്ദേഹം കാണുന്നതിന്റെ പേരിൽ അദ്ദേഹത്തോട് നിങ്ങൾ (സംശയിച്ച്) തർക്കം നടത്തുകയോ?!

《11》 مَا كَذَبَ കളവാക്കിയില്ല (നിഷേധിച്ചില്ല) ٱلْفُؤَادُ വല്ല ഹൃദയം مَا رَأَىٰٓ അത് (അദ്ദേഹം) കണ്ടത് 《12》 أَفَتُمَٰرُونَهُۥ എന്നിരിക്കെ നിങ്ങളദ്ദേഹത്തോട് തർക്കം നടത്തുകയോ, വഴക്കടിക്കുകയോ عَلَىٰ مَا يَرَىٰ അദ്ദേഹം കാണുന്നതിന്റെ പേരിൽ

നബി ﷺ കണ്ണുകൊണ്ട് കണ്ട ആ കാഴ്ചയെപ്പറ്റി വല്ല സംശയമോ, ചാഞ്ചല്യമോ തോന്നി അവിടുന്ന് നിഷേധിച്ചില്ല; അത് യഥാർത്ഥവും സത്യവുമായ അനുഭവമാണെന്ന് ഹൃദയത്തിന് ബോധ്യം വരുകതന്നെ ചെയ്തു. എന്നിരിക്കെ, അദ്ദേഹത്തിനുണ്ടാകുന്ന ഇത്തരം ദർശനങ്ങളെപ്പറ്റി നിങ്ങൾ നിഷേധിച്ചു തർക്കിച്ചും കൊണ്ടിരിക്കുന്നത് ന്യായമല്ല എന്ന് സാരം. എത്രയോ പ്രാവശ്യം ജിബ്‌രീൽ (അ) നബി ﷺയുടെ അടുക്കൽ വന്ന് വഹ്‌യ് നൽകുകയുണ്ടായിട്ടുണ്ട്. ചിലപ്പോൾ ശബ്ദം കേട്ടും, ചിലപ്പോൾ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടും, മറ്റ് വിധത്തിലും അത് സംഭവിക്കും. എന്നാൽ മേലുദ്ധരിച്ച ഹദീഥിൽ കണ്ടതുപോലെ സാക്ഷാൽ രൂപത്തിൽ രണ്ട് പ്രാവശ്യമേ നബി ﷺഅദ്ദേഹത്തെ കണ്ടിട്ടുള്ളൂ. ഒന്നാമത്തേത് ഭൂമിയിൽ -മക്കയിൽ- വെച്ചുതന്നെ. അതിനെപ്പറ്റിയാണ് മുകളിൽ പ്രസ്താവിച്ചത്. ഉപരിലോകത്തുവെച്ചുണ്ടായ രണ്ടാമത്തെ സംഭവത്തെക്കുറിച്ച് അടുത്ത വചനങ്ങളിൽ വിവരിക്കുന്നു.

وَلَقَدْ رَءَاهُ نَزْلَةً أُخْرَىٰ ﴿١٣﴾

《13》 തീർച്ചയായും അദ്ദേഹം [നബി] വേറെ ഒരു പ്രാവശ്യത്തി(ലെ വരവി)ലും അദ്ദേഹത്തെ [ജിബ്‌രീലിനെ] കണ്ടിട്ടുണ്ട്;-

عِندَ سِدۡرَةِ ٱلۡمُنتَهَىٰ ﴿١٤﴾

《14》 സിദ്റത്തുൽ മുൻതഹാ യുടെ [അറ്റത്തെ ഇലന്തമരത്തിന്റെ] അടുക്കൽ വെച്ച്.

عِندَهَا جَنَّةُ ٱلۡمَأۡوَىٰٓ ﴿١٥﴾

《15》 അതിന്റെ അടുക്കലാണ് ആവാസത്തിന്റെ സ്വർഗം.

إِذۡ يَغۡشَى ٱلسِّدۡرَةَ مَا يَغۡشَىٰ ﴿١٦﴾

《16》 അതായത്, (ആ) ഇലന്തമരത്തെ ആവരണം ചെയ്തത് (ഒക്കെ) ആവരണം ചെയ്തിരുന്നപ്പോൾ, [അപ്പോഴാണതുണ്ടായത്.]

مَا زَاغَ ٱلۡبَصَرُ وَمَا طَغَىٰ ﴿١٧﴾

《17》 (നബിക്ക്) കാഴ്ച തെറ്റിപ്പോയില്ല; അത് ക്രമം വിട്ടതുമില്ല.

لَقَدۡ رَأَىٰ مِنۡ ءَايَٰتِ رَبِّهِ ٱلۡكُبۡرَىٰٓ ﴿١٨﴾

《18》 തീർച്ചയായും അദ്ദേഹത്തിന്റെ റബ്ബിന്റെ അതിമഹത്തായ ദൃഷ്ടാന്തങ്ങളിൽ നിന്നും (പലതും) അദ്ദേഹം കാണുകയുണ്ടായി.

《13》 وَلَقَدۡ رَءَاهُ തീർച്ചയായും അദ്ദേഹം അദ്ദേഹത്തെ കണ്ടിട്ടുണ്ട് نَزۡلَةً ഒരു പ്രാവശ്യം, ഒരു ഇറക്കത്തിൽ (വരവിൽ) أُخۡرَىٰ വേറെ, മറ്റൊരു 《14》 عِندَ سِدۡرَةِ ഇലന്തയുടെ അടുക്കൽവെച്ച് ٱلۡمُنتَهَىٰ അറ്റത്തെ, ഒടുക്കത്തെ 《15》 عِندَهَا അതിന്നടുക്കലുണ്ട്, അടുക്കലാണ് جَنَّةُ ٱلۡمَأۡوَىٰٓ ആ വാസ(വാസസ്ഥല)ത്തിന്റെ സ്വർഗം 《16》 إِذۡ يَغۡشَى ആവരണം ചെയ്തിരുന്നപ്പോൾ, മൂടിയ സന്ദർഭം ٱلسِّدۡرَةَ ഇലന്തയെ مَا يَغۡشَىٰ ആവരണം ചെയ്തത്, മൂടിയത് (ഒക്കെ) 《17》 مَا زَاغَ തെറ്റിയിട്ടില്ല, വക്രത ബാധിച്ചില്ല ٱلۡبَصَرُ കണ്ണ്, കാഴ്ച, ദൃഷ്ടി وَمَا طَغَىٰ ക്രമം വിട്ടതുമില്ല, അതിക്രമിച്ചിട്ടുമില്ല 《18》 لَقَدۡ رَأَىٰ തീർച്ചയായും അദ്ദേഹം കണ്ടിട്ടുണ്ട് مِنۡ ءَايَٰتِ ദൃഷ്ടാന്തങ്ങളിൽനിന്ന് رَبِّهِ തന്റെ റബ്ബിന്റെ ٱلۡكُبۡرَىٰٓ അതിമഹത്തായ, ഏറ്റം വലുതായ

രണ്ടാംപ്രാവശ്യംമിഅ്റാജിൽ (വാനയാത്രയിൽ) വെച്ച് നബി ﷺ ജിബ്രീലി(അ)നെ സാക്ഷാൽ രൂപത്തിൽ കണ്ട സംഭവമാണിത്. സിദ്റത്തുൽ മുൻതഹാ(سدرة المنتهى) എന്നാൽ അറ്റത്തെ ഇലന്തവൃക്ഷം എന്ന് വാക്കർത്ഥം. നമ്മെ സംബന്ധിച്ചിടത്തോളം ഇത് അദൃശ്യലോകത്തെ വൃക്ഷമായതുകൊണ്ട് ക്വുർആനിലോ ഹദീഥിലോ കണ്ടതിൽ കവിഞ്ഞ് അതിനെപ്പറ്റി അഭിപ്രായമൊന്നും പറയുവാൻ സാധ്യമല്ല. സജ്ജനങ്ങളുടെ ആവാസമാകുന്ന -നിവാസകേന്ദ്രമായ- സ്വർഗം (جنة المأوى) അതിന്റെ അടുക്കലാണെന്ന് അല്ലാഹു പ്രസ്താവിച്ചതിൽനിന്ന്

അത് ഈ ഭൗതിക ലോകത്തിലെ വൃക്ഷമല്ല എന്ന് സ്പഷ്ടമാണ്.

മിഅ്റാജിന്റെ സംഭവം മുസ്‌ലിംകൾക്കിടയിൽ പ്രസിദ്ധമാണ്. ഇമാം ബുഖാരി, മുസ്‌ലിം (റ) തുടങ്ങിയ മഹാൻമാരെല്ലാം പല മാർഗങ്ങളിൽകൂടി ഉദ്ധരിച്ച പല ഹദീഥുകളിലും അതിനെപ്പറ്റി വിവരിച്ചിട്ടുണ്ട്. ജിബ്‌രീൽ (അ) നബി ﷺയെ കൂട്ടിക്കൊണ്ട് ഓരോ ആകാശത്തും ചെന്നതും അവിടെവെച്ചുണ്ടായ സംഭവങ്ങളും, കണ്ട ദൃഷ്ടാന്തങ്ങളും അവയിൽ പ്രസ്താവിച്ച് കാണാം. അക്കൂട്ടത്തിൽ ഏഴാമത്തെ ആകാശത്തിൽവെച്ചുണ്ടായ സംഗതികൾ വിവരിക്കുന്ന മദ്ധ്യെ ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു:

ثم رفعت إلى سدرة المنتهى فإذا نبقها مثل قلال هجر و إذا و رقها مثل اذان القيلة فلما غشيها من أمر ربي ما غشيها تغيرت فما احد من خلق الله يستطيع أن ينعتها من حسنها-متفق عليه

(സാരം: പിന്നീട് എന്നെ സിദ്റത്തുൽ മുൻതഹായിലേക്ക് ഉയർത്തിക്കൊണ്ടുപോയി. നോക്കുമ്പോൾ, അതിന്റെ ഫലങ്ങൾ ഹജറി(*)ലെ വലിയ തോൽകുടങ്ങളെപ്പോലെയും, അതിന്റെ ഇലകൾ ആനയുടെ ചെവികൾപോലെയുമിരിക്കുന്നു! എന്റെ റബ്ബിന്റെ കല്പന- അഥവാ കാര്യം -കളിൽനിന്നും അതിനെ ആവരണം ചെയ്തതെല്ലാം ആവരണം ചെയ്തിരിക്കയാൽ അതിന് സ്ഥിതിമാറ്റം വന്നിരിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടികളിൽ ആർക്കും തന്നെ, അതിന്റെ നന്മ- അഥവാ സൗന്ദര്യം- നിമിത്തം അതിനേ വർണിക്കുവാൻ സാധ്യമല്ല.(ബു, മു.) മറ്റൊരു നിവേദനത്തിൽ അതിനെ പല വർണങ്ങളും ആവരണം ചെയ്തിരിക്കുന്നു.അവ എന്തൊക്കെയാണെന്ന് എനിക്കറിഞ്ഞുകൂടാ(وغشيها الوان لا ادري ماهي الخ –متفق) എന്നും പറഞ്ഞിരിക്കുന്നു. മുസ്‌ലിമും (റ) മറ്റും നിവേദനം ചെയ്ത ഒരു ഹദീഥിൽ, മുകളിൽനിന്ന് കീഴ്പോട്ട് ഇറങ്ങുന്ന കാര്യങ്ങളും, അടിയിൽനിന്ന് മേൽപ്പോട്ട് കയറുന്ന കാര്യങ്ങളും ചെന്നവസാനിക്കുന്ന ഒരു കേന്ദ്രമാണ് അതെന്ന് പ്രസ്താവിച്ചു കാണാം. വേറെ ചില ഹദീഥുകളിൽ മലക്കുകൾ അതിനെ ആവരണം ചെയ്തിട്ടുള്ളതായും പ്രസ്താവിച്ചിട്ടുണ്ട്. (ദീർഘിച്ചുപോകുന്നതുകൊണ്ട് ഹദീഥുകൾ ഉദ്ധരിക്കുന്നില്ല.)

മേൽ ഉദ്ധരിച്ചതിൽനിന്ന് നമുക്ക് മനസ്സിലാക്കാം:

1) സിദ്റത്തുൽ മുൻതഹാ ഭൂമിയിലെ ഏതെങ്കിലും ഒരു വൃക്ഷമല്ല; അലങ്കാരരൂപത്തിൽ പറയപ്പെട്ടതുമല്ല; ആകാശലോകത്ത് സ്ഥിതിചെയ്യുന്ന ഒരു യഥാർത്ഥ വൃക്ഷമാണത്.

(*) ഒരു രാജ്യമാണ് ഹജർ. മദീനഃയുടെ അടുത്തും, യമനിലും മറ്റും ഇതേ പേരിലുള്ള രാജ്യങ്ങളുണ്ടായിരുന്നു. ഇവിടെ ഏതാണ് ഉദ്ദേശ്യമെന്ന് തീർത്തു പറയുവാൻ പ്രയാസമുണ്ട്.

2) പല വൻകാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നതും, വിവിധ ദൃഷ്ടാന്തങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു മഹത്തായ കേന്ദ്രമാണത്. അതുകൊണ്ടായിരിക്കാം അതിന് അറ്റത്തെ ഇലന്തമരംഎന്ന അർത്ഥത്തിലുള്ള ആ പേർ നൽകപ്പെട്ടത്.

3) 16 -ാം വചനത്തിന്റെ ഒരു സാമാന്യ വ്യാഖ്യാനമായി ആ വൃക്ഷത്തെപ്പറ്റി പ്രസ്തുത ഹദീഥുകളിൽ കണ്ട വിവരങ്ങളെ നമുക്ക് സ്വീകരിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ചതുപോലെ, അല്ലാഹുവിനും റസൂലിനും മാത്രം അറിയാവുന്ന എത്രയോ വമ്പിച്ച ദൃഷ്ടാന്തങ്ങളും കാഴ്ചകളും അന്ന് റസൂൽ തിരുമേനി ﷺ കണ്ടറിഞ്ഞിട്ടുണ്ട്. ആ കാഴ്ചകൾ നിമിത്തം അവിടുത്തേക്ക് എന്തെങ്കിലും പാകപ്പിഴവോ, അമളിയോ പിണഞ്ഞിട്ടില്ല. അവിടുന്ന് എല്ലാം ശരിക്ക് ഗ്രഹിച്ചിരിക്കുന്നു. എന്നൊക്കെയാണ് 17, 18 വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. മിഅ്റാജിന്റെ സംഭവത്തെക്കുറിച്ചും, അതിൽ യുക്തിവാദക്കാർക്ക് അനുകൂലിക്കുവാൻ കഴിയാത്ത ഭാഗങ്ങളെക്കുറിച്ചും സൂറത്തുൽ ഇസ്റാഈലിൽവെച്ച് നാം സംസാരിച്ചിട്ടുണ്ട്.

നബി തിരുമേനിﷺക്ക് യാതൊരു പിഴവും പറ്റിയിട്ടില്ല, അല്ലാഹുവിന്റെ പക്കൽനിന്നുള്ള വഹ്യ് പ്രകാരമാണ് അവിടുന്ന് പ്രബോധനം നടത്തുന്നത്. വഹ്യ് ലഭിക്കുന്ന മാർഗം ഇന്നതാണ്, മറ്റാരും പ്രാപിച്ചിട്ടില്ലാത്ത പല ഉന്നത പദവികളും സിദ്ധിച്ച മഹാനാണ് തിരുമേനി, എന്നൊക്കെ പ്രസ്താവിച്ചശേഷം, അതെല്ലാം വ്യാജമാക്കി നിഷേധിക്കുന്ന മുശ്രിക്കുകളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

أَفَرَءَيْتُمُ ٱللَّٰتَ وَٱلْعُزَّىٰ ﴿١٩﴾

﴾19﴿ എന്നാൽ, നിങ്ങൾ കണ്ടുവോ ലാത്തയെയും ഉസ്സായെയും.

وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰٓ ﴿٢٠﴾

﴾20﴿ മറ്റേ മൂന്നാമത്തേതായ മനാത്തിനെയും?!

﴾19﴿ أَفَرَءَيْتُمُ എന്നാൽ (എന്നിരിക്കെ) നിങ്ങൾ കണ്ടുവോ ٱللَّٰتَ ലാത്തയെ وَٱلْعُزَّىٰ ഉസ്സായെയും ﴾20﴿ وَمَنَوٰةَ മനാത്തിനേയും ٱلثَّالِثَةَ മൂന്നാമത്തേതായ ٱلْأُخْرَىٰ മറ്റേ, വേറെ

മേൽ വിവരിച്ച യാഥാർത്ഥ്യങ്ങളെ മുമ്പിൽ വെച്ചുകൊണ്ട് നിങ്ങൾ ആരാധ്യ ദൈവങ്ങളായി സ്വീകരിച്ച ഇവയെപ്പറ്റി നിങ്ങളൊന്ന് ആലോചിച്ച് നോക്കുവിൻ. നിങ്ങൾക്കെന്താണ് പറയുവാനുള്ളത്? കേൾക്കട്ടെ! എന്ന് സാരം.

അറബികൾ ആരാധ്യദൈവങ്ങളായി സ്വീകരിച്ചുവന്നിരുന്ന നിരവധി ദൈവങ്ങളിൽ കൂടുതൽ പ്രസിദ്ധിയുള്ള മൂന്നെണ്ണമാണ് ഇവ. ലാത്ത(اللات) ഥഖീഫ് (ثقيف) ഗോത്രക്കാരുടെ വക ത്വാഇഫിലെ ഒരു വിഗ്രഹമാണ്. മുൻകാലത്ത് ഹജ്ജിന് പോകുന്നവർക്ക് ഗോതമ്പത്തരികൊണ്ട് ഭക്ഷണമുണ്ടാക്കിക്കൊടുത്തിരുന്ന ഒരു നല്ല മനുഷ്യന്റെ സ്മാരകമായി സ്ഥാപിക്കപ്പെട്ടതായിരുന്നു അത്. ഉസ്സാ (العزى) ഒരു പ്രത്യേക ആരാധ്യവൃക്ഷമായിരുന്നു. അതിൻമേൽ ഒരു ക്ഷേത്രവും നിർമിക്കപ്പെട്ടിരുന്നു. മക്കഃയുടെയും, ത്വാഇഫിന്റെയും ഇടയിൽ നഖ്‌ലഃ എന്ന സ്ഥലത്തുള്ള അതിനെ ക്വുറൈശികൾ ആരാധിച്ചു വന്നിരുന്നു. മക്കഃയുടെയും മദീനഃയുടെയും ഇടയിൽ മുശല്ലൽ എന്ന സ്ഥലത്തായിരുന്നു മനാത്ത് (مناة). ഹുദൈൽ, ഖുസാഅഃ, ഔസ്, ഖസ്റജ് മുതലായ ഗോത്രക്കാരുടെ വിഗ്രഹമായിരുന്നു അത്. മറ്റേ മൂന്നാമത്തേത്എന്ന വിശേഷണം അവയെ നിന്ദിച്ചുകൊണ്ടുള്ള ഒരു പ്രയോഗമാണ്. ഇങ്ങനെയുള്ള പല വിഗ്രഹങ്ങളും ചില മലക്കുകളുടെ പ്രതിഷ്ഠകളാണെന്നും, മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നുമായിരുന്നു മുശ്‌രിക്കുകളുടെ സങ്കൽപം. അതുകൊണ്ട് അല്ലാഹു അവരോട് ചോദിക്കുന്നു:-

أَلَكُمُ ٱلذَّكَرُ وَلَهُ ٱلْأُنثَىٰ ﴿٢١﴾

﴿21﴾ നിങ്ങൾക്ക് ആണും, അവന് [അല്ലാഹുവിന്] പെണ്ണുമോ?!

تِلْكَ إِذًا قِسْمَةٌ ضِيزَىٰٓ ﴿٢٢﴾

﴿22﴾ അത് -എന്നാൽ (അങ്ങനെയാണെങ്കിൽ) -നീതികെട്ട ഒരു ഓഹരിയത്രെ!

﴿21﴾ أَلَكُم നിങ്ങൾക്കോ ٱلذَّكَرُ ആണ് وَلَهُ അവന് ٱلْأُنثَىٰ പെണ്ണും ﴿22﴾ تِلْكَ അത് إِذًا അപ്പോൾ, എന്നാൽ, അങ്ങിനെയെങ്കിൽ قِسْمَةٌ ഒരോഹരിയാണ്, പങ്കാണ് ضِيزَىٰٓ നീതികെട്ട, അക്രമപരമായ

വ്യാജവാദങ്ങൾ പുറപ്പെടുവിക്കുന്നതിലും വേണ്ടേ അല്പമെങ്കിലും നീതി?! എനി, ആ വിഗ്രഹങ്ങളുടെ യഥാർത്ഥനില എന്താണെന്നോ?-

إِنْ هِىَ إِلَّآ أَسْمَآءٌ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ

﴿23﴾ അവ, നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ (മറ്റൊന്നും) അല്ല; അവയെപ്പറ്റി അല്ലാഹു യാതൊരു അധികൃതലക്ഷ്യവും അവതരിപ്പിച്ചിട്ടില്ല.

إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَمَا تَهْوَى ٱلْأَنفُسُ ۖ وَلَقَدْ جَآءَهُم مِّن رَّبِّهِمُ ٱلْهُدَىٰٓ ﴿٢٣﴾

അവര്‍ [ആ മുശ്‌രിക്കുകള്‍] ഊഹത്തെയും, (സ്വന്തം) മനസ്സുകള്‍ ഇച്ഛിക്കുന്നതിനെയുമല്ലാതെ പിന്‍പറ്റുന്നില്ല. (വാസ്തവത്തില്‍) തങ്ങളുടെ റബ്ബിങ്കല്‍ നിന്ന് അവര്‍ക്ക് നേര്‍മാര്‍ഗം വന്നിട്ടുണ്ട്താനും. [എന്നിട്ടും അവര്‍ അവയെ കൈവിടുന്നില്ല!]

أَمْ لِلْإِنسَٰنِ مَا تَمَنَّىٰ ﴿٢٤﴾

﴾24﴿ അതല്ല, മനുഷ്യന് അവന്‍ വ്യാമോഹിക്കുന്നത് (ഒക്കെ) ഉണ്ടെന്നോ?!

فَلِلَّهِ ٱلْءَاخِرَةُ وَٱلْأُولَىٰ ﴿٢٥﴾

﴾25﴿ എന്നാല്‍, അല്ലാഹുവിന്റേതാണ് പരലോകവും, ആദ്യലോക [ഇഹലോക]വും.

﴾23﴿ إِنْ هِىَ അവയല്ല إِلَّآ أَسْمَآءٌ ചില പേരുകളല്ലാതെ سَمَّيْتُمُوهَآ നിങ്ങളവക്ക് നാമകരണം ചെയ്തു, പേരുവെച്ചതായ أَنتُمْ وَءَابَآؤُكُم നിങ്ങളും നിങ്ങളുടെ പിതാക്കളും مَّآ أَنزَلَ ٱللَّهُ അല്ലാഹു ഇറക്കിയിട്ടില്ല, അവതരിപ്പിച്ചിട്ടില്ല بِهَا അതിന്, അതിനെപ്പറ്റി مِن سُلْطَٰنٍ ഒരു അധികൃതലക്ഷ്യവും, പ്രമാണവും إِن يَتَّبِعُونَ അവര്‍ പിന്‍പറ്റുന്നില്ല إِلَّا ٱلظَّنَّ ഊഹത്തെയല്ലാതെ وَمَا تَهْوَى ഇച്ഛിക്കുന്നതിനെയും ٱلْأَنفُسُ മനസ്സുകള്‍ وَلَقَدْ جَآءَهُم തീര്‍ച്ചയായും അവര്‍ക്ക് വന്നിട്ടുമുണ്ട് مِّن رَّبِّهِمُ അവരുടെ റബ്ബിങ്കല്‍ നിന്ന് ٱلْهُدَىٰٓ നേര്‍മാര്‍ഗം, മാര്‍ഗദര്‍ശനം ﴾24﴿ أَمْ لِلْإِنسَٰنِ അതല്ല മനുഷ്യനുണ്ടോ مَا تَمَنَّىٰ അവന്‍ വ്യാമോഹിച്ചത്, കൊതിച്ചത് ﴾25﴿ فَلِلَّهِ എന്നാല്‍ അല്ലാഹുവിനാണ് ٱلْءَاخِرَةُ അവസാനത്തെ (പര) ലോകം وَٱلْأُولَىٰ ആദ്യത്തെ (ഇഹ) ലോകവും

ഇവരുടെ നയം കണ്ടാല്‍, മനുഷ്യന്‍ ഇച്ഛിക്കുന്നതെല്ലാം അവന് ചെയ്യാം, അവന്‍ വ്യാമോഹിക്കുന്നതെല്ലാം അവന് നേടാം എന്നാണ് തോന്നുക. പക്ഷേ, ഇഹലോകത്തും പരലോകത്തുമുള്ള എല്ലാ ഉടമാധികാരങ്ങളും അല്ലാഹുവിനുള്ളതാണ്. അവന്‍ കല്പിച്ചതനുസരിച്ചേ മനുഷ്യന് എന്തും ചെയ്യാന്‍ അധികാരമുള്ളൂ. അവന്‍ നല്‍കുന്നതേ ആര്‍ക്കും ലഭിക്കുകയുമുള്ളൂ എന്ന് സാരം. വിഗ്രഹങ്ങള്‍ മലക്കുകളുടെ പ്രതീകങ്ങളാണ്, അവ തങ്ങള്‍ക്ക് ശുപാര്‍ശയും രക്ഷയും നല്‍കും എന്നാണല്ലോ അവരുടെ വാദം. അതിന്റെ നിരര്‍ത്ഥത അടുത്ത വചനങ്ങളില്‍ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

വിഭാഗം- 2

۞ وَكَم مِّن مَّلَكٍ فِى ٱلسَّمَـٰوَٰتِ لَا تُغْنِى شَفَـٰعَتُهُمْ شَيْـًٔا إِلَّا مِنۢ بَعْدِ أَن يَأْذَنَ ٱللَّهُ لِمَن يَشَآءُ وَيَرْضَىٰٓ ﴿٢٦﴾

﴾26﴿ ആകാശങ്ങളില്‍ എത്രയോ മലക്കുകളുണ്ട്, അവരുടെ ശുപാര്‍ശ ഒട്ടുംതന്നെ ഉപകരിക്കുകയില്ല. അല്ലാഹു ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവര്‍ക്ക് (ശുപാര്‍ശ ചെയ്യുവാന്‍) അവന്‍ അനുവാദം നല്‍കിയതിന് ശേഷമല്ലാതെ

﴾26﴿ وَكَم مِّن എത്രയോ ഉണ്ട്, എത്രയാണുള്ളത് مَّلَكٍ മലക്കുകളായിട്ട് فِى ٱلسَّمَـٰوَٰتِ ആകാശങ്ങളില്‍ لَا تُغْنِى ഉപകരിക്കയില്ല, പര്യാപ്തമാകയില്ല شَفَـٰعَتُهُمْ അവരുടെ ശുപാര്‍ശ شَيْـًٔا യാതൊന്നും, ഒട്ടും إِلَّا مِنۢ بَعْدِ ശേഷമല്ലാതെ أَن يَأْذَنَ അനുവാദം കൊടുക്കുന്നതിന് ٱللَّهُ അല്ലാഹു لِمَن يَشَآءُ അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് وَيَرْضَىٰ അവന്‍ തൃപ്തിപ്പെടുകയും ചെയ്യുന്ന

ആകാശത്ത് കണക്കറ്റ മലക്കുകളുണ്ട്. അവര്‍ അല്ലാഹുവിന്റെ ആദരണീയരായ അടിയാന്‍മാരുമാണ്. (بل عباد مكرمون) എന്നാലും, അല്ലാഹുവിന്റെ അനുവാദം കൂടാതെ- അവരുടെ ഇഷ്ടംപോലെ- ആര്‍ക്കും ശുപാര്‍ശ ചെയ്യാന്‍ അവര്‍ക്ക് സാദ്ധ്യമല്ല. അല്ലാഹു ഉദ്ദേശിക്കുകയും, തൃപ്തിപ്പെടുകയും ചെയ്യുന്നവര്‍ക്കും അല്ലാതെ ശപാര്‍ശ ചെയ്യാന്‍ അവന്‍ ആരെയും അനുവദിക്കയില്ല. അനുവാദമില്ലാത്ത ശുപാര്‍ശകൊണ്ട് ഫലവുമില്ല. എന്നിരിക്കെ, ആ മലക്കുകളുടെ പേരില്‍ കെട്ടിച്ചമക്കപ്പെട്ട വിഗ്രഹങ്ങളുണ്ടോ അവര്‍ക്ക് ശുപാര്‍ശ ചെയ്ത് രക്ഷ നല്‍കുന്നു?!

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ لَيُسَمُّونَ ٱلْمَلَـٰٓئِكَةَ تَسْمِيَةَ ٱلْأُنثَىٰ ﴿٢٧﴾

﴾27﴿ നിശ്ചയമായും, പരലോകത്തില്‍ വിശ്വസിക്കാത്തവര്‍, പെണ്‍വര്‍ഗത്തിന്റെ നാമകരണം (പോലെ) മലക്കുകള്‍ക്ക് നാമകരണം ചെയ്തുവരുന്നു.

وَمَا لَهُم بِهِۦ مِنۡ عِلۡمٍۖ إِن يَتَّبِعُونَ إِلَّا ٱلظَّنَّۖ وَإِنَّ ٱلظَّنَّ لَا يُغۡنِي مِنَ ٱلۡحَقِّ شَيۡـٔٗا ﴿٢٨﴾

﴿28﴾ അവർക്ക് അതിനെപ്പറ്റി യാതൊരു അറിവും ഇല്ലതാനും, അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. ഊഹമാകട്ടെ, നിശ്ചയമായും യഥാർത്ഥത്തെ സംബന്ധിച്ച് ഒട്ടും തന്നെ ഉപകരിക്കുന്നതുമല്ല.

﴿27﴾ إِنَّ ٱلَّذِينَ നിശ്ചയമായും ഒരുകൂട്ടർ لَا يُؤۡمِنُونَ വിശ്വസിക്കാത്ത بِٱلۡأٓخِرَةِ പരലോകത്തിൽ لَيُسَمُّونَ അവർ നാമകരണം ചെയ്യുന്നു, പേരുവെക്കുന്നു ٱلۡمَلَٰٓئِكَةَ മലക്കുകൾക്ക് تَسۡمِيَةَ ٱلۡأُنثَىٰ പെണ്ണിന്റെ നാമകരണം. പെണ്ണിന് പേരുവെക്കുന്ന പ്രകാരം ﴿28﴾ وَمَا لَهُم അവർക്ക് ഇല്ലതാനും بِهِۦ അതിനെപ്പറ്റി مِنۡ عِلۡمٍ ഒരറിവും إِن يَتَّبِعُونَ അവർ പിൻപറ്റുന്നില്ല إِلَّا ٱلظَّنَّ ഊഹത്തെയല്ലാതെ وَإِنَّ ٱلظَّنَّ നിശ്ചയമായും ഊഹമാകട്ടെ لَا يُغۡنِي പര്യാപ്തമാക്കുകയില്ല (ഉപകരിക്കയില്ല) مِنَ ٱلۡحَقِّ യഥാർത്ഥത്തെ സംബന്ധിച്ചു, കാര്യത്തിന് شَيۡـٔٗا ഒന്നും, യാതൊന്നും

ആ മുശ്‌രിക്കുകളുടെ ആദ്യത്തെ പരലോകത്തിൽ വിശ്വസിക്കുന്നില്ല. അതോടൊപ്പം മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളാണെന്നും, അവർ സ്ത്രീകളാണെന്നും പറഞ്ഞുകൊണ്ട് സ്ത്രീകളുടേതായ നാമവിശേഷണങ്ങൾ അവർക്ക് നൽകുകയും ചെയ്യുന്നു. ഒരു ന്യായത്തെയും, അടിസ്ഥാനമാക്കിയല്ല, ഊഹത്തെ മാത്രം അടിസ്ഥാനമാക്കിയാണ്താനും അത്. സൂ: സുഖ്‌റുഫിൽ അല്ലാഹു പറയുന്നു: പരമകാരുണികന്റെ അടിയാൻമാരാകുന്ന മലക്കുകളെ അവർ പെണ്ണുങ്ങളാക്കുകയും ചെയ്തിരിക്കുന്നു! അവരെ സൃഷ്ടിച്ചതിന് ഇവർ സാക്ഷ്യം വഹിച്ചിരുന്നുവോ? അവരുടെ (ആ) സാക്ഷ്യം രേഖപ്പെടുത്തപ്പെടുകയും, അവർ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നതാണ്. وجعلوا الملئكة الذين هم عباد الرحمن الخ – الزخرف:١٩

إِنَّ الظَّنَّ لاَ يُغْنِي مِنَ الحَقِ شَيْئًا (ഊഹമാകട്ടെ, നിശ്ചയമായും യഥാർത്ഥത്തെ സംബന്ധിച്ച് ഒട്ടും ഉപകരിക്കുകയില്ല. എന്ന വാക്യം വളരെ ശ്രദ്ധേയമായ ഒരു പൊതുതത്വമാകുന്നു. ഒരു കാര്യത്തിന്റെ യഥാർത്ഥം മനസ്സിലാക്കുന്നതിനും, ഒരു കാര്യത്തെക്കുറിച്ച് വിശ്വാസം ഉറപ്പിക്കുന്നതിനും തക്കതായ രേഖയും ലക്ഷ്യവും തന്നെ വേണം. അഥവാ ഊഹമോ ധാരണയോ പോര. കാരണം ഊഹങ്ങളിൽ മിക്കതും അടിസ്ഥാനരഹിതമായിരിക്കും. നബി ﷺ പറയുന്നു: إياكم والظن وإن الظن أكذب الحديث (നിങ്ങൾ ഊഹത്തെ സൂക്ഷിക്കുക. കാരണം, ഊഹം വർത്തമാനത്തിൽവെച്ച് ഏറ്റവും കളവായതാകുന്നു.) (ബു.)

فَأَعْرِضْ عَن مَّن تَوَلَّىٰ عَن ذِكْرِنَا وَلَمْ يُرِدْ إِلَّا ٱلْحَيَوٰةَ ٱلدُّنْيَا ﴿٢٩﴾

﴾29﴿ (നബിയേ) എന്നാൽ, നമ്മുടെ സ്മരണ വിട്ടുതിരിഞ്ഞു കളയുകയും, ഐഹികജീവിതമല്ലാതെ ഉദ്ദേശം വെക്കാതിരിക്കുകയും ചെയ്യുന്നവരിൽനിന്ന് നീ ഒഴിഞ്ഞുമാറിക്കൊള്ളുക.

ذَٰلِكَ مَبْلَغُهُم مِّنَ ٱلْعِلْمِ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ وَهُوَ أَعْلَمُ بِمَنِ ٱهْتَدَىٰ ﴿٣٠﴾

﴾30﴿ അത്, അറിവിൽനിന്നുള്ള അവരുടെ ആകെത്തുകയത്രെ. നിശ്ചയമായും, നിന്റെ റബ്ബ് തന്നെയാണ് അവന്റെ മാർഗംവിട്ട് തെറ്റിപ്പോയവരെക്കുറിച്ച് കൂടുതൽ അറിയുന്നവൻ. നേർമാർഗം പ്രാപിച്ചവരെപ്പറ്റി കൂടുതൽ അറിയുന്നവനും അവനത്രെ.

﴾29﴿ فَأَعْرِضْ എന്നാൽ (ആകയാൽ) നീ വിട്ടു (ഒഴിഞ്ഞു) മാറുക عَن مَّن تَوَلَّىٰ തിരിഞ്ഞുപോയവരിൽനിന്ന് عَن ذِكْرِنَا നമ്മുടെ സ്മരണ (ഓർമ)യിൽനിന്ന് وَلَمْ يُرِدْ ഉദ്ദേശിക്കുകയും ചെയ്യാത്ത إِلَّا ٱلْحَيَوٰةَ ജീവിതമല്ലാതെ ٱلدُّنْيَا ഐഹികമായ, ഇഹത്തിലെ ﴾30﴿ ذَٰلِكَ അത് مَبْلَغُهُم അവർ എത്തിച്ചേർന്നതാണ്, അവരുടെ ആകെത്തുകയാണ് مِّنَ ٱلْعِلْمِ അറിവിൽനിന്ന് إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് هُوَ أَعْلَمُ അവനത്രെ കൂടുതൽ (നല്ലവണ്ണം) അറിയുന്നവൻ بِمَن ضَلَّ തെറ്റിയ (പിഴച്ച) വരെപ്പറ്റി عَن سَبِيلِهِۦ തന്റെ മാർഗം വിട്ടു وَهُوَ أَعْلَمُ അവൻതന്നെ കൂടുതൽ അറിയുന്നവൻ بِمَنِ ٱهْتَدَىٰ നേർമാർഗം പ്രാപിച്ചവരെപ്പറ്റി

അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും ബോധവുമില്ലാതെയും, ഐഹിക ജീവിതത്തെ ഏകലക്ഷ്യമായി സ്വീകരിച്ചുകൊണ്ടുമിരിക്കുന്നവരെ ഉപദേശിച്ചിട്ട് യാതൊരു ഫലവും ഉണ്ടാകുകയില്ല. അതുകൊണ്ട് അങ്ങനെയുള്ളവരെ അവഗണിച്ചു തള്ളിക്കളയുവാൻ അല്ലാഹു ഉപദേശിക്കുന്നു. കാരണം, അവരുടെ അറിവിന്റെ ആകെത്തുക ഐഹികജീവിതവും, അതിലെ സുഖഭോഗങ്ങളും മാത്രമായിരിക്കും. അതിനപ്പുറം അവർക്ക് ഒന്നും പ്രതീക്ഷിക്കുവാനോ ആഗ്രഹിക്കുവാനോ ഉണ്ടായിരിക്കയില്ല. അവരുടെ സർവ്വസ്വവും അതായിരിക്കും. അവരുടെ അഭിവൃദ്ധിയും പുരോഗതിയും ഉന്നതിയുമെല്ലാം അതിലേ അവർ ആലോചിക്കു

കയും ചിന്തിക്കുകയുമുള്ളൂ. അവയെക്കുറിച്ചല്ലാത്ത ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്നതല്ല. അനുഭവങ്ങൾ സാക്ഷ്യം വഹിക്കുന്ന ഒരു പരമാർത്ഥമാണ് ഇത്. നബി ﷺ പ്രാർത്ഥിച്ചിരുന്നതായി ഹദീഥിൽ വന്നിട്ടുള്ള ഈ പ്രാർത്ഥന നാമും പ്രാർത്ഥിക്കുക. അല്ലാഹുവേ, ഇഹലോകത്തെ ഞങ്ങളുടെ പ്രധാന മനോവിചാരമാക്കരുതേ; ഞങ്ങളുടെ അറിവിന്റെ ആകെത്തുകയും ആക്കരുതേ! (اللهم لا تجعل الدنيا اكبر همنا ولا مبلغ علمنا)

وَلِلَّهِ مَا فِي ٱلسَّمَـٰوَٰتِ وَمَا فِي ٱلْأَرْضِ لِيَجْزِيَ ٱلَّذِينَ أَسَـٰٓـُٔوا۟ بِمَا عَمِلُوا۟ وَيَجْزِيَ ٱلَّذِينَ أَحْسَنُوا۟ بِٱلْحُسْنَى ﴿٣١﴾

《31》 അല്ലാഹുവിന്റേതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം). തിന്മ ചെയ്തവർക്ക് അവർ പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നൽകുവാനും, നന്മ ചെയ്തവർക്ക് ഏറ്റവും നല്ലത് പ്രതിഫലം നൽകുവാനും വേണ്ടിയത്രെ (അത്).

《31》 وَلله അല്ലാഹുവിനാണ്, അല്ലാഹുവിന്റേതാണ് مَا فِي ٱلسَّمَـٰوَٰتِ ആകാശങ്ങളിലുള്ളത് وَمَا فِى الْأَرْضِ ഭൂമിയിലുള്ളതും لِيَجْزِيَ അവൻ പ്രതിഫലം നൽകുവാൻ വേണ്ടി ٱلَّذِينَ أَسَـٰٓـُٔوا۟ തിന്മ ചെയ്തവർക്ക് بِمَا عَمِلُوا۟ അവർ പ്രവർത്തിച്ചതനുസരിച്ച്, പ്രവർത്തിച്ചതിന് وَيَجْزِيَ പ്രതിഫലം നൽകുവാനും ٱلَّذِينَ أَحْسَنُوا۟ നന്മ (സുകൃതം) ചെയ്തവർക്ക് بِٱلْحُسْنَى ഏറ്റവും നല്ലതിനെ

ഏറ്റവും നല്ലത് (الْحُسْنَى) കൊണ്ടുദ്ദേശ്യം സ്വർഗീയാനുഗ്രഹങ്ങൾതന്നെ. നന്മ ചെയ്യുന്നവരുടെ സ്വഭാവം എപ്രകാരമായിരിക്കുമെന്ന് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നത് കാണുക:-

ٱلَّذِينَ يَجْتَنِبُونَ كَبَـٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ إِلَّا ٱللَّمَمَ ۚ إِنَّ رَبَّكَ وَٰسِعُ ٱلْمَغْفِرَةِ

《32》 (അതെ) വലിയ പാപങ്ങളും, നീചവൃത്തികളും (തീരെ) വിട്ടകന്ന് നിൽക്കുവാൻ. [ഇവരാണ് നന്മ ചെയ്യുന്നവർ.] നിസ്സാരമായതൊഴികെ. [അത് സംഭവിച്ചേക്കാം.] നിശ്ചയമായും, നിന്റെ റബ്ബ് (പാപം) പൊറുക്കുന്നതിൽ വിശാലനാകുന്നു.

هُوَ أَعْلَمُ بِكُمْ إِذْ أَنشَأَكُم مِّنَ ٱلْأَرْضِ وَإِذْ أَنتُمْ أَجِنَّةٌ فِى بُطُونِ أُمَّهَـٰتِكُمْ ۖ فَلَا تُزَكُّوٓا۟ أَنفُسَكُمْ ۖ هُوَ أَعْلَمُ بِمَنِ ٱتَّقَىٰٓ ﴿٣٢﴾

നിങ്ങളെ ഭൂമിയിൽനിന്ന് ഉദ്ഭവിപ്പിച്ച അവസരത്തിലും, നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ ഗർഭസ്ഥ ശിശുക്കളായിരിക്കുമ്പോഴും (എല്ലാംതന്നെ) അവൻ നിങ്ങളെക്കുറിച്ച് ഏറ്റവും അറിയുന്നവനാകുന്നു. എന്നിരിക്കെ, നിങ്ങൾ നിങ്ങളെ സ്വയം (പരിശുദ്ധരാക്കി) വളർത്തിക്കാട്ടരുത്. സൂക്ഷ്മത പാലിക്കുന്നവരെക്കുറിച്ച് അവൻ ഏറ്റവും അറിയുന്നവനാകുന്നു.

﴾32﴿ ٱلَّذِينَ يَجْتَنِبُونَ വർജ്ജിക്കുന്ന (വിട്ടകലുന്ന)വർ كَبَـٰٓئِرَ ٱلْإِثْمِ വലിയ പാപങ്ങളെ وَٱلْفَوَٰحِشَ നീച (ദുഷ്ട)പ്രവൃത്തികളെയും إِلَّا ٱللَّمَمَ നിസ്സാരമായ (തുച്ഛമായ)ത് ഒഴികെ...അല്ലാത്ത إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് وَٰسِعُ ٱلْمَغْفِرَةِ പാപമോചനം വിശാലമായവനാണ് هُوَ أَعْلَمُ അവൻ ഏറ്റവും അറിയുന്നവനാണ് بِكُمْ നിങ്ങളെക്കുറിച്ച് إِذْ أَنشَأَكُم നിങ്ങളെ ഉൽഭവിപ്പിച്ച (ഉണ്ടാക്കിയ) സന്ദർഭങ്ങളിൽ مِّنَ ٱلْأَرْضِ ഭൂമിയിൽനിന്ന് وَإِذْ أَنتُمْ നിങ്ങളായിരിക്കുമ്പോഴും أَجِنَّةٌ ഗർഭസ്ഥശിശുക്കൾ فِى بُطُونِ വയറുകളിൽ أُمَّهَـٰتِكُمْ നിങ്ങളുടെ മാതാക്കളുടെ فَلَا تُزَكُّوٓا۟ എന്നിരിക്കെ നിങ്ങൾ വളർത്തരുത്, പരിശുദ്ധമാക്കിക്കാട്ടരുത്, പ്രശംസിച്ച് പറയരുത് أَنفُسَكُمْ നിങ്ങളെത്തന്നെ, നിങ്ങളുടെ ദേഹങ്ങളെ هُوَ أَعْلَمُ അവൻ ഏറ്റവും അറിയുന്നവനാണ് بِمَنِ ٱتَّقَىٰٓ സൂക്ഷ്മത പാലിക്കുന്നവനെ (ഭയഭക്തിയുള്ളവനെ)പ്പറ്റി

നിങ്ങളുടെ ഉത്ഭവം, വളർച്ച, വളർച്ചയുടെ ഓരോ ഘട്ടങ്ങൾ ആദിയായവയും, നിങ്ങളുടെ എല്ലാ സ്ഥിതിഗതികളും അല്ലാഹു ഏറ്റവും അറിയുന്നവനാണ്. എന്നിരിക്കെ, നിങ്ങളുടെ നന്മകളും പരിശുദ്ധതയും എടുത്തുകാട്ടി ആത്മപ്രശംസ ചെയ്യാനും വളർത്തിക്കാട്ടുവാനും മുതിരരുത് എന്ന് സാരം. അബൂസലമഃയുടെ മകൾ സൈനബി (زَيْنَب بِنْت أَبِي سَلَمَة-رض)നു അവരുടെ വീട്ടുകാർ ബർറഃ (بَرَّة = പുണ്യവതി) എന്ന് നാമകരണം ചെയ്തപ്പോൾ നബി ﷺ ഇപ്രകാരം പറയുകയുണ്ടായി: لا تزكوا أنفسكم ان الله اعلم بأهل البر منكم-مسلم (നിങ്ങൾ നിങ്ങളെ സ്വയം വളർത്തിപ്പറയരുത്. നിശ്ചയമായും നിങ്ങളിലുള്ള പുണ്യവാൻമാരെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്) ഞങ്ങൾ എന്താണ് അവൾക്ക് പേര് നൽകേണ്ടതെന്ന് ചോദിച്ചപ്പോൾ തിരുമേനി സൈനബഎന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തു (മുസ്ലിം). ഒരു മനുഷ്യൻ ഉഥ്മാൻ (റ)ന്റെ അടുക്കൽ വന്ന് അദ്ദേഹത്തിന്റെ മുഖത്തുനോക്കി അദ്ദേഹത്തെ പുകഴ്ത്തിപ്പറയുകയുണ്ടായി. അപ്പോൾ മിക്ദാദ് (مقداد بن الاسود-رض) അയാളുടെ മുഖത്ത് മണ്ണ് വാരിയിട്ടുകൊണ്ട് ഇങ്ങനെ

പറഞ്ഞു: അധികപ്രശംസ നടത്തുന്നവരെ കണ്ടാൽ, അവരുടെ മുഖത്ത് മണ്ണുവാരിയിടുവാൻ ഞങ്ങളോട് നബി ﷺ കല്പിച്ചിരിക്കുന്നു. (മുസ്‌ലിം)

അല്ലാഹുവിങ്കൽ ഏറ്റവും പ്രതിഫലം ലിക്കുന്ന സുകൃതവാൻമാരുടെ സവിശേഷതയായി അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയ ഭാഗം പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു. മനുഷ്യസഹജമായ വല്ല നിസ്സാര തെറ്റുകുറ്റങ്ങളും അവരുടെ പക്കൽ വന്നുപോയേക്കാമെന്നല്ലാതെ വലിയ പാപങ്ങളോ, നീചവൃത്തികളോ ആയ യാതൊന്നും അവർ ചെയ്കയില്ല. അതിൽനിന്നെല്ലാം അവർ തീരെ അകന്ന് നിൽക്കുന്നവരായിരിക്കും. ഇതാണത്: പ്രത്യേകം താക്കീത് ചെയ്യപ്പെട്ടതോ, കർശനമായി വിരോധിച്ചതോ ആയ എല്ലാ കാര്യങ്ങളും വലിയ പാപങ്ങളി (كبائر الإثم)ലും, നീചമോ നികൃഷ്ടമോ ആയി ഗണിക്കപ്പെടുന്ന എല്ലാ കാര്യങ്ങളും നീചവൃത്തികളി (الفواحش)ലുംഉൾപ്പെടുന്നു. പൊതുവിൽ വിരോധിക്കപ്പെട്ടതാണെങ്കിലും മനുഷ്യന്റെ പക്കൽ സാധാരണഗതിയിൽ വന്നുപിണഞ്ഞേക്കുന്ന ലഘുവായ തെറ്റുകുറ്റങ്ങളാണ് നിസ്സാരപാപങ്ങൾ (اللمم) കൊണ്ടുദ്ദേശ്യം. മഹാപാപങ്ങളിലും, നീചവൃത്തികളിലും അകപ്പെടാതെ സൂക്ഷിച്ചുപോരുന്നവരുടെ പക്കൽ വന്നേക്കാവുന്ന ചെറുപാപങ്ങളെ അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കും എന്ന് താൽപര്യം. ഈ ആശയം മറ്റൊരു വചനത്തിൽ അല്ലാഹു ഇങ്ങനെ വിവരിക്കുന്നു: أَنْ تَجْتَنِبُوا الْكَبَائِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنْكُمْ سَيِّئَاتِكُمْ و تدْخلكم ندخلاً كريماً—النساء:٣١ (സാരം: നിങ്ങളോട് വിരോധിക്കപ്പെടുന്ന വലിയ കാര്യങ്ങളെ നിങ്ങൾ വിട്ടകന്ന് നിൽക്കുന്നപക്ഷം നിങ്ങളുടെ തിന്മകളെ നിങ്ങൾക്ക് നാം മൂടിവെച്ച്- പൊറുത്ത് -തരുകയും, നിങ്ങളെ മാന്യമായ പ്രവേശന സ്ഥാനത്ത് നാം പ്രവേശിപ്പിക്കുകയും ചെയ്യും. (4 : 31.) പൊറുത്തുകൊടുക്കുമെന്ന് മാത്രമല്ല, മാന്യമായ സ്ഥാനത്ത് പ്രവേശിപ്പിക്കുമെന്നുകൂടി ഇതിൽ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. പാപം പൊറുക്കുന്ന കാര്യത്തിൽ വളരെ വിശാലത കാണിക്കുന്നവനാണ് നിന്റെ റബ്ബ് (إنَّ رَبَّكَ واسِع المَغْفِرَة) എന്ന് ഇവിടെയും ഉണർത്തിയിരിക്കുന്നുവല്ലോ. പരമകാരുണികനായ അല്ലാഹു നമ്മുടെ എല്ലാ പാപങ്ങളും പൊറുത്തു തരട്ടെ. ആമീൻ.

വിഭാഗം- 3

أَفَرَءَيْتَ ٱلَّذِى تَوَلَّىٰ ﴿٣٣﴾

﴾33﴿ എന്നാൽ (നബിയേ) പിൻമാറിപ്പോയ ഒരുവനെ നീ കണ്ടുവോ?-

وَأَعْطَىٰ قَلِيلًا وَأَكْدَىٰٓ ﴿٣٤﴾

﴾34﴿ അവൻ അല്പം കൊടുക്കുകയും (പിന്നീടത്) നിറുത്തിക്കളയുകയും ചെയ്തു.

أَعِندَهُۥ عِلْمُ ٱلْغَيْبِ فَهُوَ يَرَىٰٓ ﴿٣٥﴾

﴾35﴿ അവന്റെ അടുക്കൽ അദൃശ്യജ്ഞാനമുണ്ടായിട്ട് അവൻ (അതുവഴി) കണ്ടറിയുന്നുവോ?!

أَمْ لَمْ يُنَبَّأْ بِمَا فِى صُحُفِ مُوسَىٰ ﴿٣٦﴾

﴾36﴿ അഥവാ, മൂസായുടെ ഏടുകളിലുള്ളതിനെക്കുറിച്ച് അവന് വര്‍ത്തമാനം ലഭിച്ചിട്ടില്ലേ?!

وَإِبْرَٰهِيمَ ٱلَّذِى وَفَّىٰٓ ﴿٣٧﴾

﴾37﴿ (കടമകള്‍) നിറവേറ്റിയവനായ ഇബ്റാഹീമിന്‍റെയും (ഏടിലുള്ളത്)?!

﴾33﴿ أَفَرَءَيْتَ എന്നാല്‍ നീ കണ്ടുവോ ٱلَّذِى تَوَلَّىٰ പിന്‍മാറിയ ഒരുവനെ ﴾34﴿
وَأَعْطَىٰ അവന്‍ കൊടുക്കുകയും ചെയ്തു قَلِيلًا അല്പം, കുറച്ച് وَأَكْدَىٰٓ അവന്‍ (പാ
റകണ്ട്) നിറുത്തിവെക്കുകയും ചെയ്തു ﴾35﴿ أَعِندَهُۥ അവന്‍റെ പക്കലുണ്ടോ
عِلْمُ ٱلْغَيْبِ അദൃശ്യത്തിന്‍റെ ജ്ഞാനം, അറിവ് فَهُوَ يَرَىٰٓ എന്നിട്ടവന്‍ കാണുന്നു(വോ)
﴾36﴿ أَمْ لَمْ يُنَبَّأْ അതല്ല, (അഥവാ) അവന് വര്‍ത്തമാനം ലഭിച്ചിട്ടില്ലേ بِمَا യാതൊ
ന്നിനെപ്പറ്റി فِى صُحُفِ مُوسَىٰ മൂസായുടെ ഏടിലുള്ള ﴾37﴿ وَإِبْرَٰهِيمَ ഇബ്റാഹീമി
ന്‍റെയും ٱلَّذِى وَفَّىٰٓ നിറവേറ്റിയവനായ

സത്യോപദേശങ്ങള്‍ സ്വീകരിക്കുവാനും, സന്‍മാര്‍ഗം പിന്‍പറ്റുവാനും തയ്യാറില്ലാതെ പിന്‍തിരിഞ്ഞുകളയുന്നവരും, കൊടുത്തുതീര്‍ക്കുകയോ ചെയ്തുതീര്‍ക്കുകയോ ചെയ്യേണ്ടുന്ന കടമകളില്‍ ഏതോ ചിലത് മാത്രം നിര്‍വ്വഹിച്ച് ബാക്കിയുള്ളവ നിര്‍വ്വഹിക്കാതെ വിട്ടുകളയുന്നവരുമായ ആളുകളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. കിണറോ മറ്റോ കുഴിക്കുമ്പോള്‍ ഇടക്കുവെച്ച് പാറകണ്ടെത്തുക നിമിത്തം തുടര്‍ന്ന് കുഴിക്കുവാന്‍ നിവൃത്തിയില്ലാതെ പ്രവര്‍ത്തനം നിറുത്തിവെച്ചു എന്നാണ് أَكْدَا (അക്ദാ) എന്ന വാക്കിന്‍റെ സാക്ഷാല്‍ അര്‍ത്ഥം. അത് പോലെ, കൊടുക്കേണ്ടുന്ന ധനം അല്പം കൊടുത്തു- അല്ലെങ്കില്‍ നിര്‍വ്വഹിക്കേണ്ടുന്ന കടമ അല്പം നിര്‍വ്വഹിച്ചു- ബാക്കിയുള്ളത് നിര്‍വ്വഹിക്കുവാന്‍ മനസ്സ് സമ്മതിച്ചതുമില്ല എന്ന് സാരം. തുടര്‍ന്ന് ചിലവഴിച്ചാല്‍ തങ്ങളുടെ ധനം നഷ്ടപ്പെട്ട് വലഞ്ഞുപോകും, ചില കടമകള്‍ മാത്രം നിര്‍വ്വഹിച്ചാലും തങ്ങള്‍ക്ക് രക്ഷ കിട്ടും, തങ്ങളുടെ കുറ്റഭാരം മറ്റുള്ളവര്‍ ഏറ്റെടുക്കുകയോ അവരുടെ മേല്‍ ചുമത്തുകയോ ചെയ്യാം എന്നിത്യാദി വിചാരങ്ങളായിരിക്കും ഇവര്‍ക്കുണ്ടാവുക. ഒന്നുകില്‍, ഇതൊക്കെ ശരിയാണെന്ന് കാണിക്കുന്ന വല്ല അദൃശ്യവിവരങ്ങളും അവര്‍ക്കുണ്ടായിരിക്കണം, അല്ലെങ്കില്‍ പൂര്‍വ്വ ഗ്രന്ഥങ്ങളില്‍നിന്ന് അതിന് അവര്‍ക്ക് വല്ല തെളിവും ലഭിച്ചിരിക്കണം. അദൃശ്യജ്ഞാനമാണെങ്കില്‍ അത് അല്ലാഹുവിന് മാത്രമാണുള്ളത്. പൂര്‍വ്വവേദങ്ങളാകട്ടെ, ഇവരുടെ നിലപാടിന് കടകവിരുദ്ധമായ തെളിവുകളാണ് നല്‍കുന്നതും. അവയുടെ സിദ്ധാന്തങ്ങള്‍ താഴെ പ്രസ്താവിക്കുന്ന പ്രകാരത്തിലാണുള്ളത്. എന്നിരിക്കെ, എന്താണ് ഇവര്‍ക്ക്

ന്യായീകരണമുള്ളത്?! ഇവർക്കെങ്ങിനെയാണ് രക്ഷ കിട്ടുക!

ഈ വചനങ്ങളുടെ അവതരണ സന്ദർഭത്തെക്കുറിച്ച് മുജാഹിദ് (റ) മുതലായവരിൽനിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു സംഭവം ചില ക്വുർആൻ വ്യാഖ്യാതാക്കൾ ഇപ്രകാരം ഉദ്ധരിക്കുന്നു:- നബി ﷺ യുടെ ക്വുർആൻ പാരായണവും ഉപദേശവും കേട്ട് വലീദുബ്നു മുഗീറഃ (وَلِيد بن مُغِيرَة)ക്കു ഇസ്‌ലാമിനോട് അനുഭാവമുണ്ടായി. അയാൾ നന്നായിത്തീർന്നേക്കുമെന്ന് തിരുമേനി പ്രതീക്ഷിച്ചു. ഇങ്ങനെയിരിക്കെ, മുശ്‌രിക്കുകളിൽ ചിലർ അയാളെ പരിഹസിക്കുകയും, കാരണവൻമാരുടെ മതം ഉപേക്ഷിച്ചതിൽ ആക്ഷേപിക്കുകയും ചെയ്തു. താൻ പരലോകശിക്ഷയെ ഭയപ്പെടുന്നതായി വലീദ് പറഞ്ഞു. ഒരു നിശ്ചിത സംഖ്യ തരുന്നപക്ഷം, തന്റെ പരലോകശിക്ഷ, ഞാൻ ഏറ്റെടുത്തുകൊള്ളുമെന്ന് ആ മുശ്‌രിക്ക് മറുപടി നൽകി. വലീദ് അത് സമ്മതിച്ച് ഇസ്‌ലാമിൽനിന്ന് പിൻവാങ്ങുകയും ചെയ്തു. പക്ഷേ, മറ്റേയാൾക്ക് നിശ്ചയിച്ച സംഖ്യയുടെ ഒരു ഭാഗം മാത്രം കൊടുത്ത ശേഷം പിശുക്ക് മൂലം ബാക്കി കൊടുത്തു തീർത്തില്ല. ഇതാണ് സംഭവം. അവതരണഹേതു ഇതാണെങ്കിലും അല്ലെങ്കിലും ശരി, ഇത്തരം ആളുകളെക്കുറിച്ച് പൊതുവിലാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നതെന്ന് വ്യക്തമാണ്. മൂസാ നബി (അ)ക്കും ഇബ്‌റാഹീം നബി (അ)ക്കും ലഭിച്ചിട്ടുള്ള വേദഗ്രന്ഥങ്ങളിൽ പ്രസ്താവിക്കപ്പെട്ട സിദ്ധാന്തങ്ങൾ എന്തായിരുന്നുവെന്നും തുടർന്ന് വിവരിക്കുന്നു. അവയത്രയും ക്വുർആന്റെയും മൗലിക സിദ്ധാന്തങ്ങളത്രെ.

أَلَّا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ﴿٣٨﴾

﴾38﴿ അതായത്, കുറ്റംവഹിക്കുന്ന ഒരു ദേഹം (അഥവാ ആത്മാവ്) മറ്റൊന്നിന്റെ കുറ്റം വഹിക്കുകയില്ല എന്നും;

وَأَن لَّيْسَ لِلْإِنسَٰنِ إِلَّا مَا سَعَىٰ ﴿٣٩﴾

﴾39﴿ മനുഷ്യന് അവൻ (സ്വയം) പ്രയത്നിച്ചതല്ലാതെ (മറ്റൊന്നും) ഇല്ലെന്നും;

وَأَنَّ سَعْيَهُۥ سَوْفَ يُرَىٰ ﴿٤٠﴾

﴾40﴿ അവന്റെ പ്രയത്നം വഴിയെ അവന് കാട്ടിക്കൊടുക്കപ്പെടുമെന്നും;

ثُمَّ يُجْزَىٰهُ ٱلْجَزَآءَ ٱلْأَوْفَىٰ ﴿٤١﴾

﴾41﴿ -പിന്നീട് അവന് അതിന് പരിപൂർണമായ പ്രതിഫലം നൽകപ്പെടുകയും ചെയ്യും-

﴾38﴿ أَلَّا تَزِرُ (കുറ്റം) വഹിക്കുകയില്ലെന്ന് وَازِرَةٌ ഒരു കുറ്റം വഹിക്കുന്നത് (ദേഹം- ആത്മാവ്) وِزْرَ أُخْرَىٰ മറ്റൊന്നിന്റെ കുറ്റം ﴾39﴿ وَأَن لَّيْسَ ഇല്ലെന്നും لِلْإِنسَـٰنِ മനുഷ്യന് إِلَّا مَا سَعَىٰ അവൻ പ്രയത്നിച്ച (പ്രവർത്തിച്ച- പരിശ്രമിച്ച)തല്ലാതെ ﴾40﴿ وَأَنَّ سَعْيَهُۥ അവന്റെ പ്രയത്നം ആണെന്നും سَوْفَ يُرَىٰ വഴിയെ അവന് കാണിക്കപ്പെടും (എന്നും) ﴾41﴿ ثُمَّ يُجْزَىٰهُ പിന്നീടവന് അതിന് പ്രതിഫലം നൽകപ്പെടും ٱلْجَزَآءَ പ്രതിഫലം ٱلْأَوْفَىٰ പരിപൂർണമായ, നിറവേറിയ

وَأَنَّ إِلَىٰ رَبِّكَ ٱلْمُنتَهَىٰ ﴿٤٢﴾

﴾42﴿ നിന്റെ റബ്ബിങ്കലേക്ക് തന്നെയാണ് (എല്ലാം) ചെന്നവസാനിക്കുന്നത് എന്നും;

وَأَنَّهُۥ هُوَ أَضْحَكَ وَأَبْكَىٰ ﴿٤٣﴾

﴾43﴿ അവൻ തന്നെയാണ് ചിരിപ്പിക്കുകയും, കരയിപ്പിക്കുകയും ചെയ്യുന്നത് എന്നും;

وَأَنَّهُۥ هُوَ أَمَاتَ وَأَحْيَا ﴿٤٤﴾

﴾44﴿ അവൻതന്നെ, മരണപ്പെടുത്തുകയും, ജീവിപ്പിക്കുകയും ചെയ്യുന്നുവെന്നും;

وَأَنَّهُۥ خَلَقَ ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰ ﴿٤٥﴾

﴾45﴿ അവൻതന്നെ, ആണും പെണ്ണുമാകുന്ന രണ്ട് ഇണകളെ സൃഷ്ടിക്കുന്നുവെന്നും;

مِن نُّطْفَةٍ إِذَا تُمْنَىٰ ﴿٤٦﴾

﴾46﴿ -(അതെ) ഒരു ഇന്ദ്രിയത്തുള്ളിയിൽ നിന്ന് അത് (ഗർഭാശയത്തിൽ) സ്രവിക്കപ്പെടുമ്പോൾ,-

وَأَنَّ عَلَيْهِ ٱلنَّشْأَةَ ٱلْأُخْرَىٰ ﴿٤٧﴾

﴾47﴿ അവന്റെ മേൽതന്നെയാണ് മറ്റേ ഉൽപത്തിയാക്കലും [രണ്ടാമത്തെ ജീവിപ്പിക്കലും] എന്നും;

وَأَنَّهُۥ هُوَ أَغْنَىٰ وَأَقْنَىٰ ﴿٤٨﴾

﴾48﴿ അവൻതന്നെ ധന്യമാക്കുക. (അഥവാ ഐശ്വര്യം നൽകുക) യും, സംതൃപ്തി നൽകുകയും ചെയ്യുന്നുവെന്നും;

وَأَنَّهُۥ هُوَ رَبُّ ٱلشِّعْرَىٰ ﴿٤٩﴾

﴾49﴿ അവൻതന്നെയാണ് ശിഅ്റായുടെ [ചോതിനക്ഷത്രത്തിന്റെ] റബ്ബ് എന്നും;

وَأَنَّهُۥٓ أَهۡلَكَ عَادًا ٱلۡأُولَىٰ ﴿٥٠﴾

﴿50﴾ അവൻതന്നെ, ആദിമ(ജനതയായ) 'ആദി'നെ നശിപ്പിച്ചുവെന്നും;

وَثَمُودَاْ فَمَآ أَبۡقَىٰ ﴿٥١﴾

﴿51﴾ ഥമൂദിനെയും (നശിപ്പിച്ചു); എന്നിട്ട് (അവരെ) ബാക്കിയാക്കിയില്ല;-

---

﴿42﴾ وَأَنَّ إِلَىٰ رَبِّكَ നിന്റെ റബ്ബിങ്കലേക്കാണെന്നും ٱلۡمُنتَهَىٰ അവസാനം എത്തൽ, ചെന്നവസാനിക്കൽ, അറ്റം ﴿43﴾ وَأَنَّهُۥ هُوَ അവൻ തന്നെയാണെന്നും أَضۡحَكَ ചിരിപ്പിക്കുന്നത് وَأَبۡكَىٰ കരയിപ്പിക്കുകയും ﴿44﴾ وَأَنَّهُۥ هُوَ أَمَاتَ അവൻ തന്നെ മരിപ്പിച്ചു (മരിപ്പിക്കുന്നു) എന്നും وَأَحۡيَا ജീവിപ്പിക്കുകയും ചെയ്തു (ചെയ്യുന്നു) ﴿45﴾ وَأَنَّهُۥ خَلَقَ അവൻ സൃഷ്ടിച്ചു എന്നും ٱلزَّوۡجَيۡنِ രണ്ട് ഇണകളെ ٱلذَّكَرَ ആണും وَٱلۡأُنثَىٰ പെണ്ണും ﴿46﴾ مِن نُّطۡفَةٍ ഇന്ദ്രിയബിന്ദു (തുള്ളി)യിൽ നിന്ന് إِذَا تُمۡنَىٰ അത് സ്രവിക്ക (ഒഴിക്ക)പ്പെടുമ്പോൾ, വ്യവസ്ഥപ്പെടുത്തപ്പെടുമ്പോൾ ﴿47﴾ وَأَنَّ عَلَيۡهِ അവന്റെ മേലാണെന്നും ٱلنَّشۡأَةَ ഉൽപത്തി, ഉണ്ടാക്കൽ നിർമാണം ٱلۡأُخۡرَىٰ മറ്റേ ﴿48﴾ وَأَنَّهُۥ هُوَ അവൻ തന്നെ ധന്യമാക്കി (ഐശ്വര്യം നൽകി) എന്നും أَغۡنَىٰ وَأَقۡنَىٰ സംതൃപ്തി നൽകുക (തൃപ്തിപ്പെടുത്തുക, സൂക്ഷിക്കാൻ കൊടുക്കുക, ദരിദ്രമാക്കുക)യും ചെയ്തു ﴿49﴾ وَأَنَّهُۥ هُوَ അവൻ തന്നെയെന്നും رَبُّ ٱلشِّعۡرَىٰ ശിഅ്റാ (ചോതി) നക്ഷത്രത്തിന്റെ റബ്ബ് ﴿50﴾ وَأَنَّهُۥٓ أَهۡلَكَ അവൻ നശിപ്പിച്ചുവെന്നും عَادًا ٱلۡأُولَىٰ ആദിമ (ആദ്യത്തെ,) ഒന്നാമത്തെ ആദിനെ ﴿51﴾ وَثَمُودَاْ ഥമൂദിനെയും فَمَآ أَبۡقَىٰ എന്നിട്ട് അവൻ ബാക്കിയാക്കിയില്ല, ശേഷിപ്പിച്ചില്ല

وَقَوۡمَ نُوحٍ مِّن قَبۡلُۖ إِنَّهُمۡ كَانُواْ هُمۡ أَظۡلَمَ وَأَطۡغَىٰ ﴿٥٢﴾

﴿52﴾ മുമ്പ് നൂഹിന്റെ ജനതയെയും (നശിപ്പിച്ചു); (കാരണം) നിശ്ചയമായും അവർ ഏറ്റവും അക്രമം ചെയ്തവരും ഏറ്റം ധിക്കാരം പ്രവർത്തിച്ചവരും തന്നെയായിരുന്നു;-

وَٱلۡمُؤۡتَفِكَةَ أَهۡوَىٰ ﴿٥٣﴾

﴿53﴾ (കീഴ്മേലാക്കി) മറിഞ്ഞു കിടക്കുന്ന (ആ) രാജ്യത്തെ അവൻ വീഴ്ത്തുകയും ചെയ്തു;-

فَغَشَّىٰهَا مَا غَشَّىٰ ﴿٥٤﴾

﴿54﴾ എന്നിട്ട് അതിനെ ആവരണം ചെയ്തത് (ഒക്കെയും) ആവരണം ചെയ്തു!

فَبِأَيِّ ءَالَآءِ رَبِّكَ تَتَمَارَىٰ ﴿٥٥﴾

﴿55﴾ (മനുഷ്യാ) എന്നിരിക്കെ, നിന്റെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെക്കുറിച്ചാണ് നീ (തർക്കം നടത്തി) സംശയം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്?!

﴿52﴾ وَقَوْمَ نُوحٍ നൂഹിന്റെ ജനതയെയും مِّن قَبْلُ മുമ്പ് إِنَّهُمْ كَانُوا۟ നിശ്ചയമായും അവരായിരുന്നു هُمْ അവർ തന്നെ أَظْلَمَ വലിയ (വളരെ) അക്രമം ചെയ്യുന്നവർ وَأَطْغَىٰ വലിയ ധിക്കാരി (അതിക്രമി)കളും ﴿53﴾ وَٱلْمُؤْتَفِكَةَ മറിഞ്ഞുകിടക്കുന്നതിനെയും (രാജ്യം) أَهْوَىٰ അവൻ വീഴ്ത്തി ﴿54﴾ فَغَشَّىٰهَا എന്നിട്ടതിനെ ആവരണം ചെയ്തു, മൂടി مَا غَشَّىٰ മൂടിയത്, ആവരണം ചെയ്തത് (ഒക്കെയും) ﴿55﴾ فَبِأَيِّ ءَالَآءِ അപ്പോൾ (എന്നിരിക്കെ) ഏത് അനുഗ്രഹത്തെക്കുറിച്ചാണ് رَبِّكَ നിന്റെ റബ്ബിന്റെ تَتَمَارَىٰ നീ സംശയം പ്രകടിപ്പിക്കുന്നു, തർക്കം നടത്തുന്നു

പൂർവ്വ വേദഗ്രന്ഥങ്ങളും മുൻ പ്രവാചകൻമാരും പ്രബോധനം ചെയ്തുവന്നതും, വിശുദ്ധ ക്വുർആനും മുഹമ്മദ് നബി ﷺ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്നതുമായ പല മൗലിക സിദ്ധാന്തങ്ങളും, അല്ലാഹുവിന്റെ മഹത്തായ പല അനുഗ്രഹങ്ങളും, പ്രവാചകൻമാരാൽ പ്രബോധനം ചെയ്യപ്പെട്ട സിദ്ധാന്തങ്ങളെ ധിക്കരിച്ച സമുദായങ്ങൾക്ക് നേരിട്ട പല ശിക്ഷാസംഭവങ്ങളും ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടി. സൃഷ്ടിയുടെ ആരംഭംതൊട്ട് മനുഷ്യന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ കൈക്കാണ് നടന്നുവരുന്നതെന്നും, അതുപോലെ അവന്റെ ഭാവികാര്യങ്ങളും അല്ലാഹുവിന്റെ കയ്യിലാണിരിക്കുന്നതെന്നും ഓർമിപ്പിച്ചു. വാസ്തവം ഇതെല്ലാമായിരിക്കെ, പിന്നെ എങ്ങനെയാണ്- മനുഷ്യാ- നീ നിന്റെ റബ്ബിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് സംശയിക്കുവാനും തർക്കിക്കുവാനും മുതിരുന്നത്? അഥവാ അതിൽ ഏതിനെയാണ് നിഷേധിക്കുവാൻ നിനക്ക് കഴിയുക?! എന്നാണ് അല്ലാഹു തുടർന്ന് ചോദിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ബോധമില്ലായ്മയിൽനിന്നും, അവനോടുള്ള നന്ദിയില്ലായ്മയിൽനിന്നുമാണല്ലോ എല്ലാ ദുർമാർഗങ്ങളും ഉടലെടുക്കുന്നത്. 38 മുതൽ ഇതുവരെയുള്ള വചനങ്ങളിൽ പ്രസ്താവിച്ച കാര്യങ്ങൾ ഇവയാണ്:-

(1, 2) ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുന്നതല്ല, വഹിക്കേണ്ടിവരികയുമില്ല. അവനവന്റെ കുറ്റത്തിന് അവനവൻ മാത്രമാണ് ഉത്തരവാദി. ഒരാൾ യത്നിച്ചതിന്റെ – പ്രവർത്തിച്ചതിന്റെ –നന്മ അയാൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്നാൽ നേതൃത്വം, മാതൃക, ഉപദേശം, കൽപന ആദിയായ ഏതെങ്കിലും മാർഗേണ ഒരാളുടെ കർമങ്ങളിൽ മറ്റൊരാൾ പങ്ക് വഹിച്ചിട്ടുണ്ടെങ്കിൽ ആ കർമങ്ങളുടെ ഫല

ത്തിൽ അയാൾക്കും പങ്ക് ലഭിക്കുന്നതായിരിക്കും. നല്ല കർമങ്ങളെങ്കിൽ നന്മയുടെ പങ്കും, ചീത്ത കർമങ്ങളെങ്കിൽ തിന്മയുടെ പങ്കുമായിരിക്കും. ഇത് ഈ തത്വത്തിന് എതിരല്ല. കാരണം, ആ കർമങ്ങളിൽ ഒരു പങ്ക് അവനുമുണ്ടല്ലോ. മറ്റവന്റെ ഫലത്തിൽ ഇതുമൂലം കുറവുവരുന്നതുമല്ല. സൂ: അൻകബൂത്ത് 13 ൽ അവിശ്വാസികളെക്കുറിച്ച് وليحملن اثقالهم واثقالا مع اثقالهم (അവർ അവരുടെ ഭാരങ്ങളും, അവരുടെ ഭാരങ്ങളോടൊപ്പം വേറെ ഭാരങ്ങളും നിശ്ചയമായും വഹിക്കുന്നതാകുന്നു.)എന്ന് പറഞ്ഞിട്ടുള്ളത് ഇതനുസരിച്ചാകുന്നു. കൂടുതൽ വിവരം അവിടെ നോക്കുക.

ഇമാം മുസ്‌ലിമും മറ്റും നിവേദനം ചെയ്ത ഒരു നബിവചനം ഇപ്രകാരമാകുന്നു: ഒരാൾ ഒരു നല്ല നടപടി നടപ്പിലാക്കിയാൽ അവന് അതിന്റെ പ്രതിഫലവും, ക്വിയാമത്ത്നാൾ വരെ അതനുസരിച്ച് പ്രവർത്തിക്കുന്നവരുടെ പ്രതിഫലവും ഉണ്ടായിരിക്കും. ഒരാൾ ഒരു ദുഷിച്ച നടപടി നടപ്പിലാക്കിയാൽ അവന് അതിന്റെ കുറ്റവും, ക്വിയാമത്ത്നാൾവരെ അതനുസരിച്ച് പ്രവർത്തിച്ചവരുടെ കുറ്റവും ഉണ്ടായിരിക്കും. من سن سنة حسنة الخ ومن سن سنة سيئةالخ–مسلم وغيره ഭംഗം കൂടാതെ നടന്നു കൊണ്ടിരിക്കുന്ന ദാനധർമം, ഉപകാരപ്രദമായ അറിവ്, തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്താനം എന്നീ മൂന്ന് കാര്യങ്ങളും മനുഷ്യന്റെ മരണത്തോടുകൂടി മുറിഞ്ഞുപോകാതെ അവശേഷിക്കുന്ന കർമങ്ങളായി നബി ﷺ എണ്ണിയിട്ടുള്ളതും പ്രസ്താവ്യമാകുന്നു. (رواه مسلم) മറ്റൊരു ഹദീഥിൽ നബി ﷺ ഇങ്ങനെ അരുളിച്ചെയ്യുന്നു. ഒരാൾ ഒരു സൻമാർഗത്തിലേക്ക് (മറ്റുള്ളവരെ) ക്ഷണിക്കുന്നപക്ഷം, അവനെ പിൻപറ്റുന്നവരുടെ പ്രതിഫലങ്ങളിൽ യാതൊരു കുറവും ബാധിക്കാതെത്തന്നെ അവരുടെ പ്രതിഫലങ്ങൾ പോലെയുള്ള പ്രതിഫലം അവന്നുണ്ടായിരിക്കും. ഒരാൾ ഒരു ദുർമാർഗത്തിലേക്ക് (മറ്റുള്ളവരെ) ക്ഷണിക്കുന്നപക്ഷം, അവനെ പിൻപറ്റിയവരുടെ പാപങ്ങളിൽ യാതൊരു കുറവും ബാധിക്കാതെത്തന്നെ, അവരുടെ പാപങ്ങൾപോലെയുള്ള പാപം അവന്റെ മേലുണ്ടായിരിക്കും. (من دعا إلى هدى كان له من الأجر الخ–مسلم)

ഹുസൈനുബ്നു ഫദ്‌ലി (حسين بن فضل)നോട് ഖുറാസാനിലെ ഭരണത്തലവനായിരുന്ന ത്വാഹിർ ചോദിച്ചു: മനുഷ്യന് അവൻ യത്നിച്ചതല്ലാതെ ഇല്ല എന്ന ഈ (39 -ാമത്തെ) വചനവും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയാക്കിക്കൊടുക്കും(والله يضاعف من يشاء–البقرة:٢٦١) എന്ന വചനവും തമ്മിൽ എങ്ങനെ യോജിക്കും? അദ്ദേഹം മറുപടി പറഞ്ഞു: അവന്- മനുഷ്യന്- നീതിന്യായപ്രകാരം താൻ യത്നിച്ചതല്ലാതെ ഒന്നുമില്ല. (അല്ലാഹുവിന്റെ) ഔദാര്യം കൊണ്ട് അല്ലാഹു ഉദ്ദേശിച്ചത് അവന് കിട്ടും(ليس له من العدل إلا ما سعى وله بالفضل ماشاء الله) هـ من روح المعاني

ഇമാം ഇബ്നു കഥീർ (റ) ഇവിടെ പ്രസ്താവിച്ചിട്ടുള്ള ചില വരികളുടെ സാരം കൂടി അറിയുന്നത് നന്ന്. അദ്ദേഹം പറയുന്നു: ക്വുർആൻ പാരായണം ചെയ്ത് അതിന്റെ കൂലി മരിച്ചുപോയവർക്ക് ദാനം ചെയ്താൽ അതവർക്ക് കിട്ടുകയില്ല

എന്ന് ഇമാം ശാഫിഈ (റ)യും, അദ്ദേഹത്തെ പിൻപറ്റിയവരും ഈ (39 -ാം) ആയത്തിൽനിന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. കാരണം, അതവരുടെ പ്രവൃത്തിയോ പ്രയത്നമോ അല്ല. ഇതുകൊണ്ടാണ് വ്യക്തമായോ, സൂചനയായോ ഇതിലേക്ക് നബി തിരുമേനി ﷺ സമുദായത്തിന് പ്രോത്സാഹനമോ പ്രേരണയോ നല്കാതിരുന്നത്. സ്വഹാബികളിൽപെട്ട ഒരാളിൽനിന്നും അത് ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. അതൊരു നല്ല കാര്യമായിരുന്നുവെങ്കിൽ അതിലേക്ക് അവർ നമ്മുടെ മുമ്പിൽ കടക്കേണ്ടതായിരുന്നു.'ക്വുർബത്തു'കളെ സംബന്ധിച്ച് (അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കുവാനായി ചെയ്യപ്പെടുന്ന പുണ്യകർമങ്ങളിൽ) നസ്സ്കൊണ്ട് മതിയാക്കേണ്ടതാണ്. (ക്വുർആന്റെയോ ഹദീഥിന്റെയോ തുറന്ന ഭാഷയിലുള്ള പ്രസ്താവന മാത്രമേ സ്വീകരിക്കാൻ നിവൃത്തിയുള്ളൂ) അതിൽ അനുമാനവും അഭിപ്രായവും വഴി കൈകാര്യം നടത്തിക്കൂടാ. എന്നാൽ (മരിച്ചവർക്കുവേണ്ടിയുള്ള) പ്രാർത്ഥനയും, ധർമവുമാകട്ടെ, അവയുടെ കൂലി അവർക്ക് എത്തുമെന്നുള്ളത് (ഭിന്നിപ്പില്ലാത്ത) ഏകകണ്ഠമായ അഭിപ്രായവും, 'ശാരിഇ'*നാൽ തുറന്ന് പ്രസ്താവിക്കപ്പെട്ടതുമാകുന്നു.(ابن كثير هـ)

തുടർന്നുകൊണ്ട് മേലുദ്ധരിച്ച ഹദീഥുകളിൽ പ്രസ്താവിച്ച സംഗതികളിൽ മരണപ്പെട്ടവർക്ക് പ്രതിഫലം ലഭിക്കുമെന്ന് പറഞ്ഞിരിക്കുന്നത് അവ അവരുടെ യത്നത്തിന്റെയും, പ്രവർത്തനത്തിന്റെയും ഇനത്തിൽ ഉൾപ്പെടുന്നതുകൊണ്ടാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ക്വുർആൻ ഓതി ദാനം ചെയ്താൽ മരിച്ചവർക്ക് അതിന്റെ പുണ്യം കിട്ടുമെന്ന് പറയുന്ന പണ്ഡിതൻമാർപോലും ക്വുർആൻ പാരായണത്തിനുവേണ്ടി അന്യരെ കൂലിക്ക് വിളിച്ചാൽ ശരിയാവുകയില്ലെന്ന അഭിപ്രായത്തിനാണ് പിൻബലം നൽകുന്നത്. മാത്രമല്ല, ക്വുർആൻ ഓതിയതിന്റെ പ്രതിഫലം (കൂലി) അത് ഓതിയ ആൾക്കുതന്നെയാണ് ലഭിക്കുക എന്നും, അവൻ ഓതിയതുപോലെയുള്ളതിന്റെ പ്രതിഫലം മാത്രമാണ് മരണപ്പെട്ട ആൾക്ക് ലഭിക്കുക എന്നും, ആകയാൽ ഓതുന്ന ആൾ അല്ലാഹുവേ, ഞാൻ ഈ ഓതിയതുപോലെയുള്ളതിന്റെ പ്രതിഫലം ഇന്ന ആൾക്ക് എത്തിച്ചുകൊടുക്കണേ (اللهم اوصل مثل ثواب ما قرأناه) എന്ന് പ്രാർത്ഥിക്കേണ്ടതുണ്ട് എന്നും അവർ പറയുന്നു. അപ്പോൾ, യാതൊന്നും ഓതാതെത്തന്നെ അല്ലാഹുവേ, ഒരു യാസീൻ ഓതിയാലുണ്ടാകുന്ന പ്രതിഫലം ഇന്ന ആൾക്ക് എത്തിക്കണേ എന്ന് പറഞ്ഞാലും മതിയാവുകയില്ലേ? ആലോചിച്ചു നോക്കുക! ഇതൊന്നും ആലോചിക്കാതെയാണ് നമ്മുടെ രാജ്യങ്ങളിൽ പലരും ഈ വിഷയത്തിൽ ധനം വ്യയം ചെയ്തുവരുന്നത്. അതേ ധനം ഇത്തരം കലർപ്പ് കൂടാത്ത പരിശുദ്ധമായ ദാനധർമങ്ങളിൽ വിനിയോഗിക്കപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായേനെ! അത് അവർക്കും, മരണപ്പെട്ടവർക്കും ഉപകരിക്കുമായിരുന്നു! والله الموفق للسداد والرشاد

***** *ശാരിഉ്(شارع) എന്നാൽ മതസ്ഥാപകൻ എന്നർത്ഥം. യഥാർത്ഥ മതസ്ഥാപകൻ അല്ലാഹുതന്നെ. അത് പ്രബോധനം ചെയ്യുന്ന ആളായതുകൊണ്ട് നബിﷺയെക്കുറിച്ചും ഈ വാക്ക് ഉപയോഗിക്കപ്പെടുന്നു.*

(3) മഹ്ശറിൽവെച്ച് മനുഷ്യന് അവന്റെ കർമങ്ങൾ കാട്ടിക്കൊടുക്കുകയും അവനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതാണ്

(4) പിന്നീട് അതിന്റെ പ്രതിഫലം ശരിക്കും കൃത്യമായും നൽകപ്പെടും. ഓരോരുത്തന്റെ കർമങ്ങൾ അവന്റെ മുമ്പാകെ കാട്ടി ബോധ്യപ്പെടുത്തുകയും, തെളിവുകൾമൂലം സ്ഥാപിക്കുകയും ചെയ്യും. സൽക്കർമമാണെങ്കിൽ അവന് സന്തോഷവും, ദുഷ്ക്കർമമാണെങ്കിൽ അവന് സന്താപവും ഉളവാക്കുമെന്ന് പറയേണ്ടതില്ല. ثُمَّ تُرَدُّونَ الَى عَالِم الغيب والشاهادت فَيُنَبِّئُكُمْ بِمَا كُنتُمْ تَعْمَلُونَ–الجمعة (പിന്നീട് അദൃശ്യത്തേയും ദൃശ്യത്തെയും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്. എന്നിട്ട് നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ച് നിങ്ങളെ അവൻ ബോധ്യപ്പെടുത്തും.) فَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَه فَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَه (അപ്പോൾ, ആർ ഒരു അണുവോളം ഗുണം ചെയ്യുന്നുവോ അവൻ അത് കാണും, ആർ ഒരു അണുവോളം ദോഷം ചെയ്യുന്നുവോ അവൻ അത് കാണും.)

(5) എല്ലാ കാര്യങ്ങളും, എല്ലാ ആളുകളും ഒടുക്കം ചെന്നുചേരുന്നത് അല്ലാഹുവിങ്കലേക്കാകുന്നു. എല്ലാം അവന്റെ അധികാരത്തിലും നിയന്ത്രണത്തിലും മാത്രമായിരിക്കും. എല്ലാവരും അവന്റെ വിധിക്ക് വിധേയരുമായിരിക്കും وإليه يرْجَعُ الأَمْرُ كُلُّهُ–هود (അവനിലേക്ക് തന്നെ എല്ലാ കാര്യവും മടക്കപ്പെടുന്നു:) الَيْهِ مَرْجِعُكُمْ جَمِيعاً– يونس(നിങ്ങളുടെ മുഴുവനും മടങ്ങിച്ചെല്ലൽ അവന്റെ അടുക്കലേക്കാകുന്നു.)

(6) ചിരിയും, കരച്ചിലും നൽകുന്നവൻ അല്ലാഹുവാണ്. സുഖദുഃഖങ്ങളും, സന്തോഷ സന്താപങ്ങൾക്കുള്ള കാരണങ്ങളും അവന്റെ സൃഷ്ടിതന്നെ. അപ്പോൾ, ചിരിവരുന്നതും, കരച്ചിൽ വരുന്നതും അവന്റെ വകയാണ്. കാരണം കൂടാതെ ചിരിക്കുവാനോ, കാരണമുള്ളപ്പോൾ ചിരിക്കാതിരിക്കുവാനോ മനുഷ്യന് സാദ്ധ്യമല്ല. ഇതുപോലെത്തന്നെ കരച്ചിലും.

(7) മരണവും ജീവിതവും ഉണ്ടാക്കുന്നവനും അവൻ തന്നെ. അതെ, الَّذِي خَلَقَ الْمَوْتَ والْحَيَاة لِيَبْلُوَكُمْ أَيُّكُمْ أحْسَنُ عَمَلاً(നിങ്ങളിൽ ഏതാളാണ് കൂടുതൽ നല്ല പ്രവൃത്തി ചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷണം നടത്തുവാൻ വേണ്ടി മരണത്തെയും ജീവിതത്തേയും സൃഷ്ടിച്ചവനാണ്.)

(8) നിസ്സാരമായ ഒരു ഇന്ദ്രിയബിന്ദു ഗർഭാശയത്തിൽ സ്രവിക്കപ്പെടുന്നു. അവിടെവെച്ച് അത് ആണായും പെണ്ണായും, -ചിലപ്പോൾ രണ്ടും കൂടിയും- രൂപാന്തരപ്പെട്ട് പുറത്തു വരുന്നു. അതിന് മുമ്പായി എത്രയോ കാര്യങ്ങൾ അവിടെവെച്ച് വ്യവസ്ഥിതമായി നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെയെല്ലാം സൃഷ്ടികർത്താവ് അല്ലാഹുവല്ലാതെ മറ്റാരുമല്ല. ആണിനെ ആണും, പെണ്ണിനെ പെണ്ണും ആക്കുന്നതിൽ നാമമാത്രമായെങ്കിലും മറ്റൊരാൾക്കും പങ്കില്ല.

(9) ഇങ്ങനെയെല്ലാം സൃഷ്ടിച്ച് പോറ്റിവളർത്തിക്കൊണ്ട് വന്ന് പിന്നീട് മരണപ്പെടുത്തിയ അതേ കർത്താവായ അല്ലാഹുവിന്റെ ബാദ്ധ്യതതന്നെയാണ് മുൻജീവിതത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ യഥാർത്ഥ പ്രതിഫലം അനുഭവിക്കേണ്ടതിനായി മനുഷ്യന് വീണ്ടും രണ്ടാമതൊരു ജീവിതം കൂടി നൽകലും, അതെല്ലാം നിർവ്വഹിച്ച അവന്നുണ്ടോ ഇതിന് വല്ല പ്രയാസവും?! ഒരു കണക്കിന് ആദ്യത്തെ സൃഷ്ടിപ്പിനെക്കാൾ എളുപ്പമാണല്ലോ രണ്ടാമത്തെ സൃഷ്ടിപ്പ്. وهو أهون اليه

(10) ചില ആളുകൾക്ക് ധനവും സമ്പത്തും നൽകുന്നതും, അവരെ അന്യന്റെ ആശ്രയം കൂടാതെ ജീവിക്കുമാറാക്കുന്നതും മറ്റ് ചിലർക്ക് ദാരിദ്ര്യവും വിഷമവുമുണ്ടെങ്കിലും അവരെ വല്ല നല്ല സംതൃപ്തിയോടെ കഴിഞ്ഞു കൂടുന്നവരാക്കുന്നതും അല്ലാഹുവാകുന്നു.

أَغْنَى(അഗ്നാ) എന്ന വാക്കിന് ധന്യമാക്കി, ഐശ്വര്യം നൽകി, ധനം കൊടുത്തു, ആശ്രയമില്ലാതാക്കി, പര്യാപ്തമാക്കിഎന്നൊക്കെ അർത്ഥങ്ങൾ വരുന്നതാണ്. ധനവും ആവശ്യമായ ജീവിതോപാധികളും നൽകി എന്ന് സാരം. أَقْنَى (അക്നാ) എന്ന വാക്കിന് സമ്പാദ്യം നൽകി, ശേഖരിച്ചുകൊടുത്തു, മതിവരുത്തി, തൃപ്തിനൽകിഎന്നിങ്ങനെയും അർത്ഥങ്ങൾ വരും. ഇ ൗ വാക്കിന് രണ്ട് പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടുകാണാം. രണ്ടായാലും അത് അല്ലാഹുവിന്റെ അനുഗ്രഹം തന്നെയാണ് കുറിക്കുന്നത്. ആവശ്യങ്ങൾക്ക് പുറമെ, സൂക്ഷിച്ചുവെക്കത്തക്കവണ്ണം ധാരാളം ധനം നൽകി തൃപ്തിപ്പെടുത്തി എന്നതാണ് ഒരു വ്യാഖ്യാനം. ഈ വ്യാഖ്യാനപ്രകാരം ഇവിടെ (48 -ാം വചനത്തിൽ) ദാരിദ്ര്യത്തെക്കുറിച്ച് ഒന്നും പ്രസ്താവിച്ചിട്ടില്ലെന്ന് വരും. സ്വത്തും ധനവുമില്ല- ദാരിദ്ര്യവും ബുദ്ധിമുട്ടുമുണ്ട്- എങ്കിലും അതിൽ അക്ഷമയും അതൃപ്തിയും തോന്നാതെ, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയും, അതിൽ സമാധാനമടയുകയും ചെയ്യുമാറാക്കി എന്നാണ് മറ്റൊരു വ്യാഖ്യാനം. ഈ വ്യാഖ്യാനത്തിനാണ് ഇവിടെ കൂടുതൽ ഔചിത്യം കാണുന്നത്. കാരണം, ധനത്തെക്കാൾ കവിഞ്ഞ അനുഗ്രഹമാണ് ദാരിദ്ര്യമുള്ളതോടൊപ്പം ധന്യമായ മനസ്ഥിതി ഉളവാക്കുക എന്നുള്ളത്. ആവശ്യത്തിൽ കവിഞ്ഞതോതിൽ ധനം ശേഖരിച്ചുവെക്കുന്നത് ഇസ്‌ലാമിക ദൃഷ്ട്യാ അഭിലഷണീയമല്ലതാനും. മാത്രമല്ല, ഇതിന് മുമ്പ് (43 -45) ചിരിപ്പിച്ചു- കരയിപ്പിച്ചുഎന്നും; മരിപ്പിച്ചു- ജീവിപ്പിച്ചു എന്നും ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചു എന്നുമൊക്കെയാണല്ലോ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. ആ നിലക്ക് ധനം നൽകിയും, ദാരിദ്ര്യത്തിൽ സംതൃപ്തി നൽകിയും അനുഗ്രഹിക്കുക എന്ന് വെക്കുന്നതായിരിക്കും കൂടുതൽ യോജിപ്പ്. الله اعلم സംതൃപ്തിയും മനസ്സമാധാനവും കൂടാതെയുള്ള സമ്പത്തിനേക്കാൾ ഉത്തമം. അവയോടുകൂടിയുള്ള ദാരിദ്ര്യമാകുന്നു. ليس الغنى عن كثرة العرض ولكن الغنى غنى النفس—متفق عليه(വിഭവങ്ങൾ അധികരിക്കുന്നതുകൊണ്ടല്ല ധനമുണ്ടാകുന്നത്. പക്ഷേ, ധനമെന്നത് മനസ്സിന്റെ ധന്യതയാണ്. (ഹ. ശ.)

(11) ശിഅ്റാ(الشِّعْرَى)യുടെ റബ്ബും അല്ലാഹു തന്നെ. മിഥുന നക്ഷത്രത്തിന്റെ പിന്നിലായി ഗ്രീഷ്മ കാലത്ത് പ്രത്യക്ഷപ്പെടാറുള്ള ചോതി നക്ഷത്രമാണ് ശിഅ്റാ. * മുൻകാലത്ത് ചില അറബികൾ അതിനെ ആരാധിച്ചു വന്നിരുന്നതുകൊണ്ടാണ് അതിനെ പ്രത്യേകം എടുത്ത് പറഞ്ഞത്.

(12) ആദിമ ആദ്വർഗത്തെയും ഥമൂദ്ഗോത്രത്തെയും നിശ്ശേഷം നശിപ്പിച്ചതും, അതിന്റെ എത്രയോ മുമ്പ് നൂഹ് (അ)ന്റെ ജനതയെ നശിപ്പിച്ചതുമെല്ലാം അല്ലാഹു തന്നെ. ഒരു സമുദായത്തിന്റെ ധിക്കാരവും അക്രമവും അതിരു കടക്കുമ്പോഴാണ് അല്ലാഹു ഏതെങ്കിലും പൊതുശിക്ഷ വഴി അതിനെ ഒന്നടങ്കം നശിപ്പിക്കുന്നത്. ഇതെല്ലാം പിന്നീടുള്ളവർക്കും പാഠമായിരിക്കേണ്ടതാണ്. ആദിമ ആദ്വർഗം (عاد الأولى) ഹൂദ് (അ)ന്റെ സമുദായവും, ഥമൂദ്സമുദായം സ്വാലിഹ് (അ)ന്റെ സമുദായവുമാകുന്നു. നൂഹ് (അ)ന് ശേഷം ഹൂദ് (അ)നു മുമ്പ് കഴിഞ്ഞുപോയ ഒരു ജനതയായിരുന്നു ആദിമ ആദ്വർഗമെന്നും അഭിപ്രായമുണ്ട്.

(13) അടിമേലായി മറിഞ്ഞുകിടക്കുന്ന ആ രാജ്യത്തെ (المؤتفكة) തലകീഴായി മറിച്ച് വീഴ്ത്തിയവനും അല്ലാഹു തന്നെ. ലൂത്വ് നബി (അ)യുടെ രാജ്യമാണ് ഉദ്ദേശ്യം.جَعَلْنَا عَالِيهاسَافِلَهَا وَأَمْطَرْنَا عَلَيْهِمْ حِجَارَةً مِنْ سجيل مَنْضُود– هود (അതിന്റെ മേൽഭാഗം നാം കീഴ്ഭാഗമാക്കി. അവരുടെ മേൽ നാം ചൂളക്കല്ലുകൊണ്ടുള്ള മഴ വർഷിപ്പിക്കുകയും ചെയ്തു. (സൂ: ഹൂദ് 82.) الْقَرْيَةُ التي امطِرت مَطَر السَّوء–الفرقان (ചീത്ത മഴ വർഷിപ്പിക്കപ്പെട്ട ആ രാജ്യം (സൂ: ഫുർകാൻ 40) എന്നൊക്കെ പറഞ്ഞിട്ടുള്ളത് ഇന്നും തലകീഴായിക്കിടക്കുന്ന ആ രാജ്യത്തെക്കുറിച്ചാകുന്നു. ഇവയെല്ലാം സൂചിപ്പിച്ചുകൊണ്ടാണ് അതിനെ ആവരണം ചെയ്തതൊക്കെ ആവരണം ചെയ്തു (فَغَشَاهَا ما غَشَى) എന്ന് പറഞ്ഞത്.

മനുഷ്യൻ പ്രത്യക്ഷത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നതും, അവന് ആലോചിച്ചറിയുവാൻ സാധിക്കുന്നതുമായ പ്രധാനപ്പെട്ട പല കാര്യങ്ങളെയും നിരത്തിക്കാട്ടിയശേഷം, അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലും പ്രവർത്തനങ്ങളിലും തർക്കം നടത്തിക്കൊണ്ടിരിക്കുന്നവരോട് അല്ലാഹു ചോദിക്കുകയാണ്: ഹേ, മനുഷ്യാ, എന്നിരിക്കെ നിന്റെ റബ്ബിന്റെ ഏത് അനുഗ്രഹത്തെക്കുറിച്ചാണ് നിനക്ക് സംശയിച്ച് തർക്കിക്കുവാനുള്ളത് എന്ന്?! മേൽ വിവരിച്ച യാഥാർത്ഥ്യങ്ങൾ മുമ്പിൽവെച്ചുകൊണ്ട് ഈ ചോദ്യത്തിന്റെ ഗൗരവം ഒന്നാലോചിച്ച് നോക്കുക! നബി തിരുമേനി ﷺ യുടെ നിലപാടും, അവിടുത്തേക്ക് അല്ലാഹുവിന്റെ ദൗത്യസന്ദേശങ്ങൾ ലഭിക്കുന്ന മാർഗവും, അവിടുന്ന് പ്രബോധനം ചെയ്യുന്ന സിദ്ധാന്ത

(*) മിഥുന നക്ഷത്രം= الجوزاء (Gemini); ചോതി നക്ഷത്രം അഥവാ അഗ്നി നക്ഷത്രം= الشعرى (Sirius)

ങ്ങളും വിവരിച്ചശേഷം നബി ﷺയെക്കുറിച്ച് അല്ലാഹു പറയുന്നു:-

هَٰذَا نَذِيرٌ مِّنَ ٱلنُّذُرِ ٱلْأُولَىٰٓ ﴿٥٦﴾

《56》 ഇത് പൂർവ്വികൻമാരായ താക്കീതുകാരിൽ പെട്ട ഒരു താക്കീതുകാരനത്രെ.

أَزِفَتِ ٱلْأَزِفَةُ ﴿٥٧﴾

《57》 (ആ) ആസന്നസംഭവം (ഇതാ) ആസന്നമായി!-

لَيْسَ لَهَا مِن دُونِ ٱللَّهِ كَاشِفَةٌ ﴿٥٨﴾

《58》 അല്ലാഹുവിനുപുറമെ, അതിനെ തുറവിയാക്കുന്ന ഒരു ശക്തിയും ഇല്ല.

《56》 هَٰذَا نَذِيرٌ ഇത് ഒരു താക്കീതുകാരനാണ് مِّنَ ٱلنُّذُرِ താക്കീതുകാരിൽപെട്ട ٱلْأُولَىٰ ആദ്യത്തവരായ, പൂർവ്വികൻമാരായ 《57》 أَزِفَتِ ആസന്നമായി, അടുത്ത് ٱلْأَزِفَةُ ആസന്നമായത് (സംഭവം) 《58》 لَيْسَ لَهَا അതിന്നില്ല مِن دُونِ ٱللَّهِ അല്ലാഹുവിനെകൂടാതെ, പുറമെ كَاشِفَةٌ തുറവിയാക്കുന്ന (ശക്തി) ഒന്നും

ജനങ്ങളെ താക്കീത് ചെയ്യാനായി നിയോഗിക്കപ്പെട്ട വളരെയധികം പ്രവാചകൻമാർ മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരാൾ മാത്രമാണ് നിങ്ങളുടെ പ്രവാചകനും. അദ്ദേഹം ഈ രംഗത്ത് പുതുതായി പ്രത്യക്ഷപ്പെട്ട ഒരാളല്ല. قُلْ مَا كُنْتُ بِدْعاً مِّنَ الرُسُلِ–الأحقاف:٩(പറയുക: ഞാൻ റസൂലുകളിൽ ഒരു പുത്തനല്ല). പക്ഷേ, എനി ഒരു പ്രവാചകനെ നിങ്ങൾക്ക് പ്രതീക്ഷിക്കുവാനില്ല. അദ്ദേഹം അവസാനത്തെ പ്രവാചകനാണ്. കാലം ഇതാ അവസാനിക്കാറായി. ആ മഹാസംഭവം- ലോകാവസാനസംഭവം- ഇതാ ആസന്നമായി. അത് വന്നാൽ അതിനെ തടയുവാൻ അല്ലാഹു അല്ലാത്ത മറ്റാരാലും സാധ്യമല്ല.

الأَزِفَة (ആസന്ന സംഭവം) എന്ന് പറഞ്ഞത് ക്വിയാമത്ത്നാളിനെക്കുറിച്ചാകുന്നു. അടുത്ത അദ്ധ്യായത്തിന്റെ ആരംഭത്തിൽ اقْتَرَبَت السَاعَة (അന്ത്യസമയം അടുത്തെത്തി) എന്ന് പറയുന്നു. ക്വിയാമത്ത്നാളിന്റെ നാമവിശേഷണങ്ങളായി الواقِعة (ആ സംഭവം), القَارِعَة (ആ ഭയങ്കര സംഭവം), الحَاقَة(ആ യഥാർത്ഥ സംഭവം) എന്നൊക്കെ അല്ലാഹു ക്വുർആനിൽ പ്രസ്താവിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ ഒരു നാമമത്രെ ഇതും. തുറവിയാക്കുന്ന ശക്തിയില്ല എന്ന (58 -ാം) വാക്യത്തിന് 1) അത് സംഭവിക്കുമ്പോൾ അതിൽനിന്ന് തുറവി നൽകുവാനും അതിനെ തടുക്കുവാനും അല്ലാഹുവിനല്ലാതെ ആർക്കും കഴിയുന്നതല്ല എന്നും, 2) അതിനെ വെളിക്കുകൊണ്ടുവരുന്നതും സംഭവിപ്പിക്കുന്നതും അല്ലാഹുവല്ലാതെ മറ്റാരുമല്ല എന്നും

മറ്റും വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. അല്ലാഹു വീണ്ടും ചോദിക്കുന്നു:-

أَفَمِنْ هَٰذَا ٱلْحَدِيثِ تَعْجَبُونَ ﴿٥٩﴾

《59》 അപ്പോൾ , (കാര്യം ഇങ്ങനെയിരിക്കെ) ഈ വർത്തമാനത്തെ സംബന്ധിച്ചാണോ നിങ്ങൾ ആശ്ചര്യപ്പെട്ടുകൊണ്ടിരിക്കുന്നത്?-

وَتَضْحَكُونَ وَلَا تَبْكُونَ ﴿٦٠﴾

《60》 നിങ്ങൾ ചിരിച്ചുകൊണ്ടിരിക്കുകയും, കരയാതിരിക്കുകയും ചെയ്യുന്നതും?-

وَأَنتُمْ سَٰمِدُونَ ﴿٦١﴾

《61》നിങ്ങളാകട്ടെ, (അശ്രദ്ധരായി) മേൽപോട്ട് നോക്കുന്നവരുമാകുന്നു.

《59》 أَفَمِنْ هَٰذَا ٱلْحَدِيثِ അപ്പോൾ ഈ വർത്തമാനത്തെ സംബന്ധിച്ചോ تَعْجَبُونَ നിങ്ങൾ ആശ്ചര്യപ്പെടുന്നു 《60》 وَتَضْحَكُونَ നിങ്ങൾ ചിരിക്കുകയും ചെയ്യുന്നു وَلَا تَبْكُونَ നിങ്ങൾ കരയുന്നുമില്ല, കരയാതെയും 《61》 وَأَنتُمْ നിങ്ങളോ, നിങ്ങളാകട്ടെ سَٰمِدُونَ മേല്പോട്ട് നോക്കുന്നവർ (അശ്രദ്ധർ, അഹംഭാവികൾ) ആകുന്നു

അബൂഹുറയ്റഃ (റ)യിൽനിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: ഈ (59 -61) വചനങ്ങൾ ഓതിക്കേട്ടപ്പോൾ, സ്വഹാബികൾ കണ്ണുനീരൊഴുക്കി കരയുകയുണ്ടായി. നബി ﷺ യും കരഞ്ഞു. ഞങ്ങളും ഒന്നിച്ചു കരഞ്ഞു. അപ്പോൾ നബി ﷺ പറഞ്ഞു: അല്ലാഹുവിനെക്കുറിച്ചുള്ള ഭയപ്പാടുനിമിത്തം കരയുന്നവൻ നരകത്തിൽ പ്രവേശിക്കയില്ല; അനുസരണക്കേടിൽ നിരതനായവൻ സ്വർഗത്തിലും പ്രവേശിക്കയില്ല

لا يلج النار من بكي من خشية الله تعالى ولا يدخل الجنة مصر على معصية الخ-البيهقي في الشعب

ഇ ൗ വർത്തമാനം എന്ന് പറഞ്ഞത് ക്വുർആനെ ഉദ്ദേശിച്ചാകുന്നു.

فَٱسْجُدُوا۟ لِلَّهِ وَٱعْبُدُوا۟ ۩ ﴿٦٢﴾ سجود ۩

《62》 (മനുഷ്യരേ) അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സുജൂദു [സാഷ്ടാംഗ നമസ്കാരം] ചെയ്യുവിൻ; ആരാധനയും ചെയ്യുവിൻ!

《62》 فَٱسْجُدُوا۟ അതുകൊണ്ട് നിങ്ങൾ സുജൂദ് ചെയ്യുവിൻ لِلَّهِ അല്ലാഹുവിന് وَٱعْبُدُوا۟ ഇബാദത്തും (ആരാധനയും) ചെയ്യുവിൻ

ഇബ്നു അബ്ബാസ് (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: നബി ﷺ സൂ: നജ്മ്ഓതി സുജൂദ് ചെയ്തു. തിരുമേനിയോടൊപ്പം (അവിടെ സന്നിഹിതരായിരുന്ന) മുസ്‌ലികളും, മുശ്‌രിക്കുകളും, ജിന്നും, ഇൻസും(മനുഷ്യരും) സുജൂദ് ചെയ്തു. (ബുഖാരി.) അർത്ഥവും ആശയവും ഗ്രഹിച്ചുകൊണ്ടും, ഹൃദയസാന്നിദ്ധ്യത്തോടുകൂടിയും ഈ അദ്ധ്യായം വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന പക്ഷം, മനുഷ്യ ഹൃദയമുള്ള ആരും നിശ്ചയമായും അവരറിയാതെത്തന്നെ അല്ലാഹുവിന് സുജൂദ് ചെയ്യാൻ പ്രചോദിതരാകാതിരിക്കയില്ല. ഇബ്നു അബ്ബാസ് (റ)ന്റെ ഈ പ്രസ്താവനയിൽ നാം കണ്ടതും അതാണ്.

അല്ലാഹുവേ! നിന്റെ ശിക്ഷയും താക്കീതും ഭയപ്പെടുന്ന, അശ്രദ്ധയും പരിഹാസവും കാണിക്കാത്ത ഭയഭക്തന്മാരുടെ കൂട്ടത്തിൽ ഞങ്ങളെയെല്ലാം നീ ഉൾപ്പെടുത്തേണമേ! നിനക്ക് സുജൂദും ഇബാദത്തും ചെയ്യുന്ന സജ്ജനങ്ങളിൽ ഞങ്ങളെ ഉൾപ്പെടുത്തേണമേ! آمين

اللهم ولك الحمد والمنة

سورة القمر

54. സൂറത്തുൽ ക്വമർ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 55 - വിഭാഗം (റുകൂഉ്) 3

[45 ഉം 46 ഉം വചനങ്ങൾ മദനിയ്യ വിഭാഗത്തിൽ പെട്ടതാണെന്നും അഭിപ്രായമുണ്ട്.]

വെള്ളിയാഴ്ചയും പെരുന്നാൾ ദിവസങ്ങളിലും പ്രസംഗത്തിൽ സൂ: ക്വാഫും ഈ സൂറത്തും നബിﷺ ഓതാറുണ്ടായിരുന്നുവെന്ന് ഹദീഥിൽ വന്നിട്ടുള്ളതും അതിന് കാരണവും സൂ: ക്വാഫിന്റെ ആരംഭത്തിൽ നാം ചൂണ്ടിക്കാട്ടിയിരിക്കുന്നു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ٱقۡتَرَبَتِ ٱلسَّاعَةُ وَٱنشَقَّ ٱلۡقَمَرُ ﴿١﴾

(1) അന്ത്യസമയം അടുത്തുവന്നിരിക്കുന്നു; ചന്ദ്രൻ പിളരുകയും ചെയ്തു!

وَإِن يَرَوۡاْ ءَايَةً يُعۡرِضُواْ وَيَقُولُواْ سِحۡرٌ مُّسۡتَمِرٌّ ﴿٢﴾

(2) വല്ല ദൃഷ്ടാന്തവും കാണുന്നതായാൽ അവർ (അവഗണിച്ച്) തിരിഞ്ഞുകളയും; അവർ പറയുകയും ചെയ്യും: നടമാടിക്കൊണ്ടിരിക്കുന്ന ഒരു ജാലവിദ്യയാണ് എന്ന്.

وَكَذَّبُواْ وَٱتَّبَعُوٓاْ أَهۡوَآءَهُمۡۚ وَكُلُّ أَمۡرٍ مُّسۡتَقِرٌّ ﴿٣﴾

(3) അവർ വ്യാജമാക്കുകയും, തങ്ങളുടെ ഇച്ഛകളെ പിൻപറ്റുകയും ചെയ്തിരിക്കുന്നു. എല്ലാ കാര്യവും (ഓരോ താവളത്തിൽ) ഉറച്ചു നിൽക്കുന്നതാകുന്നു.

﴿1﴾ ٱقْتَرَبَتِ സമീപിച്ചുവന്നു, അടുത്തുകൂടി ٱلسَّاعَةُ (അന്ത്യ) സമയം وَٱنشَقَّ പിളരുകയും ചെയ്തു ٱلْقَمَرُ ചന്ദ്രൻ ﴿2﴾ وَإِن يَرَوْا۟ അവർ കാണുന്നതായാൽ, കണ്ടാലും ءَايَةً വല്ല ദൃഷ്ടാന്തവും, ഒരു ദൃഷ്ടാന്തം يُعْرِضُوا۟ അവർ തിരിഞ്ഞു (അവഗണിച്ചു) കളയും وَيَقُولُوا۟ പറയുകയും ചെയ്യും سِحْرٌ ജാലവിദ്യ (ആഭിചാരം, മായം) ആകുന്നു എന്ന് مُّسْتَمِرٌّ നിലനിൽക്കുന്ന, നടമാടിക്കൊണ്ടിരിക്കുന്ന ﴿3﴾ وَكَذَّبُوا۟ അവർ വ്യാജമാക്കുകയും ചെയ്തു وَٱتَّبَعُوٓا۟ അവർ പിൻപറ്റുകയും ചെയ്തു أَهْوَآءَهُمْ അവരുടെ ഇച്ഛകളെ, മോഹങ്ങളെ وَكُلُّ أَمْرٍ എല്ലാ കാര്യവും مُّسْتَقِرٌّ സ്ഥിരപ്പെട്ടതാണ്, ഉറച്ചതാണ്

അന്ത്യസമയം ആസന്നമായിട്ടുണ്ടെന്നും, അതുകൊണ്ട് മനുഷ്യൻ ജാഗ്രതയായിരിക്കേണ്ടതുണ്ടെന്നും, അല്ലാഹു കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനത്തിൽ ഉണർത്തി. ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ അത് വീണ്ടും ആവർത്തിച്ചുണർത്തുന്നു. മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ജയാപജയങ്ങൾ അന്ത്യനാളിലാണല്ലോ സാക്ഷാൽകരിക്കപ്പെടുന്നത്. അതുകൊണ്ട് അന്നത്തെ ദിവസം വിജയം ലഭിക്കുവാനുള്ള മാർഗങ്ങൾ ഉപദേശിക്കുകയാണ് പ്രവാചകൻമാരുടെയും, വേദഗ്രന്ഥങ്ങളുടെയും പ്രധാന ലക്ഷ്യം. അല്ലാഹുവിലും അന്ത്യനാളിലും- മറ്റൊരുവിധത്തിൽ പറഞ്ഞാൽ മനുഷ്യന്റെ ഉത്ഭവത്തെയും പര്യവസാനത്തെയും സംബന്ധിക്കുന്ന കാര്യങ്ങളിൽ- വിശ്വസിക്കാത്തവരോട് ധാർമികമൂല്യങ്ങളും സദാചാരമാർഗങ്ങളും ഉപദേശിച്ചിട്ട് യാതൊരു ഫലവുമില്ല. അതുകൊണ്ടാണ് ക്വുർആനിൽ ഉടനീളം- മക്കീസൂറത്തുകളിൽ വിശേഷിച്ചും- ഈ രണ്ട് വിഷയത്തെപ്പറ്റി ആവർത്തിച്ചാവർത്തിച്ചു ഉണർത്തിക്കൊണ്ടിരിക്കുന്നതും.

ലോകാവസാനം എപ്പോഴാണുണ്ടാവുക എന്നതിനെപ്പറ്റി അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. ഒരിക്കൽ അത് സംഭവിക്കുമെന്ന കാര്യത്തിൽ സംശയം ഒട്ടില്ലതാനും. കഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്ന ഓരോ നാഴികയും, ഓരോ വിനാഴികയും അതിന്റെ സമയം അടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. വിദൂരമല്ലാത്ത ഭാവിയിൽ- അത് ഏതൊരു നിമിഷത്തിലും ആയേക്കും- അത് സംഭവിച്ചേക്കുമെന്നുള്ളതിന്റെ അടയാളങ്ങൾ പലതും വെളിപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകരായ നബി തിരുമേനിﷺയുടെ ആഗമനം അവയിൽ മുഖ്യമായ ഒന്നത്രെ. രണ്ട് വിരലുകൾ ചേർത്തുപിടിച്ചുകൊണ്ട് തിരുമേനി ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഞാനും അന്ത്യസമയവും ഈ രണ്ട് വിരലുകൾ കണക്കെ ആയിക്കൊണ്ടാണ് എന്നെ നിയോഗിച്ചിട്ടുള്ളത്. (അ; ബു; മു)

അന്ത്യസമയത്തിന്റെ സംഭവ്യതയും, ആസന്നതയും തെളിയിക്കുന്ന ഒരു പ്രത്യക്ഷദൃഷ്ടാന്തവും ഒരു അസാധാരണ സംഭവുമത്രെ നബി തിരുമേനിﷺ

യുടെ കാലത്ത് ചന്ദ്രൻ പിളർന്ന സംഭവം. നബി തിരുമേനിﷺയുടെ സത്യതക്ക് അത് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. അത് കണ്ണിൽ കണ്ടിട്ട്പോലും സത്യ വിശ്വാസം സ്വീകരിക്കുവാൻ മുശ്‌രിക്കുകൾ കൂട്ടാക്കിയില്ല. ഏതൊരു ദൃഷ്ടാന്തം കണ്ടാലും അത് ജാലവിദ്യയാണെന്ന് വിധി കൽപിച്ച് ഒഴിഞ്ഞുമാറുന്ന അവരുടെ ആ പഴയ പതിവ് ഇവിടെയും ആവർത്തിക്കുകയാണ് അവർ ചെയ്തത്. അവർ പറഞ്ഞു: അബൂകബ്ശഃയുടെ * മകൻ നിങ്ങളോട് ജാലവിദ്യ നടത്തിയിരിക്കു കയാണ്. (لقد سحركم ابن أبي كبشة)

سِحْرٌ مُسْتَمِر(നടമാടിക്കൊണ്ടിരിക്കുന്ന ജാലം) എന്ന വാക്കിന് രണ്ടുമൂന്ന് പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടിരിക്കുന്നു.

(1) ഇതുപോലെയുള്ള ജാലവിദ്യകൾ പലതും വളരെ മുമ്പ് മുതൽക്കേ നടപ്പുണ്ട്. അവയിൽ ഒന്നത്രെ ഇതും

(2) വളരെ ശക്തമായതും സാധാരണ ജാലവിദ്യകളെ വെല്ലുന്നതുമാണ്.

(3) നിലനിൽപില്ലാതെ വേഗമങ്ങ് നീങ്ങിപ്പോയേക്കുന്നതായിരിക്കും. ഇവയിൽ ആദ്യത്തെ അഭിപ്രായത്തിനാണ് മുൻഗണന നൽകപ്പെട്ടിരിക്കുന്നത്. ഓരോ കാര്യത്തിനും ഓരോ പര്യവസാനവും തീരുമാനവുമുണ്ട്. നന്മയാകട്ടെ, തിന്മയാകട്ടെ, രക്ഷയാകട്ടെ, ശിക്ഷയാകട്ടെ ഓരോന്നിനും അല്ലാഹു ഓരോ വ്യവസ്ഥയും ചിട്ടയും നിശ്ചയിച്ചിട്ടുണ്ട് എന്നത്രെ 3 -ാം വചനത്തിന്റെ അവസാനഭാഗം ചൂണ്ടിക്കാട്ടുന്നത്.

ഹിജ്റഃയുടെ ഏതാണ്ട് അഞ്ചുകൊല്ലം മുമ്പാണ് ചന്ദ്രൻപിളർന്ന സംഭവം ഉണ്ടായത്. ബുഖാരി, മുസ്‌ലിം, അഹ്മദ്, ഹാകിം, അബൂദാവൂദ്, ബൈഹക്വീ തിർമദി, ഇബ്നുജരീർ (റ) മുതലായ ഹദീഥുപണ്ഡിതൻമാരെല്ലാം വിവിധ മാർഗങ്ങളിൽകൂടി പ്രസ്തുത സംഭവം ഉദ്ധരിച്ചിരിക്കുന്നു. അലീ, ഇബ്നുമസ്ഊദ്, അനസ്, ഇബ്നുഉമർ, ഇബ്നുഅബ്ബാസ്, ഹുദൈഫഃ, ജുറയ്ജുബ്നുമുത്ഇം (رضي الله عنهم) മുതലായ സ്വഹാബികളിൽനിന്ന് അത് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ- ഇബ്നുകഥീർ (റ) പ്രസ്താവിച്ചതുപോലെ- നബിﷺയുടെ കാലത്ത് ചന്ദ്രൻ പിളർന്ന സംഭവം പ്രബലമായ നിരവധി ഹദീഥുകളാൽ സ്ഥാപിതമായതും, ക്വുർആൻ വ്യാഖ്യാതാക്കളും ഹദീഥുപണ്ഡി

(*) നബിﷺയുടെ പോറ്റുമ്മയായ ഹലീമഃ (റ)യുടെ ഭർത്താവായിരുന്നു അബൂകബ്ശത്ത്. തിരുമേനിയെ പരിഹസിച്ചുകൊണ്ടാണ് അബൂ കബ്ശഃയുടെ മകൻ എന്ന് അവർ പറയുന്നത്.

തൻമാരും ഭിന്നാഭിപ്രായം കൂടാതെ സ്ഥിരപ്പെടുത്തിയിട്ടുള്ളതുമാകുന്നു. നബി ﷺയുടെ കാലത്ത് ഒരു രാത്രിയിൽ ചന്ദ്രൻ രണ്ടായിപിളർന്ന് മലയുടെ ഇരുഭാഗത്തുമായി കാണുകയുണ്ടായെന്നും, അതുകണ്ട മക്കാമുശ്‌രിക്കുകൾ അത് മുഹമ്മദിന്റെ ജാലവിദ്യയാണെന്ന് പറഞ്ഞുവെന്നുമാണ് ഹദീഥുകളുടെ രത്നച്ചുരുക്കം. ചില ഹദീഥുകളിൽ പല ഭാഗത്തുനിന്നും വന്ന യാത്രക്കാരും അത് തങ്ങൾ കണ്ടതായി പ്രസ്താവിച്ചുവെന്നുംകൂടി വന്നിട്ടുണ്ട്.

ഭൗതികവാദികളും തത്വശാസ്ത്രത്തിന്റെ അനുയായികളും ഇത്തരം സംഭവങ്ങളെ നിഷേധിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ, മുസ്‌ലിംകളിൽ ചുരുക്കം ചില ആളുകളും അവരെ അനുകരിച്ചുകാണുന്നത് അത്ഭുതമത്രെ. ഈ വചനത്തിൽ ചന്ദ്രൻ പിളർന്ന് (انشق القمر) എന്ന് ഭൂതകാലരൂപത്തിലാണ് പറഞ്ഞിട്ടുള്ളതെങ്കിലും യഥാർത്ഥത്തിൽ അത് ഭാവിയിൽ വരാനിരിക്കുന്ന- അഥവാ ലോകാവസാനഘട്ടത്തിലെ സംഭവവികാസങ്ങളിൽപെട്ട- ഒരു സംഭവത്തെയാണ് കുറിക്കുന്നത് എന്നത്രെ അവരുടെ വാദം.ഭാവികാര്യങ്ങളെക്കുറിച്ച് ക്വുർആൻ ചിലപ്പോൾ ഭൂതകാലക്രിയ പ്രയോഗിക്കാറുണ്ടല്ലോ. അക്കൂട്ടത്തിൽ ഒന്നാണ് ഈ വാക്യവും എന്ന് അവർ പറയുന്നു. പക്ഷേ,ഇവിടെ ചില സംഗതികൾ ഓർക്കേണ്ടതുണ്ട്. ഈ വാക്യത്തിന്റെ തൊട്ട്മുമ്പുള്ള വാക്യം اقْتَرَبَتِ السَّاعَةُ (അന്ത്യസമയം അടുത്തുവന്നിരിക്കുന്നു) എന്നാണല്ലോ. ഈ ക്രിയ- അക്ഷരത്തിലും അർത്ഥത്തിലും- ഭൂതകാലത്തെത്തന്നെ കുറിക്കുന്നതാണ്. ഇതിൽ തർക്കമുണ്ടായിരിക്കയില്ല. ആ നിലക്ക് അതോടു ചേർത്ത് പറയപ്പെട്ട ഈ ക്രിയയും അക്ഷരത്തിലെന്നപോലെ അർത്ഥത്തിലും ഭൂതകാലത്തെ കുറിക്കുന്നതാകുവാനാണ് കൂടുതൽ സാധ്യതയുള്ളത്. മാത്രമല്ല, ഒരു ക്രിയാരൂപത്തിന്റെ സാക്ഷാൽ അർത്ഥം നൽകുന്നതിന് വല്ല തടസ്സവും ഉള്ളപ്പോൾ മാത്രമേ അതിന് മറ്റൊരർത്ഥം കൽപിക്കുവാൻ പാടുള്ളൂവെന്ന് പരക്കെ അറിയപ്പെടുന്ന ഒരു പൊതു നിയമവുമാകുന്നു. ഇവിടെയാകട്ടെ, അങ്ങനെയൊരു തടസ്സമില്ലെന്ന് മാത്രമല്ല, ഭൂതകാലാർത്ഥംതന്നെ ആ ക്രിയക്ക് നല്കേണ്ടതാണെന്ന് കാണിക്കുന്ന മതിയായ തെളിവുകളും ഉണ്ട്.അന്ത്യസമയം അടുത്തിരിക്കുന്നുവെന്നുള്ളതിന് ഒരു ദൃഷ്ടാന്തമായിക്കൊണ്ടാണ് ചന്ദ്രന്റെ പിളർപ്പിനെപ്പറ്റി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. വല്ല ദൃഷ്ടാന്തവും കണ്ടാൽ അത് ജാലമാണെന്ന് പറഞ്ഞ് തിരിഞ്ഞുകളയലും വ്യാജമാക്കലും അവരുടെ പതിവാണ് (وَإِنْ يَرَوْا آيَةً يُعْرِضُوا الخ) എന്ന് അടുത്ത ആയത്തിൽ പറയുന്നതും അതുകൊണ്ടാണ്. അന്ത്യനാളിൽ സംഭവിക്കാനിരിക്കുന്ന ഒരു സംഭവമാണ് ഈ സംഭവമെങ്കിൽ, ഈ പ്രസ്താവനക്ക് ഇവിടെ വലിയ പ്രസക്തിയൊന്നും ഇല്ല. കാരണം, ക്വിയാമത്തുനാളിൽ ചന്ദ്രൻ പിളരുകപോലെയുള്ള സംഭവങ്ങൾ കാണുമ്പോൾ അത് ജാലവിദ്യയാണെന്ന് പറഞ്ഞ് തള്ളിക്കളയുവാനോ, വ്യാജമാക്കി ദേഹേച്ഛകളെ പിൻതുടരുവാനോ മനുഷ്യൻ ധൈര്യപ്പെടുമോ? അങ്ങനെ വല്ലവരും കരുതുന്നുവെങ്കിൽ അതിൽപരം മൗഢ്യം മറ്റെന്താണ്?! അല്ലാഹു പറയുന്നു: إِذَا وَقَعَتِ الوَاقِعَةُ لَيْسَ لِوَقْعَتِهَا كَاذِبَةٌ (ആ സംഭവം സംഭവിച്ചാൽ അതിന്റെ സംഭവ്യതയെ കളവാക്കുന്ന ഒന്നും തന്നെയില്ല.) (56; 1, 2)

മറ്റൊരു സംഗതി: آيَة(ആയത്ത്) എന്ന പദത്തിന് ദൃഷ്ടാന്തം, തെളിവ്, അടയാളംഎന്നൊക്കെയാണ് വാക്കർത്ഥം. ക്വുർആനിൽ ഇ ൗ വാക്ക് പല ഉദ്ദേശ്യത്തിലും ഉപയോഗിച്ച് കാണാം. പ്രകൃതിദൃഷ്ടാന്തങ്ങൾ, വേദവാക്യങ്ങൾ, ദൈവിക നിയമനിർദ്ദേശങ്ങൾ, ചരിത്രപാഠങ്ങൾ മുതലായവയെ ഉദ്ദേശിച്ചുകൊണ്ട് ഉപയോഗിക്കപ്പെട്ടിരിക്കുന്നു. (ഇത് സംബന്ധിച്ച് മുഖവുരയിൽ ചിലതെല്ലാം നാം വിവരിച്ചിട്ടുണ്ട്.) ക്വുർആനെക്കുറിച്ചും, നബിﷺയെക്കുറിച്ചും ജാലമെന്നും, ജാലക്കാരൻ എന്നും മുശ്‌രിക്കുകൾ പറയാറുണ്ടെങ്കിലും അത്തരം വിഷയങ്ങളെക്കുറിച്ച് ജാലമെന്ന് അവർ പറഞ്ഞതായി കാണുന്നില്ല. പ്രവാചകൻമാരുടെ സത്യതക്ക് തെളിവായിട്ടുള്ളതും, മൂസാ നബി (അ)യുടെ വടിയും സ്വാലിഹു നബി (അ)യുടെ ഒട്ടകവുംപോലെയുള്ളതുമായ അസാധാരണ ദൃഷ്ടാന്തങ്ങളെ ഉദ്ദേശിച്ചാണ് ആ പദം (ആയത്ത്) ക്വുർആനിൽ ഉപയോഗിക്കാറുള്ള മറ്റൊരവസരം. ഈ ഇനത്തിൽപെട്ട കാര്യങ്ങളെക്കുറിച്ച് സത്യനിഷേധികൾ ജാലം (സിഹ്ർ) എന്ന് പറയാറുണ്ട്. ക്വുർആൻ പരിശോധിച്ചാൽ ഇത് വേഗം മനസ്സിലാക്കുവാൻ കഴിയും. പ്രവാചകത്വത്തെ സ്ഥാപിക്കുന്നതിനും, ബലപ്പെടുത്തുന്നതിനും വേണ്ടിയാകുന്നു ഇത്തരം ദൃഷ്ടാന്തങ്ങൾ അല്ലാഹു വെളിപ്പെടുത്തുന്നത്. അല്ലാഹു ഉദ്ദേശിക്കുമ്പോൾ സംഭവിക്കുന്നുവെന്നല്ലതെ, നബിമാരുടെ കഴിവിൽ പെട്ടതല്ല അവ. (ഇതിനെപ്പറ്റിയും നാം മുഖവുരയിൽ വിവരിച്ചിട്ടുണ്ട്.) മൂസാ നബി (അ)യുടെ വടി സർപ്പമായപ്പോൾ അവിശ്വാസികൾ അത് ജാലവിദ്യയാണെന്ന് പറയുകയുണ്ടായത് പ്രസിദ്ധമാണ്. ഇതനുസരിച്ച് ചന്ദ്രന്റെ പിളർപ്പിനെത്തുടർന്ന് സത്യനിഷേധികൾ അത് ജാലമാണെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞുവെന്നുവരുമ്പോൾ, അത് നബിﷺയുടെ പ്രവാചകത്വത്തിന് ഉപോൽബലമായ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതും, നബിﷺയുടെ കാലത്ത് തന്നെ സംഭവിച്ചിരിക്കേണ്ടതുമാണ്. നേരെ മറിച്ച് ക്വിയാമത്തുനാളിൽ സംഭവിക്കാനിരിക്കുന്ന ഒന്നാണ് അതെങ്കിൽ, അവിടെ ജാലത്തിന്റെ ആരോപണത്തിന് എന്താണ് സ്ഥാനമുള്ളത്?! ആലോചിച്ചു നോക്കുക.

പൗരാണിക തത്വശാസ്ത്രസിദ്ധാന്തമനുസരിച്ച് ആകാശ മണ്ഡലത്തിൽ പൊട്ടോ പിളർപ്പോ ഉണ്ടാവാനോ, വല്ലതും കൂടിച്ചേരുവാനോ (الخرق والإلتئام) പാടില്ല എന്നായിരുന്നു. ആധുനിക ശാസ്ത്രം ആ വാദം തെറ്റാണെന്ന് തെളിയിച്ചു കഴിഞ്ഞിരിക്കയാണ്. സൂര്യചന്ദ്ര നക്ഷത്രാദി ഗോളങ്ങളിൽനിന്ന് ചില അംശങ്ങൾ പുറത്തുപോകലും, ചില ഗോളങ്ങളിൽനിന്നുള്ള അംശങ്ങൾ മറ്റുചിലതിൽ ചെന്ന് പതിക്കലും സംഭവിച്ചുകൊണ്ടിരിക്കുന്നതായി ഇന്ന് ശാസ്ത്രജ്ഞൻമാർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. വേണ്ടാ, അടുത്തകാലത്ത് മനുഷ്യൻ ചന്ദ്രനിൽ ചെന്ന് ഇവിടുത്തെ പാറക്കഷ്ണം ഭൂമിയിൽ കൊണ്ടുവന്നിരിക്കുന്നു. ചന്ദ്രഗോളത്തിൽ വമ്പിച്ച ഉൽക്കകൾ പതിച്ചതിന്റെ ആഘാതങ്ങളെപ്പറ്റി ചന്ദ്രഗോളസഞ്ചാരികളും, ആഗോളനിരീക്ഷകൻമാരും സദാ പ്രസ്താവിച്ചുകൊണ്ടുമിരിക്കുന്നു. ഈ ഭൂമിയും, ചന്ദ്രനുമെല്ലാം സൂര്യനിൽനിന്ന് തെറ്റിത്തെറിച്ച ചില കഷ്ണങ്ങളാണെന്നുപോലും ശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. എന്നിരിക്കെ, ചന്ദ്രനിൽ ഒരു പിളർപ്പോ, പിളർപ്പി

നുശേഷം ഒരു കൂടിച്ചേരലോ ഉണ്ടായേക്കുന്നതിന്റെ സാധ്യത ഇന്നത്തെ ശാസ്ത്രജ്ഞൻമാർക്കിടയിൽ ഒരു തർക്കവിഷയമല്ല. ഇതിന് വ്യക്തമായ മറുപടി പറയുവാൻ ശാസ്ത്രതത്വങ്ങളെക്കാൾ കഴിവ് ചരിത്രസത്യങ്ങൾക്കാണുള്ളത്. അതാണ് ഈ ക്വുർആൻ വചനവും, മേൽ സൂചിപ്പിച്ച അനേകം ഹദീഥുകളും നമുക്ക് കാട്ടിത്തരുന്നതും.

ചന്ദ്രൻ പിളർന്ന സംഭവത്തെപ്പറ്റി ഒന്നിലധികം അദ്ധ്യായങ്ങളിലായി ഇമാം ബുഖാരീ (റ) പല ഹദീഥുകളും രേഖപ്പെടുത്തിയിട്ടുണ്ട്. അവയുടെ വിവരണത്തിൽ, ഈ സംഭവത്തെ നിഷേധിക്കുന്നവരുടെ സംശയങ്ങൾ സന്ദർഭോചിതം ഉദ്ധരിച്ചുകൊണ്ട് ബുഖാരിയുടെ വ്യാഖ്യാതാവായ ഇമാം അസ്ക്വലാനീ അവക്ക് മറുപടി കൊടുത്തുകാണാം. അക്കൂട്ടത്തിൽ ചന്ദ്രൻ പിളർന്നതിനെക്കുറിച്ചുള്ള അദ്ധ്യായത്തി(باب إنشقاق القمر)ൽ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ള ഒരു പ്രസ്താവനയുടെ ചുരുക്കം ഇവിടെ അറിയുന്നത് നന്നായിരിക്കും. അദ്ദേഹം പറയുന്നു: തത്വശാസ്ത്രജ്ഞൻമാരിൽ ഭൂരിഭാഗം ആളുകൾ ചന്ദ്രൻ പിളർന്നതിനെ നിഷേധിക്കുന്നവരാണ്. ആകാശത്തിൽനിന്ന് വല്ലതും പൊട്ടിപ്പോരുകയോ അതിൽ വല്ലതും കൂടിച്ചേരുകയോ ഇല്ലെന്ന തത്വത്തെ ആസ്പദമാക്കിയാണ് അവരുടെ നിഷേധം. ഇവിടെ മാത്രമല്ല, മിഅ്റാജിന്റെ സംഭവത്തിൽ നബിﷺക്ക് ആകാശമാർഗങ്ങൾ തുറക്കപ്പെട്ടതും, ക്വിയാമത്തുനാളിൽ സൂര്യന്റെ നില തെറ്റുന്നതും പോലെയുള്ള സംഭവങ്ങളെല്ലാം അവർ നിഷേധിക്കുന്നു. ഇങ്ങനെയുള്ളവർ അവിശ്വാസികളാണെങ്കിൽ ആദ്യമായി അവരോട് വിവാദം നടത്തേണ്ടത് ഇസ്ലാമിന്റെ സ്വീകാര്യതയെക്കുറിച്ചാകുന്നു. (പ്രസ്തുത നിഷേധത്തെക്കുറിച്ചല്ല) * പിന്നീട് ഇത്തരം സംഗതികളെ നിഷേധിക്കുന്ന മുസ്ലിംകളോടെന്നപോലെ അവരോടും സംസാരിക്കാം. ഇത്തരം വിഷയങ്ങളിൽ ചിലത് സമ്മതിക്കുകയും, ചിലത് സമ്മതിക്കാതിരിക്കുകയും ചെയ്യാൻ മുസ്ലിമിന് പാടില്ല. ക്വിയാമത്തുനാളിൽ ആകാശത്തിൽ തകർച്ചയും വളർച്ചയും (അഥവാ സ്ഥിതി മാറ്റങ്ങൾ) ഉണ്ടാകാമെന്ന് ഇവർ സമ്മതിക്കുമെങ്കിൽ, അല്ലാഹു ഉദ്ദേശിക്കുമ്പോൾ പ്രവാചകന്റെ പ്രവാചകത്വത്തിന് തെളിവായ ഒരു അമാനുഷിക ദൃഷ്ടാന്തം എന്ന നിലക്ക് അത് സമ്മതിക്കാതിരിക്കുവാൻ തരമില്ല. മുൻകഴിഞ്ഞ മഹാന്മാർ തന്നെ ഇക്കൂട്ടർക്ക് മറുപടി നൽകിക്കഴിഞ്ഞിട്ടുണ്ട്. അബൂഇസ്ഹാക് സജ്ജാദ് (റ) പറയുന്നു: മതവിരോധികളെ അനുകരിച്ചുകൊണ്ട് ബിദ്അത്തിന്റെ കക്ഷിക്കാരായ (നൂതനവാദക്കാരായ) ചിലരും ചന്ദ്രൻ പിളർന്നതിനെ നിഷേധിച്ചിരിക്കുന്നു. എന്നാൽ, ബുദ്ധി അതിനെ നിഷേധിക്കുന്നില്ല. കാരണം, ക്വിയാമത്തുനാളിൽ സൂര്യനെയും ചന്ദ്ര

(*) ശ്രദ്ധേയമായ ഒരു തത്വമാണ് അസ്ക്വലാനീ (റ) ഈ പ്രസ്താവിക്കുന്നത്. അടിസ്ഥാനപരമായ കാര്യങ്ങളിൽ യോജിക്കുന്നവരോടും അല്ലാത്തവരോടും, ഇസ്ലാമിൽ വിശ്വസിക്കുന്നവരോടും അല്ലാത്തവരോടും വിവാദങ്ങൾ നടത്തേണ്ടുന്ന വിഷയത്തിലും, സ്വഭാവത്തിലും വ്യത്യാസമുണ്ടെന്ന് സാരം.

നെയും ഒരുമിച്ചുകൂട്ടുകയും മറ്റും ചെയ്യുന്ന അല്ലാഹുവിന് അതിനെ പിളർക്കുകയും ചെയ്യാം. അതവന്റെ സൃഷ്ടിയാണല്ലോ. അവന്റെ സൃഷ്ടിയിൽ അവന്റെ ഇഷ്ടംപോലെ അവന് പ്രവർത്തിക്കാവുന്നതാകുന്നു. (هـ فتح الباري)

ചന്ദ്രൻ പിളർന്നിട്ടുണ്ടെങ്കിൽ അത് ലോകപ്രസിദ്ധമാകേണ്ടതാണല്ലോ എന്ന് നിഷേധികളിൽ ചിലർ വാദിക്കാറുണ്ട്. രാത്രിയാണത് സംഭവിച്ചത്. ജനങ്ങൾ ഉറങ്ങിക്കിടക്കുകയായിരിക്കുമല്ലോ. ആ സംഭവ സമയത്ത് ഉറങ്ങാതെ ആകാശത്തേക്ക് നോക്കിയവർക്ക് മാത്രമേ അത് കാണുവാൻ സാധ്യമാകൂ എന്ന് പറയേണ്ടതില്ല. ദൃഷ്ടാന്തം ആവശ്യപ്പെട്ടവർ മാത്രമേ കല്പിച്ചുകൂടി അതിന് തയ്യാറാക്കിയിരിക്കുകയുമുള്ളൂ. ചന്ദ്രഗ്രഹണം ഉണ്ടാകുന്നത് എല്ലാവരും കാണുകയോ അറിയുകയോ ചെയ്യാറില്ലല്ലോ. അതേ സമയത്ത് ഒരു നാട്ടിൽ ദൃശ്യമായ ഗ്രഹണം വേറൊരു നാട്ടുകാർക്ക് ദൃശ്യമല്ലാത്തതുമായിരിക്കും. ഇതുപോലെത്തന്നെ ചന്ദ്രപ്പിറവിയും. ഒരു രാജ്യത്ത് ചന്ദ്രപ്പിറവി കാണുമ്പോൾ മറ്റൊരു രാജ്യത്ത് അത് കാണാതിരിക്കുക സാധാരണമാണല്ലോ. നേരം പുലരുവോളം അന്നത്തെ രാത്രി ആകാശം വീക്ഷിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ഒരാൾ ആ സംഭവം ഉണ്ടായതായി താൻ കണ്ടിട്ടില്ലെന്ന് പറഞ്ഞതായി അറിയപ്പെട്ടിട്ടില്ല. മരുഭൂമികളിൽ സഞ്ചരിക്കുന്ന യാത്രക്കാരാണ് താരതമ്യേന ആ സംഭവം കാണുവാൻ കൂടുതൽ സാധ്യതയുള്ളത്. ഇങ്ങനെയുള്ള പലതും തങ്ങൾ അത് കണ്ടതായി സാക്ഷ്യം വഹിക്കുകയുണ്ടായ വിവരം അബൂദാവൂദ് (റ) ഉദ്ധരിച്ച ഹദീഥിൽ പ്രസ്താവിച്ചിട്ടുമുണ്ട്. ബൈഹക്വീ (റ)യുടെ നിവേദനത്തിൽ, എല്ലാ ഭാഗത്തുനിന്നും വന്ന സഞ്ചാരികളോടും ക്വുറൈശികൾ അന്വേഷിക്കുകയുണ്ടായെന്നും, അവരെല്ലാം അത് കണ്ടുവെന്നു മറുപടി പറഞ്ഞുവെന്നും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്.

ചുരുക്കത്തിൽ ചന്ദ്രൻ പിളർന്ന സംഭവം പരക്കെ അറിയാതിരിക്കുവാൻ പല കാരണങ്ങളും ഉണ്ടാവും. എനി, കുറെയെല്ലാം ആളുകൾ യഥാർത്ഥത്തിൽ അത് കണ്ടിരുന്നാൽ പോലും, മുസ്‌ലിംകൾ പിന്നീട് തങ്ങളുടെ ചരിത്ര സംഭവങ്ങളെ രേഖപ്പെടുത്തി സൂക്ഷിച്ചുവന്നതുപോലെ, മറ്റൊരു കൂട്ടരും അക്കാലത്ത് തങ്ങളുടെ സംഭവങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുപോന്നിരുന്നില്ലെന്ന വസ്തുതയും പ്രസ്താവ്യമാണ്. നബി തിരുമേനി ﷺ യുടെ സത്യതക്ക് ഏറ്റവും വലിയ തെളിവായി കാലാവസാനത്തോളം നിലനിൽക്കുന്ന മഹാ ദൃഷ്ടാന്തം ക്വുർആൻ തന്നെ. എങ്കിലും, മറ്റ് പല അസാധാരണ സംഭവങ്ങളും തിരുമേനിയുടെ കൈക്ക് വെളിപ്പെടുകയുണ്ടായിട്ടുണ്ടെന്ന പരമാർത്ഥം ചരിത്രസത്യങ്ങളുടെ നേരെ പാടെ കണ്ണടച്ചേക്കുന്ന കുബുദ്ധികൾക്കല്ലാതെ ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. അവയിൽ ഒന്നും തന്നെ, മുഴുവൻ മുസ്‌ലിംകളും കണ്ടതോ, എല്ലാ സമുദായക്കാരും കാണത്തക്കവണ്ണം ചിരകാലം നീണ്ടുനിന്നതോ ആയി ഒന്നുമില്ല. ആയിരിക്കാവുന്നതുമല്ല. കാരണം, മുൻപ്രവാചകൻമാരുടെ സമുദായങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക കാലക്കാരും ദേശക്കാരുമായിരുന്നു. നബി ﷺ യുടെ സമുദായത്തിന്റെ

സ്ഥിതി അതല്ല. ഈ സമുദായം ലോകാവസാനംവരെ നിലനിൽക്കുന്നതും, അവിടുത്തെ പ്രബോധനം ഭൂലോകജനതക്ക് ആകമാനം ബാധകമായതുമാണ്. അതുകൊണ്ടാണ് നബിﷺയുടെ ഏറ്റവും വലിയ ദൃഷ്ടാന്തം ക്വുർആൻ ആയതും.

മൊത്തത്തിൽ പറഞ്ഞാൽ- അല്ലാമാ ശൗകാനീ (റ) പ്രസ്താവിക്കുന്നതുപോലെ- അല്ലാഹുവിന്റെ കിതാബിൽ ചന്ദ്രൻ പിളർന്നുവെന്ന് കാണുന്നു. അഥവാ പിന്നീട് പിളരും എന്നല്ല അതിൽ പറഞ്ഞിരിക്കുന്നത്. ഹദീഥുകൾ പരിശോധിച്ചാലും അത് സംശയാതീതമായി തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. മുസ്‌ലിം പണ്ഡിതൻമാർക്കിടയിലാകട്ടെ, അതിൽ ഭിന്നാഭിപ്രായവുമില്ല. എന്നിരിക്കെ, തൽപരകക്ഷികളുടെ അഭിപ്രായത്തിനോ, അവരുടേതായ വ്യാഖ്യാനത്തിനോ നാം ഒട്ടും വില കൽപിക്കേണ്ടതില്ല. മേൽ പ്രസ്താവിച്ചതിന് പുറമെ വേറെയും ചില്ലറ കുതർക്കങ്ങൾ അവർ ഉന്നയിക്കാറുണ്ട്. അവക്കെല്ലാം പല മഹാന്മാരും തക്കതായ മറുപടി നൽകിക്കഴിഞ്ഞതാണ്. അതെല്ലാം ഇവിടെ ഉദ്ധരിച്ച് ദീർഘിപ്പിക്കുന്നതിൽ പ്രത്യേക പ്രയോജനമൊന്നും കാണുന്നില്ല. അല്ലാഹു പറയുന്നു:-

وَلَقَدْ جَآءَهُم مِّنَ ٱلْأَنۢبَآءِ مَا فِيهِ مُزْدَجَرٌ ﴿٤﴾

﴾4﴿(നിഷേധത്തിൽ നിന്ന്) വിട്ടുമാറി നിൽക്കത്തക്ക വൃത്താന്തങ്ങൾ തീർച്ചയായും അവർക്ക് വന്നുകഴിഞ്ഞിരിക്കുന്നു.

حِكْمَةٌۢ بَٰلِغَةٌ ۖ فَمَا تُغْنِ ٱلنُّذُرُ ﴿٥﴾

﴾5﴿ തികഞ്ഞ (പരിപൂർണമായ) വിജ്ഞാനം! എന്നിട്ടും താക്കീതുകൾ പര്യാപ്തമാകുന്നില്ല!

﴾4﴿ وَلَقَدْ جَآءَهُم തീർച്ചയായും അവർക്ക് വന്നിട്ടുണ്ട് مِّنَ ٱلْأَنۢبَآءِ വൃത്താന്തങ്ങളിൽനിന്ന് مَا യാതൊന്ന് (ഒരളവ്) فِيهِ അതിലുണ്ട് (ഉണ്ടാവത്തക്ക) مُزْدَجَر വിലകിനിൽക്കൽ, വിരമിക്കാവുന്നത്, വിട്ടുമാറൽ ﴾5﴿ حِكْمَةٌ വിജ്ഞാനം, തത്വം بَٰلِغَةٌ തികഞ്ഞ (പൂർണമായ) فَمَا تُغْنِ എന്നിട്ട് പര്യാപ്തമാകുന്നില്ല (ഫലപ്പെടുന്നില്ല) ٱلنُّذُرُ താക്കീതുകൾ, താക്കീതുകാർ

കാര്യങ്ങൾ സ്വയം മനസ്സിലാക്കിക്കൊണ്ട് സത്യനിഷേധത്തിൽനിന്ന് പിൻവാങ്ങുവാൻ മതിയായത്ര ചരിത്ര പാഠങ്ങളും ഉപദേശങ്ങളും അവർക്ക് കിട്ടിക്കഴിഞ്ഞിരിക്കുന്നു. ക്വുർആനാകട്ടെ, അങ്ങേഅറ്റം പരിപൂർണമായ തികഞ്ഞ വിജ്ഞാനവും. ഇതെല്ലാമായിട്ടും അവർക്ക് താക്കീതുകൾ ഫലപ്പെടാതെയാണിരിക്കുന്നത് എന്ന് സാരം.

فَتَوَلَّ عَنْهُمْ ۘ يَوْمَ يَدْعُ ٱلدَّاعِ إِلَىٰ شَىْءٍ نُّكُرٍ ﴿٦﴾

﴾6﴿ ആകയാൽ (നബിയേ) അവരിൽനിന്ന് നീ വിട്ടുമാറിക്കൊള്ളുക. അനിഷ്ടകരമായ ഒരു (ഗൗരവപ്പെട്ട) കാര്യത്തിലേക്ക് വിളിക്കുന്ന ആൾ വിളിക്കുന്ന ദിവസം,-

خُشَّعًا أَبْصَـٰرُهُمْ يَخْرُجُونَ مِنَ ٱلْأَجْدَاثِ كَأَنَّهُمْ جَرَادٌ مُّنتَشِرٌ ﴿٧﴾

﴾7﴿ അവരുടെ ദൃഷ്ടികൾ (പേടിച്ച്) വിനയപ്പെട്ടവരായ നിലയിൽ, ചിന്നിപ്പരന്ന വെട്ടുകിളികളെന്നോണം ശവക്കുഴി [ക്വബ്റു]കളിൽ നിന്നും അവർ പുറത്തു വരുന്നതാണ്;-

مُّهْطِعِينَ إِلَى ٱلدَّاعِ ۖ يَقُولُ ٱلْكَـٰفِرُونَ هَـٰذَا يَوْمٌ عَسِرٌ ﴿٨﴾

﴾8﴿ വിളിക്കുന്ന ആളിലേക്ക് (കഴുത്തുനീട്ടി) ധൃതിപ്പെട്ടവരായുംകൊണ്ട്, അവിശ്വാസികൾ പറയും: ഇത് ഞെരുക്കമേറിയ ഒരു ദിവസമാകുന്നു എന്ന്!

﴾6﴿ فَتَوَلَّ അതിനാൽ വിട്ടു (മാറി, തിരിഞ്ഞു) പോകുക عَنْهُمْ അവരിൽനിന്ന്, അവരെ വിട്ട് يَوْمَ يَدْعُ വിളിക്കുന്ന ദിവസം ٱلدَّاعِ വിളിക്കുന്ന (ക്ഷണിക്കുന്ന)വൻ إِلَىٰ شَىْءٍ ഒരു വസ്തുവി(കാര്യത്തി)ലേക്ക് نُّكُرٍ അനിഷ്ടകരമായ, അനാശാസ്യമായ, വെറുപ്പായ (കടുത്ത) ﴾7﴿ خُشَّعًا വിനയപ്പെട്ടുകൊണ്ട്, ഭക്തിപ്പെട്ടുകൊണ്ട് أَبْصَـٰرُهُمْ അവരുടെ ദൃഷ്ടികൾ يَخْرُجُونَ അവർ പുറത്തുവരും مِنَ ٱلْأَجْدَاثِ ക്വബ്റു (ശവക്കുഴി)കളിൽനിന്ന് كَأَنَّهُمْ جَرَادٌ അവർ ജറാദു (വെട്ടുകിളി)കളെന്നപോലെ مُّنتَشِرٌ ചിന്നിപ്പരന്ന, നിരന്ന ﴾8﴿ مُّهْطِعِينَ (കഴുത്തുനീട്ടി) ധൃതിപ്പെട്ടവരായിട്ട് إِلَى ٱلدَّاعِ വിളിക്കുന്നവനിലേക്ക് يَقُولُ ٱلْكَـٰفِرُونَ അവിശ്വാസികൾ പറയും هَـٰذَا يَوْمٌ ഇതൊരു ദിവസമാണ് عَسِرٌ ഞെരുക്കപ്പെട്ട, പ്രയാസകരമായ, അസഹ്യമായ

ക്വിയാമത്തുനാളിൽ എല്ലാവരെയും പുനർജീവിപ്പിക്കുന്നതിനുള്ള വിളി- അഥവാ രണ്ടാമത്തെ കാഹളം ഊത്ത്- ഉണ്ടാകുന്നു. ആ അവസരത്തിൽ എല്ലാവരും ആ വിളിയെ ലാക്കാക്കി വളരെ ദ്രുതഗതിയിൽ വമ്പിച്ച വെട്ടുകിളിക്കൂട്ടം കണക്കെ ക്വബ്റുകളിൽ നിന്ന് വിചാരണനിലയത്തിലേക്ക് എഴുന്നേറ്റ് ചെല്ലുന്നതാകുന്നു. ദൃഷ്ടാന്തങ്ങൾ കണ്ടിട്ടോ, തത്വങ്ങളും വിജ്ഞാനങ്ങളും ലഭിച്ചിട്ടോ, താക്കീതുകൾ കേട്ടിട്ടോ ഒന്നും തന്നെ നിഷേധത്തിൽ നിന്ന് പിൻമാറാത്ത ആ

അവിശ്വാസികളെ ആ ദിവസത്തെക്കുറിച്ച് അല്ലാഹു ഗൗരവപൂർവ്വം ഓർമിപ്പിക്കുന്നു. ഇവരെപ്പോലെ നിഷേധത്തിൽ ശഠിച്ചു നിന്ന മുൻസമുദായങ്ങളുടെ പര്യവസാനങ്ങളെപ്പറ്റി തുടർന്നുള്ള വചനങ്ങളിൽ ഓർമിപ്പിക്കുകയും ചെയ്യുന്നു:-

۞ كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ فَكَذَّبُوا۟ عَبْدَنَا وَقَالُوا۟ مَجْنُونٌ وَٱزْدُجِرَ ﴿٩﴾

﴾9﴿ നൂഹിന്റെ ജനത ഇവരുടെ മുമ്പ് വ്യാജമാക്കുകയുണ്ടായി; അങ്ങനെ, അവർ നമ്മുടെ അടിയാനെ വ്യാജമാക്കുകയും, ഭ്രാന്തൻ എന്ന് പറയുകയും ചെയ്തു. അദ്ദേഹം വിലക്കപ്പെടുകയും ചെയ്തു.

﴾9﴿ كَذَّبَتْ قَبْلَهُمْ അവരുടെ മുമ്പ്വ്യാജമാക്കി قَوْمُ نُوحٍ നൂഹിന്റെ ജനത فَكَذَّبُوا എന്നിട്ടവർ വ്യാജമാക്കി عَبْدَنَا നമ്മുടെ അടിയാനെ وَقَالُوا അവർ പറയുകയും ചെയ്തു مَجْنُونٌ ഭ്രാന്തൻ എന്ന് وَٱزْدُجِرَ അദ്ദേഹം വിലക്ക(ആക്ഷേപിക്ക, മുടക്ക)പ്പെടുകയും ചെയ്തു, ആട്ടപ്പെട്ടു

നൂഹ് നബി (അ)യെ തന്റെ പ്രബോധനകൃത്യം നിർവ്വഹിക്കുവാൻ സമ്മതിക്കാതെ അവർ അക്രമവും ഭീഷണിയും പ്രയോഗിച്ചു കൊണ്ടിരുന്നു എന്ന് സാരം.

فَدَعَا رَبَّهُۥٓ أَنِّى مَغْلُوبٌ فَٱنتَصِرْ ﴿١٠﴾

﴾10﴿ അപ്പോൾ, അദ്ദേഹം തന്റെ റബ്ബിനെ വിളിച്ചു (പ്രാർത്ഥിച്ചു): ഞാൻ പരാജിതനാണ്, ആകയാൽ നീ രക്ഷാനടപടിയെടുക്കണമേ എന്ന്!

فَفَتَحْنَآ أَبْوَٰبَ ٱلسَّمَآءِ بِمَآءٍ مُّنْهَمِرٍ ﴿١١﴾

﴾11﴿ അങ്ങനെ, കുത്തിച്ചൊരിയുന്ന ഒരു (മഴ) വെള്ളം കൊണ്ട് ആകാശത്തിന്റെ കവാടങ്ങളെ നാം തുറന്നു(വിട്ടു).

وَفَجَّرْنَا ٱلْأَرْضَ عُيُونًا فَٱلْتَقَى ٱلْمَآءُ عَلَىٰٓ أَمْرٍ قَدْ قُدِرَ ﴿١٢﴾

﴾12﴿ ഭൂമിയെ നാം ഉറവുകൾ പൊട്ടിഒഴുക്കുകയും ചെയ്തു. എന്നിട്ട്, നിർണയം ചെയ്യപ്പെട്ടുകഴിഞ്ഞ ഒരു കാര്യത്തിൽ (ആ) വെള്ളം കൂട്ടിമുട്ടി.

وَحَمَلْنَٰهُ عَلَىٰ ذَاتِ أَلْوَٰحٍ وَدُسُرٍ ﴿١٣﴾

﴾13﴿ പലകകളും ആണികളുമുള്ള ഒന്നിന്മേൽ [കപ്പലിൽ] അദ്ദേഹത്തെ നാം വഹി(ച്ചു രക്ഷി)ക്കുകയും ചെയ്തു.

تَجۡرِى بِأَعۡيُنِنَا جَزَآءً لِّمَن كَانَ كُفِرَ ﴿١٤﴾

﴾14﴿ അത് [ആ കപ്പൽ] നമ്മുടെ കൺമുമ്പിൽ [പ്രത്യേക പരിഗണനയിലായി] സഞ്ചരിച്ചിരുന്നു. യാതൊരുവനോട് നന്ദികേട് (അഥവാ അവിശ്വാസം) കാണിക്കപ്പെട്ടുവോ അദ്ദേഹത്തിന് വേണ്ടിയുള്ള പ്രതിഫലമായിട്ടത്രെ (അങ്ങനെ ചെയ്തത്).

﴾10﴿ فَدَعَا അപ്പോഴദ്ദേഹം വിളിച്ചു رَبَّهُۥٓ തന്റെ റബ്ബിനെ أَنِّى مَغۡلُوبٌ ഞാൻ പരാജിതനാണ് (ജയിക്കപ്പെട്ടവനാണ്) എന്ന് فَٱنتَصِرۡ ആകയാൽ നീ രക്ഷാ (പ്രതികാര) നടപടി എടുക്കണേ ﴾11﴿ فَفَتَحۡنَآ അങ്ങനെ (അതിനാൽ) നാം തുറന്ന് أَبۡوَٰبَ ٱلسَّمَآءِ ആകാശവാതിലു (കവാടം)കളെ بِمَآءٍ ഒരു വെള്ളം (ജലം) മുഖേന مُّنۡهَمِرٍ കുത്തിച്ചൊരിയുന്ന ﴾12﴿ وَفَجَّرۡنَا നാം പൊട്ടി ഒഴുക്കുക (കീറുക)യും ചെയ്തു ٱلۡأَرۡضَ ഭൂമിയെ عُيُونًا ഉറവുകളാൽ فَٱلۡتَقَى അങ്ങനെ (എന്നിട്ട്) കൂട്ടിമുട്ടി (ഒരുമിച്ചു കൂടി) ٱلۡمَآءُ വെള്ളം عَلَىٰٓ أَمۡرٍ ഒരു കാര്യത്താൽ, കാര്യത്തിൻമേൽ قَدۡ قُدِرَ നിർണയിക്ക(കണക്കാക്ക)പ്പെട്ടിട്ടുള്ള ﴾13﴿ وَحَمَلۡنَٰهُ അദ്ദേഹത്തെ നാം വഹിക്കുക (കയറുക)യും ചെയ്തു عَلَىٰ ذَاتِ أَلۡوَٰحٍ പലകകളുള്ളതിൻമേൽ وَدُسُرٍ ആണി(കുറ്റി)കളും ﴾14﴿ تَجۡرِى അത് സഞ്ചരിക്കും, നടന്നിരുന്നു بِأَعۡيُنِنَا നമ്മുടെ ദൃഷ്ടിയിൽ, കൺമുമ്പിൽ, കാഴ്ചയിൽ جَزَآءً പ്രതിഫല (പ്രതികാര)മായിട്ട് لِّمَن യാതൊരുവനുവേണ്ടിയുള്ള كَانَ كُفِرَ അദ്ദേഹത്തോട് നന്ദികേട് കാണിക്കപ്പെട്ടിരുന്നു, അവിശ്വസിക്ക(നിഷേധിക്ക)പ്പെട്ടിരുന്നു

പൊറുതിമുട്ടിയപ്പോൾ നൂഹ് നബി (അ) അല്ലാഹുവിനോട് രക്ഷക്കായി പ്രാർത്ഥിച്ചു. അതിനെത്തുടർന്ന് ആകാശത്തുനിന്ന് അതിശക്തമായ മഴ വർഷിക്കുകയും, ഭൂമിയിൽനിന്ന് വമ്പിച്ചതോതിൽ ഉറവ്പൊടിയുകയും ഉണ്ടായി. അങ്ങനെ ജലപ്രളയം സംഭവിക്കുകയും, അല്ലാഹു മുമ്പേ നിശ്ചയിച്ച് കണക്കാക്കി വെച്ചിട്ടുള്ള ഒരു കാര്യത്തിൽ- അതെ, ആ ജനതയുടെ ഉൻമൂലനാശത്തിൽ- അത് കലാശിക്കുകയും ചെയ്തു. അതേ സമയത്ത് ധാരാളം പലകകളും ആണികളും കൂട്ടിച്ചേർത്തുണ്ടാക്കപ്പെട്ട ഒരു കപ്പലിൽ കയറ്റി നൂഹ് നബി (അ)യെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും അല്ലാഹു രക്ഷിക്കുകയും ചെയ്തു. അങ്ങനെ, നൂഹ് നബി (അ)യോട് ആ ജനതകാണിച്ച നന്ദികേടിന്റെയും, നിഷേധത്തിന്റെയും പ്രതികാരമാകുന്ന കടുത്ത ശിക്ഷ അവർക്ക് അല്ലാഹു നൽകി എന്ന് സാരം.

കപ്പലിനെപ്പറ്റി മനുഷ്യവർഗത്തിന് ഒട്ടും പരിചയമില്ലാതിരുന്ന കാലം. ഇരുമ്പ്കൊണ്ട് മനുഷ്യൻ ഉപകരണങ്ങൾ നിർമിക്കുവാൻ തുടങ്ങിയിട്ടില്ലാത്തകാലം. അപ്പോൾ, ആ കപ്പൽ നിർമാണത്തിനുള്ള എല്ലാ ഉപദേശ നിർദ്ദേശങ്ങളും അല്ലാ

ഹുവിൽ നിന്നുതന്നെ നൂഹ് നബി (അ)ക്ക് ലഭിക്കേണ്ടിയിരുന്നു. അത് ലഭിക്കുകയും ചെയ്തു. അങ്ങനെ, അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം അനേകം പലകകളും ആണികളും കൂട്ടിഘടിപ്പിച്ചുകൊണ്ട് നൂഹ് (അ) പണിതീർത്തതായിരുന്നു മനുഷ്യ ചരിത്രത്തിൽ ഒന്നാമത്തേതും, ലോകചരിത്രത്തിൽ അതിപ്രാധാന്യമുള്ളതുമായ ആ കപ്പൽ. പലകകളും ആണികളുമുള്ളത് (ذَاتِ أَلْوَاحٍ وَدُسُرٍ) എന്ന വാക്ക് അതാണ് ചൂണ്ടിക്കാട്ടുന്നത്. ഈ കപ്പലിന്റെ ആകൃതി, അതിന്റെ നിർമാണത്തിന് അല്ലാഹു നൽകിയ വിശദ നിർദ്ദേശങ്ങൾ എന്നിവയെപ്പറ്റി തൗറാത്തിൽ വളരെയധികം വിവരിച്ചു പറഞ്ഞിരിക്കുന്നു.

وَلَقَد تَّرَكْنَٰهَآ ءَايَةً فَهَلْ مِن مُّدَّكِرٍ ﴿١٥﴾

﴿15﴾ തീർച്ചയായും നാം അതിനെ ഒരു ദൃഷ്ടാന്തമായി അവശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ, (മനസ്സിരുത്തി) ഓർമിക്കുന്നവരായി വല്ലവരുമുണ്ടോ?!

فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿١٦﴾

﴿16﴾ അപ്പോൾ, എന്റെ ശിക്ഷയും, എന്റെ താക്കീതുകളും എങ്ങനെയായിത്തീർന്നു?! (ആലോചിച്ചു നോക്കുക!)

﴿15﴾ وَلَقَد تَّرَكْنَٰهَا തീർച്ചയായും നാം അതിനെ ഉപേക്ഷിച്ചുവെച്ചു, അവശേഷിപ്പിച്ചു ءَايَةً ഒരു ദൃഷ്ടാന്തമായി فَهَلْ എന്നാൽ ഉണ്ടോ مِن مُّدَّكِرٍ വല്ല ഉറ്റാലോചിക്കുന്നവനും, ഓർമിക്കുന്നവരായി (വല്ലവരും) ﴿16﴾ فَكَيْفَ كَانَ അപ്പോൾ എങ്ങനെയായി عَذَابِى എന്റെ ശിക്ഷ وَنُذُرِ എന്റെ താക്കീതുകളും

ലോകപ്രസിദ്ധമായ ആ കപ്പലിന്റെ നിർമാണം, അത് മുഖേന നൂഹ് നബി (അ)യെയും സത്യവിശ്വാസികളെയും അല്ലാഹു ജലപ്രളയത്തിൽനിന്ന് രക്ഷപ്പെടുത്തിയത്, അവിശ്വാസികൾ മുക്കി നശിപ്പിക്കപ്പെട്ടത് ഇവയിലെല്ലാം തന്നെ, ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തവും പാഠവുമുണ്ട് എന്ന് വ്യക്തമാണ്. ആ കപ്പലിന്റെ അവശിഷ്ടം ഇന്നും ശേഷിക്കുന്നുണ്ടെന്ന നിഗമനത്തിൽ പല ചരിത്ര നിരീക്ഷക സംഘങ്ങളും അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതും, ചില പുരാവസ്തു ഗവേഷകൻമാർ അല്പവർഷങ്ങൾക്ക്മുമ്പ് അറാറത്ത് * പർവ്വതത്തിന്റെ ചരുവിൽ 14,000 അടി ഉയരത്തിൽവെച്ച് ആ കപ്പലിന്റെ അവശിഷ്ടങ്ങളാണെന്ന്

** 1 -ാം ഭൂപടത്തിൽ നോക്കുക.*

സംശയിക്കപ്പെടുന്ന വളരെ പഴക്കംചെന്ന മരത്തടികൾ കണ്ടെത്തിയതും,* നൂഹ് നബി (അ)യുടെ രാജ്യമായ ബാബിലോണിയയിൽ ഉണ്ടായ ആ ജലപ്രളയത്തിന്റെ അടയാളങ്ങൾ അടുത്ത കാലത്ത് ചില ചരിത്രനിരീക്ഷകൻമാർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞതും ഇവിടെ പ്രസ്താവ്യമാകുന്നു. ഈ സമുദായത്തിന്റെ ആദ്യകാലത്തുള്ളവർക്ക് ആ കപ്പലിന്റെ അവശിഷ്ടം കാണുവാൻ സാധിച്ചിട്ടുണ്ട് എന്ന് ഖത്താദഃ (റ) പ്രസ്താവിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമത്രെ.

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿١٧﴾

﴾17﴿ തീർച്ചയായും, ഓർമി(ച്ചു മനസ്സിലാ)ക്കുവാൻ വേണ്ടി ക്വുർആനെ നാം എളുപ്പമാക്കി (സൗകര്യപ്പെടുത്തി)യിരിക്കുന്നു. എന്നാൽ, ഓർമി(ച്ചു മനസ്സിലാ)ക്കുന്നവരായി വല്ലവരും ഉണ്ടോ?!

﴾17﴿ وَلَقَدْ يَسَّرْنَا തീർച്ചയായും നാം എളുപ്പമാക്കി (സൗകര്യമാക്കി)യിട്ടുണ്ട് ٱلْقُرْءَانَ ക്വുർആനെ لِلذِّكْرِ സ്മരിക്കുവാൻ, ഓർമിക്കുന്നതിന്, ചിന്തിക്കുവാൻ, ഉപദേശത്തിന് فَهَلْ അപ്പോൾ ഉണ്ടോ مِن مُّدَّكِرٍ ഉറ്റാലോചിക്കുന്ന (ഓർമിക്കുന്ന -ഉപദേശം ഫലിക്കുന്ന) വല്ലവരും

ഒരു പ്രത്യേക താല്പര്യമോ ആശയമോ മുൻനിറുത്തിക്കൊണ്ടല്ലാതെ, സത്യാന്വേഷണബുദ്ധിയോടും ഉറ്റാലോചനയോടുംകൂടി ക്വുർആനെ സമീപിക്കുന്നവർക്ക് അത് ഗ്രഹിക്കുവാനും ഓർമിക്കുവാനും വേണ്ടത്ര ഉപദേശങ്ങൾ, പാഠങ്ങൾ തുടങ്ങിയ എല്ലാ ഉപാധികളോടുംകൂടിയാണ് അല്ലാഹു അതിനെ അവതരിപ്പിച്ചിരിക്കുന്നത്. അതിന് തയ്യാറുള്ളവർ ആരുണ്ട്? ഉള്ളവർ അതിനെ ആ നിലക്ക് സമീപിക്കട്ടെ. നിശ്ചയമായും അവർക്കത് തികച്ചും ഫലപ്പെടാതിരിക്കുകയില്ല. കെട്ടിക്കുടുക്കുകളോ, ബുദ്ധിക്ക് ദഹിക്കാത്തതോ, ഗ്രഹിക്കുവാൻ പറ്റാത്തതോ ഒന്നുംതന്നെ അതിലില്ല എന്ന് സാരം. പരസഹായം കൂടാതെ ക്വുർആന്റെ അർത്ഥവും ആശയവും മനസ്സിലാക്കുവാൻ കഴിയുന്നവരെ സംബന്ധിച്ചിടത്തോളം മാത്രമല്ല, പരസഹായത്തോടെ ക്വുർആനെപ്പറ്റി ചിന്തിക്കുവാൻ തയ്യാറാകുന്നവർക്ക് ഈ പരമാർത്ഥം അനുഭവത്തിൽ കാണാവുന്നതാകുന്നു. إن شاء الله

ചിലർ ധരിക്കാറുള്ളതുപോലെ, അല്പസ്വല്പമായ അറബിഭാഷാ പരിചയം സിദ്ധിക്കുമ്പോഴും ക്വുർആന്റെ അർത്ഥവും ആശയവും വേണ്ടതുപോലെ മനസ്സിലാക്കുവാൻ സാധിക്കും എന്ന് ഇതിനർത്ഥമില്ല. വാസ്തവം പറയുകയാ

*** 4-9-62 ചന്ദ്രികാ പത്രത്തിലെ ഒരു റിപ്പോർട്ടിൽനിന്ന്.***

ണെങ്കിൽ, ഇസ്‌ലാമിന്റെ ഗുണകാംക്ഷികളായി വേഷംകെട്ടിക്കൊണ്ട് ഖുർആനെ വിമർശിക്കുവാനും അതിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാനും മിനക്കെടാറുള്ള ഇസ്‌ലാമിന്റെ ശത്രുക്കളുടെ ദുർവ്യാഖ്യാനങ്ങൾ നിമിത്തം മുസ്‌ലിം സമുദായത്തിൽ ഉണ്ടായിത്തീർന്നിട്ടുള്ള ആപത്തുകളിൽ ഒട്ടും കുറവല്ലാത്ത ആപത്തുകൾ ഈ അരമുറിയരായ അറബികൾ ഖുർആൻ കൈകാര്യം നടത്തുന്നതുകൊണ്ടും ഉണ്ടായിക്കൊണ്ടിരിക്കുന്നു. യഥാവിധി ഖുർആൻ മനസ്സിലാക്കുവാൻ ആവശ്യമായ സാങ്കേതിക വിജ്ഞാനങ്ങൾ പലതുണ്ട്. (ഇതിനെപ്പറ്റി മുഖവുരയിൽ നാം വിവരിച്ചിരിക്കുന്നു.) അവയെല്ലാം കരസ്ഥമായിരുന്നാൽ തന്നെയും, തുറന്ന ഹൃദയവും സത്യദീക്ഷയുമില്ലാത്ത പക്ഷം, ഖുർആന്റെ മഹത്വം കണ്ടെത്തുവാനോ, അതിലെ വിജ്ഞാനമാധുര്യം ആസ്വദിക്കുവാനോ കഴിയുന്നതല്ല.

ഖുർആന്റെ ഉപദേശങ്ങൾ, ഉപമകൾ, ദൃഷ്ടാന്തങ്ങൾ ആദിയായവയെപ്പറ്റി ശരിക്കും ആലോചിച്ച് ചിന്തിക്കുന്ന സത്യാന്വേഷികൾക്ക് അതിന്റെ സന്ദേശങ്ങളും തത്വങ്ങളും ഗ്രഹിക്കുവാനും മനസ്സിലാക്കുവാനും പ്രയാസമില്ല എന്ന വസ്തുത നൂഹ് നബി (അ)യുടെ സമുദായത്തെപ്പറ്റി പ്രസ്താവിച്ചതിനെത്തുടർന്നാണ് അല്ലാഹു ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. കൂടാതെ, ആദ്ഗോത്രത്തെക്കുറിച്ചും, ഥമൂദ്ഗോത്രത്തെക്കുറിച്ചും, ലൂത്ത് നബി (അ)യുടെ ജനതയെക്കുറിച്ചും സംസാരിച്ചശേഷം വീണ്ടും വീണ്ടും ഈ പ്രസ്താവന ആവർത്തിച്ചുംകാണാം. അപ്പോൾ ഇങ്ങനെയുള്ള ഗുണപാഠങ്ങളെ മനസ്സിരുത്തുന്നത് ഖുർആന്റെ സന്ദേശങ്ങളും ഉപദേശങ്ങളും മനസ്സിലാക്കുവാൻ ഉപകരിക്കുന്നതാണെന്ന് ഇതിൽനിന്ന് ഗ്രഹിക്കാമല്ലോ. അല്ലാഹു നമുക്ക് തൗഫീക് നൽകട്ടെ ആമീൻ.

كَذَّبَتْ عَادٌ فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿١٨﴾

﴾18﴿ ആദ് (ഗോത്രം) വ്യാജമാക്കുകയുണ്ടായി. എന്നിട്ട് എന്റെ ശിക്ഷയും എന്റെ താക്കീതുകളും എങ്ങനെയായിത്തീർന്നു?! (നോക്കുക:)

إِنَّآ أَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِى يَوْمِ نَحْسٍ مُّسْتَمِرٍّ ﴿١٩﴾

﴾19﴿ നാം അവരുടെമേൽ, (മുറിഞ്ഞുപോകാതെ നിലനിൽക്കുന്ന ഒരു ദുഃശ്ശകുന ദിവസത്തിൽ (ശരശരെയുള്ള) ഉഗ്രമായ ഒരു കാറ്റിനെ അയച്ചു;-

تَنزِعُ ٱلنَّاسَ كَأَنَّهُمْ أَعْجَازُ نَخْلٍ مُّنقَعِرٍ ﴿٢٠﴾

﴾20﴿ അത് മനുഷ്യരെ പറിച്ചെറിഞ്ഞുകൊണ്ടിരുന്നു; അവർ കടപുഴങ്ങിവീണ ഈത്തമരത്തിന്റെ മുരടുകളെന്നോണമായിരുന്നു (നിലം പതിച്ചിരുന്നത്).

فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿٢١﴾

﴿21﴾. അപ്പോൾ എന്റെ ശിക്ഷയും, എന്റെ താക്കീതുകളും എങ്ങനെയായിത്തീർന്നു?! അത് കുറിക്ക് കൊള്ളുക തന്നെ ചെയ്തു!

﴿18﴾ كَذَّبَتْ عَادٌ ആദു വ്യാജമാക്കി فَكَيْفَ كَانَ എന്നിട്ട് എങ്ങനെ ഉണ്ടായി, ആയി عَذَابِى എന്റെ ശിക്ഷ وَنُذُرِ എന്റെ താക്കീതുകളും ﴿19﴾ إِنَّآ أَرْسَلْنَا നിശ്ചയമായും നാം അയച്ചു عَلَيْهِمْ അവരുടെമേൽ رِيحًا ഒരു കാറ്റ് صَرْصَرًا ശരശരെയുള്ള, ഉഗ്രമായ فِى يَوْمِ نَحْسٍ ഒരു ദുഃശ്ശകുന ദിവസത്തിൽ مُّسْتَمِرٍّ നിലനിൽക്കുന്ന (മുറിഞ്ഞുപോകാത്ത) ﴿20﴾ تَنزِعُ അത് നീക്കം ചെയ്യും (പറിച്ചെറിയും) ٱلنَّاسَ മനുഷ്യരെ كَأَنَّهُمْ അവരാകുന്നുവെന്നോണം أَعْجَازُ نَخْلٍ ഈത്തപ്പനയുടെ മുരടുകൾ, കടകൾ مُّنقَعِرٍ പുഴങ്ങിവീണ, കടപുഴകിയ ﴿21﴾ فَكَيْفَ كَانَ അപ്പോൾ എങ്ങനെയായി عَذَابِى എന്റെ ശിക്ഷ وَنُذُرِ എന്റെ താക്കീതുകളും

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿٢٢﴾

﴿22﴾ നിശ്ചയമായും, ഓർമി(ച്ചു മനസ്സിലാ)ക്കുവാൻ വേണ്ടി ഖുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ, ഓർമി(ച്ചു മനസ്സിലാ)ക്കുന്നവരായി വല്ലവരും ഉണ്ടോ?! [ഉണ്ടെങ്കിൽ മുമ്പോട്ടുവരട്ടെ!]

﴿22﴾ [17 -ാം ആയത്ത് നോക്കുക.]

ഏഴ് രാത്രിയും, എട്ടുപകലും തുടർച്ചയായി അടിച്ചുവീശിയ ആ അത്യുഗ്രമായ കാറ്റിൽ സമുദായം മുഴുവൻ -ഈത്തത്തടികൾ കടപുഴങ്ങി മറിഞ്ഞുവീഴുന്ന പ്രകാരം- അടിയോടെ പിഴുതെറിയപ്പെട്ടു. ഒന്നടങ്കം അതിദാരുണമാംവണ്ണം നാശമടഞ്ഞുപോയി. ഇതിൽപരം വമ്പിച്ച ദുഃശ്ശകുനം മറ്റെന്തുണ്ട്! അതാകട്ടെ, ഇവിടം കൊണ്ടവസാനിക്കുന്നുമില്ല. കാലാകാലം അവശേഷിക്കുന്നതുമാകുന്നു. نَحْس (ദുശ്ശകുനം) സംബന്ധിച്ച് സൂ: ഹാമീം സജദഃ 16 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക.

വിഭാഗം 2

كَذَّبَتْ ثَمُودُ بِٱلنُّذُرِ ﴿٢٣﴾

﴿23﴾ ഥമൂദ് (ഗോത്രം) താക്കീതുകളെ വ്യാജമാക്കുകയുണ്ടായി.

فَقَالُوٓا۟ أَبَشَرًا مِّنَّا وَٰحِدًا نَّتَّبِعُهُۥٓ

﴿24﴾ അങ്ങനെ, അവർ പറഞ്ഞു: നമ്മളിൽനിന്നുള്ള ഒരേ ഒരു മനുഷ്യനെയോ നാം പിൻപറ്റുന്നു?! അങ്ങ

إِنَّآ إِذًا لَّفِى ضَلَـٰلٍ وَسُعُرٍ ﴿٢٤﴾

നെയാണെങ്കിൽ, നിശ്ചയമായും നാം വഴിപിഴവിലും, കിറുക്കിലും തന്നെയായിരിക്കും.

أَءُلْقِىَ ٱلذِّكْرُ عَلَيْهِ مِنۢ بَيْنِنَا بَلْ هُوَ كَذَّابٌ أَشِرٌ ﴿٢٥﴾

《25》 നമ്മുടെ ഇടയിൽനിന്ന് അവന് (പ്രത്യേകം) ബോധനം കൊടുക്കപ്പെട്ടുവോ?! (ഇല്ല) പക്ഷേ, അവൻ അഹങ്കാരിയായ വ്യാജവാദിയാകുന്നു.

《23》 كَذَّبَتْ ثَمُودُ ഥമൂദ് വ്യാജമാക്കി بِٱلنُّذُرِ താക്കീതുകളെ, താക്കീതുകാരെ
《24》 فَقَالُوٓا۟ അങ്ങനെ (എന്നിട്ട്) അവർ പറഞ്ഞു أَبَشَرًا ഒരു മനുഷ്യനെയോ مِّنَّا
നമ്മിൽപെട്ട وَٰحِدًا ഒരുത്തനെ نَّتَّبِعُهُۥ നാമവനെ പിൻപറ്റുന്നു, തുടരുന്നു إِنَّآ നിശ്ചയ
മായും നാം إِذًا എന്നാൽ, അപ്പോൾ, അങ്ങനെയാണെങ്കിൽ لَّفِى ضَلَـٰلٍ വഴിപിഴ
വിൽ തന്നെ وَسُعُرٍ കിറുക്കിലും (ചൂടിലും, അസ്ഥിരതയിലും, ഭ്രമത്തിലും, ഭ്രാന്തി
ലും) 《25》 أَءُلْقِىَ ഇട്ടുകൊടുക്കപ്പെട്ടു (നൽകപ്പെട്ടു)വോ ٱلذِّكْرُ ബോധനം, ഉപദേ
ശം, സന്ദേശം عَلَيْهِ അവന്റെമേൽ مِنۢ بَيْنِنَا നമ്മുടെ ഇടയിൽനിന്ന് بَلْ هُوَ പക്ഷേ
അവൻ كَذَّابٌ വ്യാജ (കള്ള) വാദിയാണ് أَشِرٌ അഹങ്കാരിയായ, ഗർവ്വിഷ്ടനാണ്

നമ്മളിൽപെട്ട കേവലം സാധാരണക്കാരനായ ഒരാളത്രെ സ്വാലിഹ്. അവനെ നാം പിൻപറ്റണമെന്ന് വരുന്നപക്ഷം നാം സമചിത്തതയില്ലാത്ത കിറുക്കൻമാരും വഴിപിഴച്ചവരുമായിരിക്കുമല്ലോ. അതെല്ലാം നിലവിലുള്ളപ്പോൾ, അവനുമാത്രം അല്ലാഹുവിൽനിന്ന് ഒരു ദിവ്യബോധനം ലഭിക്കുന്നുവെന്നും മറ്റും പറയുന്നത് എങ്ങനെ വിശ്വസിക്കും?! പക്ഷേ, യഥാർത്ഥം അതൊന്നുമല്ല. അവൻ കളളവാദിയാണ്. തനി അഹങ്കാരിയാണ്. ഇതാണതിന് കാരണം എന്നൊക്കെ ആ ജനത തട്ടിമൂളിച്ചു. സ്വാലിഹ് നബി (അ)യെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു അവർക്ക് കൊടുത്ത മറുപടി:-

سَيَعْلَمُونَ غَدًا مَّنِ ٱلْكَذَّابُ ٱلْأَشِرُ ﴿٢٦﴾

《26》 നാളെ അവർക്ക് അറിയാറാകും, ആരാണ് അഹങ്കാരിയായ വ്യാജവാദി എന്ന്!

إِنَّا مُرْسِلُوا۟ ٱلنَّاقَةِ فِتْنَةً لَّهُمْ فَٱرْتَقِبْهُمْ وَٱصْطَبِرْ ﴿٢٧﴾

《27》 അവർക്ക് ഒരു പരീക്ഷണമായിക്കൊണ്ട് നാം ഒട്ടകത്തെ അയക്കുന്നു. എന്നിട്ട് നീ അവരെ വീക്ഷിച്ചുകൊള്ളുക; ക്ഷമ കൈക്കൊള്ളുകയും ചെയ്യുക.

وَنَبِّئْهُمْ أَنَّ ٱلْمَآءَ قِسْمَةٌۢ بَيْنَهُمْ ۖ كُلُّ شِرْبٍ مُّحْتَضَرٌ ﴿٢٨﴾

﴾28﴿ വെള്ളം അവർക്കിടയിൽ പങ്കാണ്- എല്ലാ വെള്ളം കുടിക്കും [ഓരോരുത്തരുടെ ഊഹത്തിനും] തയ്യാറെടുക്കപ്പെടേണ്ടതാകുന്നു- എന്ന് നീ അവരെ വിവരമറിയിക്കുകയും ചെയ്യുക.

﴾26﴿ سَيَعْلَمُونَ അവർ വഴിയെ അറിയും , അറിയാറാകും غَدًا നാളെ مَّنِ ٱلْكَذَّابُ വ്യാജവാദി ആരെന്ന് ٱلْأَشِرُ അഹങ്കാരിയായ ﴾27﴿ إِنَّا مُرْسِلُوا۟ നാം അയക്കുന്നവരാണ് (അയക്കുന്നു) ٱلنَّاقَةِ ഒട്ടകത്തെ فِتْنَةً പരീക്ഷണമായിട്ട് لَّهُمْ അവർക്ക് فَٱرْتَقِبْهُمْ എന്നാൽ (എന്നിട്ട്) നീ അവരെ വീക്ഷിച്ചുകൊള്ളുക وَٱصْطَبِرْ ക്ഷമ കൈക്കൊള്ളുകയും ചെയ്യുക ﴾28﴿ وَنَبِّئْهُمْ അവർക്ക് വിവരമറിയിക്കയും ചെയ്യുക أَنَّ ٱلْمَآءَ വെള്ളം (ആകുന്നു) എന്ന് قِسْمَةٌ പങ്ക്,) ഓഹരി (ഊഴം) ആകുന്നു (എന്ന്) بَيْنَهُمْ അവർക്കിടയിൽ كُلُّ شِرْبٍ എല്ലാ കുടിയും (വെള്ളത്തിന്റെ ഊഴവും) مُّحْتَضَرٌ ഹാജറാക്കപ്പെടേണ്ടതാണ്, തയ്യാറാക്കപ്പെടേണ്ടതാണ്

ഥമൂദ്ഗോത്രത്തിന്റെ ധിക്കാരം മുഴുത്തപ്പോൾ ഒരു അന്ത്യപരീക്ഷണമായി അല്ലാഹു അവരിലേക്ക് ഒരു ഒട്ടകത്തെ നിയോഗിച്ചയച്ചു. ആ ഒട്ടകത്തെ ഉപദ്രവിക്കരുതെന്നും, ഉപദ്രവിച്ചാൽ അവരുടെ നാശത്തിന് ഹേതുവാകുമെന്നും, അവരുടെ ജലാശയത്തിലെ വെള്ളം അവർക്കും ഒട്ടകത്തിനും ഊഴമായി പങ്കിടപ്പെടേണ്ടതാണെന്നും, അവരവരുടെ ഊഴത്തിൽ അവരവർ വെള്ളമെടുക്കാൻ ചെല്ലേണ്ടതാണെന്നും അറിയിച്ചു. (കൂടുതൽ വിവരം സൂ: ശുഅറാഉ് 155 – 156 ൽ കഴിഞ്ഞുപോയത് ഓർക്കുക.) പരീക്ഷത്തിൽ അവർ സ്വീകരിക്കുന്ന നിലപാട് വീക്ഷിച്ചുകൊണ്ടിരിക്കുവാനും, അവരുടെ അക്രമങ്ങളിൽ ക്ഷമകൈകൊള്ളുവാനും സ്വാലിഹ് നബി (അ)യോടും അല്ലാഹു ഉപദേശിച്ചു.

വെള്ളം അവർക്കിടയിൽ പങ്കാണ് (أنّ الْماء قِسْمَة بيْنهُمْ) എന്ന വാക്യത്തിൽ ഒട്ടകത്തിനും അവരെപ്പോലെ ഒരു പ്രത്യേക ഊഴം നിശ്ചയിച്ചിരുന്നു എന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. പക്ഷേ, സൂ: ശുഅറാഇൽ, അതിന് ഒരു നിശ്ചിതവെള്ളം കുടിയുണ്ട്, നിങ്ങൾക്കും ഒരു നിശ്ചിത ദിവസത്തെ വെള്ളം കുടിയുണ്ട്. (لها شرب ولكم شرب يوم معلوم) എന്ന് പറഞ്ഞിരിക്കകൊണ്ട് വെള്ളം ഇന്നിന്ന ദിവസം ഒട്ടകത്തിനും, ഇന്നിന്ന ദിവസം അവർക്കുമെന്ന് പ്രത്യേകം ഊഴം നിശ്ചയിക്കപ്പെട്ടിരുന്നുവെന്ന് സ്പഷ്ടമാകുന്നു. ഒരു ഗോത്രത്തിലെ ജനങ്ങൾക്കെന്നപോലെ, ജലാശയത്തിൽനിന്ന് ഒരു ഒട്ടകത്തിനും വെള്ളം കുടിക്കുവാനുള്ള അവകാശം ഇത്ര കണിശമായി നിശ്ചയിക്കപ്പെടുമ്പോൾ ആ ഒട്ടകത്തിന് എന്തോ ചില പ്രത്യേകതയോ അസാധാരണത്വമോ ഉണ്ടായിരിക്കുമെന്നാണ് മനസ്സിലാക്കേണ്ടത്. അല്ലാഹുവിനറിയാം.

പക്ഷേ, ഏതെങ്കിലും ഒരു വസ്തുവിലോ, ഒരു സംഭവത്തിലോ വല്ലവിധത്തിലുള്ള അസാധാരണത്വവും കണ്ടേക്കുന്നത് സഹിക്കാൻ കഴിയാത്ത ചില പുത്തൻ വ്യാഖ്യാനക്കാരുണ്ടല്ലോ ഇക്കാലത്ത്. അവർ പതിവുപ്രകാരം ഇവിടെയും ചില സാഹസങ്ങൾക്ക് മിനക്കെട്ട് കാണാം. അവിടെയുണ്ടായിരുന്ന വെള്ളം അവർക്ക്- ഥമൂദ് ജനതക്ക്- മാത്രം പങ്കിടപ്പെട്ടതായിരുന്നുവെന്നല്ലാതെ, ഒട്ടകത്തിനും അവർക്കും അതിൽ പങ്കുണ്ടായിരുന്നുവെന്ന് പറയുന്നതിനോട് ക്വുർആൻ യോജിക്കുന്നില്ലെന്നാണ് അവരുടെ വാദം. ജനങ്ങൾ വെള്ളം പങ്കിട്ട് ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒട്ടകം വെള്ളം കുടിക്കാൻ ചെന്നാൽ ആരും അതിനെ തടയരുതെന്നായിരുന്നു അവരോട് കല്പിക്കപ്പെട്ടിരുന്നതെന്ന് അവർ പറയുന്നു. ഇതെല്ലാം തട്ടിമൂളിക്കുമ്പോൾ, സൂറത്ത് ശുഅറാഇലെ മേലുദ്ധരിച്ച വചനം ഇവർ മൂടിവെക്കുകയോ, മറന്നുപോകുകയോ ചെയ്തിരിക്കുകയാണെന്ന് നമുക്ക് നിസ്സംശയം പറയാം. എനി, അവിടെവെച്ച് ഇതേ ആളുകൾ തന്നെ ഇതിനുനേരെ വിപരീതവും പറഞ്ഞുകാണാവുന്നതാണ്. അതാണ് കൂടുതൽ ആശ്ചര്യം. ഒട്ടകത്തിന് വെള്ളം ലഭിക്കുവാനുള്ള ഒരു നിശ്ചിത ഊഴവും നിങ്ങൾക്ക് കുടിക്കുവാനുമുള്ള ഒരു നിശ്ചിത ഊഴവും ഉണ്ടെന്നും, ഇന്നിന്ന ദിവസം ഒട്ടകവും, ഇന്നിന്നദിവസം നിങ്ങളും വെള്ളം കുടിക്കണമെന്നും നിശ്ചയിക്കപ്പെട്ടിരുന്നതായി തുറന്ന ഭാഷയിൽ ഇവർ -അറിഞ്ഞോ അറിയാതെയോ- അവിടെ (സൂ: ശുഅറാഇൽ) പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ, ഇതിന്നൊരു ചെറിയ അപവാദവും അവിടെ ഇവർ വരുത്തിവെച്ചിട്ടുണ്ട്. അതായത് വെള്ളത്താവളം ഒന്നിലധികമുണ്ടായിരുന്നുവെന്ന് ധ്വനിപ്പിച്ചിരിക്കുന്നു. ഈ സൂറത്തിലെത്തിയപ്പോൾ അത് കേവലം ഒരു ജലാശയം മാത്രമായിട്ടാണ് വിവരിച്ചിരിക്കുന്നത്. എന്താവശ്യത്തിനാണ് ഇത്തരം പരസ്പരവിരുദ്ധവും ബാലിശവുമായ ദുർവ്യാഖ്യാനങ്ങൾക്ക് ഇവർ മിനക്കെടുന്നതെന്ന് മനസ്സിലാകുന്നില്ല. അല്ലാഹു നമുക്കും അവർക്കും പൊറുത്ത് തരുകയും സൽബുദ്ധി നൽകുകയും ചെയ്യട്ടെ. ആമീൻ, ഏതായാലും, ഥമൂദ് ജനത ഒട്ടകത്തെ അക്രമിക്കുവാൻ തന്നെ മുതിർന്നു. അത് അവർക്കൊരു ഭാരമായി അവർ കരുതി.

فَنَادَوْا۟ صَاحِبَهُمْ فَتَعَاطَىٰ فَعَقَرَ ﴿٢٩﴾

﴾29﴿ എന്നിട്ട്, അവർ തങ്ങളുടെ ചങ്ങാതിയെ വിളിച്ചു; എന്നിട്ട് അവൻ (വധശ്രമം) ഏറ്റെടുത്ത് (അതിനെ) അറുകൊല ചെയ്തു.

فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿٣٠﴾

﴾30﴿ അപ്പോൾ, നമ്മുടെ ശിക്ഷയും, നമ്മുടെ താക്കീതുകളും എങ്ങനെയായിത്തീർന്നു?! (നോക്കുക:)

إِنَّآ أَرْسَلْنَا عَلَيْهِمْ صَيْحَةً وَٰحِدَةً فَكَانُوا۟ كَهَشِيمِ ٱلْمُحْتَظِرِ ﴿٣١﴾

﴾31﴿ നാം അവരുടെ മേൽ ഒരേ ഒരു ഘോരശബ്ദം അയച്ചു;- അപ്പോൾ അവർ, ആലവളപ്പുകാരന്റെ ചില്ലിത്തുരുമ്പുപോലെ ആയിത്തീർന്നു!

فَتَعَاطَىٰ 《29》 فَنَادَوْا എന്നിട്ടവർ വിളിച്ചു صَاحِبَهُمْ അവരുടെ ചങ്ങാതിയെ (ആളെ) فَتَعَاطَىٰ എന്നിട്ട് അവൻ ഏറ്റെടുത്തു (വധകൃത്യം നിർവ്വഹിച്ചു) فَعَقَرَ അങ്ങനെ അവൻ അറുകൊല ചെയ്തു, വെട്ടിയറുത്തു, കുതികാലറുത്തു 《30》 [21 -ാം വചനം പോലെത്തന്നെ] 《31》 إِنَّآ أَرْسَلْنَا നിശ്ചയമായും നാം അയച്ചു عَلَيْهِمْ അവരിൽ صَيْحَةً ഒരു ഘോരശബ്ദം وَٰحِدَةً ഒരേ فَكَانُوا۟ അങ്ങനെ അവരായിത്തീർന്നു كَهَشِيمِ ചില്ലി ത്തുരുമ്പു (നുറുങ്ങുകഷ്ണങ്ങൾ) പോലെ ٱلْمُحْتَظِرِ (കാലികൾക്കുവേണ്ടി വളച്ചു കെട്ടിയ) കാലിവളപ്പുകാരന്റെ

ഒട്ടകത്തെ വധിക്കുവാൻ അവർ തീരുമാനിച്ചു. അവരിൽ വെച്ച് ഏറ്റവും നിഷ്ഠൂരനായ അവരുടെ ഒരു കൂട്ടുകാരനെ അവർ അതിന് ക്ഷണിച്ചു. അവൻ അത് സ്വയം ഏറ്റെടുത്തു. വാളെടുത്തു ഒട്ടകത്തിന്റെ കാലിനുവെട്ടി വീഴ്ത്തി അതിനെ കൊന്നുകളഞ്ഞു. താമസംവിനാ അല്ലാഹുവിന്റെ ശിക്ഷയും ഇറങ്ങി. ഒരൊറ്റ ഘോരശബ്ദം! കാലികളെ താമസിപ്പിക്കുവാൻവേണ്ടി ചുള്ളിക്കൊമ്പുകളാൽ ഇടയൻമാർ വളച്ചു കെട്ടിയുണ്ടാക്കുന്ന കാലിവളപ്പുകളിൽ അവയുടെ ചില്ലകളും കൊഴിഞ്ഞുവീണു കിടക്കുമല്ലോ. അതുപോലെയായി ആ ഗോത്രക്കാർ. അതെ, അവരുടെ ശരീരങ്ങൾ നുറുങ്ങി ചിന്നിച്ചിതറിപ്പോയി!

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ۝٣٢

《32》 തീർച്ചയായും, ഓർമി(ച്ചു മനസ്സിലാ)ക്കുവാൻവേണ്ടി ഖുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ, ഓർമി(ച്ചു മനസ്സിലാ)ക്കുന്ന വല്ലവരും ഉണ്ടോ?!

《32》 [17 -ാം വചനം നോക്കുക]

ഈ സംഭവത്തിനുശേഷവും- മുമ്പ്രണ്ടുതവണ കണ്ടതുപോലെ- അല്ലാഹു ഈ പ്രസ്താവനയും ആഹ്വാനവും ആവർത്തിച്ചിരിക്കുകയാണ്. വിഷയത്തിന്റെ ഗൗരവമത്രെ ഇത് കാണിക്കുന്നത്.

كَذَّبَتْ قَوْمُ لُوطٍۭ بِٱلنُّذُرِ ۝٣٣

《33》 ലൂത്ത്വിന്റെ ജനത താക്കീതുകളെ വ്യാജമാക്കുകയുണ്ടായി.

إِنَّآ أَرْسَلْنَا عَلَيْهِمْ حَاصِبًا إِلَّآ ءَالَ لُوطٍ ۖ نَّجَّيْنَٰهُم بِسَحَرٍ ۝٣٤

《34》 നാം അവരുടെ മേൽ ഒരു ചരൽക്കാറ്റ് അയച്ചു- ലൂത്ത്വിന്റെ കുടുംബം ഒഴിച്ച്. അവരെ നാം ഒരു നിശാന്ത്യത്തിൽ [പുലരാൻ കാലത്ത്] രക്ഷപ്പെടുത്തി;-

نِّعۡمَةً مِّنۡ عِندِنَا ۚ كَذَٰلِكَ نَجۡزِي مَن شَكَرَ ﴿٣٥﴾

﴿35﴾ നമ്മുടെ പക്കൽനിന്നുള്ള ഒരു (വലിയ) അനുഗ്രഹമായിക്കൊണ്ട്. അപ്രകാരമത്രെ നന്ദി കാണിക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നത്.

وَلَقَدۡ أَنذَرَهُم بَطۡشَتَنَا فَتَمَارَوۡاْ بِٱلنُّذُرِ ﴿٣٦﴾

﴿36﴾ നമ്മുടെ കഠിനപിടുത്തത്തെ (ശിക്ഷയെ)ക്കുറിച്ച് അദ്ദേഹം അവരെ തീർച്ചയായും താക്കീത് ചെയ്കയുണ്ടായി. അപ്പോൾ, അവർ താക്കീതുകളെക്കുറിച്ച് തർക്കം നടത്തി (നിഷേധിച്ചു).

وَلَقَدۡ رَٰوَدُوهُ عَن ضَيۡفِهِۦ فَطَمَسۡنَآ أَعۡيُنَهُمۡ فَذُوقُواْ عَذَابِي وَنُذُرِ ﴿٣٧﴾

﴿37﴾ അദ്ദേഹത്തിന്റെ അതിഥികളെ [തോന്നിയവാസത്തിന്] വിട്ടുകിട്ടുവാൻ അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ട് ചെല്ലുകയുണ്ടായി. അപ്പോൾ, നാം അവരുടെ കണ്ണുകളെ തുടച്ചുനീക്കി; അവരോട് (പറയപ്പെട്ടു:) എനി, നിങ്ങൾ എന്റെ ശിക്ഷയും, എന്റെ താക്കീതുകളും ആസ്വദിച്ചു കൊള്ളുവിൻ!

﴿33﴾ كَذَّبَتْ വ്യാജമാക്കി قَوْمُ لُوطٍ ലൂത്ത്വിന്റെ ജനത بِٱلنُّذُرِ താക്കീതുകളെ, താക്കീതുകാരെ ﴿34﴾ إِنَّآ أَرْسَلْنَا നാം അയച്ചു عَلَيْهِمْ അവരിൽ عَلَيْهِمْ ഒരു ചരൽകാറ്റ് إِلَّآ ءَالَ لُوطٍ ലൂത്ത്വിന്റെ കുടുംബം (ആൾക്കാർ) ഒഴികെ نَّجَّيْنَٰهُم അവരെ നാം രക്ഷപ്പെടുത്തി بِسَحَرٍ നിശാന്ത്യത്തിൽ (രാത്രിയുടെ അന്ത്യത്തിൽ) ﴿35﴾ نِّعْمَةً അനുഗ്രഹമായിട്ട് مِّنْ عِندِنَا നമ്മുടെ പക്കൽനിന്നുള്ള كَذَٰلِكَ അപ്രകാരമത്രെ, അതുപോലെ نَجْزِى നാം പ്രതിഫലം നൽകുന്നത് (നൽകുന്നു) مَن شَكَرَ നന്ദി കാണിച്ചവർക്ക് ﴿36﴾ وَلَقَدْ أَنذَرَهُم തീർച്ചയായും അദ്ദേഹം അവരെ താക്കീതു ചെയ്കയുണ്ടായി بَطْشَتَنَا നമ്മുടെ (ശക്തിയായ) പിടുത്തത്തെപ്പറ്റി فَتَمَارَوْا۟ അപ്പോൾ അവർ തർക്കം നടത്തി بِٱلنُّذُرِ താക്കീതുകളെക്കുറിച്ച് ﴿37﴾ وَلَقَدْ رَٰوَدُوهُ അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടുചെന്നു, ശ്രമം നടത്തി عَن ضَيْفِهِۦ അദ്ദേഹത്തിന്റെ അതിഥികൾക്കുവേണ്ടി, വിരുന്നുകാരെ വിട്ടുകൊടുപ്പാൻ فَطَمَسْنَآ അപ്പോൾ നാം തുടച്ചുനീക്കി, മായിച്ചുകളഞ്ഞു أَعْيُنَهُمْ അവരുടെ കണ്ണു (കാഴ്ച)കളെ فَذُوقُوا۟ എനി നിങ്ങൾ ആസ്വദിക്കുവിൻ, അനുഭവിക്കുക عَذَابِى എന്റെ ശിക്ഷ وَنُذُرِ എന്റെ താക്കീതുകളും

ഇബ്‌റാഹീം നബി (അ)ക്ക് ഒരു പുത്രനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുവാൻ ചെന്ന മലക്കുകളായിരുന്നു ലൂത്ത്വ് നബി (അ)യുടെ ജനതയെ നശിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്നതെന്നും, അവർ അദ്ദേഹത്തിന്റെ അടുക്കൽ അതിഥികളെന്നോണം മനുഷ്യരൂപത്തിൽ ചെന്നിരുന്നുവെന്നും, വളരെ സുമുഖരായിരുന്ന അവരെ തങ്ങളുടെ ദുരുദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് വിട്ടുകൊടുക്കുവാൻ ആ ജനത അദ്ദേഹത്തോട് കിണഞ്ഞുനോക്കുകയുണ്ടായെന്നും ഇതിനു മുമ്പ് ഒന്നിലധികം പ്രാവശ്യം നാം കണ്ടിരിക്കുന്നുവല്ലോ. ആ സംഭവമാണ് ഇവിടെയും അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഈ അവസരത്തിൽ, ആ തെമ്മാടികളുടെ കണ്ണിന്റെ കാഴ്ച അല്ലാഹു എടുത്തുകളയുകയും, അവർ അന്ധൻമാരെപ്പോലെ തപ്പിത്തടഞ്ഞു നടക്കേണ്ടിവരികയും ചെയ്തു.

وَلَقَدْ صَبَّحَهُم بُكْرَةً عَذَابٌ مُّسْتَقِرٌّ ﴿٣٨﴾

(38) തീർച്ചയായും, (നീങ്ങിപ്പോകാതെ) ഉറച്ചുനിൽക്കുന്ന ഒരുശിക്ഷ ഒരു പ്രഭാതത്തിൽ അവർക്ക് ബാധിച്ചുകളഞ്ഞു.

فَذُوقُوا عَذَابِي وَنُذُرِ ﴿٣٩﴾

(39) എനി, എന്റെ ശിക്ഷയും, എന്റെ താക്കീതുകളും ആസ്വദിച്ചുകൊള്ളുവിൻ! (എന്ന് പറയപ്പെട്ടു).

---

(38) وَلَقَدْ صَبَّحَهُم തീർച്ചയായും അവരെ പ്രഭാതത്തിൽ ബാധിച്ചു بُكْرَةً ഒരു രാവിലെ عَذَابٌ مُّسْتَقِرٌّ ഉറച്ച (സ്ഥിരമായ) ഒരു ശിക്ഷ (39) [37 -ാം വചനത്തിൽ നോക്കുക.]

ലൂത്ത്വ് (അ)ന്റെ ജനതയെയും അവർക്ക് ബാധിച്ച അതിഭയങ്കര ശിക്ഷയെയും കുറിച്ച് മുമ്പ് പലപ്പോഴും പ്രസ്താവിച്ചുകഴിഞ്ഞിരിക്കകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കേണ്ടതില്ല. മുമ്പ് 17 -ാം വചനത്തിൽ കണ്ട അതേ വാചകം ഈ സംഭവം ഓർമിപ്പിച്ചശേഷവും അല്ലാഹു അതാ ഒന്നുകൂടി ആവർത്തിച്ചു പറയുന്നു:-

وَلَقَدْ يَسَّرْنَا الْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿٤٠﴾

(40) തീർച്ചയായും, ഓർമി(ച്ചു മനസ്സിലാ)ക്കുവാൻ വേണ്ടി ക്വുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ, ഓർമി(ച്ചു മനസ്സിലാ)ക്കുന്ന വല്ലവരും ഉണ്ടോ?!

വിഭാഗം- 3

وَلَقَدْ جَاءَ ءَالَ فِرْعَوْنَ النُّذُرُ ﴿٤١﴾

(41) ഫിർഔന്റെ ആൾക്കാർക്കും താക്കീതുകൾ വരികയുണ്ടായിട്ടുണ്ട്.

كَذَّبُواْ بِـَٔايَٰتِنَا كُلِّهَا فَأَخَذۡنَٰهُمۡ أَخۡذَ عَزِيزٖ مُّقۡتَدِرٍ ﴿٤٢﴾

《42》അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെയെല്ലാം വ്യാജമാക്കി. അപ്പോൾ, പ്രതാപശാലിയും കഴിവുറ്റവനുമായ ഒരുവന്റെ പിടുത്തം നാം അവരെ പിടിച്ചു (ശിക്ഷിച്ചു).

《40》 [17 -ാം വചനത്തിൽ നോക്കുക.] 《41》 وَلَقَدۡ جَآءَ വന്നിട്ടുണ്ട് ءَالَ فِرۡعَوۡنَ ഫിർഔന്റെ ആൾക്കാർക്ക് ٱلنُّذُرُ താക്കീതുകൾ 《42》 كَذَّبُواْ അവർ കളവാക്കി بِـَٔايَٰتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ كُلِّهَا അവയെല്ലാം فَأَخَذۡنَٰهُمۡ അപ്പോൾ നാമവരെ പിടിച്ചു أَخۡذَ عَزِيزٖ ഒരു പ്രതാപശാലിയുടെ പിടുത്തം مُّقۡتَدِرٍ കഴിവുള്ളവനായ

വളരെ ശക്തിയേറിയ പിടുത്തം പിടിച്ചു, അഥവാ അതികഠിനമായി ശിക്ഷിച്ചു എന്ന് സാരം. സുപ്രസിദ്ധമായ ഈ സംഭവവും, ഇതിനുമുമ്പ് ഉദ്ധരിച്ച സംഭവങ്ങളും ചൂണ്ടിക്കാട്ടി ഓർമിപ്പിച്ചുകൊണ്ട് നബി തിരുമേനിﷺ യുടെ സമുദായത്തോടായി അല്ലാഹു പറയുന്നു:-

أَكُفَّارُكُمۡ خَيۡرٞ مِّنۡ أُوْلَٰٓئِكُمۡ أَمۡ لَكُم بَرَآءَةٞ فِي ٱلزُّبُرِ ﴿٤٣﴾

《43》 (ഹേ, സമുദായമേ) നിങ്ങളിലുള്ള അവിശ്വാസികൾ അക്കൂട്ടരെക്കാൾ ഉത്തമമാകുന്നുവോ?! അതല്ല, നിങ്ങൾക്ക് ഏടുകളിൽ [വേദപ്രമാണങ്ങളിൽ] വല്ല ഒഴിവും (അഥവാ നിരപരാധിത്വവും) ഉണ്ടോ?!!

أَمۡ يَقُولُونَ نَحۡنُ جَمِيعٞ مُّنتَصِرٞ ﴿٤٤﴾

《44》 അതല്ല, (നബിയേ) അവർ പറയുന്നുവോ: ഞങ്ങൾ സ്വരക്ഷാനടപടിയെടുക്കുന്ന (സുശക്തമായ) ഒരു സംഘക്കാരാകുന്നു എന്ന്?!

《43》 أَكُفَّارُكُمۡ നിങ്ങളുടെ (നിങ്ങളിലുള്ള ഈ) അവിശ്വാസികളോ خَيۡرٞ ഉത്തമം, ശ്രേഷ്ഠമായവർ مِّنۡ أُوْلَٰٓئِكُمۡ അക്കൂട്ടരെക്കാൾ أَمۡ لَكُم അതല്ല (ഒരു പക്ഷേ) നിങ്ങൾക്കുണ്ടോ بَرَآءَةٞ വല്ല ഒഴിവും, നിരപരാധിത്തം فِي ٱلزُّبُرِ ഏടുകളിൽ (വേദഗ്രന്ഥങ്ങളിൽ) 《44》 أَمۡ يَقُولُونَ അതല്ല (അതോ) അവർ പറയുന്നുവോ نَحۡنُ ഞങ്ങൾ جَمِيعٞ ഒരു സംഘക്കാരാണ്, കൂട്ടരാണ് مُّنتَصِرٞ സ്വരക്ഷാനടപടി എടുക്കുന്ന, (സുശക്തമായ, പ്രതികാരശക്തിയുള്ള)

അല്ല, മേൽപ്രസ്താവിച്ച പൂർവ്വസമുദായക്കാരായ സത്യനിഷേധികളെക്കാൾ ശ്രേഷ്ഠൻമാരോ ഊക്കൻമാരോ അല്ല ഈ സത്യനിഷേധികൾ. ഇല്ല. സത്യനിഷേധികൾ നിരപരാധികളാണെന്നും, അവർക്ക് ശിക്ഷയിൽനിന്ന് ഒഴിവ് ലഭിക്കുമെന്നും ഏതെങ്കിലും ദൈവികഗ്രന്ഥങ്ങളിൽ വന്നിട്ടുമില്ല. ഇല്ല. അല്ലാഹുവിന്റെ ശിക്ഷയെ ചെറുത്തു നിൽക്കുവാനുള്ള ശക്തിയോ, അതിനു പ്രതികാരം ചെയ്യാനുള്ള കഴിവോ അതും ആ സംഘങ്ങൾക്ക് ഇല്ല. 'അതെ'എന്നോ 'ഉവ്വ്' എന്നോ ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ അവർക്ക് സാധിക്കയില്ല എന്ന് വ്യക്തം. അതിനാൽ അല്ലാഹു അവരെ ഇപ്രകാരം താക്കീത് ചെയ്യുന്നു:-

سَيُهْزَمُ ٱلْجَمْعُ وَيُوَلُّونَ ٱلدُّبُرَ ﴿٤٥﴾

《45》 വഴിയെ (ആ) സംഘം പരാജയപ്പെടുത്തപ്പെടും; അവർ പിന്നോക്കം തിരിഞ്ഞോടുകയും ചെയ്യും.

بَلِ ٱلسَّاعَةُ مَوْعِدُهُمْ وَٱلسَّاعَةُ أَدْهَىٰ وَأَمَرُّ ﴿٤٦﴾

《46》 (അത്രയുമല്ല) പക്ഷേ, അന്ത്യഘട്ടമത്രെ അവരുടെ നിശ്ചിത സമയം. അന്ത്യഘട്ടമാകട്ടെ, ഏറ്റവും ആപൽക്കരമായതും, ഏറ്റവും കൈപ്പായ [അരോചകമായ]തുമാകുന്നു!

《45》 سَيُهْزَمُ വഴിയെ പരാജയപ്പെടുത്തപ്പെടും ٱلْجَمْعُ (ആ) കൂട്ടം, സംഘം وَيُوَلُّونَ അവർ തിരിച്ചുപോകും ٱلدُّبُرَ പിൻപുറം 《46》 بَلِ ٱلسَّاعَةُ പക്ഷേ, അന്ത്യഘട്ടം مَوْعِدُهُمْ അവരുടെ നിശ്ചിത സമയമത്രെ وَٱلسَّاعَةُ അന്ത്യഘട്ടമാകട്ടെ أَدْهَىٰ ഏറ്റം ആപൽക്കരമായതാണ് وَأَمَرُّ ഏറ്റം കൈപ്പായതുമാണ്

ഇഹത്തിൽവെച്ച് താമസംവിനാ അവർക്ക് പരാജയം നേരിടുകയും, അവരുടെ സംരംഭത്തിൽ നിന്നെല്ലാം അവർ പിൻവാങ്ങേണ്ടിവരികയും ചെയ്യും. പക്ഷേ, അതുകൊണ്ടൊന്നും അവരുടെ ഭാഗ്യക്കേട് അവസാനിക്കുന്നില്ല. അവരുടെ യഥാർത്ഥ പ്രതിഫലം ലഭിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അന്ത്യനാളിലാണ്. അന്നത്തെ അവരുടെ അനുഭവമാകട്ടെ, ഏറ്റമേറ്റം ആപൽക്കരവും അരോചകവുമായിരിക്കും.

ഇബ്നു അബ്ബാസ് (റ)ൽനിന്നുള്ള ഒരു ഹദീഥിന്റെ ചുരുക്കം ഇതാകുന്നു: ബദ്ർ യുദ്ധാവസരത്തിൽ നബിﷺ പ്രാർത്ഥിക്കുകയുണ്ടായി: അല്ലാഹുവേ, നിന്റെ വാഗ്ദാനവും കരാറും പാലിക്കണേ, നീ ഉദ്ദേശിക്കുകയാണെങ്കിൽ ഇന്നത്തെ ദിവസത്തിനുശേഷം നീ ആരാധിക്കപ്പെടുകയുണ്ടാകയില്ല.ഇതുകേട്ട് അബൂബക്ർ (റ): നബിയേ, മതി, അവിടുന്ന് റബ്ബിനോട് കുറേ ഊന്നിച്ചോദിച്ചുപോയി എന്ന് പറ

ഞ്ഞുകൊണ്ട് നബിﷺയുടെ കൈപിടിച്ചു. അനന്തരം തിരുമേനി തമ്പിൽനിന്ന് ഈ വചനങ്ങൾ (45, 46) ഓതിക്കൊണ്ട് പുറത്തുവന്നു. (ബുഖാരി)

إِنَّ ٱلْمُجْرِمِينَ فِى ضَلَٰلٍ وَسُعُرٍ ﴿٤٧﴾

﴾47﴿ നിശ്ചയമായും, കുറ്റവാളികൾ വഴിപിഴവിലും, കിറുക്കിലുമാകുന്നു

يَوْمَ يُسْحَبُونَ فِى ٱلنَّارِ عَلَىٰ وُجُوهِهِمْ ذُوقُوا۟ مَسَّ سَقَرَ ﴿٤٨﴾

﴾48﴿ അവരുടെ മുഖങ്ങളിലായി അവർ നരകത്തിൽ വലിച്ചിഴക്കപ്പെടുന്ന ദിവസം (-അന്ന് പറയപ്പെടും): സക്വറി [നരകത്തി]ന്റെ ബാധയെ രുചിനോക്കിക്കൊള്ളുവിൻ!

إِنَّا كُلَّ شَىْءٍ خَلَقْنَٰهُ بِقَدَرٍ ﴿٤٩﴾

﴾49﴿ നിശ്ചയമായും, എല്ലാ വസ്തുവുംതന്നെ, നാം ഒരു നിർണയപ്രകാരം [വ്യവസ്ഥയനുസരിച്ച്] സൃഷ്ടിച്ചിരിക്കുന്നു.

﴾47﴿ إِنَّ ٱلْمُجْرِمِينَ നിശ്ചയമായും കുറ്റവാളികൾ فِى ضَلَٰلٍ വഴിപിഴവിലാണ് وَسُعُرٍ ഭ്രമത്തിലും, ഭ്രാന്തിലും, ജ്വലിക്കുന്ന അഗ്നിയിലും, കിറുക്കിലും **﴾48﴿** يَوْمَ يُسْحَبُونَ അവർ വലിച്ചിഴക്കപ്പെടുന്ന ദിവസം فِى ٱلنَّارِ നരകത്തിൽ, തീയിൽ عَلَىٰ وُجُوهِهِمْ അവരുടെ മുഖങ്ങളിൽ ذُوقُوا۟ രുചി നോക്കുവിൻ, അനുഭവിക്കുവിൻ مَسَّ سَقَرَ സക്വറിന്റെ ബാധ, സ്പർശനം **﴾49﴿** إِنَّا നിശ്ചയമായും നാം كُلَّ شَىْءٍ എല്ലാ വസ്തുവെയും خَلَقْنَٰهُ നാമതിനെ സൃഷ്ടിച്ചിരിക്കുന്നു بِقَدَرٍ ഒരു നിർണയം (കണക്ക്, ക്ലിപ്തം, വ്യവസ്ഥ) പ്രകാരം

നരകത്തിന് ക്വുർആനിൽ ഒന്നിലധികം പേരുകൾ ഉപയോഗിച്ച് കാണാം. അവയിൽ ഒന്നത്രെ سَقَر (സക്വർ) എന്ന പേരും. നരകത്തിന്റെ കഠോരതയും, ഭയങ്കരതകളും, കാണിക്കുന്ന വിശേഷ നാമങ്ങളാണ് അവയെല്ലാം. قَدْر (ക്വദ്ർ) എന്ന വാക്കിന് നിർണയം, തോത് കണക്ക്, വ്യവസ്ഥ, നിശ്ചയം എന്നൊക്കെ വാക്കർത്ഥം. ഉണ്ടായിക്കഴിഞ്ഞതും, ഉണ്ടാക്കുവാനിരിക്കുന്നതുമായ സകല വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹുവാണല്ലോ. (اللهُ خَالِقُ كُلِّ شَيْءٍ) എല്ലാ വസ്തുക്കളെയും- ചെറുതോ, വലുതോ സംസാരിക്കുന്നതോ അല്ലാത്തതോ, ചലിക്കുന്നതോ, ചലിക്കാത്തതോ, കഴിഞ്ഞതോ വരാനിരിക്കുന്നതോ, അറിയപ്പെട്ടതോ അറിയപ്പെടാത്തതോ എന്ന വ്യത്യാസമൊന്നും കൂടാതെ- അവൻ ഒരു നിശ്ചിത വ്യവസ്ഥയോടു കൂടിയാകുന്നു എല്ലാം സൃഷ്ടിച്ചിരിക്കുന്നത്. ഓരോന്നിന്റെയും യാഥാർത്ഥ്യം, ആകൃതി, പ്രകൃതി, സ്വഭാവം, വലുപ്പം, സമയം, സ്ഥലം,

പ്രവർത്തനം, നന്മ, തിന്മ തുടങ്ങിയ ഓരോ കാര്യവും ഇന്നിന്നപ്രകാരമെന്നുള്ള നിർണയവും വ്യവസ്ഥയും അവൻ മുമ്പേ നിശ്ചയിച്ചിട്ടുണ്ട്. അവ എപ്രകാരം ആവണം, ആവരുത്, ആയിരിക്കും, ആയിരിക്കുകയില്ല എന്നൊക്കെ അവന് അറിയുകയും ചെയ്യാം. അഥവാ ക്വദ്‌രിയ്യത്ത്മുതലായ തൽപരകക്ഷികൾ പറയുന്ന പോലെ, ചില പൊതുവ്യവസ്ഥകൾ മാത്രം നിശ്ചയിച്ചുകൊണ്ട് സൃഷ്ടിക്കുകയോ, സൃഷ്ടിച്ചതിന്റെശേഷം വ്യവസ്ഥ നിർണയിക്കുകയോ അല്ല ചെയ്തിരിക്കുന്നത്.

ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ, ഈ വിഷയകമായി വന്നിട്ടുള്ള മറ്റു ചില ആയത്തുകളെയും ഉദ്ധരിച്ചുകൊണ്ട് ഇബ്നു കഥീർ (റ) ചെയ്തിട്ടുള്ള ഒരു പ്രസ്താവന ഇവിടെ ഉദ്ധരിക്കുന്നത് നന്നായിരിക്കും. അദ്ദേഹം പറയുന്നു: ഇക്കാരണത്താലാണ് സൃഷ്ടിയുടെ മുമ്പുണ്ടായിട്ടുള്ള അല്ലാഹുവിന്റെ ക്വദ്ർ സ്ഥാപിക്കുന്നതിന് ഈ (49 -ാം) ആയത്ത് രേഖയായി സുന്നത്തിന്റെ ഉലമാക്കൾ സ്വീകരിക്കുന്നത്. ക്വദ്ർ എന്നാൽ, വസ്തുക്കൾ ഉണ്ടാകുന്നതിനു മുമ്പ് അല്ലാഹു അവയെപ്പറ്റി അറിയുകയും, അവയെ സൃഷ്ടിക്കുന്നതിനുമുമ്പ് അവയെ രേഖപ്പെടുത്തിവെക്കലുമാകുന്നു. ഈ ആയത്തും, അതിനോട് യോജിച്ച ആയത്തുകളും, സ്ഥിരപ്പെട്ട് വന്നിട്ടുള്ള ഹദീഥുകളും മുഖേന, സ്വഹാബികളുടെ അവസാന കാലത്ത് പൊട്ടിപ്പുറപ്പെട്ട ക്വദ്‌രിയ്യത്ത്എന്ന് കക്ഷികൾക്ക് അവർ ഖണ്ഡനം നൽകുകയും ചെയ്തിരിക്കുന്നു. ഈ വിഷയത്തെയും, ഈ വിഷയത്തിൽ വന്നിട്ടുള്ള ഹദീഥുകളെയും സംബന്ധിച്ച് ബുഖാരിയുടെ വ്യാഖ്യാനത്തിൽ (*) നാം വിസ്തരിച്ച് സംസാരിച്ചിട്ടുണ്ട്.

തുടർന്നുകൊണ്ട് അദ്ദേഹം ഈ ആയത്തുമായി ബന്ധപ്പെട്ട പല ഹദീഥുകളും ഉദ്ധരിച്ചിട്ടുണ്ട്. അവയിൽ ചിലതുമാത്രം ഇവിടെ ചൂണ്ടിക്കാട്ടുന്നു:

(1) അബൂഹുറയ്റഃ (റ) പറയുന്നു: ക്വുറൈശികൾ നബി ﷺ യുടെ അടുക്കൽ ക്വദ്റിനെപ്പറ്റി തർക്കിച്ചുകൊണ്ടുവരികയുണ്ടായി. അപ്പോൾ ഈ (48, 49) വചനങ്ങൾ അവതരിച്ചു. (അ; മു; തി)

(2) ഈ വചനങ്ങൾ ക്വദ്‌രിയ്യത്തിന്റെ (ക്വദ്റിനെ നിഷേധിക്കുന്ന കക്ഷിയുടെ) കാര്യത്തിലല്ലാതെ അവതരിച്ചിട്ടില്ല എന്ന് കാണിക്കുന്ന ഒരോ ഹദീഥുകൾ അഹ്മദ് (റ), ബസ്സാർ (റ), ഇബ്നു അബീഹാതിം (റ) എന്നിവരും ഉദ്ധരിച്ചിരിക്കുന്നു.

(*) ഇമാം ഇബ്നു കഥീർ (റ) സഹീഹുൽ ബുഖാരിക്ക് ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിലയേറിയ മറ്റ് പല ഗ്രന്ഥങ്ങളെയും പോലെ അതും നമ്മുടെ ഇടയിൽ അധികം പ്രചാരത്തിൽ വന്നിട്ടില്ലാത്തത് വമ്പിച്ചൊരു നഷ്ടം തന്നെയാകുന്നു.

ഖദ്റിനെ സംബന്ധിച്ചും, അതിനെ നിഷേധിക്കുന്നവരെ സംബന്ധിച്ചും സവിസ്തരം വിവരിക്കുന്ന ഒരു നീണ്ട വ്യാഖ്യാനക്കുറിപ്പ് സൂ: ഹദീദിന്റെ അവസാനത്തിൽ നാം കൊടുക്കുന്നുണ്ട്. ഖദ്റിലുള്ള വിശ്വാസം ഈമാനിന്റെ ഒരു പ്രധാന ഘടകമായത്കൊണ്ടും, അതിന്റെ നിഷേധം ഇസ്‌ലാമിന്റെ പല മൗലിക സിദ്ധാന്തങ്ങളുടെയും നിഷേധത്തിന് കാരണമാകുന്നതാകകൊണ്ടും ആ കുറിപ്പ് വായനക്കാർ പ്രത്യേകം മനസ്സിരുത്തണമെന്ന് ഉണർത്തിക്കൊള്ളുന്നു. നമ്മുടെ ഈമാനിന് ഭംഗം നേരിടാതെ അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. آمين

وَمَآ أَمْرُنَآ إِلَّا وَٰحِدَةٌ كَلَمْحٍۭ بِٱلْبَصَرِ ﴿٥٠﴾

﴾50﴿ നമ്മുടെ കൽപന ഒരേപ്രാവശ്യമല്ലാതെ (കൂടുതലൊന്നും)ഇല്ല; (അതെ) കണ്ണുകൊണ്ട് ഒന്ന് ഇമവെട്ടുന്നതുപോലെ. അത്രയും വേഗത്തിലായിരിക്കും.

﴾50﴿ وَمَآ أَمْرُنَآ നമ്മുടെ കാര്യം (കല്പന) ഇല്ല (അല്ല) إِلَّا وَٰحِدَةٌ ഒന്നല്ലാതെ كَلَمْحٍ ഒരു ഇമ (മിഴി) വെട്ടൽപോലെ بِٱلْبَصَرِ കണ്ണുകൊണ്ട്

അല്ലാഹു ഏതൊരു കാര്യം ഉദ്ദേശിച്ചാലും അത് പ്രയോഗത്തിൽ വരുത്തുവാൻ അവന് ഒട്ടും പ്രയാസമില്ല. ഇന്ന കാര്യം ഉണ്ടാവണമെന്ന് ഒന്ന് കൽപിക്കുക മാത്രമേ വേണ്ടതുള്ളൂ. അതുണ്ടായിക്കൊള്ളും. കൽപന ആവർത്തിക്കുകയോ, കൂടുതൽ വല്ല ശ്രമവും ചെയ്യുകയോ ഒന്നും ആവശ്യമില്ല. അതെ, ഒന്ന് കണ്ണിമവെട്ടുന്ന അത്രയും വേഗത്തിൽ- ലവലേശം താമസം കൂടാതെ- അവന്റെ കാര്യങ്ങളെല്ലാം നടപ്പിൽവരും. സൂ: യാസീനിൽ അല്ലാഹു പറയുന്നു: إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا الخ (അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനെക്കുറിച്ച് ഉണ്ടാകുക എന്ന് പറയുകയേ വേണ്ടതുള്ളൂ. അപ്പോഴേക്കും അതുണ്ടാകുന്നതാണ്.)

وَلَقَدْ أَهْلَكْنَآ أَشْيَاعَكُمْ فَهَلْ مِن مُّدَّكِرٍ ﴿٥١﴾

﴾51﴿ (ഹേ, അവിശ്വാസികളേ) നിങ്ങളുടെ കക്ഷികളെ നാം നശിപ്പിച്ചു കളഞ്ഞിട്ടുണ്ട്. എന്നാൽ, ഓർമി(ച്ചു മനസ്സിലാ)ക്കുന്ന വല്ലവരും ഉണ്ടോ?!

وَكُلُّ شَىْءٍ فَعَلُوهُ فِى ٱلزُّبُرِ ﴿٥٢﴾

﴾52﴿ അവർ ചെയ്തിട്ടുള്ള എല്ലാ കാര്യവും ഏടുകളിലുണ്ട്.

وَكُلُّ صَغِيرٍ وَكَبِيرٍ مُّسْتَطَرٌ ﴿٥٣﴾

﴾53﴿ എല്ലാ ചെറുതും, വലുതും (ആയ കാര്യവും) എഴുതി രേഖപ്പെടുത്തപ്പെടുന്നതാകുന്നു.

﴾51﴿ وَلَقَدْ أَهْلَكْنَآ തീർച്ചയായും നാം നശിപ്പിച്ചിട്ടുണ്ട് أَشْيَاعَكُمْ നിങ്ങളുടെ കക്ഷികളെ فَهَلْ എന്നാൽ ഉണ്ടോ مِن مُّدَّكِرٍ വല്ല ഉറ്റാലോചിക്കുന്നവരും, ഓർമിക്കുന്നവരായി ﴾52﴿ وَكُلُّ شَىْءٍ എല്ലാ കാര്യവും, വസ്തുവും فَعَلُوهُ അവർ ചെയ്തതായ فِى ٱلزُّبُرِ ഏടു(ഗ്രന്ഥം)കളിലുണ്ട് ﴾53﴿ وَكُلُّ صَغِيرٍ എല്ലാ ചെറുതും وَكَبِيرٍ വലുതും مُّسْتَطَرٌ രേഖപ്പെടുത്ത (എഴുത)പ്പെട്ടതാണ്, രേഖപ്പെടുത്തപ്പെടുന്നതാണ്

നിങ്ങളുടെ കക്ഷികൾഎന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം നിലവിലുള്ള സത്യ നിഷേധികളെപ്പോലെ മുൻ സമുദായങ്ങളിൽ കഴിഞ്ഞുപോയ സത്യനിഷേധികളാകുന്നു. ഏടുകൾഎന്ന് പറഞ്ഞത് ഓരോരുത്തരുടെയും കർമങ്ങൾ രേഖപ്പെടുത്തിവെച്ചിട്ടുള്ള രേഖാഗ്രന്ഥങ്ങളെക്കുറിച്ചുമാണ്. അവരുടെ ഓരോരുത്തരുടെയും സകല ചെയ്തികളും ഒന്നൊഴിയാതെ പ്രത്യേകം പ്രത്യേകം ഏടുകളിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവർ ചോദ്യംചെയ്യപ്പെടുകയും അവരുടെ മേൽ നടപടിയെടുക്കുകയും ചെയ്യും, നിസ്സാരമെന്നുവെച്ച എത്ര ചെറിയ കാര്യവും മനുഷ്യന്റെ കർമരേഖ (صحيفة الأعمال)കളിൽ രേഖപ്പെടുത്തിവെക്കാതിരിക്കുകയില്ല എന്നൊക്കെയാണ് 52, 53 വചനങ്ങളുടെ സാരം. ചെറുതും വലുതുമായ സർവ്വകാര്യങ്ങളും അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന ലൗഹുൽ മഹ്ഫൂദ്വി(اللوح المحفوظ)ൽ അല്ലാഹു രേഖപ്പെടുത്തിവെച്ചിരിക്കുന്നു എന്നാണ് 53-ാം വചനത്തിന്റെ ഉദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്. ഒരു നബിവചനം ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ആഇശാ, നിസ്സാരങ്ങളായി ഗണിക്കപ്പെടുന്ന പാപങ്ങള നീ സൂക്ഷിക്കണം. കാരണം, അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അവയെ അന്വേഷിക്കുന്ന ഒരാൾ ഉണ്ട്'. (ദാ. ന; ജ.) مستطر എന്ന വാക്കിന് രേഖപ്പെടുത്തപ്പെട്ടത്എന്ന് ഭൂതകാലരൂപത്തിലും, രേഖപ്പെടുത്തപ്പെട്ടത്എന്ന് വർത്തമാന- ഭാവികാലരൂപത്തിലും അർത്ഥം കൽപിക്കപ്പെടാവുന്നതാണെന്ന് സ്മരണീയമാണ്. 47-48 വചനങ്ങളിൽ കുറ്റവാളികളെ (المجرمين) സംബന്ധിച്ച് പ്രസ്താവിച്ചുവല്ലോ. എന്നാൽ, ഭയഭക്തൻമാരുടെ (المتقين) സ്ഥിതി എന്തായിരിക്കും? അതാണ് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നത്.

إِنَّ ٱلْمُتَّقِينَ فِى جَنَّٰتٍ وَنَهَرٍ ﴿٥٤﴾

﴾54﴿ നിശ്ചയമായും, (സൂക്ഷ്മതയുള്ളവരായ) ഭയഭക്തന്മാർ, സ്വർഗങ്ങളിലും അരുവികളിലുമായിരിക്കും.

فِى مَقْعَدِ صِدْقٍ عِندَ مَلِيكٍ مُّقْتَدِرٍۭ ﴿٥٥﴾

﴾55﴿ (അതെ) സത്യത്തിന്റെ ആസ്ഥാനത്തിൽ. കഴിവുറ്റവനായ ഒരു രാജാധിപതിയുടെ അടുക്കൽ!

﴾54﴿ إِنَّ ٱلْمُتَّقِينَ നിശ്ചയമായും സൂക്ഷ്മതയുള്ളവർ, ഭയഭക്തൻമാർ فِى جَنَّٰتٍ സ്വർഗങ്ങളിലായിരിക്കും وَنَهَرٍ അരുവി (നദി)കളിലും ﴾55﴿ فِى مَقْعَدِ ഇരിപ്പിടത്തിൽ (ആസ്ഥാനത്തിൽ) صِدْقٍ സത്യത്തിന്റെ عِندَ مَلِيكٍ ഒരു രാജാധിപതിയുടെ (രാജാവായുള്ളവന്റെ) അടുക്കൽ مُّقْتَدِرٍ കഴിവുറ്റവനായ

അതെ, സത്യസാക്ഷ്യംവഹിച്ച് സത്യത്തിന്റെ കീർത്തിമുദ്ര സമ്പാദിച്ച് സത്യത്തിന്റെ ആസ്ഥാനപദവി നേടിയ ആ മഹാഭാഗ്യവാൻമാർക്ക് അവരുടെ സങ്കേതമായ സ്വർഗത്തിൽ ലഭിക്കുന്ന അയൽപക്കം, ഹാ! സർവ്വശക്തനായ രാജാധിരാജനായ അല്ലാഹുവിന്റേതായിരിക്കും. അവന്റെ പ്രീതിയും പൊരുത്തവുമാണ് എല്ലാറ്റിലും ഉപരിയായത്. (المتقين) ഇങ്ങനെയുള്ള മഹാനുഭാവൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

سورة الرحمن

55. സൂറതുർറഹ്മാൻ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 78 - വിഭാഗം (റുകൂഉ്) 3

വിശുദ്ധ ക്വുർആനിലെ സൂറത്തുകൾ പരിശോധിച്ചാൽ മിക്ക സൂറത്തുകൾക്കും അതിന്റേതായ ചില പ്രത്യേകതകൾ കാണുവാൻ കഴിയും. പക്ഷേ, എല്ലാം എല്ലാവർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞെന്ന് വരികയില്ല. ക്വുർആനെ സംബന്ധിച്ച അറിവും ആസ്വാദനവും അനുസരിച്ച് ഓരോരുത്തനും അത് മനസ്സിലാക്കുവാൻ സാധിക്കുമെന്ന് മാത്രം. എന്നാൽ, ഈ അദ്ധ്യായത്തെ സംബന്ധിച്ചിടത്തോളം അതിന്റേതായ ചില പ്രത്യേകതകൾ പ്രത്യക്ഷത്തിൽതന്നെ ആർക്കും കണ്ടറിയുവാൻ സാധിക്കുന്നു. വിഷയത്തിന്റെ ഗൗരവത്തോടൊപ്പം തന്നെ ആസ്വാദനരസം, പാരായണഭംഗി, ശ്രവണസുഖം, അത്യാകർഷകമായ പ്രതിപാദനരീതി ആദിയായ വശങ്ങളിൽ സൂ: റഹ്മാന്റെ സവിശേഷത പ്രസിദ്ധമാണ്. പാരായണവേളയിലും, ശ്രവണവേളയിലും രോമാഞ്ചം ഉണ്ടാക്കുന്നതും, ഹൃദയത്തിന് നടുക്കം ബാധിക്കുന്നതുമായ ഒരു വചനമത്രെ മുപ്പത്തിഒന്ന് പ്രാവശ്യം മനുഷ്യരെയും ജിന്നുകളെയും അഭിമുഖീകരിച്ചുകൊണ്ട് ആവർത്തിച്ച് പറയപ്പെട്ടിട്ടുള്ള ഇതിലെ ഒരു സൂക്തം (فَبِأَيِّ الاٰءِ رَبِّكُمَا تُكَذِّبَان) അത് കേൾക്കുമ്പോൾ സംഗീതരസവും, നീട്ടി ഓതുമ്പോൾ ഗാനമാധുര്യവും അനുഭവപ്പെടുന്നു. അതേ അവസരങ്ങളിൽ, അതിലടങ്ങിയ ഗൗരവമേറിയ ചോദ്യവും, അതിന്റെ അർത്ഥവ്യാപ്തിയും ഹൃദയമുള്ള ഓരോരുത്തനെയും ചിന്തിപ്പിക്കുന്നതുമാണ്. അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം അർപ്പിച്ചു മുപ്പത്തിഒന്നുവട്ടം നന്ദി രേഖപ്പെടുത്തുവാൻ അതവനെ നിർബന്ധിക്കുന്നത് കാണാം. عَرُوسُ الْقُرْاٰن (ക്വുർആനിലെ നവവധു) എന്നൊരു ബഹുമതിപ്പേർ ഈ അദ്ധ്യായത്തിന് പറയപ്പെടാറുള്ളതിന് കാരണം ഇതിൽനിന്നെല്ലാം ഊഹിക്കാമല്ലോ.

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ٱلرَّحۡمَـٰنُ ﴿١﴾

﴾1﴿ **പരമകാരുണികൻ!**

عَلَّمَ ٱلۡقُرۡءَانَ ﴿٢﴾

﴾2﴿ **അവൻ ക്വുർആൻ പഠിപ്പിച്ചു.**

خَلَقَ ٱلۡإِنسَٰنَ ﴿٣﴾
عَلَّمَهُ ٱلۡبَيَانَ ﴿٤﴾

﴾3﴿ അവൻ മനുഷ്യനെ സൃഷ്ടിച്ചു.
﴾4﴿ അവൻ അവന്ന് വിവരണം പഠിപ്പിച്ചു.

﴾1﴿ ٱلرَّحۡمَٰنُ പരമകാരുണികൻ ﴾2﴿ عَلَّمَ അവൻ പഠിപ്പിച്ചു ٱلۡقُرۡءَانَ ക്വുർആനെ ﴾3﴿ خَلَقَ അവൻ സൃഷ്ടിച്ചു ٱلۡإِنسَٰنَ മനുഷ്യനെ ﴾4﴿ عَلَّمَهُ അവൻ അവന്ന് പഠിപ്പിച്ചു ٱلۡبَيَانَ വിവരണം (മനസ്സിലുള്ളത് വിവരിക്കൽ), സംസാരം

അല്ലാഹുവിന്റെ ഉൽകൃഷ്ടനാമത്തിൽ അല്ലാഹു എന്ന തിരുനാമത്തെക്കഴിച്ചാൽ ഏറ്റവും മഹത്തായ ഒരു നാമവിശേഷണമത്രെ അർറഹ്മാൻ(الرحمن). കാരുണ്യത്തിന്റെ പാരമ്യമുള്ളവൻ, അഥവാ പരമകാരുണികൻ എന്നർത്ഥം. മറ്റൊരു വിശേഷണം കൂടാതെ, 'അല്ലാഹു'എന്ന നാമംപോലെ ഇ ൗ നാമവും സ്വതന്ത്രമായിത്തന്നെ പലേടത്തും ക്വുർആനിൽ അവന് ഉപയോഗിക്കപ്പെട്ടു കാണാം. ഈ രണ്ട് നാമങ്ങളും അല്ലാഹുവിനല്ലാതെ മറ്റാർക്കും നാമങ്ങളായോ വിശേഷണങ്ങളായോ ഉപയോഗിക്കപ്പെടാറില്ല. *(*)*

അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അതിമഹത്തായ മൂന്ന് ഉദാഹരണങ്ങൾ ഈ വചനങ്ങളിൽ അല്ലാഹു എടുത്തുകാട്ടുന്നു: (1)ക്വുർആൻ പഠിപ്പിച്ചത്. (2) മനുഷ്യനെ സൃഷ്ടിച്ചത്. (3) അവന് വിവരണം പഠിപ്പിച്ചത്. അഥവാ മനസ്സിലുള്ള ആശയങ്ങളും വിചാരവികാരങ്ങളും സംസാരം മുഖേന അന്യരെ വ്യക്തമായി അറിയിക്കുവാനുള്ള കഴിവ് നൽകിയത്. ഇവക്ക് പുറമെ തുടർന്നുള്ള വചനങ്ങളിൽ മറ്റ് പല അനുഗ്രഹങ്ങളെക്കുറിച്ചും പ്രസ്താവിക്കുന്നുമുണ്ട്. എന്നാൽ, സ്വാഭാവികമായി നോക്കുമ്പോൾ, മനുഷ്യനെ സൃഷ്ടിച്ചത് ഒന്നാമതായും, വിവരണത്തിന് കഴിവ് നൽകിയത് രണ്ടാമതായും, ക്വുർആൻ പഠിപ്പിച്ചത് അവസാനത്തേതായും പറയേണ്ടതായിരുന്നുവെന്ന് തോന്നിയേക്കാം. പക്ഷേ, മറ്റ് ചില വസ്തുതകൾ ആലോചിക്കേണ്ടതുണ്ട്. മനുഷ്യൻ എത്ര ഉൽകൃഷ്ടസൃഷ്ടിയായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെങ്കിലും അവൻ സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അവനെ സംബന്ധിച്ചിടത്തോളം ലാഭനഷ്ടങ്ങളായി യാതൊന്നും പരിഗണിക്കപ്പെടുവാനുണ്ടായിരിക്കയില്ല. എനി, അവൻ സൃഷ്ടിക്കപ്പെടുകയും, അതേസമയത്ത് ഇതരജീവികളെപ്പോലെ അവനും ഒരു മൂകജീവിയായിത്തീരുകയുമാണ് ചെയ്തിരുന്നതെങ്കിൽ, അവയെപ്പോലെ അവനും ജീവിതലക്ഷ്യമായി ഒന്നും ഉണ്ടാ

***(*)** 'പുരോഗമന'ത്തിന്റെ പേരിൽ എല്ലാ സനാതന തത്വങ്ങളും അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇപ്പറഞ്ഞതിന് അപവാദമായി ചില മുസ്‌ലിംകളുടെ പേരുകളിലോ മറ്റോ വല്ല ഉദാഹരണവും കണ്ടേക്കാമെങ്കിൽ അതിലത്ഭുതപ്പെടുവാനില്ല.*

യിരിക്കയില്ല. മനുഷ്യൻ സൃഷ്ടിക്കപ്പെടുകയും ഇതരസൃഷ്ടിവർഗങ്ങൾക്കില്ലാത്ത പ്രകൃതിവിശേഷങ്ങളാൽ അവൻ അനുഗ്രഹിക്കപ്പെടുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക് അവന്റെ മരണംവരെയുള്ള ഭൗതികജീവിതം സമാധാനപരവും അതിനുശേഷമുള്ള അറ്റമില്ലാത്ത പരലോകജീവിതം വിജയകരവും ആയിത്തീരുകയാണ് അവന്റെ ഏറ്റവും വലിയ ആവശ്യം. അതിലപ്പുറം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യവും അവനെ സംബന്ധിച്ചിടത്തോളം ഊഹിക്കുവാൻ പോലുമില്ല. ഈ ജീവിതലക്ഷ്യം സാക്ഷാൽകൃതമാകുവാനുള്ള യഥാർത്ഥ മാർഗമേതാണെന്ന് മനുഷ്യന് അവന്റെ സൃഷ്ടിയും പ്രകൃതിയും പ്രദാനം ചെയ്ത സ്രഷ്ടാവിൽനിന്നു തന്നെ ലഭിക്കേണ്ടിയിരിക്കുന്നു. ആ മാർഗമത്രെ വിശുദ്ധ ക്വുർആൻവഴി അല്ലാഹു മനുഷ്യവർഗത്തിന് പ്രദാനം ചെയ്തിരിക്കുന്നത്. ഈ നിലക്ക് ക്വുർആനാകുന്ന അനുഗ്രഹം മറ്റുള്ളവയെക്കാൾ മുൻഗണന അർഹിക്കുന്നുവെന്ന് വ്യക്തമാണല്ലോ.

عَلَّمَ الْقُرْآنَ (ക്വുർആൻ പഠിപ്പിച്ചു) എന്ന് പറഞ്ഞതിന്റെ താൽപര്യം, അത് വായിക്കുവാൻ പഠിപ്പിച്ചു- അഥവാ അതിനുള്ള അക്ഷരാഭ്യാസം നൽകി- എന്ന് മാത്രമല്ല, അതോടൊപ്പം അത് ഗ്രഹിക്കുവാനും അതിന്റെ സന്ദേശങ്ങൾ പ്രായോഗികമാക്കുവാനും വേണ്ടുന്ന കഴിവും സാഹചര്യങ്ങളും അവൻ സജ്ജമാക്കിക്കൊടുത്തിട്ടുള്ളതിനെയും ആ വാക്യം അനുസ്മരിപ്പിക്കുന്നു. ഈ വാക്യത്തിന് വായന പഠിപ്പിച്ചുഎന്ന് ചിലർ അർത്ഥം കൽപ്പിച്ചു കാണുന്നു. قُرْآن എന്ന് വാക്കിന് ഭാഷയിൽ വായന എന്നുതന്നെയാണർത്ഥം. പക്ഷേ, മറ്റ് ചില കാര്യങ്ങൾ ആലോചിക്കുമ്പോൾ ഇവിടെ ഈ അർത്ഥം ശരിയല്ലെന്നാണ് മനസ്സിലാകുന്നത്.

(1) ഇവിടെ الْ (അൽ) എന്ന അവ്യയം ചേർത്തുകൊണ്ട് الْقُرْآن (അൽക്വുർആൻ) എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. 'അൽക്വുർആൻ'എന്ന് പറയുമ്പോൾ അതുകൊണ്ട് ക്വുർആനാകുന്ന വേദഗ്രന്ഥമാണ് ക്വുർആനിലും മറ്റും ഉദ്ദേശിക്കപ്പെടാറുള്ളത്. വായന എന്ന അർത്ഥം ഭാഷയിൽ ഈ വാക്കിനുണ്ടെങ്കിലും ആ അർത്ഥത്തിൽ അത് പതിവായി ഉപയോഗിക്കാറില്ല. ഉപയോഗിക്കുമ്പോൾ ഈ അവ്യയം ചേർക്കാറുമില്ല. ഏറ്റവുമധികം വായിക്കപ്പെടുന്നതും, വായിക്കപ്പെടേണ്ടതുമായ ഗ്രന്ഥമെന്ന നിലക്കാണ്, അൽക്വുർആൻഎന്ന് ഇ ൗ വിശുദ്ധ ഗ്രന്ഥത്തിന് പേർ വന്നിട്ടുള്ളതും. ഏതെങ്കിലും ഒരു സാമാന്യനാമ (النكرة)ത്തോട് ال ചേർത്ത് പറഞ്ഞാൽ അത് ഒരു പ്രത്യേക നാമം (المعرفة) ആയിത്തീരുമെന്നത് അറബി ഭാഷയുടെ വ്യാകരണ നിയമത്തിൽപെട്ടതാണ്. * അതുകൊണ്ട് 'അൽ

**** ഒരു സാമാന്യനാമംകൊണ്ട് ഒരു പ്രത്യേക വസ്തുവെ ഉദ്ദേശിക്കുമ്പോൾ ഇംഗ്ലീഷിൽ The എന്ന അവ്യയം ചേർക്കാറുള്ളതുപോലെ അറബിയിൽ അതിനുപകരം ചേർക്കാറുള്ള അവ്യയമാണ് ال. ഈ അവ്യയം ചേർത്തുകൊണ്ട് വായന എന്ന അർത്ഥത്തിൽ ഈ വാക്ക് (الْقُرْآن എന്ന്) ക്വുർആനിൽ ഉപയോഗിച്ചു കാണുന്നില്ല. എന്നാൽ അമ്പതോളം സ്ഥലത്ത് ക്വുർആനെ ഉദ്ദേശിച്ചുതന്നെ الْقُرْآن എന്ന് പറഞ്ഞിട്ടുമുണ്ട്.***

ക്വുർആൻ' എന്ന് പറയുമ്പോഴെല്ലാം -പ്രത്യേക തടസ്സം ഇല്ലാത്തപക്ഷം- ക്വുർആനാകുന്ന വേദഗ്രന്ഥം തന്നെയായിരിക്കും ഉദ്ദേശ്യമെന്ന് കരുതേണ്ടതാകുന്നു.

2) വായന പഠിപ്പിച്ചതിലും ഉപരിയായ അനുഗ്രഹമാണ് ക്വുർആൻ പഠിപ്പിച്ചതെന്ന് വ്യക്തമാകുന്നു. കാരണം, ക്വുർആൻ പഠിപ്പിച്ചുവെന്ന് പറയുമ്പോൾ അതിൽ വായനയാകുന്ന അനുഗ്രഹത്തിന് പുറമെ വേറെയും അനുഗ്രഹങ്ങൾ അടങ്ങുന്നുവല്ലോ.

വായന പഠിപ്പിച്ചു എന്ന് ഇവിടെ അർത്ഥം കൽപ്പിക്കുന്നവർ അതിന് പറയുന്ന ന്യായം ഇതാണ്: 'പൊതുവിൽ മനുഷ്യരെക്കുറിച്ചും അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെക്കുറിച്ചുമാണ് അല്ലാഹു ഇവിടെ പ്രതിപാദിക്കുന്നത്. അഥവാ മനുഷ്യരിൽ ഒരു പ്രത്യേക വിഭാഗക്കാരായ മുസ്ലിംകളെക്കുറിച്ചല്ല. എന്നിരിക്കെ, ക്വുർആൻ പഠിപ്പിച്ചുവെന്ന് ഇവിടെ അർത്ഥം കൽപിക്കുവാൻ നിവൃത്തിയില്ല'.ഇ ൗ ന്യായീകരണവും ശരിയല്ല. കാരണം:

(1) മനുഷ്യരെപ്പറ്റി ഇവിടെ പൊതുവിൽ പ്രസ്താവിക്കാൻ തുടങ്ങിയത് 3-ാം വചനത്തിൽ خَلَقَ الإِنْسَان (മനുഷ്യനെ സൃഷ്ടിച്ചു) എന്നത് മുതൽക്കാണ്. 4-ാം വചനത്തിൽ മനുഷ്യനെ ചൂണ്ടിക്കൊണ്ട് عَلَّمَهُ الْبَيَان (അവന് വിവരണം പഠിപ്പിച്ചു) എന്നും പറഞ്ഞു. ഈ രണ്ടുകാര്യങ്ങളും പൊതുവിൽ മനുഷ്യരെക്കുറിച്ചു തന്നെ എന്നതിൽ സംശയമില്ല. പക്ഷേ, عَلَّمَ الْقُرْآن (ക്വുർആൻ പഠിപ്പിച്ചു) എന്ന വാക്യം ഇതിന് മുമ്പുള്ള 2-ാം വചനമായിട്ടാണിരിക്കുന്നത്. അതിലാകട്ടെ, ക്വുർആൻ പഠിപ്പിച്ചു എന്നല്ലാതെ ആർക്ക് പഠിപ്പിച്ചു എന്ന് വ്യക്തമാക്കപ്പെട്ടിട്ടുമില്ല. ആ സ്ഥിതിക്ക് ആ വചനം മുസ്ലിംകളെ മാത്രം ഉദ്ദേശിച്ചാകുന്നതിനും, തുടർന്നുള്ള വചനങ്ങൾ പൊതുവിൽ മനുഷ്യരെക്കുറിച്ചാകുന്നതിനും വിരോധമില്ലല്ലോ. ക്വുർആൻ പഠിപ്പിക്കുകയെന്ന അനുഗ്രഹം- ഇവർ കരുതുന്നതുപോലെ- മുസ്ലിംകൾക്ക് മാത്രം നൽകപ്പെട്ട ഒരു അനുഗ്രഹമല്ല. ആണെന്ന സങ്കൽപത്തിലാണ്താനും ഇപ്പറഞ്ഞത്.

(2) ക്വുർആൻ പഠിപ്പിച്ചു എന്ന് പറഞ്ഞത് ക്വുർആൻ വായിക്കുവാൻ പഠിപ്പിച്ചു എന്ന അർത്ഥത്തിലാകുവാൻ നിവൃത്തിയില്ല. എത്രയോ അമുസ്ലിംകൾ ക്വുർആൻ വായിക്കുവാൻ കഴിയുന്നവരുണ്ട്. മുസ്ലിംകളിൽ അത് വായിക്കാൻ കഴിയാത്തവരുമുണ്ട്. വായിക്കുന്നവരിൽ ക്വുർആനെ അംഗീകരിക്കാത്തവരും, അംഗീകരിച്ചവരിൽ അത് വായിക്കുവാൻ കഴിയാത്തവരും ഉണ്ടെന്നുള്ളതും നിഷേധിക്കാവതല്ല. എനി, വായന എന്ന് ഇവിടെ ക്വുർആനിനു അർത്ഥം നൽകിയാൽപോലും. മുസ്ലിംകളും മുസ്ലിംകളല്ലാത്തവരുമായ മനുഷ്യരെല്ലാം വായന പഠിച്ചവരാണോ? അതുമല്ല. വാസ്തവത്തിൽ മനുഷ്യന്റെ നന്മക്ക് നിദാനമായ മാർഗങ്ങൾ വിവരിക്കുന്ന ആ ഗ്രന്ഥം അവതരിപ്പിച്ചതിനെയും, അത് പഠിക്കുവാനും ഗ്രഹിക്കുവാനും മനുഷ്യന് കഴിയുമാറാക്കിയതിനെയും ഉദ്ദേശിച്ചുകൊ

ണ്ടാണ് അല്ലാഹു ഇവിടെ ക്വുർആൻ പഠിപ്പിച്ചു എന്ന് പറഞ്ഞിരിക്കുന്നത്. അതേ സമയത്ത് മുസ്‌ലിംകളെന്ന പ്രത്യേക വിഭാഗത്തെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടാണോ ക്വുർആൻ അവതരിച്ചിരിക്കുന്നത്? ഒരിക്കലുമല്ല. അത് മനുഷ്യലോകത്തെ ആകമാനം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ആ അനുഗ്രഹം എല്ലാവരും ഉപയോഗപ്പെടുത്തുന്നുണ്ടോ ഇല്ലയോ എന്നുള്ളത് വേറെ വിഷയമത്രെ. എന്നിരിക്കെ, ആ വാക്യത്തിന് ക്വുർആനാകുന്ന വേദഗ്രന്ഥം പഠിപ്പിച്ചു എന്ന് അർത്ഥം കൽപിച്ചാലും അത് പൊതുവിൽ മനുഷ്യർക്ക് ലഭിച്ച അനുഗ്രഹം അല്ലാതായിത്തീരുന്നില്ല. الله أعلم

ٱلشَّمۡسُ وَٱلۡقَمَرُ بِحُسۡبَانٖ ۝٥

《5》 സൂര്യനും ചന്ദ്രനും ഒരു കണക്കനുസരിച്ചാകുന്നു (നിലകൊള്ളുന്നത്.)

وَٱلنَّجۡمُ وَٱلشَّجَرُ يَسۡجُدَانِ ۝٦

《6》 ചെടി (അഥവാ വള്ളി)യും വൃക്ഷവും സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നു.

《5》 ٱلشَّمۡسُ സൂര്യൻ وَٱلۡقَمَرُ ചന്ദ്രനും بِحُسۡبَانٖ ഒരു കണക്കനുസരിച്ചാകുന്നു 《6》 وَٱلنَّجۡمُ ചെടി, വള്ളി, നക്ഷത്രം وَٱلشَّجَرُ വൃക്ഷവും يَسۡجُدَانِ രണ്ടും സുജൂദ് ചെയ്യുന്നു.

സൂര്യചന്ദ്രൻമാരുടെ ചലനം, ഗതി, ഭ്രമണം, വലുപ്പം, അകലം, ചൂട്, തണുപ്പ് തുടങ്ങിയ എല്ലാമെല്ലാം ഒരു കൃത്യമായ അളവും കണക്കും അനുസരിച്ചാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. അവയിൽ ഏതെങ്കിലുമൊന്ന് ആ കണക്ക് തെറ്റിക്കൊണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും ഈ ലോകഗതിതന്നെ മറ്റൊന്നായി മാറുമായിരുന്നു. ശാസ്ത്രജ്ഞൻമാരെല്ലാം യോജിക്കുന്ന ഒരു വാസ്തവമത്രെ ഇത്. نَجْم (നജ്മ്) എന്ന വാക്കിന് നക്ഷത്രം, ചെടി, വള്ളി, തൈഎന്നീ അർത്ഥങ്ങളുണ്ട്. സൂര്യനെയും ചന്ദ്രനെയും പറഞ്ഞതിന്റെ തുടർച്ചയായി നജ്മിനെയും പറഞ്ഞിരിക്കകൊണ്ട് നക്ഷത്രം എന്നും, തുടർന്ന് പറയപ്പെട്ടിട്ടുള്ളത് വൃക്ഷം (الشَّجَرُ) ആകകൊണ്ട് ചെടി അല്ലെങ്കിൽ വള്ളി എന്നും ഇവിടെ ഉദ്ദേശിക്കപ്പെടുവാൻ സാധ്യതയുണ്ട്. വ്യാഖ്യാതാക്കൾ രണ്ടും സ്വീകരിച്ചിട്ടുണ്ട് താനും. സസ്യങ്ങളും വൃക്ഷങ്ങളും മാത്രമല്ല, ആകാശഭൂമികളിലുള്ള എല്ലാ വസ്തുക്കളും അല്ലാഹുവിന് സാഷ്ടാംഗ നമസ്കാരവും കീർത്തനവും നടത്തുന്നുണ്ടെന്ന് ഒന്നിലധികം വചനങ്ങളിൽ ക്വുർആൻ പ്രസ്താവിച്ചിരിക്കുന്നു. ഓരോന്നും അതാതിൽ നിന്നും അല്ലാഹു ഉദ്ദേശിച്ചപ്രകാരം അവ നടത്തുന്നുവെന്നല്ലാതെ നമുക്ക് അതിന്റെ രൂപം നിർണയിക്കുക സാദ്ധ്യമല്ല. ഇത് സംബന്ധിച്ച് സൂ: അൻബിയാഅ് 79; സൂ: ഹജ്ജ് 18; സൂ: നൂർ 41 മുതലായ സ്ഥലങ്ങളിൽ നാം വിവരിച്ചത് ഓർക്കുക.

وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلْمِيزَانَ ۝٧

《7》 ആകാശത്തെ അവൻ ഉയർത്തിയുണ്ടാക്കുകയും, തുലാസ്സ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

أَلَّا تَطْغَوْا۟ فِى ٱلْمِيزَانِ ۝٨

《8》 നിങ്ങൾ തുലാസ്സിൽ [തൂക്കത്തിൽ] ക്രമം തെറ്റാതിരിക്കുന്നതിന്.

وَأَقِيمُوا۟ ٱلْوَزْنَ بِٱلْقِسْطِ وَلَا تُخْسِرُوا۟ ٱلْمِيزَانَ ۝٩

《9》നിങ്ങൾ നീതിമുറയനുസരിച്ച് തൂക്കം നിലനിറുത്തുവിൻ. തുലാസ്സ് (അഥവാ തൂക്കം)നിങ്ങൾ നഷ്ടം വരുത്തുകയും അരുത്.

《7》 وَٱلسَّمَآءَ ആകാശത്തെ رَفَعَهَا അതിനെ അവൻ ഉയർത്തിയിരിക്കുന്നു وَوَضَعَ സ്ഥാപിക്കുക (വെക്കുക)യും ചെയ്തിരിക്കുന്നു ٱلْمِيزَانَ തുലാസ് 《8》 أَلَّا تَطْغَوْا۟ നിങ്ങൾ ക്രമം തെറ്റാതിരിക്കുവാൻ, അതിരു വിടാതിരിക്കുന്നതിന് فِى ٱلْمِيزَانِ തുലാസിൽ 《9》 وَأَقِيمُوا۟ നിങ്ങൾ നിലനിറുത്തുക ٱلْوَزْنَ തൂക്കം بِٱلْقِسْطِ നീതിമുറപ്രകാരം وَلَا تُخْسِرُوا۟ നിങ്ങൾ നഷ്ടം വരുത്തരുത് ٱلْمِيزَانَ തുലാസ്സ് (തുലാസിൽ)

സൂ: ഹദീദിൽ അല്ലാഹു പറയുന്നു:
ولقد أرسلنا رسلنا بالبينات وانزلنا معهم الكتاب والميزان ليقوم الناس بالقسط – الحديد ٢٥ (തീർച്ചയായും നാം, വ്യക്തമായ തെളിവുകളുമായി നമ്മുടെ റസൂലുകളെ അയച്ചിരിക്കുന്നു. മനുഷ്യർ നീതിമുറപ്രകാരം നിലകൊള്ളുവാൻ വേണ്ടി അവരോടൊപ്പം നാം വേദഗ്രന്ഥവും തുലാസ്സും ഇറക്കിയിരിക്കുന്നു.) അല്ലാഹുവിന്റെ നീതിന്യായവ്യവസ്ഥയാകുന്ന ഈ തുലാസ്സ് തന്നെയാണ് 7 ഉം 8 ഉം വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതും. ആ നീതിന്യായവ്യവസ്ഥകളിൽ ഒന്നത്രെ തൂക്കത്തിൽ സത്യവും നീതിയും പാലിക്കണം, അതിൽ ജനങ്ങളെ കബളിപ്പിക്കുവാൻ പാടില്ല എന്നുള്ള വ്യവസ്ഥയും. ഇതിനെക്കുറിച്ചാണ് 9-ാം വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

وَٱلْأَرْضَ وَضَعَهَا لِلْأَنَامِ ۝١٠

《10》 ഭൂമിയെ അവൻ സൃഷ്ടികൾക്കുവേണ്ടി സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

فِيهَا فَٰكِهَةٌ وَٱلنَّخْلُ ذَاتُ ٱلْأَكْمَامِ ۝١١

《11》 അതിൽ പഴവർഗമുണ്ട്; പാളകളുള്ള ഈത്തപ്പനകളുമുണ്ട്.

وَٱلْحَبُّ ذُو ٱلْعَصْفِ وَٱلرَّيْحَانُ ﴿١٢﴾

﴾12﴿ വൈക്കോലുള്ള ധാന്യ (വർഗ)വും, സുഗന്ധച്ചെടിയും ഉണ്ട്.

﴾10﴿ وَٱلْأَرْضَ ഭൂമിയെ وَضَعَهَا അതിനെ അവൻ വെച്ചിരിക്കുന്നു (സ്ഥാപിച്ചിരിക്കുന്നു) لِلْأَنَامِ സൃഷ്ടികൾക്ക് (ജീവികൾക്ക്) വേണ്ടി ﴾11﴿ فِيهَا അതിലുണ്ട് فَٰكِهَةٌ പഴവർഗം, സുഖഭോജ്യവസ്തു وَٱلنَّخْلُ ഈത്തപ്പനയും ذَاتُ ٱلْأَكْمَامِ പോള(പാള) കളുള്ള ﴾12﴿ وَٱلْحَبُّ ധാന്യവും ذُو ٱلْعَصْفِ വൈക്കോൽ (ഓല) ഉള്ളതായ وَٱلرَّيْحَانُ സുഗന്ധച്ചെടിയും, രുചികരമായ ഭക്ഷ്യവസ്തുവും

الْأَنَام (അനാം) എന്നാൽ സൃഷ്ടികൾ, അഥവാ മനുഷ്യനടക്കമുള്ള എല്ലാ ജീവികളുമാകുന്നു. പൂക്കളെയും, ഫലങ്ങളെയും പൊതിഞ്ഞുനിൽക്കുന്ന പോളകൾക്കും, കുലകളെ പൊതിഞ്ഞു നിൽക്കുന്ന പാളകൾക്കുമാണ് أَكْمَام (അക്മാം) എന്ന് പറയുന്നത്. ഫലവൃക്ഷങ്ങളിൽ പ്രധാനമായ ഒന്നത്രെ ഈത്തപ്പന. അറബികൾക്ക് സുപരിചിതവും അവരുടെ ഒരു മുഖ്യ ഭക്ഷണവുമാണല്ലോ ഈത്തപ്പഴം. വരണ്ട മരുഭൂമികളിലെ അനുഗൃഹീത ഉൽപന്നമത്രെ അത്. പിഞ്ച്, പച്ചക്കായ, പഴം, ഉണക്കൽ (കാരക്ക) എന്നീ ഓരോ ഘട്ടത്തിലും വളരെ രുചികരവും ഹൃദ്യവുമായ ഒരു ഭക്ഷണപദാർത്ഥമാണ് അത്. ഈത്തമരം എല്ലാ കാലത്തും കായ്ക്കും. ഓലകൊണ്ട് പായ, വട്ടി മുതലായവ ഉണ്ടാക്കാം. പട്ടകൊണ്ട് പുരമേയാം. തടികൊണ്ട് മരത്തിന്റെ ഉപയോഗവും നടത്തപ്പെടുന്നു. നാരുകൊണ്ട് ചൂടിക്കയറും, ഞണം (ചോറു)കൊണ്ട് ഭക്ഷണപദാർത്ഥവും, ഇസ്ത്രിപ്പൊടി മുതലായവയും ഉണ്ടാക്കാം. ഈത്തക്കുലകൾ പോള വിരിഞ്ഞശേഷം മേൽക്കുമേലെ തൂങ്ങിനിൽക്കുന്നത് നല്ലൊരു കാഴ്ചയാകുന്നു. ഇത്രയും പറഞ്ഞതിൽനിന്ന് ഈത്തപ്പന കാണാത്തവർക്കും അതിന്റെ പ്രാധാന്യം മനസ്സിലാക്കാമല്ലോ. الْعَصْف (അസ്ഫ്) എന്നാൽ വൈക്കോൽ, അഥവാ ഗോതമ്പ്, നെല്ല് മുതലായ ധാന്യങ്ങളുടെ ഓല എന്ന് അർത്ഥമാകുന്നു. എല്ലാതരം വാസനച്ചെടികൾക്കുമാണ് رَيْحَان (റൈഹാൻ) എന്ന് പറയുന്നത്. രുചികരമോ പരിമളമുള്ളതോ ആയ ഭക്ഷണപദാർത്ഥമെന്നും ചിലർ ഈ വാക്കിന് അർത്ഥം നൽകിക്കാണുന്നു. ചുരുക്കത്തിൽ, അല്ലാഹു ഭൂമിയിൽ അവന്റെ സൃഷ്ടികൾക്കുവേണ്ടി ചെയ്തുകൊടുത്തിട്ടുള്ള ചില പ്രധാന നിത്യാനുഗ്രഹങ്ങളെക്കുറിച്ച് ഈ വചനങ്ങളിൽ ഓർമിപ്പിച്ചിരിക്കുകയാണ്. അനന്തരം, ഭൂമിയിലെ രണ്ട് ബുദ്ധിവർഗമായ മനുഷ്യരെയും ജിന്നുകളെയും അഭിമുഖീകരിച്ച് അല്ലാഹു ചോദിക്കുന്നു:-

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾13﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

﴾13﴿ فَبِأَيِّ അപ്പോൾ ഏതൊന്നിനെയാണ് ءَالَآءِ رَبِّكُمَا നിങ്ങളുടെ റബ്ബിന്റെ അനുഗ്രഹങ്ങളിൽ تُكَذِّبَانِ നിങ്ങളിരുവരും വ്യാജമാക്കുന്നത്, നിഷേധിക്കുന്നത്

ഈ വചനം ഈ സൂറത്തിൽ 31 പ്രാവശ്യം ആവർത്തിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തിക്കുകയും, അവയ്ക്ക് നന്ദി കാണിക്കുകയും ചെയ്യുന്നതിന്റെ ഗൗരവം എത്രമേൽ വമ്പിച്ചതാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഈ വചനം ഓതിക്കേട്ടപ്പോൾ ഓരോ പ്രാവശ്യവും ജിന്നുകൾ മറുപടി പറഞ്ഞതായി ഒരു ഹദീഥിൽ വന്നിട്ടുള്ളതുപോലെ നാമും പറയുക: لا بشيئ من نعمك ربنا نكذب فلك الحمد–الترمذي وابن جرير والبزار (ഞങ്ങളുടെ റബ്ബേ, നിന്റെ അനുഗ്രഹങ്ങളിൽ യാതൊന്നിനെയും ഞങ്ങൾ വ്യാജമാക്കുന്നില്ല. അപ്പോൾ, നിനക്കത്രെ സ്തുതി!) ഈ വചനങ്ങളിൽ നിങ്ങൾ രണ്ടുകൂട്ടർ എന്ന് പറഞ്ഞത് മനുഷ്യരെയും ജിന്നുകളെയും ഉദ്ദേശിച്ചാണെന്ന് അടുത്ത രണ്ട് വചനങ്ങളിൽനിന്നും; 31- 35 വചനങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

خَلَقَ ٱلْإِنسَٰنَ مِن صَلْصَٰلٍ كَٱلْفَخَّارِ ﴿١٤﴾

﴾14﴿ മനുഷ്യനെ അവൻ, ചൂളവെക്കപ്പെട്ട (ഇഷ്ടിക) മണ്ണുപോലെ ചിലപ്പുള്ള (ഉണങ്ങിയ) മണ്ണിനാൽ സൃഷ്ടിച്ചിരിക്കുന്നു;

وَخَلَقَ ٱلْجَآنَّ مِن مَّارِجٍ مِّن نَّارٍ ﴿١٥﴾

﴾15﴿ ജിന്നിനെ അഗ്നിയിൽനിന്നുള്ള (പുക കലരാത്ത) ശുദ്ധജ്വാലയാലും സൃഷ്ടിച്ചിരിക്കുന്നു.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٦﴾

﴾16﴿ അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

﴾14﴿ خَلَقَ അവൻ സൃഷ്ടിച്ചു ٱلْإِنسَٰنَ മനുഷ്യനെ مِن صَلْصَٰلٍ ചിലപ്പുള്ള (ചലചല ശബ്ദമുണ്ടാകുന്ന) മണ്ണിൽനിന്ന് كَٱلْفَخَّارِ ചൂളമണ്ണ് (ചുട്ടെടുത്ത മൺപാത്രം)പോലെയുള്ള ﴾15﴿ وَخَلَقَ ٱلْجَآنَّ ജിന്നുകളെ അവൻ സൃഷ്ടിച്ചിരിക്കുന്നു مِن مَّارِجٍ ശുദ്ധമായ (തനി) ജ്വാലയിൽ (നാളത്തിൽ)നിന്ന് مِّن نَّارٍ തീയിൽ (അഗ്നിയിൽ) നിന്നുള്ള ﴾16﴿ (13-ാം വചനം നോക്കുക.)

ചൂളവെച്ച് വേവിച്ചെടുത്ത ഇഷ്ടിക, കലം മുതലായവയെപ്പോലെ, മുട്ടിയാൽ ചിലപ്പുണ്ടാകുന്നതും, നനവിന്റെ അംശമില്ലാത്തതുമായ കളിമണ്ണിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ് ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചത്. വേറെ സ്ഥലങ്ങളിൽ മണ്ണിൽനിന്ന് എന്നും, കളിമണ്ണിൽ നിന്ന് എന്നും, പശിമയുള്ള കളിമണ്ണിൽനിന്ന്എന്നും, കളിമണ്ണിന്റെ സത്തിൽനിന്ന് എന്നും, നിറപ്പകർച്ചവന്ന കളിമണ്ണിൽനിന്ന്എന്നും പ്രസ്താവിച്ചിരിക്കുന്നു. **(*)** മനുഷ്യമൂലമായ മണ്ണിന്റെ വിവിധ ഘട്ടങ്ങളെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് സൂറത്ത് സ്വാദ് 71 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വായിച്ചത് ഓർക്കുക. ഇതുപോലെത്തന്നെ ജിന്നുകളുടെ ഉൽപത്തിയെക്കുറിച്ച് അഗ്നിയുടെ പുക കലരാത്ത ശുദ്ധമായ ജ്വാലയിൽനിന്ന് എന്ന് ഇവിടെ പ്രസ്താവിക്കുന്നു. വേറെ സ്ഥലങ്ങളിൽ അഗ്നിയിൽനിന്ന്എന്നും, രോമക്കുത്തുകളിൽകൂടി തുളഞ്ഞുകയറുന്ന- അത്യുഷ്ണമായ- തീയിൽനിന്ന് എന്ന് പറഞ്ഞിരിക്കുന്നു. **(**)** ഇത് തീയി(النار)ന്റെ വ്യത്യസ്ത ഗുണങ്ങളെയും കുറിക്കുന്നു. ഇങ്ങനെയുള്ള വ്യത്യസ്ത സ്വഭാവങ്ങളും ഗുണങ്ങളും ഓരോ വർഗത്തിന്റെ സന്തതികളിലും അല്ലാഹു വെളിപ്പെടുത്തിക്കാണാം. അവയുടെയെല്ലാം വിശദമായ യാഥാർത്ഥ്യങ്ങളും അതിലടങ്ങിയ യുക്തിരഹസ്യങ്ങളും അല്ലാഹുവിനേ അറിയുകയുള്ളൂ.

നബി ﷺ അരുളിച്ചെയ്തതായി ആഇശഃ (റ) ഉദ്ധരിക്കുന്നു: മലക്കുകൾ പ്രകാശത്തിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ജിന്നുകൾ അഗ്നിയുടെ ശുദ്ധമായ ജ്വാലയാലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആദം നിങ്ങൾക്ക് (ക്വുർആനിൽ) വിവരിച്ചു തരപ്പെട്ടിട്ടുള്ളതിനാലും (മണ്ണിനാലും) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (അ; മു.) മേൽകാണിച്ചതുപോലെയുള്ള പല ക്വുർആൻ വചനങ്ങളും, ഇതുപോലെയുള്ള നബിവചനങ്ങളും പരിശോധിച്ചാൽ മനുഷ്യനും, ജിന്നും, മലക്കും ഉൽപത്തിയിലെ വ്യത്യസ്തമായ പ്രത്യേകം പ്രത്യേകം വർഗങ്ങളാണെന്നും, ഒന്ന് മറ്റേ വർഗത്തിന്റെ ഇനങ്ങളിൽ ഉൾപ്പെട്ടതല്ലെന്നും ആർക്കും വ്യക്തമായി മനസ്സിലാക്കാമല്ലോ.

എന്നാൽ, ജിന്നുകൾ ഒരു പ്രത്യേകം വർഗമല്ലെന്നും, മനുഷ്യവർഗത്തിലെ അപരിഷ്കൃത വിഭാഗമാണെന്നും ചില യുക്തിവാദികൾ വാദിക്കാറുണ്ട്. ഇക്കാലത്ത് അവരെ അനുകരിക്കുന്ന ചില പുത്തൻ പ്രസ്ഥാനക്കാർ ആ വാദം ശരിവെച്ചുകൊണ്ട് അതിനൊപ്പിച്ച് ക്വുർആനെ ദുർവ്യാഖ്യാനം ചെയ്യാറുമുണ്ട്. ഇത് സംബന്ധിച്ച് മതിയായ തെളിവുകളോടുകൂടി '*ജിന്നും ശൈത്താനും*'എന്ന ശീർഷകത്തിൽ സൂ: ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വിശദമായ മറുപടി

(*) സൂ: റൂം 20; സൂ: സ്വാദ് 71; മുഅ്മിനൂൻ 12; സ്വാഫ്ഫാത്ത് 11 മുതലായ സ്ഥാനങ്ങൾ നോക്കുക.

(**) (സൂ: ഹിജ്ർ 27-ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക.)

നൽകിയിരിക്കുന്നു. അതുകൊണ്ട് ഈ സന്ദർഭത്തിൽ അതിനെപ്പറ്റി ഇവിടെ സംസാരിക്കുന്നില്ല.

رَبُّ ٱلْمَشْرِقَيْنِ وَرَبُّ ٱلْمَغْرِبَيْنِ ﴿١٧﴾

《17》 രണ്ട് ഉദയസ്ഥാനങ്ങളുടെ റബ്ബും, രണ്ട് അസ്തമയസ്ഥാനങ്ങളുടെ റബ്ബുമാകുന്നു (അവൻ).

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٨﴾

《18》 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

《17》 رَبُّ ٱلْمَشْرِقَيْنِ രണ്ട് ഉദയ സ്ഥാനങ്ങളുടെ റബ്ബാണ് وَرَبُّ ٱلْمَغْرِبَيْنِ രണ്ട് അസ്തമയ സ്ഥാനങ്ങളുടെയും റബ്ബ് 《18》 (13-ാം വചനം നോക്കുക)

ഉത്തരായനവും ദക്ഷിണായനവും മൂലം സൂര്യന്റെ ഉദയാസ്തമയസ്ഥാനങ്ങൾ മാറിക്കൊണ്ടിരിക്കുമല്ലോ. ഭൂമിയുടെ പൂർവ്വാർദ്ധത്തിലും, പശ്ചിമാർദ്ധത്തിലും നിവസിക്കുന്നവർക്കും ഉദയാസ്തമയസ്ഥാനങ്ങൾ വ്യത്യസ്തമായിരിക്കും. ഇതുപോലെത്തന്നെ, ഉത്തരാർദ്ധത്തിലും ദക്ഷിണാർദ്ധത്തിലും അത് വ്യത്യസ്തമായി അനുഭവപ്പെടും. ഇങ്ങനെ ഒന്നിലധികം പ്രകാരത്തിൽ രണ്ട് ഉദയാസ്തമയ സ്ഥാനങ്ങൾക്ക് വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. ഇവക്ക് പുറമെ സൂര്യന്റെയും ചന്ദ്രന്റെയും ഉദയാസ്തമയങ്ങളെ ഉദ്ദേശിച്ച് പറഞ്ഞതാണെന്നും വരാം. الله أعلم ഏതായാലും അവയിലടങ്ങിയ ദൃഷ്ടാന്തങ്ങളും അനുഗ്രഹങ്ങളും മനുഷ്യൻ ചിന്തിക്കുവാൻ കടപ്പെട്ടവനാകുന്നു. എല്ലാം അല്ലാഹുവിന്റെ മഹത്വത്തെയാണ് കുറിക്കുന്നതെന്നതിൽ സംശയമില്ല.

مَرَجَ ٱلْبَحْرَيْنِ يَلْتَقِيَانِ ﴿١٩﴾

《19》 രണ്ട് സമുദ്രങ്ങളെ അവ തമ്മിൽ കൂട്ടിമുട്ടത്തക്ക നിലയിൽ അവൻ അയച്ചുവിട്ടിരിക്കുന്നു.

بَيْنَهُمَا بَرْزَخٌ لَّا يَبْغِيَانِ ﴿٢٠﴾

《20》 അവ രണ്ടും (അന്യോന്യം) അതിക്രമി(ച്ചു കട)ക്കാതിരിക്കത്തക്ക ഒരു മറ അവക്കിടയിലുണ്ട്.

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٢١﴾

《21》 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

يَخْرُجُ مِنْهُمَا ٱللُّؤْلُؤُ وَٱلْمَرْجَانُ ﴿٢٢﴾

《22》 അവ രണ്ടിൽനിന്നും മുത്തും പവിഴവും പുറത്തുവരുന്നു.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

《23》 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

وَلَهُ ٱلْجَوَارِ ٱلْمُنشَـَٔاتُ فِى ٱلْبَحْرِ كَٱلْأَعْلَـٰمِ ﴿٢٤﴾

《24》 സമുദ്രത്തിൽ (സഞ്ചരിക്കുന്നതിന്) മലകളെപ്പോലെ പൊക്കിയുണ്ടാക്കപ്പെടുന്ന കപ്പലുകളും അവന്റെതാകുന്നു.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

《25》അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

《19》 مَرَجَ അവൻ അയച്ചുവിട്ടിരിക്കുന്നു ٱلْبَحْرَيْنِ രണ്ട് സമുദ്രത്തെ يَلْتَقِيَانِ രണ്ടും കൂട്ടിമുട്ടി (ചേർന്നു തൊട്ടു തൊട്ടു)കൊണ്ട് 《20》 بَيْنَهُمَا അവ രണ്ടിനുമിടയിലുണ്ട് بَرْزَخٌ ഒരു മറ (തടസ്സം) لَّا يَبْغِيَانِ രണ്ടും അതിക്രമിക്കുകയില്ലാത്ത 《21》 (13 പോലെ) 《22》 يَخْرُجُ مِنْهُمَا അവ രണ്ടിൽ നിന്നും പുറത്തുവരുന്നു ٱللُّؤْلُؤُ മുത്ത് وَٱلْمَرْجَانُ പവിഴവും 《23》 (13 പോലെ) 《24》 وَلَهُ അവന്റെതാണ്, അവനുള്ളതാണ് ٱلْجَوَارِ കപ്പലുകൾ ٱلْمُنشَـَٔاتُ (പായ) ഉയർത്തപ്പെട്ട, നിർമിച്ചുണ്ടാക്കപ്പെട്ട فِى ٱلْبَحْرِ സമുദ്രത്തിൽ كَٱلْأَعْلَـٰمِ മലകളെപ്പോലെ, (ഉയർന്ന അടയാളങ്ങൾ പോലെ) 《25》 (13 പോലെ)

രണ്ട് സമുദ്രങ്ങൾകൊണ്ടുദ്ദേശ്യം ശുദ്ധജലാശയങ്ങളും, ഉപ്പുജലാശയങ്ങളുമാകുന്നു. രണ്ടും ഒന്നൊന്നോട് തൊട്ടും, അടുത്തടുത്തും സ്ഥിതിചെയ്യുന്നുവെങ്കിലും ഒന്ന് മറ്റേതിനെ ആക്രമിച്ച് അതിൽ ലയിപ്പിക്കുന്നില്ല. ഓരോന്നും അതതിന്റെ വ്യത്യസ്തമായ പ്രകൃതി വിശേഷത്തോടെത്തന്നെ നിലനിൽക്കത്തക്കവണ്ണം അവയ്ക്കിടയിൽ അല്ലാഹു എന്തോ ഒരു മറയും തടസ്സവും ഏർപ്പെടുത്തിയിരിക്കുകയാണ്. (സൂ: ഫുർക്വാൻ 53 -ാം വചനവും വ്യാഖ്യാനവും ഓർമിക്കുക.) രണ്ടുതരം ജലാശയങ്ങളിൽനിന്നും മുത്തും പവിഴവും സിദ്ധിക്കുന്നു. മുത്തും പവിഴവും മാത്രമാണ് ഇവിടെ എടുത്തു പറഞ്ഞതെങ്കിലും അവക്ക് പുറമെ വേറെയും എത്രയോ ജലവിഭവങ്ങളും മനുഷ്യന് വേണ്ടി അല്ലാഹു സമുദ്രത്തിൽ

നിക്ഷേപിച്ചുവെച്ചിട്ടുണ്ടെന്ന് പറയേണ്ടതില്ല. കാര്യപ്പെട്ട ചിലത് എടുത്തു പറഞ്ഞുവെന്ന് മാത്രം. എല്ലാം അല്ലാഹുവിന്റെ അനുഗ്രഹം തന്നെ.

ഉയരത്തിൽ മലപോലെ പൊങ്ങിക്കാണത്തക്കവിധം പായകെട്ടി ഉയർത്തപ്പെട്ട കപ്പലുകൾ, അല്ലെങ്കിൽ വളരെ ഉയരത്തിൽ നിർമിക്കപ്പെട്ട കപ്പലുകൾ എന്നത്രെ الْمُنْشَئَاتُ എന്നതുകൊണ്ട് വിവക്ഷ. മുൻകാലത്ത് പായക്കപ്പലുകളാണല്ലോ ഉണ്ടായിരുന്നത്.

വിഭാഗം- 2

كُلُّ مَنْ عَلَيْهَا فَانٍ ﴿٢٦﴾

﴾26﴿ അതിന്റെ ഭൂമിയുടെ മീതെയുള്ളവയെല്ലാം നാശമടയുന്നതാണ്.

وَيَبْقَىٰ وَجْهُ رَبِّكَ ذُو ٱلْجَلَٰلِ وَٱلْإِكْرَامِ ﴿٢٧﴾

﴾27﴿ മഹത്വവും ഉദാരതയുമുള്ളവനായ നിന്റെ റബ്ബിന്റെ വദനം ശേഷിക്കുകയും ചെയ്യും.

﴾26﴿ كُلُّ مَنْ യാതൊരുവരെല്ലാം عَلَيْهَا അതിന്റെ മേലുള്ള فَانٍ നശിക്കുന്ന (നാശമടയുന്ന)താണ് ﴾27﴿ وَيَبْقَىٰ ശേഷിക്കയും ചെയ്യും وَجْهُ رَبِّكَ നിന്റെ റബ്ബിന്റെ വദനം, മുഖം ذُو ٱلْجَلَٰلِ മഹത്വമുള്ള وَٱلْإِكْرَامِ ഉദാരതയും, ബഹുമാനവുമുള്ള

ذُو الْجلَاَلِ والْإِكْرَام എന്ന വിശേഷണത്തെ സംബന്ധിച്ച ചില വിവരങ്ങൾ സൂറത്തിന്റെ അവസാനത്തിൽ കാണാം. ان شاء الله

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾28﴿ അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

يَسْـَٔلُهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ كُلَّ يَوْمٍ هُوَ فِى شَأْنٍ ﴿٢٩﴾

﴾29﴿ ആകാശങ്ങളിലും ഭൂമിയിലുമുള്ളവർ അവനോട് യാചിക്കുന്നു. എല്ലാ ദിവസവും അവൻ ഓരോ കാര്യത്തിലായിരിക്കും.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾30﴿ അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

《28》 [13 പോലെ] 《29》 يَسْـَٔلُهُۥ അവനോട് ചോദിക്കുന്നു, യാചിക്കും مَن فِى ٱلسَّمَـٰوَٰتِ ആകാശങ്ങളിലുള്ളവർ وَٱلْأَرْضِ ഭൂമിയിലും كُلَّ يَوْمٍ എല്ലാ ദിവസവും هُوَ അവൻ فِى شَأْنٍ ഓരോ കാര്യത്തിലായിരിക്കും. 《30》 (13 പോലെ)

ആകാശഭൂമികളിലുള്ള ഏതൊരാളും നിരീശ്വരവാദികളായുള്ളവർപോലും- അല്ലാഹുവിനെയും, അവന്റെ സഹായത്തെയും ആശ്രയിക്കാത്തവരായിട്ടില്ല. അറിഞ്ഞോ അറിയാതെയോ അവനോട് അർത്ഥിക്കാത്തവരുമില്ല. ഒരാൾ ദൈവനിഷേധിയാകട്ടെ, യുക്തിവാദിയാകട്ടെ, പ്രകൃതിവാദിയാകട്ടെ, അവന്റെ വായു, വെള്ളം, ഭക്ഷണം അടക്കം, ചലനം തുടങ്ങിയ ഓരോന്നിലും അല്ലാഹുവിന്റെ എത്രയോ പ്രകൃതിനിയമങ്ങളെ ആശ്രയിച്ചുകൊണ്ടല്ലാതെ ഒരൊറ്റ നിമിഷവും കഴിച്ചുകൂട്ടുവാൻ ശക്തനല്ലതന്നെ. അവക്ക് വിധേയനായിക്കൊണ്ടല്ലാതെ ഒരു കൈവിരൽ അനക്കുവാൻ പോലും അവൻ ശക്തനല്ല.

കോടാനുകോടി മഹാഗോളങ്ങൾ, എണ്ണമില്ലാത്ത ജീവലോകങ്ങൾ, കണക്കറ്റ മറ്റനേകം വസ്തുലോകങ്ങൾ ഓരോന്നിലും അനുനിമിഷം നടമാടിക്കൊണ്ടിരിക്കുന്ന ഭാവനാതീതമായ പ്രക്രിയകൾ, ഇവയെല്ലാം വ്യവസ്ഥയോടെ, ചിട്ടയോടെ, നിയന്ത്രിച്ചുവരുന്ന അല്ലാഹു- ചില കൂട്ടർ ധരിച്ചുവരുന്നതുപോലെ- ആഴ്ചയിൽ ഒരു ദിവസമോ മറ്റോ ജോലിയില്ലാതെ സ്വസ്ഥമായിരിക്കുന്നില്ല. മറ്റ് ചിലർ വിവരിക്കുന്നത് പോലെ ഈ അഖിലാണ്ഡത്തിനൊരു പൊതു നിയമവ്യവസ്ഥ നിശ്ചയിച്ചുകൊണ്ട് എനിയെല്ലാം അതതിന്റെ പാട്ടിന് നടക്കട്ടെ എന്നു വെച്ച് ചുമ്മാ ഇരിക്കുകയുമില്ല. ഉറക്കമോ, മയക്കമോ, ക്ഷീണമോ, മറവിയോ ബാധിച്ച് എപ്പോഴെങ്കിലും അവൻ അശ്രദ്ധനായിരിക്കാറുമില്ല. അതെ, അവൻ നിത്യവും ഓരോരോ കാര്യങ്ങളിൽ ബദ്ധശ്രദ്ധനത്രെ. അല്ലായിരുന്നുവെങ്കിൽ- വേണ്ടാ ഒരു മിടിയിടനേരം അവൻ അശ്രദ്ധനാകുമായിരുന്നുവെങ്കിൽ- അനന്തവിസ്തൃതമായ ഈ ലോകാലോകങ്ങളുടെ ഗതി എന്തായിരിക്കുമെന്ന് മനുഷ്യരാശിക്ക് ഊഹിക്കുവാൻപോലും സാധ്യമല്ലതന്നെ!

ലോകാവസാനംവരെയുള്ള കാര്യങ്ങളെല്ലാം നിർണയിക്കപ്പെടുകയും രേഖപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നുവെന്ന് നബിവചനങ്ങളിൽ വന്നിട്ടുള്ളതും, അല്ലാഹു എല്ലാ ദിവസവും ഓരോ കാര്യത്തിലാണ് എന്നുള്ള ഈ വചനവും തമ്മിൽ എങ്ങനെ യോജിക്കുമെന്ന് ചോദിക്കപ്പെട്ടപ്പോൾ ഹുസൈനുബ്നു ഫദ്ൽ (حسين بن فضل رح) ഇപ്രകാരം മറുപടി പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: شؤون يبديها لا شؤون يبتديها (അവൻ വെളിക്ക് വരുത്തുന്ന കാര്യങ്ങളാണ്, അവൻ ആദ്യമായിത്തുടങ്ങുന്ന കാര്യങ്ങളല്ല.) അതായത്, ഹദീഥുകളിൽ പ്രസ്താവിക്കപ്പെട്ടപ്രകാരം എല്ലാകാര്യങ്ങളും മുമ്പ് നിശ്ചയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ആ

നിശ്ചയം അനുസരിച്ച് കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തി നടപ്പാക്കുന്നതിനെക്കുറിച്ചാണ് ആയത്തിൽ പറഞ്ഞിരിക്കുന്നത്. എന്നല്ലാതെ, കാര്യങ്ങളെല്ലാം പുത്തനായി ആരംഭിച്ചുണ്ടാക്കുന്നതിനെക്കുറിച്ചല്ല എന്ന് സാരം. വളരെ ശ്രദ്ധേയവും, പല സംശയങ്ങൾക്കും നിവാരണം നല്കുന്നതുമാണ് ഈ മറുപടി. ആദ്യസൃഷ്ടി മുതൽ മരണംവരെയുള്ള പല കാര്യങ്ങളും ഓർമിപ്പിച്ചശേഷം വിചാരണ മുതലായവയെപ്പറ്റി ഓർമിപ്പിക്കുന്നു:-

سَنَفْرُغُ لَكُمْ أَيُّهَ ٱلثَّقَلَانِ ﴿٣١﴾

﴾31﴿ നിങ്ങൾക്കുവേണ്ടി നാം അടുത്ത് മിനക്കെടുന്നതാണ്- ഹേ, രണ്ട് (കനത്ത) സമൂഹമേ!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٢﴾

﴾32﴿ അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

يَٰمَعْشَرَ ٱلْجِنِّ وَٱلْإِنسِ إِنِ ٱسْتَطَعْتُمْ أَن تَنفُذُوا۟ مِنْ أَقْطَارِ ٱلسَّمَٰوَٰتِ وَٱلْأَرْضِ فَٱنفُذُوا۟ ۚ لَا تَنفُذُونَ إِلَّا بِسُلْطَٰنٍ ﴿٣٣﴾

﴾33﴿ ജിന്നിന്റെയും ഇൻസി [മനുഷ്യ]ന്റെയും സംഘമേ, ആകാശങ്ങളുടെയും, ഭൂമിയുടെയും മേഖലകളിൽനിന്ന് (പുറത്തു) കടന്നുപോകുവാൻ നിങ്ങൾക്ക് സാധ്യമാകുന്ന പക്ഷം, നിങ്ങൾ കടന്നു പോകുവിൻ!ഒരു അധികാരശക്തികൂടാതെ നിങ്ങൾ കടന്നുപോകയില്ല.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٤﴾

﴾34﴿ അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

يُرْسَلُ عَلَيْكُمَا شُوَاظٌ مِّن نَّارٍ وَنُحَاسٌ فَلَا تَنتَصِرَانِ ﴿٣٥﴾

﴾35﴿ നിങ്ങളിരുവരുടെയും മേൽ, അഗ്നിയിൽനിന്നുള്ള ജ്വാലയും, കരിമ്പുകയും അയക്കപ്പെടുന്നതാണ്. അപ്പോൾ, നിങ്ങൾ രക്ഷാനടപടിയെടുക്കുന്നതല്ല. [നിങ്ങൾക്കതിന് സാധ്യമല്ല.]

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾36﴿ അപ്പോൾ, നിങ്ങളിരുവരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

﴾31﴿ سَنَفْرُغُ. നാം അടുത്ത് മിനക്കെടും, ഒഴിഞ്ഞിരുന്നേക്കും لَكُمْ നിങ്ങൾക്കായി, നിങ്ങൾക്കുവേണ്ടി أَيُّهَ ٱلثَّقَلَانِ ഹേ രണ്ട് കനത്തവരേ (സമൂഹമേ) ﴾32﴿ (13 പോലെ) ﴾33﴿ يَـٰمَعْشَرَ ഹേ സംഘമേ, കൂട്ടമേ ٱلْجِنِّ وَٱلْإِنسِ ജിന്നിന്റെയും ഇൻസി (മനുഷ്യ)ന്റെയും إِنِ ٱسْتَطَعْتُمْ നിങ്ങൾക്ക് സാധിക്കുന്നപക്ഷം أَن تَنفُذُوا۟ നിങ്ങൾ കടന്നുപോകാൻ, ചോർന്നുകടക്കാൻ مِنْ أَقْطَارِ മേഖലകളിൽ നിന്ന് ٱلسَّمَـٰوَٰتِ ആകാശങ്ങളുടെ وَٱلْأَرْضِ ഭൂമിയുടെയും فَٱنفُذُوا۟ എന്നാൽ നിങ്ങൾ കടന്നു (ചോർന്നു) പോകുവിൻ لَا تَنفُذُونَ നിങ്ങൾ കടന്നു പോകയില്ല إِلَّا بِسُلْطَـٰنٍ ഒരു അധികാരം (രേഖ- ശക്തി- അധികൃത ലക്ഷ്യം) കൂടാതെ ﴾34﴿ (13 പോലെ) ﴾35﴿ يُرْسَلُ അയക്കപ്പെടും عَلَيْكُمَا നിങ്ങളിരുവരുടെയും മേൽ شُوَاظٌ ജ്വാല مِّن نَّارٍ തീയിന്റെ, അഗ്നിയാലുള്ള وَنُحَاسٌ പുക (കരിമ്പുക)യും, ചെമ്പ് (ദ്രാവകവും) فَلَا تَنتَصِرَانِ അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരും രക്ഷാ നടപടി എടുക്കയില്ല (ചെറുത്തു നിൽക്കുകയില്ല) ﴾36﴿ (13 പോലെ)

അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, ജോലിത്തിരക്ക് എന്നോ, ജോലി ഇല്ലാതിരിക്കുക എന്നോ ഇല്ല. ഒരു കാര്യം മറ്റൊരു കാര്യത്തിന് അവന് തടസ്സമാകുന്നതുമല്ല. എന്നിരിക്കെ, ജിന്നിനെയും മനുഷ്യനെയും അഭിമുഖീകരിച്ചുകൊണ്ട് നിങ്ങൾക്ക് വേണ്ടി അടുത്ത് ഞാൻ മിനക്കെടുവാൻ പോകുന്നുവെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം രണ്ട് കൂട്ടരും അധികം താമസിയാതെ അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് ഹാജരാകേണ്ടിവരുമെന്ന് ശക്തിപൂർവ്വം താക്കീത് ചെയ്യുകയാകുന്നു.

അല്ലാഹുവിന്റെ പിടിയിൽപെടാതിരിക്കത്തക്കവണ്ണം അവന്റെ അധികാരാതിർത്തിയിൽ നിന്ന്- ആകാശഭൂമികളിൽനിന്ന്- പുറത്തേക്ക് കടന്നുപോയി രക്ഷപ്പെടുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ കാണട്ടെ എന്ന് ജിന്നുവർഗത്തെയും മനുഷ്യവർഗത്തെയും ആകമാനം 33-ാം വചനത്തിൽ അല്ലാഹു വെല്ലുവിളിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുതന്നെയുള്ള അധികൃതമായ വല്ല ശക്തിയും പ്രമാണവും കിട്ടിയാലല്ലാതെ ആർക്കും അതിനുസാധ്യമല്ല എന്ന് അതോടൊപ്പം തീർത്ത് പറയുകയും ചെയ്യുന്നു. ഈ വെല്ലുവിളിയിൽ അടങ്ങിയിരിക്കുന്ന താക്കീത് പ്രധാനമായും അവിശ്വാസികളെ ഉദ്ദേശിച്ചുള്ളതാണെന്ന് 35-ാം വചനത്തിന്റെ ഉള്ള

ടക്കം കൊണ്ട് മനസ്സിലാക്കാം. ഖിയാമത്ത് നാളിൽ വിചാരണ നിലയത്തിൽ വെച്ച് നടക്കുന്ന ഒരു ആഹ്വാനമായിട്ടാണ് ഇബ്നുകഥീർ (റ) മുതലായ ചില മഹാൻമാർ ഈ വചനത്തെ കണക്കാക്കുന്നത്. മുമ്പും പിമ്പുമുള്ള (31 ഉം 35ഉം) ആയത്തുകളിലെ പ്രസ്താവനകൾ നോക്കുമ്പോൾ ഈ അഭിപ്രായം ശരിയായിരിക്കുമെന്ന് കരുതാവുന്നതുമാണ്. 35-ാം വചനത്തിൽ ചൂണ്ടിക്കാട്ടുന്ന അഗ്നി ജ്വാലയായും പുകയായും അനുഭവപ്പെടുമ്പോൾ കുറ്റവാളികളായ ആളുകൾ അവിടെനിന്ന് സൈ്വരം കെട്ട് ഓടിപ്പോകുവാൻ ശ്രമിക്കുമെന്നും, ആ സന്ദർഭത്തിലായിരിക്കും ഈ ആഹ്വാനമുണ്ടാകുക എന്നും പറയപ്പെട്ടിട്ടുണ്ട്. അല്ലാഹുവിനറിയാം. ഏതായാലും ഈ വെല്ലുവിളിയെ അതിലംഘിക്കുവാൻ ആർക്കും- ഏതുലോകത്തും ഏതുകാലത്തും തന്നെ സാധ്യമല്ലെന്ന് തീർച്ചയാണ്.

ഉപരിയാകാശ യാത്രകളും, ഉപരിഗോള നിരീക്ഷണങ്ങളും നടത്തുവാനുള്ള പ്രോത്സാഹനവും, അതിനുവേണ്ടുന്ന ബുദ്ധിപരവും ശാസ്ത്രീയവുമായ തയ്യാറെടുപ്പ് നടത്തുവാനുള്ള സൂചനയുമാണ് 33-ാം വചനത്തിന്റെ ഇതിവൃത്തം എന്ന് കാണിക്കുന്ന ചില പുതിയ അർത്ഥവ്യാഖ്യാനങ്ങൾ ഈയിടെയായി ചിലരിൽനിന്ന് പുറത്ത് വന്നുകാണുന്നു. ചന്ദ്രഗോളത്തിലേക്കും മറ്റുമുള്ള യാത്രാപരിപാടികൾ ആസൂത്രണം ചെയ്യപ്പെടുവാനും നടപ്പിൽ വരുത്തപ്പെടുവാനും തുടങ്ങിയതോടെ, അതിന് ക്വുർആന്റെ അംഗീകാരം വാങ്ങിക്കൊടുക്കുവാനുള്ള ചില വ്യക്തികളുടെ താല്പര്യത്തിൽനിന്ന് ഉടലെടുത്തതാണ് ഈ സാഹസം. ബഹിരാകാശ നിരീക്ഷണയാത്രാ സംരംഭങ്ങൾക്ക് പ്രോത്സാഹനവും, അവയുടെ വിജയഫലത്തിലേക്കുള്ള സൂചനകളും അവയുമായി ബന്ധമില്ലാത്ത ഇത് പോലെയുള്ള വചങ്ങളിൽ നിന്ന് മുങ്ങിത്തപ്പി എടുക്കുവാൻ സാഹസപ്പെടേണ്ടുന്ന ആവശ്യമില്ല. അതിന് വേണ്ടി സന്ദർഭങ്ങൾക്ക് യോജിക്കാത്തതും, വാക്യങ്ങൾക്ക് നിരക്കാത്തതുമായ അർത്ഥ വിവക്ഷകൾ കൽപ്പിക്കുകയെന്ന അപരാധത്തിന് മുതിരേണ്ടതുമില്ല. കാരണം, പ്രസ്തുത താല്പര്യം നിറവേറ്റുവാൻ തികച്ചും ഉപകരിക്കുന്ന ക്വുർആൻ വചനങ്ങൾ വേറെത്തന്നെ ഒന്നിലധികം കാണാം. (35 : 13; 31 : 20 മുതലായവ നോക്കുക.)

വേറെ ചില ആളുകൾ, ഈ അടുത്തകാലത്ത് ഈ ആയത്തിന്റെ താല്പര്യം വിവരിച്ചുകാണുന്നത് അതിലേറെ വിചിത്രമായിരിക്കുന്നു! ബാഹ്യപ്രകൃതിയുടെ മേഖലകളിൽനിന്ന് പുറത്ത്ചാടി ഉദ്ഗമിക്കുവാൻ കഴിയുമെങ്കിൽ ഉദ്ഗമിക്കുക. ഒരു സവിശേഷ ശക്തികൊണ്ടല്ലാതെ നിങ്ങൾ ഉദ്ഗമിക്കുകയില്ല.എന്നിങ്ങനെയാണ് ഇവരുടെ അർത്ഥ കൽപന. ആകാശ ഭൂമികൾകൊണ്ട് ഇവിടെ ഉദ്ദേശ്യം ബാഹ്യ പ്രകൃതിയാണെന്നും സവിശേഷശക്തികൊണ്ടുദ്ദേശ്യം ആത്മീയ ശക്തി- അഥവാ ഈശ്വരസാക്ഷാൽക്കാരം ആണെന്നുമാണ് ഇവർ സമർത്ഥിക്കുന്നത്. ഇതിന്റെ ന്യായീകരണത്തെപ്പറ്റി അവരുമായി ആരാഞ്ഞപ്പോൾ, അത് തങ്ങളുടെ മനസ്സിൽ ചിരകാലമായി ഊറിയുറച്ച ഒരഭിപ്രായമാണെന്നതിൽ കവിഞ്ഞു പറയത്തക്ക ഒരു മറുപടിയും ലഭിക്കുകയുണ്ടായില്ലെന്നത് ശ്രദ്ധേയമാ

ണ്. ഏതായാലും, ഓരോരുത്തനും മനസ്സിൽ തോന്നുന്ന ഓരോ ആശയും, ആശയവും ഇങ്ങനെ ക്വുർആന്റെ പേരിൽ അവതരിപ്പിക്കുവാൻ മുതിരുന്നത് ക്വുർആന്റെ നേർക്കുള്ള കയ്യേറ്റവും അക്രമവുമാണെന്നേ നമുക്ക് ഇവരോട് തൽക്കാലം പറയുവാനുള്ളൂ. ക്വിയാമത്ത് നാളിലെ ചില സംഭവവികാസങ്ങളെപ്പറ്റി അല്ലാഹു തുടർന്നു പറയുന്നു:-

فَإِذَا ٱنشَقَّتِ ٱلسَّمَآءُ فَكَانَتْ وَرْدَةً كَٱلدِّهَانِ ﴿٣٧﴾

《37》 എന്നാൽ, ആകാശം പൊട്ടിപ്പിളർന്ന് അത് കുഴമ്പ് (അഥവാ എണ്ണക്കീടം) പോലെ, പനിനീർ (അഥവാ ചുവപ്പ്) വർണമുള്ളത് ആയിത്തീർന്നാൽ ..!-

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

《38》 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فَيَوْمَئِذٍ لَّا يُسْـَٔلُ عَن ذَنۢبِهِۦٓ إِنسٌ وَلَا جَآنٌّ ﴿٣٩﴾

《39》 അപ്പോൾ- അന്നത്തെ ദിവസം- ഒരു മനുഷ്യനോടാകട്ടെ, ജിന്നിനോടാകട്ടെ, തന്റെ പാപത്തെപ്പറ്റി ചോദി(ച്ചന്വേഷി)ക്കപ്പെടുന്നതല്ല.

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

《40》 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

《37》 فَإِذَا ٱنشَقَّتِ എന്നാൽ പിളർന്നാൽ, പൊട്ടിക്കീറിയാൽ ٱلسَّمَآءُ ആകാശം فَكَانَتْ എന്നിട്ട് അതായി وَرْدَةً ഒരു പനിനീർ വർണമുള്ളത്, ഊറക്കിട്ട തോൽ (പോലെ) ചുവന്നത്, ചെമ്മഞ്ഞയായത് كَٱلدِّهَانِ എണ്ണ (കുഴമ്പ്, കീടം) പോലുള്ളത് **《38》** (13 പോലെ) **《39》** فَيَوْمَئِذٍ അപ്പോൾ അന്നത്തെ ദിവസം لَّا يُسْـَٔلُ ചോദിക്കപ്പെടുകയില്ല عَن ذَنۢبِهِۦٓ തന്റെ പാപത്തെപ്പറ്റി إِنسٌ ഒരു മനുഷ്യനോടും وَلَا جَآنٌّ ജിന്നിനോടും ഇല്ല **《40》** (13 പോലെ)

അന്ത്യനാളിൽ ആകാശത്തിന്റെ നിലയിൽ വരുന്ന ചില മാറ്റങ്ങളെപ്പറ്റിയാണ് 37 -ാം വചനത്തിൽ പ്രസ്താവിക്കുന്നത്. അത് പൊട്ടിപ്പിളരുന്നു. അഥവാ മറ്റ് സ്ഥലങ്ങളിൽ പറഞ്ഞത് പോലെ, അതിലെ നക്ഷത്രങ്ങളടക്കമുള്ള ഗോളങ്ങളെല്ലാം സ്ഥാനംതെറ്റി താറുമാറാകുന്നു. കുഴമ്പ്- അഥവാ എണ്ണക്കീടം- പോലെ

അത് കുഴഞ്ഞ് ദുർബ്ബലമാകുകയും, നിറമാറ്റം സംഭവിച്ച് പനിനീർപോലെ ചെമ്മ ഞ്ഞയായിത്തീരുകയും ചെയ്യുന്നു. അങ്ങനെ, ആകാശഭൂമികളുടെ ഇന്നത്തെ ഈ ഘടനതന്നെ പാടെ മാറിപ്പോകുന്നു.

അന്ന് മനുഷ്യരും ജിന്നുകളും അവരുടെ പാപങ്ങളെപ്പറ്റി തീരെ ചോദ്യം ചെയ്യപ്പെടുകയില്ലെന്ന 39-ാം വചനത്തിന്റെ താൽപര്യം; പാപികൾ ചോദ്യം ചെയ്യ പ്പെടുമെന്ന വസ്തുത ഖുർആൻ പലപ്പോഴും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ള താണ്. പക്ഷേ, പാപികളുടെ പാപങ്ങളെപ്പറ്റി അവരോട് ചോദിച്ചറിയേണ്ടുന്ന ആവ ശ്യമില്ല; അതിന് മതിയായ തെളിവുകളും രേഖകളും വേറെത്തന്നെ ധാരാളമുണ്ട് എന്നത്രെ അതിന്റെ താല്പര്യം. അടുത്തവചനം കാണുക:

يُعۡرَفُ ٱلۡمُجۡرِمُونَ بِسِيمَٰهُمۡ فَيُؤۡخَذُ بِٱلنَّوَٰصِي وَٱلۡأَقۡدَامِ ﴿٤١﴾

﴾41﴿ (കാരണം:) കുറ്റവാളികൾ അവരുടെ അടയാളം മുഖേന അറി യപ്പെടുന്നതാണ്. എന്നിട്ട് നെറുകന്ത ലകളും (അഥവാ കുടുമകളും) കാല ടികളും (കൂട്ടി)പ്പിടിക്കപ്പെടുന്നതായി രിക്കും.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾42﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങ ളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

هَٰذِهِۦ جَهَنَّمُ ٱلَّتِي يُكَذِّبُ بِهَا ٱلۡمُجۡرِمُونَ ﴿٤٣﴾

﴾43﴿ കുറ്റവാളികൾ വ്യാജമാ ക്കിക്കൊണ്ടിരുന്നതായ ജഹന്നം [നരകം] ഇതാ! (എന്ന് പറയപ്പെ ടും.)

يَطُوفُونَ بَيۡنَهَا وَبَيۡنَ حَمِيمٍ ءَانٖ ﴿٤٤﴾

﴾44﴿ അതിന്റെയും (അങ്ങേഅ റ്റം) ഉഷ്ണമേറിയ ചുട്ടുതിളക്കുന്ന വെള്ളത്തിന്റെയും ഇടയിലായി അവർ ചുറ്റി അലയുന്നതാകുന്നു.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾45﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങ ളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

﴾41﴿ يُعۡرَفُ അറിയപ്പെടും ٱلۡمُجۡرِمُونَ കുറ്റവാളികൾ بِسِيمَٰهُمۡ അവരുടെ അടയാ ളംകൊണ്ട് فَيُؤۡخَذُ എന്നിട്ട് പിടിക്കപ്പെടും بِٱلنَّوَٰصِي നെറുകന്തലകളെ, കുടുമകളെ

وَٱلْأَقْدَامِ പാദങ്ങ(കാലടി)ളെയും ﴾42﴿ (13 പോലെ) ﴾43﴿ هَـٰذِهِۦ ഇതാ, ഇതാണ്, ഇത് جَهَنَّمُ നരകം, നരകമാകുന്നു ٱلَّتِى يُكَذِّبُ വ്യാജമാക്കിയിരുന്നതായ بِهَا അതിനെ ٱلْمُجْرِمُونَ കുറ്റവാളികൾ ﴾44﴿ يَطُوفُونَ അവർ ചുറ്റും, അലയും بَيْنَهَا അതിന്റെ ഇട യിൽ وَبَيْنَ حَمِيمٍ ചുട്ടുതിളക്കുന്ന വെള്ളത്തിന്റെയും ءَانٍ ചൂടേറിയ, അങ്ങേ അറ്റമെ ത്തിയ ﴾45﴿ (13 പോലെ)

ആമങ്ങളാലും, ചങ്ങലകളാലും ബന്ധിക്കപ്പെട്ടുകൊണ്ട് അവർ ചുട്ടുതിളക്കുന്ന വെള്ളത്തിൽ വലിച്ചിഴക്കപ്പെടുകയും ചെയ്യും. അവരെ നരകത്തിൽ ഇട്ട് കത്തി ക്കപ്പെടുകയും ചെയ്യും.(40 : 71, 72.)നരകത്തിലെ സക്കൂമാകുന്ന വൃക്ഷ ത്തിൽനിന്നും അവർ തിന്നുകയും, പിന്നീട് അതിനുമീതെ ചുട്ടുതിളച്ച വെള്ളം കുടിക്കേണ്ടി വരികയും ചെയ്യും. പിന്നീട് അവർ നരകത്തിലേക്ക് തന്നെ മടക്ക പ്പെടുകയും ചെയ്യും. (സൂ: സ്വാഫ്ഫാത്ത്: 64-68.) അല്ലാഹു നമ്മെ കാത്തുരക്ഷി ക്കട്ടെ. ആമീൻ. കുറ്റവാളികളെപ്പറ്റി പ്രസ്താവിച്ചശേഷം ഭയഭക്തൻമാരായ സജ്ജനങ്ങളെപ്പറ്റി ഓർമിപ്പിക്കുന്നു:-

വിഭാഗം- 3

وَلِمَنْ خَافَ مَقَامَ رَبِّهِۦ جَنَّتَانِ ﴿٤٦﴾

﴾46﴿ യാതൊരുവൻ തന്റെ റബ്ബിന്റെ സ്ഥാനത്തെ(അഥവാ റബ്ബിന്റെ മുമ്പിൽ നിൽക്കുന്നതിനെ) ഭയപ്പെട്ടുവോ അവന് രണ്ട് സ്വർഗ ത്തോപ്പുകളുണ്ടായിരിക്കും;-

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾47﴿ അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

ذَوَاتَآ أَفْنَانٍ ﴿٤٨﴾

﴾48﴿ (അതെ) പല വകുപ്പുകളുള്ളതായ രണ്ടെണ്ണം.

﴾46﴿ وَلِمَنْ യാതൊരുവനുണ്ട് خَافَ അവൻ ഭയപ്പെട്ടു مَقَامَ رَبِّهِۦ തന്റെ റബ്ബിന്റെ സ്ഥാനത്തെ جَنَّتَانِ രണ്ട് തോപ്പുകൾ, സ്വർഗങ്ങൾ ﴾47﴿ (13 പോലെ) ﴾48﴿ ذَوَاتَآ ഉള്ളവ أَفْنَانٍ പല വകുപ്പുകൾ, പല (തരം) വൃക്ഷശാഖകൾ

വിവിധ വർണത്തിലും സ്വഭാവത്തിലുമുള്ള ഫലവർഗങ്ങളും സുഖസൗകര്യ ങ്ങളും നിറഞ്ഞതാണ് അവ രണ്ടും എന്ന് താൽപര്യം. റബ്ബിന്റെ സ്ഥാനത്തെ

(مَقَامَ رَبِّهِ) ഭയപ്പെടുക എന്നതുകൊണ്ട് വിവക്ഷ, അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് നിൽക്കേണ്ടി വരുന്നതിനെക്കുറിച്ചുള്ള ഭയപ്പാടാകുന്നു. ഓരോരുത്തന്റെയും സ്ഥിതിഗതികളെക്കുറിച്ച് അല്ലാഹു വീക്ഷിച്ചും കണ്ടറിഞ്ഞുംകൊണ്ടിരിക്കുന്നുണ്ടെന്ന ബോധം എന്നും ഇതിന് വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. തത്വത്തിൽ രണ്ടും ഒന്നുതന്നെ.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٩﴾

﴾49﴿ അപ്പോൾ നിങ്ങളുടെ രണ്ട് കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فِيهِمَا عَيْنَانِ تَجْرِيَانِ ﴿٥٠﴾

﴾50﴿ അവ രണ്ടിലും ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ട് അരുവികളുണ്ട്.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥١﴾

﴾51﴿ അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فِيهِمَا مِن كُلِّ فَٰكِهَةٍ زَوْجَانِ ﴿٥٢﴾

﴾52﴿ അവരണ്ടിലും എല്ലാ (വിധ) പഴവർഗത്തിൽനിന്നും രണ്ട് ഇണകൾ (വീതം) ഉണ്ടായിരിക്കും.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٣﴾

﴾53﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

مُتَّكِـِٔينَ عَلَىٰ فُرُشٍۭ بَطَآئِنُهَا مِنْ إِسْتَبْرَقٍ ۚ وَجَنَى ٱلْجَنَّتَيْنِ دَانٍ ﴿٥٤﴾

﴾54﴿ വിരിപ്പുകളിൽ ചാരിയിരുന്നുകൊണ്ട് (അവർ സുഖിക്കും) അവയുടെ ഉൾഭാഗം നിറക്കപ്പെട്ടിട്ടുള്ളത് കട്ടിപ്പട്ടു കൊണ്ടാണ്. രണ്ട് തോപ്പുകളിലെയും പറിച്ചെടുക്കുന്ന പഴംതാണ് നിൽക്കുന്നതായിരിക്കും.

﴾49﴿ (13 പോലെ) ﴾50﴿ فِيهِمَا അവ രണ്ടിലുമുണ്ട് عَيْنَانِ രണ്ട് അരുവി (ഉറവിടം)കൾ تَجْرِيَانِ ഒഴുകുന്ന, നടക്കുന്ന ﴾51﴿ (13 പോലെ) ﴾52﴿ فِيهِمَا അവ രണ്ടിലുമുണ്ട് مِن كُلِّ فَٰكِهَةٍ എല്ലാ പഴവർഗത്തിൽ നിന്നും زَوْجَانِ രണ്ട് ഇണകൾ, (ജനുസുകൾ) ﴾53﴿ (13 പോലെ) ﴾54﴿ مُتَّكِـِٔينَ ചാരിയിരുന്നവരായിട്ട് عَلَىٰ فُرُشٍ വിരിപ്പു

കളിൽ بَطَآئِنُهَا അവയുടെ (ഉള്ളിൽ) നിറക്കപ്പെട്ടത് مِنْ إِسْتَبْرَقٍ കട്ടിപ്പട്ടുകൊണ്ടാണ് (അങ്ങനെയുള്ള) وَجَنَى പറിച്ചെടുക്കുന്ന പഴം (ഫലം) ٱلْجَنَّتَيْنِ രണ്ട് തോപ്പുകളുടെയും دَانٍ അടുത്തതാണ്, താണുനിൽക്കുന്നതാണ്.

വൃക്ഷങ്ങളിൽനിന്ന് ഫലം പറിച്ചെടുക്കുവാൻ ഒട്ടും പ്രയാസമുണ്ടാകുന്നതല്ല. ഇരുന്നോ നിന്നോ വേഗം പറിക്കുമാറ് അവ അടുത്തായിരിക്കും എന്ന് സാരം.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾55﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فِيهِنَّ قَٰصِرَٰتُ ٱلطَّرْفِ لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَآنٌّ ﴿٥٦﴾

﴾56﴿ അവയിൽ, കണ്ണുകളെ [നോട്ടത്തെ] നിയന്ത്രിക്കുന്ന സ്ത്രീകൾ ഉണ്ട്. അവർക്കുമുമ്പ് ഒരു മനുഷ്യനാകട്ടെ, ജിന്നാകട്ടെ അവരെ സ്പർശിച്ചിട്ടില്ല.

﴾55﴿ (13 പോലെ) ﴾56﴿ فِيهِنَّ അവയിലുണ്ട് قَٰصِرَٰتُ ചുരുക്കുന്ന (നിയന്ത്രിക്കുന്ന) സ്ത്രീകൾ ٱلطَّرْفِ കണ്ണിനെ (ദൃഷ്ടിയെ) لَمْ يَطْمِثْهُنَّ അവരെ സ്പർശിച്ചിട്ടില്ല إِنسٌ ഒരു മനുഷ്യനും قَبْلَهُمْ അവരുടെ (ഇവരുടെ) മുമ്പ് وَلَا جَآنٌّ ഒരു ജിന്നുമില്ല

സ്വഭർത്താക്കളിലേക്കല്ലാതെ ദൃഷ്ടിപതിക്കാത്ത പതിവ്രതകളും,ഭർത്താക്കളെ മാത്രം സ്നേഹിക്കുന്ന തരുണീമണികളുമായ ആ ഭാര്യമാരെ സ്പർശിക്കുവാനുള്ള ഭാഗ്യം അവർക്ക്-റബ്ബിന്റെ സ്ഥാനത്തെ ഭയപ്പെടുന്നവർക്ക്-അല്ലാതെ ലഭിക്കുന്നതല്ല.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾57﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

كَأَنَّهُنَّ ٱلْيَاقُوتُ وَٱلْمَرْجَانُ ﴿٥٨﴾

﴾58﴿ അവർ [ആ സ്ത്രീകൾ] മാണിക്യവും, പവിഴവുമെന്നോണമിരിക്കും.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾59﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

هَلْ جَزَآءُ ٱلْإِحْسَٰنِ إِلَّا ٱلْإِحْسَٰنُ ﴿٦٠﴾

﴾60﴿ നന്മ [പുണ്യം] ചെയ്തതിന്റെ പ്രതിഫലം നന്മ ചെയ്തുകൊടുക്കുകയല്ലാതെ (മറ്റുവല്ലതും) ആണോ?!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾61﴿ അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

﴾57﴿ (13 പോലെ) ﴾58﴿ كَأَنَّهُنَّ അവർ ആകുന്നുവെന്ന പോലെയുണ്ട് ٱلْيَاقُوتُ മാണിക്യം وَٱلْمَرْجَانُ പവിഴവും ﴾59﴿ (13 പോലെ) ﴾60﴿ هَلْ ഉണ്ടോ, ആണോ جَزَآءُ ٱلْإِحْسَٰنِ നന്മ (പുണ്യം) ചെയ്യുന്നതിന്റെ പ്രതിഫലം إِلَّا ٱلْإِحْسَٰنُ നന്മ ചെയ്യൽ (കൊടുക്കൽ) അല്ലാതെ ﴾61﴿ (13 പോലെ)

റബ്ബിന്റെ സ്ഥാനത്തെ ഭയപ്പെട്ടവർക്ക് ലഭിക്കുവാനിരിക്കുന്ന നന്മകൾ പലതും അല്ലാഹു മേൽവചനങ്ങളിൽ എടുത്തുകാട്ടി. എന്നാൽ അതുകൊണ്ട് അത് അവസാനിക്കുന്നില്ലെന്നും, അവക്ക് പുറമെ വേറെയും പല അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുവാനിരിക്കുന്നുവെന്നും അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നു:-

وَمِن دُونِهِمَا جَنَّتَانِ ﴿٦٢﴾

﴾62﴿ അവ രണ്ടിനുപുറമെ (വേറെ)യും രണ്ട് സ്വർഗത്തോപ്പുകളുണ്ട്.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾63﴿ അപ്പോൾ, നിങ്ങൾ രണ്ട് കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

مُدْهَآمَّتَانِ ﴿٦٤﴾

﴾64﴿ കടുംപച്ച പൂണ്ടതായ രണ്ടെണ്ണം!

﴾62﴿ وَمِن دُونِهِمَا അവ (രണ്ടി)ന്ന് പുറമെ (രണ്ടും കൂടാതെ)യുണ്ട് جَنَّتَانِ രണ്ട് തോപ്പുകൾ, സ്വർഗങ്ങൾ ﴾63﴿ (13 പോലെ) ﴾64﴿ مُدْهَآمَّتَانِ കടുംപച്ച (കരിമ്പച്ച)യായ രണ്ടെണ്ണം

ഫലവൃക്ഷങ്ങളുടെയും സസ്യലതാദികളുടെയും ആധിക്യം നിമിത്തം തോപ്പുകളുടെ വർണം കടുംപച്ചയായിരിക്കുന്നുവെന്ന് സാരം.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾65﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فِيهِمَا عَيْنَانِ نَضَّاخَتَانِ ﴿٦٦﴾

《66》 കുതിച്ചൊഴുകുന്ന രണ്ട് അരുവികൾ അവ രണ്ടിലുമുണ്ട്.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٧﴾

《67》 അപ്പോൾ, നിങ്ങൾ രണ്ട് കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فِيهِمَا فَٰكِهَةٌ وَنَخْلٌ وَرُمَّانٌ ﴿٦٨﴾

《68》 രണ്ടിലും പഴവർഗവും, ഈത്തപ്പനകളും, ഉറുമാമ്പഴ [മാതളപ്പഴ]വും ഉണ്ട്.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٩﴾

《69》 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

《65》 (13 പോലെ) 《66》 فِيهِمَا ആ രണ്ടിലുമുണ്ട് عَيْنَانِ രണ്ട് അരുവികൾ, ഉറവുകൾ نَضَّاخَتَانِ ഊക്കോടെ (കുതിച്ചു) ഒഴുകുന്ന 《67》 (13 പോലെ) 《68》 فِيهِمَا ആ രണ്ടിലുമുണ്ട് فَٰكِهَةٌ പഴവർഗം وَنَخْلٌ ഈത്തപ്പനയും وَرُمَّانٌ ഉറുമാമ്പഴവും, മാതളവും 《69》 (13 പോലെ)

സ്വർഗീയവസ്തുക്കൾ എല്ലാംതന്നെ, ഭൗതികവസ്തുക്കളുമായി നാമമാത്ര സാദൃശ്യമേയുള്ളൂ. നമുക്ക് പരിചയമുള്ള പേരുകളിലല്ലാതെ നമുക്ക് അവയെ പരിചയപ്പെടുത്തുവാൻ നിവൃത്തിയില്ലല്ലോ. നബി ﷺ അരുളിച്ചെയ്തതുപോലെ, മനുഷ്യൻ കണ്ടും കേട്ടും അറിഞ്ഞിട്ടില്ലാത്തതും, മനുഷ്യന് വിഭാവനം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ് സ്വർഗത്തിലെ ഓരോ വിഭാഗവും. ഇതിനെപ്പറ്റി ഒന്നിലധികം സ്ഥലത്ത് നാം ഓർമിപ്പിച്ചിട്ടുള്ളതാണ്.

فِيهِنَّ خَيْرَٰتٌ حِسَانٌ ﴿٧٠﴾

《70》 അവയിൽ, സുന്ദരികളായ ഉത്തമ സ്ത്രീകളുണ്ട്;

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٧١﴾

《71》 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

حُورٌ مَّقْصُورَٰتٌ فِى ٱلْخِيَامِ ﴿٧٢﴾

﴾72﴿ അതായത്, കൂടാരങ്ങളിൽ നിയന്ത്രിക്കപ്പെട്ടിട്ടുള്ള (ഘോഷാ സ്ത്രീകളായ) വെളുത്ത മെയ്യാമണികൾ!

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾73﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَآنٌّ ﴿٧٤﴾

﴾74﴿ അവർക്ക് മുമ്പ് ഒരു മനുഷ്യനാകട്ടെ, ജിന്നാകട്ടെ അവരെ സ്പർശിച്ചിട്ടില്ല.

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾75﴿ അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

مُتَّكِـِٔينَ عَلَىٰ رَفْرَفٍ خُضْرٍ وَعَبْقَرِىٍّ حِسَانٍ ﴿٧٦﴾

﴾76﴿ പച്ചവർണമുള്ള മെത്തത്തലയിണയിലും, നല്ലതായ (അഴകേറിയ) പരവതാനികളിലുമായി ചാരിയിരുന്നുകൊണ്ട് (അവർ സുഖിക്കും).

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٣﴾

﴾77﴿ അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

﴾70﴿ فِيهِنَّ അവയിലുണ്ട് خَيْرَٰتٌ നല്ല (ഉത്തമ) സ്ത്രീകൾ حِسَانٌ സുന്ദരികളായ, നല്ലവരായ, ഭംഗിയുള്ള ﴾71﴿ (13 പോലെ) ﴾72﴿ حُورٌ വെളുത്ത (ഭംഗിയുള്ള) സ്ത്രീകൾ مَّقْصُورَٰتٌ നിയന്ത്രിക്കപ്പെട്ടവർ, ഘോഷാസ്ത്രീകൾ فِى ٱلْخِيَامِ കൂടാരങ്ങളിൽ ﴾73﴿ (13 പോലെ) ﴾74﴿ لَمْ يَطْمِثْهُنَّ അവരെ സ്പർശിച്ചിട്ടില്ല إِنسٌ ഒരു മനുഷ്യനും قَبْلَهُمْ അവരുടെ (ഇവരുടെ) മുമ്പ് وَلَا جَآنٌّ ജിന്നുമില്ല ﴾75﴿ (13 പോലെ) ﴾76﴿ مُتَّكِـِٔينَ ചാരിയിരുന്നുകൊണ്ട് عَلَىٰ رَفْرَفٍ മെത്തത്തലയിണ (മെത്തവിരിപ്പ്) മേൽ خُضْرٍ പച്ച وَعَبْقَرِىٍّ പരവതാനി (വിരിപ്പ്)യിലും حِسَانٍ നല്ല (മുന്തിയ)തായ ﴾77﴿ (13 പോലെ)

ആകൃതിയിലും പ്രകൃതിയിലും വളരെ മികച്ചുനിൽക്കുന്ന സ്ത്രീകൾ എന്നാണ് خَيْرَٰتٌ حِسَانٌ കൊണ്ടുദ്ദേശ്യം. ഉമ്മുസലമഃ (റ)യിൽനിന്ന് നിവേദനം ചെയ്ത

പ്പെട്ട ഒരു ഹദീഥിൽ خيرات الأخلاق حسان الوجوه (ഉത്തമസ്വഭാവമുള്ളവരും, മുഖസൗന്ദര്യമുള്ളവരും) എന്ന് വന്നിട്ടുണ്ട്. حور (ഹൂർ) എന്ന വാക്കിനെപ്പറ്റി സൂ: ദുഖാൻ 54-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചത് ഓർക്കുക. ലോകരക്ഷിതാവായ അല്ലാഹുവിന്റെ മുമ്പിൽ നിൽക്കേണ്ടിവരുമെന്ന ബോധത്തോടും, അല്ലാഹുവിനെക്കുറിച്ചുള്ള ഭയപ്പാടോടുംകൂടി ജീവിക്കുകയും, മേൽ വിവരിച്ച സ്വർഗീയസുഖസൗകര്യങ്ങൾക്ക് പാത്രമായിത്തീരുകയും ചെയ്യുന്ന സൽഭാഗ്യവാൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ ആമീൻ.

നശ്വരമായ ഐഹിക ജീവിതത്തിൽ അല്ലാഹു മനുഷ്യന് ചെയ്തുകൊടുത്ത പല അനുഗ്രഹങ്ങളെക്കുറിച്ചും സൂറത്തിന്റെ ആദ്യവചനങ്ങളിൽ വിവരിച്ചു. അതിനെ തുടർന്ന് (26, 27 വചനങ്ങളിൽ) ഭൂമിയിലുള്ളവരെല്ലാം നാശമടയുന്നവരാണെന്നും, മഹത്വത്തിന്റെയും, ഉദാരതയുടെയും ഉടമയായ അല്ലാഹു ശേഷിച്ചിരിക്കുന്നവനാണെന്നും ഓർമിപ്പിച്ചു. പിന്നീട് പ്രസ്താവിച്ച കാര്യങ്ങളെല്ലാംതന്നെ പരിശോധിച്ചാൽ അവ ഒന്നുകിൽ അല്ലാഹുവിന്റെ മഹത്വത്തെ, അല്ലെങ്കിൽ അവന്റെ ഔദാര്യത്തെ വെളിപ്പെടുത്തുന്നവയാണെന്ന് കാണാം. ഈ രണ്ട് ഗുണവിശേഷങ്ങളും ഒരിക്കൽകൂടി ഓർമിപ്പിച്ചുകൊണ്ട് ഈ സൂറത്ത് അല്ലാഹു അവസാനിപ്പിക്കുന്നു:-

تَبَٰرَكَ ٱسۡمُ رَبِّكَ ذِى ٱلۡجَلَٰلِ وَٱلۡإِكۡرَامِ ﴿٧٨﴾

(78) മഹത്വവും, ഉദാരതയുമുള്ളവനായ നിന്റെ റബ്ബിന്റെ നാമം വളരെ മേൻമയേറിയതാകുന്നു!

(78) تَبَٰرَكَ നന്മയേറിയതാകുന്നു, വളരെ മേന്മയായിരിക്കുന്നു, മഹത്വം വർദ്ധിച്ചിരിക്കുന്നു ٱسۡمُ رَبِّكَ നിന്റെ റബ്ബിന്റെ നാമം ذِى ٱلۡجَلَٰلِ മഹത്വമുള്ളവനായ وَٱلۡإِكۡرَامِ ഉദാരതയും, ബഹുമാനവും

جَلَال(ജലാൽ) എന്നാൽ മഹത്വം, മാഹാത്മ്യം, ഗൗരവം, ഗാംഭീര്യം എന്നൊക്കെയാണ് അർത്ഥം. إكْرَام (ഇക്റാം) എന്നാൽ, ബഹുമാനിക്കുക, ആദരിക്കുക, ഔദാര്യം ചെയ്യുക എന്നിങ്ങനെയും അർത്ഥമാകുന്നു. എല്ലാ വിധത്തിലുള്ള മാഹാത്മ്യത്തിന്റെയും ഗൗരവത്തിന്റെയും പാരമ്യം പ്രാപിച്ച അതിമഹാനും, എല്ലാവിധ ബഹുമാനാദരവും ദയവും നൽകുന്ന അത്യുദാരനുമായുള്ളവൻ എന്നത്രെ ذو الْجَلَال والإكْرَام എന്ന വിശേഷണത്തിന്റെ താൽപര്യം. ഒന്നാമത്തേത് അവന് യാതൊന്നിന്റെയും ആശ്രയമില്ലെന്ന് കാണിക്കുന്നുവെങ്കിൽ, രണ്ടാമത്തേത് അവന്റെ ആശ്രയം അവനല്ലാതെ എല്ലാറ്റിനും ആവശ്യമാണെന്നും കാണിക്കുന്നു. ഒന്നാമത്തെ ഗുണം നിമിത്തം മഹത്വപ്പെടുത്തപ്പെടുവാനും, ആരാധിക്കപ്പെടുവാനും അവൻ അർഹനാകുന്നു. രണ്ടാമത്തെ ഗുണം നിമിത്തം അവൻ നന്ദി

ചെയ്യപ്പെടുവാനും, ഓർമിക്കപ്പെടുവാനും അർഹനാകുന്നു.

ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: أجلوا الله يغفر لكم (നിങ്ങൾ അല്ലാഹുവിനെ മഹത്വപ്പെടുത്തുവിൻ, അവൻ നിങ്ങൾക്ക് പൊറുത്തുതരും. (അ.) മറ്റൊരു നബിവചനം ഇപ്രകാരമാകുന്നു: الظوا بياذا الجلال والإكرام (യാദൽ, ജലാലി വൽ ഇക്റാം- മഹത്വവും ഉദാരതയുമുള്ളവനേ- എന്ന വാക്യത്തെ നിങ്ങൾ മുറുകെ പിടിക്കുവിൻ (അ; തി; ന.) നമസ്കാരം കഴിഞ്ഞ ഉടനെ നബി ﷺ ഇപ്രകാരം പറഞ്ഞിരുന്നതായി ഇമാം മുസ്‌ലിം (റ) ഉദ്ധരിച്ച ഹദീഥ് പ്രസിദ്ധമാണല്ലോ. اللهم أنت السلام ومنك السلام تباركت ياذاالجلال والإكرام (അല്ലാഹുവേ, നീയത്രെ ശാന്തി, നിന്നിൽനിന്നുതന്നെയാണ് താനും ശാന്തി. മഹത്വവും, ഉദാരതയും ഉള്ളവനേ, നീ വളരെ മേൻമയേറിയവനാകുന്നു.)

ربنا ولك الحمد اولا وآخرا

سورة الواقعة

56. സൂറത്തുൽ വാകിഅഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 96 - വിഭാഗം (റുകൂഉ്) 3

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا وَقَعَتِ ٱلۡوَاقِعَةُ ﴿١﴾

﴾1﴿ (ആ) സംഭവം സംഭവിച്ചാൽ...! [ഹാ, അതിഭയങ്കരം തന്നെ!]

لَيۡسَ لِوَقۡعَتِهَا كَاذِبَةٌ ﴿٢﴾

﴾2﴿ അതിന്റെ സംഭവ്യത നിഷേധിക്കുന്ന ഒന്നുംതന്നെ ഇല്ല.

خَافِضَةٞ رَّافِعَةٌ ﴿٣﴾

﴾3﴿ (അത് തരം) താഴ്ത്തുന്നതാണ്, ഉയർത്തുന്നതുമാണ്.

إِذَا رُجَّتِ ٱلۡأَرۡضُ رَجّٗا ﴿٤﴾

﴾4﴿ ഭൂമി ഒരു (കഠിന) വിറ വിറപ്പിക്കപ്പെട്ടാൽ,-

وَبُسَّتِ ٱلۡجِبَالُ بَسّٗا ﴿٥﴾

﴾5﴿ മലകൾ പൊടിച്ച് തരിപ്പണമാക്കപ്പെടുകയും.

فَكَانَتۡ هَبَآءٗ مُّنۢبَثّٗا ﴿٦﴾

﴾6﴿ അങ്ങനെ, അത് ചിതറിയ ധൂളിയായിത്തീരുകയും.

وَكُنتُمۡ أَزۡوَٰجٗا ثَلَٰثَةٗ ﴿٧﴾

﴾7﴿ നിങ്ങൾ മൂന്ന് (തരത്തിലുള്ള) ഭാഗങ്ങളായിത്തീരുകയും (ചെയ്താൽ).....!

لَيۡس ﴾2﴿ സംഭവം (ആ) ٱلۡوَاقِعَةُ ഉണ്ടായാൽ ,സംഭവിച്ചാൽ إِذَا وَقَعَتِ ﴾1﴿
ഇല്ല لِوَقۡعَتِهَا അതിന്റെ സംഭവ്യതയെ, സംഭവിക്കുന്ന സമയത്ത് كَاذِبَةٌ കളവാക്കുന്ന
(നിഷേധിക്കുന്ന) ഒന്നും ﴾3﴿ خَافِضَةٌ താഴ്ത്തുന്നതാണ് رَّافِعَةٌ ഉയർത്തുന്നതാണ്
﴾4﴿ إِذَا رُجَّتِ വിറപ്പിക്കപ്പെട്ടാൽ ٱلۡأَرۡضُ ഭൂമി رَجًّا ഒരു വിറ ﴾5﴿ وَبُسَّتِ പൊടിക്ക (നു
റുക്ക)പ്പെടുകയും ٱلۡجِبَالُ മലകൾ بَسًّا ഒരു പൊടിക്കൽ, നുറുക്കൽ ﴾6﴿ فَكَانَتۡ
എന്നിട്ട് അത് ആയിത്തീർന്നു هَبَآءً ധൂളി مُّنۢبَثًّا ചിതറിയ, നിരന്ന ﴾7﴿ وَكُنتُمۡ നിങ്ങ
ളായിത്തീരുകയും أَزۡوَٰجًا ഇണകൾ (തരക്കാർ, വിഭാഗക്കാർ) ثَلَٰثَةً മൂന്ന്

ലോകാവസാന സമയമാകുന്ന ക്വിയാമത്തിനെക്കുറിച്ചാണ് സംഭവം (الْوَاقِعَة) എന്ന് പറഞ്ഞിരിക്കുന്നത്. ലോകത്ത് സംഭവിക്കാനിരിക്കുന്ന ഏറ്റവും ഭയങ്കര സംഭവമെന്ന നിലക്കും, അതിന്റെ സംഭവ്യത സുനിശ്ചിതമാണെന്ന നിലക്കുമാണ് അതിന് ആ പേർ വന്നത്. ആസന്നസംഭവം (الْقَارِعَة), ഭയങ്കരസംഭവം(الآزِفَة) എന്നിങ്ങനെയുള്ള അതിന്റെ മറ്റ് പേരുകളെപ്പോലെത്തന്നെ, ഇതും, അതിന്റെ ഗൗരവത്തെയും ഭയങ്കരതയെയുമാണ് ചൂണ്ടിക്കാട്ടുന്നത്. ഏതൊരു ദൃഷ്ടാന്തം കണ്ടാലും അത് ജാലമെന്നും മറ്റും പറഞ്ഞ് തള്ളിക്കളയുക അവിശ്വാസികളുടെ പതിവാണ്. എന്നാൽ, ഈ മഹാസംഭവം സംഭവിക്കുമ്പോൾ അതിനെ നിഷേധിക്കുവാനോ വ്യാജമാക്കുവാനോ, തടയുവാനോ ആർക്കും സാധ്യമല്ല. അതിന്റെ മുമ്പിൽ ഭയവിഹ്വലരായി മുട്ടുകുത്താത്ത ഒരാളും ഉണ്ടായിരിക്കയുമില്ല. ചില ആളുകളെ- അതെ, ദുർജ്ജനങ്ങളെ- അത് അങ്ങേഅറ്റം തരംതാഴ്ത്തുന്നു. ചില ആളുകളെ- അതെ, സജ്ജനങ്ങളെ- അത് അങ്ങേഅറ്റം ഉയർത്തുകയും ചെയ്യുന്നു. അന്നാണല്ലോ ഓരോരുത്തന്റെയും നന്മതിന്മകളുടെ യഥാർത്ഥഫലം അനുഭവപ്പെടുക. അന്ത്യനാളിൽ ഇന്നത്തെ ലോകഘടനയെല്ലാം മാറി മറ്റൊരു ഘടന നിലവിൽവരുന്നു. അന്നത്തെ സംഭവവികാസങ്ങളെപ്പറ്റി ക്വുർആൻ പലപ്പോഴും പ്രസ്താവിക്കാറുള്ളത്. താഴെ സൂറത്തുകളിൽ ഇത് കൂടുതൽ കാണാവുന്നതുമാണ്. അവയിൽ ചിലതത്രെ 4-6 വചനങ്ങളിൽ കാണുന്നത്.

ക്വിയാമത്തുനാളിൽ ജനങ്ങൾ മൂന്നുതരക്കാരായി തരം തിരിയുമെന്നും, ആ തരങ്ങൾ ഏതൊക്കെയാണെന്നും, ഓരോ തരക്കാരുടെയും സ്ഥിതിഗതികൾ എങ്ങനെയായിരിക്കുമെന്നും ഈ സൂറത്തിൽ അല്ലാഹു വിവരിച്ചു പറഞ്ഞിരിക്കുന്നു. 7 -ാം വചനത്തിൽ നിങ്ങൾ മൂന്ന് തരക്കാരായിത്തീരും എന്ന് പറഞ്ഞ ശേഷം 8-10 വചനങ്ങളിൽ മൂന്ന് തരക്കാരെക്കുറിച്ചും ഈ സാമാന്യവിവരണം നൽകുന്നു. പിന്നീട് ഏറ്റവും ഉയർന്ന തരക്കാരായ അതിഭാഗ്യവാൻമാരെപ്പറ്റി 11 -26ലും, രണ്ടാമത്തെ തരക്കാരായ ഭാഗ്യവാൻമാരെപ്പറ്റി 27-40ലും, മൂന്നാമത്തെ തരക്കാരായ ദുർഭാഗ്യവാൻമാരെപ്പറ്റി 41-56ലും വിശദീകരിച്ചിരിക്കുന്നു: അനന്തരം പല ദൃഷ്ടാന്തങ്ങളെയും, അനുഗ്രഹങ്ങളെയും സംബന്ധിച്ച് പ്രസ്താവിച്ചശേഷം, സൂറത്തിന്റെ അവസാനത്തിൽ- 88 മുതൽ 94 വരെ വചനങ്ങളിലായി- ആ

മൂന്ന് തരക്കാരെപ്പറ്റി വീണ്ടും ചുരുങ്ങിയ ഒരു വിവരണം ആവർത്തിച്ചിരിക്കുന്നത് കാണാം. അല്ലാഹു പറയുന്നു:-

فَأَصْحَٰبُ ٱلْمَيْمَنَةِ مَآ أَصْحَٰبُ ٱلْمَيْمَنَةِ ﴿٨﴾

《8》 എന്നുവെച്ചാൽ, (സൗഭാഗ്യത്തിന്റെ) വലതുപക്ഷക്കാർ; എന്താണ് (ഈ) വലതു പക്ഷക്കാർ...?! [ആശ്ചര്യംതന്നെ]

وَأَصْحَٰبُ ٱلْمَشْـَٔمَةِ مَآ أَصْحَٰبُ ٱلْمَشْـَٔمَةِ ﴿٩﴾

《9》 (ദൗർഭാഗ്യത്തിന്റെ) ഇടതു പക്ഷക്കാരും; എന്താണ് (ഈ) ഇടതുപക്ഷക്കാർ......?! [അതും ആശ്ചര്യം തന്നെ]

وَٱلسَّٰبِقُونَ ٱلسَّٰبِقُونَ ﴿١٠﴾

《10》 മുൻകടന്നവർ മുൻകടന്നവർ തന്നെ!

《8》 فَأَصْحَٰبُ എന്നാൽ (എന്നുവെച്ചാൽ) ആൾക്കാർ, കൂട്ടുകാർ ٱلْمَيْمَنَةِ വലതു പക്ഷത്തിന്റെ, വലതിന്റെ, സൗഭാഗ്യത്തിന്റെ, ശുഭത്തിന്റെ مَآ أَصْحَٰبُ എന്താണ് ആൾക്കാർ ٱلْمَيْمَنَةِ വലതുപക്ഷത്തിന്റെ ....《9》 وَأَصْحَٰبُ ആൾക്കാരും ٱلْمَشْـَٔمَةِ ഇട തുപക്ഷത്തിന്റെ, ഇടതിന്റെ, ദൗർഭാഗ്യത്തിന്റെ, അശുഭത്തിന്റെ مَآ أَصْحَٰبُ എന്താണ് ആൾക്കാർ ٱلْمَشْـَٔمَةِ ഇടതുപക്ഷത്തിന്റെ 《10》 وَٱلسَّٰبِقُونَ മുൻകടന്നവർ, മുമ്പൻമാർ, മുന്നോട്ട് വന്നവർ ٱلسَّٰبِقُونَ മുൻകടന്നവർ (മുമ്പൻമാർ) തന്നെ

ശുഭം, ഭാഗ്യം, അഭിവൃദ്ധി, ആശീർവാദം, വലത്തുഭാഗംഎന്നൊക്കെയുള്ള അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന يُمْن (യുംന്) എന്ന ധാതുവിൽനിന്നുള്ളതും, ഏറെക്കുറെ ആ അർത്ഥങ്ങളെല്ലാം പരിഗണിക്കപ്പെട്ടിട്ടുള്ളതുമായ വാക്കാണ് مَيْمَنَة(മൈമനത്ത്). ഇതിന്റെ നേരെ വിപരീതമാണ് شُؤْم (ശുഅ്മ്) ഉം مَشْئَمَة (മശ്അമത്തു)ഉം അപ്പോൾ വലതുപക്ഷക്കാർ എന്ന് നല്ലവിഭാഗക്കാരെയും ഇടതുപക്ഷക്കാർ എന്ന് ചീത്തവിഭാഗക്കാരെയും കുറിക്കുന്നുവെന്ന് മനസ്സിലാക്കാം. *(*)*

(*) മാന്യവും നല്ലതുമായ കാര്യങ്ങളിൽ വലതുഭാഗവും, അല്ലാത്തവയിൽ ഇടതുഭാഗവും മുന്തിക്കണമെന്നുള്ള ഇസ്‌ലാമിക മര്യാദയിൽ അടങ്ങിയ രഹസ്യം ഏറെക്കുറെ ഇതിൽനിന്ന് ഊഹിക്കാം. ഇംഗ്ലീഷിലെ Right, Left എന്നീ വാക്കുകൾക്ക് ഏതാണ്ട് ഈ അർത്ഥങ്ങളുള്ളതായി കാണാം. മലയാളത്തിലെ ഇടതിലും വലതിലും തന്നെ ചിലതെല്ലാം ഇല്ലാതില്ല. പക്ഷേ, ഇന്നത്തെ പുരോഗമന ലഹരിയിൽ പലർക്കും ഇട- വല വ്യത്യാസം കാണുന്നില്ലെങ്കിൽ അതിലത്ഭുതമില്ല.

7 -ാം വചനത്തിൽ പ്രസ്താവിച്ച ആ മൂന്ന് തരക്കാർ ആരാണെന്ന് ഈ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നു.

(1) സൗഭാഗ്യത്തിന്റെ ആൾക്കാരായ വലതുപക്ഷക്കാർ (أَصْحَابُ الْمَيْمَنَة) സത്യവിശ്വാസവും, സൽക്കർമവും വഴി അല്ലാഹുവിന്റെ പ്രീതിക്കും പാപമോചനത്തിനും പാത്രമായവർ എന്ന് താൽപര്യം.

(2) ദൗർഭാഗ്യത്തിന്റെ ആൾക്കാരായ ഇടതുപക്ഷക്കാർ (أَصْحَابُ الْمَشْئَمَة). അവിശ്വാസവും, ദുഷ്കർമവും മൂലം അല്ലാഹുവിന്റെ ശാപകോപത്തിനും ശിക്ഷക്കും അർഹരായവരാണിത്. അടിമകളെ മോചിപ്പിക്കുക, അനാഥകൾക്കും, സാധുക്കൾക്കും ഭക്ഷണം നൽകുക, സത്യവിശ്വാസം സ്വീകരിക്കുക, ക്ഷമയെയും കാരുണ്യത്തെയും കുറിച്ച് പരസ്പരം ഉപദേശിക്കുക മുതലായവ അനുഷ്ഠിക്കുന്നവരെ ചൂണ്ടിക്കൊണ്ട് അവരത്രെ വലതുപക്ഷക്കാർ(أُولَئِكَ هُمْ أَصْحَابُ الْمَيْمَنَة) എന്നും, അല്ലാഹുവിന്റെ ആയത്തുകളിൽ അവിശ്വസിക്കുന്നവരെ ചൂണ്ടിക്കൊണ്ട് അവരത്രെ ഇടതുപക്ഷക്കാർ (أُولَئِكَ هُمْ أَصْحَابُ الْمَشْئَمَة) എന്നും സൂറത്തുൽ- ബലദിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഒന്നാം വിഭാഗത്തിന്റെ ലാഭനേട്ടങ്ങളെയും, രണ്ടാം വിഭാഗത്തിന്റെ നാശനഷ്ടങ്ങളെയും കുറിച്ച് പറയേണ്ടതില്ല, അഥവാ രണ്ടും അങ്ങേഅറ്റം ആശ്ചര്യകരമാകുന്നുവെന്നത്രെ 8 ഉം 9 ഉം വചനങ്ങളിലെ ചോദ്യങ്ങളുടെ ഉദ്ദേശ്യം.

(3) മുൻകടന്നവർ (السَّابِقُون). അതായത്, എല്ലാ പ്രതികൂലശക്തികളെയും തട്ടിനീക്കി അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം അനുഷ്ഠിക്കുന്നതിലും, സൽക്കർമങ്ങൾ ചെയ്ത് പുണ്യം സമ്പാദിക്കുന്നതിലും മറ്റുള്ളവരെ കവച്ചുവെച്ച് മുന്നോട്ടുവന്ന മഹാഭാഗ്യവാൻമാർ, നിങ്ങളുടെ റബ്ബിന്റെ പക്കൽനിന്നുള്ള പാപമോചനത്തിലേക്കും, ആകാശഭൂമിയോളം വിശാലതയുള്ള സ്വർഗത്തിലേക്കും മുൻകടന്ന് വരുവിൻ എന്ന് അടുത്ത അദ്ധ്യായം 21 ൽ അല്ലാഹു പറഞ്ഞിരിക്കുന്നു. ഏതാണ്ട് അതേപ്രകാരം സൂ: ആലുഇംറാൻ 133 ലും കാണാം. അല്ലാഹുവിന്റെ ഇതുപോലുള്ള ആഹ്വാനങ്ങളെ സ്വീകരിക്കുന്നതിൽ അവർ മുൻനിരയിലായിരുന്നതുപോലെ, അവന്റെ പക്കൽനിന്ന് ലഭിക്കുന്ന സ്ഥാനമാനങ്ങളിലും, അവന്റെ സാമീപ്യത്തിലും അവർ മുമ്പൻമാരാകുന്നു. നബിമാർ, സിദ്ദീഖുകൾ, ശഹീദുകൾ, സ്വാലിഹുകൾ എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ മഹാഭാഗ്യവാൻമാരെ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

أُولَٰٓئِكَ ٱلْمُقَرَّبُونَ ﴿١١﴾

﴾11﴿ അക്കൂട്ടർ (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവരത്രെ:-

فِي جَنَّٰتِ ٱلنَّعِيمِ ﴿١٢﴾

﴾12﴿ (അതെ) സുഖാനുഗ്രഹത്തിന്റെ സ്വർഗങ്ങളിൽ!

ثُلَّةٌ مِّنَ ٱلْأَوَّلِينَ ﴿١٣﴾	﴾13﴿ ആദ്യത്തേവരിൽനിന്ന് ഒരു (വലിയ) കൂട്ടം;
وَقَلِيلٌ مِّنَ ٱلْآخِرِينَ ﴿١٤﴾	﴾14﴿ പിന്നീടുള്ളവരിൽനിന്ന് അൽപവും.

﴾11﴿ أُولَٰئِكَ ആ കൂട്ടർ ٱلْمُقَرَّبُونَ സാമീപ്യം നൽകപ്പെട്ട(സിദ്ധിച്ച)വരാകുന്നു
﴾12﴿ فِي جَنَّٰتِ സ്വർഗങ്ങളിൽ ٱلنَّعِيمِ അനുഗ്രഹത്തിന്റെ, സുഖാനുഭവത്തിന്റെ
﴾13﴿ ثُلَّةٌ ഒരു കൂട്ടം, സമൂഹം مِّنَ ٱلْأَوَّلِينَ ആദ്യത്തേവരിൽ (പൂർവ്വന്മാരിൽ)നിന്ന്
﴾14﴿ وَقَلِيلٌ കുറച്ചും, അൽപവും مِّنَ ٱلْآخِرِينَ പിന്നീടുള്ള (ഒടുവിലുള്ള)വരിൽ നിന്ന്

الأوَّلين (ആദ്യത്തേവർ) എന്ന് പറഞ്ഞത് പൂർവ്വസമുദായങ്ങളെ ഉദ്ദേശിച്ചും الأخَرين (പിന്നീടുള്ളവർ) എന്ന് പറഞ്ഞത് നബി തിരുമേനി ﷺ യുടെ സമുദായത്തെ ഉദ്ദേശിച്ചുമാണെന്നാണ് ഇബ്നു ജരീർ (റ) മുതലായ ഒരു വിഭാഗം മുഫസ്സിറുകളുടെ അഭിപ്രായം. എത്രയോ പ്രവാചകൻമാരും അവരുടെ സമുദായങ്ങളും മുമ്പ് കഴിഞ്ഞുപോയിട്ടുണ്ടല്ലോ. അവരിലെല്ലാംകൂടി ഉണ്ടായിട്ടുള്ള ത്യാഗീവര്യൻമാരായ മഹാൻമാരുടെ എണ്ണം, ഈ സമുദായത്തിൽ മാത്രമുള്ള അത്തരക്കാരുടെ എണ്ണത്തെ അപേക്ഷിച്ച് അധികമായിരിക്കുമെന്നാണ് ഈ വചനങ്ങളുടെ താൽപര്യം എന്നും അവർ പറയുന്നു.

ഇതേ സമുദായത്തിൽതന്നെയുള്ള മുൻഗാമികളെയും, പിൻഗാമികളെയും ഉദ്ദേശിച്ചാണ് ആദ്യത്തേവർഎന്നും, പിന്നീടുള്ളവർഎന്നും പറഞ്ഞിരിക്കുന്നത് എന്നത്രെ ഇബ്നു കഥീർ (റ) മുതലായ മറ്റൊരു വിഭാഗം വ്യാഖ്യാതാക്കളുടെ അഭിപ്രായം. ഈ അഭിപ്രായമാണ് കൂടുതൽ നന്നായി തോന്നുന്നത്. الله أعلم. ഒരു സമുദായത്തിന്റെ ആദ്യകാലങ്ങളിൽ സത്യവിശ്വാസം സ്വീകരിക്കുവാൻ മുമ്പോട്ടുവന്നവർ, ആ സമുദായത്തിലെ പിൽക്കാലത്തുള്ളവരെക്കാൾ ത്യാഗം ചെയ്തവരും, പ്രതികൂല ശക്തികൾക്കെതിരിൽ ആത്മാർപ്പണം നടത്തി തങ്ങളുടെ പിൻഗാമികളുടെ മാർഗതടസ്സങ്ങൾ ലഘൂകരിച്ചുകൊടുത്തവരും ആയിരിക്കുമെന്ന് പറയേണ്ടതില്ല. ആ നിലക്ക് -ഈ സമുദായത്തിലാകട്ടെ മറ്റ് സമുദായത്തിലാകട്ടെ- പിൻഗാമികളെ അപേക്ഷിച്ച് മുൻഗാമികളിലായിരിക്കും മുൻകടന്നവരുടെ (السابقون) എണ്ണം കൂടുതലുണ്ടായിരിക്കുക എന്ന് വ്യക്തമാണ്. അല്ലാഹു പറയുന്നു:

وَٱلسَّٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ رَّضِيَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ....الخ- التوبة:100

(സാരം: മുഹാജിറുകളിൽനിന്നും, അൻസ്വാരികളിൽനിന്നുമുള്ള ആദ്യത്തേവരായ

മുൻകടന്നവരും, സുകൃതം മുഖേന അവരെ പിന്തുടരുന്നവരുമാകട്ടെ, അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു. അടിഭാഗത്തുകൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങൾ- അവരതിൽ നിത്യവാസികളായ നിലയിൽ- അവൻ അവർക്ക് ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. അതത്രെ, വമ്പിച്ച വിജയം. (സൂ: തൗബഃ 100.) ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം അരുളിച്ചെയ്യുന്നു: തലമുറകളിൽവെച്ച് കൂടുതൽ ഉത്തമമായത് എന്റെ തലമുറയാകുന്നു. പിന്നീട് അവരോട് അടുത്തുവരുന്നതും.(ബു; മു) ഹസൻ (റ) 11, 12 എന്നീ വചനങ്ങൾ ഓതിക്കൊണ്ട് ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: മുൻകടന്നവർ (السَّابِقُون) കാലം ചെന്നുപോയി. പക്ഷേ, അല്ലാഹുവേ, നീ ഞങ്ങളെ വലതുപക്ഷക്കാരു (أَصْحَابُ الْمَيْمَنَة)ടെ കൂട്ടത്തിൽ ആക്കിത്തരേണമേ! (ابن أبي حاتم)

عَلَىٰ سُرُرٍ مَّوْضُونَةٍ ﴿١٥﴾

﴾15﴿ മടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളിന്മേലായിരിക്കും (അവർ);

مُّتَّكِـِٔينَ عَلَيْهَا مُتَقَـٰبِلِينَ ﴿١٦﴾

﴾16﴿ അന്യോന്യം അഭിമുഖരായ നിലയിൽ അവയിൽ ചാരിയിരുന്നു (സുഖിച്ചും)കൊണ്ട്.

﴾15﴿ عَلَىٰ سُرُرٍ കട്ടിലു (പര്യങ്കം)കളിന്മേൽ مَّوْضُونَةٍ മടഞ്ഞുണ്ടാക്കപ്പെട്ട, നെയ്യപ്പെട്ട ﴾16﴿ مُّتَّكِـِٔينَ ചാരിയിരുന്നു (സുഖിച്ചു)കൊണ്ട് عَلَيْهَا അവയിൽ, അവമേൽ مُتَقَـٰبِلِينَ അന്യോന്യം അഭിമുഖരായി (നേരിട്ടു)കൊണ്ട്

സ്വർണത്തിന്റെ ഇഴകളാൽ മടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളായിരിക്കും അവയെന്ന് ഇബ്നു അബ്ബാസ്, മുജാഹിദ്, ഇക്‌രിമഃ, ഖത്താദഃ (റ) മുതലായവരും, മുത്തും സ്വർണവും ചേർത്ത് മടയപ്പെട്ടവ എന്ന് സുദ്ദീ (റ)യും പറഞ്ഞതായി നിവേദനങ്ങളുണ്ട്. അല്ലാഹുവിനറിയാം. ഏതായാലും സ്വർഗത്തിലെ ഓരോ വസ്തുവും തന്നെ,നമ്മുടെ ഭൗതിക വസ്തുക്കളിൽ നിന്നും എത്രയോ ഉന്നതമായിരിക്കുമെന്ന് തീർച്ചയാണ്.

يَطُوفُ عَلَيْهِمْ وِلْدَٰنٌ مُّخَلَّدُونَ ﴿١٧﴾

﴾17﴿ സ്ഥിരവാസം നൽകപ്പെട്ടവരായ ബാലന്മാർ അവരിൽ (സേവനത്തിനായി) ചുറ്റിസഞ്ചരിച്ചുകൊണ്ടിരിക്കും;

بِأَكْوَابٍ وَأَبَارِيقَ وَكَأْسٍ مِّن مَّعِينٍ ﴿١٨﴾

﴾18﴿ കോപ്പകളും, കൂജകളും, ഉറവുനീരിന്റെ (അഥവാ കള്ളിന്റെ) പാനപാത്രവും സഹിതം.

لَّا يُصَدَّعُونَ عَنْهَا وَلَا يُنزِفُونَ ﴿١٩﴾

《19》 അവമൂലം അവർക്ക് തലവേദനയുണ്ടാവുകയില്ല: ലഹരിബാധിക്കുകയുമില്ല.

وَفَٰكِهَةٍ مِّمَّا يَتَخَيَّرُونَ ﴿٢٠﴾

《20》അവർ ഉത്തമമായി (തിരഞ്ഞെടുത്തു) സ്വീകരിക്കുന്ന തരത്തിൽപെട്ട പഴവർഗങ്ങളും.

وَلَحْمِ طَيْرٍ مِّمَّا يَشْتَهُونَ ﴿٢١﴾

《21》അവർ ഇച്ഛിക്കുന്ന തരത്തിൽപെട്ട പക്ഷിമാംസവും (സഹിതം അവർ ചുറ്റിനടക്കും).

《17》 يَطُوفُ عَلَيْهِمْ അവരിൽ ചുറ്റും, സഞ്ചരിക്കും وِلْدَٰنٌ കുട്ടികൾ, ബാലന്മാർ
مُّخَلَّدُونَശാശ്വത (സ്ഥിര)വാസം നൽകപ്പെട്ട 《18》 بِأَكْوَابٍ കോപ്പകളുമായി
وَأَبَارِيقَകൂജകളുമായും وَكَأْسٍ പാനപാത്രവും مِّن مَّعِينٍ ഉറവുനീരിന്റെ (കള്ളിന്റേതായ)
《19》 لَّا يُصَدَّعُونَ അവർക്ക് തലവേദന (തലക്കുത്ത്) പിടിപെടുകയില്ല عَنْهَا അതി
നാൽ وَلَا يُنزِفُونَ അവർക്ക് ലഹരി (മത്ത്) പിടിക്കയുമില്ല 《20》 وَفَٰكِهَةٍ പഴവർഗവും
مِّمَّاയാതൊരു തരത്തിൽപെട്ട يَتَخَيَّرُونَ അവർ തിരഞ്ഞെടുക്കുന്നു, നന്നായിക്കാ
ണുന്ന 《21》 وَلَحْمِ طَيْرٍ പക്ഷിമാംസവും مِّمَّا يَشْتَهُونَ അവർ ഇച്ഛിക്കുന്ന, ആശിക്കുന്ന

അവർ ഇഷ്ടപ്പെടുന്നതും, അവർക്കാവശ്യമുള്ളതുമായ വിവിധതരം ഭക്ഷണപദാർത്ഥങ്ങളും, സുഖഭോജ്യങ്ങളും പാനീയങ്ങളുമെല്ലാം അവർക്ക് എത്തിച്ചു കൊടുത്തുകൊണ്ട് അവരെ സേവിക്കുകയും പരിചരിക്കുകയും ചെയ്യാൻ സ്വർഗീയ ബാലഭൃത്യൻമാർ സദാ സന്നദ്ധരായിരിക്കുമെന്ന് താൽപര്യം. ഭൂമിയിലെ കള്ളിന്റെ ദോഷങ്ങൾ കുപ്രസിദ്ധമാണല്ലോ. അങ്ങനെയുള്ള ദോഷങ്ങളൊന്നും സ്വർഗത്തിലെ കള്ളിനില്ല. അവ തമ്മിൽ പേരിൽ മാത്രമേ യോജിപ്പുള്ളൂ എന്ന് 19-ാം വാക്യം ചൂണ്ടിക്കാട്ടുന്നു:-

وَحُورٌ عِينٌ ﴿٢٢﴾

《22》 വിശാല നേത്രകളായ വെള്ളമെയ്യാമണി (കളായ സ്ത്രീ) കളുമുണ്ടായിരിക്കും;

كَأَمْثَٰلِ ٱللُّؤْلُوِ ٱلْمَكْنُونِ ﴿٢٣﴾

《23》 (അതെ, ചിപ്പികളിൽ) ഒളിച്ച് സൂക്ഷിക്കപ്പെട്ട മുത്തുപോലുള്ളവർ!

جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ ﴿٢٤﴾

《24》 അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായിട്ടത്രെ (ഇതെല്ലാം നൽകപ്പെടുന്നത്).

لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ﴿٢٥﴾

﴾25﴿ അവർ അവിടത്തിൽവെച്ച് അനാവശ്യമാകട്ടെ, കുറ്റകരമായതാകട്ടെ ഒന്നും കേൾക്കുകയില്ല.

إِلَّا قِيلًا سَلَٰمًا سَلَٰمًا ﴿٢٦﴾

﴾26﴿ -സലാം, സലാം എന്ന് പറയപ്പെടുന്നതല്ലാതെ

﴾22﴿ وَحُورٌ വെളുത്ത മെയ്യാമണി(സുന്ദരി)കളും عِينٌ വിശാലനേത്രകളായ
﴾23﴿ كَأَمْثَٰلِ പോലെയുള്ളവർ ٱللُّؤْلُؤِ മുത്ത് ٱلْمَكْنُونِ ഒളിക്ക(സൂക്ഷിക്ക)പ്പെട്ട ﴾24﴿ جَزَآءً
പ്രതിഫലമായിട്ട് بِمَا كَانُوا۟ അവർ ആയിരുന്നതിന് يَعْمَلُونَ പ്രവർത്തിക്കും ﴾25﴿ يَسْمَعُونَ
لَا അവർ കേൾക്കയില്ല فِيهَا അതിൽ, അവിടത്തിൽ لَغْوًا ഒരു അനാവശ്യവും
وَلَا تَأْثِيمًا കുറ്റകരമായതുമില്ല ﴾26﴿ إِلَّا قِيلًا പറയപ്പെടുന്നത് (വാക്ക്) അല്ലാതെ
سَلَٰمًا سَلَٰمًا സലാം, സലാം എന്ന്

സന്തോഷത്തിന്റെയും, ബഹുമാനാദരവിന്റെയും അഭിവാദ്യമായ- ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമായ- രക്ഷയുടെയും കാവലിന്റെയും പ്രാർത്ഥനയായ- സലാമുകളും, സ്വീകരണത്തിന്റെ വാക്കുകളും മാത്രമായിരിക്കും അവർക്കവിടെ ഏതിടത്തിലും കേൾക്കുമാറാകുക. (സൂ: അഹ്സാബ് 44 ഉം, വ്യാഖ്യാനവും ഓർക്കുക.) അടുത്ത വചനം മുതൽ വലതുപക്ഷക്കാരുടെ സ്ഥിതിഗതികൾ വിവരിക്കുന്നു:-

وَأَصْحَٰبُ ٱلْيَمِينِ مَآ أَصْحَٰبُ ٱلْيَمِينِ ﴿٢٧﴾

﴾27﴿ വലതുഭാഗക്കാരാകട്ടെ, എന്താണ് (ഈ) വലതു ഭാഗക്കാർ?! [ആശ്ചര്യംതന്നെ]

فِى سِدْرٍ مَّخْضُودٍ ﴿٢٨﴾

﴾28﴿ മുള്ള് ഉരിയപ്പെട്ട [മുള്ളില്ലാത്ത] ഇലന്തമരങ്ങളിലായിരിക്കും (അവർ കഴിഞ്ഞുകൂടുക).

وَطَلْحٍ مَّنضُودٍ ﴿٢٩﴾

﴾29﴿ (പഴം) അടുക്കിവെക്കപ്പെട്ട വാഴകളിലും.

وَظِلٍّ مَّمْدُودٍ ﴿٣٠﴾

﴾30﴿ നീണ്ടു (വിശാലമായി) കിടക്കുന്ന തണലിലും.

وَمَآءٍ مَّسْكُوبٍ ﴿٣١﴾

﴾31﴿ (സദാ) ചൊരിയപ്പെട്ടുകൊണ്ടിരിക്കുന്ന ജലത്തിലും.

وَفَٰكِهَةٍ كَثِيرَةٍ ﴿٣٢﴾

《32》 ധാരാളമായ പഴവർഗത്തിലും.

لَّا مَقْطُوعَةٍ وَلَا مَمْنُوعَةٍ ﴿٣٣﴾

《33》 -ഭംഗംവരുത്തപ്പെടാത്തതും, മുടക്കം ചെയ്യപ്പെടാത്തതുമായ (പഴവർഗങ്ങളിൽ).-

وَفُرُشٍ مَّرْفُوعَةٍ ﴿٣٤﴾

《34》 ഉയർന്ന (തരം) വിരിപ്പുകളിലും (ആയിരിക്കും അവർ കഴിഞ്ഞുകൂടുക).

《27》 وَأَصْحَٰبُ ٱلْيَمِينِ വലതുഭാഗക്കാരാകട്ടെ مَآ أَصْحَٰبُ ٱلْيَمِينِ എന്താണ് വലതുഭാഗക്കാർ 《28》 فِى سِدْرٍ ഇലന്തവൃക്ഷത്തിലായിരിക്കും مَّخْضُودٍ മുള്ള് ഉരിയപ്പെട്ട (മുള്ളില്ലാത്ത), ഫലം അധികരിച്ച 《29》 وَطَلْحٍ വാഴകളിലും, ത്വൽഹു മരത്തിലും مَّنضُودٍ അടുക്കിവെക്കപ്പെട്ട 《30》 وَظِلٍّ തണലിലും, നിഴലിലും مَّمْدُودٍ നീട്ടി ഇടപ്പെട്ട (വിശാലമായ) 《31》 وَمَآءٍ വെള്ളത്തിലും مَّسْكُوبٍ ചൊരിയപ്പെട്ട (ഒഴുകുന്ന) 《32》 وَفَٰكِهَةٍ പഴവർഗത്തിലും كَثِيرَةٍ അധിക (ധാരാള)മായ 《33》 لَّا مَقْطُوعَةٍ മുറിക്ക (ഭംഗംവരുത്ത)പ്പെടാത്ത وَلَا مَمْنُوعَةٍ മുടക്കം (തടസ്സം) ചെയ്യപ്പെടാത്ത 《34》 وَفُرُشٍ വിരിപ്പുകളിലും مَّرْفُوعَةٍ ഉയർത്തപ്പെട്ട (ഉയർന്ന)

വലതുപക്ഷക്കാരായ ആ ഭാഗ്യവാൻമാർക്ക് ലഭിക്കുന്ന സ്വർഗീയ വിഭവങ്ങളുടെ ചില ഉദാഹരണങ്ങളാണിവിടെ ചൂണ്ടിക്കാട്ടുന്നത്.

1. മുള്ള് ഉരിയപ്പെട്ട ഇലന്തവൃക്ഷങ്ങൾ. ഭൂമിയിലെ ഇലന്തമരങ്ങൾ മുള്ള് നിറഞ്ഞതും കായകുറഞ്ഞതുമായിരിക്കും. ഇവർക്ക് ലഭിക്കുന്നതാകട്ടെ, തീരെ മുള്ളില്ലാത്തത്- അഥവാ ഫലത്തിന്റെ ആധിക്യത്താൽ മുള്ളിന് നിൽക്കുവാൻ പഴുതില്ലാത്തതായിരിക്കും.

2. അടുക്കടുക്കായി ധാരാളക്കണക്കിൽ പഴം തിങ്ങിനിറഞ്ഞ വാഴവൃക്ഷങ്ങൾ. അറേബ്യയിലുള്ള ഏതോ ഒരു മുൾവൃക്ഷത്തിന്റെ പേരാണ് طَلْح (ത്വൽഹ്) എന്നും ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നു.

3. ദീർഘവിശാലമായ തണലുകൾ. അവിടെ വെയിലോ ചൂടോ അനുഭവപ്പെടുന്നതല്ല. നബി ﷺ ഒരു ഹദീഥിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. സ്വർഗത്തിൽ ഒരു വൃക്ഷമുണ്ട്: വാഹനക്കാരനായ ഒരാൾ അതിന്റെ തണലിൽ നൂറു കൊല്ലം സഞ്ചരിച്ചാലും അവനത് മുറിച്ച് കടക്കുകയില്ല. വേണമെങ്കിൽ (ഇതിന്

തെളിവായി) നിങ്ങൾക്ക് വായിക്കാം: وَظِلٍّ مَمْدُود (നീണ്ടുകിടക്കുന്ന തണലും.) (ബു; മു.) നബി ﷺക്ക് സ്വർഗം പ്രദർശിക്കപ്പെട്ട സംഭവം വിവരിക്കുന്ന ഹദീഥിൽ അവിടുന്ന് പറഞ്ഞിരിക്കുന്നു: അതിലെ ഒരു പഴക്കുല ഇഹലോകം ശേഷിക്കുന്ന കാലത്തോളം നിങ്ങൾക്ക് ഭക്ഷിക്കുമാറുണ്ടായിരിക്കും (ബു; മു.)

4. ഒരിക്കലും വറ്റിപ്പോകുകയോ, കുറവ് ബാധിക്കുകയോ ചെയ്യാതെ എപ്പോഴും എവിടെയും ലഭിക്കുമാറ് ഒഴുകിക്കൊണ്ടിരിക്കുന്ന ജലം.

5. കാലവ്യത്യാസംകൊണ്ടോ, മറ്റ് കാരണങ്ങൾകൊണ്ടോ ഇടമുറിഞ്ഞു പോകാതെ, എക്കാലത്തും സുസമൃദ്ധവും സുലഭവുമായ പഴവർഗങ്ങൾ.

6. ഉന്നതനിലവാരത്തിലുള്ള ഉയർന്ന വിരിപ്പുവിതാനങ്ങൾ. ഇവയും, ഇവ പോലുള്ളതുമായ സുഖാഡംബരവസ്തുക്കളിൽ ആനന്ദഭരിതരായിക്കഴിയുന്ന അവരുടെ ഇണതുണകളോ? അല്ലാഹു പറയുന്നു:

إِنَّآ أَنشَأْنَٰهُنَّ إِنشَآءً ﴿٣٥﴾

﴾35﴿ നിശ്ചയമായും ആ സ്ത്രീകളെ നാം ഒരു (പ്രത്യേക) തരം ഉണ്ടാക്കൽ ഉണ്ടാക്കിയിരിക്കുന്നു:-

فَجَعَلْنَٰهُنَّ أَبْكَارًا ﴿٣٦﴾

﴾36﴿ അങ്ങനെ, അവരെ നാം കന്യകകളാക്കിയിരിക്കുന്നു;

عُرُبًا أَتْرَابًا ﴿٣٧﴾

﴾37﴿ (അതെ) പ്രേമപാത്രങ്ങളും, (ഇണയൊത്ത) തുല്യപ്രായക്കാരുമായുള്ളവർ;-

لِّأَصْحَٰبِ ٱلْيَمِينِ ﴿٣٨﴾

﴾38﴿ വലതുഭാഗക്കാർക്ക് വേണ്ടിയത്രെ (ഇതെല്ലാം).

﴾35﴿ إِنَّآ أَنشَأْنَٰهُنَّ നിശ്ചയമായും നാം അവരെ ഉണ്ടാക്കി (വളർത്തി)യിരിക്കുന്നു إِنشَآءً ഒരു ഉണ്ടാക്കൽ ﴾36﴿ فَجَعَلْنَٰهُنَّ അങ്ങനെ (എന്നിട്ട്) അവരെ നാം ആക്കി أَبْكَارًا കന്യകകൾ ﴾37﴿ عُرُبًا പ്രേമപാത്രങ്ങൾ, സ്നേഹപ്പെട്ടവർ, മോഹനകൾ أَتْرَابًا തുല്യപ്രായക്കാർ, ഇണയൊത്തവർ ﴾38﴿ لِّأَصْحَٰبِ ٱلْيَمِينِ വലതുഭാഗക്കാരോട്, വലതുപക്ഷക്കാർക്കുവേണ്ടി

ആകൃതിയിലും പ്രകൃതിയിലുമെല്ലാം അതിവിശിഷ്ട സ്വഭാവഗുണങ്ങളോടു കൂടി അല്ലാഹു പ്രത്യേകം സൃഷ്ടിച്ചു വളർത്തിയുണ്ടാക്കിയ തരുണീമണികളായിരിക്കും വലതുപക്ഷക്കാരുടെ ഇണകൾ. അവർ കന്യകകളുമായിരിക്കും. ഭർത്താക്കളുമായി സംയോഗം നടന്നാൽ വീണ്ടും അവരുടെ കന്യകാവസ്ഥ പഴയപടി തുടരുന്നതാണെന്നും ഒരു ഹദീഥിൽ വന്നിരിക്കുന്നു. (ത്വ; ബസ്സാർ) മോഹനകളും, ഭർത്താക്കളെ പ്രേമിക്കുന്ന സുശീലകളുമായിരിക്കും അവർ. എല്ലാവരും തുല്യപ്രായക്കാരും, ഭർത്താക്കളുമായി ഇണയും കിടയും ഒത്തവരുമായിരിക്കും. ഒരിക്കൽ, വൃദ്ധയായ ഒരു സ്ത്രീ നബി ﷺ യുടെ അടുക്കൽ വന്ന് തന്നെ സ്വർഗസ്ഥരായ ആളുകളിൽ ഉൾപ്പെടുത്തുവാൻ പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. തിരുമേനി (തമാശയിൽ) ഇങ്ങനെ പറഞ്ഞു: നിശ്ചയമായ നിലയിൽ അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല (യുവതിയായിക്കൊണ്ടായിരിക്കും പ്രവേശിക്കുക) എന്നാണതിന്റെ ഉദ്ദേശ്യമെന്ന് ആ സ്ത്രീക്ക് പറഞ്ഞുകൊടുക്കുവാൻ തിരുമേനി സ്വഹാബികളോട് പറഞ്ഞു. തിരുമേനി ഈ വചനങ്ങൾ ഓതുകയും ചെയ്തു. (തി.)

വിഭാഗം- 2

ثُلَّةٌ مِّنَ ٱلْأَوَّلِينَ ﴿٣٩﴾

﴾39﴿ ആദ്യത്തേവരിൽനിന്ന് ഒരു (വലിയ) കൂട്ടവും-

وَثُلَّةٌ مِّنَ ٱلْـَٔاخِرِينَ ﴿٤٠﴾

﴾40﴿ പിന്നീടുള്ളവരിൽനിന്ന് ഒരു (വലിയ) കൂട്ടവുമായിരിക്കും (അവർ).

﴾39﴿ ثُلَّةٌ ഒരു കൂട്ടം مِّنَ ٱلْأَوَّلِينَ ആദ്യത്തേവരിൽനിന്ന് ﴾40﴿ وَثُلَّةٌ ഒരു കൂട്ടവും مِّنَ ٱلْـَٔاخِرِينَ പിന്നീടുള്ള (ഒടുവിലത്തെ)വരിൽ

---

13 ഉം 14 ഉം വചനങ്ങളുടെ വ്യാഖ്യാനത്തിൽനിന്ന് ഈ രണ്ട് വചനങ്ങളുടെ ഉദ്ദേശ്യവും ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. ആദ്യമുള്ളവരെന്നും, പിന്നീടുള്ളവരെന്നും പറഞ്ഞത് പൂർവ്വസമുദായങ്ങളെയും, നബി ﷺ യുടെ സമുദായത്തെയും ഉദ്ദേശിച്ചാവട്ടെ, അതല്ല, ഈ സമുദായത്തിൽനിന്നുതന്നെയുള്ള മുൻഗാമികളെയും, പിൻഗാമികളെയും ഉദ്ദേശിച്ചാവട്ടെ- രണ്ടായാലും ശരി- ഈ വചനങ്ങളുടെ സാരം വ്യക്തമാണ്. മേൽ പ്രസ്താവിച്ച മൂന്ന് വിഭാഗക്കാരിൽ ഏറ്റവും മേലേക്കിടക്കാരായ സ്വഹാബികളെ (മുൻകടന്നവരെ) അപേക്ഷിച്ച് രണ്ടാമത്തെ വിഭാഗക്കാരായ വലതുപക്ഷക്കാർതന്നെയായിരിക്കും ഏത് സമുദായത്തിലും കൂടുതലുണ്ടായിരിക്കുക എന്ന് പറയേണ്ടതില്ല. അതുകൊണ്ടാണ് ഇവിടെ ആദ്യത്തേ

വരിൽനിന്നും പിന്നീടുള്ളവരിൽനിന്നും ഓരോ വലിയകൂട്ടം എന്ന് -ഒരേ വാക്കിൽതന്നെ- പറഞ്ഞിരിക്കുന്നത്. ഇമാം ബുഖാരിയും, മുസ്‌ലിമും നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീഥിൽ, സ്വർഗക്കാരുടെ കൂട്ടത്തിൽ, നിങ്ങൾ പകുതി ഭാഗം തന്നെ വരുമെന്നാണ് എന്റെ പ്രതിക്ഷ എന്ന് നബി ﷺ പ്രസ്താവിച്ചിരിക്കുന്നതായി കാണാം. അല്ലാഹു നമ്മെയെല്ലാം വലതുഭാഗക്കാരായ സൽഭാഗ്യവാൻമാരുടെകൂട്ടത്തിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ, മൂന്നാമത്തെ വിഭാഗക്കാരായ നിർഭാഗ്യവാൻമാരെപ്പറ്റി അല്ലാഹു പറയുന്നു:-

وَأَصۡحَٰبُ ٱلشِّمَالِ مَآ أَصۡحَٰبُ ٱلشِّمَالِ ﴿٤١﴾

﴿41﴾ ഇടതുഭാഗക്കാരാകട്ടെ, എന്താണ് ഇടതുഭാഗക്കാർ?! വളരെ ശോചനീയംതന്നെ.

فِي سَمُومٖ وَحَمِيمٖ ﴿٤٢﴾

﴿42﴾ (രോമക്കുത്തുകളിൽകൂടി തുളച്ചുകയറുന്ന) ഉഷ്ണക്കാറ്റിലും, ചുട്ടുതിളക്കുന്ന വെള്ളത്തിലും,-

وَظِلّٖ مِّن يَحۡمُومٖ ﴿٤٣﴾

﴿43﴾ ഇരുണ്ട (കഠിനമായ) പുകയാകുന്ന തണലിലും,-

لَّا بَارِدٖ وَلَا كَرِيمٍ ﴿٤٤﴾

﴿44﴾ (അതെ) തണുപ്പുള്ളതും മാന്യമായതുമല്ലാത്ത (തണലിലും ആയിരിക്കും അവർ.)

﴿41﴾ وَأَصۡحَٰبُ ٱلشِّمَالِ ഇടതുഭാഗക്കാർ مَا എന്താണ് أَصۡحَٰبُ ٱلشِّمَالِ ഇടതുഭാഗക്കാർ ﴿42﴾ فِي سَمُومٖ ഉഷ്ണക്കാറ്റിൽ, വിഷക്കാറ്റിൽ, രോമക്കുത്തിൽ തുളച്ചുചെല്ലുന്ന കാറ്റിൽ وَحَمِيمٖ ചുട്ടുതിളക്കുന്ന (ചൂടേറിയ) വെള്ളത്തിലും ﴿43﴾ وَظِلّٖ തണലിലും مِّن يَحۡمُومٖ ഇരുണ്ട പുകയാലുള്ള ﴿44﴾ لَّا بَارِدٖ തണുത്തതല്ലാത്ത وَلَا كَرِيمٍ മാന്യമായതുമല്ലാത്ത

ഇവർക്കും തണൽ ലഭിക്കുന്നു. പക്ഷേ, നരകാഗ്നിയുടെ കടുത്ത കരിമ്പുകയുടെ ഇരുണ്ട തണലായിരിക്കും അത്. അത് മൂലം തണുപ്പോ ആശ്വാസമോ അല്ല, മറിച്ച് കൂടുതൽ യാതനയും നിന്ദ്യതയുമായിരിക്കും ഉണ്ടാകുക.

إِنَّهُمۡ كَانُواْ قَبۡلَ ذَٰلِكَ مُتۡرَفِينَ ﴿٤٥﴾

﴿45﴾ (കാരണം) നിശ്ചയമായും, അവർ അതിനുമുമ്പ് [ഇഹത്തിൽ] സുഖലോലുപൻമാരായിരുന്നു.

وَكَانُواْ يُصِرُّونَ عَلَى ٱلْحِنثِ ٱلْعَظِيمِ ﴿٤٦﴾

﴾46﴿ വമ്പിച്ച തെറ്റുകുറ്റത്തിൽ അവർ ശഠിച്ച് നിൽക്കുകയും ചെയ്തിരുന്നു.

وَكَانُواْ يَقُولُونَ أَئِذَا مِتْنَا وَكُنَّا تُرَابًا وَعِظَٰمًا أَءِنَّا لَمَبْعُوثُونَ ﴿٤٧﴾

﴾47﴿അവർ പറയുകയും ചെയ്തിരുന്നു:ഞങ്ങൾ മരിക്കുകയും, മണ്ണും എല്ലുകളും ആയിത്തീരുകയും ചെയ്തിട്ടാണോ (പിന്നെയും) ഞങ്ങൾ എഴുന്നേൽപിക്കപ്പെടുന്നവരാകുന്നു.?!

أَوَءَابَآؤُنَا ٱلْأَوَّلُونَ ﴿٤٨﴾

﴾48﴿ (മാത്രമല്ല) ഞങ്ങളുടെ പൂർവ്വൻമാരായ പിതാക്കളുമോ?! [അവരും എഴുന്നേൽപിക്കപ്പെടുമെന്നോ?!]

﴾45﴿ إِنَّهُمْ كَانُواْ നിശ്ചയമായും അവരായിരുന്നു قَبْلَ ذَٰلِكَ അതിനുമുമ്പ് مُتْرَفِينَ
ആഡംബരം നൽകപ്പെട്ടവർ, സുഖലോലുപൻമാർ ﴾46﴿ وَكَانُواْ അവരായിരുന്നു
താനും يُصِرُّونَ ശഠിച്ചുനിൽക്കും, നിരതരാകും عَلَى ٱلْحِنثِ തെറ്റിൽ, കുറ്റത്തിൻമേൽ
ٱلْعَظِيمِ വമ്പിച്ച ﴾47﴿ وَكَانُواْ يَقُولُونَ അവർ പറയുകയും ചെയ്തിരുന്നു أَئِذَا مِتْنَا
ഞങ്ങൾ മരിച്ചാലോ وَكُنَّا تُرَابًا ഞങ്ങൾ മണ്ണാകുകയും وَعِظَٰمًا എല്ലാ (അസ്ഥി)
കളും أَءِنَّا ഞങ്ങളോ لَمَبْعُوثُونَ എഴുന്നേൽപിക്കപ്പെട്ടവരാകുന്നു ﴾48﴿ أَوَءَابَآؤُنَا ഞങ്ങ
ളുടെ പിതാക്കളുമോ ٱلْأَوَّلُونَ ആദ്യത്തേവരായ, പൂർവ്വൻമാരായ

قُلْ إِنَّ ٱلْأَوَّلِينَ وَٱلْءَاخِرِينَ ﴿٤٩﴾

﴾49﴿ (നബിയേ) പറയുക: നിശ്ചയമായും, പൂർവ്വീകൻമാരും, പിന്നീടുള്ളവരും (എല്ലാം)-

لَمَجْمُوعُونَ إِلَىٰ مِيقَٰتِ يَوْمٍ مَّعْلُومٍ ﴿٥٠﴾

﴾50﴿ ഒരുമിച്ചുകൂട്ടപ്പെടുന്നവർ തന്നെ; അറിയപ്പെട്ട ഒരു ദിവസമാകുന്ന നിശ്ചിത സമയത്തേക്ക്.

ثُمَّ إِنَّكُمْ أَيُّهَا ٱلضَّآلُّونَ ٱلْمُكَذِّبُونَ ﴿٥١﴾

﴾51﴿ (അതുമല്ല) പിന്നീട് നിശ്ചയമായും നിങ്ങൾ- ഹേ, വ്യാജവാദികളായ ദുർമാർഗികളേ-

لَأَكِلُونَ مِن شَجَرٍ مِّن زَقُّومٍ ﴿٥٢﴾	﴿52﴾ സക്കൂമാകുന്ന ഒരു (തരം) വൃക്ഷത്തിൽ നിന്ന് തിന്നുവരാകുന്നു;
فَمَالِـُٔونَ مِنْهَا ٱلْبُطُونَ ﴿٥٣﴾	﴿53﴾ എന്നിട്ട് അതുകൊണ്ട് വയറുനിറക്കുന്നവരായിരിക്കും.
فَشَـٰرِبُونَ عَلَيْهِ مِنَ ٱلْحَمِيمِ ﴿٥٤﴾	﴿54﴾ എന്നിട്ട് അതിനുമീതെ ചുട്ടുതിളക്കുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്നവരായിരിക്കും.
فَشَـٰرِبُونَ شُرْبَ ٱلْهِيمِ ﴿٥٥﴾	﴿55﴾ അപ്പോൾ (നിങ്ങൾ) ദാഹരോഗം പിടിപെട്ട ഒട്ടകം കുടിക്കുന്ന പ്രകാരം കുടിക്കുന്നവരായിരിക്കും.
هَـٰذَا نُزُلُهُمْ يَوْمَ ٱلدِّينِ ﴿٥٦﴾	﴿56﴾ ഇതാണ് പ്രതിഫല നടപടിയുടെ ദിവസം അവരുടെ [ഇടതുപക്ഷക്കാരുടെ] സൽക്കാരം!

﴿49﴾ قُلْ നീ പറയുക إِنَّ ٱلْأَوَّلِينَ നിശ്ചയമായും ആദ്യമുള്ളവർ وَٱلْـَٔاخِرِينَ പിന്നീട് (ഒടുവിലുള്ളവരും) ﴿50﴾ لَمَجْمُوعُونَ ഒരുമിച്ചുകൂട്ടപ്പെടുന്നവർ തന്നെ إِلَىٰ مِيقَـٰتِ നിശ്ചിത സമയത്തേക്ക് يَوْمٍ مَّعْلُومٍ അറിയപ്പെട്ട ഒരു ദിവസത്തെ, ദിവസമാകുന്ന ﴿51﴾ ثُمَّ إِنَّكُمْ പിന്നെ നിശ്ചയമായും നിങ്ങൾ أَيُّهَا ٱلضَّآلُّونَ ഹേ ദുർമാർഗികളേ, വഴിപിഴച്ചവരേ لْمُكَذِّبُونَ വ്യാജമാക്കുന്നവരായ ﴿52﴾ لَءَاكِلُونَ തിന്നുന്നവർ തന്നെ مِن شَجَرٍ ഒരു (തരം) വൃക്ഷത്തിൽനിന്ന് مِّن زَقُّومٍ സക്കൂമാകുന്ന ﴿53﴾ فَمَالِـُٔونَ مِنْهَا എന്നിട്ട് അതിനാൽ (അതിൽനിന്ന്) നിറക്കുന്നവരാണ് ٱلْبُطُونَ വയറുകൾ ﴿54﴾ فَشَـٰرِبُونَ എന്നിട്ട് കുടിക്കുന്നവരാണ് عَلَيْهِ അതിനുമേലെ مِنَ ٱلْحَمِيمِ ഹമീമി (ചുട്ടവെള്ളത്തി)ൽനിന്ന് ﴿55﴾ فَشَـٰرِبُونَ എന്നിട്ട് (അപ്പോൾ) കുടിക്കുന്നവരാണ് شُرْبَ ٱلْهِيمِ ദാഹം (രോഗം) പിടിപെട്ട ഒട്ടകത്തിന്റെ കുടി (പോലെ) ﴿56﴾ هَـٰذَا نُزُلُهُمْ ഇത് അവരുടെ സൽക്കാരം (ആതിഥ്യം) ആകുന്നു يَوْمَ ٱلدِّينِ. പ്രതിഫലത്തിന്റെ (നടപടി എടുക്കുന്ന) ദിവസം

സക്കൂമിനെയും ഹമീമിനെയും കുറിച്ച് സൂ: സ്വാഫ്ഫാത്ത്, 62, 68 ലും ദുഖാൻ, 43- 49 ലും പ്രസ്താവിച്ചിരിക്കുന്നത് ഓർമിക്കുക. അടക്കവയ്യാത്ത വിശപ്പുകൊണ്ട് അവർ ഗതിമുട്ടും. അപ്പോൾ സക്കൂമിൽ നിന്നും അവർ വയർ നിറ

ക്കുവാൻ നിർബന്ധിതരാകും. അതോടെ അസഹനീയമായ ദാഹവും പിടിപെടുന്നു. ദാഹം നിമിത്തം അത്യാർത്തിയോടെ ഹമീംകുടിക്കേണ്ടതായി നേരിടും. ആ ഭക്ഷണമാകട്ടെ, ആ പാനീയമാകട്ടെ, ഓരോന്നും തന്നെ അങ്ങേഅറ്റം കഠിനമായ ശിക്ഷാവകുപ്പുകളിൽപെട്ടതാണ്താനും. ഇടതുപക്ഷക്കാരുടെ പ്രധാനകുറ്റം അവർ മരണാനന്തരജീവിതത്തെയും, അതിനെത്തുടർന്നുള്ള സംഭവങ്ങളെയും നിഷേധിക്കുന്നതാണല്ലോ.അടുത്ത വചനങ്ങളിൽ മരണാനന്തരജീവിതത്തിന്റെ സാധ്യതയും, അതിനുള്ള പല ദൃഷ്ടാന്തങ്ങളും അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

نَحْنُ خَلَقْنَـٰكُمْ فَلَوْلَا تُصَدِّقُونَ ﴿٥٧﴾

﴾57﴿ നാമത്രെ, നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. അപ്പോൾ എന്തുകൊണ്ട് നിങ്ങൾ (ശരിവെച്ചു) സത്യമാക്കുന്നില്ല?!

﴾57﴿ نَحْنُ നാം, നാമത്രെ خَلَقْنَـٰكُمْ നിങ്ങളെ സൃഷ്ടിച്ചു فَلَوْلَا അപ്പോൾ എന്തുകൊണ്ട് ആയിക്കൂടാ تُصَدِّقُونَ നിങ്ങൾ സത്യമാക്കും

നിങ്ങളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കിയത് നാമായിരിക്കെ, രണ്ടാമതും നിങ്ങളെ നമുക്ക് ജീവിപ്പിക്കുവാൻ പ്രയാസമില്ല എന്ന് എന്തുകൊണ്ട് നിങ്ങൾക്ക് വിശ്വസിച്ചുകൂടാ?! എന്ന് സാരം.

أَفَرَءَيْتُم مَّا تُمْنُونَ ﴿٥٨﴾

﴾58﴿ എന്നാൽ, നിങ്ങൾ കണ്ടുവോ,(ഗർഭാശയങ്ങളിൽ) നിങ്ങൾ ഇന്ദ്രിയം സ്രവിപ്പിക്കുന്നത്?!-

ءَأَنتُمْ تَخْلُقُونَهُۥٓ أَمْ نَحْنُ ٱلْخَـٰلِقُونَ ﴿٥٩﴾

﴾59﴿ നിങ്ങളോ അതിനെ (രൂപം നൽകി) സൃഷ്ടിച്ചുണ്ടാക്കുന്നത്, അതല്ല, നാമാണോ സൃഷ്ടിച്ചുണ്ടാക്കുന്നവർ?!

نَحْنُ قَدَّرْنَا بَيْنَكُمُ ٱلْمَوْتَ وَمَا نَحْنُ بِمَسْبُوقِينَ ﴿٦٠﴾

﴾60﴿ നാംതന്നെ, നിങ്ങൾക്കിടയിൽ മരണത്തെ നിർണയം ചെയ്തിരിക്കുന്നു. നാം മുൻകടക്കപ്പെടുന്ന [ആരെങ്കിലും നമ്മുടെ മുമ്പിൽ കടന്ന് പരാജയപ്പെട്ടുപോകുന്ന]വരല്ലതാനും;

عَلَىٰٓ أَن نُّبَدِّلَ أَمْثَـٰلَكُمْ وَنُنشِئَكُمْ فِى مَا لَا تَعْلَمُونَ ﴿٦١﴾

﴾61﴿ നിങ്ങളെപ്പോലുള്ളവരെ നാം പകരം കൊണ്ടുവരുകയും, നിങ്ങൾക്ക് അറിയാവതല്ലാത്തവിധത്തിലൂടെ നിങ്ങളെ (വളർത്തി) ഉണ്ടാക്കുകയും ചെയ്യുന്നതിൽ.

وَلَقَدْ عَلِمْتُمُ ٱلنَّشْأَةَ ٱلْأُولَىٰ فَلَوْلَا تَذَكَّرُونَ ﴿٦٢﴾

《62》 ഒന്നാമത്തെ (പടച്ച്) ഉണ്ടാക്കലിനെക്കുറിച്ച് തീർച്ചയായും നിങ്ങൾക്കറിയാമല്ലോ. എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് ആലോചിച്ചുനോക്കുന്നില്ല?!

《58》 أَفَرَءَيْتُم എന്നാൽ നിങ്ങൾ കണ്ടുവോ (ആലോചിക്കുക) مَّا تُمْنُونَ നിങ്ങൾ ഇന്ദ്രിയം സ്രവിപ്പിക്കുന്നത് 《59》 ءَأَنتُمْ നിങ്ങളോ تَخْلُقُونَهُۥ അതിനെ സൃഷ്ടിക്കുന്നത് أَمْ نَحْنُ അതല്ല നാമോ ٱلْخَٰلِقُونَ സൃഷ്ടിക്കുന്നവർ 《60》 نَحْنُ قَدَّرْنَا നാം കണക്കാക്കി, നിശ്ചയിച്ചു, നിർണയം ചെയ്തു بَيْنَكُمُ നിങ്ങൾക്കിടയിൽ ٱلْمَوْتَ മരണം وَمَا نَحْنُ നാം അല്ലതാനും بِمَسْبُوقِينَ മുൻകടക്കപ്പെട്ടവർ (പരാജയപ്പെടുന്നവർ) 《61》 عَلَىٰٓ أَن نُّبَدِّلَ നാം പകരം കൊണ്ടുവരുന്നതിൽ أَمْثَٰلَكُمْ നിങ്ങളെപ്പോലുള്ളവരെ وَنُنشِئَكُمْ നിങ്ങളെ ഉണ്ടാക്കുക (വളർത്തിയുണ്ടാക്കുക)യും فِى مَا لَا تَعْلَمُونَ നിങ്ങൾക്ക് അറിയാത്ത വിധത്തിൽ 《62》 وَلَقَدْ عَلِمْتُمُ തീർച്ചയായും നിങ്ങൾക്കറിയാമല്ലോ, അറിഞ്ഞിട്ടുണ്ട് ٱلنَّشْأَةَ ٱلْأُولَىٰ ഒന്നാമത്തെ ഉണ്ടാക്കൽ (സൃഷ്ടിയെ, നിർമിക്കലിനെ) فَلَوْلَا എന്നിട്ട് (അപ്പോൾ) എന്തുകൊണ്ട് ഇല്ല, ആയിക്കൂടാ تَذَكَّرُونَ നിങ്ങൾ ഉറ്റാലോചിക്കും, ഓർമിക്കും

സാരം: ഗർഭാശയങ്ങളിൽ മനുഷ്യബീജമാകുന്ന ശുക്ലം സ്രവിപ്പിക്കുന്നത് മനുഷ്യൻതന്നെ. എന്നാൽ, ആ ഇന്ദ്രിയം ഉണ്ടാക്കുന്നതും, അതിനെ ഒരു മനുഷ്യ സൃഷ്ടിയാക്കി രൂപം നൽകുന്നതും അല്ലാഹുവല്ലാതെ മറ്റാരുമല്ല. മനുഷ്യർക്ക് പൊതുവിലും, ഓരോരുത്തന് പ്രത്യേകവും മരണം നിശ്ചയിച്ചതും, അത് ഇന്നിന്ന സമയത്തും ഇന്നിന്ന പ്രകാരത്തിലുമായിരിക്കുമെന്ന് കണക്കാക്കിയതും അല്ലാഹുതന്നെ. ഇതിലൊന്നും മനുഷ്യന് യാതൊരു പങ്കുമില്ല. നിലവിലുള്ള ആളുകൾക്ക് പകരം അവരുടെ സ്ഥാനത്ത് അവരെപ്പോലെ മറ്റൊരു കൂട്ടരെ ഈ ലോകത്ത് കൊണ്ടുവന്ന് താമസിപ്പിക്കുവാനും, മനുഷ്യർക്ക് അറിവും പരിചയവുമില്ലാത്ത ഏതെങ്കിലുമൊരു രൂപത്തിലോ സമ്പ്രദായത്തിലോ മനുഷ്യന് അസ്തിത്വം നല്കുവാനും അല്ലാഹുവിന് കഴിയും. അങ്ങനെ അവൻ ചെയ്യുന്ന പക്ഷം അവനെ കവച്ചുവെച്ച് അവനെ പരാജയപ്പെടുത്തി അത് മുടക്കുവാൻ യാതൊരു ശക്തിക്കും സാധ്യമല്ലതന്നെ. ഇതെല്ലാം നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളാണല്ലോ. അപ്പോൾ, ഒന്നാം പ്രാവശ്യം സൃഷ്ടിച്ച് രൂപം നൽകുകയും, അനന്തരം നടപടികൾ നടത്തിപ്പോരുകയും ചെയ്യുന്ന അല്ലാഹുവിന് രണ്ടാ

മതൊരു ജീവിതംകൂടി നിങ്ങള്‍ക്ക് നല്‍കുവാന്‍ എന്തുകൊണ്ട് കഴിയുകയില്ല?! നിങ്ങള്‍ക്ക് ഒന്ന് ആലോചിച്ചുനോക്കിക്കൂടേ?! എന്നൊക്കെയാണ് അല്ലാഹു ഈ വചനങ്ങള്‍ മുഖേന ഉണര്‍ത്തുന്നത്. വീണ്ടും ചോദിക്കുന്നു:-

أَفَرَءَيْتُم مَّا تَحْرُثُونَ ﴿٦٣﴾

﴾63﴿ എന്നാല്‍, നിങ്ങള്‍ വിളയിടുന്നത് നിങ്ങള്‍ കണ്ടുവോ?!-

ءَأَنتُمْ تَزْرَعُونَهُۥٓ أَمْ نَحْنُ ٱلزَّٰرِعُونَ ﴿٦٤﴾

﴾64﴿ നിങ്ങളാണോ അത് (മുളപ്പിച്ച്) വിളയിക്കുന്നത്, അതല്ല, നാമാണോ വിളയിക്കുന്നവര്‍?!

لَوْ نَشَآءُ لَجَعَلْنَٰهُ حُطَٰمًا فَظَلْتُمْ تَفَكَّهُونَ ﴿٦٥﴾

﴾65﴿ നാം ഉദ്ദേശിച്ചിരുന്നുവെങ്കില്‍ അതിനെ നാം (ഉണക്കല്‍) തുരുമ്പാക്കുക തന്നെ ചെയ്യുമായിരുന്നു; അങ്ങനെ, നിങ്ങള്‍ (ദുഃഖപ്പെട്ടു) ആശ്ചര്യം പറഞ്ഞേക്കുകയും ചെയ്യുമായിരുന്നു.

إِنَّا لَمُغْرَمُونَ ﴿٦٦﴾

﴾66﴿ നിശ്ചയമായും നാം, (വിള നഷ്ടപ്പെട്ട്) കടബാധിതരാണ്!-

بَلْ نَحْنُ مَحْرُومُونَ ﴿٦٧﴾

﴾67﴿ എന്നല്ല, നാം (ആഹാര മാര്‍ഗം) തടയപ്പെട്ടവരാകുന്നു!! എന്ന്.

﴾63﴿ أَفَرَءَيْتُم അപ്പോള്‍ (എന്നാല്‍, എനി) നിങ്ങള്‍ കണ്ടുവോ مَّا تَحْرُثُونَ നിങ്ങള്‍ വിളയിടുന്നത്, നിലം ഉഴുന്നത്, വിത്തിറക്കുന്നത് **﴾64﴿** ءَأَنتُمْ നിങ്ങളാണോ تَزْرَعُونَهُۥٓ അത് വിളയിക്കുന്നത് (മുളപ്പിക്കുന്നത്), ഉല്‍പാദിപ്പിക്കുന്നത് أَمْ نَحْنُ അതല്ല നാമാണോ ٱلزَّٰرِعُونَ വിളയിപ്പിക്കുന്നവര്‍ **﴾65﴿** لَوْ نَشَآءُ നാം ഉദ്ദേശിച്ചിരുന്നെങ്കില്‍ لَجَعَلْنَٰهُ അതിനെ നാം ആക്കുകതന്നെ ചെയ്യും حُطَٰمًا തുരുമ്പ്, നുറുങ്ങ് (ഉണക്കല്‍) فَظَلْتُمْ അപ്പോള്‍ നിങ്ങള്‍ ആയേക്കും تَفَكَّهُونَ നിങ്ങള്‍ ആശ്ചര്യം പറയുക, രസം പറയുക, ദുഃഖപ്പെടുക **﴾66﴿** إِنَّا لَمُغْرَمُونَ നിശ്ചയമായും നാം കടം (നഷ്ടം, ഭാരം) ബാധിച്ചവര്‍ തന്നെ **﴾67﴿** بَلْ نَحْنُ എന്നല്ല, എങ്കിലും നാം مَحْرُومُونَ തടയപ്പെട്ട (മുടക്കപ്പെട്ട)വരാകുന്നു

മനുഷ്യൻ നിലം ഉഴുതു വിത്തിറക്കുന്നു. എന്നാൽ, അത് മുളപ്പിക്കലും ഉല്പാദിപ്പിക്കലും അവന്റെ പണിയല്ല. അല്ലാഹുവിന്റേത് മാത്രമാകുന്നു. അത് നശിക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നതെങ്കിൽ മനുഷ്യൻ എന്ത് ചെയ്താലും അത് നശിക്കുക തന്നെ ചെയ്യും. അപ്പോൾ കയ്യുംകെട്ടിനിന്നു: അയ്യോ! കഷ്ടം! എല്ലാം നഷ്ടപ്പെട്ടുവല്ലോ! ആഹാരത്തിന് ഗതിയില്ലാതായല്ലോ!എന്നൊക്കെ കൈമലർത്തുവാനല്ലാതെ മനുഷ്യന് സാധ്യമല്ല. മരണപ്പെട്ട് നിർജ്ജീവമായവരെ വീണ്ടും ജീവിക്കുവാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല എന്നുള്ളതിന് ഇതും ഒരു തെളിവാണല്ലോ- ചിന്തിച്ചു നോക്കുന്നവർക്ക്.

لا يقولن أحد زرعت ولكن حرثت (ഞാൻ വിളയിച്ചു- അഥവാ ഉല്പാദിപ്പിച്ചു- എന്ന് നിങ്ങൾ ഒരാളും പറയരുത്. പക്ഷേ, ഞാൻ വിളയിട്ടുഎന്ന് പറഞ്ഞുകൊള്ളട്ടെ.) എന്ന് നബി ﷺ പറഞ്ഞതായി അബൂഹുറയ്റഃ (റ) പ്രസ്താവിച്ചതായും, തുടർന്നുകൊണ്ട് അദ്ദേഹം 63, 64 എന്നീ ആയത്തുകൾ ഓർമിപ്പിച്ചതായും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (رواه البزار والبيهقي وابن جرير وغيرهم–رح) സംസാരത്തിൽ ഇത്തരം മര്യാദകളും പ്രയോഗ വ്യത്യാസങ്ങളും സൂക്ഷിക്കുന്നത് സത്യവിശ്വാസികളുടെ കടമയാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. കാറ്റിനെ ശപിക്കരുത്, അത് ആജ്ഞക്ക് വിധേയമാണ്എന്നും, ഇന്നിന്ന നക്ഷത്രം- അഥവാ രാശി- നിമിത്തം മഴപെയ്തുവെന്ന് പറയുവാൻ പാടില്ലഎന്നും മറ്റും നബിവചനങ്ങളിൽ വന്നിട്ടുള്ളതും സ്മരണീയമാകുന്നു. അല്ലാഹു വീണ്ടും തുടർന്ന് ചോദിക്കുന്നു:-

أَفَرَءَيْتُمُ ٱلْمَآءَ ٱلَّذِى تَشْرَبُونَ ﴿٦٨﴾

﴾68﴿ എനി, നിങ്ങൾ കുടിക്കാറുള്ള വെള്ളം നിങ്ങൾ കണ്ടുവോ?! (ചിന്തിച്ചുനോക്കുക:)-

ءَأَنتُمْ أَنزَلْتُمُوهُ مِنَ ٱلْمُزْنِ أَمْ نَحْنُ ٱلْمُنزِلُونَ ﴿٦٩﴾

﴾69﴿ നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറക്കിയത്, അതല്ല, നാമാണോ ഇറക്കിയവർ?!

لَوْ نَشَآءُ جَعَلْنَٰهُ أُجَاجًا فَلَوْلَا تَشْكُرُونَ ﴿٧٠﴾

﴾70﴿ നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അതിനെ നാം കയ്പു(ള്ള ഉപ്പു) ജലമാക്കുമായിരുന്നു. എന്നിരിക്കെ, നിങ്ങൾ നന്ദികാണിക്കാത്തതെന്താണ്?!

أَفَرَءَيْتُمُ ٱلنَّارَ ٱلَّتِى تُورُونَ ﴿٧١﴾

﴾71﴿ എനി, നിങ്ങൾ (ഉരസി) കത്തിച്ചുണ്ടാക്കുന്ന തീ നിങ്ങൾ കണ്ടുവോ ?!-

ءَأَنتُمْ أَنشَأْتُمْ شَجَرَتَهَآ أَمْ نَحْنُ ٱلْمُنشِـُٔونَ ﴿٧٢﴾

﴾72﴿ നിങ്ങളാണോ അതിന്റെ മരം (പടച്ച്) ഉണ്ടാക്കിയത്, അതല്ല, നാമാണോ ഉണ്ടാക്കിയവർ?!

نَحۡنُ جَعَلۡنَٰهَا تَذۡكِرَةٗ وَمَتَٰعٗا لِّلۡمُقۡوِينَ ﴿٧٣﴾

فَسَبِّحۡ بِٱسۡمِ رَبِّكَ ٱلۡعَظِيمِ ﴿٧٤﴾

《73》 അതിനെ നാം, ഒരു സ്മരണയും (വിജനപ്രദേശ) സഞ്ചാരികള്‍ക്ക് ഒരു ഉപകരണവും ആക്കിയിരുന്നു.

《74》 ആകയാല്‍, നിന്‍റെ മഹാനായ രക്ഷിതാവിന്‍റെ നാമത്തില്‍ നീ തസ്ബീഹ് [പ്രകീര്‍ത്തനം] ചെയ്തുകൊള്ളുക!

《68》 أَفَرَءَيۡتُم എനി നിങ്ങള്‍ കണ്ടുവോ ٱلۡمَآءَ വെള്ളം ٱلَّذِي تَشۡرَبُونَ നിങ്ങള്‍ കുടിക്കുന്ന 《69》 ءَأَنتُمۡ أَنزَلۡتُمُوهُ നിങ്ങളോ അത് ഇറക്കിയത് مِنَ ٱلۡمُزۡنِ മേഘത്തില്‍നിന്ന് أَمۡ نَحۡنُ അതല്ല നാമോ ٱلۡمُنزِلُونَ ഇറക്കുന്നവര്‍ 《70》 لَوۡ نَشَآءُ നാം ഉദ്ദേശിച്ചിരുന്നെങ്കില്‍ جَعَلۡنَٰهُ നാമതിനെ ആക്കും أُجَاجٗا ഉപ്പായത്, കയ്പുജലം فَلَوۡلَا എന്നിരിക്കെ എന്തുകൊണ്ടായിക്കൂടാ تَشۡكُرُونَ നിങ്ങള്‍ നന്ദികാണിക്കും 《71》 أَفَرَءَيۡتُمُ ٱلنَّارَ എനി നിങ്ങള്‍ തീ കണ്ടുവോ ٱلَّتِي تُورُونَ നിങ്ങള്‍ കത്തിച്ചു (ഉരസി) ഉണ്ടാക്കുന്ന 《72》 ءَأَنتُمۡ أَنشَأۡتُمۡ നിങ്ങളോ ഉണ്ടാക്കിയത് شَجَرَتَهَآ അതിന്‍റെ മരം أَمۡ نَحۡنُ ٱلۡمُنشِـُٔونَ അതോ നാമോ ഉണ്ടാക്കിയവര്‍ 《73》 نَحۡنُ جَعَلۡنَٰهَا അതിനെ നാം ആക്കിയിരിക്കുന്നു تَذۡكِرَةٗ ഒരു സ്മരണ, ചിന്താവിഷയം, ഉപദേശം وَمَتَٰعٗا ഒരു ഉപകരണവും, വിഭവവും لِّلۡمُقۡوِينَ (വിജനപ്രദേശത്തില്‍- കാട്ടില്‍- കൂടി) സഞ്ചരിക്കുന്നവര്‍ക്ക് 《74》 فَسَبِّحۡ ആകയാല്‍ തസ്ബീഹ് ചെയ്യുക بِٱسۡمِ رَبِّكَ നിന്‍റെ റബ്ബിന്‍റെ നാമത്തില്‍ ٱلۡعَظِيمِ മഹാനായ

മനുഷ്യജീവിതത്തില്‍ അത്യന്താപേക്ഷിതമായ ഒരു വിഭവമാണ് വെള്ളം. അതിനെ ആകാശത്തുനിന്ന് ഇറക്കിയതിലും, മറ്റൊരു അത്യാവശ്യ വസ്തുവായ തീയിനെ ചില മരങ്ങളില്‍നിന്ന് ഉല്‍പാദിപ്പിച്ചതിലും, മനുഷ്യന് യാതൊരു പങ്കും ഇല്ലല്ലോ. ഇവയില്‍ അടങ്ങിയ ദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിക്കുവാനും, അവയില്‍ നന്ദിയുള്ളവരായിരിക്കുവാനും ഈ വചനങ്ങള്‍ ആഹ്വാനം ചെയ്യുന്നു. ഉറ്റാലോചിക്കുന്നവര്‍ക്ക് ഇതിലുംതന്നെ ദൃഷ്ടാന്തങ്ങളുണ്ട്. തീയുണ്ടാക്കുവാന്‍ തീപ്പെട്ടി മുതലായ പരിഷ്കൃത മാര്‍ഗങ്ങള്‍ ഉപയോഗിച്ചുതുടങ്ങുന്നതിനുമുമ്പ് ചില പ്രത്യേക മരത്തുണ്ടുകളെയായിരുന്നു മനുഷ്യന്‍ ആശ്രയിച്ചിരുന്നത്. ഇതിനെപറ്റി സൂ: യാസീന്‍ 80 -ാം വചനത്തിന്‍റെ വിവരണത്തില്‍ നാം വിവരിച്ചിട്ടുണ്ട്. ആകയാല്‍ ഇവിടെ അതാവര്‍ത്തിക്കേണ്ടതില്ല. ഈ പരിഷ്കൃതയുഗത്തിലും തന്നെ, തീ ഉപയോഗപ്പെടുത്തുവാന്‍ ഒരു പ്രകാരത്തിലല്ലെങ്കില്‍ മറ്റൊരു പ്രകാരത്തില്‍ മരത്തിന്‍റെ ആവശ്യകത ഇല്ലാതില്ല. വിജനപ്രദേശങ്ങളിലും, കാടുകളില്‍കൂടിയും

യാത്ര ചെയ്യുന്നവർക്ക് ഭക്ഷണപദാർത്ഥങ്ങൾ നിർമിക്കുവാനും, തീകായുവാനും തീ കൂട്ടേണമെങ്കിൽ മരത്തിന്റെ സഹായം അനിവാര്യമായിവരുന്നു. അതുകൊണ്ടാണ് അതിനെ ഒരു സ്മരണയാക്കി എന്ന് പൊതുവിൽ പറഞ്ഞശേഷം സഞ്ചാരികളായ ആളുകൾക്ക് ഒരു ഉപകരണവും ആക്കിയിരിക്കുന്നു എന്ന് പ്രത്യേകം എടുത്തുപറഞ്ഞത്. തീ കൂട്ടുവാൻ ഇന്ന് നിലവിലുള്ള പുതിയ ഉപകരണങ്ങളൊന്നും ഇല്ലായിരുന്ന അക്കാലത്ത് തീയുണ്ടാക്കുവാൻ അത്തരം മരങ്ങൾ ഉണ്ടായിരുന്നില്ലെങ്കിലുള്ള അവസ്ഥ എന്തായിരിക്കുമെന്ന് ഓർത്തുനോക്കുക! തീയിനെക്കുറിച്ച് പ്രസ്താവിച്ചപ്പോൾ, അതായത് സ്മരണ- അഥവാ ചിന്താവിഷയം -ആണെന്ന് അല്ലാഹു പറഞ്ഞുവല്ലോ. സാധാരണ തീയിനെക്കാൾ എത്രയോ ഇരട്ടി ഉഷ്ണമേറിയ നരകത്തിലെ തീയിനെക്കുറിച്ച് ഓർമിക്കുവാനുള്ള ഒരു സൂചന അടങ്ങിയിരിക്കുന്നതായി ചില മഹാൻമാർ ചൂണ്ടിക്കാട്ടുന്നു.

57- 62 വചനങ്ങളിൽ മനുഷ്യന്റെ ജനനമരണങ്ങളെയും, 63- 67 ൽ അവരുടെ വിശപ്പിനുള്ള ഭക്ഷണത്തെയും, 68- 70 ൽ അവരുടെ ദാഹശമനത്തിനുള്ള വെള്ളത്തെയും, 71- 73 ൽ ഭക്ഷണപാനീയങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ തീയിനെയും സംബന്ധിച്ച് പലതും അനുസ്മരിപ്പിച്ചുകൊണ്ട് അതെല്ലാം ചെയ്തുകൊടുത്ത് അനുഗ്രഹിക്കുന്ന മഹാരക്ഷിതാവായ അല്ലാഹുവിന് സ്തോത്രകീർത്തനങ്ങൾ നടത്തി അവന്റെ നാമത്തെ വാഴ്ത്തേണ്ടുന്ന കൽപന - സ്വാഭാവികമായും മനുഷ്യന്റെമേലുള്ള ആ കടമ- എത്ര മഹത്തരം?! പ്രാഥമിക ബുദ്ധികൊണ്ടുമാത്രം ആലോചിച്ചു കാണാവുന്ന ഈ യാഥാർത്ഥ്യങ്ങളെ നിരത്തിക്കാട്ടിയശേഷം അല്ലാഹു തുടർന്നു പറയുന്നു:-

വിഭാഗം- 3

فَلَآ أُقۡسِمُ بِمَوَٰقِعِ ٱلنُّجُومِ ﴿٧٥﴾

﴾75﴿ എന്നാൽ, നക്ഷത്രങ്ങൾ വീഴുന്ന (അഥവാ പതിക്കുന്ന) സ്ഥാനങ്ങളെക്കൊണ്ട് ഞാൻ സത്യം ചെയ്ത് പറയുന്നു:

وَإِنَّهُۥ لَقَسَمٌ لَّوۡ تَعۡلَمُونَ عَظِيمٌ ﴿٧٦﴾

﴾76﴿ നിശ്ചയമായും, അതാകട്ടെ- നിങ്ങൾക്ക് അറിയാമായിരുന്നെങ്കിൽ- വമ്പിച്ച ഒരു സത്യംതന്നെ!-

---

﴾75﴿ فَلَآ أُقۡسِمُ എന്നാൽ ഞാൻ സത്യം ചെയ്തുപറയുന്നു, ഞാൻ സത്യം ചെയ്യുന്നില്ല بِمَوَٰقِعِ വീഴുന്ന (പതിക്കുന്ന, അസ്തമിക്കുന്ന) സ്ഥാനങ്ങളെക്കൊണ്ട് ٱلنُّجُومِ നക്ഷത്രങ്ങളുടെ ﴾76﴿ وَإِنَّهُۥ لَقَسَمٌ അതാകട്ടെ ഒരു സത്യം (ശപഥം) തന്നെ لَّوۡ تَعۡلَمُونَ നിങ്ങൾക്കറിയാമായിരുന്നുവെങ്കിൽ عَظِيمٌ വമ്പിച്ച, മഹത്തായ

ഈ വചനങ്ങളിലെ ചില പദങ്ങളെപ്പറ്റി അൽപം വിശദീകരിക്കേണ്ടതുണ്ട്. فَلَا أُقْسِمُ (ഫലാഉക്സിമു) എന്ന വാക്യത്തിനാണ് എന്നാൽ ഞാൻ സത്യം ചെയ്തു പറയുന്നുഎന്ന് അർത്ഥം കൽപിച്ചത്. ഒരു വാക്യത്തെ അതിന്റെ മുമ്പുള്ള മറ്റൊരു വാക്യത്തോട് ബന്ധപ്പെടുത്തുന്ന അവ്യയമാണ് ഫ(فَ). എന്നാൽ, ആകയാൽ, അതിനാൽ, അപ്പോൾ, എനി, എന്നിട്ട്എന്നിങ്ങനെ സന്ദർഭോചിതം മലയാളത്തിൽ അർത്ഥം കൽപിച്ചുകൊണ്ട് ആ ബന്ധത്തിന്റെ സ്വഭാവം വെളിപ്പെടുത്താം. أُقْسِمُ (ഉക്സിമു) എന്ന ക്രിയക്ക് ഞാൻ സത്യം ചെയ്യുന്നു- അഥവാ -ശപഥം ചെയ്തു പറയുന്നുവെന്നർത്ഥം. അപ്പോൾ ഈ രണ്ട് പദങ്ങൾക്കിടയിലായി ഒരു ലാ (لَا) ഇവിടെ അവശേഷിക്കുന്നു. ഇതിനെപ്പറ്റിയാണ് അൽപം ശ്രദ്ധിക്കേണ്ടതുള്ളത്. ഇല്ല, അല്ല എന്നീ നിഷേധാർത്ഥത്തിലും, അരുത്, വേണ്ടാ എന്നീ നിരോധാർത്ഥത്തിലും ലാഉപയോഗിക്കപ്പെടുന്നു. ഇവിടെയാകട്ടെ, ഇതുപോലുള്ള മറ്റ് സ്ഥലങ്ങളിലാകട്ടെ, ലാ- ഉക്സിമുഎന്ന് പറയുന്നത് പിന്നീട് പറയുവാനിരിക്കുന്ന കാര്യങ്ങളെ സത്യം മുഖേന ബലപ്പെടുത്തിക്കാണിക്കുവാൻ വേണ്ടിയാണെന്നതിൽ ആർക്കും സംശയമില്ല. എന്നിരിക്കെ, ഇവിടെ ഒരു ലാ കൊണ്ടുവന്നതിന്റെ ആവശ്യം- അല്ലെങ്കിൽ ന്യായം -എന്താണ്? ഇതാണ് ആലോചിക്കുവാനുള്ളത്. ഖുർആൻ വ്യാഖ്യാതാക്കളുടെ മൂന്നുനാല് അഭിപ്രായങ്ങളാണ് ഇവിടെ പ്രസക്തമായുള്ളത്. ഇവിടെ മാത്രമല്ല, താഴെ സൂറത്തുകളിൽ വീണ്ടും ഈ പ്രയോഗം കാണാവുന്നതുകൊണ്ട് അവയെപ്പറ്റി സാമാന്യം അറിയുന്നത് നന്നായിരിക്കും.

(1) വ്യാകരണദൃഷ്ട്യാ സത്യത്തിന്റെ വാചകത്തിൽ ലാ എന്ന അവ്യയത്തിന് പ്രത്യേകം സ്ഥാനമൊന്നുമില്ല. അതുകൊണ്ട് വ്യാകരണനിയമപ്രകാരം അത് അധികപ്പറ്റായികൊണ്ട് വരപ്പെട്ടത് (مزيدة) ആകുന്നു. പക്ഷേ, സത്യത്തെ ഊന്നി ബലപ്പെടുത്തുവാൻ (تأكيد القسمനു) വേണ്ടി ഉപയോഗിക്കുന്ന ഒരു സാഹിത്യപ്രയോഗമാണത്. അപ്പോൾ ലാ- ഉക്സിമു എന്നതിന് നിശ്ചയമായും, ഞാൻ സത്യം ചെയ്യുന്നുഎന്നർത്ഥം കൽപിക്കാം. വ്യാകരണ ശാസ്ത്രപ്രകാരം അധികപ്പറ്റായി വിചാരിക്കപ്പെടുന്ന പല പദങ്ങളും സാഹിത്യശാസ്ത്രത്തിലും അലങ്കാര ശാസ്ത്രത്തിലും ഇതുപോലെ ചില അർത്ഥസൂചനകൾക്കുവേണ്ടി കൊണ്ടുവരുന്നത് സാധാരണമാണ്. ഖുർആനിൽ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. അടുത്ത സൂറത്തിന്റെ അവസാനത്തിൽ തന്നെയും ഇതുപോലെ ഒരു ലാകാണാവുന്നതാണ്. ഇ ൗ വാസ്തവം മനസ്സിലാക്കാത്ത ചിലർ, ഏതെങ്കിലും പദത്തെപ്പറ്റി مزيدة (അധികപ്പറ്റായി വന്നത്) എന്ന് വല്ലവരും പറഞ്ഞ് കാണുമ്പോൾ അതൊരു വിഡ്ഢിത്തമോ അബദ്ധമോ ആയി ഗണിച്ചേക്കും. വല്ല ഖുർആൻ വ്യാഖ്യാനഗ്രന്ഥത്തിലും എവിടെയെങ്കിലും അങ്ങനെ എഴുതിക്കാണുമ്പോൾ, ഖുർആനിലെ ചില പദങ്ങൾ അർത്ഥമില്ലാത്ത അനാവശ്യപദമാണെന്ന് ആ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചതായി മറ്റ് ചിലർ പരിഹാസപൂർവ്വം കുറ്റപ്പെടുത്താറുമുണ്ട്. ചില സ്ഥാപിത താൽപര്യക്കാർ ഈ തക്കം ഉപയോഗപ്പെടുത്തി ആ മഹാൻമാരെ തരംതാഴ്ത്തിക്കാട്ടുവാൻ ശ്രമിക്കയും ചെയ്തേക്കും.

(2) 'ഫലാ'എന്നതും'ഉക്സിമു'എന്നതും വെവ്വേറെ വാക്യങ്ങളാകുന്നു. അപ്പോൾ, അതിന് ഇങ്ങനെ അർത്ഥം കൽപിക്കാം: എന്നാൽ അല്ല; ഞാൻ സത്യം ചെയ്യുന്നു, അതായത്, കാര്യം നിങ്ങൾ ധരിച്ചതുപോലെയല്ല; കാര്യം ഇന്നിന്നപ്രകാരമാണെന്ന് ഞാൻ ഇതാ സത്യം ചെയ്തു പറയുന്നു എന്ന് സാരം.

(3) സാധാരണ വായനയിൽ'ലാ- ഉക്സിമു'എന്ന് നീട്ടി (مد കൊടുത്ത്) വായിക്കലാണ് പതിവുള്ളതെങ്കിലും അതിന്റെ സാക്ഷാൽ രൂപം ല- ഉക്സിമു എന്ന(مد കൂടാതെ) ആകുന്നു. ഖുർആനിൽ അങ്ങനെ (مد കൂടാതെ)ത്തന്നെ വായിക്കപ്പെട്ടിട്ടുമുണ്ട്. ഇതനുസരിച്ച് ആ വാക്യത്തിന് നിശ്ചയമായും ഞാൻ സത്യം ചെയ്യുന്നു എന്ന് അർത്ഥമാകുന്നു.

(4) ഫലാഉക്സിമുഎന്ന വാക്യത്തിന് അതിന്റെ പ്രത്യക്ഷ രൂപമനുസരിച്ചുള്ള അർത്ഥം (എന്നാൽ ഞാൻ സത്യം ചെയ്യുന്നില്ലഎന്ന്) തന്നെയാണുള്ളത്. അതായത്, തുടർന്ന് പ്രസ്താവിക്കുന്ന കാര്യം സത്യം ചെയ്തുപറയേണ്ടുന്ന ആവശ്യമില്ലാത്തവണ്ണം അത് അത്രയും സ്പഷ്ടമായതാണ് എന്ന് താൽപര്യം.

മേൽകാണിച്ച ഏത് അഭിപ്രായം നാം ശരിവെച്ചാലും ശരി, വാക്കർത്ഥം എങ്ങനെ കൊടുത്താലും ശരി, ആ വാക്യത്തിന്റെ ഉദ്ദേശ്യം, തുടർന്ന് പറയുന്ന കാര്യത്തെ സത്യവാക്യം മുഖേന ബലപ്പെടുത്തി സ്ഥാപിക്കലാണ് എന്ന് തീർച്ചയാകുന്നു. മാത്രമല്ല, ഇവിടെയാണെങ്കിൽ, തൊട്ട വചനത്തിൽ തന്നെ അല്ലാഹു وَإِنَّهُ لَقَسَمٌ الخ (നിശ്ചയമായും ഇതൊരു സത്യമാണ്.) എന്ന് പറഞ്ഞു ഈ വാസ്തവം വ്യക്തമാക്കിയിട്ടുള്ളതും ശ്രദ്ധേയമാകുന്നു. മനുഷ്യദൃഷ്ടിയിൽ നിന്ന് മറഞ്ഞുകൊണ്ട് അതത് നക്ഷത്രങ്ങൾ അസ്തമിച്ചു പോകുന്ന സ്ഥാനങ്ങളാണ് مَوَاقِعِ النُّجُوم (നക്ഷത്രങ്ങൾ വീഴുന്ന സ്ഥാനങ്ങൾ)കൊണ്ട് ഉദ്ദേശ്യം. അതല്ല, നക്ഷത്രങ്ങളുടെ സഞ്ചാരപഥങ്ങളും ചലനമണ്ഡലങ്ങളുമാണ് ഉദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. ഖുർആൻ അവതരിച്ച ഗഡുക്കളും സന്ദർഭങ്ങളുമാണ് ഉദ്ദേശ്യമെന്ന് വേറെയും ഒരഭിപ്രായം കാണാം. ഖുർആൻ പല സന്ദർഭങ്ങളിലും ഗഡുക്കളിലുമായിട്ടാണല്ലോ അവതരിച്ചിരിക്കുന്നത്. نُجُوم (നുജൂമ്) എന്ന പദത്തിന് ഗഡുക്കൾ എന്നും അർത്ഥമുണ്ട്താനും. അല്ലാഹു ഉദ്ദേശിക്കുന്ന ഏതിന്റെ പേരിലും അവന് സത്യം ചെയ്യാവുന്നതാണ്. എന്നാൽ, അവൻ സത്യത്തിന് ഉപയോഗിച്ച കാര്യങ്ങൾ ഓരോന്നും എടുത്തുനോക്കിയാൽ അവയിൽ ചിന്താർഹങ്ങളായ പല രഹസ്യങ്ങളും അടങ്ങിയിരിക്കുമെന്ന് തീർച്ചയാകുന്നു.

കോടാനുകോടി നക്ഷത്രഗോളങ്ങളുടെ സ്ഥാനങ്ങളെ സംബന്ധിച്ചതാകട്ടെ, ഇരുപത്തിമൂന്ന് കൊല്ലക്കാലംകൊണ്ട് പൂർത്തിയായ ഖുർആന്റെ അവതരണഗഡുക്കളെ സംബന്ധിച്ചതാകട്ടെ- ഏതായാലും ശരി- ഈ സത്യവാചകത്തിൽ അന്തർഭവിച്ചിട്ടുള്ള സൂചനാരഹസ്യങ്ങൾ വമ്പിച്ചതുതന്നെ. ഒന്നാമത്തേത് മഹ

ത്തായ പ്രകൃതിദൃഷ്ടാന്തത്തെയാണ് സൂചിപ്പിക്കുന്നതെങ്കിൽ, മറ്റേത് വൈജ്ഞാനികമായ ഒരു മഹാദൃഷ്ടാന്തത്തെ സൂചിപ്പിക്കുന്നതാകുന്നു. അതെ, അതൊരു വമ്പിച്ച സത്യം തന്നെയാണ് -നിങ്ങൾക്ക് അറിയാമെങ്കിൽ (وإنّه لقسمٌ لوْ تعْلمُون عظِيم) ഈ മഹത്തായ സത്യവാചകം മുഖേന അല്ലാഹു ഉറപ്പിച്ച് സ്ഥാപിക്കുന്ന വിഷയമോ? ക്വുർആന്റെ മഹത്വവും, അതിന്റെ ഉന്നത നിലപാടും!. അല്ലാഹു പറയുന്നു:-

إِنَّهُۥ لَقُرۡءَانٌ كَرِيمٌ ﴿٧٧﴾

《77》 നിശ്ചയമായും, ഇത് ആദരണീയമായ ഒരു ക്വുർആൻ തന്നെ;-

《77》 إِنَّهُۥ നിശ്ചയമായും അത് لَقُرۡءَانٌ ഒരു ക്വുർആൻ തന്നെ كَرِيمٌ ആദരണീയ (മാന്യ)മായ

فِي كِتَٰبٖ مَّكۡنُونٖ ﴿٧٨﴾

《78》 ഭദ്രമായി സൂക്ഷി(ച്ചു വെ) ക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥത്തിലാണ് (അത്);

لَّا يَمَسُّهُۥٓ إِلَّا ٱلۡمُطَهَّرُونَ ﴿٧٩﴾

《79》 പരിശുദ്ധമാക്കപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കുകയില്ല!-

تَنزِيلٞ مِّن رَّبِّ ٱلۡعَٰلَمِينَ ﴿٨٠﴾

《80》 ലോകരുടെ രക്ഷിതാവിങ്കൽനിന്ന് അവതരിച്ചതാകുന്നു (അത്).

《78》 فِي كِتَٰبٖ ഒരു ഗ്രന്ഥത്തിലാണ്, രേഖയിൽ مَّكۡنُونٖ ഭദ്രമാക്കപ്പെട്ട, സൂക്ഷിച്ചുവെക്കപ്പെട്ട 《79》 لَّا يَمَسُّهُۥٓ അതിനെ സ്പർശിക്കുക (തൊടുക)യില്ല إِلَّا ٱلۡمُطَهَّرُونَ പരിശുദ്ധർ (ശുദ്ധീകരിക്കപ്പെട്ടവർ) അല്ലാതെ 《80》 تَنزِيلٞ അവതരണം, അവതരിച്ചത് ആകുന്നു مِّن رَّبِّ രക്ഷിതാവിൽനിന്ന് ٱلۡعَٰلَمِينَ ലോകരുടെ

തത്വം, ആശയം, ഉദ്ദേശ്യലക്ഷ്യം, ഘടന, ശൈലി എന്നിങ്ങനെ ഏത് വശത്തൂടെ നോക്കിയാലും വളരെ ആദരണീയവും മാന്യവുമായ ഒരു ഗ്രന്ഥമത്രെ വിശുദ്ധ ക്വുർആൻ. അല്ലാഹുവിങ്കൽ വളരെ ഭദ്രമായി സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥത്തിൽ- അതെ, സുരക്ഷിത ഫലകമാകുന്ന ലൗഹുൽ- മഹ്ഫൂദിൽ -അല്ലാഹു രേഖപ്പെടുത്തിവെച്ചിരിക്കുന്നു: بَلْ هُوَ قُرْآنٌ مَجيد في لَوْحٍ مَحْفُوظ (എങ്കിലും അത് മഹത്വമേറിയ ഒരു ക്വുർആനാകുന്നു. ലൗഹുൽ- മഹ്ഫൂദിലാണുള്ളത്.) അല്ലാഹുവിന്റെ അനുവാദപ്രകാരം അവന്റെ പരിശുദ്ധരായ മലക്കുകൾക്കല്ലാതെ അതിനെ സ്പർശിക്കുവാൻ സാധ്യമല്ല. പിശാചുക്കൾക്കോ, പൈശാചികശക്തികൾക്കോ അവിടെ പ്രവേശനമില്ല. وَمَا تنزلَت بِهِ الشّياطين وَمَا يَنْبَغِي لَهُمْ وَمَا يَسْتَطِيعُون –الشعراء

(അതുമായി പിശാചുക്കൾ ഇറങ്ങിയിട്ടില്ല. അവർക്കത് യോജിക്കുകയുമില്ല. അവർക്ക് സാധ്യവുമല്ല. 26: 210, 211) പരിശുദ്ധനായ മലക്ക് മുഖാന്തരം ലോകർക്ക് വേണ്ടി അവരുടെ രക്ഷിതാവായ അല്ലാഹുതന്നെ അത് നബി ﷺ ക്ക് അവതരിപ്പിച്ചുകൊടുക്കുന്നു. قُلْ نَزَّلَهُ رُوحُ الْقُدُسِ مِنْ رَبِّكَ–النحل:١٠٢ (പറയുക: അതിനെ നിന്റെ റബ്ബിങ്കൽനിന്ന് പരിശുദ്ധാത്മാവ് ഇറക്കിയിരിക്കുന്നു) അതെ, تَنْزِيلٌ مِنْ رَبِّ الْعَالَمِينَ (ലോകരുടെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിച്ചതാണ്.)

كِتَابٌ مَكْنُونٌ (ഭദ്രമായി സൂക്ഷിക്കപ്പെട്ട ഗ്രന്ഥം) എന്ന് പറഞ്ഞത് ലൗഹുൽ- മഹ്ഫൂദിനെപ്പറ്റിയാണെന്നും, المطهرون (പരിശുദ്ധമാക്കപ്പെട്ടവർ) എന്ന് പറഞ്ഞത് മലക്കുകളെപ്പററി- അല്ലെങ്കിൽ മലക്കുകളെയും പ്രവാചകനെയുംകൂടി -യാണെന്നും മേൽ വിവരിച്ചതിൽനിന്ന് മനസ്സിലായല്ലോ. ഖത്താദഃ (റ) പ്രസ്താവിച്ചതായി ഇബ്നു ജരീർ (റ) നിവേദനം ചെയ്യുന്നു: അതായത്, പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ അല്ലാഹുവിങ്കൽവെച്ച് അതിനെ സ്പർശിക്കുകയില്ല. എന്നാൽ ഇഹലോകത്തിൽ വെച്ചാകട്ടെ, അശുദ്ധനായ മജൂസിയും (അഗ്നിയാരാധകനും), മലിനമായ കപടവിശ്വാസിയും അതിനെ സ്പർശിച്ചേക്കുന്നതാണ്. (لا يمسه عند الله إلا المطهرون فأما في الدنيا فإنه يمسه المجوس النجس والمنافق الرجس) പ്രധാനപ്പെട്ട ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം പൊതുവിൽ ഈ വചനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള വ്യാഖ്യാനം ഇതുതന്നെ.

എന്നാൽ, لَا يَمَسُّهُ إِلَّا الْمُطَهَّرُونَ (പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കുകയില്ല) എന്ന വാക്യം കൊണ്ട് ഉദ്ദേശ്യം, ശുദ്ധിയുള്ളവരല്ലാതെ ക്വുർആനെ സ്പർശിക്കുകയില്ല- അഥവാ ചെറിയ അശുദ്ധി (الحدث)യോ വലിയ അശുദ്ധി (الجنابة)യോ ഉള്ളവർക്ക് മുസ്ഹഫു തൊടുവാൻ പാടില്ല- എന്നാണെന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണാം. പല കാരണങ്ങളാലും ഇത് ന്യായീകരിക്കുവാൻ മാർഗമില്ല.

(1) كِتَابٌ مَكْنُونٌ (ഭദ്രമായി സൂക്ഷിക്കപ്പെട്ട ഗ്രന്ഥം)എന്ന് പറഞ്ഞത് ലൗഹുൽ മഹ്ഫൂദാണെന്നത്രെ ക്വുർആൻകൊണ്ട് വ്യക്തമാകുന്നത്. ബഹുഭൂരിപക്ഷം പണ്ഡിതൻമാരും അങ്ങനെയാണ് പറഞ്ഞിട്ടുള്ളതും. അപ്പോൾ അതിനെ സ്പർശിക്കുകയില്ലഎന്ന വാക്യത്തിലെ സർവ്വനാമംകൊണ്ടുദ്ദേശ്യം ലൗഹുൽ- മഹ്ഫൂദായിരിക്കണമല്ലോ. അപ്പോൾ അതിനെ സ്പർശിക്കുന്നത് സാധാരണ മനുഷ്യരാവാൻ തരമില്ല, മലക്കുകളായിരിക്കണം.

(2) لَا يَمَسُّهُ (സ്പർശിക്കുകയില്ല) എന്ന ക്രിയ വർത്തമാനകാലക്രിയയാണ്. നിരോധക്രിയയല്ല. സ്പർശിക്കരുത്എന്ന് നിരോധാർത്ഥം കൽപിക്കണമെങ്കിൽ അതിന് പ്രത്യേകം തെളിവ് വേണം.

(3) വലിയ അശുദ്ധിയിൽനിന്ന് കുളിമുഖേനയും, ചെറിയ അശുദ്ധിയിൽനിന്ന് വുദ്വൂമുഖേനയും ശുദ്ധിയായ ആളുകൾ എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെടാറുള്ളത് طاهر , متطهر (ശുദ്ധൻ, ശുദ്ധി ചെയ്തവൻ) എന്നീ വാക്കുകളാണ്. مطهر (മുത്വഹ്ഹർ) എന്ന വാക്ക് ആ അർത്ഥത്തിന് സാധാരണനിലക്ക് ഉപയോഗിക്കപ്പെടാറില്ല.

ചുരുക്കത്തിൽ, വുദ്വൂ മുഖേന ശുദ്ധിയായവനല്ലാതെ ക്വുർആനെ സ്പർശിക്കുവാൻ പാടുണ്ടോ ഇല്ലേ എന്നതിനെക്കുറിച്ചല്ല ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അതുകൊണ്ടുതന്നെയാണ്, വുദ്വൂ ഇല്ലാത്തവർക്ക് ക്വുർആൻ തൊടുവാൻ പാടില്ലെന്ന അഭിപ്രായക്കാരായ മുഫസ്സിറുകളിൽ പലരും ഈ വചനത്തിന് മുകളിൽ കണ്ട അതേ വ്യാഖ്യാനം തന്നെ നൽകുന്നതും, ഈ വചനം തങ്ങൾക്ക് തെളിവായി ഉദ്ധരിക്കാത്തതും. ശുദ്ധിയുള്ളവനല്ലാതെ ക്വുർആൻ തൊടരുത്.എന്നൊരു ഹദീഥ് വന്നിട്ടുള്ളത് ശരിയാണ്. പക്ഷേ, അതിന്റെ നിവേദന മാർഗത്തിൽ ചില ന്യൂനതകൾ ഉള്ളതുകൊണ്ടാണ് ഈ വിഷയത്തിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായം നേരിട്ടത്. അതുകൊണ്ട് വുദ്വൂ കൂടാതെ ക്വുർആൻ തൊടുവാൻ പാടില്ലെന്ന് തീർത്തുപറയത്തക്ക തെളിവുകളില്ല. എങ്കിലും, കഴിവതും വുദ്വൂ ചെയ്തു ശുദ്ധിയോടുകൂടിമാത്രം ക്വുർആനെ സ്പർശിക്കുന്നതാണ് നല്ലത് എന്ന കാര്യത്തിൽ സംശയമില്ലതാനും.

അമുസ്‌ലിംകളുടെ കയ്യിൽ ക്വുർആൻ കൊടുക്കുന്ന വിഷയത്തിലും ഭിന്നാഭിപ്രായമുണ്ട്. ക്വുർആന്റെ നേർക്ക് അവഹേളനമോ, പരിഹാസമോ, കയ്യേറ്റമോ അതുമൂലം ഉണ്ടായേക്കുമെന്ന് കാണുമ്പോൾ തീർച്ചയായും അതവർക്ക് വിട്ടുകൊടുക്കുവാൻ പാടില്ല. ശത്രുക്കളുടെ കയ്യേറ്റത്തെ ഭയപ്പെടുമ്പോൾ ക്വുർആനുമായി ശത്രുനാട്ടിലേക്ക് അതുമായി പോകരുത്എന്ന് ഇമാം മുസ്‌ലിം (റ) നിവേദനം ചെയ്യുന്ന ഒരു നബിവചനം ഇവിടെ സ്മർത്തവ്യമാകുന്നു. പക്ഷേ, പഠിക്കുക, മനസ്സിലാക്കുക മുതലായ ആവശ്യങ്ങൾക്കുവേണ്ടി അമുസ്‌ലിംകൾക്ക് ക്വുർആൻ കൊടുക്കുന്നതിന് വിരോധമില്ലെന്ന് പല മഹാൻമാരും -ഹദീഥുകളുടെ വെളിച്ചത്തിൽ തന്നെ- വ്യക്തമാക്കിയിരിക്കുന്നു. ക്വുർആൻ മാത്രം ഉൾക്കൊള്ളുന്ന ഗ്രന്ഥത്തെ സംബന്ധിച്ചാണ് ഇപ്പറഞ്ഞത്. എനി വ്യാഖ്യാനം മുതലായ മറ്റ് വിഷയങ്ങളുടെ കൂട്ടത്തിൽ ക്വുർആനുംകൂടി ഉൾപ്പെടുന്നതോ, ക്വുർആന്റെ ചില ഭാഗം മാത്രം ഉൾക്കൊള്ളുന്നതോ ആയ ഗ്രന്ഥമാകുമ്പോൾ ഈ ഇളവ് കുറേക്കൂടി വിശാലവുമായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, ക്വുർആന്റെ നേരെ അവഹേളനത്തെ ഭയപ്പെടാതിരിക്കുകയും, എന്തെങ്കിലും പ്രയോജനം പ്രതീക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ ആവശ്യമായ അളവിൽ ക്വുർആൻ അമുസ്‌ലിംകളുടെ കയ്യിൽ കൊടുക്കുന്നതിന് വിരോധമില്ല. എന്നു മാത്രമല്ല, അത് ആവശ്യം കൂടിയാകുന്നു. ഇമാം അസ്ക്വലാനീ (റ) ഈ വിഷയകമായി കൂടുതൽ വിവരിച്ചിട്ടുണ്ട്. (راجع فتح الباري ج ١ ص ٣٢٤ و ج ٦ ص ٨١) ഇവിടെ കൂടുതൽ ദീർഘിപ്പിക്കുന്നില്ല.

'ഫിക്വ്ഹു' ഗ്രന്ഥങ്ങളാണ് അതിനുള്ള സ്ഥാനം. ഈ വിഷയകമായി മുഖവുരയിലും ചിലതെല്ലാം നാം മുമ്പ് പ്രസ്താവിച്ചിരിക്കുന്നു.

ആദരണീയവും, അല്ലാഹുവിങ്കൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടതും, പരിശുദ്ധൻമാരല്ലാതെ സ്പർശിക്കാത്തതും, അല്ലാഹു അവതരിപ്പിച്ചതുമായ ഒരു പരിപാവന ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ എന്ന് മഹത്തായ ഒരു സത്യവാചകം മുഖേന അല്ലാഹു ഊന്നിപ്പറഞ്ഞിരിക്കയാണല്ലോ. അപ്പോൾ, ആ ഗ്രന്ഥത്തെ ബാഹ്യമായും, ആന്തരികമായും നാം ബഹുമാനിക്കേണ്ടതുണ്ടെന്ന് പറയേണ്ടതില്ല. അതിന്റെ ആശയങ്ങളും, തത്വങ്ങളും, ഉപദേശങ്ങളും, വിധിവിലക്കുകളും ഗ്രഹിച്ച് മനസ്സിലാക്കുക, അവ സ്വീകരിക്കുക, അനുഷ്ഠിക്കുക, അതിലെ ലക്ഷ്യങ്ങളെയും ദൃഷ്ടാന്തങ്ങളെയും പറ്റി ചിന്തിക്കുക, അതിന്റെ ദൗത്യങ്ങൾ പ്രചരിപ്പിക്കുക മുതലായതാണ് നാം അതിനോട് നിർവ്വഹിക്കേണ്ടുന്ന പ്രധാന കടമകൾ. അതുപോലെത്തന്നെ, ഹൃദയസാന്നിദ്ധ്യത്തോടെ എപ്പോഴും അത് വായിക്കുക, ശുദ്ധിയോടും ബഹുമാനത്തോടും കൂടി സ്പർശിക്കുക, വൃത്തികേടുള്ളതും നിന്ദ്യവുമായ സ്ഥാനങ്ങളിൽപെടാതെ അതിനെ സൂക്ഷിക്കുക, അതിലെ വചനങ്ങളെക്കുറിച്ച് തർക്കങ്ങൾക്കും വാഗ്വാദങ്ങൾക്കും ഇടവരുത്താതിരിക്കുക, മനഃപാഠമാക്കുക, മനഃപാഠമായതിനെ മറക്കാതിരിക്കുക, വായനാവേളയിൽ അതിന്റെ നിയമങ്ങളും മര്യാദകളും ഗൗനിച്ചുകൊണ്ട് നല്ല ശബ്ദത്തോടുകൂടിയും ഭക്തിപുരസ്സരം വായിക്കുക, സുജൂദിന്റെ സ്ഥാനങ്ങളിൽ സുജൂദ്ചെയ്യുക, അനുഗ്രഹങ്ങളെക്കുറിച്ച് പറയുമ്പോൾ അതിനായി ദുആ ചെയ്യുക, ശിക്ഷകളെക്കുറിച്ച് പറയുമ്പോൾ അതിൽനിന്ന് രക്ഷക്കപേക്ഷിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം തന്നെ ക്വുർആന്റെ നേരെ നാം ആവർത്തിക്കേണ്ടുന്ന മര്യാദകളാകുന്നു. ഇവയിൽ മിക്കതിനെക്കുറിച്ചും നബിവചനങ്ങളിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളതാണ്താനും. പക്ഷേ, വ്യസനമെന്ന് പറയട്ടെ, ഇന്നത്തെ മുസ്ലിംകളിൽ അധികമാളുകളും ഇത്തരം കാര്യങ്ങളെ അവഗണിച്ചുകളയുകയും, ചിലർ കേവലം ഒരു സാധാരണ പുസ്തകം മാത്രമെന്നോണം അതിനോട് പെരുമാറിവരുകയുമാണ് ചെയ്യുന്നത്. ക്വുർആനിലുള്ള വിശ്വാസത്തിന്റെ തോതനുസരിച്ചായിരിക്കും അതിനോടുള്ള ബഹുമാനം. ആ ബഹുമാനമനുസരിച്ചായിരിക്കും അതിനോടുള്ള പെരുമാറ്റവും. വിശ്വാസമാകട്ടെ- വായില്ലല്ല- ഹൃദയത്തിൽ സ്ഥിതിചെയ്യുന്നതും. പ്രവർത്തനത്തിൽകൂടി പ്രകടമാകുന്നതുമാണ്. .... ക്വുർആന്റെ മഹത്വങ്ങളെ ഓർമപ്പെടുത്തിയശേഷം അല്ലാഹു ചോദിക്കുന്നു:-

أَفَبِهَٰذَا ٱلْحَدِيثِ أَنتُم مُّدْهِنُونَ ﴿٨١﴾

﴿81﴾ എന്നിരിക്കെ, ഈ വർത്തമാനത്തെക്കുറിച്ചാണോ നിങ്ങൾ മിനുക്കി (മൃദുവാക്കി)ക്കൊണ്ടിരിക്കുന്നു?!

وَتَجْعَلُونَ رِزْقَكُمْ أَنَّكُمْ تُكَذِّبُونَ ﴿٨٢﴾

﴿82﴾ നിങ്ങളുടെ ആഹാരം [ആഹാരത്തിനുള്ള നന്ദി] നിങ്ങൾ വ്യാജമാക്കുക എന്നുള്ളതാക്കുകയും ചെയ്യുന്നുവോ?!

﴾81﴿ أَفَبِهَٰذَا ٱلْحَدِيثِ എന്നിരിക്കെ ഈ വർത്തമാനം (വൃത്താന്തം)കൊണ്ടാണോ أَنتُم നിങ്ങൾ مُّدْهِنُونَ മിനുക്കുന്ന (മൃദുവാക്കുന്ന- മയപ്പെടുത്തുന്ന- നിസ്സാരമാക്കുന്ന)വരാകുന്നു ﴾82﴿ وَتَجْعَلُونَ നിങ്ങൾ ആക്കുകയും ചെയ്യുന്നു رِزْقَكُمْ നിങ്ങളുടെ ആഹാരം, ഉപജീവനം أَنَّكُمْ تُكَذِّبُونَ നിങ്ങൾ വ്യാജമാക്കുന്നുവെന്നുള്ളത്

ഇത്രയും ആദരണീയവും ഗൗരവമേറിയതുമായ ഒരുവർത്തമാനമത്രെ ക്വുർആൻ. എന്നിട്ടും നിങ്ങളതിനെ കാര്യമായി വിലയിരുത്താതെ അതിനോട് കേവലം ഒരു മിനുക്ക നയം സ്വീകരിച്ച്- അഥവാ നിസ്സാരമാക്കി അവഗണിച്ചു- കൊണ്ടിരിക്കുകയാണോ! നിങ്ങൾക്ക് ആഹാരം തരുന്നതിന്റെ പേരിൽ നിങ്ങൾ അല്ലാഹുവിന്റെ ക്വുർആനിൽ വിശ്വസിച്ച് അവനോട് നന്ദികാണിക്കുന്നതിനുപകരം അതിനെ വ്യാജമാക്കി നിഷേധിക്കുകയും നന്ദികേട് കാണിക്കുകയുമാണോ ചെയ്യുന്നത്?! എന്ന് സാരം.

فَلَوْلَآ إِذَا بَلَغَتِ ٱلْحُلْقُومَ ﴿٨٣﴾

﴾83﴿ എന്നാൽ, അത് ജീവൻ തൊണ്ടക്കുഴിയിലെത്തുമ്പോൾ, എന്തുകൊണ്ടായിക്കൂടാ.-

وَأَنتُمْ حِينَئِذٍ تَنظُرُونَ ﴿٨٤﴾

﴾84﴿ നിങ്ങൾ ആ സമയത്ത് നോക്കിക്കൊണ്ടിരിക്കും;

وَنَحْنُ أَقْرَبُ إِلَيْهِ مِنكُمْ وَلَٰكِن لَّا تُبْصِرُونَ ﴿٨٥﴾

﴾85﴿ നാമാകട്ടെ, അവനോട് നിങ്ങളെക്കാളും സമീപസ്ഥനുമായിരിക്കും. എങ്കിലും, നിങ്ങൾ കാണുകയില്ല;-

فَلَوْلَآ إِن كُنتُمْ غَيْرَ مَدِينِينَ ﴿٨٦﴾

﴾86﴿ (അതെ) അപ്പോൾ, നിങ്ങൾ പ്രതിഫലനടപടിക്ക് വിധേയരല്ലാത്തവരാണെങ്കിൽ എന്തുകൊണ്ടായിക്കൂടാ,-

تَرْجِعُونَهَآ إِن كُنتُمْ صَٰدِقِينَ ﴿٨٧﴾

﴾87﴿ നിങ്ങൾ സത്യവാൻമാരാണെങ്കിൽ (എന്തുകൊണ്ട്) അതിനെ മടക്കിയെടുക്കുക (ആയിക്കൂടാ)?!

﴾83﴿ فَلَوْلَآ എന്നാൽ ആയിക്കൂടേ, എന്തുകൊണ്ട് ഇല്ല إِذَا بَلَغَتِ അത് (ജീവൻ) എത്തിയാൽ ٱلْحُلْقُومَ തൊണ്ടക്കുഴിയിൽ ﴾84﴿ وَأَنتُمْ നിങ്ങൾ, നിങ്ങളാകട്ടെ حِينَئِذٍ അന്നേരം, ആ സമയം تَنظُرُونَ നോക്കിക്കൊണ്ടിരിക്കും ﴾85﴿ وَنَحْنُ നാമോ, നാമാ

കട്ടെ أَقْرَبُ إِلَيْهِ അവനോട് ഏറ്റം സമീപസ്ഥനാണ് مِنكُمْ നിങ്ങളെക്കാൾ وَلَٰكِن എങ്കിലും, പക്ഷേ لَّا تُبْصِرُونَ നിങ്ങൾ കാണുകയില്ല ﴾86﴿ فَلَوْلَا അപ്പോൾ ആയിക്കൂടേ إِن كُنتُمْ നിങ്ങളാണെങ്കിൽ غَيْرَ مَدِينِينَ പ്രതിഫല നടപടി എടുക്കപ്പെടുന്നവരല്ലാത്തവർ, നിയമ വിധേയരല്ലാത്തവർ ﴾87﴿ تَرْجِعُونَهَآ നിങ്ങൾ അതിനെ മടക്കിയെടുക്കുക (ആയിക്കൂടേ) إِن كُنتُمْ നിങ്ങളാണെങ്കിൽ صَٰدِقِينَ സത്യവാൻമാർ

മരണാനന്തരജീവിതത്തെയും, അനന്തരനടപടികളെയും നിഷേധിക്കുകയും, പരിഹസിച്ച് പറയുകയും ചെയ്യുന്നുവരാണല്ലോ നിങ്ങൾ. നിങ്ങളുടെ വാദം ശരിയാണെങ്കിൽ മരണാസന്നവേളയിൽ എന്തുകൊണ്ട് മരണപ്പെടുന്നവന്റെ ജീവനെ നിങ്ങൾ മടക്കിയെടുക്കുന്നില്ല?! നിങ്ങൾ അവന്റെ അടുത്തിരുന്ന് അവന്റെ സ്ഥിതിഗതി ഉറ്റുനോക്കിക്കൊണ്ടിരിക്കുമല്ലോ. വാസ്തവത്തിൽ നിങ്ങളെക്കാൾ അവനുമായി ഏറ്റവും അടുത്തവൻ അല്ലാഹുവായിരിക്കും. പക്ഷേ, നിങ്ങൾക്കത് കണ്ടറിയുവാൻ സാധിക്കുകയില്ല എന്ന്മാത്രം. മരണപ്പെടുന്നവർ നിങ്ങൾ പറയും പോലെ നടപടികൾക്ക് വിധേയരല്ലെന്നുണ്ടെങ്കിൽ നിങ്ങൾക്കവരെ മരണത്തിൽനിന്ന് എന്തുകൊണ്ട് രക്ഷിച്ചുകൂടാ?! ഇല്ല. നിങ്ങൾക്കതിന് സാധ്യമല്ല. അവരുടെ അവധിവരുമ്പോൾ അവരെ അല്ലാഹു മരണപ്പെടുത്തുന്നു. മരണശേഷം അവന്റെ നടപടികൾക്ക് അവർ വിധേയരാവുകയും ചെയ്യുന്നു. എന്നൊക്കെയാണ് ഈ വചനങ്ങളുടെ ആശയം. മനുഷ്യൻ മരണപ്പെട്ടുകഴിഞ്ഞാൽ- മുമ്പ് പ്രസ്താവിച്ചതുപോലെ- അവൻ താഴെ പറയുന്ന മൂന്നിൽ ഒരു വിഭാഗത്തിൽ പെട്ടവനായിരിക്കും:-

فَأَمَّآ إِن كَانَ مِنَ ٱلْمُقَرَّبِينَ ﴿٨٨﴾

﴾88﴿ അപ്പോൾ, അവൻ [മരണപ്പെടുന്നവൻ] സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാണെങ്കിൽ,-

فَرَوْحٌ وَرَيْحَانٌ وَجَنَّتُ نَعِيمٍ ﴿٨٩﴾

﴾89﴿ അപ്പോൾ (അവന്) ആശ്വാസവും, സന്തുഷ്ടമായ ആഹാരവും, സുഖാനുഗ്രഹത്തിന്റെ സ്വർഗവും (ആയിരിക്കും)!

﴾88﴿ فَأَمَّا അപ്പോൾ, എന്നാൽ إِن كَانَ അവനാണെങ്കിൽ مِنَ ٱلْمُقَرَّبِينَ സാമീപ്യം നൽകപ്പെട്ടവരിൽ പെട്ട(വൻ) ﴾89﴿ فَرَوْحٌ എന്നാൽ ആശ്വാസം, വിശ്രമം, സുഖം وَرَيْحَانٌ സന്തുഷ്ട (ആനന്ദകര)മായ ആഹാരവും وَجَنَّتُ نَعِيمٍ സുഖസൗഖ്യത്തിന്റെ (അനുഗ്രഹത്തിന്റെ) സ്വർഗവും

മുൻ ആയത്തുകളിൽ വിവരിച്ച السابِقون (മുൻകടന്നവർ) എന്ന അത്യുൽകൃഷ്ടവിഭാഗത്തെക്കുറിച്ച് 11-ാം വചനത്തിൽ أُولَئكَ الْمُقَرَّبُون (അക്കൂട്ടർ സാമീപ്യം

സിദ്ധിച്ചവരാണ്:) എന്ന് പറഞ്ഞുവല്ലോ. അതേ വിഭാഗത്തെക്കുറിച്ചാണ് ഇവിടെയും المقربين (സാമീപ്യം -അല്ലാഹുവിന്റെ പ്രത്യേകം സാമീപ്യം) സിദ്ധിച്ചവർ. എന്ന് പ്രശംസിക്കപ്പെട്ടിരിക്കുന്നത്.

وَأَمَّآ إِن كَانَ مِنَ أَصۡحَٰبِ ٱلۡيَمِينِ ﴿٩٠﴾

﴾90﴿ എന്നാൽ, അവൻ വലതു പക്ഷക്കാരിൽ പെട്ടവനാണെങ്കിലോ,-

فَسَلَٰمٞ لَّكَ مِنۡ أَصۡحَٰبِ ٱلۡيَمِينِ ﴿٩١﴾

﴾91﴿ അപ്പോൾ, വലതുപക്ഷക്കാരെപ്പറ്റി നിനക്ക് സമാധാനം (തന്നെ)!

﴾90﴿ وَأَمَّآ إِن كَانَ എനി അവനാണെങ്കിലോ مِنۡ أَصۡحَٰبِ ٱلۡيَمِينِ വലതുഭാഗക്കാരിൽപെട്ട(വൻ) ﴾91﴿ فَسَلَٰمٞ എന്നാൽ സമാധാനം, ശാന്തി, സലാം لَّكَ നിനക്ക്, നിനക്കുണ്ട് مِنۡ أَصۡحَٰبِ ٱلۡيَمِينِ വലതുപക്ഷക്കാരെപ്പറ്റി, വലതു ഭാഗക്കാരിൽ പെട്ടവനാണ് (നീ)

അവരെക്കുറിച്ച് ഭയപ്പെടാനൊന്നുമില്ല. അവർക്ക് അല്ലാഹുവിൽനിന്ന് വളരെ നല്ല പ്രതിഫലമായിരിക്കും ലഭിക്കുകയെന്ന് നിനക്ക് സമാധാനിക്കാം എന്ന് സാരം. നിനക്ക് (لَك) എന്ന അഭിമുഖീകരണം നബി ﷺ യെ ഉദ്ദേശിച്ചും, ഓരോ മനുഷ്യനെ ഉദ്ദേശിച്ചും ആവാം. വലതുപക്ഷക്കാരനായി മരണമടയുന്നവനെത്തന്നെ അഭിമുഖീകരിച്ചു പറഞ്ഞതും ആകാവുന്നതാണ്. അപ്പോൾ ഈ വചനത്തിന്റെ സാരം ഇപ്രകാരമായിരിക്കും: നിനക്ക് (മലക്കുകളിൽ നിന്നും മറ്റും) സലാം ഉണ്ടായിരിക്കും. ഇങ്ങനെയും വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു والله أعلم.

وَأَمَّآ إِن كَانَ مِنَ ٱلۡمُكَذِّبِينَ ٱلضَّآلِّينَ ﴿٩٢﴾

﴾92﴿ എനി, അവൻ ദുർമാർഗികളായ വ്യാജവാദികളിൽ പെട്ടവനാണെങ്കിലോ,-

فَنُزُلٞ مِّنۡ حَمِيمٖ ﴿٩٣﴾

﴾93﴿ എന്നാൽ, ചുട്ടുതിളക്കുന്ന വെള്ളം കൊണ്ടുള്ള സൽക്കാരം!-

وَتَصۡلِيَةُ جَحِيمٍ ﴿٩٤﴾

﴾94﴿ ജ്വലിക്കുന്ന നരകത്തിന്റെ കരിക്കലും!

﴾92﴿ وَأَمَّآ إِن كَانَ എനി അവനാണെങ്കിലോ مِنَ ٱلۡمُكَذِّبِينَ വ്യാജമാക്കുന്നവരിൽപെട്ട(വൻ) ٱلضَّآلِّينَ ദുർമാർഗികളായ, വഴിപിഴച്ച ﴾93﴿ فَنُزُلٞ എന്നാൽ വിരുന്ന്, ആതിഥ്യം مِّنۡ حَمِيمٖ ചുട്ടുതിളക്കുന്ന വെള്ളത്തിനാൽ ﴾94﴿ وَتَصۡلِيَةُ കരിക്കലും, കാച്ചലും جَحِيمٍ ജ്വലിക്കുന്ന അഗ്നിയുടെ (ജഹീമാകുന്ന നരകത്തിന്റെ)

ദുർമാർഗികളായ വ്യാജവാദക്കാർ എന്ന് പറഞ്ഞത് മുമ്പ് പറഞ്ഞ ഇടതുപക്ഷക്കാരാണെന്ന് വ്യക്തമാണ്. ആദ്യ മൂന്ന് വിഭാഗക്കാരുടെയും ഭാവിയെക്കുറിച്ച് വിശദീകരിച്ച് പറഞ്ഞശേഷം, ഈ വചനങ്ങളിൽ അതിന്റെ ഒരു രത്നച്ചുരുക്കം ആവർത്തിച്ച് ഓർമപ്പെടുത്തിയിരിക്കുകയാണ്. ആവർത്തിച്ച് ഓർമപ്പെടുത്തിയതുകൊണ്ടും മതിയാക്കുന്നില്ല. അല്ലാഹു പറയുന്നു:-

إِنَّ هَٰذَا لَهُوَ حَقُّ ٱلْيَقِينِ ﴿٩٥﴾

﴾95﴿ നിശ്ചയമായും, ഇത് [ഇപ്പറഞ്ഞതെല്ലാം] തന്നെയാണ് ഉറപ്പായ യഥാർത്ഥം.

فَسَبِّحْ بِٱسْمِ رَبِّكَ ٱلْعَظِيمِ ﴿٩٦﴾

﴾96﴿ ആകയാൽ, നീ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമത്തിൽ തസ്ബീഹ് [സ്തോത്ര കീർത്തനം] നടത്തിക്കൊള്ളുക.

﴾95﴿ إِنَّ هَٰذَا നിശ്ചയമായും ഇത് لَهُوَ തീർച്ചയായും അത്, അതുതന്നെയാണ് حَقُّ യഥാർത്ഥം സത്യമാകുന്നു ٱلْيَقِينِ ഉറപ്പിന്റെ, ദൃഢമാകുന്ന ﴾96﴿ فَسَبِّحْ അതിനാൽ നീ സ്തോത്രകീർത്തനം ചെയ്യുക بِٱسْمِ رَبِّكَ നിന്റെ റബ്ബിന്റെ നാമത്തിൽ, നാമത്തെ ٱلْعَظِيمِ മഹാനായ

ആർ വിശ്വസിക്കട്ടെ, ആർ വിശ്വസിക്കാതിരിക്കട്ടെ, സംഭവിക്കാനിരിക്കുന്ന യാഥാർത്ഥ്യം ഈ പറഞ്ഞതാണ്. തരിമ്പുപോലും സംശയത്തിനോ നീക്കത്തിനോ ഇടമില്ലാത്ത ഒരു യാഥാർത്ഥ്യമത്രെ അത്. അതുകൊണ്ട് അല്ലാഹുവിന്റെ നാമത്തെ വാഴ്ത്തിയും ഉയർത്തിയും മോക്ഷം നേടിക്കൊള്ളുവാൻ ഉപദേശിച്ചുകൊണ്ട് അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

فَسَبِّحْ بِاسْمِ رَبِّكَ الْعَظِيم (നിന്റെ മഹാനായ റബ്ബിന്റെ നാമത്തിൽ സ്തോത്ര കീർത്തനം ചെയ്യുക.) എന്ന വചനം അവതരിച്ചപ്പോൾ, നിങ്ങൾ ഇത് നിങ്ങളുടെ (നമസ്കാരത്തിലെ) റുകൂഇൽ ആക്കിക്കൊള്ളുവിൻഎന്ന് നബി ﷺ പറയുകയുണ്ടായി. سَبِّحْ اسْمَ رَبِّكَ الأَعْلَى (നിന്റെ അത്യുന്നതനായ റബ്ബിന്റെ നാമത്തിൽ സ്തോത്രകീർത്തനം ചെയ്യുക.) എന്ന വചനം അവതരിച്ചപ്പോൾ, നിങ്ങൾ ഇത് നിങ്ങളുടെ (നമസ്കാരത്തിലെ) സുജൂദിൽ ആക്കിക്കൊള്ളുക എന്നും തിരുമേനി പറയുകയുണ്ടായി. (അ: ദാ: ജ.) ഇതനുസരിച്ചുകൊണ്ടാണ് മുസ്‌ലിംകളുടെ- നാം നമ്മുടെ- നമസ്കാരങ്ങളിൽ റുകൂഇന്റെ വേളയിൽ سُبْحَانَ رَبِّيَ العَظِيم (എന്റെ മഹാനായ റബ്ബിന് ഞാൻ സ്തോത്രകീർത്തനം ചെയ്യുന്നു.) എന്നും, സുജൂദിന്റെ വേളയിൽ سُبْحَانَ رَبِّيَ الأَعْلَى (എന്റെ അത്യുന്നതനായ റബ്ബിന് ഞാൻ സ്തോത്രകീർത്തനം ചെയ്യുന്നു) എന്നും ആവർത്തിച്ചു ചൊല്ലാറുള്ളത്.

ഹദീഥിന്റെ പണ്ഡിതൻമാർ പലരും നിവേദനം ചെയ്തതും, ഇമാം ബുഖാരീ (റ) അദ്ദേഹത്തിന്റെ പരിശുദ്ധ ഗ്രന്ഥത്തിലെ അവസാനത്തെ ഹദീഥായി ഉദ്ധരിച്ചതുമായ ഒരു പ്രസിദ്ധ നബിവചനം ഇവിടെ ശ്രദ്ധേയമാകുന്നു. തിരുമേനി അരുളിച്ചെയ്തിരിക്കുന്നു: നാവിന് ലഘുവായ, തുലാസ്സിൽ ഭാരമേറിയതായ, പരമകാരുണികന്റെ അടുക്കൽ പ്രിയംകരമായ രണ്ടുവാക്കുകളത്രെ سبحان الله وبحمده سبحان الله العظيم (അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് ഞാൻ അവന് (സ്തോത്രകീർത്തനം ചെയ്യുന്നു; മഹാനായ അല്ലാഹുവിന് ഞാൻ സ്തോത്രകീർത്തനം ചെയ്യുന്നു.)

سبحانك اللهم ربنا ولك الحمد ولك المنة والفضل

سورة الحديد

57. സൂറതുൽ ഹദീദ്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 29 - വിഭാഗം (റുകൂഉ്) 4

നബിﷺ ഉറങ്ങുന്നതിന്മുമ്പായി 'മുസബ്ബിഹാത്ത്' (ഈ സൂറത്തിലുള്ളതുപോലെ 'തസ്ബീഹി'ന്റെ വാക്കുകൾകൊണ്ട് ആരംഭിക്കുന്ന സൂറത്തുകൾ) ഓതാറുണ്ടായിരുന്നുവെന്നും, (വേറെ) ആയിരം ആയത്തുകളെക്കാൾ ശ്രേഷ്ഠമായ ഒരു ആയത്ത് അവയിൽ അടങ്ങിയിട്ടുണ്ടെന്നും തിരുമേനി പറയുകയുണ്ടായി എന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (തി; ദാ; ന.) ഈ ഹദീഥിൽ സൂചിപ്പിക്കപ്പെട്ട വചനം ഈ സൂറത്തിലെ മൂന്നാം വചനമാണെന്നാണ് ഇബ്നു കഥീർ (റ) മുതലായവരുടെ അഭിപ്രായം. സൂ: ഹശ്റിന്റെ അവസാനഭാഗമാണെന്നും അഭിപ്രായമുണ്ട്. അല്ലാഹുവിന്റെ ഗുണമാഹാത്മ്യങ്ങളെ കുറിക്കുന്ന ഉൽകൃഷ്ട നാമങ്ങളിൽ ചിലത് ആ വചനങ്ങളിൽ അടങ്ങിയിട്ടുള്ളതാണ് അതിന് കാരണം. الله أعلم

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ۝١

(1) ആകാശങ്ങളിലും ഭൂമിയിലുമുള്ളവ(യെല്ലാം) അല്ലാഹുവിന് 'തസ്ബീഹു' [സ്തോത്ര കീർത്തനം] ചെയ്യുന്നു. അഗാധജ്ഞനായ പ്രതാപശാലിയത്രെ അവൻ.

لَهُۥ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ يُحۡيِۦ وَيُمِيتُۖ وَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٌ ۝٢

(2) ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു; അവൻ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു; അവൻ, എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

﴾1﴿ سَبَّحَ തസ്ബീഹ് (സ്തോത്രകീർത്തനം) ചെയ്യുന്നു, ചെയ്തിരിക്കുന്നു لِلَّهِ അല്ലാഹുവിന് مَا فِي ٱلسَّمَٰوَٰتِ ആകാശങ്ങളിലുള്ളത് وَٱلْأَرْضِ ഭൂമിയിലും وَهُوَ അവൻ, അവനത്രെ ٱلْعَزِيزُ പ്രതാപശാലി ٱلْحَكِيمُ അഗാധജ്ഞനായ, യുക്തിമാൻ ﴾2﴿ لَهُۥ അവന്നാണ്, അവന്റേതാണ് مُلْكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം (ആധിപത്യം) وَٱلْأَرْضِ ഭൂമിയുടെയും يُحْيِۦ അവൻ ജീവിപ്പിക്കുന്നു وَيُمِيتُ മരിപ്പിക്കുകയും ചെയ്യുന്നു وَهُوَ അവൻ(ആകുന്നുതാനും) عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും, വസ്തുവിനും قَدِيرٌ കഴിവുള്ളവനും

വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ, മനഃപൂർവ്വമോ സൃഷ്ടിസഹജമായ നിലക്കോ, ബുദ്ധിവർഗങ്ങളിൽ നിന്നോ അല്ലാത്തവയിൽനിന്നോ, ജീവവസ്തുക്കളിൽനിന്നോ അല്ലാത്തവയിൽനിന്നോ- ഏത് തരത്തിലായാലും വേണ്ടതില്ല- സ്രഷ്ടാവിന്റെ മഹത്വങ്ങളെ പ്രകീർത്തനം ചെയ്യുക എന്ന സാമാന്യാർത്ഥത്തിലാണ് ഇവിടെ 'തസ്ബീഹ്'(സ്തോത്രകീർത്തനം) ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഏതൊരു വസ്തു എടുത്താലും ശരി അത് അതിന്റേതായ 'തസ്ബീഹ്' നടത്തിക്കൊണ്ടിരിക്കാതെയില്ല. പക്ഷേ, അതതിന്റെ തസ്ബീഹ് എന്താണ്, എങ്ങനെയാണ് എന്ന് സൂക്ഷ്മമായി നിർവ്വചിക്കുവാൻ നമുക്ക് സാധ്യമല്ല. അതെ, .

وإن مِنْ شَيْئٍ إلاَّ يُسبح بِحَمْدِهِ ولَكِن لاَ تَفْقَهُونَ تَسْبِيحَهُم–الإسراء

(ഏതൊരു വസ്തുവും തന്നെ അവനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് ചെയ്യാത്തതായിട്ടില്ല. പക്ഷേ, അവരുടെ തസ്ബീഹ് നിങ്ങൾ ഗ്രഹിക്കുകയില്ല. (സൂ: ഇസ്റാഉ് 44.) അഖില വസ്തുക്കളും- ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ- എങ്ങനെ അവന് തസ്ബീഹ് നടത്താതിരിക്കും?! അറിഞ്ഞോ, അറിയാതെയോ അവന്റെ നാമങ്ങളെ വാഴ്ത്താതെയും, അവന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യാതെയും ഇരിക്കുവാൻ എങ്ങനെ സാധിക്കും? ഇല്ല, സാധിക്കയില്ല. കാരണം, തുടർന്നുള്ള 3 - 6 വചനങ്ങളിൽനിന്ന് സ്പഷ്ടമാകുന്നതാണ്.

هُوَ ٱلْأَوَّلُ وَٱلْءَاخِرُ وَٱلظَّٰهِرُ وَٱلْبَاطِنُ ۖ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ﴿٣﴾

﴾3﴿ അവൻ ആദ്യനായുള്ളവനും, അന്ത്യനായുള്ളവനും, പ്രത്യക്ഷനായുള്ളവനും, പരോക്ഷനായുള്ളവനുമത്രെ. അവൻ എല്ലാ വസ്തുവെ (അഥവാ കാര്യത്തെ)ക്കുറിച്ചും അറിവുള്ളവനുമാകുന്നു.

وَٱلۡأَخِرُ ﴾3﴿ هُوَ അവൻ, അവനത്രെ ٱلۡأَوَّلُ ആദ്യനാകുന്നു, ഒന്നാമത്തെവൻ وَٱلۡأَخِرُ അന്ത്യനും وَٱلظَّـٰهِرُ പ്രത്യക്ഷനും, സ്പഷ്ടമായവനും, വെളിപ്പെട്ടവനും وَٱلۡبَاطِنُ പരോക്ഷമായവനും, മറഞ്ഞവനും, ആന്തരത്തിലുള്ളവനും وَهُوَ അവൻ بِكُلِّ شَىۡءٍ എല്ലാ കാര്യത്തെ (വസ്തുവെ)ക്കുറിച്ചും عَلِيمٌ അറിവുള്ളവനാകുന്നു

ഈ വചനത്തിൽ കാണുന്ന ഓരോ നാമത്തിന്റെയും അർത്ഥവ്യാപ്തിയിൽ പരിഗണിക്കപ്പെട്ടിട്ടുള്ള ആശയങ്ങൾ വിവരിക്കുന്നപക്ഷം അത് വളരെ ദീർഘിച്ചുപോകുന്നതാണ്. ഉറങ്ങുവാൻ പോകുമ്പോൾ നബിﷺ പ്രാർത്ഥിക്കാറുണ്ടായിരുന്നതും, എല്ലാവരും പ്രാർത്ഥിക്കുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു പ്രാർത്ഥനയിൽ നിന്ന് അവയുടെ സംക്ഷിപ്ത സാരം മനസ്സിലാക്കാവുന്നതാകുന്നു. പ്രസ്തുത 'ദുആ' ഇതാണ്:

اللهُمَّ رَبَّ السَّمَاوَاتِ وَرَبَّ الْأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ رَبَّنَا وَرَبَّ كُلِّ شَيْءٍ فَالِقَ الْحَب وَالنَّوَى وَمُنَزِل التَّوْرَاتِ والإِنْجِيل وَالْفُرْقَان أَعُوذ بِكَ مِنْ شَرِّ كُلّ ذِي شَر أَنْتَ آخِذُ بِنَاصِيَتِهِ اللهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيءٌ وَأَنْتَ الآخِرُ فَلَيْسَ بَعْدَكَ شَيْءٌ وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ أقضِ عَنَّا الدَّيْنَ وَاغنِنَا مِنَ الْفَقْرِ – أخرجه أحمد ومسلم والترمذي والبيهقي

(സാരം: 'അല്ലാഹുവേ, ആകാശങ്ങളുടെ റബ്ബേ, ഭൂമിയുടെ റബ്ബേ, മഹത്തായ 'അർശി'ന്റെ റബ്ബേ, ഞങ്ങളുടെയും എല്ലാ വസ്തുക്കളുടെയും റബ്ബേ, ധാന്യവും കുരുവും (അണ്ടിയും) പിളർത്തി മുളപ്പിക്കുന്നവനേ, തൗറാത്തും ഇൻജീലും ഫുർക്വാനും (ക്വുർആനും) ഇറക്കിയവനേ, ദോഷമുണ്ടാക്കുന്ന എല്ലാറ്റിന്റെ ദോഷത്തിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അവയെല്ലാം നിന്റെ പിടുത്തത്തിലാണുള്ളത്'.)'അല്ലാഹുവേ, നീയത്രെ ആദ്യനായുള്ളവൻ, അപ്പോൾ നിനക്കുമുമ്പ് ഒന്നുംതന്നെയില്ല. നീയത്രെ അന്ത്യനായുള്ളവൻ, അപ്പോൾ നിനക്കുശേഷം ഒന്നുംതന്നെയില്ല. നീയത്രെ പ്രത്യക്ഷനായുള്ളവൻ അപ്പോൾ നിന്റെ മീതെ ഒന്നുംതന്നെയില്ല. നീയത്രെ പരോക്ഷനായുള്ളവൻ. അപ്പോൾ നിന്റെ അടിയിലായി ഒന്നുംതന്നെയില്ല. നീ ഞങ്ങൾക്ക് കടം വീട്ടിത്തരുകയും, ദാരിദ്ര്യത്തിൽനിന്ന് ഞങ്ങൾക്ക് ധന്യത നൽകുകയും ചെയ്യേണമേ'! (അ; മു; തി; ബ.) ഈ ദുആയുടെ അന്ത്യഭാഗം ഇവിടെ പ്രത്യേകം ശ്രദ്ധിക്കുക.

'നിന്റെ മീതെ ആരുമില്ല' എന്ന് പറഞ്ഞതിന്റെ താൽപര്യം: നിന്നെ അതിജയിക്കുന്നവനോ, നിന്നെക്കാൾ ദൃഷ്ടാന്തപ്പെട്ടവനോ, നിന്നെക്കാൾ ഉന്നതനോ ആയി ഒന്നുമില്ല എന്നും, 'നിന്റെ അടിയിലായി ഒന്നുമില്ല' എന്നതിന്റെ താൽപര്യം, നീ അറിയാത്തതായോ, നിന്റെ നിയമത്തിനും നിയന്ത്രണത്തിനും വിധേയമല്ലാത്തതായോ ഒന്നുമില്ല എന്നുമാകുന്നു. ദൃഷ്ടാന്തങ്ങൾകൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും അല്ലാഹു പ്രത്യക്ഷനും സ്പഷ്ടമായവനുമാണ്. പക്ഷേ, ഈ ബാഹ്യദൃഷ്ടികൊണ്ട് അവനെ കണ്ടെത്തുവാനോ, ഈ ബുദ്ധികൊണ്ട് അവനെ

രൂപപ്പെടുത്തുവാനോ സാധ്യമല്ലാത്തവണ്ണം അവൻ പരോക്ഷനും അസ്പഷ്ടനും തന്നെ. ليس كمثله شيء وهو السميع البصير (അവനെപ്പോലെ ഒന്നും തന്നെയില്ല. അവൻ (എല്ലാം) കേട്ടറിയുന്നവനും കണ്ടറിയുന്നവനുമാകുന്നു.)

هُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ

يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۖ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٤﴾

《4》അവനത്രെ, ആകാശങ്ങളെയും ഭൂമിയെയും ആറുദിവസങ്ങളിലായി സൃഷ്ടിച്ചവൻ; പിന്നീട് അവൻ 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു.

ഭൂമിയിൽ കടന്നുകൂടുന്നതും, അതിൽനിന്ന് പുറത്തുപോകുന്നതും, ആകാശത്തുനിന്ന് ഇറങ്ങുന്നതും, അതിൽ കയറിച്ചെല്ലുന്നതും, (എല്ലാം) അവൻ അറിയുന്നു. നിങ്ങൾ എവിടെയായിരിക്കട്ടെ, അവൻ നിങ്ങളുടെ കൂടെയുണ്ട്. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

لَّهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٥﴾

《5》 ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു. അല്ലാഹുവിങ്കലേക്കു തന്നെ കാര്യങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ ۚ وَهُوَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٦﴾

《6》 രാത്രിയെ അവൻ പകലിൽ കടത്തിക്കൂട്ടുന്നു; പകലിനെ രാത്രിയിലും കടത്തിക്കൂട്ടുന്നു; അവൻ, ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിയുന്നവനുമാകുന്നു.

《4》 هُوَ ٱلَّذِى അവനത്രെ യാതൊരുവൻ خَلَقَ ٱلسَّمَـٰوَٰتِ ആകാശങ്ങളെ സൃഷ്ടിച്ച وَٱلْأَرْضَ ഭൂമിയെയും فِى سِتَّةِ أَيَّامٍ ആറു ദിവസങ്ങളിൽ ثُمَّ ٱسْتَوَىٰ പിന്നെ അവൻ ശരിപ്പെട്ടു, ആരോഹണം ചെയ്തു عَلَى ٱلْعَرْشِ അർശിൻമേൽ

يَعۡلَمُ അവൻ അറിയും, അറിയുന്നു مَا يَلِجُ കടക്കുന്ന (പ്രവേശിക്കുന്ന)ത് فِى ٱلۡأَرۡضِ ഭൂമിയിൽ وَمَا يَخۡرُجُ പുറപ്പെടുന്നതും مِنۡهَا അതിൽനിന്ന് وَمَا يَنزِلُ ഇറങ്ങുന്നതും مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് وَمَا يَعۡرُجُ فِيهَا അതിൽ കയറുന്നതും وَهُوَ അവൻ مَعَكُمۡ നിങ്ങളുടെ കൂടെ (ഒപ്പം) ഉണ്ട് أَيۡنَ مَا كُنتُمۡ നിങ്ങൾ എവിടെ ആയിരുന്നാലും وَٱللَّهُ അല്ലാഹു بِمَا تَعۡمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കണ്ടറിയുന്നവനാണ് ﴾5﴿ لَّهُۥ അവന്നാകുന്നു مُلۡكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം, ആധിപത്യം وَٱلۡأَرۡضِ ഭൂമിയുടെയും وَإِلَى ٱللَّهِ അല്ലാഹുവിങ്കലേക്ക് തന്നെ تُرۡجَعُ മടക്കപ്പെടും, മടക്കപ്പെടുന്നു ٱلۡأُمُورُ കാര്യങ്ങൾ ﴾6﴿ يُولِجُ അവൻ കടത്തുന്നു, പ്രവേശിപ്പിക്കുന്നു ٱلَّيۡلَ രാത്രിയെ فِى ٱلنَّهَارِ പകലിൽ وَيُولِجُ ٱلنَّهَارَ പകലിനെയും പ്രവേശിപ്പിക്കുന്നു فِى ٱلَّيۡلِ രാത്രിയിൽ وَهُوَ അവൻ عَلِيمٌ അറിയുന്നവനാണ് بِذَاتِ ٱلصُّدُورِ നെഞ്ഞു (ഹൃദയം) കളിലുമുള്ളതിനെ

ആകാശഭൂമികളെ ആറുദിവസങ്ങളിൽ സൃഷ്ടിച്ചുവെന്നതിന്റെയും, അല്ലാഹു 'അർശി'ൽ ആരോഹണം ചെയ്തുവെന്നതിന്റെയും ഉദ്ദേശ്യങ്ങളെക്കുറിച്ചും മറ്റും സൂ: സജദഃ 4, 5 മുതലായ വചനങ്ങളുടെ വ്യാഖ്യാനത്തിലായി ഒന്നിലധികം പ്രാവശ്യം നാം വിവരിച്ചിരിക്കുന്നു. ഭൂമിയിലും ആകാശത്തിലും പ്രവേശിക്കുന്നതിനെയും, അവയിൽനിന്ന് പുറത്തുവരുന്നതിനെയും സംബന്ധിച്ച് സൂ: സബഉ് 2 ന്റെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്. മേൽ ചൂണ്ടിക്കാണിച്ച യാഥാർത്ഥ്യങ്ങളെ മുഖവുരയായി ഉദ്ധരിച്ചശേഷം അല്ലാഹു മനുഷ്യരെ അഭിമുഖീകരിച്ചു പറയുന്നു:

ءَامِنُواْ بِٱللَّهِ وَرَسُولِهِۦ وَأَنفِقُواْ مِمَّا جَعَلَكُم مُّسۡتَخۡلَفِينَ فِيهِ ۖ فَٱلَّذِينَ ءَامَنُواْ مِنكُمۡ وَأَنفَقُواْ لَهُمۡ أَجۡرٌ كَبِيرٌ ﴿٧﴾

﴾7﴿ (മനുഷ്യരേ) നിങ്ങൾ അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കുവിൻ; നിങ്ങളെ അവൻ ഏതൊന്നിൽ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കി വെച്ചിരിക്കുന്നുവോ അതിൽനിന്ന് നിങ്ങൾ ചിലവഴിക്കുകയും ചെയ്യുവിൻ.

എന്നാൽ, നിങ്ങളിൽനിന്ന് യാതൊരുവർ വിശ്വസിക്കുകയും, ചിലവഴിക്കുകയും ചെയ്തുവോ അവർക്ക് വലുതായ പ്രതിഫലമുണ്ട്.

﴾7﴿ ءَامِنُواْ بِٱللَّهِ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുവിൻ وَرَسُولِهِۦ അവന്റെ റസൂലിലും وَأَنفِقُواْ നിങ്ങൾ ചിലവഴിക്കയും ചെയ്യുക مِمَّا جَعَلَكُم നിങ്ങളെ അവൻ

ആക്കിയതിൽനിന്ന് مُّسْتَخْلَفِينَ പ്രാതിനിധ്യം നൽകപ്പെട്ടവർ (പ്രതിനിധികൾ) فِيهِ അതിൽ فَٱلَّذِينَ ءَامَنُوا۟ എന്നാൽ (കാരണം) വിശ്വസിച്ചവർ مِنكُمْ നിങ്ങളിൽനിന്ന് وَأَنفَقُوا۟ ചിലവഴിക്കുകയും ചെയ്ത لَهُمْ അവർക്കുണ്ട് أَجْرٌ كَبِيرٌ വലിയ പ്രതിഫലം

'നിങ്ങളെ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കിയതിൽ നിന്ന്' എന്ന് പറഞ്ഞ വാക്ക് വളരെ ശ്രദ്ധാർഹമാകുന്നു. സ്വത്തും, സമ്പത്തുമെല്ലാം അല്ലാഹുവിന്റേതാണ്. അവന്റെ സൃഷ്ടി, അവൻ നൽകിയത്. മനുഷ്യൻ ജനിക്കും മുമ്പുതന്നെ അവൻ അതിവിടെ ഒരുക്കിവെച്ചിരിക്കുന്നു. അതിൽ വർദ്ധനവും കുറവും വരുത്തുന്നതും അവൻ തന്നെ. അത് ഉപയോഗിക്കുവാനും, കൈകാര്യം നടത്തുവാനും അവൻ മനുഷ്യനെ നിശ്ചയിച്ചിരിക്കയാണ്. അതാരുടെയും കുത്തകയോ, സൃഷ്ടിയോ അല്ല. ഒരിക്കൽ ഒരു കൂട്ടരുടെ കൈവശമാണെങ്കിൽ, അവരുടെ ശേഷം മറ്റൊരു കൂട്ടർ തൽസ്ഥാനത്ത് വരുന്നു. പിന്നീട് വേറൊരുകൂട്ടർ കൈകാര്യം ചെയ്യുന്നു. അഥവാ മനുഷ്യൻ അതിനെ ഊഴംവെച്ച് ഉപയോഗിച്ചുവരുന്നു എന്ന് മാത്രം. ഇങ്ങനെയുള്ള വസ്തുക്കളാണ് ആ വാക്കുകളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. എന്നിരിക്കെ, കൈവശമുള്ള ധനത്തിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചിലവാക്കുവാൻ മടിക്കേണ്ടതില്ല, മടിക്കുവാൻ അവകാശവുമില്ല. അതേ സമയത്ത് സത്യവിശ്വാസം സ്വീകരിക്കുന്നതോടൊപ്പം ധനം നല്ല മാർഗത്തിൽ ചിലവാക്കുന്ന പക്ഷം അല്ലാഹുവിങ്കൽനിന്ന് വമ്പിച്ച പ്രതിഫലം അവൻ വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

മനുഷ്യൻ എത്ര ധനികനായിരുന്നാലും അതിൽ നിന്ന് യഥാർത്ഥത്തിൽ -ശരിയായ അർത്ഥപ്രകാരം- അവൻ ഉപയോഗിക്കുന്ന അളവ് എത്രമാത്രമാണെന്ന് ആലോചിച്ചു നോക്കിയാൽ, അത് വളരെ പരിമിതമാണെന്ന് കാണാം. ബാക്കിയെല്ലാം- അവൻ ദുരുപയോഗപ്പെടുത്തി നശിപ്പിക്കാത്തപക്ഷം- അന്യർക്ക് നിരുപാധികം വിട്ടുകൊടുക്കുവാൻ നിർബന്ധിതനാണ്. അവൻ ധനത്തിന്റെ യഥാർത്ഥ ഉടമസ്ഥനല്ല എന്നുള്ളതിന് ഇതുതന്നെ തെളിവാണല്ലോ. നബി തിരുമേനിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'ആദമിന്റെ മകൻ- മനുഷ്യൻ- പറയുന്നു: എന്റെ ധനം എന്റെ ധനം എന്ന്! (മനുഷ്യാ) നിന്റെ ധനത്തിൽ നിന്നും നീ തിന്നു തീർത്തതോ, നീ ഉടുത്തു നശിപ്പിച്ചതോ അല്ലെങ്കിൽ നീ ധർമം കൊടുത്തു നടപ്പിലാക്കിയതോ അല്ലാതെ നിനക്ക് വല്ലതും ഉണ്ടോ?! അതല്ലാത്തതെല്ലാം തന്നെ, പോയിക്കളയുന്നതും നീ ജനങ്ങൾക്ക് വിട്ടേച്ച് പോകുന്നതുമാകുന്നു' (മു.)

وَمَا لَكُمْ لَا تُؤْمِنُونَ بِٱللَّهِ ۙ وَٱلرَّسُولُ يَدْعُوكُمْ لِتُؤْمِنُوا۟ بِرَبِّكُمْ وَقَدْ أَخَذَ مِيثَـٰقَكُمْ

﴾8﴿ നിങ്ങൾക്കെന്താണ്- നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല?! റസൂലാകട്ടെ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവാനായി നിങ്ങളെ ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു. അവൻ [അല്ലാഹു] നിങ്ങളുടെ ഉറപ്പ് (അഥവാ കരാർ)

വാങ്ങിയിട്ടുമുണ്ട്. നിങ്ങൾ വിശ്വാസി
ക്കുന്നവരാണെങ്കിൽ..........! إِن كُنتُم مُّؤْمِنِينَ ﴿٨﴾

﴾8﴿ وَمَا لَكُمْ നിങ്ങൾക്ക് എന്താണ് (എന്തുപറ്റി) لَا تُؤْمِنُونَ നിങ്ങൾ വിശ്വസിക്കുന്നില്ല بِٱللَّهِ അല്ലാഹുവിൽ وَٱلرَّسُول റസൂലാകട്ടെ يَدْعُوكُمْ നിങ്ങളെ ക്ഷണി(വിളി)ക്കുന്നു لِتُؤْمِنُوا۟ നിങ്ങൾ വിശ്വസിക്കുവാൻ بِرَبِّكُمْ നിങ്ങളുടെ റബ്ബിൽ وَقَدْ أَخَذَ അവൻ വാങ്ങുകയും ചെയ്തിട്ടുണ്ട് مِيثَٰقَكُمْ നിങ്ങളുടെ ഉറപ്പ് (കരാറ്, ഉടമ്പടി) إِن كُنتُم നിങ്ങളാണെങ്കിൽ مُّؤْمِنِين വിശ്വസിക്കുന്നവർ

നിങ്ങൾ വിശ്വസിക്കുവാൻ വേണ്ടുന്ന ദൃഷ്ടാന്തങ്ങൾ പലതും നിങ്ങൾക്കുണ്ട്. അതിന് പുറമെ റസൂൽ നിങ്ങളെ അതിന് ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു. അതോടുകൂടി നിങ്ങൾ സ്വയം തന്നെ പ്രതിജ്ഞാബദ്ധരുമാണ്. ഇതൊക്കെ ഉണ്ടായിട്ടും നിങ്ങളുടെ രക്ഷിതാവിൽ നിങ്ങൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല?! എന്ന് സാരം. അവൻ നിങ്ങളുടെ ഉറപ്പുവാങ്ങി (وقد أخذ ميثاقكم) എന്ന് പറഞ്ഞതിന് രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്.

(1) അല്ലാഹുവിന്റെ അസ്തിത്വത്തെയും, മഹൽ ഗുണങ്ങളെയും സ്ഥാപിക്കുകയും മനസ്സിലാക്കിത്തരുകയും ചെയ്യുന്ന ദൃഷ്ടാന്തങ്ങൾ അവൻ ഏർപ്പെടുത്തുകയും അവനിൽ വിശ്വസിക്കുവാൻ അവ മനുഷ്യബുദ്ധിയെ നിർബന്ധിക്കുകയും ചെയ്യുന്നു. അപ്പോൾ, 'നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ' (ان كنتم مؤمنين) എന്ന വാക്കിന്റെ താൽപര്യം ദൃഷ്ടാന്തങ്ങളിലും കാര്യകാരണങ്ങളിലും നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കാതിരിക്കുവാൻ നിർവ്വാഹമില്ല എന്നായിരിക്കാം.

(2) ആത്മീയലോകത്തുവെച്ച് അല്ലാഹു മനുഷ്യരോട്: 'ഞാൻ നിങ്ങളുടെ റബ്ബല്ലയോ?' എന്ന് ചോദിച്ചതായും, 'അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു' (بلى شهدنا) എന്ന് അവർ മറുപടി പറഞ്ഞതായും അല്ലാഹു സൂ: അഅ്റാഫ് 172 ൽ പ്രസ്താവിച്ചിരിക്കുന്നു. ആ സംഭവമാണ് ഇവിടെ കരാറുകൊണ്ടുദ്ദേശ്യം. ഈ കരാർ മനുഷ്യർക്ക് ഇന്ന് ഓർമയില്ലല്ലോ എന്ന് പറഞ്ഞേക്കാം. അതിനുള്ള മറുപടിയായിരിക്കും 'നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ' (ان كنتم مؤمنين) എന്ന വാക്ക്. നിങ്ങളുടെ സകല കാര്യങ്ങളും അറിയുന്ന ഞാൻ ആ കരാറ് നിങ്ങളെ ഇതാ ഓർമപ്പെടുത്തുന്നു, നിങ്ങൾക്ക് അത് വിശ്വസിക്കാമെങ്കിൽ വിശ്വസിച്ചുകൊള്ളുക എന്ന് ഗൗരവപ്പെട്ട ഒരു താക്കീതായിരിക്കും അപ്പോൾ ആ വാക്കിൽ അടങ്ങിയിരിക്കുക. الله أعلم റസൂൽﷺ നിങ്ങളെ ക്ഷണിക്കുന്നത്സ്വന്തം ഇഷ്ടപ്രകാരമല്ല, അല്ലാഹുവിന്റെ കൽപനപ്രകാരമാണെന്ന് അടുത്ത വചനത്തിൽ ഉണർത്തുന്നു:-

هُوَ ٱلَّذِى يُنَزِّلُ عَلَىٰ عَبْدِهِۦٓ ءَايَٰتٍۭ بَيِّنَٰتٍ لِّيُخْرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَإِنَّ ٱللَّهَ بِكُمْ لَرَءُوفٌ رَّحِيمٌ ﴿٩﴾

﴿9﴾അവനത്രെ, തന്റെ അടിയാന്റെ മേൽ സുവ്യക്തങ്ങളായ പല ലക്ഷ്യങ്ങളും ഇറക്കിക്കൊടുക്കുന്നവൻ; നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് അദ്ദേഹം പ്രകാശത്തിലേക്ക് വെളിക്ക് വരുത്തുവാൻവേണ്ടി. നിശ്ചയമായും അല്ലാഹു നിങ്ങളിൽ വളരെ കൃപയുള്ളവനും, കരുണയുള്ളവനും തന്നെയാകുന്നു.

﴿9﴾ هُوَ ٱلَّذِى അവനത്രെ يُنَزِّلُ അവതരിപ്പിക്കുന്നവൻ عَلَىٰ عَبْدِهِۦٓ തന്റെ അടിയാന്റെ മേൽ ءَايَٰتٍۭ പല ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ بَيِّنَٰتٍ വ്യക്തങ്ങളായ لِّيُخْرِجَكُم അദ്ദേഹം നിങ്ങളെ വെളിക്കു (പുറത്തു) കൊണ്ടുവരുവാൻ مِّنَ ٱلظُّلُمَٰتِ അന്ധകാരങ്ങളിൽ (ഇരുട്ടിൽ)നിന്ന് إِلَى ٱلنُّورِ പ്രകാശത്തിലേക്ക് وَإِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു بِكُمْ നിങ്ങളിൽ لَرَءُوفٌ വളരെ കൃപ(കനിവ്) ഉള്ളവൻതന്നെ رَّحِيمٌ കരുണയുള്ളവനും, കരുണാനിധിയുമായവനും

---

7 -ാം വചനത്തിൽ സത്യവിശ്വാസം സ്വീകരിക്കുക, ധനം ചിലവഴിക്കുക എന്നീ രണ്ട് കാര്യങ്ങളിലേക്ക് അല്ലാഹു മനുഷ്യരെ ക്ഷണിച്ചു. ഈ രണ്ടും അനുഷ്ഠിക്കുന്നവർക്ക് വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്കയും ചെയ്തു. 8, 9 വചനങ്ങളിൽ, നിങ്ങൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല എന്ന് ചോദിക്കുകയും, തുടർന്നുകൊണ്ട് വിശ്വാസം സ്വീകരിക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്ന് സ്ഥാപിക്കുമാറുള്ള കാരണങ്ങളും ന്യായങ്ങളും വിവരിക്കുകയും ഉണ്ടായി. അടുത്തവചനത്തിൽ രണ്ടാമത്തെ വിഷയമായ ധനം ചിലവഴിക്കലിനെ സംബന്ധിച്ചും അതേപ്രകാരം ചോദിച്ചുകൊണ്ട് അതിന്റെ ആവശ്യകത വിവരിക്കുന്നു:-

وَمَا لَكُمْ أَلَّا تُنفِقُوا۟ فِى سَبِيلِ ٱللَّهِ وَلِلَّهِ مِيرَٰثُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ لَا يَسْتَوِى مِنكُم مَّنْ أَنفَقَ مِن قَبْلِ ٱلْفَتْحِ وَقَٰتَلَ ۚ أُو۟لَٰٓئِكَ أَعْظَمُ دَرَجَةً مِّنَ ٱلَّذِينَ أَنفَقُوا۟ مِنۢ بَعْدُ وَقَٰتَلُوا۟

﴿10﴾അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കാതിരിക്കുവാൻ നിങ്ങൾക്കെന്താണ്? ആകാശങ്ങളുടെയും, ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനാകുന്നു (എന്നിട്ടും)!.നിങ്ങളിൽനിന്ന് വിജയത്തിനു മുമ്പ് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവർ (അല്ലാത്തവരോട്), സമമായിരിക്കയില്ല; അക്കൂട്ടർ, പിന്നീട് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരെക്കാൾ വമ്പിച്ച പദവിയുള്ളവരാകുന്നു.

وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٠﴾

എല്ലാവരോടും തന്നെ, അല്ലാഹു ഏറ്റവും നല്ലത് [നല്ല പ്രതി ഫലം] വാഗ്ദാനം ചെയ്തിരിക്കുന്നു; അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമമായി അറിയുന്നവനുമാണ്.

《10》 وَمَا لَكُمْ നിങ്ങൾക്കെന്താണ് أَلَّا تُنفِقُوا۟ നിങ്ങൾ ചിലവഴിക്കാതിരിക്കുവാൻ فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ وَلِلَّهِ അല്ലാഹുവിനാണ് مِيرَٰثُ അനന്തരാവകാശം ٱلسَّمَٰوَٰتِ وَٱلْأَرْضِ ആകാശങ്ങളുടെയും ഭൂമിയുടെയും لَا يَسْتَوِى സമമാകുകയില്ല مِنكُم നിങ്ങളിൽനിന്ന് مَّنْ أَنفَقَ ചിലവഴിച്ചവർ مِن قَبْلِ ٱلْفَتْحِ വിജയത്തിന്മുമ്പ് وَقَٰتَلَ യുദ്ധം ചെയ്കയും ചെയ്ത أُو۟لَٰٓئِكَ അക്കൂട്ടർ أَعْظَمُ دَرَجَةً ഏറ്റവും വമ്പിച്ച പദവിയുള്ളവരാണ് مِّنَ ٱلَّذِينَ യാതൊരുവരെക്കാൾ أَنفَقُوا۟ ചിലവഴിച്ച مِنۢ بَعْدُ പിന്നീട്, ശേഷം وَقَٰتَلُوا۟ യുദ്ധം ചെയ്ത وَكُلًّا എല്ലാവരോടും (തന്നെ) وَعَدَ ٱللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു ٱلْحُسْنَىٰ ഏറ്റം നല്ലതിനെ وَٱللَّهُ അല്ലാഹു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرٌ സൂക്ഷ്മമമായറിയുന്നവനാണ്

ഒരാൾക്കും തന്റെ കൈവശമുള്ള വസ്തുക്കൾ ശാശ്വതമല്ല, അല്പകാലം കഴിയുമ്പോൾ അത് അന്യർക്ക് വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ, വിട്ടുകൊടുക്കും മുമ്പുതന്നെ അത് കൈവിട്ടു പോകയും ചെയ്തേക്കും. എല്ലാം അല്ലാഹുവിങ്കലേക്ക് മടങ്ങുന്നു. ആകാശഭൂമികളിലുള്ള മുഴുവൻ വസ്തുക്കളുടെയും ഉടമസ്ഥതയും അവകാശവും അല്ലാഹുവിനാണ്. എന്നിരിക്കെ, അവൻ ഇഷ്ടപ്പെടുന്ന മാർഗത്തിൽ ചിലവഴിക്കാതെ സൂക്ഷിച്ചു വെക്കുന്നതുകൊണ്ട് ഭാവിയിൽ നിങ്ങൾക്ക് ഒരു നന്മയും പ്രതീക്ഷിക്കുവാനില്ല. നേരെ മറിച്ച് നിങ്ങൾ ഇപ്പോൾ ചിലവഴിക്കുന്നതിന് പകരം ഭാവിയിൽ നിങ്ങൾക്ക് ധാരാളം നന്മ ലഭിക്കുവാനിരിക്കുന്നു. നല്ല വിഷയത്തിൽ ധനം ചിലവഴിക്കുന്നത് എപ്പോഴും നല്ലതുതന്നെ. എങ്കിലും ഒരു കാര്യം പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. അടിയന്തരഘട്ടങ്ങളിൽ ചിലവഴിക്കുകയും, ത്യാഗമനുഷ്ഠിക്കുകയും ചെയ്യുന്നതും, സാധാരണ ഘട്ടങ്ങളിൽ ചിലവഴിക്കുന്നതും ഒരുപോലെയല്ല. സന്ദർഭം അനുസരിച്ച് അവയുടെ പ്രാധാന്യവും പ്രതിഫലവും കൂടുകയും, കുറയുകയും ചെയ്യും. എന്നൊക്കെയാണ് ഈ വചനത്തിലടങ്ങിയ തത്വങ്ങൾ.

ശത്രുക്കളുടെ അക്രമം, ദാരിദ്ര്യം, അംഗങ്ങളുടെ കുറവ് ആദിയായ കാരണങ്ങളാൽ മുസ്‌ലിംകൾ ഏറ്റവുമധികം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരികയും, യാതനകൾ അനുഭവിക്കേണ്ടിവരികയും ചെയ്തത് ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിലാണല്ലോ. അതുകൊണ്ട് അക്കാലത്ത് ധനംകൊണ്ടും, ദേഹംകൊണ്ടും അങ്ങേഅറ്റം ഇസ്‌ലാമിനുവേണ്ടി ത്യാഗം ചെയ്യുവാനും, കഷ്ടപ്പാടുകൾ സഹിക്കുവാനും മുന്നോട്ട് വന്നവർക്ക് ഇസ്‌ലാമിന് വിജയം കൈവന്ന് വിഷമങ്ങൾക്ക് ലഘൂകരണം വന്നശേഷം മുന്നോട്ട് വന്നവരെക്കാൾ വളരെ ഉന്നതമായ പദവിയാണ് അല്ലാഹുവിങ്കലുള്ളത്.

എന്നാലും രണ്ടാമത്തെ വിഭാഗത്തെ അവഗണിക്കുന്നതല്ലെന്നും, എല്ലാവർക്കും അല്ലാഹുവിങ്കൽ ഏറ്റവും നല്ല പ്രതിഫലം ലഭിക്കുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ധനം കൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുന്ന സത്യവിശ്വാസികളുടെ ശ്രേഷ്ഠതയും പ്രതിഫലവും എടുത്തുപറയുന്ന തിനിടക്ക് സൂ: നിസാഉ് 95 ലും ഈ കാര്യം– എല്ലാവരോടുംതന്നെ അല്ലാഹു ഏറ്റവും നല്ലതിനെ വാഗ്ദാനം ചെയ്തിരിക്കുന്നു എന്ന് –അല്ലാഹു ഉണർത്തിയിരിക്കുന്നു.

ബുഖാരീ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ശക്തനായ സത്യവിശ്വാസി കൂടുതൽ നല്ലവനും ദുർബ്ബലനായ സത്യവിശ്വാസിയെക്കാൾ അല്ലാഹു കൂടുതൽ ഇഷ്ടപ്പെടുന്നവനുമാകുന്നു. എല്ലാവരിലും നന്മയുണ്ട്താനും.'

വിജയത്തിന്റെ മുമ്പ് (من قبل الفتح) എന്ന് പറഞ്ഞുവല്ലോ. ഇവിടെ 'വിജയം' കൊണ്ടുദ്ദേശ്യം മക്കാവിജയമാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. മക്കാവിജയത്തിന് മാർഗം തുറന്നത് ഹുദൈബിയാ സംഭവമായതുകൊണ്ട് അതാണ് ഉദ്ദേശ്യമെന്നും, പൊതുവിൽ ഇസ്‌ലാമിന്റെ വിജയം എന്നേ ഉദ്ദേശ്യമുള്ളൂ എന്നും അഭിപ്രായങ്ങളുണ്ട്. പ്രായോഗികമായി നോക്കുമ്പോൾ ഇവയെല്ലാം സാരത്തിൽ ഒന്നാണെന്ന് കാണാം. ധനം ചിലവഴിക്കുന്നതിൽ സംഖ്യയുടെ ഏറ്റക്കുറവും, ത്യാഗസേവനങ്ങൾ ചെയ്യുന്നതിൽ പ്രവർത്തനങ്ങളുടെ വലുപ്പച്ചെറുപ്പവും മാത്രമല്ല; ഓരോന്നിന്റെ സന്ദർഭവും ആവശ്യകതയും തൽകർത്താക്കളുടെ പരിതഃസ്ഥിതികളും കണക്കിലെടുത്തുകൊണ്ടായിരിക്കും അല്ലാഹു അവയ്ക്ക് പ്രാധാന്യം കല്പിക്കുന്നത് എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കുവാനുള്ളത്. അതുപോലെത്തന്നെ, ഇസ്‌ലാമിന്റെ ആരംഭത്തിൽ സത്യവിശ്വാസം സ്വീകരിച്ച് കഠിന ത്യാഗങ്ങൾ ചെയ്ത സ്വഹാബികളും, പിൽക്കാലത്ത് ഇസ്‌ലാമിൽവന്ന് അതിന് സേവനമർപ്പിച്ച സ്വഹാബികളും തമ്മിലും, സ്വഹാബികളും അവരുടെ ശേഷമുള്ളവരും തമ്മിലും ശ്രേഷ്ഠതയിൽ വ്യത്യാസമുണ്ടായിരിക്കുമെന്നും മനസ്സിലാക്കാം. നബിﷺ പറയുന്നു.

لا تسبوا أصحابي فو الذي نفس محمد بيده لو أن أحدكم أنفق مثل أحد ذهبا ما أدرك مد أحدهم ولا نصيفه

(നിങ്ങൾ എന്റെ സ്വഹാബികളെ പഴിച്ചുപറയരുത്. കാരണം, മുഹമ്മദിന്റെ ദേഹം –അഥവാ ജീവൻ– യാതൊരുവന്റെ കയ്‌വശമാണോ അവൻതന്നെ! നിങ്ങളൊരാൾ ഉഹ്ദ് മലയോളം സ്വർണം ചിലവഴിച്ചാലും അവരിലൊരാളുടെ ഒരു സേറിനോ, അതിന്റെ പകുതിക്കോ അത് എത്തുന്നതല്ല. (ബു; മു)

വിഭാഗം– 2

مَّن ذَا ٱلَّذِى يُقْرِضُ ٱللَّهَ قَرْضًا حَسَنًا فَيُضَٰعِفَهُۥ لَهُۥ وَلَهُۥٓ أَجْرٌ كَرِيمٌ ﴿١١﴾

﴿11﴾ ആരുണ്ട്, അല്ലാഹുവിന് നല്ലതായ കടം കൊടുക്കുന്നവൻ? എന്നാൽ; അവൻ അതിനെ ഇരട്ടിപ്പിച്ചു കൊടുക്കുന്നതാണ്; അവന് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കും.

﴿11﴾ مَّن ذَا ആരുണ്ട് (ആരാണ്) ഇങ്ങനെയുള്ളവൻ ٱلَّذِى يُقْرِضُ കടം കൊടുക്കുന്നവൻ ٱللَّهَ അല്ലാഹുവിന് قَرْضًا حَسَنًا നല്ലതായ കടം فَيُضَـٰعِفَهُ എന്നാലത് അവൻ ഇരട്ടിപ്പിച്ചുകൊടുക്കും لَهُ അവന്ന് وَلَهُ അവന്ന് ഉണ്ടായിരിക്കുന്നതുമാണ് أَجْرٌ كَرِيمٌ മാന്യമായ (ഉദാരമായ) പ്രതിഫലം, കൂലി

സൽക്കാര്യങ്ങളിൽ ധനം ചിലവഴിക്കുവാൻ സത്യവിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇതിലധികം എന്ത് വാചകമാണ് പറയുവാനുള്ളത്? ആരുണ്ട് അല്ലാഹുവിന് കൊടുക്കുവാൻ തയ്യാറുള്ളവർ? അതും ധർമമായിട്ടല്ല, കടമായിട്ടുമാത്രം. പക്ഷേ, നല്ല നിലക്കുള്ള കടമായിരിക്കണം. അത് തക്കസമയത്ത് തിരിച്ചു കിട്ടുമെന്ന് മാത്രമല്ല, മറ്റാരിൽനിന്നും ലഭിക്കാത്ത തോതിൽ വർദ്ധനവോടെയായിരിക്കും ലഭിക്കുക. ഇരട്ടിക്കണക്കിൽ– വേറെ ആയത്തുകളിൽ പറഞ്ഞതുപോലെ, പത്തുമുതൽ എഴുന്നൂറുവരെയും, ചിലപ്പോൾ അതിലധികവും ഇരട്ടികളായി– അല്ലാഹു വർദ്ധിപ്പിച്ചുകൊടുക്കും. മാത്രമോ? ഉദാരവും മാന്യവുമായ പ്രതിഫലം അതിന്പുറമെയും! . വിശ്വാസത്തോടും, സദുദ്ദേശ്യത്തോടുംകൂടി, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ഉന്നംവെച്ചുകൊണ്ടുള്ളത് എന്നത്രെ നല്ലതായ കടം (قَرْضًا حَسَنًا) എന്ന് പറഞ്ഞതിന്റെ താൽപര്യം. അല്ലാഹുവിൽ വിശ്വസിക്കാത്തവന്റെയും, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവുമല്ലാത്ത മറ്റുവല്ലതിനെയും ഉദ്ദേശിക്കുന്നവന്റെയും കർമങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ പരിഗണനയില്ല എന്ന് ക്വുർആൻ പലപ്പോഴും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്.നബിﷺയും ഒരു ഹദീഥിൽ ഇപ്രകാരം അരുളിച്ചെയ്യുന്നു: 'ഒരാൾ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്കക്ക് സമാനമായതിനെ ധർമം ചെയ്താൽ– പരിശുദ്ധമായതല്ലാതെ അല്ലാഹു സ്വീകരിക്കുകയുമില്ല– അത് തന്റെ വലങ്കൈകൊണ്ട് (സന്തോഷപൂർവ്വം) അല്ലാഹു സ്വീകരിക്കുന്നതാണ്. പിന്നീട് നിങ്ങളൊരാൾ തന്റെ കുതിരക്കുട്ടിയെ (ലാളിച്ചു) വളർത്തുന്നതുപോലെ അവൻ അതിന്റെ ആൾക്കുവേണ്ടി അതിനെ വളർത്തിക്കൊണ്ടിരിക്കും, അങ്ങനെ, അത് മലപോലെ ആയിത്തീരും.' (ബു; മു.). അല്ലാഹു വാങ്ങുന്ന കടം മടക്കിക്കിട്ടുന്ന സന്ദർഭം ഏതാണെന്ന് അടുത്ത ആയത്തിൽ വെളിവാക്കുന്നു:–

يَوْمَ تَرَى ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ يَسْعَىٰ نُورُهُم بَيْنَ أَيْدِيهِمْ وَبِأَيْمَـٰنِهِم بُشْرَىٰكُمُ ٱلْيَوْمَ جَنَّـٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿١٢﴾

﴿12﴾ സത്യവിശ്വാസികളുടെയും വിശ്വാസിനികളുടെയും പ്രകാശം, അവരുടെ മുമ്പിലൂടെയും, അവരുടെ വലതുഭാഗങ്ങളിലൂടെയും പാഞ്ഞു (വ്യാപിച്ചു) കൊണ്ടിരിക്കുന്നതായി നീ കാണുന്ന ദിവസം! (അവരോട് പറയപ്പെടും:) 'ഇന്ന് നിങ്ങൾക്ക് അനുമോദനം (അഥവാ സന്തോഷവാർത്ത), അടിഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളാകുന്നു; അതിൽ (നിങ്ങൾ) നിത്യവാസികളായ നിലയിൽ.' അതുതന്നെയാണ്, വമ്പിച്ച ഭാഗ്യം.

يَوْمَ يَقُولُ ٱلْمُنَٰفِقُونَ
وَٱلْمُنَٰفِقَٰتُ لِلَّذِينَ ءَامَنُوا۟
ٱنظُرُونَا نَقْتَبِسْ مِن نُّورِكُمْ قِيلَ
ٱرْجِعُوا۟ وَرَآءَكُمْ فَٱلْتَمِسُوا۟ نُورًا

﴿13﴾ (അതായത്) കപട വിശ്വാസികളും, കപടവിശ്വാസിനികളും വിശ്വസിച്ചവരോട് പറയുന്ന ദിവസം: ‘ ഞങ്ങളെ നോക്കണേ, ഞങ്ങൾ നിങ്ങളുടെ പ്രകാശത്തിൽനിന്ന് (അല്പം) പകർത്തിയെടുക്കട്ടെ!’ എന്ന് (അവരോട്) പറയപ്പെടും: ‘നിങ്ങളുടെ പിന്നോട്ട് മടങ്ങിക്കൊള്ളുവിൻ, എന്നിട്ട് വല്ല പ്രകാശവും അന്വേഷിച്ചുകൊള്ളുവിൻ!’

فَضُرِبَ بَيْنَهُم بِسُورٍ لَّهُۥ بَابٌۢ
بَاطِنُهُۥ فِيهِ ٱلرَّحْمَةُ وَظَٰهِرُهُۥ مِن
قِبَلِهِ ٱلْعَذَابُ ﴿١٣﴾

അപ്പോൾ, അവർക്കിടയിൽ ഒരു വാതിൽ ഉള്ളതായ അതിർത്തിമറ (അഥവാ മതിൽ) ഏർപ്പെടുത്തപ്പെടുന്നതാണ്. അതിന്റെ ഉൾഭാഗമാകട്ടെ, അതിലാണ് കാരുണ്യം [സ്വർഗം]; അതിന്റെ പുറഭാഗമാകട്ടെ, അതിന്റെ ഭാഗത്തൂടെയാണ് ശിക്ഷ [നരകം].

يُنَادُونَهُمْ أَلَمْ نَكُن مَّعَكُمْ ۖ قَالُوا۟
بَلَىٰ وَلَٰكِنَّكُمْ فَتَنتُمْ أَنفُسَكُمْ

﴿14﴾ അവർ അവരെ [സത്യവിശ്വാസികളെ] വിളിച്ചു പറയും: ‘ഞങ്ങൾ (ഇഹത്തിൽ) നിങ്ങളുടെ ഒന്നിച്ചായിരുന്നില്ലേ?!’ അവർ പറയും: ‘അതെ, പക്ഷേ, നിങ്ങൾ നിങ്ങളെ ത്തന്നെ കുഴപ്പത്തിലാക്കി;

وَتَرَبَّصْتُمْ وَٱرْتَبْتُمْ وَغَرَّتْكُمُ ٱلْأَمَانِىُّ
حَتَّىٰ جَآءَ أَمْرُ ٱللَّهِ وَغَرَّكُم بِٱللَّهِ
ٱلْغَرُورُ ﴿١٤﴾

നിങ്ങൾ (സത്യവിശ്വാസികൾക്ക് ആപത്ത്) പ്രതീക്ഷിച്ചുകൊണ്ടിരിക്കയും, (മതത്തിൽ) സന്ദേഹപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു; അല്ലാഹുവിന്റെ കല്പന [മരണം] വന്നെത്തുന്നതുവരെയും വ്യാമോഹങ്ങൾ നിങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്തു; അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാ വഞ്ചകനും നിങ്ങളെ വഞ്ചിച്ചു കളഞ്ഞു.

فَٱلْيَوْمَ لَا يُؤْخَذُ مِنكُمْ فِدْيَةٌ وَلَا مِنَ ٱلَّذِينَ كَفَرُوا۟ ۚ مَأْوَىٰكُمُ ٱلنَّارُ ۖ هِىَ مَوْلَىٰكُمْ ۖ وَبِئْسَ ٱلْمَصِيرُ ﴿١٥﴾

《15》 'എനി, ഇന്ന് നിങ്ങളിൽ നിന്നാകട്ടെ, അവിശ്വസിച്ചവരിൽനിന്നാകട്ടെ, യാതൊരു തെണ്ടവും [പ്രായശ്ചിത്തവും] സ്വീകരിക്കപ്പെടുന്നതല്ല.നിങ്ങളുടെ സങ്കേതസ്ഥാനം നരകമാകുന്നു; അതത്രെ നിങ്ങൾക്ക് (ഏറ്റവും യോജിച്ച) ബന്ധു!' (ആ) തിരിച്ചെത്തുന്ന സ്ഥലം വളരെ ചീത്തതന്നെ!

《12》 يَوْمَ تَرَى നീ കാണുന്ന ദിവസം ٱلْمُؤْمِنِينَ സത്യവിശ്വാസികളെ وَٱلْمُؤْمِنَٰتِ വിശ്വാസിനികളെയും يَسْعَىٰ പായുന്ന (സഞ്ചരിക്കുന്ന)തായിട്ട് نُورُهُم അവരുടെ പ്രകാശം, വെളിച്ചം, ശോഭ بَيْنَ أَيْدِيهِمْ അവരുടെ മുന്നിലൂടെ وَبِأَيْمَٰنِهِم അവരുടെ വലതു ഭാഗങ്ങളിലും بُشْرَىٰكُمُ നിങ്ങളുടെ അനുമോദനം, സന്തോഷവാർത്ത ٱلْيَوْمَ ഇന്ന് جَنَّٰتٌ ചില സ്വർഗങ്ങളാണ്, തോപ്പുകളാണ് تَجْرِى സഞ്ചരിക്കുന്ന, ഒഴുകും مِن تَحْتِهَا അതിന്റെ അടിയിൽകൂടി ٱلْأَنْهَٰرُ അരുവി (നദി)കൾ خَٰلِدِينَ فِيهَا അതിൽ നിത്യ (ശാശ്വത) വാസികളായ നിലക്ക് ذَٰلِكَ هُوَ അത് തന്നെയാണ് ٱلْفَوْزُ ഭാഗ്യം, വിജയം ٱلْعَظِيمُ വമ്പിച്ച മഹത്തായ 《13》 يَوْمَ يَقُولُ പറയുന്ന ദിവസം ٱلْمُنَٰفِقُونَ കപടവിശ്വാസികൾ وَٱلْمُنَٰفِقَٰتُ കപടവിശ്വാസിനികളും لِلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരോട് ٱنظُرُونَا ഞങ്ങളെ നോക്കണേ, കാക്കണം نَقْتَبِسْ ഞങ്ങൾ പകർത്തിയെടുക്കട്ടെ (എടുത്തുപയോഗിക്കട്ടെ) مِن نُّورِكُمْ നിങ്ങളുടെ പ്രകാശത്തിൽനിന്ന് قِيلَ പറയപ്പെടും ٱرْجِعُوا۟ നിങ്ങൾ മടങ്ങിക്കൊള്ളുവിൻ وَرَآءَكُمْ നിങ്ങളുടെ പിന്നോട്ട്, പുറകിലേക്ക് فَٱلْتَمِسُوا എന്നിട്ടന്വേഷിക്കുവിൻ, തേടുക نُورًا വല്ല പ്രകാശവും فَضُرِبَ അപ്പോൾ ഏർപ്പെടുത്ത(സ്ഥാപിക്ക- ആക്ക)പ്പെടും بَيْنَهُم അവർക്കിടയിൽ بِسُورٍ ഒരു മതിലിനെ, മറയെ, അതിർത്തിയെ لَّهُۥ അതിനുണ്ട് بَابٌ ഒരു വാതിൽ بَاطِنُهُۥ അതിന്റെ ഉള്ള് فِيهِ അതിലുണ്ട്, അതിലാണ് ٱلرَّحْمَةُ കാരുണ്യം, ദയവ് وَظَٰهِرُهُۥ അതിന്റെ പുറം, വെളിഭാഗം مِن قِبَلِهِ അതിന്റെ നേരിൽ (ഭാഗത്തിൽ) കൂടിയാണ് ٱلْعَذَابُ ശിക്ഷ 《14》 يُنَادُونَهُمْ അവർ അവരെ വിളിച്ചു പറയും أَلَمْ نَكُن ഞങ്ങൾ ആയിരുന്നില്ലേ مَّعَكُمْ നിങ്ങളുടെ കൂടെ قَالُوا۟ അവർ പറയും بَلَىٰ ഇല്ലാതേ, അതെ, ശരി وَلَٰكِنَّكُمْ എങ്കിലും നിങ്ങൾ فَتَنتُمْ നിങ്ങൾ കുഴപ്പത്തിലാക്കി أَنفُسَكُمْ നിങ്ങളുടെ ദേഹങ്ങളെ (നിങ്ങളെത്തന്നെ) وَتَرَبَّصْتُمْ നിങ്ങൾ പ്രതീക്ഷിക്കുക (കാത്തിരിക്കുക)യും ചെയ്തു وَٱرْتَبْتُمْ നിങ്ങൾ സന്ദേഹം വെക്കുക (സംശയപ്പെടുക)യും ചെയ്തു وَغَرَّتْكُمُ നിങ്ങളെ വഞ്ചിക്കു

കയും ചെയ്തു ٱلْأَمَانِىُّ വ്യാ(ദുർ)മോഹങ്ങൾ , കൊതികൾ حَتَّىٰ جَآءَ വരുവോളം,
അങ്ങിനെ വന്നു أَمْرُ ٱللَّهِ അല്ലാഹുവിന്റെ കൽപന وَغَرَّكُم നിങ്ങളെ വഞ്ചിക്കു
കയും ചെയ്തു بِٱللَّهِ അല്ലാഹുവിനെപ്പറ്റി ٱلْغَرُورُ (ആ) മഹാ വഞ്ചകൻ ﴾15﴿ فَٱلْيَوْمَ
എനി (ആകയാൽ) ഇന്ന് لَا يُؤْخَذُ مِنكُمْ നിങ്ങളിൽനിന്ന് സ്വീകരിക്കപ്പെടുകയില്ല
فِدْيَةٌ ഒരു തെണ്ടവും, മോചനമൂല്യവും, പ്രായശ്ചിത്തവും وَلَا مِنَ ٱلَّذِينَ യാതൊരു
ത്തരിൽനിന്നും ഇല്ല كَفَرُوا അവിശ്വസിച്ച مَأْوَىٰكُمُ നിങ്ങളുടെ സങ്കേത (വാസ-
വിശ്രമ- പ്രാപ്യ) സ്ഥാനം ٱلنَّارُ നരകമാകുന്നു هِىَ അത് مَوْلَىٰكُمْ നിങ്ങളുടെ ബന്ധു
(യോജിച്ചത്- രക്ഷാധികാരി- യജമാനൻ) ആകുന്നു وَبِئْسَ വളരെ ചീത്ത, മോശം
ٱلْمَصِيرُ(ആ) തിരിച്ചു (മടങ്ങി) ചെല്ലുന്ന സ്ഥാനം, തിരിച്ചെത്തൽ

പരലോകത്തുവെച്ച് സത്യവിശ്വാസികളുടെ മുമ്പിലും വലതുഭാഗത്തും ഉണ്ടാകുന്ന ആ പ്രകാശം എങ്ങനെയുള്ളതാണെന്ന് തീർത്ത് പറയുവാൻ നമുക്ക് സാധ്യമല്ല. സത്യവിശ്വാസികളുടെ മുഖങ്ങൾ അന്ന് വെളുത്തും തെളിഞ്ഞും പ്രസന്നമായും ഇരിക്കുമെന്നും, അവിശ്വാസികളുടെ മുഖങ്ങൾ അന്ന് കറുത്തിരുണ്ടും മ്ലാനവുമായിരിക്കുമെന്നും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. (80: 38 –40; 3: 106.) സജ്ജനങ്ങളുടെ നന്മതിൻമകൾ രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥം അവരുടെ മുമ്പിൽകൂടി വലതു കയ്യിലും, ദുർജനങ്ങളുടേത് അവരുടെ പിമ്പിൽകൂടി ഇടതുകയ്യിലും ആയിരിക്കും നൽകപ്പെടുക എന്ന് ക്വുർആനിലും ഹദീഥിലും പ്രസ്താവിക്കാറുള്ളതാണ്. (69: 19, 25; 84: 7, 10.) 'വുദ്വൂ'വിന്റെ അടയാളങ്ങൾ നിമിത്തം എന്റെ സമുദായത്തെ ക്വിയാമത്തുനാളിൽ കൈകാലുകൾ വെളുത്തവർ (ശോഭിക്കുന്നവർ) എന്ന് വിളിക്കപ്പെടും; ആകയാൽ നിങ്ങളിൽനിന്ന് മുഖം നീട്ടിക്കഴുകുവാൻ സാധിക്കുന്നവർ ചെയ്തുകൊള്ളട്ടെ' എന്ന് നബി തിരുമേനിﷺ അരുളിച്ചെയ്തിരിക്കുന്നു. (ബു: മു.) 'ജനങ്ങൾക്ക് അവരുടെ കർമങ്ങളുടെ തോതനുസരിച്ച് -ചിലർക്ക് അതിവിശാലമായും, ചിലർക്ക് അതിന് താഴെയും, മറ്റ് ചിലർക്ക് വളരെ കുറഞ്ഞ നിലയിലും- പ്രകാശം ലഭിക്കുമെന്നും, അതിന്റെ സഹായത്തോടെ അവർ 'സ്വിറാത്വ്, (الصراط) കടന്നു പോകുമെന്നും * ഇബ്നു മസ്ഊദ് (റ)ൽ നിന്നും, ക്വത്താദഃ (റ)യിൽനിന്നുമുള്ള ചില 'രിവായത്തു' കളിലും വന്നിരിക്കുന്നു. അല്ലാഹുവിന്റെ സ്മരണവിട്ട് അന്ധരായി ജീവിക്കുന്നവരെ ക്വിയാമത്ത്നാളിൽ അന്ധൻമാരായി ഒരുമിച്ചുകൂട്ടുമെന്ന് സൂ: ത്വാഹാ 124 ലും കാണാം. 'അക്രമം ക്വിയാമത്ത്നാളിൽ അന്ധകാരങ്ങളായിരിക്കും' (ബു; മു.) എന്ന നബി വചനവും സ്മരണീയമാകുന്നു. സൽക്കർമങ്ങൾ ചെയ്യുന്ന സജ്ജനങ്ങൾക്ക് അവരുടേ

(*) സ്വർഗത്തിലേക്ക് പ്രവേശിക്കുവാനുള്ളതും, നരകത്തിന് മീതെയായി നീണ്ടുകിടക്കുന്നതുമായ ഒരു പാലമായിട്ടണ് 'സ്വിറാത്' (الصراط) എന്ന വാക്ക് ഹദീഥുകളിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. 'പാത, വഴി' എന്നൊക്കെയാണ് വാക്കർത്ഥം. സജ്ജനങ്ങൾ അതുവഴി അവരവരുടെ യോഗ്യതയനുസരിച്ച് വേഗതയിൽ സ്വർഗത്തിൽ പ്രവേശിക്കുമെന്നും, ദുർജനങ്ങൾ അത് കടക്കുവാൻ കഴിയാതെ നരകത്തിൽ വീഴ്ത്തപ്പെടുമെന്നും ഹദീഥുകളിൽ വന്നിരിക്കുന്നു.

തായ പ്രതിഫലവും പ്രകാശവും ഉണ്ടായിരിക്കുമെന്ന് താഴെ 19 -ാം വചനത്തിലും കാണാം.

സത്യവിശ്വാസികളുടെ പ്രകാശത്തെപ്പറ്റി ഏറെക്കുറെ മനസ്സിലാക്കുവാൻ ഇതെല്ലാം സഹായകമായിരിക്കും. നേരെമറിച്ച് അവിശ്വാസികൾക്കും, കപടവിശ്വാസികൾക്കും അനുഭവപ്പെടുന്ന ഇരുട്ടിനെക്കുറിച്ചും ഇതിൽനിന്നെല്ലാം ഊഹിക്കാവുന്നതാണ്. വെളിച്ചവും മാർഗദർശനവുമില്ലാതെ മഹ്ശറിൽവെച്ച് അന്ധാളിച്ച് നട്ടം തിരിയുന്ന കപടവിശ്വാസികൾ സത്യവിശ്വാസികളുടെ പ്രകാശം കാണുമ്പോൾ അവരോട് സഹായം തേടുന്നതും, അതിന് ലഭിക്കുന്ന മറുപടിയുമാണ് അല്ലാഹു ഈ വചനത്തിൽ വിവരിക്കുന്നത്. 'നിങ്ങൾ പിന്നോട്ട് മടങ്ങുവിൻ, എന്നിട്ട് വല്ലപ്രകാശവും, അന്വേഷിച്ചു കൊള്ളുവിൻ' (ارجعوا وراءكم الخ) എന്ന് പറഞ്ഞതിന്റെ താൽപര്യം, നിങ്ങൾ ഇഹലോകത്തേക്ക് മടങ്ങിനോക്കിൻ, അവിടെനിന്നാണ് പ്രകാശത്തിനുള്ള മാർഗങ്ങൾ സമ്പാദിക്കേണ്ടിയിരുന്നത്, അത് നിങ്ങൾ നഷ്ടപ്പെടുത്തി. എനി ഒന്നുകൂടി മടങ്ങിപ്പോയി അത് സമ്പാദിക്കുവാൻ നോക്കുക എന്നിങ്ങിനെയായിരിക്കാം. അല്ലെങ്കിൽ, നിങ്ങൾ വന്നവഴിക്കുതന്നെ പിമ്പോട്ടൊന്ന് മടങ്ങിപ്പോയി അന്വേഷിച്ചുനോക്കിൻ എന്നുമായിരിക്കാം. ഏതായാലും, നിങ്ങൾക്ക് ഇവിടെവെച്ച് പ്രകാശം ലഭിക്കുവാനില്ല എന്നാണ് മറുപടിയുടെ സാരം എന്ന് വ്യക്തമാണ്. ഇരുഭാഗക്കാർക്കും ഇടയിൽ സ്ഥാപിക്കപ്പെടുന്ന മതിൽ- അതിർത്തിമറ- എങ്ങനെയുള്ളതാണെന്നും നമുക്കറിഞ്ഞുകൂടാ. ഏതായാലും അതിന്റെ വാതിൽ കടന്നു ഉള്ളോട്ട് പോയാൽ അവിടെ സത്യവിശ്വാസികളും അവർക്ക് അല്ലാഹുവിൽനിന്ന് ലഭിക്കുന്ന സ്വർഗാനുഗ്രഹങ്ങളും അതിന്റെ പിൻപുറത്ത് കപട വിശ്വാസികളും അവിശ്വാസികളും അവർക്ക് ലഭിക്കുന്ന നരക ശിക്ഷകളും ആയിരിക്കും ഉണ്ടാവുക. രണ്ടിനുമിടയിലുള്ള ഒരതിർത്തിയായിരിക്കും അത്.

'ഞങ്ങൾ നിങ്ങളുടെ ഒന്നിച്ചായിരുന്നില്ലേ? (الم نكن معكم) എന്ന് പറഞ്ഞത് ഇഹത്തിൽവെച്ച് കപടവിശ്വാസികൾ മുസ്‌ലിംവേഷമണിഞ്ഞ് ബാഹ്യത്തിൽ അവരോട് സമ്പർക്കം പുലർത്തികൊണ്ടിരുന്നതിനെ ഓർമിപ്പിച്ചുകൊണ്ടാണ്. പക്ഷേ, അവരുടെ യഥാർത്ഥനില ഇന്നിന്നപ്രകാരമായിരുന്നുവെന്നും, അതുകൊണ്ട് ഇവിടെവെച്ച് നമുക്ക് സഹകരിക്കുവാൻ നിവൃത്തിയില്ലെന്നും സത്യവിശ്വാസികൾ ഉത്തരം പറയുന്നു. 'നിങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു (تربصتم) എന്ന് പറഞ്ഞതിന്റെ സാരം, മുസ്‌ലിംകൾക്ക് ഏതെങ്കിലും വിധേന അപകടം പിണയുകയും, അങ്ങനെ തങ്ങൾക്ക് അവരിൽനിന്ന് രക്ഷനേടുകയും ചെയ്യാമെന്ന് കപടവിശ്വാസികൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നുവെന്നത്രെ'. അല്ലെങ്കിൽ, സൽക്കർമങ്ങൾ ചെയ്യാനുള്ള അവസരങ്ങളെല്ലാം പാഴാക്കി പിന്നീടാക്കാമെന്ന് കാത്തിരുന്നു എന്നും ആയിരിക്കാം. الله أعلم 'അല്ലാഹുവിന്റെ കൽപന വന്നെത്തുന്നതുവരെ' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം മരണം വരെ എന്നും 'മഹാവഞ്ചകൻ' എന്നതിന്റെ ഉദ്ദേശ്യം പിശാച് എന്നുമാകുന്നു. കപടവിശ്വാസികളുടെ പര്യവസാനത്തെക്കുറിച്ച് പലതും പ്രസ്താവിച്ചശേഷം, സത്യവിശ്വാസികൾ എപ്പോഴും വളരെ ജാഗരൂകരായിരിക്കേണ്ടതുണ്ടെന്നും അല്ലാത്തപക്ഷം അവരുടെ ഭാവി വിനാശത്തിലേക്ക് നീങ്ങുമെന്നും അല്ലാഹു താക്കീത് ചെയ്യുന്നു:-

أَلَمۡ يَأۡنِ لِلَّذِينَ ءَامَنُوٓاْ أَن تَخۡشَعَ قُلُوبُهُمۡ لِذِكۡرِ ٱللَّهِ وَمَا نَزَلَ مِنَ ٱلۡحَقِّ وَلَا يَكُونُواْ كَٱلَّذِينَ أُوتُواْ ٱلۡكِتَٰبَ مِن قَبۡلُ فَطَالَ عَلَيۡهِمُ ٱلۡأَمَدُ فَقَسَتۡ قُلُوبُهُمۡۖ وَكَثِيرٞ مِّنۡهُمۡ فَٰسِقُونَ ﴿١٦﴾

﴾16﴿ വിശ്വസിച്ചവർക്ക് അല്ലാഹുവിന്റെ സ്മരണയിലേക്കും, അവതരിച്ചിട്ടുള്ള യഥാർത്ഥത്തിലേക്കും തങ്ങളുടെ ഹൃദയങ്ങൾ (ഒതുങ്ങി) വിനയപ്പെട്ടുവരുവാൻ സമയമായില്ലേ?!

മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ അവർ ആകാതിരിക്കുവാനും (സമയമായില്ലേ)?! എന്നിട്ട് അവരിൽ [വേദക്കാരിൽ] കാലം ദീർഘിച്ചു; അങ്ങനെ, അവരുടെ ഹൃദയങ്ങൾ കടുത്തുപോയി; അവരിൽ അധികമാളുകളും ദുർന്നടപ്പുകാരുമാകുന്നു. (എന്നതുപോലെ.)

﴾16﴿ أَلَمۡ يَأۡنِ സമയം (നേരം) ആയിട്ടില്ലേ لِلَّذِينَ ءَامَنُوٓاْ വിശ്വസിച്ചവർക്ക് أَن تَخۡشَعَ വിനയ (ഭക്തി)പ്പെടുവാൻ, ഒതുങ്ങുവാൻ قُلُوبُهُمۡ അവരുടെ ഹൃദയങ്ങൾ لِذِكۡرِ ٱللَّهِ അല്ലാഹുവിന്റെ സ്മരണയിലേക്ക് (ഉപദേശത്തിലേക്ക്, ഉൽബോധനത്തിന്) وَمَا نَزَلَ ഇറങ്ങിയ (അവതരിച്ച)തിലേക്കും مِنَ ٱلۡحَقِّ യഥാർത്ഥ (സത്യ)ത്തിൽനിന്ന് وَلَا يَكُونُواْ അവർ ആകാതിരിക്കുവാനും كَٱلَّذِينَ യാതൊരുവരെപ്പോലെ أُوتُواْ ٱلۡكِتَٰبَ വേദഗ്രന്ഥം നൽകപ്പെട്ട مِن قَبۡلُ മുമ്പ് فَطَالَ എന്നിട്ട് ദീർഘിച്ചു, നീണ്ടു عَلَيۡهِمُ അവരിൽ ٱلۡأَمَدُ കാലം فَقَسَتۡ എന്നിട്ട് കടുത്തു, കടുപ്പമായി قُلُوبُهُمۡ അവരുടെ ഹൃദയങ്ങൾ وَكَثِيرٞ അധികമാളുകളും, പലരും مِّنۡهُمۡ അവരിൽ നിന്ന് فَٰسِقُونَ ദുർന്നടപ്പുകാരാണ്, തോന്നിയവാസികളാണ്

വളരെ ഗൗരവപൂർവ്വം മുസ്‌ലിംകൾ സദാ മനസ്സിരുത്തേണ്ടുന്ന ഒരു താക്കീതാണിത്. ക്വുർആൻ അവതരിച്ചുകൊണ്ടിരിക്കുന്നു; നബി തിരുമേനിﷺ സത്യവിശ്വാസികൾക്കിടയിൽ ജീവിച്ചുവരുന്നു. അങ്ങനെയുള്ള അക്കാലത്ത്- മുസ്‌ലിം സമുദായത്തിന്റെ ഏറ്റവും ഉത്തമകാലത്ത്- സത്യവിശ്വാസികളിൽ ചിലരിൽനിന്നെങ്കിലും പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയ അനാസ്ഥയെക്കുറിച്ചാണല്ലോ ഈ വചനം ഇത്രയും ഗൗരവപൂർവ്വം താക്കീത് ചെയ്യുന്നത്! എന്നിരിക്കെ, ഇന്നത്തെ മുസ്‌ലിംകളുടെ നിലയെക്കുറിച്ച് ഒരു താക്കീത് വരികയാണെങ്കിൽ അത് എത്രമേൽ കഠോരമായിരിക്കും? ആലോചിച്ചു നോക്കുക!

ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ക്വത്താദഃ (റ) വഴി ഇബ്നു അബീഹാതിം (റ) നിവേദനം ചെയ്തിരിക്കുന്നു: 'സത്യവിശ്വാസികളുടെ ഹൃദയങ്ങൾക്ക് ഒരു മാന്ദ്യത ബാധിച്ചതായി അല്ലാഹു കണ്ടു. അതിനാൽ, ക്വുർആൻ

അവതരിച്ചു തുടങ്ങിയത് മുതൽ പതിമൂന്നുകൊല്ലക്കാലത്തിന്റെ തലക്കൽവെച്ച് അവരെ ആക്ഷേപിക്കുകയായി. അവൻ പറഞ്ഞു: ألم يأن للذين آمنوا الخ (സത്യവിശ്വാസികൾക്ക് സമയമായില്ലേ..........?!)' ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി, ഇമാം മുസ്‌ലിം (റ) ഇപ്രകാരം ഉദ്ധരിക്കുന്നു; 'സത്യവിശ്വാസികൾക്ക് സമയമായില്ലേ' എന്ന് തുടങ്ങുന്ന ഈ വചനം മുഖേന ഞങ്ങളെ ആക്ഷേപിച്ചതിനും, ഞങ്ങൾ ഇസ്‌ലാമിനെ അംഗീകരിച്ചതിനുമിടയിൽ നാല്സംവത്സരമല്ലാതെ ഉണ്ടായിട്ടില്ല.' ഇബ്നു മസ്ഊദ് (റ) തന്നെ പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള വേറൊരു രിവായത്തിന്റെ സാരം ഇതാണ്: 'നബിﷺയുടെ സ്വഹാബികൾ മദീനഃയിൽ വന്നപ്പോൾ അവർക്ക് ജീവിതത്തിൽ കുറച്ചൊക്കെ സൗഖ്യം ലഭ്യമായി. അവർ മുമ്പ് വലിയ വിഷമാവസ്ഥയിലായിരുന്നുവല്ലോ. അങ്ങനെ, അവരുടെ മുമ്പത്തെ നിലപാടിൽ അൽപമൊരു അയവ് വന്നുവെന്ന്തോന്നുന്നു. അതിനാൽ അവർ ഈ ആയത്ത് മൂലം ആക്ഷേപിക്കപ്പെട്ടിരിക്കുകയാണ്.' ഈ വചനം അവതരിക്കുവാനുള്ള സാഹചര്യം ഇതിൽ നിന്നെല്ലാം മനസ്സിലാക്കാമല്ലോ.

വളരെ അർത്ഥവത്തായ രണ്ട് കാര്യങ്ങളാണ് അല്ലാഹു ഇതിൽ സത്യവിശ്വാസികളെ ഓർമിപ്പിച്ചിരിക്കുന്നത്. (1) അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും ബോധവും നിലനിറുത്തുന്നതിലും, ക്വുർആന്റെ ഉൽബോധനങ്ങളും ഉപദേശങ്ങളും സ്വീകരിക്കുന്നതിലും ഒട്ടും അയവു വരാത്തവിധം സത്യവിശ്വാസികളുടെ ഹൃദയങ്ങൾ വിനയവും ഭക്തിയും നിറഞ്ഞതായിരിക്കുക.

(2) യഹൂദികളും ക്രിസ്ത്യാനികളുമാകുന്ന പൂർവ്വ വേദക്കാർ അവരുടെ ആദ്യകാലങ്ങളിൽ നേർമാർഗത്തിൽ ചരിച്ചുവെങ്കിലും, കാലക്രമേണ അവരുടെ ഹൃദയം ദുഷിച്ചുമരവിക്കുകയും തോന്നിയവാസത്തിൽ മുഴുകുകയും ചെയ്തതുപോലെ സത്യവിശ്വാസികളും ആയിത്തീരാതിരിക്കുവാൻ ശ്രമിക്കുക. രണ്ട് കാര്യങ്ങളും പരസ്പരം അഭേദ്യബന്ധമുള്ളതാണെന്നു കാണാം. അഥവാ അല്ലാഹുവിനെക്കുറിച്ചും, വേദഗ്രന്ഥത്തെക്കുറിച്ചുമുള്ള മതിപ്പും ഭക്തിയും കുറയുംതോറും വേദക്കാരുടെ അതേ നിലപാട് മുസ്‌ലിംകളിൽ കടന്നുകൂടുക സ്വാഭാവികമായിരിക്കും. വേദക്കാർ ചെയ്തതെന്താണ്? അവർ വേദഗ്രന്ഥങ്ങൾ മാറ്റി മറിച്ചു. സ്വാർത്ഥത്തിനും ഐഹികതാൽപര്യത്തിനും അനുസരിച്ചു നിയമങ്ങൾ ഭേദഗതിചെയ്തു. അതാതുകാലത്തെ ജനവികാരത്തിനനുസരിച്ച് മതമൂല്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തു; കള്ളകഥകളും പുത്തൻസിദ്ധാന്തങ്ങളും കെട്ടിച്ചമച്ചു; പുരോഹിതൻമാരെയും പണ്ഡിതൻമാരെയും റബ്ബുകളാക്കി; ഇച്ഛക്കൊത്തവണ്ണം ഗ്രന്ഥങ്ങൾ രചിക്കുകയും അവ ദൈവിക ഗ്രന്ഥങ്ങളായി ചിത്രീകരിക്കുകയും ചെയ്തു. ജീവിതത്തിന്റെ പല വശങ്ങളെയും മതത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി; അങ്ങനെ പലതും പലതും.!

ആയിരത്തിനാനൂറുകൊല്ലംമുമ്പ് –ഇസ്‌ലാമിന്റെ ആദ്യസംവത്സരങ്ങളിൽതന്നെ– അല്ലാഹു നൽകിയ ഈ താക്കീതും, അല്ലാഹുവിന്റെ റസൂൽ നൽകിയ താക്കീതുകളും വിലവെക്കാത്തതിൻഫലമായി ഇന്ന് മുസ്‌ലിം സമുദായം എവിടെ എത്തി

യെന്ന് ആലോചിച്ചു നോക്കുക! അതെ, നബി തിരുമേനിﷺയുടെ പ്രവചനം അക്ഷരം പ്രതി അവരിൽ പുലർന്നുകഴിഞ്ഞു! തിരുമേനിയുടെ പ്രവചനം ഇതാണ്: 'ഇസ്റാഈല്യരിൽ സംഭവിച്ചത് ചെരുപ്പിന് ചെരുപ്പെന്നോണം നിശ്ചയമായും എന്റെ സമുദായത്തിലും സംഭവിക്കും. എത്രത്തോളമെന്നുവെച്ചാൽ, അവരിൽ വല്ലവരും തന്റെ മാതാവിന്റെ അടുക്കൽ പരസ്യമായി (വ്യഭിചാരത്തിന്) ചെന്നിട്ടുണ്ടെങ്കിൽ, എന്റെ സമുദായത്തിലും അങ്ങനെ പ്രവർത്തിക്കുന്നവരുണ്ടാകും. ഇസ്റാഈല്യർ എഴുപത്തിരണ്ട് കക്ഷികളായി ഭിന്നിച്ചിരിക്കുന്നു. എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി ഭിന്നിച്ചേക്കും. അവരിൽ ഒന്നൊഴിച്ച് ബാക്കി എല്ലാവരും നരകത്തിലായിരിക്കും.' സ്വഹാബികൾ ചോദിച്ചു: 'റസൂലേ, ആ കക്ഷി ആരാണ്?' തിരുമേനി പറഞ്ഞു: ഞാനും എന്റെ സ്വഹാബികളും നിലക്കൊള്ളുന്ന പ്രകാരത്തിലുള്ളതാണ്' (തി). മറ്റൊരു ഹദീഥിൽ, കക്ഷികളെക്കുറിച്ച് പറഞ്ഞശേഷം തിരുമേനി ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'എന്റെ സമുദായത്തിൽ ചില ജനങ്ങൾ വഴിയെ പ്രത്യക്ഷപ്പെടും. പേപ്പട്ടിവിഷം തീണ്ടിയവനിൽ അത് പടർന്നുപിടിക്കുന്നത്പോലെ ആ തന്നിഷ്ടങ്ങൾ അവരിൽ പടർന്നുപിടിക്കും. അവന്റെ ഒരു അവയവവും ഒരു സന്ധിയും അത് പ്രവേശിക്കാതെ ബാക്കിയാവുകയില്ലല്ലോ.' (അ; ദാ) യാഥാസ്ഥിതിക ചേരിയിൽനിന്നും, പുരോഗമന ചേരിയിൽനിന്നും, പൊതുജനങ്ങളിൽനിന്നും, സ്ഥാപിതതാൽപര്യക്കാരായ പണ്ഡിതൻമാരിൽനിന്നുമെല്ലാം തന്നെ, ഇന്ന് മുസ്‌ലിംസമുദായത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന ചെയ്തികളെപ്പറ്റി അൽപമൊന്ന് ആലോചിക്കുന്നവർക്കെല്ലാം ഈ ഹദീഥുകളിലെ പ്രവചനവും, അതിനപ്പുറവും ഇന്ന് പുലർന്നു കഴിഞ്ഞതായി മനസ്സിലാകും. അല്ലാഹുവിൽ ശരണം!

ٱعۡلَمُوٓاْ أَنَّ ٱللَّهَ يُحۡيِ ٱلۡأَرۡضَ بَعۡدَ مَوۡتِهَاۚ قَدۡ بَيَّنَّا لَكُمُ ٱلۡأٓيَٰتِ لَعَلَّكُمۡ تَعۡقِلُونَ ﴿١٧﴾

﴾17﴿ നിങ്ങൾ അറിഞ്ഞുകൊള്ളുക: ഭൂമി നിർജ്ജീവമായതിനു ശേഷം അല്ലാഹു അതിനെ ജീവിപ്പിക്കുന്നു എന്ന്. തീർച്ചയായും, നാം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചുതന്നിരിക്കുന്നു, നിങ്ങൾ ബുദ്ധികൊടു(ത്തു ചിന്തി)ക്കുവാൻവേണ്ടി.

﴾17﴿ ٱعۡلَمُوٓاْ നിങ്ങൾ അറിഞ്ഞുകൊള്ളുക أَنَّ ٱللَّهَ അല്ലാഹു (ആകുന്നു) എന്ന് يُحۡيِ ജീവിപ്പിക്കുന്നു (എന്ന്) ٱلۡأَرۡضَ ഭൂമിയെ بَعۡدَ مَوۡتِهَا അതിന്റെ മരണത്തിന് (നിർജ്ജീവാവസ്ഥക്ക്) ശേഷം قَدۡ بَيَّنَّا നാം വിവരിച്ചിട്ടുണ്ട് لَكُمُ ٱلۡأٓيَٰتِ നിങ്ങൾക്ക് ദൃഷ്ടാന്തങ്ങളെ لَعَلَّكُمۡ تَعۡقِلُونَ നിങ്ങൾ ബുദ്ധി (ചിന്ത) കൊടുക്കുവാൻ വേണ്ടി

വേദക്കാരിൽ പടർന്നുപിടിച്ച പേപ്പട്ടിവിഷം പോലെയുള്ള തന്നിഷ്ടങ്ങൾ മുസ്‌ലിംകളെ തീണ്ടാതിരിക്കണമെങ്കിൽ അല്ലാഹുവിന്റെ സ്മരണയും, അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥവും കൈവിടാതിരിക്കണമെന്ന് മേൽ വിവരിച്ചതിൽനിന്ന്

മനസ്സിലാക്കാം. ഒരു ഉപമയിൽകൂടി ആ വസ്തുത ഈ വചനത്തിൽ അല്ലാഹു സൂചിപ്പിക്കുന്നു. നിർജ്ജീവമായി ചൈതന്യമില്ലാതെ ഉണങ്ങിക്കിടക്കുന്ന ഭൂമിയിൽ മഴവർഷിച്ചാൽ അത് പച്ചപിടിച്ചു ജീവസ്സുള്ളതായി രൂപപ്പെടുന്നു. അതുപോലെയാണ് ഹൃദയത്തിന്റെ നിലയും. കടുത്തുചത്ത ഹൃദയങ്ങളിൽ അല്ലാഹുവിന്റെ സ്മരണയും ക്വുർആനുമാകുന്ന മഴ വർഷിച്ചുതുടങ്ങിയാൽ അവർക്ക് ജീവചൈതന്യം ഉണ്ടാകുന്നതും അവ നന്മകളെ ഉൽപാദിപ്പിക്കുന്നതുമായിരിക്കും. والله الموفق والمعين

إِنَّ ٱلْمُصَّدِّقِينَ وَٱلْمُصَّدِّقَـٰتِ وَأَقْرَضُوا۟ ٱللَّهَ قَرْضًا حَسَنًا يُضَـٰعَفُ لَهُمْ وَلَهُمْ أَجْرٌ كَرِيمٌ ﴿١٨﴾

﴾18﴿ നിശ്ചയമായും, ദാനധർമം ചെയ്യുകയും, അല്ലാഹുവിന് നല്ലതായ കടം കൊടുക്കുകയും ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും (ആരോ) അവർക്ക് ഇരട്ടിച്ചു കൊടുക്കപ്പെടുന്നതാണ്; അവർക്ക് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കും.

وَٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦٓ أُو۟لَـٰٓئِكَ هُمُ ٱلصِّدِّيقُونَ ۖ وَٱلشُّهَدَآءُ عِندَ رَبِّهِمْ لَهُمْ أَجْرُهُمْ وَنُورُهُمْ ۖ وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَـٰتِنَآ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلْجَحِيمِ ﴿١٩﴾

﴾19﴿ യാതൊരുവൻ അല്ലാഹുവിലും, അവന്റെ റസൂലുകളിലും വിശ്വസിച്ചുവോ, അക്കൂട്ടർ തന്നെയാണ്, തങ്ങളുടെ റബ്ബിന്റെ അടുക്കൽ 'സ്വിദ്ദീക്വു'കളും, ശഹീദു'കളും [സത്യസന്ധൻമാരും, രക്തസാക്ഷികളും].

അവർക്ക് അവരുടെതായ പ്രതിഫലവും, അവരുടെതായ പ്രകാശവും ഉണ്ടായിരിക്കും, യാതൊരുവർ അവിശ്വസിക്കുകയും, നമ്മുടെ ആയത്തു(ലക്ഷ്യം)കളെ വ്യാജമാക്കുകയും ചെയ്തുവോ, അക്കൂട്ടർ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാകുന്നു.

﴾18﴿ إِنَّ ٱلْمُصَّدِّقِينَ നിശ്ചയമായും ദാനധർമം നൽകുന്ന പുരുഷൻമാർ وَٱلْمُصَّدِّقَـٰتِ ദാനധർമം ചെയ്യുന്ന സ്ത്രീകളും وَأَقْرَضُوا۟ കടം കൊടുക്കുകയും ചെയ്ത ٱللَّهَ അല്ലാഹുവിന് قَرْضًا حَسَنًا നല്ലതായ കടം يُضَـٰعَفُ لَهُمْ അവർക്ക് ഇരട്ടിയായി കൊടുക്കപ്പെടും وَلَهُمْ അവർക്കുണ്ട് താനും أَجْرٌ كَرِيمٌ മാന്യമായ പ്രതിഫലം, കൂലി ﴾19﴿ وَٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവർ بِٱللَّهِ അല്ലാഹുവിലും وَرُسُلِهِۦ അവന്റെ റസൂലുകളിലും, ദൂതൻമാരിലും أُو۟لَـٰٓئِكَ هُمُ അക്കൂട്ടർ തന്നെയാണ് ٱلصِّدِّيقُونَ സ്വിദ്ദീക്വുകൾ,

സത്യസന്ധൻമാർ وَٱلشُّهَدَآءُ ശഹീദ് (രക്തസാക്ഷി)കളും عِندَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ لَهُمْ അവർക്കുണ്ട് أَجْرُهُمْ അവരുടെ പ്രതിഫലം وَنُورُهُمْ അവരുടെ പ്രകാശവും وَٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ وَكَذَّبُوا۟ വ്യാജമാക്കുകയും ചെയ്ത بِـَٔايَـٰتِنَآ നമ്മുടെ ആയത്ത് (ലക്ഷ്യദൃഷ്ടാന്തം)കളെ أُو۟لَـٰٓئِكَ അക്കൂട്ടർ أَصْحَـٰبُ ٱلْجَحِيمِ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാകുന്നു

സത്യവിശ്വാസത്തിലും, സത്യനിഷ്ഠയിലും അടിയുറച്ച സത്യസന്ധൻമാർക്കാണ് 'സ്വിദ്ദീക്വു'കൾ എന്ന് പറയുന്നത്. സത്യമതത്തിനുവേണ്ടി ജീവനെ ബലിയർപ്പിച്ച രക്തസാക്ഷി -അഥവാ സത്യസാക്ഷി- കൾക്കാണ് 'ശഹീദു'കൾ എന്ന് പറയുന്നത്. സ്വിദ്ദീക്വിന്റെ സ്ഥാനം വിശ്വാസത്തിന്റെ ശക്തിയിൽനിന്നും, ശഹീദിന്റെ സ്ഥാനം ത്യാഗത്തിന്റെ ശക്തിയിൽനിന്നും ഉടലെടുക്കുന്നു. പ്രവാചകൻമാരുടെ പദവി കഴിച്ചാൽ മനുഷ്യന് എത്തിച്ചേരുവാൻ കഴിയുന്ന ഉന്നത പദവികളത്രെ അവ. പ്രവാചകപദവി മനുഷ്യന്റെ കർമഫലമായോ മറ്റോ ലഭിക്കുന്നതല്ല. അത് അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവന്റെ കാരുണ്യംകൊണ്ട് മാത്രം ലഭിക്കുന്ന സ്ഥാനമാണ്. സ്വിദ്ദീക്വിന്റെയും ശഹീദിന്റെയും സ്ഥാനമാകട്ടെ, വിശ്വാസകർമങ്ങളുടെ ഫലമായി സത്യവിശ്വാസികൾക്കെല്ലാം ലഭിച്ചേക്കാവുന്നതുമാകുന്നു. 'അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിച്ചവർ തന്നെയാണ് സ്വിദ്ദീക്വുകളും, ശഹീദുകളും,' (والذين امنوا بالله ورسله الخ) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. പക്ഷേ, വിശ്വസിച്ചവരെല്ലാം സ്വിദ്ദീക്വും, ശഹീദും ആകുമെന്നോ, പ്രവർത്തനം കൂടാതെ വിശ്വാസം കൊണ്ടുമാത്രം ആ സ്ഥാനം നേടാമെന്നോ ഇതിനർത്ഥമില്ല. വിശ്വാസത്തിന് ദൃഢതയും പൂർണതയും ഉണ്ടെങ്കിൽ തദടിസ്ഥാനത്തിലുള്ള ജീവിതക്രമവും അതിന്റെ സഹജഗുണമായിരിക്കുന്നതാണ്. സത്യവിശ്വാസം കൂടാതെയുള്ള ഏത് ജീവിതക്രമത്തിനും- അത് എത്രമേൽ നല്ലതോ പ്രശംസനീയമോ ആയിരുന്നാൽ പോലും- അല്ലാഹുവിങ്കൽ പരിഗണനയില്ല താനും. 'അവിശ്വസിക്കുകയും നമ്മുടെ ആയത്തുകളെ വ്യാജമാക്കുകയും ചെയ്തവർ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാണ്' (والذين كفروا وكذبوا الخ) എന്ന് പറഞ്ഞതിൽനിന്ന് തന്നെ ഇത് മനസ്സിലാക്കാം.

വിഭാഗം- 3

ٱعْلَمُوٓا۟ أَنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ وَزِينَةٌ وَتَفَاخُرٌۢ بَيْنَكُمْ وَتَكَاثُرٌ فِى ٱلْأَمْوَٰلِ وَٱلْأَوْلَـٰدِ

﴾20﴿ നിങ്ങൾ അറിഞ്ഞിരിക്കണം: ഐഹിക ജീവിതമെന്നത്, കളിയും, വിനോദവും, അലങ്കാരവും, നിങ്ങൾ തമ്മിൽ ദുരഭിമാനം നടിക്കലും, സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം നടിക്കലും മാത്രമാകുന്നുവെന്ന്.

كَمَثَلِ غَيْثٍ أَعْجَبَ ٱلْكُفَّارَ
نَبَاتُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصْفَرًّا ثُمَّ
يَكُونُ حُطَـٰمًا ۖ وَفِى ٱلْـَٔاخِرَةِ عَذَابٌ
شَدِيدٌ وَمَغْفِرَةٌ مِّنَ ٱللَّهِ وَرِضْوَٰنٌ ۚ
وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا مَتَـٰعُ ٱلْغُرُورِ
٢٠

(അതെ, കേവലം) ഒരു മഴയുടെ മാതിരി, അതിലെ [അതിൽ മുളച്ച] ചെടി കർഷകരെ ആശ്ചര്യപ്പെടുത്തി; പിന്നീടത് വാടിപ്പോകുന്നു, എന്നിട്ടതിനെ മഞ്ഞനിറം പൂണ്ടതായി നീ കാണുന്നു, പിന്നെ അത് (ഉണങ്ങി) തുരുമ്പായിത്തീരുന്നു (എന്നപോലെ.) പരലോകത്തിലാകട്ടെ കഠിനമായ ശിക്ഷയും, അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും, പ്രീതിയും! ഇഹലോകജീവിതം, വഞ്ചനയുടെ (അഥവാ കൃത്രിമത്തിന്റെ) വിഭവമല്ലാതെ (മറ്റൊന്നും) അല്ല.

﴿20﴾ ٱعْلَمُوٓا۟ അറിയുവിൻ, നിങ്ങൾ അറിയണം أَنَّمَا ٱلْحَيَوٰةُ ٱلدُّنْيَا നിശ്ചയമായും ഐഹികജീവിതം (ആകുന്നു) എന്ന് لَعِبٌ കളിയാണ് (എന്ന്) وَلَهْوٌ വിനോദവും وَزِينَةٌ അലങ്കാരവും, ഭംഗിയും وَتَفَاخُرٌ ദുരഭിമാനം (പെരുമ- പത്രാസ്) നടിക്കലും بَيْنَكُمْ നിങ്ങൾക്കിടയിൽ, തമ്മിൽ وَتَكَاثُرٌ പെരുപ്പം (ആധിക്യം) നടിക്കലും فِى ٱلْأَمْوَٰلِ സ്വത്തുക്കളിലും وَٱلْأَوْلَـٰدِ സന്താനങ്ങളിലും كَمَثَلِ غَيْثٍ ഒരു മഴയുടെ മാതിരി أَعْجَبَ ٱلْكُفَّارَ കർഷകരെ ആശ്ചര്യപ്പെടുത്തി نَبَاتُهُۥ അതിന്റെ ചെടി, സസ്യം, മുള ثُمَّ يَهِيجُ പിന്നെ അതുവാടി (ഉണങ്ങി, ഇളക്കംപറ്റി) പ്പോകുന്നു فَتَرَىٰهُ എന്നിട്ട് നീ അതിനെ കാണുന്നു, കാണാം مُصْفَرًّا മഞ്ഞവർണമുള്ളതായി ثُمَّ يَكُونُ പിന്നെ അതാകുന്നു حُطَـٰمًا തുരുമ്പ്, നുറുങ്ങ്, ചവറ് وَفِى ٱلْـَٔاخِرَةِ പരലോകത്തിലാകട്ടെ عَذَابٌ شَدِيدٌ കഠിനശിക്ഷയാണ് وَمَغْفِرَةٌ പാപമോചനവും مِّنَ ٱللَّهِ അല്ലാഹുവിങ്കൽനിന്ന് وَرِضْوَٰنٌ പ്രീതിയും, പൊരുത്തവും وَمَا ٱلْحَيَوٰةُ ٱلدُّنْيَآ ഐഹികജീവിതമല്ല إِلَّا مَتَـٰعُ വിഭവം (ചരക്ക്, ഉപകരണം) അല്ലാതെ ٱلْغُرُورِ വഞ്ചന (ചതി)യുടെ, കൃത്രിമത്തിന്റെ

ഐഹികജീവിത്തിന്റെ ആകെത്തുകയും, അതിന്റെ യഥാർത്ഥ നിലപാടും അല്ലാഹു ഈ വചനത്തിൽ വിവരിച്ചിരിക്കുന്നു. യാതൊരു വിശദീകരണവും ആവശ്യമില്ലാത്തവിധം അത് സ്പഷ്ടവുമാകുന്നു. തുടർന്നുകൊണ്ട് പരലോകത്ത് ലഭിക്കുവാനുള്ളത് എന്തെല്ലാമാണെന്നും ചൂണ്ടിക്കാട്ടുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ ഭൗതിക വാദംവെച്ച് പുലർത്തുന്നവർ ഇരിക്കട്ടെ, കേവലം ഭൗതികവാദികള

ല്ലാത്ത ചില ആളുകൾപോലും അവരുടെ ചില പ്രസ്താവനകളിൽ ഐഹിക ജീവിതത്തെയും, പാരത്രിക ജീവിതത്തെയും ഒരേ അളവ് കോലുകൊണ്ട് അളന്നും, ഒരേ കട്ടികൊണ്ട് തൂക്കിയും വിലയിരുത്തുന്നത്കാണാം. മറ്റ് ചിലരുടെ പ്രസ്താവനകൾ കാണുമ്പോൾ, അല്ലാഹുവും റസൂലും മനുഷ്യന്റെ വിജയമായി കണക്കാക്കുന്നത് ഐഹിക ജീവിതത്തിന്റെ വിജയം മാത്രമാണെന്നും തോന്നിപ്പോകും. ഇങ്ങനെയുള്ളവരെല്ലാം ഈ ക്വുർആൻ വചനവും, ഇതുപോലെയുള്ള മറ്റ് പല ക്വുർആൻ വചനങ്ങളും തുറന്ന മനസ്സോടെ ശ്രദ്ധിക്കേണ്ടതാകുന്നു. അതുപോലെത്തന്നെ കലയുടെയോ, കായികാഭ്യാസത്തിന്റെയോ, സൗന്ദര്യാസ്വാദനത്തിന്റെയോ മറ്റോ പേരുകളിൽ ഇന്ന് പ്രചുരപ്രചാരത്തിലിരിക്കുന്ന കളിവിനോദങ്ങൾക്കും, കാലത്തിനൊത്ത് ജീവിതനിലവാരം ഉയർത്തേണ്ടതാണെന്നും മറ്റുമുള്ള ന്യായീകരണങ്ങളോടെ സർവ്വത്ര കാണപ്പെടുന്ന ആഢംബര തൽപരതക്കും ഇസ്‌ലാമിന്റെ അംഗീകാരംകൂടി വാങ്ങിക്കൊടുക്കുവാൻ വെമ്പൽകൊള്ളുന്ന പുരോഗമനവാദികളും ഇത്തരം വചനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഐഹിക സുഖങ്ങളെല്ലാം വർജിക്കണമെന്നോ, പാടില്ലാത്തതാണെന്നോ ഇപ്പറഞ്ഞതിന് അർത്ഥമാക്കേണ്ടതില്ല. അത്യാവശ്യമായ അളവിൽ മാത്രം വിനിയോഗിക്കുക, ഉപയോഗിക്കുന്നതെല്ലാം അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾക്കനുസരിച്ചും, പാരത്രിക നന്മക്ക് ഉതകുന്ന വിധത്തിലും ആയിരിക്കുക, ഇതാണ് വേണ്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പരലോകത്തേക്ക് സമ്പാദിക്കുവാനുള്ള വിളനിലമായിട്ടാണ് ഐഹികജീവിതത്തെ കണക്കാക്കേണ്ടത്.

ഭൗതിക ജീവിതത്തിന്റെ പ്രാധാന്യം ബാഹ്യദൃഷ്ടിയിൽ എന്തുതന്നെ ആയിരുന്നാലും ശരി- ഉപമാരൂപത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ- യഥാർത്ഥത്തിൽ അത് നശ്വരവും ക്ഷണികവുമാണല്ലോ. പിന്നീടുള്ളത് ശാശ്വതമായ പരലോകജീവിതമാണ്. അവിടെയാണെങ്കിൽ, ഒന്നുകിൽ കഠിനശിക്ഷ; അല്ലെങ്കിൽ അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും. അഥവാ ഐഹിക ജീവിതത്തിൽ വഞ്ചിതരായവർക്ക് കഠിനശിക്ഷയും, അതിൽ വഞ്ചിതരാകാതെ രക്ഷപ്പെട്ടവർക്ക് പാപമോചനവും പ്രീതിയുമായിരിക്കും. ഇതിൽ ഏത് വേണമെന്ന് ഓരോരുത്തനും സ്വയം തീരുമാനിക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് സാരം. ആർക്കും അമളി പിണയാതിരിക്കുവാൻ വേണ്ടി 'ഐഹിക ജീവിതം വഞ്ചനയുടെ വിഭവം- അഥവാ കള്ളച്ചരക്ക്- മാത്രമാണ്.' (وما الحياة الدنيا إلا متاع الغرور) എന്നൊരു താക്കീതും അല്ലാഹു നൽകിയിരിക്കുന്നു. പോരാ, പാപമോചനവും പ്രീതിയും അനുഭവിക്കുവാൻ മുന്നോട്ട് വരണമെന്ന് വാൽസല്യപൂർവ്വം തുടർന്നുള്ള വചനത്തിൽ ക്ഷണിക്കുകയും ചെയ്യുന്നു:-

سَابِقُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا كَعَرۡضِ ٱلسَّمَآءِ وَٱلۡأَرۡضِ

﴾21﴿ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും, ഒരു സ്വർഗത്തിലേക്കും മുൻകടന്നുവരുവിൻ! അതിന്റെ [ആ സ്വർഗത്തിന്റെ] വിസ്താരം ആകാശത്തിന്റെയും, ഭൂമിയുടെയും വിസ്താരം പോലെയാകുന്നു;

أُعِدَّتْ لِلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦ ۚ ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٢١﴾

അല്ലാഹുവിലും, അവന്റെ റസൂലുകളിലും വിശ്വസിച്ചവർക്കു വേണ്ടി അത് തയ്യാറാക്കപ്പെട്ടിരിക്കുന്നു. അത്, അല്ലാഹുവിന്റെ ദയവത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു. അല്ലാഹുവാകട്ടെ, മഹത്തായ ദയവുള്ളവനുമാകുന്നു.

﴾**21**﴿ سَابِقُوٓا۟ മുൻകടക്കുവിൻ, മുമ്പോട്ട് വരിൻ, മൽസരിച്ചു വരുവിൻ إِلَىٰ مَغْفِرَةٍ പാപമോചനത്തിലേക്ക് مِّن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള وَجَنَّةٍ ഒരു സ്വർഗത്തിലേക്കും عَرْضُهَا അതിന്റെ വിസ്താരം, വിശാലത, വീതി كَعَرْضِ ٱلسَّمَآءِ ആകാശത്തിന്റെ വിസ്താരം പോലെയാണ് وَٱلْأَرْضِ ഭൂമിയുടെയും أُعِدَّتْ അത് ഒരുക്ക (തയ്യാറാക്ക)പ്പെട്ടിരിക്കുന്നു لِلَّذِينَ ءَامَنُوا۟ വിശ്വസിച്ചവർക്ക് بِٱللَّهِ അല്ലാഹുവിൽ وَرُسُلِهِۦ അവന്റെ റസൂലുകളിലും ذَٰلِكَ അത് فَضْلُ ٱللَّهِ അല്ലാഹുവിന്റെ ദയവ് (അനുഗ്രഹം)ആകുന്നു يُؤْتِيهِ അവനത് കൊടുക്കുന്നു, നൽകും مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَٱللهُ അല്ലാഹു ذُو ٱلْفَضْلِ ദയവുള്ളവനാണ് ٱلْعَظِيمِ മഹത്തായ

സ്വർഗം എന്ന് പറയുന്നത് കേവലം ഒരു വമ്പിച്ച കെട്ടിടമോ വലിയ തോട്ടമോ അല്ല. അത് ആകാശഭൂമികളോളം വിസ്തൃതിയുള്ള അതിവിശാലമായ ഒരു മഹാലോകമാകുന്നു. പ്രസ്തുത സ്വർഗീയ ജീവിതം ലഭിക്കുവാനും, അതിൽ പ്രവേശനം ലഭിക്കേണ്ടതിന് അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനം വഴി അർഹത നേടുവാനും ഓരോരുത്തരും ഞാൻ മുമ്പിലാവണമെന്ന ആവേശത്തോടെ മുമ്പോട്ടുവരണം എന്ന് അല്ലാഹു ഉപദേശിക്കുന്നു. അഥവാ അതിനായി അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചുകൊണ്ട് സൽക്കർമങ്ങൾ പ്രവർത്തിക്കുകയും, ദുഷ്ക്കർമങ്ങൾ വെടിയുകയും ചെയ്യുന്നതിൽ അമാന്തം വരുത്താതെ സദാ ഉൽസുകരായിരിക്കണം എന്ന് താൽപര്യം. സൂ: ആലുഇംറാനിൽ സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

وَٱتَّقُوا۟ ٱلنَّارَ ٱلَّتِىٓ أُعِدَّتْ لِلْكَـٰفِرِينَ ﴿١٣١﴾ وَأَطِيعُوا۟ ٱللَّهَ وَٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿١٣٢﴾ ۞

وَسَارِعُوٓا۟ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا ٱلسَّمَـٰوَٰتُ وَٱلْأَرْضُ أُعِدَّتْ لِلْمُتَّقِينَ ﴿١٣٣﴾

(.......... അവിശ്വാസികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിട്ടുള്ള നരകത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുവാൻവേണ്ടി അല്ലാഹുവിനെയും, റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും, സ്വർഗത്തിലേക്കും ധൃതിപ്പെട്ടുവരുകയും ചെയ്യുവിൻ. അതിന്റെ വിസ്താരം ആകാശങ്ങളും ഭൂമിയും (കൂടിയത്ര) ആകുന്നു. അത് ഭയഭക്തൻമാർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു. (ആലുഇംറാൻ:

131– 133.) തുടർന്നുകൊണ്ട് ഭയഭക്തൻമാരുടെ സ്വഭാവഗുണങ്ങൾ അവിടെ എടുത്തുപറയുകയും ചെയ്തിരിക്കുന്നു.

അല്ലാമാ സയ്യിദ്ക്വുത്വുബ് ചൂണ്ടിക്കാട്ടിയതുപോലെ, സ്വർഗത്തിന്റെ വിശാലതയെക്കുറിച്ച് ക്വുർആനിലും ഹദീഥിലും കാണുന്ന ഇതുപോലെയുള്ള പ്രസ്താവനകളെ മുൻകാലത്ത്– ശാസ്ത്രം ഇന്നത്തെപ്പോലെ വികസിച്ചിട്ടില്ലാത്തതുകൊണ്ട്– കേവലം ചില അലങ്കാരപ്രയോഗങ്ങളായി ചില ആളുകൾ ഗണിച്ചുവന്നിരുന്നു. എന്നാൽ, ഉപരിയാകാശമണ്ഡലത്തിന്റെ അനന്തവിദൂരത ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുള്ള ഇക്കാലത്ത് ഇങ്ങനെയുള്ള പ്രസ്താവനകളെ നേർക്കുനേരെത്തന്നെ വിലയിരുത്തുവാൻ ശാസ്ത്രജ്ഞൻമാർക്ക്പോലും വൈമനസ്യം ആവശ്യമില്ലാതെയാണിരിക്കുന്നത്.

അല്ലാഹുവിലും റസൂലുകളിലും വിശ്വസിക്കുന്നവർക്കുവേണ്ടിയാണ് സ്വർഗം തയ്യാറാക്കപ്പെട്ടിരിക്കുന്നതെന്ന് ഈ ആയത്തിലും, ഭയഭക്തൻമാർക്കുവേണ്ടിയാണെന്ന് ആലുഇംറാനിലെ ആയത്തിലും അല്ലാഹു പ്രസ്താവിച്ചു. നരകം തയ്യാറാക്കപ്പെട്ടിട്ടുള്ളത് അവിശ്വാസികൾക്കുവേണ്ടിയാണെന്ന് ആലുഇംറാനിലെ ആയത്തിലും, അൽബക്വറഃ 24ലും പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, സത്യവിശ്വാസികളിൽതന്നെ ശിക്ഷാർഹമായ പാപങ്ങൾ ചെയ്തവരുടെ സ്ഥിതി എന്തായിരിക്കുമെന്ന് ചോദിക്കപ്പെട്ടേക്കാം. ആ പാപങ്ങൾക്ക് ശിക്ഷ അവർ നരകത്തിൽ വെച്ച് അനുഭവിക്കേണ്ടിവരികയും, അതവസാനിച്ചശേഷം അവർക്ക് ശാശ്വതമായ സ്വർഗീയ ജീവിതം നൽകപ്പെടുകയും ചെയ്യുന്നതാണെന്ന് പല നബിവചനങ്ങളിൽനിന്നും വ്യക്തമായി അറിയപ്പെട്ടതാകുന്നു. ആലുഇംറാനിലെ ആയത്തിൽ 'ഭയഭക്തൻമാർക്കുവേണ്ടി' എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിൽ, ഇവിടെ 'അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിച്ചവർക്കുവേണ്ടി' എന്നാണല്ലോ പറഞ്ഞിട്ടുള്ളതും. അപ്പോൾ സ്വർഗം ലഭിക്കുന്നതിനുള്ള അടിസ്ഥാനമാനദണ്ഡം സത്യവിശ്വാസമാണെന്നും, സത്യവിശ്വാസം നഷ്ടപ്പെട്ടിട്ടില്ലാത്തവർക്ക്–അവർ പാപികളാണെങ്കിലും–തങ്ങളുടെ ശിക്ഷാവധിക്കുശേഷം സ്വർഗം ലഭിക്കാതിരിക്കുകയില്ലെന്നുംഇതിൽ നിന്ന് മനസ്സിലാക്കാം. സത്യവിശ്വാസം (الإيمان) എന്നത് വിശ്വാസവും അതനുസരിച്ചുള്ള പ്രവർത്തനവും ചേർന്നതിന് മാത്രമുള്ള പേരാണെന്നും സത്യവിശ്വാസം സ്വീകരിച്ചശേഷം കർമപരമായി മഹാപാപം ചെയ്തവരെല്ലാം അവിശ്വാസികളായിരിക്കുമെന്നും വാദിക്കുന്ന 'മുഅ്തസിലഃ' മുതലായ ചില തൽപരകക്ഷികൾക്ക് മാത്രമേ ഇതിൽ ഭിന്നാഭിപ്രായമുള്ളൂ. എന്നാൽ, الإيمان بالله (അല്ലാഹുവിൽ വിശ്വസിക്കുക എന്ന് അർത്ഥം വരുമാറ് ب എന്ന അവ്യയം ചേർത്ത് 'അൽഈമാനുബില്ലാഹി') എന്ന് പറയുമ്പോൾ അത് മനസ്സുകൊണ്ടുള്ള വിശ്വാസത്തെയല്ലാതെ കുറിക്കുകയില്ലെന്നും, ഇത് മുഅ്തസിലീകളും സമ്മതിക്കുന്ന വസ്തുതയാണെന്നും ഇമാംറാസീ (റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ ആയത്തിലും അങ്ങനെ (بالله ورسوله) എന്ന് തന്നെയാണല്ലോ ഉള്ളതും. (സൂ: സുമർ 53 ന്റെയും, സൂ: ഹുജുറാത്ത് 14 ന്റെയും വിവരണങ്ങളും നോക്കുക.)

മറ്റൊരു സംഗതിയും ഈ വചനത്തിൽനിന്നും മറ്റു ചില വചനങ്ങളിൽനിന്നുമായി മനസ്സിലാക്കാം. സത്യവിശ്വാസികൾക്ക് സ്വർഗം നൽകുന്നത് അല്ലാഹുവിന്റെ മേൽ നിർബന്ധമുള്ളതോ, അവനോട് ഹേമിച്ചുവാങ്ങുവാൻ അവകാശപ്പെട്ടതോ

അല്ല. അതെ, 'അത് അല്ലാഹുവിന്റെ ദയവാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു. അല്ലാഹു മഹത്തായ ദയവുകാരനാകുന്നു'.(ذلك فضل الله يؤتيه من يشاء الخ) നബിﷺ പറയുന്നു: 'നിങ്ങളിൽ ഒരാളെയും- എന്നെയും തന്നെ-തന്റെ കർമം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല, അവനെ നരകത്തിൽനിന്ന് രക്ഷിക്കുകയുമില്ല, അല്ലാഹുവിന്റെ കാരുണ്യംകൊണ്ടല്ലാതെ.' (മു) ഇത്പോലെ ബുഖാരിയുടെ ഹദീഥിലും കാണാം. സൽക്കർമങ്ങൾ ചെയ്തവർക്ക് സ്വർഗം നൽകുമെന്നും, ശിക്ഷയിൽനിന്ന് രക്ഷകിട്ടുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത് ശരിയാണ്. അതവൻ തികച്ചും നിറവേറ്റുകയും ചെയ്യും. അത് തന്റെ ബാധ്യതയാണെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. അതിൽ സംശയമേ ഇല്ല. എന്നാൽ, മനുഷ്യൻ ചെയ്യുന്ന കർമങ്ങൾ നമുക്ക് അറിയാവുന്നതോ അല്ലാത്തതോ ആയ കാരണങ്ങളാൽ അല്ലാഹുവിന്റെ അടുക്കൽ ഒരു പക്ഷേ, സ്വീകാര്യമായില്ലെന്ന് വരാം. അതുകൊണ്ടാണ് 'ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽനിന്ന് സ്വീകരിക്കേണമേ' (ربنا تقبل منا) എന്നതുപോലുള്ള പ്രാർത്ഥനകൾ നാം ചെയ്യുന്നതും, ചെയ്യേണ്ടിവന്നതും. മാത്രമല്ല, ലോകസ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിന്റെ കൽപന അനുസരിച്ച് ജീവിക്കുകയെന്നത് നമ്മുടെമേൽ നിർബന്ധമായ ഒരു കടമയുമാണല്ലോ. എനി, ഒരാൾ എത്രതന്നെ പരിശുദ്ധമായ ജീവിതം നയിച്ചാലും അത് കേവലം ഒരു പരിമിതമായ അളവിലും കാലത്തിലുമായിരിക്കുവാനേ നിവൃത്തിയുള്ളൂ. സ്വർഗീയാനുഗ്രഹങ്ങളാകട്ടെ, ഐഹികജീവിതത്തെ അതുമായി താരതമ്യം ചെയ്യാൻ പോലും സാധ്യമല്ല. അത്രയും വമ്പിച്ചതും കാലാകാലം നിലനിൽക്കുന്നതുമാണ്. 'സ്വർഗത്തിൽ ഒരു ചമ്മട്ടിയുടെ സ്ഥലം ഇഹലോകത്തെയും അതിലുള്ളവയെയുംകാൾ ഉത്തമമായതാണ്' (ബു) എന്നത്രെ നബിﷺ അരുളിച്ചെയ്തിരിക്കുന്നത്. ചുരുക്കിപറഞ്ഞാൽ, സജ്ജനങ്ങൾക്ക് അല്ലാഹു സ്വർഗം നൽകുകയും, അവരെ നരകത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യും.' എന്നാലത്, അവന്റെ വാഗ്ദാനമെന്ന നിലക്കും, അവന്റെ ഔദാര്യവും, ദയവും, അനുഗ്രഹവും എന്ന നിലക്കുമാണ്. അവന്റെ മേലുള്ള നിർബന്ധകടമ എന്ന നിലക്കല്ല. അവനോട് അവകാശം പറഞ്ഞോ നിർബന്ധപൂർവ്വമോ അത് വാങ്ങുവാൻ ആർക്കും അർഹതയും അധികാരവും, കഴിവും ഇല്ല.

مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٢٢﴾

﴿22﴾ ഭൂമിയിലാകട്ടെ, നിങ്ങളിൽ [നിങ്ങളുടെ ദേഹങ്ങളിൽ] തന്നെയാകട്ടെ ഏതൊരു ബാധയും (അഥവാ ആപത്തും)- നാം അതിനെ സൃഷ്ടിക്കുന്നതിനു മുമ്പായി അതൊരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതെ- ബാധിക്കുകയില്ല. നിശ്ചയമായും അത് [ആ രേഖപ്പെടുത്തൽ] അല്ലാഹുവിന്റെമേൽ നിസ്സാരമാകുന്നു.

لِّكَيْلَا تَأْسَوْا۟ عَلَىٰ مَا فَاتَكُمْ وَلَا تَفْرَحُوا۟ بِمَآ ءَاتَىٰكُمْ ۗ وَٱللَّهُ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿٢٣﴾

《23》 നിങ്ങൾക്ക് (ലഭിക്കാതെ) പാഴായിപ്പോയതിന്റെ പേരിൽ നിങ്ങൾ സങ്കടപ്പെടാതിരിക്കുവാനും, നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങൾ ആഹ്ലാദം കൊള്ളാതിരിക്കുവാനും വേണ്ടിയത്രെ (അങ്ങനെ ചെയ്തത്). ദുരഭിമാനിയായ, പൊങ്ങച്ചക്കാരനായ എല്ലാവരെയും [ഒരാളെയും] അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

ٱلَّذِينَ يَبْخَلُونَ وَيَأْمُرُونَ ٱلنَّاسَ بِٱلْبُخْلِ ۗ وَمَن يَتَوَلَّ فَإِنَّ ٱللَّهَ هُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٢٤﴾

《24》 അതായത്, പിശുക്ക് കാണിക്കുകയും, പിശുക്ക് കാണിക്കുവാൻ മനുഷ്യരോട് കൽപിക്കുകയും ചെയ്യുന്നവരെ. ആരെങ്കിലും പിൻതിരിഞ്ഞു പോകുന്നപക്ഷം, നിശ്ചയമായും അല്ലാഹു ധന്യനും സ്തുത്യർഹനുമത്രെ.

《22》 مَآ أَصَابَ ബാധിക്കുകയില്ല مِن مُّصِيبَةٍ ഒരു ബാധയും, ആപത്തും (തന്നെ) فِى ٱلْأَرْضِ ഭൂമിയിൽ وَلَا فِىٓ أَنفُسِكُمْ നിങ്ങളുടെ ദേഹങ്ങളിലും (നിങ്ങളിൽ തന്നെയും) ഇല്ല إِلَّا فِى كِتَٰبٍ ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഇല്ലാതെ مِّن قَبْلِ മുമ്പായി أَن نَّبْرَأَهَآ അതിനെ നാം സൃഷ്ടിക്കുന്നതിന്റെ إِنَّ ذَٰلِكَ നിശ്ചയമായും അത് عَلَى ٱللَّهِ അല്ലാഹുവിന്റെമേൽ يَسِيرٌ നിസ്സാരമാണ്, എളുപ്പമാണ് 《23》 لِّكَيْلَا تَأْسَوْا۟ നിങ്ങൾ സങ്കട(വ്യസന)പ്പെടാതിരിക്കുവാൻ വേണ്ടി عَلَىٰ مَا യാതൊന്നിന്റെ പേരിൽ فَاتَكُمْ നിങ്ങൾക്ക് പാഴായി (ഒഴിവായി)പ്പോയ وَلَا تَفْرَحُوا۟ നിങ്ങൾ ആഹ്ലാദം (സന്തോഷം) കൊള്ളാതെയും بِمَآ ءَاتَىٰكُمْ അവൻ നിങ്ങൾക്ക് നൽകിയതിൽ, തന്നതുകൊണ്ട് وَٱللَّهُ അല്ലാഹു لَا يُحِبُّ ഇഷ്ടപ്പെടുന്നില്ല, സ്നേഹിക്കുകയില്ല كُلَّ مُخْتَالٍ എല്ലാ (ഓരോ) പൊങ്ങച്ചക്കാരനെ (അഹങ്കാരിയെ- പത്രാസു കാട്ടുന്നവനെ)യും فَخُورٍദുരഭിമാനിയായ, പെരുമനടിക്കുന്നവനും 《24》 ٱلَّذِينَ يَبْخَلُونَ അതായത് പിശുക്ക് കാണിക്കുന്നവർ وَيَأْمُرُونَ കൽപിക്കുക (ഉപദേശിക്കുക)യും ചെയ്യുന്ന ٱلنَّاسَ മനുഷ്യരോട്, മനുഷ്യരെ بِٱلْبُخْلِ പിശുക്ക് (ലുബ്ധ്) കാണിക്കുന്നതിന് وَمَن يَتَوَلَّ ആരെങ്കിലും തിരിഞ്ഞുപോയാൽ فَإِنَّ ٱللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു هُوَ അവൻ ٱلْغَنِىُّ ധന്യൻ, അനാശ്രയനാകുന്നു ٱلْحَمِيدُ സ്തുത്യർഹനായ, സ്തുതിക്കപ്പെടുന്നവനാണ്

ഭൂമിയിലോ മനുഷ്യരിലോ ബാധിക്കുന്ന രോഗം, ക്ഷാമം തുടങ്ങിയ ഏതൊരു ബാധയും അത് രൂപംകൊള്ളുന്നതിന് മുമ്പുതന്നെ ഒരു രേഖാഗ്രന്ഥത്തിൽ അല്ലാഹു രേഖപ്പെടുത്തി വെക്കാത്തതായിട്ടില്ല എന്ന് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. 'ഏതൊരു ബാധയും' (من مصيبة) എന്ന വാക്കിൽ ചെറുതോ, വലുതോ, പൊതുവായതോ, പ്രത്യേകമായതോ ആയ എല്ലാതരം ബാധകളും ഉൾപ്പെടുന്നു. എല്ലാം അല്ലാഹു മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വരുമ്പോൾ, ഓരോന്നും സംഭവിക്കുന്നതിന് മുമ്പുതന്നെ- അത് ഇന്നിന്നപ്രകാരത്തിലായിരിക്കുമെന്ന്- അല്ലാഹു ശരിക്കും അറിഞ്ഞിരിക്കുമെന്നും നിർണയിച്ചിരിക്കുമെന്നും വ്യക്തമാണ്. ഇസ്‌ലാമിലെ മൗലികപ്രധാനമായ വിശ്വാസസിദ്ധാന്തങ്ങളിൽ ഒന്നത്രെ ഇത്. ഇതിനെക്കുറിച്ചാണ് അല്ലാഹുവിന്റെ 'ഖദ്വാ-ഖദ്റി'ലുള്ള (വിധിവ്യവസ്ഥയിലുള്ള) വിശ്വാസം എന്ന് പറയുന്നത്.

من قبل أن نبرأها (നാം അതിനെ സൃഷ്ടിച്ചുണ്ടാക്കുന്നതിനുമുമ്പ്) എന്ന വാക്കിൽ 'അതിനെ' (ها) എന്ന സർവ്വനാമം (ضمير) കൊണ്ടുദ്ദേശ്യം അതിനുമുമ്പ് പറയപ്പെട്ട 'ബാധ' (مصيبة) ആയിരിക്കുവാനാണ് കൂടുതൽ സാധ്യത. എങ്കിലും, അത് 'ഭൂമി' (الأرض)യെ ഉദ്ദേശിച്ചോ, അല്ലെങ്കിൽ 'നിങ്ങളുടെ ദേഹങ്ങളെ' (أنفسكم) ഉദ്ദേശിച്ചോ ആയിരിക്കുന്നതിനും വിരോധമില്ല. ഈ മൂന്നിൽ ഏതൊന്നായിരുന്നാലും വിഷയത്തിൽ മാറ്റം നേരിടുവാനില്ല. കാരണം, അതത് ബാധകൾ രൂപം കൊള്ളുന്നതിന് മുമ്പായാലും, ഭൂമിയെ സൃഷ്ടിക്കുന്നതിന് മുമ്പായാലും, മനുഷ്യരെ സൃഷ്ടിക്കുന്നതിന് മുമ്പായാലും- ഏതായാലും ശരി- നേരത്തെ ഒരു ഗ്രന്ഥത്തിൽ അവയെ രേഖപ്പെടുത്തിക്കഴിഞ്ഞതിന്റെ ശേഷമേ ഓരോ ബാധയും ഇവിടെ ബാധിക്കുന്നുള്ളൂ എന്ന് സ്പഷ്ടമാണല്ലോ. എല്ലാ കാര്യവും അല്ലാഹു മുൻകൂട്ടി അറിയുമെന്നും, ഓരോന്നും ഇന്നിന്നപ്രകാരം സംഭവിക്കുമെന്ന് അവൻ മുൻകൂട്ടി നിർണയിച്ചിരിക്കുമെന്നും പറയുമ്പോൾ, അത് യുക്തിവാദക്കാരായ ആളുകൾക്കും, അല്ലാഹുവിലുള്ള വിശ്വാസം പൂർണമായിട്ടില്ലാത്തവർക്കും മാത്രമേ ദഹിക്കാതിരിക്കുകയുള്ളൂ. പക്ഷേ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അതൊരു പ്രയാസപ്പെട്ടതോ ഗൗരവപ്പെട്ടതോ അല്ല. നിസ്സാരം മാത്രമാകുന്നു. ان ذلك على الله يسير

ഇങ്ങനെ മുൻകൂട്ടി രേഖപ്പെടുത്തിയിരിക്കുന്നത് എന്തിന്‌വേണ്ടിയാണ്? അല്ലെങ്കിൽ ഈ വസ്തുത ജനങ്ങളെ അറിയിച്ചത് എന്തിനുവേണ്ടിയാണ്? അതിനുള്ള മറുപടിയാണ് അല്ലാഹു തുടർന്ന് പറഞ്ഞത്: لكيلا تأسوا على ما فاتكم ولا تفرحوا بما أتاكم (നിങ്ങൾക്ക് പാഴായി- കിട്ടാതെ- പോയതിന്റെ പേരിൽ നിങ്ങൾ സങ്കടപ്പെടാതിരിക്കുവാനും, നിങ്ങൾക്കവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദം കൊള്ളാതിരിക്കുവാനും വേണ്ടി.) അതെ, എല്ലാം അല്ലാഹു കണക്കാക്കിയതാണെന്നറിഞ്ഞാൽ, നഷ്ടം ബാധിക്കുന്നതിന്റെ പേരിൽ സങ്കടത്തിനും നിരാശക്കും അവകാശമില്ല. അതുപോലെത്തന്നെ, നേട്ടം ലഭിക്കുന്നതിന്റെ പേരിൽ ആഹ്ലാദത്തിനും അഹങ്കാരത്തിനും അവകാശമില്ല. നഷ്ടത്തിൽ ക്ഷമയും, സമാധാനവും, നേട്ടത്തിൽ നന്ദിയും സന്തോഷവും സ്വീകരിക്കാമല്ലോ, എന്നാൽ, തിന്മബാധിക്കു

മ്പോൾ നിരാശയും, നന്മബാധിക്കുമ്പോൾ അഹങ്കാരവും മനുഷ്യന്റെ ഒരു സ്വഭാവമാണ്. ഖുർആൻ ഇതിനെപ്പറ്റി പലപ്പോഴും പ്രസ്താവിക്കാറുണ്ട്. അല്ലാഹുവിന്റെ വിധി വ്യവസ്ഥയിലുള്ള ദൃഢവിശ്വാസംകൊണ്ടേ ഈ സ്വഭാവത്തിൽനിന്ന് മനുഷ്യന് രക്ഷപ്പെടുവാൻ കഴിയുകയുള്ളൂ. ഇക്രിമഃ (റ) പറഞ്ഞ ഒരു വാക്യം ഇവിടെ പ്രസ്താവ്യമാകുന്നു: 'സന്തോഷിക്കുകയും വ്യസനിക്കുകയും ചെയ്യാത്ത ഒരാളുമില്ല. പക്ഷേ, നിങ്ങൾ സന്തോഷം നന്ദിയും, വ്യസനം ക്ഷമയും ആക്കിക്കൊള്ളുക.'

വല്ല നന്മയോ നേട്ടമോ സിദ്ധിക്കുമ്പോൾ അത് തന്റെ യോഗ്യത കൊണ്ടോ സാമർത്ഥ്യംകൊണ്ടോ പ്രവർത്തനം കൊണ്ടോ ലഭിക്കുന്നതാണെന്നും, താനതിന് അവകാശപ്പെട്ടവനാണെന്നും മറ്റുമുള്ള ധാരണകളിൽനിന്നാണ് ദുരഭിമാനവും അഹങ്കാരവും ഉണ്ടായിത്തീരുന്നത്. എല്ലാം അല്ലാഹുവിൽനിന്നും, അവന്റെ നിശ്ചയപ്രകാരവുമാണ് യഥാർത്ഥത്തിൽ ലഭിക്കുന്നത്, താൻ വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അത് കേവലം ബാഹ്യമായ ഒരു കാരണം മാത്രമാണ്, ആ പ്രവർത്തനത്തിനുള്ള സാദ്ധ്യത ലഭിച്ചതും അല്ലാഹുവിൽനിന്ന് തന്നെയാണ് എന്നിങ്ങനെയുള്ള വിശ്വാസത്തിൽ നിന്നാണ് നന്ദിയും കൂറും ഉണ്ടായിത്തീരുക. അപ്പോൾ, അല്ലാഹു തങ്ങൾക്ക് ധനം നൽകിയതിൽ അഹങ്കാരം കൊള്ളുകയും അത് വേണ്ടവിഷയത്തിൽ ചിലവാക്കാൻ കൂട്ടാക്കാതെ പിശുക്ക് പിടിക്കുകയും ചെയ്യുന്നവർ മേൽപറഞ്ഞ ധാരണകൾ വെച്ചുപുലർത്തുന്നവരായിരിക്കും. ഒരാളിൽ ഒരു ചീത്ത സ്വഭാവം ഉണ്ടാകുമ്പോൾ ആ സ്വഭാവം മറ്റുള്ളവരിലും ഉണ്ടായിക്കാണാൻ അവന് ആഗ്രഹമുണ്ടായിരിക്കുന്നത് സ്വാഭാവികമാണ്. അതിനാൽ, മറ്റുള്ളവരും തന്നെപ്പോലെ പിശുക്കൻമാരായിത്തീരുവാൻ അവൻ ശ്രമം നടത്തും. അങ്ങനെ വരുമ്പോൾ, പിശുക്കൻമാരുടെ തെറ്റുകൾ പലതായിക്കാണാം. ദുരഭിമാനിയായ-പൊങ്ങച്ചക്കാരനായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല إن الله لا يحب كل مختال فخور എന്ന് മൊത്തത്തിൽ പ്രസ്താവിച്ചശേഷം, പിശുക്കുകാണിക്കുകയും ജനങ്ങളോട് പിശുക്കുകാണിക്കുവാൻ ഉപദേശിക്കുകയും ചെയ്യുന്നവർ (الذين يبخلون ويأمرون الناس بالبخل) എന്ന് പ്രത്യേകം എടുത്ത് പറഞ്ഞിട്ടുള്ളതിൽ നിന്ന് മേൽ സൂചിപ്പിച്ച വസ്തുതകൾ മനസ്സിലാക്കാവുന്നതാണ്. തുടർന്നുകൊണ്ട് അഹങ്കാരികളുടെ അഹങ്കാരം നിമിത്തമോ പിശുക്കൻമാരുടെ പിശുക്ക് നിമിത്തമോ അവർക്കല്ലാതെ അല്ലാഹുവിന് യാതൊരു നഷ്ടവും പറ്റാനില്ലെന്ന് അല്ലാഹു അവർക്ക് നല്ലൊരു താക്കീതും നൽകിയിരിക്കുന്നു.

ഈ സൂറത്ത് അവസാനിച്ച ഉടനെ 'ഖദാ- ഖദറി'നെ സംബന്ധിച്ച് വിശദമായ ഒരു വ്യാഖ്യാനക്കുറിപ്പ് ചേർക്കുന്നതുകൊണ്ടും ഈ (22, 23) ആയത്തുകളിലെ ആശയങ്ങളെക്കുറിച്ച് അതിൽ വിസ്തരിച്ച് പറയുന്നത്കൊണ്ടും ഇവിടെ കൂടുതൽ വിവരിക്കുന്നില്ല. വിഷയത്തിന്റെ നാനാവശങ്ങളും തൽപരകക്ഷികളുടെ ന്യായവാദങ്ങൾക്ക് മറുപടികളും വേണ്ടത്ര തെളിവുകളോടുകൂടി അതിൽ പ്രതിപാദിക്കുന്നതാണ്. إِنْ شَاءَ اللّٰه. ആ കുറിപ്പ് എല്ലാവരും മനസ്സിരുത്തി പഠിക്കണമെന്ന് പ്രത്യേകം ഉപദേശിച്ചുകൊള്ളുന്നു.

لَقَدۡ أَرۡسَلۡنَا رُسُلَنَا بِٱلۡبَيِّنَٰتِ وَأَنزَلۡنَا مَعَهُمُ ٱلۡكِتَٰبَ وَٱلۡمِيزَانَ لِيَقُومَ ٱلنَّاسُ بِٱلۡقِسۡطِۖ وَأَنزَلۡنَا ٱلۡحَدِيدَ فِيهِ بَأۡسٞ شَدِيدٞ وَمَنَٰفِعُ لِلنَّاسِ وَلِيَعۡلَمَ ٱللَّهُ مَن يَنصُرُهُۥ وَرُسُلَهُۥ بِٱلۡغَيۡبِۚ إِنَّ ٱللَّهَ قَوِيٌّ عَزِيزٞ ﴿٢٥﴾

﴾25﴿ തീർച്ചയായും, നമ്മുടെ റസൂലുകളെ വ്യക്തമായ തെളിവുകൾ സഹിതം നാം അയച്ചിട്ടുണ്ട്. മനുഷ്യർ നീതിമുറയനുസരിച്ച് നിലകൊള്ളുവാൻവേണ്ടി അവരോടൊപ്പം നാം വേദഗ്രന്ഥവും, (നീതിയാകുന്ന) തുലാസ്സും ഇറക്കുകയും ചെയ്തിരിക്കുന്നു.

ഇരുമ്പ് നാം ഇറക്കിയിരിക്കുന്നു. അതിൽ കഠിനമായ ആയോധന ശക്തിയും, ജനങ്ങൾക്ക് പല ഉപയോഗങ്ങളും ഉണ്ട്. (കൂടാതെ) അല്ലാഹുവിനെയും അവന്റെ റസൂലുകളെയും അദൃശ്യമായനിലയിൽ സഹായിക്കുന്നത് ആരാണെന്ന് അവൻ അറിയുവാനും വേണ്ടിയാകുന്നു (അത്). നിശ്ചയമായും അല്ലാഹു ശക്തനും പ്രതാപശാലിയുമാണ്.

﴾25﴿ لَقَدۡ أَرۡسَلۡنَا തീർച്ചയായും നാം അയച്ചിട്ടുണ്ട് رُسُلَنَا നമ്മുടെ റസൂലുകളെ بِٱلۡبَيِّنَٰتِ വ്യക്തമായ തെളിവുകളുമായി وَأَنزَلۡنَا مَعَهُمُ അവരോടൊപ്പം നാം ഇറക്കുകയും ചെയ്തു ٱلۡكِتَٰبَ ഗ്രന്ഥം وَٱلۡمِيزَانَ തുലാസ്സും لِيَقُومَ നിലകൊള്ളുവാൻ വേണ്ടി ٱلنَّاسُ മനുഷ്യർ بِٱلۡقِسۡطِ നീതിമുറ അനുസരിച്ച് وَأَنزَلۡنَا നാം ഇറക്കുകയും ചെയ്തു ٱلۡحَدِيدَ ഇരുമ്പ് فِيهِ അതിലുണ്ട് بَأۡسٞ (യുദ്ധ) ശക്തി (ആയോധനശക്തി), ശൂരത شَدِيدٞ കഠിനമായ, ശക്തമായ وَمَنَٰفِعُ ഉപയോഗങ്ങളും لِلنَّاسِ മനുഷ്യർക്ക് وَلِيَعۡلَمَ ٱللَّهُ അല്ലാഹു അറിയുവാനും مَن يَنصُرُهُۥ അവനെ സഹായിക്കുന്നവരെ, സഹായിക്കുന്നതാരാണെന്ന് وَرُسُلَهُۥ അവന്റെ റസൂലുകളെയും بِٱلۡغَيۡبِ അദൃശ്യമായ നിലയിൽ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു قَوِيٌّ ശക്തനാകുന്നു عَزِيزٞ പ്രതാപശാലിയാണ്

മനുഷ്യസമുദായം നീതിയും നെറിയും അനുസരിച്ച് നിലകൊള്ളുന്നതിനാവശ്യമായ തെളിവുകളും ലക്ഷ്യങ്ങളും ഉപദേശനിർദ്ദേശങ്ങളും സഹിതം വേദഗ്രന്ഥങ്ങളും, നീതിയുടെ മാനദണ്ഡങ്ങളും നിയമവ്യവസ്ഥകളുമാകുന്ന തുലാസ്സുകളും കൊണ്ടാണ് ഓരോ കാലത്തും അല്ലാഹു അവന്റെ ദൂതൻമാരെ അയച്ചിരിക്കുന്നത്. എന്നിട്ട് പിന്നെയും കുഴപ്പത്തിനും അക്രമത്തിനും മുതിരുന്നവരെ ബലംപ്രയോഗിച്ചു ഒതുക്കിനിറുത്തേണ്ടതിന് വേണ്ടുന്ന ഉപാധികളും അവൻ ഏർപ്പെടുത്തിയിട്ടുണ്ട്. അതത്രെ, ഇരുമ്പ്. ആയോധനവേളയിൽ ഇരുമ്പിന്റെ ഉപയോഗം പറയേണ്ടതില്ലല്ലോ. യുദ്ധത്തിലും, പ്രതിരോധത്തിലും മാത്രമല്ല, മനു

ഷ്യന്റെ നിത്യാവശ്യങ്ങളിലും ഇരുമ്പിന്റെ ഉപയോഗം ധാരാളമാണ്. ഇതിനെല്ലാം കൂടിത്തന്നെയാണ് അല്ലാഹു ഭൂമിയിൽ ഇരുമ്പ് നിക്ഷേപിച്ചിരിക്കുന്നതും. മറ്റൊരു ഉദ്ദേശ്യംകൂടി അതിലുണ്ട്. അല്ലാഹുവും അവന്റെ റസൂലുകളും നിർദ്ദേശിക്കുന്ന നീതിമാർഗങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന ദുശ്ശക്തികൾക്കുനേരെ അതിനെ ഉപയോഗപ്പെടുത്തി അവരെ പരാജയപ്പെടുത്തുകയും, അങ്ങനെ,അല്ലാഹുവിന്റെയും റസൂലുകളുടെയും പക്ഷത്തെ സഹായിക്കുകയും ചെയ്യുന്നവരെ മറ്റുള്ളവരിൽനിന്ന് പ്രത്യക്ഷത്തിൽതന്നെ വേർതിരിച്ചു കാണുക, ഇതാണത്.

الميزان (മീസാൻ) എന്നാൽ തൂക്കിക്കണക്കാക്കുന്നത്- അഥവാ തുലാസ്സ്- എന്ന് വാക്കർത്ഥം. സത്യാസത്യങ്ങളും, ന്യായാന്യായങ്ങളും തൂക്കിക്കണക്കാക്കുന്ന മാനദണ്ഡം എന്നത്രെ ഇവിടെ വിവക്ഷ. സാധനങ്ങൾ തൂക്കിക്കണക്കാക്കുവാനുള്ള സാധാരണ തുലാസ്സും ആ ഇനത്തിൽ ഉൾപ്പെടുന്ന ഒന്നുതന്നെ. بأس(ബഅ്സ്) എന്നാൽ 'ശക്തി, സമരശക്തി, ധീരത, ഭയം' എന്നൊക്കെയാണർത്ഥം. യുദ്ധവേളയിൽ പ്രകടമാകുന്ന ശക്തിയും ധീരതയുമാണിവിടെ ഉദ്ദേശ്യം. അദൃശ്യമായ നിലയിൽ സഹായിക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, അല്ലാഹുവിനെ നേരിൽ കാണാതെത്തന്നെ അവനെ- അവന്റെ മാർഗത്തെ- സഹായിക്കുക എന്നായിരിക്കാം. അല്ലെങ്കിൽ, അല്ലാഹുവിനെയും റസൂലുകളെയും സഹായിക്കുക എന്ന ഉദ്ദേശ്യം മനസ്സിൽവെച്ചുകൊണ്ട് സഹായിക്കുക എന്നും ആവാം. മനസ്സിലെ ഉദ്ദേശ്യം പുറമെ ദൃശ്യമാകുകയില്ലല്ലോ. ഈ രണ്ട് പ്രകാരത്തിലും ഇവിടെ വ്യാഖ്യാനം നൽകപ്പെട്ടുകാണാം.الله اعلم

മനുഷ്യസമുദായം നീതിമുറതെററാതെ നിലകൊള്ളുവാൻ ഉപദേശങ്ങളും തെളിവുകളും മാത്രം മതിയായേക്കുകയില്ലെന്നും, അതിനുവേണ്ടി ചിലപ്പോൾ ബലവും പ്രയോഗിക്കേണ്ടിവന്നേക്കുമെന്നും, അതിനുള്ള സജ്ജീകരണങ്ങൾ കരുതിവെക്കുകകൂടി വേണ്ടതുണ്ടെന്നും ഈ വചനത്തിൽ സൂചനയുണ്ട്. റസൂലുകളെ നിയോഗിച്ചതിന്റെ ലക്ഷ്യം വിവരിച്ചശേഷം, അവരിൽ ചിലരെപ്പറ്റിയും, അവരുടെ ദൗത്യഫലങ്ങളെപ്പറ്റിയും അടുത്തവചനത്തിൽ പ്രസ്താവിക്കുന്നു:-

വിഭാഗം- 4

وَلَقَدْ أَرْسَلْنَا نُوحًا وَإِبْرَٰهِيمَ وَجَعَلْنَا فِى ذُرِّيَّتِهِمَا ٱلنُّبُوَّةَ وَٱلْكِتَـٰبَ ۖ فَمِنْهُم مُّهْتَدٍ ۖ وَكَثِيرٌ مِّنْهُمْ فَـٰسِقُونَ ﴿٢٦﴾

﴿26﴾ നൂഹിനെയും, ഇബ്റാഹീമിനെയും നാം അയക്കുകയുണ്ടായി. രണ്ടുപേരുടെയും സന്തതികളിൽ പ്രവാചകത്വവും, വേദഗ്രന്ഥവും നാം ഏർപ്പെടുത്തുകയും ചെയ്തു. എന്നിട്ട് അവരിൽ സൻമാർഗം പ്രാപിച്ചവരുണ്ട്; അവരിൽ വളരെപ്പേർ ദുർന്നടപ്പുകാരുമാകുന്നു.

ثُمَّ قَفَّيْنَا عَلَىٰٓ ءَاثَٰرِهِم بِرُسُلِنَا وَقَفَّيْنَا بِعِيسَى ٱبْنِ مَرْيَمَ وَءَاتَيْنَٰهُ ٱلْإِنجِيلَ وَجَعَلْنَا فِى قُلُوبِ ٱلَّذِينَ ٱتَّبَعُوهُ رَأْفَةً وَرَحْمَةً وَرَهْبَانِيَّةً ٱبْتَدَعُوهَا مَا كَتَبْنَٰهَا عَلَيْهِمْ إِلَّا ٱبْتِغَآءَ رِضْوَٰنِ ٱللَّهِ فَمَا رَعَوْهَا حَقَّ رِعَايَتِهَا فَـَٔاتَيْنَا ٱلَّذِينَ ءَامَنُوا۟ مِنْهُمْ أَجْرَهُمْ وَكَثِيرٌ مِّنْهُمْ فَٰسِقُونَ ﴿٢٧﴾

《27》 പിന്നീട് അവരുടെ പിറകിലായി നമ്മുടെ ദൂതൻമാരെ നാം തുടർന്നയച്ചു. മർയമിന്റെ പുത്രൻ ഈസായെയും തുടർന്നയച്ചു; അദ്ദേഹത്തിന് നാം 'ഇൻജീലും', [സുവിശേഷ ഗ്രന്ഥവും] നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ കൃപയും, കരുണയും നാം ഏർപ്പെടുത്തുകയും ചെയ്തു.

ഒരു (തരം) സന്യാസജീവിതം അവർ നൂതനമായുണ്ടാക്കി. അല്ലാഹുവിന്റെ പ്രീതിയെ തേടേണ്ടതിന് (അവരത് ചെയ്തു) എന്നല്ലാതെ, അവരുടെമേൽ നാമത് നിയമിച്ചിട്ടില്ല. എന്നാൽ, അത് പാലിക്കേണ്ട മുറപ്രകാരം അതവർ പാലിച്ചില്ല.

അപ്പോൾ, അവരിൽനിന്ന് വിശ്വസിച്ചവർക്ക് അവരുടെ പ്രതിഫലം നാം നൽകി. അവരിൽ വളരെ ആളും ദുർന്നടപ്പുകാരാകുന്നു.

《26》 وَلَقَدْ أَرْسَلْنَا തീർച്ചയായും നാം അയക്കയുണ്ടായി نُوحًا നൂഹിനെ وَإِبْرَٰهِيمَ ഇബ്റാഹീമിനെയും وَجَعَلْنَا നാം ആക്കുക (ഏർപ്പെടുത്തു)കയും ചെയ്തു فِى ذُرِّيَّتِهِمَا അവർ രണ്ടാളുടെയും സന്തതികളിൽ ٱلنُّبُوَّةَ പ്രവാചകത്വം, നബിപ്പട്ടം وَٱلْكِتَٰبَ ഗ്രന്ഥവും فَمِنْهُم എന്നിട്ട് അവരിലുണ്ട് مُّهْتَدٍ നേർമാർഗം പ്രാപിച്ചവൻ(ർ) وَكَثِيرٌ مِّنْهُمْ അവരിൽനിന്ന് അധികം, വളരെ فَٰسِقُونَ ദുർന്നടപ്പുകാരാണ്, തോന്നിയവാസികളാണ് 《27》 ثُمَّ قَفَّيْنَا പിന്നെ നാം തുടർത്തി, (തുടർന്നയച്ചു) عَلَىٰٓ ءَاثَٰرِهِم അവരുടെ പിറകിലായി, കാൽപാടിൽക്കൂടി بِرُسُلِنَا നമ്മുടെ റസൂലുകളെ وَقَفَّيْنَا നാം തുടർന്നയക്കയും ചെയ്തു بِعِيسَى ഈസായെ ٱبْنِ مَرْيَمَ മർയമിന്റെ പുത്രൻ وَءَاتَيْنَٰهُ അദ്ദേഹത്തിന് നാം നൽകയും ചെയ്തു ٱلْإِنجِيلَ ഇൻജീൽ (സുവിശേഷം) وَجَعَلْنَا നാം ഏർപ്പെടുത്തുക (ഉണ്ടാക്കു)കയും ചെയ്തു فِى قُلُوبِ ٱلَّذِينَ യാതൊരുവരുടെ ഹൃദയങ്ങളിൽ ٱتَّبَعُوهُ അദ്ദേഹത്തെ പിൻപറ്റിയ رَأْفَةً കൃപ, ദയ وَرَحْمَةً കരുണയും وَرَهْبَانِيَّةً ഒരു സന്യാസത്തെ, പൗരോഹിത്യത്തെ ٱبْتَدَعُوهَا അവരത് നവീനമായുണ്ടാക്കി, പുത്തനായി നിർമിച്ചു مَا كَتَبْنَٰهَا അതിനെ നാം നിയമിച്ചിട്ടില്ല,

നിർബന്ധിച്ചിട്ടില്ല عَلَيْهِمْ അവരുടെമേൽ إِلَّا ٱبْتِغَآءَ തേടുന്നതിനല്ലാതെ, അന്വേഷിക്കലല്ലാതെ رِضْوَٰنِ ٱللَّهِ അല്ലാഹുവിന്റെ പ്രീതി, പൊരുത്തം فَمَا رَعَوْهَا എന്നാലതിനെ അവർ പാലിച്ചില്ല, സൂക്ഷിച്ചില്ല, പരിഗണിച്ചില്ല حَقَّ رِعَايَتِهَا അതിനെ പാലിക്കേണ്ട മുറപ്രകാരം فَـَٔاتَيْنَا അപ്പോൾ (എന്നാൽ) നാം കൊടുത്തു ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവർക്ക് مِنْهُمْ അവരിൽനിന്ന് أَجْرَهُمْ തങ്ങളുടെ പ്രതിഫലം وَكَثِيرٌ مِّنْهُمْ അവരിൽ അധികവും, വളരെ فَٰسِقُونَ തോന്നിയവാസികളാണ്, ദുർന്നടപ്പുകാരാണ്

പൂർവ പ്രവാചകൻമാരിൽ പ്രധാനികളായ രണ്ട് പ്രവാചകവര്യൻമാരാണ് നൂഹ് നബി (അ)യും, ഇബ്റാഹീം നബി (അ)യും. പ്രവാചകത്വത്തിന്റെയും വേദഗ്രന്ഥത്തിന്റെയും പാരമ്പര്യം നിലനിന്നുപോന്നത് അവരുടെ സന്തതികൾ വഴിയാണ്. നൂഹ് (അ)ന്റെ ജനത മുങ്ങി നശിക്കുകയും, അദ്ദേഹവും സത്യവിശ്വാസികളും രക്ഷപ്പെടുകയും ചെയ്ത സംഭവം വിവരിച്ചശേഷം അല്ലാഹു ഇങ്ങനെ പറയുന്നു:وجعلنا ذريته هم الباقين(അദ്ദേഹത്തിന്റെ സന്തതിയെത്തന്നെ നാം അവശേഷിക്കുന്നവരാക്കി. (സ്വാഫ്ഫാത്ത്: 77.) അപ്പോൾ, പിന്നീട് ഇബ്റാഹീം നബി (അ)യുടെ കാലംവരെയുള്ള പ്രവാചകൻമാർ അദ്ദേഹത്തിന്റെ സന്തതികളിൽപെട്ടവരായിരിക്കുമല്ലോ. ഇബ്റാഹീം നബി (അ)ക്ക ുശേഷം അറിയപ്പെട്ടിട്ടുള്ള പ്രവാചകൻമാരെല്ലാം അദ്ദേഹത്തിന്റെ സന്തതികളിൽപെട്ടവരുമാണ്. നമുക്ക് അറിയപ്പെടാത്ത പ്രവാചകൻമാരും അങ്ങനെത്തന്നെ ആയിരിക്കുമെന്നാണ് ഈ വചനത്തിൽനിന്നും മനസ്സിലാകുന്നത്. അല്ലാഹുവിനറിയാം. ഇവിടെ രണ്ട് പ്രവാചകവര്യൻമാരെയും ചേർത്തുകൊണ്ട് 'അവരുടെ രണ്ടാളുടെയും സന്തതികൾ' (ذريتهما) എന്നത്രെ പറഞ്ഞിരിക്കുന്നത്. സൂ: അൻകബൂത്ത് 27 ൽ ഇബ്റാഹീം നബി (അ)യെ മാത്രം ചൂണ്ടിക്കൊണ്ട് 'അദ്ദേഹത്തിന്റെ സന്തതിയിൽ നാം പ്രവാചകത്വം ഏർപ്പെടുത്തി' (وجعلنا في ذريته النبوة) എന്നും പറഞ്ഞിരിക്കുന്നു.

ഈ രണ്ട് പ്രവാചക പിതാക്കൾക്ക്ശേഷം അവരിൽ തുടരെത്തുടരെ പ്രവാചകൻമാർ ഉണ്ടായിക്കൊണ്ടിരുന്നു. എന്നിട്ടും അവരുടെ സന്തികളെല്ലാം അവർ പ്രബോധനം ചെയ്ത നേർമാർഗം സ്വീകരിച്ചവരായിരുന്നില്ല. കുറെ ഭാഗം നേർമാർഗം അവലംബിച്ചുവെങ്കിലും അധികമാളുകൾ ദുർമാർഗികൾ തന്നെയായിരുന്നു. ഇതായിരുന്നു പൂർവസമുദായങ്ങളുടെ പൊതുനില. പൂർവനബിമാരിൽ അവസാനത്തെ ആൾ ഈസാ നബി (അ)യാണല്ലോ. നിലവിലുള്ള മതസമുദായങ്ങളിൽ ഏറ്റവും വലിയ ജനത ഇന്നും പ്രത്യക്ഷത്തിൽ അദ്ദേഹത്തിന്റെ സമുദായമായ ക്രിസ്ത്യാനികൾതന്നെ. ക്രിസ്തീയ സമുദായത്തിന്റെ ആദ്യഘട്ടത്തിൽ അവർ തങ്ങളുടെ പ്രവാചകന്റെ കാലടികളെ പിൻപറ്റിപോന്നുവെങ്കിലും- 16-ാം വചനത്തിൽ കണ്ടതുപോലെ- കാലക്രമത്തിൽ അവരും ദുഷിച്ചുപോകുകയും, സത്യത്തിൽനിന്ന് അകന്നുകൊണ്ടിരിക്കുകയും ചെയ്തു. ഈ സമുദായത്തെ സംബന്ധിച്ച് ചില നിരൂപണങ്ങളാണ് 27-ാം വചനത്തിൽ കാണുന്നത്.

(1) 'ഈസാ നബി (അ)യെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ അല്ലാഹു കൃപയും കരുണയും ഏർപ്പെടുത്തി (وجعلنا في قلوب الذين اتبعوه رأفة ورحمة) അതെ, സൂ:

'ഫത്ഹി'ൽ നബി തിരുമേനിﷺയുടെ സ്വഹാബികളെപ്പറ്റി رحماء بينهم(അവർ തമ്മിൽ കരുണയുള്ളവരാകുന്നു) എന്ന് പറഞ്ഞതുപോലെ, അവരും പരസ്പരം സ്നേഹത്തിലും, ദയയോടുകൂടിയും കഴിഞ്ഞുകൂടി. സാധുദയ, ദീനശുശ്രൂഷ, പരസ്പരസഹായം ആദിയായ വിഷയങ്ങളിൽ ഈസാ (അ) അവരെ ശക്തിയായി ഉപദേശിച്ചുകൊണ്ടിരുന്നുവെന്നത് ചരിത്ര പ്രസിദ്ധമാണ്. ഈ ഗുണങ്ങൾ കുറെയൊക്കെ ഇന്നും ക്രിസ്ത്യാനികളിൽ അവശേഷിക്കുന്നത് കാണാം. ഈസാ (അ)ന്റെ പ്രത്യേക ശിഷ്യഗണങ്ങളായ അപ്പോസ്തലൻമാർ (الحواريون) തുടങ്ങി ഇന്നോളമുള്ള ക്രിസ്തീയ മിഷ്യനറിമാരും- മറ്റുവിധത്തിലുള്ള കൊള്ളരുതായ്മ പലതും അവരിൽ ഉണ്ടെങ്കിലും- ഈ പാരമ്പര്യം താരതമ്യേന നിലനിറുത്തിവരുന്നു. ഒരു സമുദായത്തിന്റെ നിലനിൽപ്പിനും, അഭിവൃദ്ധിക്കും ഇതെത്രമാത്രം ആവശ്യമാണെന്ന് ബുദ്ധിയുള്ള ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഇന്നത്തെ മുസ്‌ലിം സമുദായം ഈ വിഷയത്തിൽ അങ്ങേഅറ്റം വ്യസനകരമായ ഒരവസ്ഥയിലാണുള്ളത്. അവരുടെ അധഃപതനത്തിനുള്ള ഒരു പ്രധാന കാരണം അതാണുതാനും. وإلى الله المشتكي

(2) ഒരു സന്യാസജീവിതം അവർ പുതുതായി നിർമിച്ചു (ورهبانية ابتدعوها). ക്രിസ്ത്യാനികളിൽ നിലവിലുള്ള പല ദുരാചാരങ്ങളുടെയും ഉത്ഭവസ്ഥാനം ഇതാകുന്നു. ഭൗതികസുഖങ്ങളെ ഉപേക്ഷിച്ച് ധ്യാനത്തിലും ആരാധനയിലും മുഴുകിയിരിക്കുക എന്നതായിരുന്നു അതിന്റെ ആരംഭം. വിവാഹം കഴിക്കാതിരിക്കുക, കുടുംബജീവിതം ഉപേക്ഷിക്കുക, ഭക്ഷണപാനീയങ്ങൾ വർജ്ജിക്കുക, ജനങ്ങളുമായി സമ്പർക്കമില്ലാതിരിക്കുക, ചില പ്രത്യേക വേഷം സ്വീകരിക്കുക, വിജനപ്രദേശത്ത് കഴിഞ്ഞുകൂടുക, ചെറിയ ചെറ്റക്കുടിലുകളിൽ ജീവപര്യന്തം തപസ്സിരിക്കുക, മൗനവ്രതം സ്വീകരിക്കുക മുതലായവയെല്ലാം പിന്നീട് അതിന്റെ ഘടകാംശങ്ങളായി പരിണമിച്ചതാകുന്നു. ഈ കുടുസ്സായ ജീവിത സമ്പ്രദായം സ്വീകരിക്കുവാൻ ചില ക്രിസ്ത്യാനികൾ നിർബന്ധിതരാവുകയാണുണ്ടായതെന്ന് പറയാം. ജൂതൻമാരിൽ നിന്നും ബഹുദൈവവിശ്വാസികളിൽ നിന്നും ഇടക്കാലത്ത് അവർ പല യാതനകളും അനുഭവിക്കേണ്ടിവന്നത് നിമിത്തം തങ്ങളുടെ മതസിദ്ധാന്തമനുസരിച്ച് ജീവിക്കുവാൻ അവർക്ക് പ്രയാസം നേരിട്ടു. അപ്പോൾ അവർ തങ്ങളുടെ മതവിശ്വാസത്തെ സംരക്ഷിക്കുവാനായി കാടുകയറി മരണംവരെ ഭജനമിരിക്കുവാൻ മിനക്കെടുകയായി. ക്രമേണ മുമ്പില്ലാത്ത പല ഉപാധികളും അതോടുകൂട്ടിച്ചേർക്കുകയും ചെയ്തു. ഈ വസ്തുത ക്രിസ്ത്യാനികൾ പൊതുവിൽ സമ്മതിക്കുവാൻ കൂട്ടാക്കുകയില്ലെങ്കിലും ചില ക്രിസ്തീയപണ്ഡിതൻമാർ തുറന്ന് സമ്മതിച്ചിട്ടുള്ളതാണ്. (*)

(*) ക്രിസ്ത്വബ്ദം 1883 ൽ ഈജിപ്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന الخريدة النفيسة في تاريخ الكنيسة (ചർച്ചിന്റെ ചരിത്രത്തിൽ വിലയേറിയ ഒരു മുത്ത്) എന്ന ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിൽ ഇത് തുറന്ന് പ്രസ്താവിച്ചിരിക്കുന്നു. ഇതിന്റെ കർത്താവ് സയ്യിദാബർമൂസിലെ ക്രിസ്തീയമഠത്തിലെ പാതിരിയാണ്. ക്രിസ്ത്വബ്ദം 3 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സഞ്ചാരിയായ പൗലൂസ് (بولس صائح) എന്ന ആളാണ് രാജമർദ്ദനം ഭയന്ന് സന്യാസജീവിതം നടപ്പിൽ വരുത്തിയതെന്ന് അദ്ദേഹം അതിൽ പ്രസ്താവിച്ചിരിക്കുന്നു. تفسير الجواهر للشيخ الطنطاوي

ചില ഹദീഥുകളിൽ നിന്ന്തന്നെ ഇത് മനസ്സിലാക്കുവാൻ കഴിയും. ഇബ്നുമസ്ഊദ് (റ)ൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഒരു നബിവചനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'ഇസ്റാഈൽ സന്തതികൾ എഴുപത്തിരണ്ട് സംഘ മായി പിരിഞ്ഞു. അതിൽ മൂന്നുകൂട്ടർ മാത്രമേ രക്ഷപ്പെട്ടിട്ടുള്ളൂ. ഈസാ നബി (അ)ക്കുശേഷം ഒരു വിഭാഗം ആളുകൾ രാജാക്കളുടെയും, സ്വേച്ഛാധിപതികളു ടെയും മുമ്പിൽ ചെന്ന് മതത്തിലേക്ക് ക്ഷണിച്ചു. അവരുമായി യുദ്ധം നടന്നു. അതിൽ അവർ കൊല്ലപ്പെടുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്തു. അങ്ങനെ (അല്ലാഹുവിങ്കൽ) അവർ രക്ഷപ്പെട്ടു. മറ്റൊരു കൂട്ടർക്ക് യുദ്ധത്തിന് കഴിവുണ്ടാ യിരുന്നില്ല. അവരും മതത്തിലേക്ക് ക്ഷണിച്ചു. അതിനാൽ അവർ കൊല്ലപ്പെടുക യും, ഉളിവാൾകൊണ്ട് പൊളിക്കപ്പെടുകയും തീ കൊണ്ട് കരിക്കപ്പെടുകയും ചെയ്തു. അവരും രക്ഷപ്പെട്ടു. വേറൊരു വിഭാഗത്തിന് യുദ്ധത്തിനാകട്ടെ, നീതി യനുസരിച്ച് നിലകൊള്ളുവാനാകട്ടെ കഴിവുണ്ടായിരുന്നില്ല. അവർ മലക ളിൽപോയി ആരാധനയിലും സന്യാസത്തിലും ഏർപ്പെട്ടു. ഇവരെപ്പറ്റിയാണ് 'അവർ ഒരു സന്യാസജീവിതം പുതുതായി നിർമിച്ചുണ്ടാക്കി' എന്ന് അല്ലാഹു പ്രസ്താവിച്ചത്.' (ابن أبي حاتم وابن جرير -رح)

ഒരു സമുദായത്തിൽനിന്നും, പരിതഃസ്ഥിതികളുടെ സമ്മർദ്ദത്തിൽ നിന്നു മാണ് സന്യാസ ജീവിതത്തിന്റെ തുടക്കം എന്ന് ഇതിൽ നിന്നൊക്കെ മനസ്സിലാ ക്കാം. പക്ഷേ, അത് അല്ലാഹു കൽപിച്ചതോ നിയമിച്ചതോ അല്ല. അവർ സ്വയം നിർമിച്ചുണ്ടാക്കിയതാണ്. (ابتدعوها ما كتبناها عليهم) ഇതാണ് ഇവരിൽ വന്ന ഒന്നാ മത്തെ അബദ്ധം. തുടർന്നുള്ള വാക്യമായ إلا ابتغاء رضوان الله (അല്ലാഹുവിന്റെ പ്രീതി തേടുന്നതിനല്ലാതെ) എന്ന വാക്യത്തിന് രണ്ട് പ്രകാരത്തിൽ വ്യാഖ്യാനം നൽക പ്പെടാറുണ്ട്.

(1) അല്ലാഹുവിന്റെ പ്രീതിയെ തേടിക്കൊണ്ട് മാത്രമാണവർ അത് നിർമി ച്ചുണ്ടാക്കിയത്. മറ്റൊരു ഉദ്ദേശ്യത്തിലുമായിരുന്നില്ല എന്നും,

(2) അല്ലാഹുവിന്റെ പ്രീതിയെ (കഴിവനുസരിച്ച്) തേടണമെന്നല്ലാതെ, ഒരു സന്യാസജീവിതം കൈക്കൊള്ളണമെന്ന് അല്ലാഹു നിയമിച്ചിട്ടില്ല എന്നും. രണ്ടായിരുന്നാലും ശരി, ഇത് മുഖേന മതത്തിൽ ഇല്ലാത്ത ഒരു കർശന നടപടി സ്വയം നിർബന്ധമാക്കിത്തീർക്കുകയും, അങ്ങനെ, മതത്തിൽ അതിരുകവിയുക യുമാണ് അവർ ചെയ്തത്. ഈസാ (അ)യെ സംബന്ധിച്ചുപോലും ഈ അതിരു കവിച്ചലാണ് ക്രിസ്ത്യാനികളിൽ സംഭവിച്ചത്. ക്രിസ്ത്യാനികൾ അവരുടെ നബി യെ- മറ്റ് ചില സമുദായങ്ങളും മുസ്ലിം സമുദായത്തിലെ പിഴച്ച ചില ആളു കളും ചെയ്യുന്നത്പോലെ- ഒരിക്കലും ഇടിച്ച് താഴ്ത്തിയിട്ടില്ല. എന്നാൽ അതി നെക്കാൾ വമ്പിച്ച അപരാധമാണ് അവർ ചെയ്തത്. അവർ അദ്ദേഹത്തെ ദൈവമോ ദൈവപുത്രനോ ആക്കിത്തീർത്തു. ഇതെല്ലാം കാരണമായിട്ടാണ് يا أهل الكتاب لا تغلوا في دينكم (വേദക്കാരേ, നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരുക വിയേണ്ട എന്ന് അല്ലാഹു പറയുന്നതും 4:171; 5:80)

(3) ഉദ്ദേശ്യം നല്ലതായിരുന്നുവെങ്കിലും അല്ലാഹു നിയമിക്കാത്ത ഒരു സമ്പ്രദായം മതത്തിൽ അവർ കെട്ടിയുണ്ടാക്കി. എന്നാൽ, അവർ സ്വയം ഏറ്റെടുത്ത ആ കൃത്യം പാലിക്കേണ്ട പ്രകാരം അവർ പാലിച്ചുവോ? ഇല്ല. فما رعوها حق رعايتها ഇതാണ് രണ്ടാമത്തെ തെറ്റും വളരെ ഭയങ്കരമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കിയതും. എന്തെല്ലാം വിനകളാണ് ഈ സന്യാസം കൊണ്ട് പിൽകാലത്ത് സംഭവിച്ചതും, ഇന്നും നിലനിൽക്കുന്നതും എന്നതിന് കയ്യും കണക്കുമില്ല. എത്രയോ മനുഷ്യായുസ്സുകൾ സന്യാസിമഠമാകുന്ന കാരാഗൃഹത്തിനുള്ളിൽ ചില വഴിക്കപ്പെട്ടു. എത്രയോ സ്ത്രീപുരുഷൻമാർ രഹസ്യവും പരസ്യവുമായി വമ്പിച്ച ദുഷ്കൃത്യങ്ങൾക്ക് വശംവദരായി. ഏത് പാപങ്ങളും ഏത് അക്രമങ്ങളും ചെയ്യാം, പള്ളിയിലെ അച്ഛൻമാർ പൊറുത്തുകൊടുക്കുകയേ വേണ്ടൂ എന്നായി. പാതിരിമാർ കൽപ്പിക്കുന്ന ഏത് നിയമവും മതനിയമമായിത്തീർന്നു. അങ്ങനെ പലതും. പക്ഷേ, ഇത്തരം കാര്യങ്ങളെല്ലാം വിസ്തരിച്ച് പറയാതെ, വളരെ മാന്യമായ നിലയിൽ ഒരൊറ്റ വാചകത്തിൽ അതെല്ലാം ഒതുക്കിക്കൊണ്ടാണ് അല്ലാഹു പറഞ്ഞത് فما رعوها حق رعايتها (അവരത് പാലിക്കേണ്ട മുറപ്രകാരം പാലിച്ചില്ല) എന്ന്. തങ്ങളുടെ മറ പൊളിക്കാതെ കാര്യം തുറന്ന് കാണിച്ച ഈ തിരുവാക്യത്തിന്റെ പേരിൽ, ക്രിസ്ത്യൻസമുദായം വാസ്തവത്തിൽ ക്വുർആനോട് കടപ്പെട്ടിരിക്കുകയാണ്.

സന്യാസം, തപസ്സ്, പൗരോഹിത്യം എന്നിത്യാദിയെ സംബന്ധിച്ച് ഇസ്ലാമിന്റെ നില എന്താണെന്ന് കാണിക്കുന്ന ഹദീഥുകളിൽ ചുരുക്കം ചിലത് ഇവിടെ ഓർമിക്കുന്നത് നന്നായിരിക്കും.

1) അനസ് (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിന്റെ സാരം: മൂന്ന് സ്വഹാബികൾ നബിﷺയുടെ പത്നിമാരുടെ അടുക്കൽ ചെന്ന് അവിടുത്തെ ആരാധനകളെപ്പറ്റി അന്വേഷിച്ച് വിവരമറിഞ്ഞപ്പോൾ അത് കേവലം കുറഞ്ഞതോതിലാണെന്ന് അവർക്ക് തോന്നി. നാമും നബിയും തമ്മിൽ എത്രയോ ദൂരമുണ്ട്! അവിടുത്തെ മുൻകഴിഞ്ഞ പാപങ്ങളും പിന്നീടുണ്ടാകുന്ന പാപങ്ങളും പൊറുക്കപ്പെട്ടിരിക്കുന്നുവല്ലോ എന്ന് അവർ പറഞ്ഞു. അവരിൽ ഒരാൾ ഇങ്ങനെ നിശ്ചയിച്ചു: എന്നാൽ ഞാൻ, ദിവസേന രാത്രി മുഴുവൻ നമസ്കരിക്കും, ഉറങ്ങുകയില്ല. മറ്റെയാൾ, ഞാൻ എല്ലാ ദിവസവും നോമ്പുപിടിക്കും, മുറിക്കയില്ല. മൂന്നാമൻ: ഞാൻ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കും, വിവാഹം കഴിക്കയില്ല. ഈ വിവരം അറിഞ്ഞു തിരുമേനി അവരോട് ഇങ്ങനെ പറഞ്ഞു: 'നിങ്ങളാണോ ഇന്നിന്ന പ്രകാരം പറഞ്ഞവർ? അറിഞ്ഞേക്കൂ: അല്ലാഹുവിനെ തന്നെയാണ! നിങ്ങളെക്കാളും അല്ലാഹുവിനെ പേടിക്കുന്നവനും നിങ്ങളെക്കാളും അവനോട് ഭക്തിയുള്ളവനുമാണ് ഞാൻ. പക്ഷേ, ഞാൻ (ഐച്ഛികമായ) നോമ്പുപിടിക്കുകയും മുറിക്കുകയും ചെയ്യുന്നു. (ഐച്ഛികമായ) നമസ്ക്കാരം നിർവ്വഹിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യുന്നു. എന്നാൽ, ആരെങ്കിലും എന്റെ ചര്യവിട്ട് (മറ്റ് വല്ലതും) ആഗ്രഹിക്കുന്നപക്ഷം അവൻ എന്നിൽ പെട്ടവനല്ല.' (ബു; മു.)

(2) ഒരാൾ നബിﷺയുടെ അടുക്കൽവന്ന് തനിക്ക് വസ്വിയ്യത്ത് നൽകണം (വേണ്ടപ്പെട്ട ഉപദേശം നൽകണം) എന്നാവശ്യപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിനോട് ഭയഭക്തി കാണിക്കണമെന്ന് ഞാൻ നിന്നോട് വസ്വിയ്യത്ത് ചെയ്യുന്നു. അത് എല്ലാറ്റിന്റെയും തലയാണ്! (പ്രധാനവശമാണ്). നീ 'ജിഹാദും' (സമരം) മുറുകെ പിടിക്കുക. അത് ഇസ്‌ലാമിലെ സന്യാസമാകുന്നു. അല്ലാഹുവിന്റെ ദിക്‌റും, ക്വുർആൻ പാരായണവും സ്വീകരിക്കുക. അത് ആകാശത്തിൽ നിനക്ക് ജീവസ്സും, ഭൂമിയിൽ നിനക്ക് കീർത്തിയുമാകുന്നു.' (അ.)

സമുദായമദ്ധ്യെ അക്രമമർദ്ദനങ്ങളും, അനീതിയും സർവ്വത്ര നടമാടുകയും, അതിനിടയിൽ മതപരമായ നിർബന്ധകടമകൾപോലും നിർവ്വഹിക്കുവാൻ നിവൃത്തിയില്ലാത്തവിധം സ്ഥിതിഗതികൾ കഠിനമാകുകയും ചെയ്യുന്ന ചുറ്റുപാട് വരുമ്പോൾ, തന്റെ മതപരമായ നിത്യകടമകൾ നിർവ്വഹിക്കുവാൻ സാധിക്കുമാറ് സമൂഹത്തിൽനിന്ന് കഴിവതും അകന്നു നിൽക്കേണ്ടതായി വന്നേക്കും. പക്ഷേ, അത് ഒരു സന്യാസരൂപത്തിലോ, ബ്രഹ്മചാരിയായിക്കൊണ്ടോ അല്ല. കേവലം ഒരു ഹിജ്‌റഃയായിരിക്കും അത്. അതാണ് നബിﷺ ഒരു ഹദീഥിൽ ഇങ്ങനെ പ്രസ്താവിച്ചത്: 'മുസ്‌ലിമിന്റെ സ്വത്തിൽവെച്ച് ഏറ്റവും ഉത്തമമായത്, കുഴപ്പങ്ങളിൽ നിന്ന് തന്റെ മതവുമായി ഓടിരക്ഷപ്പെടുവാൻവേണ്ടി പർവ്വതങ്ങളുടെ ഉച്ചിയും, മഴപെയ്യുന്ന സ്ഥലങ്ങളും അന്വേഷിച്ചുപോകാവുന്ന ആട്ടിൻപറ്റമായിത്തീരുന്ന കാലം ആസന്നമായേക്കുന്നതാണ്. (ബു.) മരണവേളയിൽ കുറ്റവാളികളായ ആളുകൾ പറയുന്ന ഒഴികഴിവുകൾക്ക് മറുപടിയായി ألم تكن أرض الله واسعة فتهاجروا فيها (അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ, നിങ്ങൾക്ക് അതിൽ ഹിജ്‌റഃ പോകാമായിരുന്നില്ലേ?) എന്ന് പറയപ്പെടുമെന്ന് സൂ: നിസാഉ് 97 ൽ അല്ലാഹു പറഞ്ഞിരിക്കുന്നതും ഇവിടെ പ്രസ്താവ്യമാകുന്നു.

ഒരു വസ്തുതകൂടി ഇവിടെ ചൂണ്ടിക്കാട്ടുന്നത് സന്ദർഭോചിതമായിരിക്കും. 'പുരോഗമനാശയക്കാ'രെന്ന മൂടുപടം അണിഞ്ഞുകൊണ്ട് ഇസ്‌ലാമിലെ ധാർമിക മൂല്യങ്ങളെ നിഷ്കാസനം ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകൾ –അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരിൽ ശബ്ദമുയർത്തുന്ന ചില ആളുകൾ തന്നെയും– വിരോധിക്കപ്പെട്ട സന്യാസവൃത്തത്തിൽ ഉൾപ്പെടാത്ത പലതിനെയും അതിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസാരിക്കുന്നത് ഇക്കാലത്ത് കാണാറുണ്ട്. സുന്നത്ത് നമസ്കാരങ്ങൾ, ദിക്ർ, ദുആ, സ്വലാത്ത്, ക്വുർആൻ പാരായണം, സുന്നത്തുനോമ്പ് ആദിയായ ആരാധനാ കർമങ്ങൾ ആചരിക്കുന്നത്പോലും വിരോധിക്കപ്പെട്ട സന്യാസത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് അവയെ പരിഹാസ്യമാക്കിത്തള്ളുകയും, അത്തരം കർമങ്ങൾ നിർവ്വഹിക്കുന്നവരെ പഴഞ്ചൻമാരും സന്യാസികളുമായി ചിത്രീകരിക്കുകയും ചെയ്യുക അവരുടെ ഒരു പതിവാണ്. ഇതെല്ലാം സന്യാസമാണെങ്കിൽ, ഇസ്‌ലാമിലെ സന്യാസത്തിന്റെ ഒന്നാമത്തെ മാതൃകാ നേതാവ് മുഹമ്മദ് മുസ്തഫാ തിരുമേനിﷺയും, തുടർന്ന് അവിടുത്തെ സ്വഹാബികൾ തുടങ്ങിയ മുൻഗാമികളുമാണെന്ന് അവർ– അവർക്ക് ഇസ്‌ലാമിന്റെ മനസ്സാക്ഷിയോ സത്യവിശ്വാസമോ ഉണ്ടെ

ങ്കിൽ- അറിഞ്ഞിരിക്കട്ടെ. സന്യാസത്തിന്റെ അനുയായികൾ ഇസ്‌ലാമിന്റെ പേരിൽ വെച്ചുകെട്ടിയ അനീതികൾ കുറച്ചൊന്നുമല്ല. എന്നാൽ, ഇന്നത്തെ ഇത്തരം മതപരിഷ്കർത്താക്കൾ ഇസ്‌ലാമിൽനിന്ന് വെട്ടിക്കുറച്ചുകളയുന്നതിന്റെ കെടുതികൾ അതിലേറെ ആപൽക്കരവും കഠിനതരവുമാകുന്നു.വേദക്കാരിൽ, അതിരുകവിഞ്ഞുപോകാതെയും, തങ്ങളുടെ പ്രവാചകൻമാർ പഠിപ്പിച്ച മാർഗത്തിൽനിന്ന് വ്യതിചലിക്കാതെയും നിലകൊള്ളുന്ന സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَءَامِنُوا۟ بِرَسُولِهِۦ يُؤْتِكُمْ كِفْلَيْنِ مِن رَّحْمَتِهِۦ وَيَجْعَل لَّكُمْ نُورًا تَمْشُونَ بِهِۦ وَيَغْفِرْ لَكُمْ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٨﴾

﴿28﴾ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവന്റെ റസൂലിൽ വിശ്വസിക്കുകയും ചെയ്യുവിൻ; (എന്നാൽ) അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ട് ഓഹരി അവൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങൾക്ക് കൊണ്ടുനടക്കുവാനുള്ള ഒരു പ്രകാശം നിങ്ങൾക്ക് അവൻ ഏർപ്പെടുത്തിത്തരുകയും, നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനാണ്; കരുണാനിധിയാണ്.

﴿28﴾ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ, വിശ്വസിച്ചവരേ ٱتَّقُوا۟ ٱللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَءَامِنُوا۟ വിശ്വസിക്കയും ചെയ്യുവിൻ بِرَسُولِهِۦ അവന്റെ റസൂലിൽ يُؤْتِكُمْ അവൻ നിങ്ങൾക്ക് നൽകും كِفْلَيْنِ രണ്ട് ഓഹരി (പങ്ക്, ഇരട്ടി) مِن رَّحْمَتِهِۦ അവന്റെ കാരുണ്യത്തിൽനിന്ന് وَيَجْعَل لَّكُمْ നിങ്ങൾക്കവൻ ആക്കി (ഏർപ്പെടുത്തി) തരുകയും ചെയ്യും نُورًا ഒരു പ്രകാശം, വെളിച്ചം تَمْشُونَ നിങ്ങൾ(ക്ക്) നടക്കാവുന്ന بِهِۦ അതുമായി, അതുകൊണ്ട് وَيَغْفِرْ لَكُمْ നിങ്ങൾക്കവൻ പൊറുത്തുതരുകയും ചെയ്യും وَٱللَّهُ അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

വേദക്കാർ തങ്ങളുടെ മുൻപ്രവാചകൻമാരിൽ വിശ്വസിച്ചിരിക്കുകയും, പിന്നീട് നബി തിരുമേനിﷺയിലും വിശ്വസിക്കുകയും ചെയ്യുന്നപക്ഷം, അവർക്ക് അല്ലാഹുവിങ്കൽ ഇരട്ടിപ്രതിഫലം ലഭിക്കുമെന്നും, തങ്ങളുടെ യഥാർത്ഥ മതസിദ്ധാന്തങ്ങളിൽനിന്ന് അകന്നുകൊണ്ട് അന്ധകാരത്തിൽ മുഴുകിക്കിടക്കുകയായിരുന്ന അവർക്ക് മേലിൽ സൻമാർഗം കണ്ടെത്തുവാനുള്ള വെളിച്ചം- അഥവാ മാർഗദർശനം- സിദ്ധിക്കുമെന്നും, പാപങ്ങൾക്ക് മോചനം ലഭിക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. 'പ്രകാശം' കൊണ്ടുള്ള ഉദ്ദേശ്യം ഇപ്പറഞ്ഞതിൽനിന്ന് വ്യക്തമായല്ലോ. മുമ്പ് 12 -ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ടതും പരലോക

ത്തുവെച്ച് സത്യവിശ്വാസികൾക്ക് ലഭിക്കുന്നതുമായ ആ പ്രകാശമാണ് ഇവിടെയും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും അഭിപ്രായമുണ്ട്. ആദ്യം പറഞ്ഞതിനാണ് കൂടുതൽ ന്യായം കാണുന്നത്. الله أعلم

നബിﷺ ഇങ്ങനെ അരുളിച്ചെയ്തിരിക്കുന്നു: 'മൂന്ന് കൂട്ടർക്ക് അവരുടെ പ്രതിഫലം രണ്ടുപ്രാവശ്യം നൽകപ്പെടും. വേദക്കാരിൽപെട്ട മനുഷ്യൻ: അവൻ തന്റെ നബിയിൽ വിശ്വസിച്ചു; എന്നിലും വിശ്വസിച്ചു. അതിനാൽ അവന് രണ്ട് പ്രതിഫലമുണ്ട് . (അന്യന്റെ) ഉടമസ്ഥതയിലുള്ള അടിമയും: അവൻ അല്ലാഹുവിനോടുള്ള കടമയും, അവന്റെ യജമാനൻമാരോടുള്ള കടമയും നിർവ്വഹിച്ചു. അതിനാൽ അവനും രണ്ട് പ്രതിഫലമുണ്ട്. ഒരു മനുഷ്യനും: അവൻ തന്റെ അടിമസ്ത്രീക്ക് ശിക്ഷണം നൽകുക (മര്യാദ ശീലിപ്പിക്കുക)യും അത് നന്നായി ചെയ്യുകയും ചെയ്തു; പിന്നീട് അവൻ അവളെ വിവാഹം കഴിച്ചു. അതിനാൽ അവനും രണ്ട് പ്രതിഫലമുണ്ട്.' (ബു; മു.)

لِّئَلَّا يَعْلَمَ أَهْلُ ٱلْكِتَٰبِ أَلَّا يَقْدِرُونَ عَلَىٰ شَىْءٍ مِّن فَضْلِ ٱللَّهِ ۙ وَأَنَّ ٱلْفَضْلَ بِيَدِ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٢٩﴾

﴾29﴿ തങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് യാതൊന്നിനും കഴിയുന്നതല്ലെന്ന് വേദക്കാർ അറിയേണ്ടതിന് വേണ്ടിയത്രെ (അത്); അനുഗ്രഹം അല്ലാഹുവിന്റെ കയ്യിലാണ് -അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകും- എന്നും (അറിയുവാൻ വേണ്ടി). അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു.

﴾29﴿ لِّئَلَّا يَعْلَمَ അറിയേണ്ടതിനുവേണ്ടി أَهْلُ ٱلْكِتَٰبِ വേദക്കാർ أَلَّا يَقْدِرُونَ അവർക്ക് കഴിയുകയില്ലെന്ന് عَلَىٰ شَىْءٍ യാതൊന്നിനും مِّن فَضْلِ ٱللَّهِ അല്ലാഹുവിന്റെ ദയവിൽ (അനുഗ്രഹത്തിൽ)നിന്ന് وَأَنَّ ٱلْفَضْلَ ദയവ് (അനുഗ്രഹം) ആകുന്നു എന്നും بِيَدِ ٱللَّهِ അല്ലാഹുവിന്റെ കയ്യിൽ يُؤْتِيهِ അതവൻ നൽകും مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَٱللَّهُ അല്ലാഹു ذُو ٱلْفَضْلِ ദയവ് (അനുഗ്രഹം) ഉള്ളവനാണ് ٱلْعَظِيمِ മഹത്തായ, വമ്പിച്ച

തങ്ങൾ ഏതൊരു പ്രവാചകന്റെ അനുയായികളാണോ ആ പ്രവാചകൻ മാത്രമേ സത്യപ്രവാചകനായുള്ളൂ. തങ്ങൾ സ്വീകരിച്ച മാർഗം മാത്രമേ അല്ലാഹുവിങ്കൽ സ്വീകാര്യമായുള്ളൂ. സ്വർഗം തങ്ങൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ. എന്നൊക്കെയായിരുന്നു വേദക്കാരുടെ വാദങ്ങൾ. പ്രസ്തുത വാദങ്ങളുടെ ഖണ്ഡനം അടങ്ങുന്നതാണ് ഈ വചനം. മുഹമ്മദ് തിരുമേനിﷺയിൽ വിശ്വസിക്കുന്നവർക്ക് മേൽ വിവരിച്ചത് പോലെയുള്ള അനുഗ്രഹങ്ങൾ ലഭിക്കുമെന്നും, അദ്ദേഹത്തിൽ വിശ്വസിക്കാത്തവർ- അവർ മുൻപ്രവാചകൻമാരിൽ വിശ്വസിച്ചിട്ടുണ്ടെങ്കിലും ശരി- അവി

ശ്വാസികളായിരിക്കുമെന്നും നിശ്ചയിച്ചതിൽ അടങ്ങിയ തത്വം വേദക്കാരെ അത് മനസ്സിലാക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുക എന്നത് ഒരു കൂട്ടർക്കുള്ള കുത്തകയൊന്നുമല്ല. അത് അല്ലാഹുവിന്റെ സ്വന്തം അധികാരത്തിൽപെട്ടതാണ്; അവൻ ഉദ്ദേശിച്ചവർക്ക് അവനത് നൽകും; പ്രവാചകത്വം നൽകേണ്ടത് ആർക്കെല്ലാമാണെന്നും, അനുഗ്രഹം നൽകേണ്ടത് ആർക്കെല്ലാമാണെന്നുമുള്ള കാര്യം അവൻ കണക്കാക്കുന്നതാണ്. അവനാകട്ടെ, വമ്പിച്ച അനുഗ്രഹശാലിയുമാകുന്നു. ഇതാണ് ആ തത്വം. ഇതവർ അറിഞ്ഞിരിക്കുവാനാണ് ഇത് (28 -ാം വചനത്തിലെ ഉള്ളടക്കം) അവരെ അറിയിക്കുന്നത് എന്ന് സാരം.

لئلا يعلم ('ലി- അൽ- ലാ- യഅ്‌ലമ) എന്ന വാക്കിനാണ് 'അറിയേണ്ടതിനുവേണ്ടി' എന്ന് നാം അർത്ഥം കല്പിച്ചിരിക്കുന്നത്. لا (ലാ) എന്ന നിഷേധത്തിന്റെ അവ്യയത്തിന് കഴിഞ്ഞ അദ്ധ്യായം 75 -ാം വചനത്തിൽ കണ്ടതുപോലെ- പ്രത്യേകിച്ച് അർത്ഥമൊന്നുമില്ല. ഒരു വാചകത്തിലെ ആശയത്തിൽ അസ്പഷ്ടമായ വല്ല നിഷേധവും അടങ്ങിയിരിക്കുമ്പോൾ, ആ വാചകത്തിൽ ഇങ്ങനെ ഒരു 'ലാ കൊണ്ടുവരപ്പെടുന്ന സമ്പ്രദായം അറബികളിൽ പതിവുണ്ട്. ഇതിന് ക്വുർആനിൽ വേറെയും ഉദാഹരണങ്ങളുണ്ട്. അവയിൽ ഒന്നാണ് (7 : 12ൽ) ما منعك أن لا تسجد എന്ന വാക്യം. 'സുജൂദ് ചെയ്യാതിരിക്കുന്നതിന് നിനക്ക് മുടക്കുണ്ടാക്കിയത് എന്താണ് എന്നായിരിക്കും ഇതിന് വാക്കർത്ഥം വരുക. പക്ഷേ, ഉദ്ദേശ്യം അതല്ല.' 'സുജൂദ് ചെയ്യുന്നതിന് നിനക്ക് മുടക്കുണ്ടാക്കിയത് എന്താണ്' എന്നാകുന്നു. അതുപോലെത്തന്നെയാണ് ഇവിടെയും. 'ലാ' കൂടാതെയും (ليعلم എന്ന്) ഇവിടെ വായിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാകുന്നു. ചുരുക്കം ചില വ്യാഖ്യാതാക്കൾ 'ലാ'യുടെ നിഷേധാർത്ഥം പരിഗണിച്ചുകൊണ്ടുതന്നെ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ വ്യാഖ്യാനിച്ചൊപ്പിക്കുവാൻ സാഹസപ്പെട്ട് കാണാറുണ്ട്. പക്ഷേ, ഭാഷാസാഹിത്യത്തിൽ സ്വീകരിക്കപ്പെടാറുള്ള ഒരു ശൈലിയാണിത്, എന്നിരിക്കെ, ആ സാഹസത്തിന് പിന്നെ ബുദ്ധിമുട്ടേണ്ടുന്ന ആവശ്യമില്ലല്ലോ. والله أعلم

ولله الحمد وله المنة والفضل